# പരിവർത്തന അനുഭവാഖ്യാനങ്ങൾ : എ. ആൻഡ്രൂസ്, റോബർട്ട് പനിപ്പിള്ള എന്നിവർ രചിച്ച കേരളതീരത്തെ മത്സ്യത്തൊഴിലാളി അനുഭവങ്ങളെക്കുറിച്ചുള്ള പഠനം

**കാലിക്കറ്റ് സർവകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**


**ഭുവനേശ്വരി കെ.പി.**

**മലയാളവിഭാഗം**
**ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്**
**കോഴിക്കോട്**
**കാലിക്കറ്റ്സർവകലാശാല**


**2025**

# TRANSITION EXPERIENTIAL NARRATIVES: A STUDY ON FISHERMEN'S EXPERIENCES OF THE KERALA COAST BASED ON THE WRITINGS OF A. ANDREWS AND ROBERT PANIPPILLA

Thesis Submitted to
the University of Calicut
For the Degree of Doctor of Philosophy
In the Faculty of Malayalam Language and Literature

*By*

**BHUVANESWARI K.P.**

**DEPARTMENT OF MALAYALAM**
**GOVERNMENT ARTS AND SCIENCE COLLEGE, KOZHIKODE**
**CALICUT UNIVERSITY**

**2025**

## സത്യപ്രസ്താവന

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **"പരിവർത്തന അനുഭവാഖ്യാനങ്ങൾ: എ ആൻഡ്രൂസ്, റോബർട്ട് പനിപ്പിള്ള എന്നിവർ രചിച്ച കേരളതീരത്തെ മത്സ്യത്തൊഴിലാളി അനുഭവങ്ങളെക്കുറിച്ചുള്ള പഠനം"** എന്ന ഈ ഗവേഷണ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും സർവകലാശാലബിരുദത്തിനോ പരീക്ഷയ്ക്കോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യപ്രസ്താവന നടത്തുന്നു.

കോഴിക്കോട്,　　　　　　　　　　　　　　　　　　　　**ഭുവനേശ്വരി കെ. പി.**

തിയ്യതി

# സാക്ഷ്യപത്രം

ഭുവനേശ്വരി കെ. പി., കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, മലയാളഗവേഷണവിഭാഗം മുഖേന കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **പരിവർത്തന അനുഭവാഖ്യാനങ്ങൾ : എ. ആൻഡ്രൂസ്, റോബർട്ട് പനിപ്പിള്ള എന്നിവർ രചിച്ച കേരളതീരത്തെ മത്സ്യത്തൊഴിലാളി അനുഭവ ങ്ങളെക്കുറിച്ചുള്ള പഠനം** എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും തയ്യാറാക്കിയതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡോ. സജീവ് പി.വി.**
പ്രൊഫസർ
മലയാളവിഭാഗം
ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ്
കോളേജ്, കാലിക്കറ്റ്.

കോഴിക്കോട്,
തിയ്യതി

## മുഖവുര

ഈ പ്രബന്ധം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ സ്വത്വചരിത്ര ത്തിന്റെ ഉള്ളടക്കങ്ങൾ കണ്ടെടുക്കാനുള്ള ശ്രമമാണ്. അനുഭവാഖ്യാനങ്ങളിലെ പ്രമേയത്തിന്റെ സാംസ്കാരിക-ചരിത്രബന്ധങ്ങളിലും ആഖ്യാനത്തിന്റെ രൂപ സംവിധാനതലത്തിലും നിന്നുകൊണ്ടാണിത് നടത്തിയത്. തീരപ്രദേശത്തെ ഫോക് ലോർ, വാമൊഴിചരിത്രം, പരിസ്ഥിതിപഠനം എന്നീ സമീപനങ്ങൾ തീരദേശത്തിന്റെ സാഹിത്യനിർമ്മിതികളും സാംസ്കാരിക ചരിത്രതലങ്ങളും എന്ന ആലോചനകൾക്ക് പര്യാപ്തമല്ല എന്ന ധാരണയിലാണ് പഠനം മുന്നോട്ടു നീങ്ങിയത്. വിശാലാർത്ഥത്തിൽ തീരസാമൂഹികചരിത്രത്തിന്റെ അടരുകളും സാംസ്കാരിക-സൗന്ദര്യപാഠങ്ങളുടെ ഭാവനയും ആവിഷ്കാരങ്ങളും അറിയാനുള്ള ഒരു ശ്രമമാണ് നടത്തിയത്. അതിലുപരി പല കാലങ്ങളിലായി കൊണ്ടുനടന്ന ചോദ്യങ്ങളിൽ നിന്ന് പുതിയ ചോദ്യങ്ങളിലേക്കുള്ള ചുവടുവെയ്പ്പുകൂടിയാണിത്. ശ്രമകരമായിരുന്ന ഈ കൃത്യത്തിൽ ഏർപ്പെടാനുള്ള പിന്തുണ നൽകിയ ഒട്ടനവധിപ്പേരുണ്ട്. അവരെ സ്നേഹത്തോടെയിവിടെ സ്മരിക്കുന്നു.

പ്രൊഫ. കെ. എൻ. ഗണേശ്, പ്രൊഫ. ജെ. ദേവിക, ഡോ. കെ. പി. ഗിരിജ, ഡോ. ദിലീപ് രാജ്, ഡോ. ദിനേശൻ വടക്കിനിയിൽ, ഡോ. അനിൽ കെ. എം, ഡോ. എം. ബി. മനോജ്, ഡോ. കെ. എസ്. മാധവൻ, ഡോ. ടി.വി. മധു എന്നിവരുമായി ഗവേഷണത്തിന്റെ തുടക്കകാലത്ത് നടത്തിയ സംസാരങ്ങൾ വിഷയത്തിൽ കൂടുതൽ തെളിച്ചം നൽകാൻ സഹായിച്ചിരുന്നു. പ്രൊഫ. നിസാർ അഹമ്മദ്, ഡോ. വി. അബ്ദുൾ ലത്തീഫ്, ഡോ. സി. ജെ. ജോർജ് എന്നിവർ അധ്യായങ്ങൾ വായിച്ച് നൽകിയ അഭിപ്രായങ്ങളും വിമർശനങ്ങളുമാണ് പ്രബന്ധത്തെ പ്രധാനമായും മുന്നോട്ടുകൊണ്ടുപോയത്. ഗവേഷണമാർഗ ദർശിയായ പ്രൊഫ. സജീവ് പി. വി. യുടെ നിർദ്ദേശങ്ങളും ആർട്സ് കോളേജിലെ മലയാളവിഭാഗത്തിലെ വകുപ്പധ്യക്ഷനായ ഡോ.രവി.കെ.പി.യുടെയും മറ്റ് അധ്യാപകരുടെയും സഹഗവേഷകരുടെയും സ്നേഹവും സഹകരണവും വിലപ്പെട്ടതായിരുന്നു. ആർട്സിലെ ഗവേഷകരുടെ നേതൃത്വത്തിലുള്ള 'ഗവേഷകവേദി' എന്ന കൂട്ടായ്മയും ചർച്ചകളും ഗവേഷണകാലത്തെ കുറേക്കൂടി മെച്ചപ്പെടുത്തിയിരുന്നു. കോളേജ് ലൈബ്രറിയുടെയും പ്രത്യേകിച്ച് ജീവനക്കാ

രുടെയും സേവനങ്ങൾ, പ്രീസബ്മിഷൻ വൈവയിൽ അധ്യായങ്ങൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയ കമ്മിറ്റി അംഗങ്ങളുടെ ഇടപെടലും ഇതോടൊപ്പം എടുത്തു പറയുന്നു.

തിരുവനന്തപുരത്തെ ടി. എസ്. എസ്. ന്റെ യൂണിറ്റുകളിലൊന്നായ സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ്, കൊല്ലം തിരുവല്ലയിലെ ഡയനാമിക്-ആക്ഷൻ സെന്റർ, ആലപ്പുഴ പറവൂരിലെ ജനജാഗ്രതി പ്രസ് എന്നീ സ്ഥാപനങ്ങളെയാണ് വിവരശേഖരണത്തിനായി കൂടുതൽ ആശ്രയിച്ചിട്ടുള്ളത്. അതോടൊപ്പം കേരളത്തിലെ മറ്റു പല തീരദേശസ്ഥാപനങ്ങളിലും അന്വേഷണങ്ങളും അലച്ചിലുകളും വേണ്ടിവന്നു. സുഹൃത്തുക്കളായ വിഷ്ണു, സഫ്രാസ് അലി എന്നിവരാണ് ഈ ഘട്ടത്തിൽ കൂടെനിന്നത്. പ്രബന്ധത്തിന്റെ പ്രധാന ഘട്ടങ്ങളിലൊന്നാണ് പ്രൂഫ് നോക്കുന്നത്. യഹിയമാഷ്, ആര്യ, മിഥുന, അന്നമ്മ ടീച്ചർ, ജുഉ എന്നിവർ ശ്രദ്ധാപൂർവം വായിച്ച് കൃത്യതയോടെയും സമയ ബന്ധിതമായും ചെയ്തുതന്നു.

ഗവേഷണവിഷയത്തിലുപരി മത്സ്യത്തൊഴിലാളിയെയും തീരദേശത്തെയും കുറിച്ച് പുതിയ ചില കാഴ്ചകളും സാധ്യതകളും തുറന്നിട്ടത് പങ്കാളിയായ സുമേഷുമായി നടന്നിട്ടുള്ള സംസാരങ്ങളാണ്. ചെറുപ്പത്തിൽ അച്ഛനും ഞാനുമായി നടന്ന ചർച്ചകളിലെ പലതും ഓർമ്മിച്ചെടുക്കാനും വേർതിരിച്ചെടുക്കാനും ഇട നൽകിയ സന്ദർഭങ്ങൾ കൂടിയായിരുന്നു അത്. മത്സ്യത്തൊഴിലാളികളായ ഇരുവരുടെയും കടലനുഭവങ്ങളോട് സംവദിക്കുന്നത് ആദരവും സ്നേഹവും നിറഞ്ഞ വഴികളിൽ മാത്രമായിരുന്നില്ല. എതിർപ്പുകളും ചോദ്യങ്ങളും സംശയങ്ങളുമായി സംഘർഷങ്ങളുടെ വശങ്ങളുംകൂടി ചേർന്നതാണ്. ഈ ഭിന്നതകൾക്കും വ്യത്യസ്തതകൾക്കും അർഥം നൽകാനുള്ള അന്വേഷണത്തിന്റെ തലംകൂടി വ്യക്തി പരമായി ഈ ഗവേഷണത്തിനുണ്ട്.

സുഹൃത്തുക്കളായ ആരതി, നിധീഷ്, റോബിൻ എന്നിവരോടൊപ്പമുള്ള കൂടിയിരിപ്പുകളാണ് ആശയപരമായ തിരുത്തലുകളും തുടർച്ചയും ഉണ്ടാക്കാൻ സഹായിച്ചിട്ടുള്ളത്. ഏതുനേരത്തും ചോദ്യങ്ങൾ ചോദിച്ചും കേട്ടിരുന്നും വ്യത്യസ്തമായ പ്രതികരണങ്ങളും സംശയങ്ങളുമായി അപൂർണമായ സംഭാഷണങ്ങളുടെ നീണ്ടകാലങ്ങൾ. തീരരംഗത്തെ ഓരോ ചലനങ്ങളോടും അതേക്കുറിച്ച് നടത്തിയ ഈ ദീർഘമായ സംഭാഷണങ്ങളോടും നേരങ്ങളോടുമാണ് ഒരർത്ഥത്തിൽ കടപ്പാടുള്ളത്.

പരസ്പരമുള്ള കരുതലുകളും അന്വേഷണങ്ങളും കൊണ്ട് കൂടെനിന്നവരാണ് ലിഷ്ണ, ജാൻസി, ഹിലാൽ, അജിത്ത്, ലീന, ജസീല, ഇർഷാദ്, ദീദി , രാഗി എന്നിവർ. അനിശ്ചിതത്വങ്ങളുടെയും ദുരിതങ്ങളുടെയും ഇടയിലും എന്നിൽ വിശ്വാസമർപ്പിച്ച അമ്മ, പൊന്നി, ഋതു നിങ്ങൾക്കും സ്നേഹത്തോടെ...

**ഭുവനേശ്വരി കെ. പി.**

## ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | **ആമുഖം** | **1–26** |
| | പഠനരീതി | **19** |
| | പഠനപദ്ധതി | **20** |
| | പഠനലക്ഷ്യം | **21** |
| | പൂർവപഠനങ്ങൾ | **22** |
| | പ്രബന്ധഘടന | **22** |
| **1** | **പരിവർത്തനാനുഭവങ്ങൾ: ജീവിത പരിസരങ്ങൾ** | **27–62** |
| 1.1 | കേരള തീരത്തെ മത്സ്യബന്ധനരംഗം | 28 |
| 1.1.1 | യന്ത്രവൽകൃത രംഗം/പരമ്പരാഗതരംഗം | 30 |
| 1.2 | സാമുദായിക അധികാര ഘടനകൾ | 36 |
| 1.2.1 | ലത്തീൻ കത്തോലിക്കാസമുദായവും മരയ്ക്കാർ വിഭാഗവും | 36 |
| 1.3 | മത്സ്യത്തൊഴിലാളികളുടെ അവകാശരാഷ്ട്രീയം | 40 |
| 1.3.1 | തീരദേശസംഘർഷങ്ങളും രാഷ്ട്രീയ സംഘാടനവും | 41 |
| 1.3.2 | കടൽപരിധിനിയമം, ട്രോളിങ്നിരോധന സമരം | 47 |
| 1.4 | കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ | 52 |
| 1.4.1 | പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (പി.സി. ഒ.) | 54 |
| 1.5 | പരിസ്ഥിതിവാദവും മത്സ്യത്തൊഴിലാളി പ്രസ്ഥാനങ്ങളും | 58 |
| 1.6 | സംഗ്രഹം | 61 |
| **2** | **പരിവർത്തനാനുഭവങ്ങൾ: സൈദ്ധാന്തിക സമീപനങ്ങൾ** | **69–115** |
| 2.1 | കേരള തീരത്ത് നടന്ന ആധുനികീകരണങ്ങൾ | 70 |
| 2.1.1 | മത്സ്യത്തൊഴിലാളികളും ആധുനികീകരണവും: പഠനങ്ങൾ | 72 |
| 2.2 | പരിവർത്തനത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ | 77 |
| 2.2.1 | കർതൃത്വത്തിന്റെ പുനക്രമീകരണം | 81 |
| 2.2.2 | അനുഭവങ്ങളിലെ വിള്ളൽ | 84 |

| | | |
|---|---|---|
| 2.3 | ആത്മകഥ/അനുഭവാഖ്യാനം: വിഭാഗവും പഠനങ്ങളും | 86 |
| 2.3.1 | ഘടനാവാദാനന്തര സമീപനങ്ങൾ | 89 |
| 2.3.2 | ആത്മകഥയും വ്യക്തിയും | 92 |
| 2.3.3 | അനുഭവം | 95 |
| 2.3.4 | മലയാളത്തിലെ അനുഭവാഖ്യാനങ്ങൾ | 98 |
| 2.3.5 | അനുഭവവും സാമൂഹികതയും | 101 |
| 2.3.6 | അനുഭവവും ലിംഗാഭിമുഖ്യങ്ങളും | 104 |
| 2.3.7 | അനുഭവവും ആഖ്യാനവും | 106 |
| 2.4 | എഴുത്തുകാരും പരിവർത്തന വിഷയവും | 109 |
| **3** | **നാഗരികതയും സ്ഥാനഭ്രഷ്ടരും** | **119–165** |
| 3.1 | നഷ്ടം എന്ന മോട്ടിഫ് | 121 |
| 3.2 | തീര രാഷ്ട്രീയപ്രവർത്തകൻ /മത്സ്യത്തൊഴിലാളി | 131 |
| 3.3 | യൂണിയൻ സമരപാഠങ്ങൾ | 145 |
| 3.4 | ഘടനാപരമായ അക്രമങ്ങൾ | 152 |
| 3.5 | പുരുഷതൊഴിലാളികളും ആത്മാഭിമാനവും | 156 |
| 3.6 | സംഗ്രഹം | 164 |
| **4** | **വൈദഗ്ധ്യത്തിന്റെ അപരപാഠങ്ങൾ** | **168–213** |
| 4.1 | വൈദഗ്ധ്യവും കടലറിവും / മത്സ്യത്തൊഴിലാളികളുടെ അറിവ് | 169 |
| 4.2 | ചൂണ്ടപ്പണി: വൈദഗ്ധ്യസ്വത്വത്തിന്റെ പ്രമേയം | 173 |
| 4.3 | ശാസ്ത്രീയാന്വേഷണങ്ങളും പരമ്പരാഗത വിശ്വാസങ്ങളും | 176 |
| 4.4 | വൈദഗ്ധ്യത്തിന്റെ ധാർമ്മികവൽക്കരണം | 189 |
| 4.5 | ശരീരവും പുറംന്തള്ളലും | 206 |
| 4.6 | സംഗ്രഹം | 210 |
| **5** | **വിലാപത്തിനും സാഹസികതയ്ക്കുമിടയിൽ** | **216–256** |
| 5.1 | സാഹസികത: ദൃഢതയും കാഠിന്യവും | 217 |
| 5.2 | സാംസ്കാരിക രൂപകം | 229 |

5.3 വിലാപം: ദൈന്യത, ആത്മാനുകമ്പ 236

5.4 മെലോഡ്രാമ 243

5.5 ക്രിസ്ത്യൻ വിമോചനാദർശങ്ങൾ 246

5.6 സംഗ്രഹം 254

**6 ഉപസംഹാരം 257–280**

6.1 പുതു മത്സ്യതൊഴിലാളിത്തം **258**

6.2 മത- സമുദായ തന്മ **265**

6.3 യന്ത്രവൽകൃതരംഗത്തിന്റെ സാന്നിധ്യം **267**

6.4 പരിസ്ഥിതി-കീഴാള വിമോചന ആദർശങ്ങളുടെ മധ്യസ്ഥം **269**

6.5 തീര ആധുനികതയുടെ സാഹിത്യ രീതികൾ **277**

**സാങ്കേതികപദസൂചി**

**സഹായകഗ്രന്ഥങ്ങൾ**

## സാങ്കേതികപദസൂചി

| | | |
|---|---|---|
| അനുഭവം | - | Experience |
| അപരം | - | Other |
| ആഖ്യാനം | - | Narrative |
| ആധുനികീകരണം | - | Modernization |
| കർതൃത്വം | - | Subjectivity |
| കീഴാളം | - | Subaltern |
| തൊഴിലാളിത്തം | - | Labourer hood |
| ധാർമ്മികത | - | Morality |
| പൗരത്വം | - | Citizenship |
| വിഷയി ,വ്യക്തി | - | Subject |
| സ്വത്വം / ആത്മം | - | Self |
| സ്ഥാനഭ്രഷ്ടത | - | Displacement |
| തന്മ | - | Identity |

# ആമുഖം

അനുഭവാഖ്യാനം ഒരു ആധുനികാനന്തര സാഹിത്യരൂപമായാണ് പരിഗണിക്കപ്പെടുന്നത്. പാർശ്വവൽകൃതജനത തങ്ങളുടെ സ്വത്വനിർമ്മിതിയുടെ അവിഭാജ്യഘടകമായി രൂപപ്പെടുത്തിയ സാഹിത്യശാഖയാണിത്. ആത്മകഥാസാഹിത്യം മലയാളത്തിൽ കൊളോണിയൽ ആധുനികതയുടെ പശ്ചാത്തലത്തിലാണ് വികസിച്ചതെങ്കിലും അനുഭവാത്മക സാമൂഹിക ബോധ്യങ്ങളിലൂടെ രൂപപ്പെടുന്ന കർതൃത്വ'(subjectivity) നിർമ്മിതിയുടെ സാധ്യതകളാണ് ആധുനികാനന്തര ആഖ്യാനങ്ങൾ തുറന്നുതരുന്നത്. വ്യക്തികേന്ദ്രീകൃതമായ യൂറോപ്യൻ ആത്മകഥാസങ്കൽപ്പങ്ങൾക്കു പകരം, സാമൂഹികമായ ഉണർവുകളെയും രാഷ്ട്രീയസാഹചര്യങ്ങളെയും മുൻനിർത്തിയാണ് കീഴാള-സ്ത്രീ-പരിസ്ഥിതി പക്ഷ അനുഭവാഖ്യാനങ്ങൾ രൂപപ്പെട്ടത്. ഇവിടെ വ്യക്തിയുടെ അനുഭവങ്ങൾ ഒരു സമൂഹത്തിന്റെ പൊതുവായ യുക്തിയായോ രാഷ്ട്രീയ ബോധ്യമായോ പരിണമിക്കുന്നു. കേവലം ഉൽബോധനശൈലിയിൽനിന്ന് മാറി, അധികാര കേന്ദ്രങ്ങളെ ചോദ്യംചെയ്തുകൊണ്ട് രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥയിൽ സ്വയം അടയാളപ്പെടുത്തുന്ന രീതിയാണിത്. സ്ത്രീവാദം, കോളനിയാനന്തരവാദം, ദളിത് ചിന്തകൾ തുടങ്ങിയ ആധുനികാനന്തര നിലപാടുകൾ ഈ സാഹിത്യരൂപത്തെ സുശക്തമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അതിനാൽ, അനുഭവാഖ്യാനത്തെ കർതൃത്വനിർമ്മാണ പ്രക്രിയയിലൂടെ രൂപപ്പെടുന്ന ഒരു സാംസ്കാരിക പാഠമായി തിരിച്ചറിയുന്നു. എഴുത്തുകാർ ആഖ്യാനത്തിലൂടെ 'സ്വയം' നിർമ്മിക്കുന്ന രീതികളിൽ ഒന്നാണിത്. ഇവിടെ 'സ്വത്വം' അഥവാ 'ആത്മം' എന്നത് സ്വയം തിരിച്ചറിവിന്റെയും ഇടപെടലുകളുടെയും പല അടരുകളുള്ള ഒന്നാണ്. വ്യക്തിയുടെ അസ്തിത്വബോധം മാത്രമല്ല, മറിച്ച് സാമൂഹികനിർമ്മിതി എന്ന നിലയിൽ കർതൃത്വപഠനങ്ങൾ സ്വത്വത്തെ ഒരു സവിശേഷ പദവിയായിട്ടാണ് സമീപിക്കുന്നത്.

തീരദേശജീവിതത്തിലെ ചലനാത്മകമായ മാറ്റങ്ങളോടുള്ള പ്രതികരണമായി വ്യക്തികളും സമൂഹങ്ങളും എങ്ങനെ തങ്ങളെത്തന്നെ തിരിച്ചറിയുകയും നിർമ്മിക്കുകയും ചെയ്യുന്നു എന്നിങ്ങനെയുള്ള സുപ്രധാന വിഷയങ്ങൾ വിശകലനം ചെയ്യാൻ സ്വത്വം [2](self) എന്ന ആശയം ശക്തമായ ഒരുപാധിയാണ്. വ്യക്തിയുടെ ആന്തരികമായ അസ്തിത്വ ബോധത്തെയും ആത്മനിഷ്ഠമായ അനുഭവങ്ങളെയും ഇത് സൂചിപ്പിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ തങ്ങൾ നേരിടുന്ന പുതിയ വെല്ലുവിളികളും അവസരങ്ങളുമായി ഇടപഴകു

മ്പോൾ വ്യക്തികൾ അവരുടെ ധാരണകളെ രൂപപ്പെടുത്തുകയും പുനർനിർമ്മിക്കുകയും ചെയ്യുന്ന സജീവമായ പ്രക്രിയ തിരിച്ചറിയാനാകും. ആത്മകഥാപരമായ വിവരണങ്ങൾ, കഥപറച്ചിൽ അല്ലെങ്കിൽ മറ്റു ആവിഷ്കാരരൂപങ്ങൾ എന്നിവയിലൂടെ വ്യക്തികൾ ഒരേസമയം സ്വത്വസങ്കല്പ ങ്ങൾ പങ്കിടുകയും പുതിയ കർതൃത്വങ്ങളെ നിർമ്മിക്കുകയും ചെയ്യുന്നു. ഒരു വ്യക്തി തന്റെ സ്വത്വത്തെ രാഷ്ട്രീയ കർതൃത്വമാക്കി മാറ്റുന്ന വിപ്ലവകരമായ ഇടമാണത്.

എ. ആൻഡ്രൂസ്, റോബർട്ട് പനിപ്പിള്ള എന്നിവരുടെ അനുഭവാഖ്യാനങ്ങൾ തീരദേശ ജനതയുടെ പരിവർത്തനാനുഭവങ്ങളെ ആഖ്യാനത്തിന്റെയും ഭാഷയുടെയും മണ്ഡലത്തിലേക്ക് എപ്രകാരം അവതരിപ്പിക്കുന്നു എന്നാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്. ശാസ്ത്ര-സാങ്കേതികവിദ്യകളുടെ ഇടപെടൽ, മൂലധന-വ്യവസായബന്ധങ്ങളുടെ വികാസം എന്നിവ തീരദേശജീവിതത്തിൽ സൃഷ്ടിച്ച ചലനാത്മകതയും സംഘർഷങ്ങളും കോളനിയാനന്തര മത്സ്യത്തൊഴിലാളിസ്വത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. പ്രാദേശികപാരമ്പര്യങ്ങൾക്കൊപ്പം യന്ത്ര-സാങ്കേതികമുന്നേറ്റങ്ങൾ വരുത്തിയ മാറ്റങ്ങൾ ഈ രചനകളിൽ 'പരിവർത്തന വീക്ഷണമായി' (perspective of transition) തെളിഞ്ഞുനിൽക്കുന്നു. പരമ്പരാഗതമായ വാമൊഴി ആവിഷ്കാരങ്ങൾ, മതപരമായ ആചാര-ആഘോഷങ്ങളുടെ പ്രതിനിധാനങ്ങൾ എന്നിവയിൽനിന്ന് ഭിന്നമായ ആധുനിക രാഷ്ട്രീയാവബോധത്തിലുള്ള അനുഭവാത്മക വ്യവഹാരങ്ങളാണ് ഈ രചനകൾ. ഭാഷാപരവും ജാതീയവും വർഗ്ഗപരവുമായ വിഭജനങ്ങളെ പുനരുൽപ്പാദിപ്പിക്കുന്ന പുതിയൊരു തീരദേശ സാമൂഹികക്രമത്തെ ഈ രചനകൾ അഭിമുഖീകരിക്കുന്നു. സ്വത്വസങ്കൽപ്പത്തിലും വ്യക്തി-സമൂഹബന്ധങ്ങളിലും പുലർത്തുന്ന അനുഭവാത്മക സാമൂഹികയുക്തിയുടെ വിവിധതലങ്ങൾ തീരദേശത്തെ പാരമ്പര്യ പ്രതിനിധാനരീതികളിൽനിന്നും വ്യതിരിക്തമായ തലങ്ങളെ സൂചിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ, തീരദേശ ജീവിതാനുഭവങ്ങളുടെ വ്യക്തിഗത കഥകളെയും വിവരണങ്ങളെയും അടയാളപ്പെടുത്താൻ 'പരിവർത്തന അനുഭവാഖ്യാനങ്ങൾ' (Transition Experiential Narrative) എന്ന സങ്കല്പനത്തെ ഈ പ്രബന്ധം പ്രയോജനപ്പെടുത്തുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികർതൃത്വസങ്കല്പങ്ങൾ അന്വേഷിക്കുന്നു.

കേരളതീരങ്ങളിൽ സ്വാതന്ത്ര്യാനന്തരം നിലവിൽവന്ന യന്ത്രവൽക്കരണം, വ്യവസായവൽക്കരണം, മുതലാളിത്ത ആധിപത്യം എന്നീ പ്രക്രിയകളാണ് മത്സ്യബന്ധന

മേഖലയുടെ ആധുനികീകരണഘട്ടമായി പൊതുവെ പഠിതാക്കൾ അടയാളപ്പെടുത്തുന്നത്. പരമ്പരാഗത ഉൽപ്പാദനരീതികളിലേക്കുള്ള അധികാരപരമായ കടന്നുകയറ്റമായും ചൂഷണത്തിന്റെ പുതിയരൂപമായും ഈ ആധുനികീകരണപ്രക്രിയകൾ വിലയിരുത്തപ്പെട്ടു[3]. എന്നാൽ, ആധുനികീകരണം കേവലം ചൂഷണം മാത്രമല്ല, മറിച്ച് തീരദേശജീവിതത്തിൽ സ്വയംപ്രതിഫലനപരമായ വഴിത്തിരിവ് സൃഷ്ടിക്കുകയും നിലവിലുണ്ടായിരുന്ന സാമൂഹികഘടനയെ കൂടുതൽ സങ്കീർണമാക്കുകയാണുണ്ടായതെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു[4]. സ്വാതന്ത്ര്യാനന്തരം കേരളതീരത്തിന്റെ മാറ്റങ്ങളെന്ന നിലയിൽ സംഭവിച്ച ഈ വികസനപ്രവർത്തനങ്ങളോട് കേരളതീരത്തെ വിവിധസംഘടനകളും പ്രസ്ഥാനങ്ങളും സജീവമായി ഏറ്റുമുട്ടുകയുണ്ടായി. ദക്ഷിണേന്ത്യയിൽ ഉടനീളം തീരദേശമേഖലകളിൽ ഉപജീവനത്തെ മുൻനിർത്തി നടന്ന സംഘർഷങ്ങളും അക്രമങ്ങളും ഈ വികസന വ്യവഹാരങ്ങൾക്കുള്ളിലെ വിള്ളലിനെ (rupture)യാണ് സൂചിപ്പിക്കുന്നത്. ആധുനികീകരണത്തിന്റെ സമ്മർദ്ദങ്ങൾ അനിശ്ചിതത്വങ്ങൾ സൃഷ്ടിച്ചതോടൊപ്പം പുതിയ രാഷ്ട്രീയസാധ്യതകളിലേക്കും അവകാശബോധത്തിലേക്കും തീരജനതയെ നയിച്ച സാഹചര്യവും ഇവിടെ പ്രകടമാണ്.

ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സവിശേഷതകളാലാണ് തീരദേശം പൊതുവെ അടയാളപ്പെടുത്തപ്പെടുന്നത്. കടലിനോട് ചേർന്ന പ്രദേശങ്ങളിൽ വസിക്കുന്ന വിവിധ ജാതി-മതവിഭാഗങ്ങളെ 'തീരജനവിഭാഗം' എന്ന് വിളിക്കുമ്പോൾ, 'തീരം' എന്നത് ആ വിഭാഗങ്ങളുടെ സ്വത്വത്തിന് മുന്നിൽ ചേർക്കുന്ന ഒരു 'ഉപസർഗ്ഗം' (prefix) പോലെ പ്രവർത്തിക്കുന്നു. വിവിധ ജാതിമത മാനദണ്ഡങ്ങളുള്ള ഗ്രൂപ്പുകൾ താമസിക്കുന്നത് എന്ന അർഥത്തിൽ സ്ഥലം അഥവാ നാട് എന്ന മറ്റൊരു ഭാവന കൂടിയുണ്ട്. സാംസ്കാരികമായി പ്രത്യേക വംശീയസംജ്ഞയായി നിർവചിക്കുന്ന ആശയമായി തീരദേശമെന്നത് മലയാളകൃതികളിലും സംസ്കാരപാഠങ്ങളിലും കാണാൻ സാധിക്കും. ആദിവാസി-മുസ്ലീം വിഭാഗങ്ങളെയെന്നപോലെ വംശീയ ന്യൂനപക്ഷമായിട്ടാണ് തീരദേശജനതയെ സാമൂഹികശാസ്ത്രപഠനങ്ങൾ സമീപിക്കുന്നത്. നിശ്ചിതമായ നിർവചനങ്ങൾക്ക് വഴങ്ങാത്തവിധം സങ്കീർണ്ണമാണ് ഈ പ്രദേശത്തിന്റെ സ്വത്വമെന്നത് അതിന്റെ വ്യാപ്തിയെ വെളിപ്പെടുത്തുന്നു.

തീരദേശവാസികളുടെ മുഖ്യ ഉപജീവനമാർഗം മീൻപിടിത്തമാണ്. അതിനാൽ മീൻപിടിത്തക്കാർ എന്ന മട്ടിലാണ് പൊതുവെ അടയാളപ്പെടുത്തുന്നത്. മീൻപിടിത്തത്തോ

ടൊപ്പം അതിന്റെ വിപണനം, സംസ്കരണം എന്നീ മേഖലകളും ഈ സമൂഹങ്ങളുടെ ഉപജീവനമാർഗമാണ്. മത്സ്യത്തൊഴിലാളി എന്ന പദം താരതമ്യേന ആധുനികമായ ഒന്നാണ്. അതിനെ ശ്രദ്ധാപൂർവം പരിശോധിക്കുമ്പോൾ പരമ്പരാഗത മീൻപിടിത്തക്കൂട്ടായ്മ (fisher folk)യിൽനിന്ന് വ്യത്യസ്തമായി മത്സ്യത്തൊഴിലാളി (fisherman) എന്നത് ആധുനികമായ ചില വിവക്ഷകൾ കൂടിയുള്ളതാണെന്നു കാണാം. അവകാശസ്വഭാവമുള്ള പൗരത്വത്തെ വിഭാവനം ചെയ്യുന്ന, സ്വത്വപരിണാമത്തിന്റെ ചരിത്രം അത് പ്രതിഫലിപ്പിക്കുന്നു. ആ നിലയ്ക്കുള്ള ചലനാത്മകത തീരം എന്ന പദവും വഹിക്കുന്നുണ്ട്. സമകാലികമായി തീരം എന്ന പദം അനാവരണം ചെയ്യുമ്പോൾ മനസ്സിലാവുന്നത് ദേശരാഷ്ട്ര അധികാരങ്ങൾക്കൊപ്പം തീരദേശമെന്നത് ആഗോള സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയക്രമവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നതാണ്[5]. മത്സ്യത്തൊഴിലാളിരാഷ്ട്രീയത്തെക്കുറിച്ചുള്ള പ്രത്യയശാസ്ത്രങ്ങൾ അധികാരശ്രേണികളെ ചോദ്യംചെയ്തുകൊണ്ട് വിമർശനസംവർഗമായി വീക്ഷണങ്ങൾ പങ്കിടുന്നു എന്നതാണ് തീരദേശത്തെ നിലവിൽ ശ്രദ്ധേയമാക്കുന്നത്.

തീരദേശം എന്ന സങ്കല്പത്തിന്റെ വ്യാപ്തിയെ പരിഗണിച്ച് ഇവിടെ ചില ചോദ്യങ്ങൾ ഉന്നയിക്കേണ്ടിവരുന്നു. എന്താണ് തീരദേശം? ആരാണ് മത്സ്യത്തൊ ഴിലാളികൾ? അവ ഏകവചനങ്ങളാണോ? കീഴാളർ എന്ന സംജ്ഞയ്ക്ക് കീഴിൽ വരുമോ അവ? മുഖ്യധാരാ കാർഷികസമൂഹങ്ങളിൽനിന്നും ഭൂമിശാസ്ത്രപരമായും സാമൂഹികമായും വേറിട്ടു നിൽക്കുന്നവരാണ് തീരദേശവാസികൾ. എന്നാൽ അവരുടെ വംശീയവും സാമുദായികവുമായ തന്മ നിലവിലുള്ള സാമ്പത്തിക-രാഷ്ട്രീയ ക്രമങ്ങളുമായി സങ്കീർണ്ണമായി പിണഞ്ഞു കിടക്കുന്നതിനാൽ, 'തീരദേശം' എന്ന പദം ലളിതമായി വിശദീകരിക്കാൻ പ്രയാസമാണ്. അതുകൊണ്ടുതന്നെ ഏതെങ്കിലും നിലയ്ക്ക് ഇതിനെ നിർവചനപരമായി സമീപിക്കുമ്പോൾ അത്തരം ചിട്ടപ്പെടുത്തലിൽ നിന്നുള്ള കുതറൽ അനിവാര്യമായിത്തീരുന്നു.

ഈ സങ്കീർണതകളും വൈവിധ്യങ്ങളും ഒരു കേന്ദ്രീകൃതവൃത്തത്തെ സൂചിപ്പിക്കുന്ന സംജ്ഞ (umbrella term)യായി തീരദേശത്തെ നിർദേശിക്കുന്നു. അതോടൊപ്പം മത്സ്യബന്ധനസമൂഹങ്ങളുടെ വീക്ഷണകോണുകളിലൂടെ കാലാവസ്ഥാ-പരിസ്ഥിതി പ്രതിസന്ധികൾ പഠനവിധേയമാക്കുന്ന വിജ്ഞാനമേഖലകൾ സമകാലികമായി രൂപപ്പെട്ടു വരുന്നു[6]. അതുകൊണ്ടുതന്നെ സമകാലീനതയെ തിരിച്ചറിയുന്നതിനായി ഈ വിഷയത്തിൽ കൂടുതൽ

വിപുലമായ അന്വേഷണങ്ങളും നിരീക്ഷണങ്ങളും അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ തീരവും മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ മാറുന്ന അർഥങ്ങളും സാമൂഹികചിന്തകളും പുതിയ തരം തിരിച്ചറിവുകളും വെല്ലുവിളികളും ഉയർത്തുന്നു. കടലും മത്സ്യബന്ധന സമ്പദ് വ്യവസ്ഥയും അതിന്റെ ഭൂമിശാസ്ത്രവും മത്സ്യത്തൊഴിലാളികളുടെ അനുഭവവും ഭാവനയും എന്ന നിലയിൽ ആധുനികതയെ അഭിമുഖീകരിക്കുന്നതിനെ സംബന്ധിച്ച ചർച്ചകൾ എന്തുകൊണ്ടും പ്രസക്തമാണ്. അതോടൊപ്പം കേരളത്തിന്റെ ആധുനിക രാഷ്ട്രീയ-സാംസ്കാരികചിന്തകളെ വിമർശനവിധേയമാക്കേണ്ടതിന്റെ പ്രസക്തിയിലേക്കും ഇത് വിരൽചൂണ്ടുന്നു.

തീരപ്രദേശത്തെ സമകാലീനതയും ഈ ചരിത്രവും ഉൾക്കൊള്ളുന്ന സംഭവപ്രക്രിയകളെ വ്യത്യസ്തമായ മാർഗത്തിലൂടെ വീക്ഷിക്കാനുള്ള ശ്രമമെന്ന നിലയിലാണ് പ്രബന്ധത്തിൽ മേൽപ്പറഞ്ഞ അർത്ഥത്തിൽ 'പരിവർത്തനങ്ങൾ' എന്ന സംജ്ഞ സ്വീകരിക്കുന്നത്. പരിവർത്തനം എന്ന വാക്ക് മലയാളത്തിൽ ഒരു ആശയത്തിനോ മൂല്യത്തിനോ ശരീരത്തിനോ പ്രവൃത്തിക്കോ സംഭവിക്കുന്ന മാറ്റമെന്ന നിലയിലാണ് സാമാന്യമായി ഉപയോഗിച്ചുപോരുന്നത്. 'മതപരിവർത്തനം, ലിംഗപരിവർത്തനം, ധാർമ്മികപരിവർത്തനം തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ പദം ചേർന്നുവരുന്നത്. അവ പ്രത്യേകമായി ഒരു അവസ്ഥയിൽനിന്ന് മറ്റൊന്നിലേക്കുള്ള കടന്നുപോക്കിനെ സൂചിപ്പിക്കുന്നു. തീരദേശ അനുഭവകഥകളെ രൂപപ്പെടുത്തുന്നത് രചനകളിൽ പ്രത്യക്ഷത്തിൽത്തന്നെ നിത്യസാന്നിധ്യമായ, അസ്വസ്ഥമാക്കുന്ന ഒരു അവബോധമായി നിൽക്കുന്ന 'മാറ്റങ്ങൾ' ആണെന്ന് കാണാം. മത്സ്യത്തൊഴിലാളികളുടെ ജീവിതകഥകൾ വിവിധ തന്മകളെയും അതിന്റെ ബലതന്ത്രങ്ങളെയും മുൻനിർത്തി ആധുനികതയുടെ വിമർശനഘടനകളോട് സംവാദത്തിലേർപ്പെടുന്നുണ്ട്. ഇത്തരം സംവാദങ്ങൾ വിശകലനം ചെയ്യാൻ താൽക്കാലികവും സാന്ദർഭികവുമായ ഒരു സമീപനം അനിവാര്യമാണ്. അവിടെയാണ് പരിവർത്തനം (transition) എന്ന സങ്കല്പനം പ്രസക്തമാകുന്നത്. 'ആധുനികീകരണം' എന്ന വാക്ക് പലപ്പോഴും സൂചിപ്പിക്കുന്നത് പഴയതിൽനിന്ന് പുതിയതിലേക്കുള്ള ഒരു നേർരേഖയിലുള്ള പുരോഗതിയെയാണ്. എന്നാൽ പരിവർത്തനം എന്നത് കടൽത്തീരത്ത് സംഭവിച്ച ആഘാതങ്ങളെയും സംഘർഷങ്ങളെയുംകൂടി ഉൾക്കൊള്ളുന്നു. പരമ്പരാഗതമായ അറിവുകൾ നഷ്ടപ്പെടുകയും പുതിയ സാങ്കേതികവിദ്യകൾ വരുമ്പോൾ തൊഴിലാളിയുടെ ശരീരത്തിലും സ്വത്വത്തിലും ഉണ്ടാകുന്ന ആഴത്തിലുള്ള മാറ്റങ്ങളെ 'പരിവർത്തനം' എന്ന പദം കൂടുതൽ

കൃത്യമായി പ്രതിനിധീകരിക്കുന്നു. കടലിനെക്കുറിച്ചുള്ള 'വാമൊഴി അറിവുകൾ' എങ്ങനെയാണ് രേഖപ്പെടുത്തപ്പെട്ട ചരിത്രമായും അക്കാദമിക വിജ്ഞാനമായും മാറുന്നത് എന്ന് പരിശോധിക്കാൻ 'പരിവർത്തനം' എന്ന കാഴ്ചപ്പാട് സഹായിക്കും. ചുരുക്കത്തിൽ: മത്സ്യത്തൊഴിലാളികൾ കേവലം മാറ്റങ്ങൾക്ക് വിധേയരാകുന്നവരല്ല (passive objects), മറിച്ച് ആ മാറ്റങ്ങളെ തങ്ങളുടെ ആഖ്യാനങ്ങളിലൂടെയും സമരങ്ങളിലൂടെയും പുനർനിർ വചിക്കുന്നവരാണ് (active subjects). ഈ സജീവതയെ അടയാളപ്പെടുത്താനാണ് 'പരിവർത്തനം' എന്ന സൈദ്ധാന്തിക സമീപനം കൂടുതൽ അനുയോജ്യമാകുന്നത്. ആധുനികീകരണം' എന്ന പ്രക്രിയയെ 'പരിവർത്തനാനുഭവങ്ങൾ' എന്ന കർതൃത്വപരമായ കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യുന്നു. ആധുനിക തീരരാഷ്ട്രീയത്തിന്റെയും സാമൂഹികപ്രസ്ഥാനങ്ങളുടെയും ഇടങ്ങളെ പ്രതിനിധീകരിക്കുന്ന ഒന്നായാണ് വിലയിരുത്തുന്നത്. തീരദേശത്ത് ആധുനികീകരണത്തെത്തുടർന്നുണ്ടായ ജനകീയവും കീഴാളവുമായ മുന്നേറ്റങ്ങളുടെ സവിശേഷ ഘട്ടത്തെ ഇത് സൂചിപ്പിക്കുന്നു.

മത്സ്യത്തൊഴിലാളി അനുഭവാഖ്യാനങ്ങളുടെ ചരിത്രപരമായ ആഖ്യാനവഴികൾ അന്വേഷിക്കുമ്പോൾ, നിലവിലുള്ള വായനകളിലെ 'അധികാരനോട്ടങ്ങൾ' ഉൽപ്പാദിപ്പിച്ച അർത്ഥതലങ്ങളിൽ നിന്നല്ല തുടങ്ങേണ്ടത്. അവയെ വിമർശനാത്മകമായി സമീപിക്കുമ്പോൾ മത്സ്യത്തൊഴിലാളി ഓർമ്മകളെയും അനുഭവങ്ങളെയും സാധ്യമാക്കുന്ന ഒട്ടനവധി പുതിയ ദിശകൾ തെളിഞ്ഞുവരുന്നു. കടലനുഭവങ്ങളെ ആത്മാഖ്യാനങ്ങളുടെ മാനത്തിലേക്ക് ഉയർത്തിയ ഘടകങ്ങളും അവ ഏതൊക്കെ സാഹചര്യങ്ങളുമായി ഇടപഴകുന്നു എന്നതും ഇവിടെ പരിശോധിക്കപ്പെടേണ്ടതുണ്ട്. സാഹിത്യത്തിൽ ഇടംനേടുകയും പുതിയ ചരിത്രാവബോധം സാധ്യമാക്കുകയും സമകാലിക അധികാരസാഹചര്യങ്ങളെ വിശകലനം ചെയ്യുന്ന സജീവമായ പാഠങ്ങളായി ഈ രചനകൾ മാറുന്നു. അതുകൊണ്ടുതന്നെ, ഈ അനുഭവങ്ങളെ കേവലം കടലറിവുകളുടെ ഭൂതകാലത്തിലേക്കുള്ള നോട്ടമായല്ല പ്രബന്ധം സമീപിക്കുന്നത്. മറിച്ച്, തീരദേശത്തിനും മത്സ്യത്തൊഴിലാളിസ്വത്വത്തിനും സംഭവിച്ച നിർണ്ണായകമാറ്റങ്ങളെയും തൊഴിൽമേഖലയിലെ പരിവർത്തനങ്ങളുമായോ ആധുനികത യുമായോ മത്സ്യത്തൊഴിലാളികൾ നടത്തുന്ന സംഘർഷഭരിതമായ സമകാലികതയെയും കുറിച്ചുള്ള അന്വേഷണമാണിത്. ഈ ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ, തീരമേഖലയിലെ അനുഭവാഖ്യാനങ്ങളുടെ ചരിത്ര-സാമൂഹികസന്ദർഭങ്ങളെ പ്രബന്ധം പുനഃപരിശോധിക്കുന്നു.

ഓർമ്മയ്ക്കും എഴുത്തിനും സ്വത്വവുമായുള്ള ഗാഢബന്ധം വെളിപ്പെടുത്തുന്ന സമകാലിക പാഠങ്ങളായി ഈ അനുഭവാഖ്യാനങ്ങളെ അടയാളപ്പെടുത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

മത്സ്യത്തൊഴിലാളികൾ, തീരദേശ പ്രവർത്തകർ എന്നീ കർതൃത്വങ്ങളിൽ നിന്നുകൊണ്ട് തീരത്തിന്റെ ആവിഷ്കാരരീതികൾക്ക് എ. ആൻഡ്രൂസും റോബർട്ട് പനിപ്പിള്ളയും കൂടുതൽ തെളിച്ചം നൽകുന്നു. ഏകമുഖമായ ഘടനയോ ശൈലിയോ പുലർത്താത്തതും രാഷ്ട്രീയസംഭാഷണങ്ങളും കഥാപരമായവിവരണങ്ങളും ഇടകലർന്നതുമായ ഇവരുടെ ആഖ്യാനങ്ങൾ മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ സവിശേഷതകളുമായി സംവദിക്കുന്നു. വ്യക്തിയെ രാഷ്ട്രീയപ്രവർത്തനത്തിന്റെ കഥനശൈലിയിലൂടെ സമീപിക്കുന്നതിലൂടെ അനുഭവങ്ങളുടെ സങ്കീർണ്ണത വെളിപ്പെടുത്താൻ ഇവർക്ക് സാധിക്കുന്നുണ്ട്. ആത്മകഥാരചനാ സമ്പ്രദായത്തിന്റെ പഠനരീതിയിലൂടെ മത്സ്യത്തൊഴിലാളി കർതൃത്വത്തിന് സംഭവിച്ച ഈ പുതിയ ചലനങ്ങളെ പരിവർത്തനപദ്ധതിയായി അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ സൗന്ദര്യ-രാഷ്ട്രീയനിലപാടുകളെ അടയാളമാക്കുന്ന ആവിഷ്കാരരീതികളെ അടുത്തറിയുന്നതിന് ഈ സങ്കല്പനം കൂടുതൽ അനുയോജ്യമാണ്. തെക്കൻതീരത്തെ മത്സ്യത്തൊഴിലാളിസമരങ്ങളുടെ രാഷ്ട്രീയം, കീഴാള-പരിസ്ഥിതിബോധം, മതം-ജാതി-ലിംഗസ്വത്വങ്ങൾ, തൊഴിൽഘടന, സമ്പദ്‌വ്യവസ്ഥ എന്നീ ആശയപരിസരങ്ങളിലൂടെയാണ് ഈ പ്രബന്ധം വികസിക്കുന്നത്. പരിവർത്തനാനുഭവങ്ങളിലൂടെ കടന്നുപോകുന്ന തീരദേശ വ്യക്തികൾ എങ്ങനെയാണ് പുതിയ തന്മകളിലേക്കും (identities) പുനർനിർവചിക്കപ്പെട്ട സ്വയംബോധത്തിലേക്കും (subjectivity) നീങ്ങുന്നതെന്ന് ഇവിടെ ചർച്ച ചെയ്യുന്നു. ആഖ്യാനങ്ങളിലൂടെ രൂപപ്പെടുന്ന ഈ സ്വത്വചരിത്രം ആധുനിക കേരളത്തിന്റെ സാമൂഹികമാറ്റങ്ങളെയും സാംസ്കാരികചിന്തകളെയും മനസ്സിലാക്കാൻ സഹായിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ പുതിയ ചലനങ്ങളെക്കുറിച്ചുള്ള ഈ അന്വേഷണം, തീരദേശത്തിന്റെ പാർശ്വവൽക്കരണത്തെക്കുറിച്ചുള്ള പൊതുധാരണകൾക്കൊപ്പം തന്നെ ആന്തരികസംഘർഷങ്ങളെയും അധികാരരൂപങ്ങളെയും തിരിച്ചറിയാൻ സഹായിക്കുന്നു. ആധുനികീകരണ പ്രക്രിയയിൽ സ്ഥാനഭ്രഷ്ടത (displacement) സംഭവിച്ച പ്രാദേശിക ഭാവനകളുടെയും സ്ഥാപനരൂപങ്ങളുടെയും ചരിത്രം കൂടിയാണ് ആധുനികമത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ ചരിത്രമെന്ന ബോധ്യത്തോടെയാണ് ഈ പഠനം മുന്നോട്ടുപോകുന്നത്. തെക്കൻ തീരമേഖലയിലെ അവകാശപ്പോരാട്ടങ്ങളിൽ പങ്കെടുത്ത പ്രസ്ഥാനങ്ങൾക്കും

വ്യക്തികൾക്കും ചരിത്രത്തിലുള്ള പ്രാധാന്യം പരിഗണിച്ച്, ആ മേഖലയിലെ രചനകളാണ് ഇവിടെ വിശദമായി പരിശോധിക്കുന്നത്. പരമ്പരാഗത മീൻപിടിത്താനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് എഴുത്തുകാർ തങ്ങളുടെ പരിവർത്തനാനുഭവങ്ങളെ ആവിഷ്കരിക്കുന്നത്. സമകാലിക സാഹചര്യങ്ങളിലെ സങ്കീർണ്ണതകളെ വിശകലനം ചെയ്യാൻ ഈ പരിവർത്തന വിഭാവനകൾ എഴുത്തുകാരെ സഹായിക്കുന്നു. വ്യക്തിഗതമായ തലങ്ങളും സാമൂഹികമായ നിർവാഹകത്വവും  ഇവിടെ നിർണ്ണായകമാണ്. ചുരുക്കത്തിൽ, വ്യക്തികൾ തങ്ങളുടെ പരമ്പരാഗതവിജ്ഞാനത്തെയും ആധുനിക സാഹചര്യങ്ങളെയും എങ്ങനെ പുനർനിർവചിക്കുന്നു എന്നും ആവിഷ്കരിക്കുന്നു എന്നുമാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്.

പരിവർത്തനാനുഭവം എന്നത് ആധുനികീകരണത്തിന്റെ കേവലമായ ഫലമല്ല; മറിച്ച് മത്സ്യത്തൊഴിലാളി സമൂഹവും ബാഹ്യലോകവും തമ്മിലുള്ള സജീവമായ ഇടപെടലുകളിലൂടെ രൂപപ്പെടുന്നതാണ്. ഇതിനെ അനുഭവത്തിന്റെ കേവലമായ ഉറവിടമായി കാണാതെ, സ്വത്വാവിഷ്കാരത്തിനുള്ള നിർണ്ണായക ഉപാധിയായി പ്രബന്ധം പരിഗണിക്കുന്നു. സാധാരണ നിലയിൽ ഇത്തരം ആഖ്യാനങ്ങൾ ആധുനികീകരണത്തിന്റെ സ്വാധീനഫലങ്ങൾ മാത്രമായി വായിക്കപ്പെടുമ്പോൾ, എഴുത്തുകാരുടെ തിരഞ്ഞെടുപ്പുകളും ഓർമ്മകളിലെ അടരുകളും അവഗണിക്കപ്പെടാറുണ്ട്. 'പരിവർത്തനം' എന്ന സംജ്ഞയെ ആവിഷ്കാരരീതികളുടെ അടിസ്ഥാനത്തിലാണ് ഇവിടെ വേർതിരിച്ചെടുക്കുന്നത്. തീരദേശ ആത്മകഥാരൂപങ്ങൾ, അവയിലെ ആധുനികതയുടെ അടയാളങ്ങൾ, കർതൃത്വരൂപങ്ങൾ എന്നിവയിലേക്ക് ഈ പഠനം വെളിച്ചം വീശുന്നു. വ്യക്തിയെയും സമുദായത്തെയും സംബന്ധിച്ച ചരിത്രപരമായ മാറ്റങ്ങളെ വിശകലനം ചെയ്യാൻ 'പരിവർത്തനം' എന്ന സംജ്ഞ വ്യക്തമായ ഒരു അടിത്തറ നൽകുന്നു. മത്സ്യത്തൊഴിലാളികളുടെ ചരിത്രം, ഓർമ്മ, രാഷ്ട്രീയം, മതം, ലിംഗപദവികൾ തുടങ്ങിയ നിർണ്ണായകഘടകങ്ങളെ കൂട്ടിയിണക്കാനും അതിന്റെ പ്രയോഗങ്ങളെ തിരിച്ചറിയാനും ഈ പദം സഹായിക്കുന്നു. സംഘർഷങ്ങളും മത്സരങ്ങളും നിറഞ്ഞ കേരളത്തിന്റെ മത്സ്യബന്ധനമേഖലയെ അഭിമുഖീകരിക്കുന്ന മത്സ്യത്തൊഴിലാളിസ്വത്വവും അതിന്റെ പരിണാമങ്ങളും ഈ വീക്ഷണകോണിലൂടെ വ്യക്തമാകുന്നു. ഉപജീവനപ്രശ്നങ്ങൾ, ആധുനികതയോടുള്ള ഏറ്റുമുട്ടലുകളും സമ്പർക്കങ്ങളും, സാംസ്കാരികസാന്നിധ്യം എന്നിങ്ങനെയുള്ള വിഷയങ്ങളെ ബഹുതലങ്ങളിൽ വ്യാഖ്യാനിക്കാനുതകുന്ന ഒരു വിശകലനരീതിയാണ് ഇതിലൂടെ രൂപപ്പെടുന്നത്.

ആധുനികതയുടെ പശ്ചാത്തലത്തിൽമാത്രം വിഷയങ്ങളെ നോക്കിക്കാണുന്നതിലെ പരിമിതികൾ 'പരിവർത്തനാനുഭവങ്ങൾ' എന്ന ഈ പരികല്പനയ്ക്കുണ്ടെന്ന യാഥാർത്ഥ്യം പ്രബന്ധം ഉൾക്കൊള്ളുന്നുണ്ട്. മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ ആധുനികീകരണത്തിന് മുൻപുള്ള ചരിത്രമോ അതിന്റെ വംശാവലിയോ (genealogy) ഈ പഠനത്തിന്റെ പരിധിയിൽ വരുന്നില്ല. എങ്കിലും, ആധുനികീകരണത്തിന്റെ ചട്ടക്കൂടിനുള്ളിൽ മാത്രം ഈ വിഷയത്തെ ഒതുക്കി നിർത്തുന്നതിലെ പ്രശ്നങ്ങളെ പഠനം ഗൗരവമായി കാണുന്നു. ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടന്ന ആധുനികീകരണപ്രക്രിയകളെ കേവലം സാങ്കേതികമാറ്റങ്ങളായി മാത്രം കാണാതെ, അവയെ പ്രാതിനിധ്യങ്ങളുടെ സാഹിത്യ-സാംസ്കാരിക ഭാവനകളുമായി ബന്ധിപ്പിക്കുമ്പോൾ സങ്കീർണ്ണമായ നിരവധി ചോദ്യങ്ങൾ ഉയരുന്നുണ്ട്. ആധുനികീ കരണത്തിന്റെ വെറുമൊരു 'സ്വാധീനഫലം' എന്ന നിലയിൽ ഈ ആഖ്യാനങ്ങളെ ലഘൂകരിക്കുന്നതിനെ പ്രബന്ധം പ്രതിരോധിക്കുന്നു. മറിച്ച്, മത്സ്യത്തൊഴിലാളികളുടെയും അവരുടെ സമൂഹങ്ങളുടെയും ചരിത്രപരമായ സാംസ്കാരിക-രാഷ്ട്രീയഘടനകളെ മുൻനിർത്തി യുള്ള ഒരു 'പുതിയ നിമിഷമായിട്ടാണ്' അവരുടെ അസ്തിത്വത്തിലുണ്ടായ മാറ്റങ്ങളെ ഈ പഠനം തിരിച്ചറിയുന്നത്. തീരസമൂഹത്തിന്റെ ആവിഷ്കാര സാധ്യതകളെയും സാമൂഹികതയെയും ഇത് കൂടുതൽ വ്യക്തമായി വെളിപ്പെടുത്തുന്നു.

പ്രകടനപാരമ്പര്യവും ആത്മവിവരണങ്ങളുമാണ് തീരത്തിന്റെ ശ്രദ്ധേയമായ രചനാമേഖലകൾ. നോവലുകൾ, നിരൂപണങ്ങൾ, കവിത എന്നിവയിലെല്ലാം മത്സ്യത്തൊഴി ലാളിസ്വത്വത്തിന്റെ വിവിധ പ്രതിനിധാനങ്ങൾ കാണാം. എങ്കിലും, മലയാളത്തിന്റെ സമകാലിക സാഹിത്യ-സാംസ്കാരികഭാവനയിൽ തീരദേശത്തിന്റെ സാമൂഹികപാർശ്വ വൽക്കരണവും അദൃശ്യതയും വിരളമായി മാത്രമേ ചർച്ചചെയ്യപ്പെട്ടിട്ടുള്ളൂ. മുഖ്യധാരാപ ത്രങ്ങൾക്കും ആനുകാലികങ്ങൾക്കും പുറത്തുള്ള സമാന്തര പ്രസിദ്ധീകരണങ്ങളാണ് മത്സ്യത്തൊഴിലാളിവിഷയങ്ങൾ നിരന്തരം സംവദിച്ചിരുന്നത്. അതേസമയം, മലയാളസാഹിത്യരംഗത്ത് പൊതുവെ അംഗീകരിക്കപ്പെട്ട മുഖ്യധാരാ നിർവചന ങ്ങളിലൂടെയാണ് മത്സ്യത്തൊഴിലാളി ആഖ്യാനങ്ങൾ പലപ്പോഴും ഉയർന്നുവന്നത്. കീഴ് വഴക്കത്തിന്റെ മുഖ്യധാരാപ്രത്യയശാസ്ത്രങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരുന്നു അത്തരം സമീപനങ്ങൾ. അവയിലെത്തന്നെ പ്രധാന ആശയവിഭാഗങ്ങളായ വാമൊഴി, പ്രാദേശികത, പരിസ്ഥിതി എന്നിവ തീരത്തിന്റെ അറിവ്, അനുഭവം, കടൽ എന്നീ പരിസരങ്ങളെ

സംശയിക്കുകയോ സങ്കീർണമാക്കുകയോ ചെയ്യുന്നുണ്ട്. വായനക്കാരുടെ നോട്ടത്തിനായി പ്രദർശിപ്പിക്കുന്ന 'വ്യത്യസ്ത സംസ്കാരങ്ങൾ' എന്ന പ്രതീതി ഒരുതരം അധികാര പ്രവർത്തനമായി നിൽക്കുന്നുണ്ട്. ഈ നോട്ടങ്ങൾ സ്വത്വങ്ങളെ സ്വാഭാവികമാക്കുകയും ചരിത്രവിശകലനങ്ങളെ തടയുകയും ചെയ്യുന്ന എന്നുമാത്രമല്ല, ഈ അടയാളപ്പെടുത്തലുകൾ മുഖ്യധാരാസാഹിത്യത്തെക്കുറിച്ചുള്ള സമഗ്രമായ വിമർശനത്തിന്റെ സാധ്യതയും തടയുന്നു.

'ആധുനിക കേരളം ആരുടെ ഭാവനയാണ്' എന്ന ലേഖനത്തിൽ ദലിത് ചിന്തകനായ പ്രദീപൻ പാമ്പിരികുന്ന് ആധുനിക വ്യവഹാരമണ്ഡലങ്ങൾ സൃഷ്ടിച്ചെടുത്തതിൽ കീഴാളവിഭാഗങ്ങളുടെ കർതൃത്വത്തെ നിരാകരിക്കുന്നതിന് അടിസ്ഥാനമായ അധഃസ്ഥിതരുടെ നിശ്ചലത എന്ന ആലോചന വികസിപ്പിക്കുന്നുണ്ട്. "പൊതുവിൽ അടിമ-ദലിത്-ആദിവാസി വിഭാഗങ്ങളെ ആധുനികസമൂഹം 'നിശ്ചല'മായാണ് പരിഗണിച്ചത്. എല്ലാത്തരം സാമൂഹ്യപരിണാമങ്ങളേയും സ്വീകരിക്കുക മാത്രം ചെയ്യുന്ന സ്വയം സാമൂഹ്യ നിർവാഹക ത്വത്തിലേക്ക് സഞ്ചരിച്ചിട്ടില്ലാത്ത ജനതയായി അവർ നിർവചിക്കപ്പെട്ടു. സമൂഹത്തിന്റെ receiving endലായിരുന്ന ദലിത്-അടിമ-ആദിവാസിസമൂഹങ്ങൾ അടയാളപ്പെടുത്തപ്പെട്ടത്. അവരിൽനിന്ന് എന്തെങ്കിലും ആരംഭിക്കും എന്ന് പൊതുസമൂഹം കരുതിയില്ല" (പാമ്പിരികുന്ന്, 2020). കടൽത്തീരത്തിന്റെ സംസ്കാരം പാർശ്വവൽക്കരിക്കപ്പെട്ടതെങ്ങനെ എന്നന്വേഷിക്കുന്ന അജന്ത സുബ്രഹ്മണ്യൻ കാർഷിക കേന്ദ്രീകൃതമായ ആധുനികതയുടെ അളവുകോലുകൾ വെച്ച് തീരദേശത്തെ അളക്കുമ്പോൾ, അവിടുത്തെ ജനവിഭാഗങ്ങളെ മാറ്റങ്ങളില്ലാത്ത ഒരു 'ആദിമ വിഭാഗമായി' (primitive/static community) കരുതി മാറ്റിനിർത്തുന്ന പ്രവണതയാണ് നിലനിൽക്കുന്നത് എന്ന് നിരീക്ഷിക്കുന്നുണ്ട്[7]. 'സവർണ്ണ/കാർഷിക കേന്ദ്രീകൃത' (agrarian-centric) കാഴ്ചപ്പാടുകളെ അതിശക്തമായി അജന്ത സുബ്രഹ്മണ്യൻ വിമർശിക്കുന്നു.

തീരജനവിഭാഗങ്ങളെ മാറ്റങ്ങളില്ലാത്ത സ്ഥലത്തിന്റെയും പ്രാക്തനമെന്ന സ്വഭാവത്തിന്റെയും പ്രത്യേകതകളായി വിലയിരുത്തുന്നത് ജാതിയുടെയും അസ്പൃശ്യതയു ടെയും അദൃശ്യ സ്വാധീനത്തിലാണ്. ഇത് ഉറപ്പിച്ചെടുക്കുന്നതിൽ വിവിധ പഠനമേഖലക ൾക്കും പ്രധാന പങ്കുണ്ട്. ഫോക് ലോർ, വാമൊഴിചരിത്രം, പരിസ്ഥിതിപഠനം തുടങ്ങിയവ പലപ്പോഴും തീരദേശത്തെയും അവരുടെ ആവിഷ്കാരങ്ങളെയും ഒരു നിശ്ചിതവും സന്തുലിതവുമായ അവസ്ഥയിലുള്ള വിഭാഗമായിട്ടാണ് അവതരിപ്പിക്കുന്നത്. മാറ്റമില്ലാത്ത

സന്തുലിതാവസ്ഥയെ സ്ഥിരീകരിക്കുന്ന, നിശ്ചിതവും നിയതവുമായ സ്വഭാവത്തിലുള്ളതാണ് തീരജനതയെന്ന സമീപനങ്ങളാണ് ഇതുവഴി പ്രചാരം കൈവരിച്ചത്. തീരദേശത്തിന്റെ പരിണാമബദ്ധമായ സ്ഥലകാലങ്ങളെയോ സാമൂഹികതയെയോ അടിസ്ഥാനമാക്കിക്കൊണ്ടു ള്ളതല്ല ഈ നോട്ടങ്ങൾ. കാർഷിക സമൂഹത്തിന്റെ ഭൂവിതരണ-ഉൽപ്പാദന-വിതരണ സമ്പ്രദായങ്ങളിലാണ് ഫോക് ലോർ സങ്കല്പനങ്ങൾ 'പാരമ്പര്യം', 'സംസ്കാരം' എന്നീ നിർവചനങ്ങൾ രൂപപ്പെടുത്തിയെടുത്തത്. ഇത്തരം പഠനങ്ങൾ മുന്നോട്ടുവെക്കുന്ന 'കൂട്ടായ സ്വത്വം' (collective identity) എന്ന ആശയം പലപ്പോഴും നിർണ്ണയവാദപരമാണ്. ഇത്തരത്തിൽ കടലെഴുത്തിനെയും കടലറിവിനെയും ഫോക്‌ലോറിന്റെ ഒരു ഉപവിഭാഗമായി മാത്രം വിഭാവനം ചെയ്യുന്നത് തീരത്തിന്റെ ഭാഷയെയും ഇമേജറികളെയും ഒരു കാർഷിക നോട്ടപ്പാടിലൂടെ ലഘൂകരിക്കാൻ മാത്രമേ സഹായിക്കു.

മലയാളത്തിലെ സാംസ്കാരിക പഠനങ്ങളും ഇതേ രീതിയിൽ തീരത്തിന്റെ കാലത്തി നനുസൃതമായ, മാറുന്ന രാഷ്ട്രീയങ്ങൾക്കോ സാമൂഹികചിന്തകൾക്കോ അർഹമായ ശ്രദ്ധ നൽകിയില്ല. പകരം ആധുനികതയുടെ വിശകലനങ്ങൾക്ക് വിരുദ്ധമായി, തീരദേശരചനകളെ ഒരു 'പ്രാക്തന' അല്ലെങ്കിൽ 'പ്രീ-കൊളോണിയൽ' വിഭാഗത്തിന്റെ ആവിഷ്കാരങ്ങളായി മാത്രം ഒതുക്കിനിർത്തി. അധികാരം, ചരിത്രം, രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള വിമർശനാത്മക അവബോധങ്ങൾ തീരദേശപഠനങ്ങൾക്ക് മുതൽക്കൂട്ടായില്ല. മലയാളപഠനശാഖയിൽ സംസ്കാരപഠനങ്ങളുടെ കടന്നുവരവ് സാമ്പ്രദായിക രീതിശാസ്ത്രങ്ങളെയും ചട്ടക്കൂടുകളെയും സാമാന്യമായി പ്രശ്നവൽക്കരിച്ചപ്പോഴും തീരദേശപഠനങ്ങളിൽ അത് വലിയ മാറ്റമുണ്ടാക്കിയില്ല. തീരദേശ ആഖ്യാനങ്ങളെ കൂട്ടായ്മയുടെ പൈതൃകമായി കാണുന്ന രീതിയാണ് തുടർന്നുവന്നത്. ഇത് ഫലത്തിൽ തീരദേശപഠനങ്ങളെ ഫോക് ലോറിന്റെയോ വാമൊഴി ചരിത്രത്തിന്റെയോ ഉപവിഭാഗ ങ്ങളായി ചുരുക്കിക്കളഞ്ഞു. ‘കൂട്ടായ സ്വത്വം' എന്ന ഇത്തരം ലളിതമായ നിർവചനങ്ങൾ കടലിലും കരയിലുമായി വികസിക്കുന്ന സങ്കീർണ്ണമായ തൊഴിൽബന്ധങ്ങളെയും അതിലെ അസമത്വങ്ങളെയും അഭിമുഖീകരിക്കുന്നില്ല. മത്സ്യത്തൊ ഴിലാളി, തീരം എന്നീ രാഷ്ട്രീയകർതൃത്വങ്ങളിലൂടെ കടലിനെ പുതിയൊരുരീതിയിൽ നോക്കിക്കാണാനുള്ള സങ്കല്പനോപാധികളുടെ വഴികൾ ഇതോടെ അടഞ്ഞുപോകുന്നു. ഫോക് ലോറിൽ നിന്ന് സംസ്കാരപഠനങ്ങളിലേക്ക് മലയാള വിമർശനം സഞ്ചരിച്ചപ്പോഴും തീരം വിസ്മരിക്കപ്പെടുകയായിരുന്നു. വാമൊഴിചരിത്രമെന്ന നിലയിലുള്ള സമീപനങ്ങൾ പോലും

അനുഭവങ്ങളെ വീണ്ടെടുക്കുന്നതിലൂടെ തീരത്തെയോ മത്സ്യത്തൊഴിലാളിയെയോ ഒരു രാഷ്ട്രീയവിഭാഗമായി വിപുലീകരിച്ചില്ല[6]. തീരദേശത്തെ പൊതുമണ്ഡലരൂപീകരണത്തെയോ അവിടുത്തെ രാഷ്ട്രീയ-സാഹിത്യ വാങ്മയങ്ങളെയോ അടയാളപ്പെടുത്താൻ ആവശ്യമായ സങ്കല്പനോപാധികൾ ഫോക് ലോർ-പരിസ്ഥിതി ചട്ടക്കൂട്ടുകൾക്ക് ലഭ്യമായിരുന്നില്ല എന്നത് ഇവിടെ വ്യക്തമാകുന്നു.

പരിസ്ഥിതി, ഫോക് ലോർ പഠനങ്ങൾക്ക് ലഭിച്ച സാംസ്കാരികസാധുത, തീരദേശത്തെ ദൈനംദിനജീവിതത്തെയും ഓർമ്മകളെയും ഒരു രാഷ്ട്രീയവിപണിമൂല്യമുള്ള ഉൽപ്പന്നമാക്കി മാറ്റുകയും നിരവധി കടൽവാങ്മയങ്ങൾ നിർമ്മിക്കാൻ ഈ കാലഘട്ടങ്ങളിൽ പ്രചോദനമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പ്രദേശപരമായ ഓർമ്മകളെയും വിശ്വാസങ്ങളെയും സ്വാംശീകരിച്ചുകൊണ്ട് രൂപപ്പെട്ട സാമൂഹിക-രാഷ്ട്രീയസ്വത്വത്തെ വിശകലനം ചെയ്യാൻ ഇത്തരം സമീപനങ്ങൾക്ക് സാധിച്ചില്ല. തീരദേശരചനകളെ ആത്മകഥാവിഭാഗമായി ഗൗരവത്തോടെ സമീപിക്കാതിരുന്നത് ഈ മേഖലയിലെ സാഹിത്യവിമർശനത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തി. തീരദേശത്തെ ഒരു പ്രശ്നമേഖലയായി കാണുന്ന ദളിത്-കീഴാള വായനകളിൽ പലപ്പോഴും ഫോക് ലോർ, പരിസ്ഥിതി പഠനങ്ങളിൽനിന്നും കടംകൊണ്ട സങ്കല്പനങ്ങളാണ് ഉപയോഗിക്കുന്നത്.

തീരദേശ ആധുനികതയിലെ സംഘർഷങ്ങളെ വേണ്ടവിധം സ്പർശിക്കാതി രുന്നതിലൂടെ, അവിടുത്തെ കർതൃത്വങ്ങളുടെ വ്യതിരിക്തതയോ ഭിന്നപ്രകൃതിയോ തിരിച്ചറിയാൻ മുഖ്യധാരാവായനകൾക്ക് സാധിച്ചില്ല. മലയാളത്തിലെ തീരദേശരചനകളെ സാംസ്കാരികമായി അന്യവൽക്കരിച്ചുകൊണ്ടാണ് ഇത്തരം വായനകൾ നടന്നത്. അഭിമുഖരൂപത്തിൽ ഗവേഷകനും അനുഭവം രേഖപ്പെടുത്തുന്നയാളും എന്ന വിഭജനം ഇല്ലാതെതന്നെ വ്യക്തിഗത ആഖ്യാനമായി രചിക്കപ്പെട്ട പുസ്തകങ്ങൾ, അനുഭവാഖ്യാനം ഒരു ആധുനികജനുസ്സായി കരുതുമ്പോഴും ഫോക് ലോറിൽ സ്ഥാനംപിടിച്ചത് എന്തുകൊണ്ടാണെന്നത് ഇത് വ്യക്തമാക്കുന്നു. ഫോക്ലോർ സമീപനങ്ങളിലൂടെയാണ് പ്രബന്ധത്തിൽ പരിശോധിക്കുന്ന അനുഭവാഖ്യാനങ്ങൾ ഇതിനുമുമ്പ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. കടലാഖ്യാനങ്ങളെന്ന രീതിയിൽ ഫോക് ലോറിന്റെ സവിശേഷരൂപമായി ഈ രചനകൾ ചിത്രീകരിക്കപ്പെട്ടിരുന്നു. 'കടലറിവുകൾ' എന്ന വിഭാഗത്തിലാണ് ഈ രചനകൾ പൊതുവായി ചർച്ച ചെയ്തുപോന്നത്.

തദ്ദേശീയതയുടെ തനതായ പ്രകൃതിയെ ഉൾക്കൊള്ളുന്ന കേവലമായ വിവരണങ്ങളായിട്ടാണവ വ്യാഖ്യാനിക്കപ്പെട്ടത്. ഇങ്ങനെയൊരു സാധ്യത ഒന്നുകിൽ പൂർണമായി വംശീയജീവിതത്തെ തള്ളിക്കളയുന്നു, അല്ലെങ്കിൽ ആഘോഷിക്കുന്നു. ഈ ഉൾക്കൊള്ളലും പാർശ്വവൽക്കരണവും തീരവിഭാഗങ്ങളെ ചില ദ്വന്ദ്വങ്ങൾക്കുള്ളിലാണ് തളച്ചിടുകയാണ് ചെയ്യുത്. രചനകളെ കേവലം 'കടലെഴുത്തുകൾ' ആയി പ്രതിഷ്ഠിക്കുന്നതോടെ, രാഷ്ട്രീയ-ചരിത്രബോധമുള്ള 'രചയിതാക്കൾ' എന്ന നിലയിൽ ഈ എഴുത്തുകാർ തിരിച്ചറിയപ്പെടാതെ പോകുന്നു. അനുഭവങ്ങളെയും അറിവിനെയും ഗൃഹാതുരവും വിമർശനരഹിതവുമായ ഒരതിരിലേക്ക് ചുരുക്കുന്നതിലൂടെ ഫോക് ലോർ ധാരണകൾ ഇവിടെ ആധികാരികമായി സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

അനുഭവാഖ്യാനങ്ങൾ സാഹിത്യത്തിന്റെ മൂല്യവിവക്ഷകളോടൊപ്പം സംസ്കാരത്തിന്റെ ആഖ്യാനതയെയും ജനപ്രിയതയെയും ഊന്നുന്നവയാണ്. പിന്നോക്ക ജനസംസ്കാരങ്ങളുടെ അടയാളപ്പെടുത്തലുകളുടെ ഭാവുകത്വം എൺപതുകൾക്കുശേഷം ആത്മകഥയെന്ന രൂപത്തിന് സവിശേഷ പ്രാധാന്യം നേടിക്കൊടുത്തിട്ടുണ്ട്. സമുദായത്തിന്റെ സൂക്ഷ്മചരിത്രം നിർമ്മിക്കുന്നതിനുള്ള ഇടം അത് നൽകുന്നു. സമാനമായി 1990-കൾക്കു ശേഷമായിട്ടാണ് കടലും തീരവും സ്വത്വവിവരണത്തിനായി വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നത്. ആധുനികതയുടെ വികസനനയങ്ങൾക്കെതിരെ ആഗോളവ്യാപകമായി രൂപം കൊണ്ട പ്രതിഷേധങ്ങൾ നിരവധി വിമർശനചിന്തകൾക്ക് രൂപം നൽകിയിട്ടുണ്ട്. 1960-കളിലും 1970-കളിലും കേരളത്തിൽ രൂപംകൊണ്ട ദലിത്-പരിസ്ഥിതി-സ്ത്രീവാദരാഷ്ട്രീയം അക്കാദമികമായ ഉണർവുകൾക്ക് പിന്നിലുള്ള ശക്തി സ്രോതസ്സാണ്9. അവകാശസമരങ്ങൾ, ജാതിവിരുദ്ധ ആഖ്യാനങ്ങൾ, പ്രാദേശിക രാഷ്ട്രീയം എന്നിവ ഇതിൽ നിർണായകസ്ഥാനം നേടുന്നുണ്ട്. എങ്കിലും പ്രമാണവൽക്കരിക്കപ്പെട്ട മലയാളസാഹിത്യത്തിന്റെ രീതികളിൽ മാത്രമല്ല ദലിത്, ആദിവാസി ആത്മകഥകളുടെ വിശകലനങ്ങളിൽപോലും അറിയപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും ഈ രചനകൾ ഇന്നും തുടരുന്നു. മൂന്ന് ദശാബ്ദത്തോളമായി തീരദേശ അനുഭവകഥകൾ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവരുന്നുണ്ട്. എന്നാൽ സാഹിത്യപരവും വിമർശനപരവുമായ അക്കാദമികപരിഗണന ഈ രചനകൾക്കൊന്നുംതന്നെ ലഭിച്ചിട്ടില്ല. മാധ്യമങ്ങളുടെ പരിമിതമായ അന്വേഷണ ഭാഷയ്ക്കപ്പുറത്തേക്ക് മലയാളത്തിൽ ഇവ ഗൗരവമായി സമീപിക്കപ്പെട്ടതുമില്ല. വിവിധ പഠനസമീപനങ്ങളിലും തീരജീവിതങ്ങളുടെ

വ്യവഹാരങ്ങൾ അകന്നുതന്നെ നിൽക്കുന്നു. കടൽ ഉപാദാനമെന്നതിൽനിന്ന് ഒരു രീതിശാസ്ത്രമായി വായിക്കുന്ന ചരിത്രവിഷയങ്ങളിലെ പ്രധാന ശാഖയായി ഈയടുത്തകാലത്ത് വികസിച്ചുവന്ന ഇന്ത്യൻ ഓഷ്യൻപഠനങ്ങളിൽ മത്സ്യത്തൊഴിലാളിവിഭാഗങ്ങൾ ഒരു പ്രധാന മേഖലയായി കടന്നുവന്നിട്ടില്ല10.

പരമ്പരാഗതരീതിശാസ്ത്രങ്ങൾ ആധുനികമത്സ്യത്തൊഴിലാളി കർതൃത്വത്തോട് നീതിപുലർത്തുന്നില്ലെന്ന് മാത്രമല്ല, തീരദേശത്തെ ഒരുതരം 'പുനരുത്ഥാന യുക്തിയിൽ' (revivalist logic) തളച്ചിടുകയും ചെയ്യുന്നു. സവിശേഷമായ പിന്നോക്കസംസ്കൃതി എന്ന നിലയിലുള്ള ഈ മാനകീകരണം (standardization) ഗവേഷകർക്ക് മുന്നിൽ രണ്ട് വലിയ സന്ദിഗ്ധതകൾ ഉയർത്തുന്നുണ്ട്. ഒന്നാമതായി, തീരദേശത്തുനിന്നുള്ള പഠിതാക്കൾ ഈ വിഷയത്തിൽ ഗവേഷണത്തിലേർപ്പെടുമ്പോൾ അതൊരു സാമൂഹിക-സാംസ്കാരിക ബാധ്യതയായി പേറേണ്ടി വരുന്നു. 'തീരം എന്നാൽ കടലനുഭവം' എന്ന ലളിതമായ സമീകരണത്തിലേക്ക് പഠിതാവിന്റെ കാഴ്ചപ്പാട് മുൻകൂട്ടി ചുരുക്കപ്പെടുന്നു. രണ്ടാമതായി, ഭരണകൂടത്തിന്റെ അധീശത്വത്തിന് വിധേയപ്പെട്ടുകൊണ്ട്, ആ സാമൂഹികപരിസരം നിർമ്മിച്ച പരിമിതമായ രചനാക്രമത്തിലൂടെ തന്നെ ഉപജീവനവിഷയങ്ങളെ നോക്കിക്കാണേണ്ടി വരുന്നു. തീരദേശത്തെ ജാതി-മത-തൊഴിൽ ബന്ധങ്ങളെയും മാറിക്കൊണ്ടിരിക്കുന്ന ജ്ഞാനരൂപങ്ങളെയും മനസ്സിലാക്കണമെങ്കിൽ ശാസ്ത്ര-സാങ്കേതികരംഗത്തെ മേൽക്കോയ്മയെയും ദേശരാഷ്ട്രയുക്തിയെയും വിമർശനാത്മകമായി നേരിടേണ്ടതുണ്ട്. നിശ്ചിതമായ ചട്ടക്കൂടുകൾ നിർമ്മിക്കുന്ന ഈ അറിവധികാരത്തെ എങ്ങനെ അതിവർത്തിക്കാം എന്നതും ഏതെല്ലാം പുതിയ വിമർശനസാമഗ്രികളിലൂടെ മറ്റൊരു വഴികണ്ടെത്താം എന്നതുമാണ് ഇവിടെ ഉയരുന്ന പ്രധാന രീതിശാസ്ത്രപരമായ ചോദ്യങ്ങൾ.

കേരളത്തിന്റെ ചരിത്രപഠനങ്ങളും സാമൂഹികശാസ്ത്രവും രൂപപ്പെട്ടത് 'കര' കേന്ദ്രീകൃതമായ (terrestrial-centric) അറിവുകളിലാണ്. എന്നാൽ തീരദേശ ജ്ഞാനവ്യവസ്ഥ ഇതിൽനിന്ന് ഒരു വിച്ഛേദം ആവശ്യപ്പെടുന്നു. തീരദേശത്തിന്റേതായ ജ്ഞാനവ്യവസ്ഥയിൽ (Coastal Epistemology) നിന്ന് ചരിത്രത്തെയും സമകാലികതയെയും വ്യാഖ്യാനിക്കുന്നതിന്റെ സാധ്യത തേടുന്നു. മത്സ്യത്തൊഴിലാളിയുടെ അനുഭവം എന്നത് അന്താരാഷ്ട്ര സമുദ്രനിയമങ്ങളോടും ആഗോളവിപണിയോടും ദേശരാഷ്ട്രയുക്തികളോടും ബന്ധപ്പെട്ടു

കിടക്കുന്നു. ഈ വ്യവഹാരങ്ങളുമായുള്ള കൊടുക്കൽവാങ്ങലുകൾ 'പരിവർത്തനം' എന്ന വാക്കിന് കൂടുതൽ വ്യാപ്തി നൽകുന്നു. തീരദേശത്തെ ഒരു അടഞ്ഞ ലോകമായി കാണാതെ, അത് ബാഹ്യലോകത്തോടും ആഗോളമാറ്റങ്ങളോടും എങ്ങനെ പ്രതികരിക്കുന്നു എന്നത് 'പരിവർത്തനം' എന്ന വാക്ക് വെളിപ്പെടുത്തുന്നു. ഒന്നിൽനിന്ന് മറ്റൊന്നിലേക്കുള്ള ചലനത്തിന്റെ ഇടയിലുള്ള അവസ്ഥയായി ഇതിനെ മനസിലാക്കാം. ഈ പരിവർത്തനഘട്ടം സൃഷ്ടിക്കുന്ന സംഘർഷങ്ങളും അസ്വസ്ഥതകളുമാണ് മത്സ്യത്തൊഴിലാളി ആഖ്യാനങ്ങളിലെ ചാലകശക്തി. ഈ അവസ്ഥയിൽ നിന്നാണ് സമുദായ അംഗം എന്നതിൽ നിന്ന് 'മത്സ്യത്തൊഴിലാളി' എന്ന 'രാഷ്ട്രീയ വിഷയി' പിറവിയെടുക്കുന്നത്. ഇത് തീരദേശത്തെക്കുറിച്ചുള്ള പുതിയൊരു സൗന്ദര്യശാസ്ത്രത്തെയും രാഷ്ട്രീയബോധത്തെയും നിർദ്ദേശിക്കുന്നു. സാമ്പത്തികം (ഉപജീവനം), സാമൂഹികം (മതം, ലിംഗപദവി), രാഷ്ട്രീയപരവും സാംസ്കാരികവുമായ സമ്പർക്കങ്ങൾ എന്നിവയെ സ്പർശിക്കുന്ന ഒരു വിശകലന ഉപാധിയായി ഈ പശ്ചാത്തലത്തിൽ പരിവർത്തനങ്ങളെ പ്രബന്ധം സമീപിക്കുന്നു. ആധുനികത സൃഷ്ടിച്ച സംഘർഷങ്ങൾ, ലിംഗവിഭജനം, തൊഴിൽപരമായ അസമത്വങ്ങൾ എന്നിവ 'പരിവർത്തനം' എന്ന ചട്ടക്കൂടിലൂടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നു. തീരദേശത്തിന്റെ രാഷ്ട്രീയസ്വത്വവും ആത്മകഥാപരമായ കരുത്തും 'പരിവർത്തനാനുഭവാഖ്യാനങ്ങൾ' എന്ന ഈ പുതിയ സൗന്ദര്യശാസ്ത്രത്തെ നിർദ്ദേശിക്കുന്നു. ഒരു വ്യവസ്ഥയിൽനിന്ന് മറ്റൊരു വ്യവസ്ഥയിലേക്കുള്ള കടന്നുപോകൽ സൃഷ്ടിക്കുന്ന സംഘർഷങ്ങളെയും അസ്വസ്ഥതകളെയും കൃത്യമായി അടയാളപ്പെടുത്താൻ സാധിക്കുന്നു. 'ഞാൻ' എന്ന ആന്തരിക ബോധവും അതിന്റെ തുടർച്ചയും ആഖ്യാനങ്ങൾ സ്ഥാപിക്കുന്നു. ഇതിലൂടെ 'തീരദേശം', 'മത്സ്യത്തൊഴിലാളി' എന്നീ സങ്കല്പനങ്ങളെ കേവലമായ ഭൂമിശാസ്ത്രപരമായ നിർവചനങ്ങളിൽനിന്ന് മാറി, അവയുടെ രാഷ്ട്രീയവും സാംസ്കാരികവുമായ സങ്കീർണ്ണതകളെ സാംസ്കാരികചരിത്ര നിർവ്വഹണങ്ങളിലൂടെ അടയാളപ്പെടുത്തുന്നു.

**പഠന മേഖല**

ആത്മകഥാപരമായി മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ ചരിത്രവും വർത്തമാനങ്ങളും പ്രതിപാദ്യമായിട്ടുള്ള അനുഭവങ്ങൾ പങ്കുവെക്കുന്ന എ. ആൻഡ്രൂസ്, റോബർട്ട് പനിപ്പിള്ള എന്നിവരുടെ 1990-കൾ മുതൽ 2018 വരെയുള്ള കാലയളവിലെ രചനകളാണ് പ്രബന്ധം

വിശദപഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. എ. ആൻഡ്രൂസ് രചിച്ച *'കടൽമുത്ത്' - ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ', 'എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ, 'അറേബ്യൻ ഹൃദയത്തുടിപ്പുകൾ' എന്നിവയും* റോബർട്ട് പനിപ്പിള്ളയുടെ *'കടലറിവുകളും നേരനുഭവങ്ങളും'* എന്ന കൃതിയും.

ഈ വിഭാഗത്തിലെ ആദ്യരചയിതാവാണ് എ. ആൻഡ്രൂസ്. സാമ്പ്രദായിക രീതിയിലുള്ള, സമരപ്രവർത്തകനായ മത്സ്യത്തൊഴിലാളി എഴുതുന്ന ആദ്യത്തെ ആത്മകഥകളാണ് അദ്ദേഹത്തിന്റെ രചനകൾ. ഈ എഴുത്തുകാർ അവരുടെ അന്വേഷണങ്ങളിൽ ആത്മവിവരണങ്ങളുടെ/സ്വയം പ്രതിനിധാനത്തിന്റെ സമ്പ്രദായങ്ങളെ വിന്യസിച്ചുകൊണ്ട് കീഴ്‌വഴക്കമനുസരിച്ച് ആത്മകഥാപരമായ ഒരു രചനാവിഭാഗത്തിന് തുടക്കമിട്ടു. കേരളതീരത്തെ പരിവർത്തനത്തിന്റെ ശക്തിരൂപങ്ങളിൽനിന്ന് ആത്മകഥാപരമായ ശബ്ദീകരണത്തിന്റെ രീതികളും സമ്പ്രദായങ്ങളും ഈ രചനകൾ അടയാളപ്പെടുത്തുന്നു. മത്സ്യത്തൊഴിലാളികളെ സജീവ സാമൂഹിക-രാഷ്ട്രീയ കർതൃത്വമുള്ളവരായി അഭിസംബോധന ചെയ്യുന്നു. പരിവർത്തനാനുഭവങ്ങളിൽ വ്യക്തിഗതമായ ആത്മപ്രതിഫലനങ്ങളെ സൂചിപ്പിക്കുകയും ഉയർന്നുവന്ന സാമൂഹിക-സാമ്പത്തിക ശക്തികളുമായിട്ടുള്ള മത്സരത്താൽ പ്രചോദിതമായി ഈ മാറ്റങ്ങളിൽ അനുഭവങ്ങളെ സ്ഥാനപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയയെ അത് കുറിക്കുന്നു. ഈ പരിവർത്തനസ്വത്വങ്ങൾ ആഖ്യാനങ്ങളിൽ സൃഷ്ടിക്കുന്ന ആശയരൂപങ്ങൾ എന്തൊക്കെയാണ്, ആഖ്യാനത്തെ ബന്ധിപ്പിക്കുന്ന വിവിധങ്ങളായ കർതൃസ്ഥാനങ്ങൾ ഏതുതരത്തിലുള്ള പാഠങ്ങളാണ് ഈ ആഖ്യാനങ്ങൾക്ക് നൽകുന്നത് എന്നിങ്ങനെയുള്ള ചോദ്യങ്ങളിൽനിന്ന് പരിവർത്തനങ്ങളിലെ സാമൂഹികവും സാംസ്കാരികവുമായ ആവിഷ്കാരങ്ങളിലൂടെ സ്വത്വങ്ങൾ രൂപീകരിക്കപ്പെടുന്നതെങ്ങനെ എന്നതിലേക്ക് പ്രബന്ധം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ആധുനികത, ശരീരം, അധ്വാനം, ലിംഗപദവി, ആഘാതം, സാമൂഹികത എന്നീ തലങ്ങളാണ് പ്രബന്ധത്തിന്റെ അന്വേഷണമേഖലകൾ. തെക്കൻതീരത്തെ മത്സ്യത്തൊഴിലാളിസമരങ്ങളുടെ രാഷ്ട്രീയം, കീഴാള-പരിസ്ഥിതിബോധം, മതം-ജാതി-ലിംഗസ്വത്വങ്ങൾ, തൊഴിൽഘടന, സമ്പദ്‌വ്യവസ്ഥ എന്നീ ആശയപരിസരങ്ങളിലൂടെയാണ് ഇവ വിശകലനം ചെയ്യുന്നത്.

ഇവിടെ പരിശോധിക്കുന്ന രചനകളിൽ ആത്മകഥാജീവിതത്തെ രൂപപ്പെടുത്തുന്ന സജീവഘടകമാണ് മത്സ്യത്തൊഴിലാളി എന്ന സംജ്ഞ. പ്രദേശം, തൊഴിൽ, സാമൂഹിക-സാംസ്കാരിക യാഥാർഥ്യങ്ങൾ എന്നിവയെ പ്രതിനിധീ കരിക്കുന്നതാണിത്. തീരത്തിന്റെ തൊഴിലുമായി ബന്ധപ്പെട്ട ആത്മാഭിമാനം, അധഃസ്ഥിതത്വം, വൈകാരികത തുടങ്ങിയവയാൽ അടയാളപ്പെടുത്തപ്പെട്ട മത്സ്യത്തൊഴിലാളിസ്വത്വങ്ങളെ പല രീതിയിൽ ഈ രചനകൾ കൈകാര്യം ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ ആധുനികതയെ എങ്ങനെ തന്റേതാക്കുന്നു, തള്ളിപ്പറയുന്നു, പുനർവിചിന്തനം ചെയ്യുന്നു എന്നതിന്റെ വിവിധതലങ്ങൾ രചനകളിൽ പ്രതിപാദിക്കപ്പെടുന്നു. അധിനിവേശാനന്തരം കേരളതീരത്ത് രൂപപ്പെട്ട മത്സ്യത്തൊഴിലാളിപോരാട്ടങ്ങൾ, മൂലധനത്തിന്റെയും സാങ്കേതികവിദ്യയുടെയും ഇടപെടൽ എന്നിവയാൽ സജീവമായ ഒരു കാലഘട്ടത്തെ രചനകൾ അനാവരണം ചെയ്യുന്നു. സ്വന്തം ജീവിതത്തെയും അസ്തിത്വത്തെയും പുനർനിർമ്മിക്കാനുള്ള ഇവരുടെ പരിശ്രമങ്ങളാണ് ആത്മകഥാപരമായ ഈ എഴുത്തുകളിൽ തെളിയുന്നത്. അധഃസ്ഥിതത്വത്തിന്റെ ശക്തമായ പുനർനിർമ്മാണങ്ങൾക്കായി തങ്ങളുടെ ജീവിതത്തിലെ മാറ്റങ്ങൾക്കായി പരിശ്രമിക്കുന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രചനകൾ പുലർത്തുന്നു. മത്സ്യത്തൊഴിലാളികളിലെ വിദഗ്ധവിഭാഗമായ പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെയും പ്രവർത്തകരുടെയും അനുഭവരചനകൾ മലയാളത്തിൽ തൊഴിലാളികൾ, പ്രവർത്തകർ, എഴുത്തുകാർ എന്ന ലേബലിൽ പ്രസിദ്ധീകരിക്കപ്പെടുന്നത് മത്സ്യത്തൊഴിലാളി കർതൃത്വത്തെക്കുറിച്ചുള്ള സങ്കീർണമായ കാഴ്ച നൽകുന്നു. അനുഭവങ്ങളുടെ സ്വാംശീകരണവും ആഖ്യാനവും വ്യക്തി-സാമൂഹികസ്വത്വത്തെ എങ്ങനെയാണ് സവിശേഷവൽക്കരിക്കുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്. തീരരചനകളെ വിശകലനം ചെയ്യുന്ന ഫോക് ലോർ, പരിസ്ഥിതി പഠനമാതൃകകളെ ചോദ്യം ചെയ്യുകയും പുനർവായിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത ഇത് വ്യകതമാക്കും. തീരദേശത്തെ പരമ്പരാഗതവിഭാഗത്തെ നിർണയിക്കുന്നതിലെ മുഖ്യധാരാ സാംസ്കാരിക-സാമൂഹിക വിഷയങ്ങളുടെയും ഇടപെടലുകളുടെയും ഒരു പ്രധാന പങ്ക് ഇതിലൂടെ വെളിപ്പെടുന്നു.

മേൽപ്പറഞ്ഞ കർതൃത്വഭാവനകളെ മനസ്സിലാക്കുന്നതിനായി ആഖ്യാനങ്ങളിൽ പ്രകടമായ രൂപങ്ങളെയും തന്ത്രങ്ങളെയും ശൈലികളെയും പ്രബന്ധം പരിശോധിക്കുന്നു. അതിലൂടെ കർതൃത്വത്തെ സങ്കല്പിക്കുന്ന പൊതുസമ്പ്രദായങ്ങൾ, സവിശേഷതകൾ,

ആഭിമുഖ്യങ്ങൾ എന്നിവ പ്രബന്ധം വിശദീകരിക്കാൻ ശ്രമിക്കുന്നു. അറിവ്, സാഹസികത, വിലാപങ്ങൾ എന്നീ ആഖ്യാനമാതൃകകളിൽനിന്ന് ഏത് തരത്തിലാണ് മത്സ്യത്തൊഴിലാളിസ്വത്വത്തെ ആവിഷ്കരിക്കുന്നത് എന്നന്വേഷിക്കുന്നു. സ്വത്വം സങ്കല്പിക്കുന്നതിലെ ആഖ്യാനത്തിന്റെ പങ്കിനെ വിശദീകരിക്കുന്നതിനായി ആത്മകഥാപഠനങ്ങളിലെ അനുഭവങ്ങൾ, ആത്മത്തിന്റെ നിർമ്മാണം എന്നിവയെ ഘടനാവാദാനന്തരചിന്തകളുടെ വെളിച്ചത്തിൽ പുനർചർച്ചകൾ നടത്തുന്ന വാദങ്ങളെ അവലംബിക്കുന്നു. സ്വത്വത്തെക്കുറിച്ച് ചിന്തിക്കുന്നത് ആത്മകഥാപരമായ കഥപറച്ചിലിന്റെ ഫലമാണെന്ന് ഉറപ്പിക്കുന്നു. ആഖ്യാനങ്ങൾക്കുള്ളിൽ രചയിതാവ് തന്റെ സ്വത്വത്തെ മനസ്സിലാക്കുകയും നിർവചിക്കുകയും ചെയ്യുന്ന എന്ന ആശയം ഉൾക്കൊള്ളുന്നു. ഇതിലൂടെ പരിവർത്തനങ്ങളുടെ സാഹിത്യപരവും ചരിത്രപരവും രാഷ്ട്രീയവുമായ ആഖ്യാന ലോകങ്ങളിലേക്ക് പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രത്യേക ആഖ്യാനതന്ത്രങ്ങൾ, പ്രകടനങ്ങൾ എന്നിവയെ പരിശോധിച്ചുകൊണ്ട് രാഷ്ട്രീയ-സാമൂഹിക-ചരിത്ര സന്ദർഭങ്ങ ളിലെ അനുഭവപരമായ മാനങ്ങൾ, വ്യക്തിത്വത്തിന്റെ ആഖ്യാനലോകങ്ങൾ എന്നിവയെ ക്കുറിച്ച് കൂടുതൽ അടുത്തറിയുന്നു.

ആഖ്യാനത്തിന്റെ വ്യവഹാരസാധ്യതകളെയും സാംസ്കാരികപാഠങ്ങളെയും വിശദീകരിച്ചുകൊണ്ട് മാതൃകകൾ, മധ്യസ്ഥങ്ങൾ എന്നിങ്ങനെ വിവിധശക്തികൾ സ്വത്വങ്ങളെ സ്വാധീനിക്കുന്നുണ്ട് എന്ന് അനുമാനിക്കുന്നതിലൂടെ ഈ അനുഭവാഖ്യാനങ്ങൾ അടിച്ചമർത്തപ്പെട്ടതിന്റെ സ്വത്വമാതൃകയോ തനിമയിലേക്കുള്ള മടങ്ങിപ്പോക്കോ ആയി മാത്രം കാണുന്നതിൽനിന്ന് പഠനം മാറിനിൽക്കുന്നു. ആധുനികമായ തീരപൊതുമണ്ഡലം പങ്കിട്ട പരിവർത്തന വിഷയങ്ങൾക്ക് ചരിത്രം, സാമൂഹികത, വൈകാരികത എന്നിവയുടെ പ്രതിനിധാനം നൽകാൻ രചനകൾ ശ്രമിക്കുന്നുവെന്നും സമകാലികമായ വിവിധ ഇടങ്ങളെ ആശ്രയിച്ചുകൊണ്ടും വിപുലീകരിച്ചുംകൊണ്ടാണ് ആഖ്യാനങ്ങൾക്ക് രൂപം നൽകുന്നതെന്നും പഠനം അനുമാനിക്കുന്നു. തീരപരിവർത്തനങ്ങളുടെ സംവാദപ്രദേശങ്ങളിൽനിന്നുള്ള ഒരു പുതു മത്സ്യത്തൊഴിലാളിത്തത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള ഒരു വിഭാഗമായി 'തീരപരിവർത്തന അനുഭവാഖ്യാനങ്ങൾ' എന്നതിനെ നിർദേശിക്കുന്നു.

**പഠനരീതി**

ഘടനാവാദാനന്തര വായനകൾ മുന്നോട്ടുവയ്ക്കുന്ന ആത്മകഥാപഠനങ്ങളുടെ ചട്ടക്കൂടിൽനിന്നുകൊണ്ടാണ് മത്സ്യത്തൊഴിലാളി അനുഭവാഖ്യാനങ്ങളെ പഠിക്കാനായി പ്രബന്ധം ശ്രമിക്കുന്നത്. മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ വർഗ-ലിംഗ-വംശബന്ധങ്ങൾ അടയാളപ്പെടുന്നത് എങ്ങനെ എന്നന്വേഷിക്കുന്നത് കർതൃത്വപഠനത്തിന്റെ സാധ്യതകളെയും തുറന്നുവെക്കുന്നു. ആത്മകഥയെന്നു വ്യവഹരിക്കുമ്പോൾ ദലിത്, സ്ത്രീപഠനങ്ങൾ വാദാനം ചെയ്യുന്ന സമീപനങ്ങൾ മത്സ്യത്തൊഴിലാളികർതൃത്വം, തന്മ എന്നിവയെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ നൽകുന്നു. പരിവർത്തനം (transition) എന്ന സങ്കല്പനത്തെ മുൻനിർത്തി മലയാളത്തിൽ തീരജീവിതത്തെക്കുറിച്ച് പഠനങ്ങൾ വന്നിട്ടില്ല. അതേസമയം ദക്ഷിണേന്ത്യൻ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി ജീവിത ലോകത്തെക്കുറിച്ച് വിപുലമായി അന്വേഷിക്കുന്ന പഠനങ്ങൾ നടന്നിട്ടുണ്ട്. വ്യവഹാര (discourse)- സ്ഥല (space) സങ്കല്പനങ്ങളെ മുൻനിർത്തിവന്ന ഈ പഠനങ്ങളെ പ്രബന്ധം പ്രയോജനപ്പെടുത്തുന്നുണ്ട്. രചനകളുടെ പൊതുസ്വഭാവ ത്തെയും വൈവിധ്യമാർന്ന വിവരണങ്ങളെയും ആസ്പദമാക്കി അവയെ 'അനുഭവാഖ്യാനങ്ങൾ' ആയി സമീപിക്കുന്നു. മലയാളത്തിൽ സമകാലിക സാഹിത്യ-സംസ്കാരപഠനങ്ങളിൽ ആത്മാഖ്യാനങ്ങൾക്കു പകരം അനുഭവാഖ്യാനങ്ങൾ എന്ന പദം വിശാലമായ അർഥത്തിൽ ഉപയോഗിക്കുന്നുണ്ട്. പ്രബന്ധം ആത്മനിഷ്ഠതകളുടെ മണ്ഡലത്തെ അനുഭവാഖ്യാനങ്ങളായി വിഭാവനം ചെയ്യുന്നു.

മീൻപിടിത്തം തൊഴിലായി സ്വീകരിച്ച പുരുഷതൊഴിലാളികളെയാണ് പ്രസ്തുത രചനകൾ അഭിസംബോധന ചെയ്യുന്നത്. അതിനാൽ മത്സ്യത്തൊഴിലാളി എന്നതിലെ ലിംഗവിഭജനങ്ങളെ പ്രശ്നവത്കരിച്ചുകൊണ്ടാണ് പ്രബന്ധം 'മത്സ്യത്തൊഴിലാളി' എന്ന പദം ഉപയോഗിക്കുന്നത്. ആത്മകഥ എന്ന വിഭാഗത്തെ തള്ളിക്കളയാതെയും എന്നാൽ ജീവിതരചന, കടലറിവ്, ഓർമ്മകുറിപ്പ് തുടങ്ങിയ വൈവിധ്യമാർന്ന വിവരണരീതികളെ ഉൾക്കൊണ്ടും അനുഭവാഖ്യാനങ്ങൾ എന്ന പദം പ്രബന്ധം സ്വീകരിക്കുന്നു. തീദേശര ചനകളിലെ ഓർമ്മക്കുറിപ്പ്, ഡയറി, ലേഖനങ്ങൾ എന്നിവയെ വിപുലമായ സന്ദർഭത്തിൽ ഉൾക്കൊള്ളുന്നതിനും കൂടിയാണ് അനുഭവാഖ്യാനങ്ങൾ എന്ന് സ്വീകരിച്ചിരിക്കുന്നത്.

**പഠനപദ്ധതി**

ആധുനികത പാകപ്പെടുത്തിയെടുക്കുന്ന സമൂഹങ്ങളുടെ ആവിഷ്കാരരീതികളിൽനിന്ന് സ്വത്വചരിത്രത്തെ വായിക്കുന്ന പദ്ധതിയാണ് പ്രബന്ധം അനുവർത്തിക്കുന്നത്. അത്തരം കർതൃത്വ സങ്കല്പങ്ങൾ പങ്കുവെക്കുന്ന 'ആത്മകഥ' യെന്ന പാഠത്തിന്റെ സാംസ്കാരിക വിശകലനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. തീര അനുഭവാഖ്യാനങ്ങളിലെ പ്രമേയ (thematic)പരവും ആഖ്യാന (narrative)പരവുമായ വായനകൾ ഇതിന് സഹായിക്കുന്നു.

തന്റെ സ്വത്വത്തെ വിന്യസിക്കുന്നത് ചരിത്രപരമായ ഇടപെടൽ എന്ന നിലയിൽ ആത്മകഥയെ നോക്കുന്നതിന് പ്രേരിപ്പിക്കുന്നു. അത് അനുഭവാഖ്യാനങ്ങളെക്കുറിച്ചുള്ള സാംസ്കാരികവും ചരിത്രപരവുമായ ചോദ്യമായി പഠനം തിരിച്ചറിയുന്നു. കാലക്രമാനുഗതമായ (ചരിത്രം) തീരവിഷയത്തിന്റെ പ്രത്യേകതകൾ എന്ന നിലയിലല്ലാതെ സ്വത്വത്തിന്റെ ചലനാത്മകതയ്ക്ക് പഠനം പ്രാധാന്യം കൽപ്പിക്കുന്നു. സാഹിത്യരചനാപരമായ ഉദ്ദേശ്യത്തോടൊപ്പം തന്നെ ആത്മകഥകളുടെ അർഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് അവയുടെ സാംസ്കാരിക-ചരിത്രസന്ദർഭങ്ങളിലേക്ക് വായന കേന്ദ്രീകരിക്കേണ്ടതുണ്ട്. സ്വത്വം, കർതൃത്വം എന്നീ സംവർഗങ്ങളെ സംവാദാത്മകമാക്കിക്കൊണ്ട് പരിവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു കാലഘട്ടത്തെ ഓർമ്മകളുടെ തലത്തിൽ സവിശേഷപ്പെടുത്തിയ ഘടകമായി അനുഭവാഖ്യാനങ്ങളെ നിർദേശിക്കുന്നു. പരിവർത്തന(transition) സംവേദനം എന്നത് ഒരു പൊതുസമ്പ്രദായമായി ആത്മകഥാരചനകൾക്ക് നിർണായകമായിത്തീർന്ന ഒന്നായി പഠനം മനസ്സിലാക്കുന്നു. അതായത് കാലികമായ ബന്ധങ്ങളും അതിന്റെ ചരിത്രപരമായ മാനങ്ങളും ഉള്ളടങ്ങുന്ന ഒരു പഠനപദ്ധതിയുടെ സാധ്യത കൂടി അതായത് പരിവർത്തനം എന്ന കാലികവും താൽക്കാലികവുമായ ഒരു സാഹചര്യത്തിൽ എന്താണ് രചനകളെന്ന് നോക്കുമ്പോൾ കാലവും സാമൂഹികാസ്ഥിത്വവും കൂട്ടിയിണക്കുന്ന ഒരു വിമർശനപദ്ധതി അവലംബിച്ചിരിക്കുന്നു.

**പഠനലക്ഷ്യം**

സാമൂഹികമാറ്റത്തെ പരിശോധിച്ചുകൊണ്ട് അനുഭവങ്ങളെ രചിക്കുന്നത് മലയാളത്തിലെ ആത്മകഥയുടെ ഒരു പ്രധാന ധാരയാണ്. വ്യക്തികൾക്ക് അവരുടെ

ജീവിതത്തിലും സമൂഹങ്ങളിലും സംഭവിക്കുന്ന അഗാധമായ മാറ്റങ്ങളോടുള്ള പ്രതികരണങ്ങൾ വ്യക്തമാക്കുന്നതിനുള്ള ഒരു ഉപാധിയായി രചനകൾ പ്രവർത്തിക്കുന്നു. ഉത്തമപുരുഷ ആഖ്യാനങ്ങളായി തീര ആത്മകഥകൾ മലയാളത്തിൽ വിശാലമായി തിരിച്ചറിയപ്പെട്ടിട്ടില്ല. മത്സ്യത്തൊഴിലാളി സ്വത്വവും വ്യക്തികർതൃത്വമാനങ്ങളും പഠനവിധേയമാക്കുന്ന ഗൗരവമായ അന്വേഷണങ്ങളും നടന്നിട്ടില്ല. മലയാളത്തിലെ തീരപഠനമേഖലകളുടെ ഈ വിടവിനെ വെളിപ്പെടുത്തിക്കൊണ്ട് തീരത്തെയും മത്സ്യത്തൊഴിലാളി നിലയെയും കുറിച്ച് പുതിയ ധാരണകൾ ഉൽപ്പാദിപ്പിക്കാൻ പ്രബന്ധം ശ്രമിക്കുന്നു. തീരപ്രദേശത്തെ ആഖ്യാനങ്ങളെ വ്യക്തിയെയും ആത്മത്തെയും സംബന്ധിച്ച പ്രധാന വിഭാഗമായി അവതരിപ്പിക്കുകയുമാണ് പഠനം ലക്ഷ്യമാക്കുന്നത്. കേരളതീരത്തെ പരിവർത്തനങ്ങളുടെ സന്ദർഭത്തിലെ ജീവിതരചനകളുടെ ആഖ്യാന നിർമ്മാണത്തെയും തന്മയെയും പഠനം ഇതിലൂടെ സൂക്ഷ്മമായി നോക്കുന്നു. സ്വാതന്ത്ര്യാനന്തര മത്സ്യത്തൊഴിലാളി സ്വത്വത്തിന്റെ ചരിത്രം ഈ രചനകൾ എങ്ങനെ ഉൾക്കൊള്ളുന്നു എന്ന ചോദ്യത്തെ പൊതുവായി ഉയർത്തുന്നു. തീരമേഖലയിലെ പരിവർത്തന-സാമൂഹിക ഉള്ളടക്കങ്ങളെ പ്രതിനിധീകരിക്കുന്ന രചനകളിൽനിന്ന് പഠനം മത്സ്യത്തൊഴിലാളി, തീര പ്രവർത്തകർ എന്നിവരെ വ്യത്യസ്ത സാംസ്കാരിക-ഭൂമിശാസ്ത്ര ഇടങ്ങളിൽ സ്ഥാപിച്ചുകൊണ്ട് വ്യക്തിഗതമായതും സാമൂഹികവുമായ കർതൃത്വത്തെയും തന്മയെയും പിന്തുടരുന്നു. മലയാളസാഹിത്യത്തിൽ സാംസ്കാരിക ധർമ്മമായി പ്രാദേശികത, തദ്ദേശീയത എന്നിവ വ്യവഹരിക്കപ്പെടുന്ന സമകാലികസന്ദർഭങ്ങളിൽ ചരിത്രബാഹ്യമായി തീരപ്രദേശത്തെ വ്യാഖ്യാനിച്ചതിന്റെ യുക്തികുടിയാണ് ഇതിലൂടെ പ്രശ്നവൽക്കരിക്കാൻ ശ്രമിക്കുന്നത്. അതോടൊപ്പം കേരളത്തിലെ മത്സ്യത്തൊഴിലാളി ജീവിതം കേവലം ഒരു തൊഴിൽക്കൂട്ടായ്മ എന്നതിലുപരി, ആധുനികതയോടും അധികാരത്തോടും നിരന്തരം കലഹിച്ച രൂപപ്പെട്ട ഒരു 'രാഷ്ട്രീയ കർതൃത്വമായി' മാറിയത് എങ്ങനെയെന്ന് പഠനം വ്യക്തമാക്കുന്നു. പുരുഷമത്സ്യത്തൊഴിലാളികളെ പ്രതിപാദിക്കുന്ന രചനകളിലെ ആണത്ത നിർമ്മിതി എങ്ങനെയൊക്കെയാണ് രൂപപ്പെട്ടത് എന്നതിലേക്കും അതിന്റെ സൂക്ഷ്മമായ അടരുകളിലേക്കും ഈ പ്രബന്ധം കടന്നുചെന്നിട്ടില്ല. തീരപ്രദേശത്തെ സ്ത്രീകർതൃത്വത്തോടും അതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളോടും അത് എപ്രകാരം ഇടപഴകിയെന്നതും തുടർ പഠനങ്ങൾക്കായി മുന്നോട്ടുവയ്ക്കുന്നു.

**പൂർവപഠനങ്ങൾ**

തൊഴിൽ സാംസ്കാരികസ്വത്വത്തെ വിമർശസ്വഭാവത്തിൽ ഉപയോഗിച്ച പ്രധാന ലേഖനമാണ് ഡോ. വേലുക്കുട്ടി അരയന്റെ 'ചെമ്മീൻ ഒരു നിരൂപണം' (1956 [2016] ). ഈ നിരൂപണത്തെ മുൻനിർത്തി വന്ന ശ്രദ്ധേയമായ പഠനമാണ് കെ.ഇ.എൻ. കുഞ്ഞഹമ്മദ് രചിച്ച *ചെമ്മീനിലെ സംഘർഷങ്ങൾ* (2013). ആത്മകഥയുമായി ബന്ധപ്പെട്ട് കീഴാളജീവിതത്തെ അപഗ്രഥിച്ച പ്രധാന കൃതികളാണ് ഇ. വി. രാമകൃഷ്ണൻ രചിച്ച *അനുഭവങ്ങളെ ആർക്കാണ് പേടി* (2012), ഒ. കെ. സന്തോഷിന്റെ *അനുഭവങ്ങൾ അടയാളങ്ങൾ, ദലിത് ആഖ്യാനം രാഷ്ട്രീയം* (2022) എന്നിവ. കടൽത്തീര അനുഭവങ്ങളെക്കുറിച്ചുള്ള ഫോക് ലോർ പഠന ങ്ങളാണ് സോമൻ കടലൂരിന്റെ *കടലോർമ്മകൾ* (2014), ശ്രീകുമാർ ടി. ടി എഡിറ്റുചെയ്ത *കടലറിവുകൾ* (2004), പത്മനാഭൻ, കെ. രചിച്ച *മുക്കവരും തീരദേശ സംസ്കൃതിയും*(2016) എന്നിവ. തീരസമുദായ വിഭാഗങ്ങളെയും സാഹിത്യത്തെയും ഫോക്‌ലോർ പാഠങ്ങളെയുംകുറിച്ച് നിരവധി ഗവേഷണപ്രബന്ധങ്ങ ളുണ്ടായിട്ടുണ്ട്. ഗായത്രി കെ.പി.യുടെ ആലപ്പാട്ടെ അരയജീവിതം: സമകാലികതയും സ്വത്വ രൂപീകരണവും (2014). ധന്യ പി. ഡി.യുടെ തീരദേശസംസ്കാരം മലയാള സാഹിത്യത്തിൽ (പ്രാതിനിധ്യ സ്വഭാവമുള്ള നോവലുകളെയും ചെറുകഥകളെയും അടിസ്ഥാനമാക്കിയുള്ള വിശകലനം) (2021) എന്നിവ തീരദേശത്തെ മുൻനിർത്തി ഉണ്ടായ അപ്രകാശിത ഗവേഷണരചനകളാണ് .

**പ്രബന്ധ ഘടന**

ആമുഖവും അഞ്ച് അധ്യായങ്ങൾക്കും പുറമേ ഉപസംഹാരം, ഗ്രന്ഥസൂചി, സാങ്കേതികപദസൂചി എന്നിവയും ചേർന്നതാണ് പ്രബന്ധം. അടിക്കുറിപ്പുകൾ അധ്യായങ്ങളുടെ അവസാനത്തിലാണ് കൊടുത്തത്. ഉപസംഹാരം എന്നത് ആറാം അധ്യായമായിട്ടാണ് സംവിധാനം ചെയ്തിരിക്കുന്നത്. മുൻ അധ്യായങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ പ്രധാന ആലോചനകളെ അപഗ്രഥിക്കുന്ന രീതിയിലാണ് അവയെ ചേർത്തിരിക്കുന്നത്.

**പരിവർത്തനാനുഭവങ്ങൾ : ജീവിത പരിസരങ്ങൾ** എന്ന ഒന്നാം അധ്യായത്തിൽ മത്സ്യത്തൊഴിലാളി പരിവർത്തനാനുഭവങ്ങളുടെ ഉള്ളടക്കവും ആഖ്യാനവും നിർണയിക്കുന്ന മുഖ്യസാമൂഹികഘടകങ്ങളെ വിലയിരുത്താനാണ് ശ്രമിക്കുന്നത്. കേരളതീരത്ത് നടന്ന

ആധുനികീകരണപ്രക്രിയയിൽ പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ രാഷ്ട്രീയ ഉണർവിനെ സാമുദായിക-മത-ജാതി ബന്ധങ്ങളെ ആസ്പദമാക്കി വിശകലനം ചെയ്യുന്നു. കേരളതീരത്തെ ലത്തീൻ കത്തോലിക്കാവിഭാഗത്തിൽ ഉണ്ടായ രാഷ്ട്രീയവൽക്കരണങ്ങൾ, അവകാശസമരങ്ങൾ, മത്സ്യത്തൊഴിലാളി യൂണിയനുകൾ, ലത്തീൻ കത്തോലിക്കാസഭ എന്നിവയെ അഭിമുഖീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ പരിണാമങ്ങൾ ഇതിലൂടെ വെളിവാകുന്നു.

**പരിവർത്തനാനുഭവങ്ങൾ: സൈദ്ധാന്തിക സമീപനങ്ങൾ** എന്ന രണ്ടാം അദ്ധ്യായത്തിൽ പരിവർത്തനം, അനുഭവം എന്നീ സംവർഗങ്ങളെയും അതിന്റെ അക്കാദമികമായ വികാസത്തെയുമാണ് പരിശോധിക്കുന്നത്. ഒന്നാം ഭാഗത്തിൽ കേരളതീരത്ത് നടന്ന ആധുനികീകരണങ്ങൾ, മത്സ്യത്തൊഴിലാളി കർതൃത്വത്തിന്റെ ചലനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നടന്ന പ്രധാന സിദ്ധാന്തങ്ങളെ വിവരിക്കുന്നു. രണ്ടാംഭാഗത്ത് അനുഭവാഖ്യാനങ്ങളെക്കുറിച്ചുള്ള വിവിധ നിർവചനങ്ങൾ, അതിനെ വിശദീകരിക്കുന്ന സിദ്ധാന്തങ്ങൾ, വ്യവസ്ഥകൾ എന്നിവയിലൂടെ സ്വത്വത്തെക്കുറിച്ചുള്ള രീതിശാസ്ത്രപരമായ ആലോചന നടത്തുന്നു.

**നാഗരികതയും സ്ഥാനഭ്രഷ്ടരും** എന്ന മൂന്നാമത്തെ അധ്യായത്തിൽ ആൻഡ്രൂസിന്റെ അനുഭവാഖ്യാനങ്ങളിലെ ആഖ്യാനഘടനകളുടെ പ്രതിപാദ്യ തലങ്ങൾ, പ്രമേയങ്ങൾ എന്നിവയിലൂടെ നാഗരികരാഷ്ട്രീയം മത്സ്യത്തൊഴിലാളിസ്വത്വത്തെ എങ്ങനെ ആവിഷ്കരിക്കുന്നു എന്ന് പരിശോധിക്കുന്നു. സ്ഥാനഭ്രഷ്ടതയെ ചോദ്യംചെയ്യൽ, തീരപൈതൃകത്തിന്റെ ആധികാരികത, തൊഴിലാളി ആരാധനാമനോഭാവം എന്നിവയിലൂടെയാണ് അവ മത്സ്യത്തൊഴിലാളി പദവി നേടുന്നതെന്ന് അധ്യായം കണ്ടെത്തുന്നു. മത്സ്യത്തൊഴിലാളികൾ ഉപജീവനാവശ്യാർത്ഥ്യം തങ്ങളെ ആവിഷ്കരിച്ചത് എങ്ങനെയൊക്കെയാണ് എന്നും കടലുമായിട്ടുള്ള ബന്ധത്തെ എങ്ങനെ രാഷ്ട്രീയമായി നിർവചിച്ചു എന്നതുമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്.

**വൈദഗ്ധ്യത്തിന്റെ അപരപാഠങ്ങൾ** എന്ന നാലാമത്തെ അധ്യായത്തിൽ വൈദഗ്ധ്യത്തിന്റെ ആഖ്യാനരൂപങ്ങളെയാണ് വിശകലനവിധേയമാക്കുന്നത്. പ്രകൃതി-മനുഷ്യബന്ധം, പ്രദേശം-അധ്വാനം എന്നിവയുടെ രാഷ്ട്രീയ-സാഹിത്യ ഭാവുകത്വചിന്ത പ്രധാന്യമുള്ള

വിഷയമാണ്. കടലറിവിന്റെ പ്രതിപാദന സമീപനങ്ങളിലൂടെ വൈദഗ്ധ്യം (skill) കഥാഖ്യാനസ്വഭാവം കൈവരിക്കുന്ന തെങ്ങനെ എന്നാണ് ഈ അധ്യായം അന്വേഷിക്കുന്നത്. പരമ്പരാഗത തൊഴിൽജീവിതത്തിന്റെ അപരമായ അനുഭവരൂപമെന്ന നിലയിൽ വൈദഗ്ധ്യത്തിന്റെ ആഖ്യാനരൂപങ്ങളെ അധ്യായത്തിൽ അപഗ്രഥിക്കുമ്പോൾ വ്യക്തമാകുന്നത് പല പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയങ്ങളും മധ്യസ്ഥത്തി ലേർപ്പെടുന്നുണ്ടെന്നാണ്. വൈദഗ്ധ്യത്തിന്റെ പ്രതിപാദനതലങ്ങൾ തീരരംഗത്തെ പാർശ്വവൽക്കരണസ്വത്വത്തിനു പുറമേ മത്സ്യത്തൊഴിലാളിയുടെ വൈദഗ്ധ്യസ്വത്വത്തിന് രാഷ്ട്രീയാർത്ഥങ്ങൾ കൊടുക്കുന്നു. അതോടൊപ്പം കടലറിവിന്റെ ഒരു ബാഹ്യക്രമം തീര ആവിഷ്കാരങ്ങളിൽ കണ്ടെത്താനാവും. ഇതെങ്ങനെ തീര ആവിഷ്കാരങ്ങളിൽ കടന്നുവരുന്നു അവ ബന്ധപ്പെടുന്ന ആശയാവലികൾ എന്തൊക്കെയാണ് എന്നിവയുമായി പഠനം ഇടപഴകുന്നു.

**സാഹസികതയ്ക്കും വിലാപത്തിനും ഇടയിൽ** എന്ന അഞ്ചാമത്തെ അധ്യായം ആഖ്യാനരൂപങ്ങളായ വിലാപം, സാഹസികത എന്നിവയിലൂടെ തന്മയുടെ മാനങ്ങൾ പരിശോധിക്കുന്നു. കർത്തൃത്വവിശകലനത്തിനായി പരമ്പരാഗത വിഭാഗത്തിൽപ്പെട്ടവരും തീരത്തെ മറ്റു തൊഴിലാളികളും നേരിട്ടുകൊണ്ടിരുന്ന പ്രതിസന്ധികളെ മറികടക്കാൻ വിന്യസിക്കുന്ന ആശയസമ്പ്രദായങ്ങളിലാണ് അധ്യായം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അനിശ്ചിതത്വത്തിന്റെയും രാഷ്ട്രീയ ഇച്ഛകളുടെയും ഇടയിലുള്ള നിലയെ അപഗ്രഥിച്ചുകൊണ്ട് തന്മയുടെ സങ്കീർണതയെ അധ്യായം വിലയിരുത്തുന്നു. മാത്രമല്ല രചനകൾ പരിവർത്തനപാഠങ്ങളിലൂടെ ഉയർന്നുവരുന്ന സമകാലികസാംസ്കാരിക രൂപീകരണങ്ങളുമായി ഒരേപോലെ സംഭാഷണത്തിലേർപ്പെടുന്നതെങ്ങനെ എന്നത് അപഗ്രഥിക്കുന്നു.

**ഉപസംഹാരം** എന്ന ആറാമത്തെ അധ്യായം മുൻ അധ്യായങ്ങളെ അടിസ്ഥാനപ്പെടുത്തി ചില ചർച്ചാ ബിന്ദുക്കൾ പ്രത്യേകം വിശകലനം ചെയ്യുന്നു. മുൻ അധ്യായങ്ങളിൽ പല ഭാഗങ്ങളിലായി പറഞ്ഞു പോയതും ബാക്കിയാക്കിയതുമായ ചില വാദങ്ങൾ സവിശേഷമായി പരിശോധിക്കുന്നു. പുതു മത്സ്യതൊഴിലാളിത്തം, മത-സമുദായ തന്മ, യന്ത്രവൽകൃതരംഗത്തിന്റെ സാന്നിധ്യം, പരിസ്ഥിതി-കീഴാള വിമോചനആദർശങ്ങളുടെ മധ്യസ്ഥം, തീര ആധുനികതയുടെ സാഹിത്യ രീതികൾ എന്നീ ആശയങ്ങളാണ് ചർച്ച ചെയ്യുന്നത്.

**കുറിപ്പുകൾ**

1. കർതൃത്വം എന്നത് ഒരു പ്രവർത്തനത്തിന്റെ കാരകത്വം എന്നാണ് അർത്ഥം. Subjective എന്ന വാക്കിന് സമാനമായി ഇതുപയോഗിക്കുന്നു. സ്വത്വബോധത്തിൽ നിന്നുകൊണ്ട് ഒരു വ്യക്തി നടത്തുന്ന സജീവമായ ഇടപെടലുകളെയാണ് കർതൃത്വം എന്ന് വിളിക്കുന്നത്. ചുറ്റുമുള്ള അധികാരഘടനകളെ ചോദ്യം ചെയ്യാനോ, നിലവിലുള്ള വ്യവസ്ഥിതിയിൽ മാറ്റം വരുത്താനോ ഉള്ള വ്യക്തിയുടെ ശേഷിയാണിത്. ഇവിടെ വ്യക്തി കേവലം ഒരു 'വസ്തു' (Object) അല്ലാതെ 'കർത്താവായി' (Subject) മാറുന്നു.

(അവലംബം. ഒരു സാമൂഹിക കാഴ്ച്ചപ്പാടിൽ നിന്ന് , 2012. ഉദയകുമാർ, 1994)

ആധുനികാനന്തരപഠനങ്ങളിൽ വ്യക്തിയെയും സമൂഹത്തെയും വിശകലനം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന പരസ്പരബന്ധിതവും എന്നാൽ സവിശേഷവുമായ മൂന്ന് സങ്കല്പങ്ങളാണ് സ്വത്വം, കർതൃത്വം, തന്മ എന്നിവ. അനുഭവാഖ്യാനങ്ങൾ കേവലം വ്യക്തിപരമായ കഥകളല്ല, മറിച്ച് മേൽപ്പറഞ്ഞ മൂന്ന് ഘടകങ്ങളും ഒത്തുചേരുന്ന രാഷ്ട്രീയ ഇടങ്ങളാണ്. അവിടെ ഒരാൾ തന്റെ സ്വത്വത്തെ തിരിച്ചറിയുകയും തന്മയിലൂടെ അനുഭവങ്ങളെ വിശകലനം ചെയ്യുകയും ആഖ്യാനത്തിലൂടെ തന്റെ കർതൃത്വം ഉറപ്പിക്കുകയും ചെയ്യുന്നു. അനുഭവങ്ങളുടെ ആന്തരികമായ തിരിച്ചറിവിനെ കുറിക്കുന്നതാണ് ഈ സംജ്ഞകൾ.

2. സ്വമായിരിക്കുന്ന അവസ്ഥയാണ് സ്വത്വം (Self). ബോധാത്മകമായ ഒരു അവസ്ഥയുടെ പ്രതിഫലനമായിട്ടാണ് ഈ സങ്കല്പം വ്യവഹരിക്കപ്പെടുന്നത്. സ്വയം എന്നതിന്റെ നാമരൂപമായിട്ടും പ്രയോഗിച്ചു വരുന്നു. സ്വത്വത്തിന്റെ നിശ്ചിത സ്വഭാവമുള്ള, മാറാതെയിരിക്കുന്ന ഒന്നിനെയാണ് തന്മ (Identity) യെന്നു വ്യവഹരിക്കുന്നത്. സ്വത്വത്തിന്മേൽ ആരോപിക്കപ്പെടുന്ന സാമൂഹിക ഉടയാടകളായിട്ടാണ് തന്മയെ കണക്കാക്കുന്നത്. വ്യക്തിയെ ഒരു പ്രത്യേക വിഭാഗത്തിന്റെയോ ഗ്രൂപ്പിന്റെയോ ഭാഗമായി അടയാളപ്പെടുത്തുന്ന ബാഹ്യവും ആന്തരികവുമായ സവിശേഷതകളാണിത് (ഉദാഹരണത്തിന്: ലിംഗം, ജാതി, മതം, പ്രദേശം). പ്രബന്ധത്തിൽ തന്മകളെ ഉൽപ്പാദിപ്പിക്കുന്ന ഭാഷാവ്യവഹാരങ്ങളുടെ സന്ദർഭത്തിലാണ് സ്വത്വം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അഹം എന്നത് തന്മയുടെ വ്യാവഹാരിക പ്രദേശമാണ്. തത്വചിന്തയുടെ പാഠത്തിൽ സ്വത്വം എന്നതിന്റെ ഛായയാണ് അഹം എന്നതിന് നൽകിയിരിക്കുന്നത്. (അവലംബം. ഒരു സാമൂഹിക കാഴ്ച്ചപ്പാടിൽ നിന്ന് , 2012. മധു, ടി.വി, 2011 )

3. രണ്ടാമത്തെ അധ്യായം കാണുക.

4. രണ്ടാമത്തെ അധ്യായം കാണുക

5. ഭക്ഷ്യ ഉപഭോഗത്തെ ആസ്പദമാക്കിയുള്ള ചർച്ചകളിൽ ഐക്യരാഷ്ട്രസഭ പോലെയുള്ള ലോകസംഘടനകളുടെ ഇടപെടൽ, മത്സ്യബന്ധന മേഖലയുടെ ആഗോളവിപണിശൃംഖലകൾ, പരിസ്ഥിതി പ്രാധാന്യങ്ങൾ എന്നിവ തീരദേശത്തിന്റെ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ആഗോളമായ ചർച്ചകളെ പ്രതിനിധീകരിക്കുന്നു.

6. കേരളത്തിലെ തെക്കൻ തീരമേഖലകളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ കാണുക:

https://www.thenewsminute.com/kerala/radio-monsoon-project-provides-crucial-weather-updates-fisherfolk-kerala-150660

http://www.sussex.ac.uk/global/research/researchprojects/forecasting-with-fishers

7. Ajantha Subrahmanian , 2009

8. നാലാമത്തെ അധ്യായം കാണുക.

9. സന്തോഷ്, ഒ.കെ , 2022. രാമകൃഷ്ണൻ, എം.കെ, വേണുഗോപാലൻ, കെ. എം., 2016. ജോർജ് അലക്സ്, കെ ,2003

10. Menon, Dilip. M and Nishat Zaidi, Simi Malhotra, Saarah Jappie, 2022 , Kooria, Mahmood, 2018.

## അധ്യായം ഒന്ന്
## പരിവർത്തനാനുഭവങ്ങൾ : ജീവിത പരിസരങ്ങൾ

കേരളത്തിലെ തെക്കൻതീരമേഖലയിലെ മത്സ്യത്തൊഴിലാളികൾക്കിടയിൽ സംഭവിച്ച പരിവർത്തനാനുഭവങ്ങളെയും അവയുടെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലങ്ങളെയും അപഗ്രഥിക്കാനാണ് ഈ അധ്യായം ശ്രമിക്കുന്നത്. ചരിത്രപരമായ തുടർച്ചകളിൽനിന്ന് ആധുനികതയുടെ സങ്കീർണ്ണതകളിലേക്ക് ഒരു ജനത നടന്നുക്കയറിയപ്പോൾ ഉണ്ടായ രാഷ്ട്രീയവും സാംസ്കാരികവുമായ ഭാവമാറ്റങ്ങളെ ഇവിടെ വിശകലനം ചെയ്യുന്നു. വ്യക്തിഗതമായ ഓർമ്മകളും വൈകാരികതലങ്ങളും കേവലം സ്വകാര്യാനുഭവങ്ങളല്ല, മറിച്ച് അവ ഒരു സവിശേഷമായ 'പരിവർത്തന അനുഭവങ്ങ'ളെ പ്രതിനിധീകരിക്കുന്നു എന്ന നിരീക്ഷണത്തിലാണ് ഈ അന്വേഷണം വികസിക്കുന്നത്.

മത്സ്യത്തൊഴിലാളികളുടെ കർതൃസ്ഥാനങ്ങൾ (subject positions) രൂപപ്പെടുന്നതിൽ അവരുടെ വ്യക്തിഗതമായ ആന്തരികതയോടൊപ്പം തന്നെ സാമൂഹികപ്രഭാവങ്ങളും നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. ശാരീരികമായ അധ്വാനം, സാമൂഹിക ഇടപെടലുകൾ, വിശ്വാസങ്ങൾ എന്നിവയിലൂടെ നിർമ്മിതമായ ഈ സ്വത്വത്തെ ചരിത്രപരമായി അടയാളപ്പെടുത്തുന്നതിന് താഴെ പറയുന്ന ചോദ്യങ്ങളെ ഈ അധ്യായം അഭിമുഖീകരിക്കുന്നു. ആധുനികീകരണപ്രക്രിയയുടെ ഭാഗമായി കടന്നുവന്ന പുതിയ മത്സ്യബന്ധന സാങ്കേതിക വിദ്യകളും മുതലാളിത്ത ഉൽപ്പാദനബന്ധങ്ങളും തീരദേശത്തെ പരമ്പരാഗതതൊഴിൽ മേഖലയെയും സാമൂഹികവിഭജനങ്ങളെയും എപ്രകാരമാണ് പുനർനിർമ്മിച്ചത്? ലത്തീൻ കത്തോലിക്കാ സമുദായ പശ്ചാത്തലം മത്സ്യത്തൊഴിലാളികളുടെ വർഗ്ഗ-ജാതി സ്ഥാനഭേദങ്ങളെയും അവരുടെ സ്വത്വനിർമ്മിതിയെയും എങ്ങനെയാണ് സ്വാധീനിക്കുന്നത്? പരമ്പരാഗതമേഖലയിലെ അവകാശസമരങ്ങളും, സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഇടപെടലുകളും മത്സ്യത്തൊഴിലാളികളെ ഒരു 'രാഷ്ട്രീയ കർതൃത്വമായി' (Political Subjectivity) പരിവർത്തിപ്പിച്ചത് എപ്രകാരമാണ്?. ഈ അന്വേഷണങ്ങളെ മുൻനിർത്തി അധ്യായത്തെ മൂന്ന് പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം തെക്കൻതീരത്തെ മത്സ്യബന്ധന സാങ്കേതികവിദ്യയുടെ വളർച്ചയെയും മുതലാളിത്ത ബന്ധങ്ങളുടെ ആവിർഭാവത്തെയും ചർച്ച ചെയ്യുന്നു. രണ്ടാം ഭാഗം ഈ ജനവിഭാഗത്തെ

രൂപപ്പെടുത്തിയ മത-സാമുദായിക-ജാതി ബന്ധങ്ങളെ വിവരിക്കുമ്പോൾ, മൂന്നാം ഭാഗം അവകാശ സമരങ്ങൾ, സാമൂഹിക പ്രസ്ഥാനങ്ങൾ, പുതിയ രാഷ്ട്രീയ പരിപ്രേക്ഷ്യങ്ങൾ എന്നിവയെ പ്രതിപാദിക്കുന്നു. ചുരുക്കത്തിൽ, ആധുനികീകരണത്തിന്റെ ആഘാതങ്ങളോട് മത്സ്യത്തൊഴിലാളിവിഭാഗം നടത്തിയ പ്രതികരണങ്ങളെയും പ്രവണതകളെയും കർതൃത്വവൽക്കരണത്തിന്റെ (subjectification) ഭാഗമായി അടയാളപ്പെടുത്തുകയാണ് ഈ അധ്യായം.

**1.1 കേരള തീരത്തെ മത്സ്യബന്ധന രംഗം**

കേരളത്തിന്റെ തീരദേശചരിത്രത്തിൽ മത്സ്യബന്ധനം എന്നത് പ്രാചീനകാലം തൊട്ട് വികസിച്ചുവന്ന സങ്കീർണ്ണമായ ഒരു ജ്ഞാനപദ്ധതിയാണ്. ഇത് കേവലം ഒരു തൊഴിൽ എന്നതിലുപരി സമുദ്രത്തിന്റെ ജൈവികമായ മാറ്റങ്ങളുമായുള്ള നിരന്തര സംവാദത്തിലൂടെ രൂപപ്പെട്ട വൈദഗ്ധ്യമാണ്. കടലിലെ മീനുകളുടെ സഞ്ചാരം, ആഹാരരീതികൾ, ജലത്തിന്റെ ഒഴുക്കും നിറവും, കാറ്റിന്റെ ഗതി എന്നിവയെക്കുറിച്ചുള്ള സൂക്ഷ്മമായ അറിവ് മത്സ്യത്തൊഴിലാളികൾ തലമുറകളായി ആർജ്ജിച്ചെടുത്തതാണ്. ആദ്യകാലങ്ങളിൽ വലകൾ, ചൂണ്ടകൾ എന്നിവയോടൊപ്പം കടലിന്റെയും കാലാവസ്ഥയുടെയും പ്രത്യേകത കൾക്കനുസരിച്ചുള്ള വൈവിധ്യമാർന്ന യാനങ്ങളാണ് ഉപയോഗിച്ചിരുന്നത്. കട്ടമരം (kattamaram), ചെറുവള്ളങ്ങൾ (small boat), താങ്ങുവള്ളങ്ങൾ (big boat) എന്നിവയും ചണം കൊണ്ടുണ്ടാക്കിയ വലകളും ഇതിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ മത്സ്യബന്ധന സാങ്കേതികവിദ്യയുടെ വികാസത്തിൽ പുരാതനകാലം മുതലുള്ള വിദേശ രാജ്യങ്ങളുമായുള്ള സമുദ്രവ്യാപാരബന്ധങ്ങൾ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജോൺ കുര്യൻ നിരീക്ഷിക്കുന്നത് പോലെ, ഈ സാങ്കേതികവിദ്യകളുടെ വൈവിധ്യം പുറമെ നിന്ന് നോക്കുന്നവർക്ക് പലപ്പോഴും അദൃശ്യമാണ്: "മത്സ്യബന്ധന ഉപകരണവസ്തുക്കൾ ലോകത്തിലെ വിവിധ സമൂഹങ്ങളുടെ വൈവിധ്യത്താൽ അടയാളപ്പെട്ടതാണ്. രൂപക ല്പനകളിലെ ആകൃതി, നിറങ്ങൾ, ഘടന എന്നിവ ഇത് സൂചിപ്പിക്കുന്നു. മത്സ്യബന്ധന സാമഗ്രികളിലെ ഈ വൈവിധ്യങ്ങൾ പുറമേനിന്ന് നോക്കുന്നയാളുകൾക്ക് പലപ്പോഴും മനസ്സിലാക്കാൻ കഴിയില്ല" (Kurien, 2004: 6).

മത്സ്യബന്ധനസമൂഹത്തിന്റെ തൊഴിൽ വിനിമയങ്ങൾക്ക് സവിശേഷമായ ഒരു ആഗോള ചരിത്രമുണ്ടെന്ന് കട്ടമരങ്ങളുടെയും വള്ളങ്ങളുടെയും രൂപകല്പനകൾ പരിശോധിച്ചാൽ

വ്യക്തമാകും. ദേശരാഷ്ട്രങ്ങളുടെ രൂപീകരണത്തിന് മുമ്പ് തന്നെ ഈ തൊഴിൽമേഖല രാജ്യാന്തരതലത്തിൽ വിനിമയങ്ങൾ നടത്തിയിരുന്നുവെന്ന് സുബിൻ സിൻഹ (Sinha, 2012: 369) നിരീക്ഷിക്കുന്നു. വിദേശ സഞ്ചാരികളുടെ യാത്രാവിവരണങ്ങളും ചരിത്രരേഖകളും ഇതിന് ആധികാരികമായ തെളിവുകൾ നൽകുന്നുണ്ട്. വിവിധ ഭൂപ്രദേശങ്ങളുമായുള്ള സമ്പർക്കം വഴി വൈവിധ്യമാർന്ന മത്സ്യബന്ധന സാങ്കേതിക വിദ്യകളിൽ കേരളത്തിലെ തൊഴിലാളികൾ വൈദഗ്ധ്യം നേടിയിരുന്നു. പല മത്സ്യബന്ധന ഉപകരണങ്ങളുടെയും നിർമ്മാണശൈലിയിൽ വിവിധ രാജ്യങ്ങളുടെ സ്വാധീനവും മുദ്രകളും ദൃശ്യമാണ്. ജോൺ കുര്യൻ (Kurien, 1991: 7) ചൂണ്ടിക്കാട്ടുന്നത് പോലെ, നൂറ്റാണ്ടുകളായുള്ള അധ്വാനത്തിലൂടെയും ജല-ആവാസവ്യവസ്ഥയെക്കുറിച്ചുള്ള സൂക്ഷ്മമായ ധാരണയി ലൂടെയുമാണ് തങ്ങളുടെ ചുറ്റുപാടിന് അനുയോജ്യമായ മീൻപിടിത്ത വൈദഗ്ധ്യം ഈ സമൂഹം ആർജ്ജിച്ചെടുത്തത്. പ്രാദേശിക വിപണനത്തിന് പുറമെ കൊളോണിയൽ കാലഘട്ടം മുതൽ തന്നെ സംസ്കരിച്ച മത്സ്യങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു. ഈ ലാഭകരമായ പ്രക്രിയയിലൂടെ തീരദേശത്ത് ശക്തമായ ഒരു വ്യാപാരിവർഗ്ഗം സജീവമായി നിലനിന്നിരുന്നതായും കുര്യൻ വ്യക്തമാക്കുന്നു.

തീരപ്രദേശത്തെ സാമ്പത്തികവിനിമയങ്ങളുടെ ആദ്യകാല സ്വഭാവം അവിടുത്തെ കുടുംബസംവിധാനങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്നതായിരുന്നു. കേവലമായ ലാഭ-നഷ്ടക്കണക്കുകൾക്കപ്പുറം, പരസ്പരാശ്രിതത്വത്തിന്റെ ഒരു സമ്പദ്‌വ്യവസ്ഥയാണ് അവിടെ നിലനിന്നിരുന്നത്. “ഉപകരണങ്ങളും ഉൽപ്പാദനബന്ധങ്ങളും കുടുംബങ്ങളുടെ കൂട്ടായ ഉടമസ്ഥതയിലും ഓഹരി സംവിധാനത്തിലുമാണ് (share system) പ്രവർത്തിച്ചിരുന്നത്. എന്നാൽ തൊഴിലിനിടയിൽ സംഭവിക്കുന്ന നഷ്ടങ്ങൾ, വിപണിയിലെ വരുമാനമില്ലായ്മ എന്നിവ ഈ ഉടമസ്ഥതാരീതിയിൽ അനിശ്ചിതത്വം സൃഷ്ടിച്ചിരുന്നു. ഇതിന്റെ ഫലമായി ഉപകരണങ്ങളുടെ ഉടമസ്ഥത കൂലി, വിൽപന, പണയം എന്നീ രൂപങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതായി കൽപ്പന റാം (Ram, 1989: 39) നിരീക്ഷിക്കുന്നു. ഉടമസ്ഥതാ സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുമ്പോഴും, പണത്തിന്റെ മൂല്യത്തേക്കാൾ ഉപരി ബന്ധുത്വം, കുടുംബം എന്നീ ഘടകങ്ങളാണ് ഈ ബന്ധങ്ങളെ നിലനിർത്തിയിരുന്നത്. ഉന്നതിയും അസ്ഥിരതയും ഒരുപോലെ പ്രകടിപ്പിക്കുന്ന സവിശേഷമായ ഒരു സമ്പദ്‌വ്യവസ്ഥയായിരുന്നു തീരദേശത്ത് ഉണ്ടായിരുന്നതെന്ന് കൽപ്പന റാം (അതേ കൃതി, 36).

ഇന്ത്യൻ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യബന്ധനസമൂഹങ്ങൾ ജാതിയാധിഷ്ഠിത തൊഴിൽസമൂഹങ്ങളായാണ് അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ തെക്കൻതീരമേഖലയിൽ ഹിന്ദു വിഭാഗത്തിലെ അരയർ, ക്രിസ്ത്യൻ വിഭാഗത്തിലെ ലത്തീൻ കത്തോലിക്കർ (മുക്കുവർ), മുസ്ലീം വിഭാഗത്തിലെ മരയ്ക്കാർ എന്നീ സമുദായങ്ങളാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. പരമ്പരാഗത മത്സ്യബന്ധനരംഗം സാമ്പത്തികമായും സാമൂഹികമായും താഴ്ന്ന നിലയിലുള്ള ഒരു ജാതിത്തൊഴിലായി പൊതുസമൂഹം കരുതിപ്പോരുന്നു എന്ന് നളിനി നായക് (Nayak, 2018: 14) നിരീക്ഷിക്കുന്നു. മത്സ്യത്തൊഴിലാളികളെ ദരിദ്രരും അജ്ഞരുമായി ചിത്രീകരിക്കുന്നതിലൂടെ അവരെ അരികുകളിലേക്ക് മാറ്റിനിർത്തുന്ന പ്രക്രിയയാണ് അവിടെ സംഭവിച്ചത്. "അരികുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ ദരിദ്രരും അജ്ഞരുമായിട്ടാണ് കണക്കാക്കിയിരുന്നത്. മത്സ്യത്തൊഴിലാളികളും കുട്ടികളും മീൻ മണക്കുന്നതിന്റെ പേരിൽ പൊതുസമൂഹത്തിലും പ്രത്യേകിച്ച് മാർക്കറ്റുകളിലും സ്കൂളുകളിലും മാറ്റിനിർത്തപ്പെട്ടു" (Nayak, 2018: 143). മീൻ മണക്കുന്നവരും സംസ്കാരശൂന്യരാണെന്ന ചിത്രീകരണങ്ങളുടെ സ്വഭാവങ്ങൾ പരിശോധിക്കുമ്പോൾ ആധിപത്യപരമായ മറ്റു ജാതി-സമൂഹങ്ങളുടെ ഇടപെടലുകളെ, അവയിലെ വിശ്വാസമൂല്യങ്ങളെ ഈ പ്രസ്താവനകൾ അടയാളപ്പെടുത്തുന്നു. മത്സ്യബന്ധനവിഭാഗത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനകൾ വിശകലനം ചെയ്തുകൊണ്ടുള്ള പഠനങ്ങൾ ഇതു സംബന്ധിച്ച നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ജാതിവ്യവസ്ഥ ഉയർത്തിയ വെല്ലുവിളികളും സാങ്കേതികവിദ്യയുടെ പരിമിതികളും പരമ്പരാഗത മേഖലയുടെ സാമ്പത്തിക തകർച്ചയ്ക്ക് കാരണമായി എന്ന് വിക്കി മെയ്നൻ (Meynen, 1989: 7) ചൂണ്ടിക്കാട്ടുന്നു. മത്സ്യത്തൊഴിലാളി എന്നത് കേവലം ഒരു വർഗ്ഗ സ്വത്വമല്ല, മറിച്ച് അത് ജാതിയും മതവുമായി ഇഴചേർന്നു കിടക്കുന്ന ഒന്നാണെന്ന് ഇത് വ്യക്തമാക്കുന്നു.

**1.1.1 യന്ത്രവൽകൃത രംഗം/പരമ്പരാഗതരംഗം**

1950-കളുടെ തുടക്കത്തിൽ കേരളത്തിലെ മത്സ്യബന്ധനമേഖലയിൽ സംഭവിച്ച മാറ്റങ്ങൾ കേവലം സാങ്കേതികമായിരുന്നില്ല, മറിച്ച് ആഴത്തിലുള്ള സാമ്പത്തിക പരിവർത്തനങ്ങളായിരുന്നു. 1953-ൽ കൊച്ചിയിൽനിന്നുള്ള ഒരു വ്യവസായി വികസിതരാജ്യങ്ങളിലെ വിപണികളിൽ ശീതീകരിച്ച ചെമ്മീനിന് വൻ വ്യാപാരസാധ്യതകൾ ഉള്ളതായി മനസ്സിലാക്കി. ഇറക്കുമതിചെയ്ത ഒരു ജപ്പാൻ നിർമ്മിത

യന്ത്രവൽകൃത ബോട്ടിന്റെയും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു മത്സ്യസംസ്കരണശാലയുടെയും സഹായത്തോടെ അദ്ദേഹം ആദ്യമായി 13 ടൺ ശീതീകരിച്ച ചെമ്മീൻ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്തു. ഇതാണ് പുതിയ സാങ്കേതികവിദ്യകൾ കേരളത്തിലെ മത്സ്യമേഖലയിലേക്ക് കടന്നുവരാൻ കളമൊരുക്കിയ ആദ്യസംഭവം (Kurien, 1991, ഏർത്തയിൽ, 2002, Meynen, 1989). ചെമ്മീൻ പിടിക്കാൻ ഉപയോഗിക്കുന്ന "ട്രോളറുകൾ" എന്നറിയപ്പെട്ട യന്ത്രവൽകൃത മത്സ്യബന്ധനോപകരണത്തിന് കേരളതീരത്ത് കിട്ടിയ വൻപ്രചാരമാണ് പിന്നീടുണ്ടായ പ്രധാന സംഭവവികാസം. വികസിതരാജ്യങ്ങളിലെ വിപണികളിൽ ചെമ്മീനിന് വ്യാപാരസാധ്യതകൾ ഉള്ളതായി മനസ്സിലാക്കിയ വ്യാപാരി കളുടെ താൽപ്പര്യത്തിൽ ചെമ്മീൻ എന്ന ഇനം പിടിച്ചെടുക്കാൻ ഉപയോഗിക്കുന്ന ട്രോളറുകൾ കടന്നുവരുകയും അതിന് കേരളതീരത്ത് വലിയ പ്രചാരം കിട്ടുകയുമുണ്ടായി. സ്വകാര്യനി ക്ഷേപകർക്ക് ലാഭമുണ്ടാക്കുന്നതിനും സംസ്ഥാനത്തിന് ഒരു വരുമാനത്തിനും ഇത് കാരണമായി. ജാതിയധിഷ്ഠിത തൊഴിൽജീവിതത്തിൽനിന്ന് സമുദായത്തിന് പുറത്തുള്ള നിക്ഷേപകരുടെ ആകർഷകമേഖലയായി ഇതോടെ തീരദേശം മാറി.

1952-ൽ നോർവീജിയൻ ഗവൺമെന്റിന്റെ സഹായത്തോടെ കൊല്ലം ജില്ലയിലെ നീണ്ടകര-ശക്തികുളങ്ങര കേന്ദ്രീകരിച്ച് ആരംഭിച്ച ഇന്തോ-നോർവീജിയൻ പ്രോജക്ട് (INP), കേരളത്തിലെ മത്സ്യബന്ധനമേഖലയുടെ ആധുനികവൽക്കരണത്തിലെ നാഴികക്കല്ലാണ്. 1958-ൽ ട്രോളറുകൾ ഇറക്കുമതി ചെയ്തുകൊണ്ട് ഈ പദ്ധതി കേരളത്തിന്റെ തീരദേശ സാങ്കേതികവിദ്യയിലും സാമ്പത്തികഘടനയിലും വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. കോളനിയാനന്തരം തീരരംഗത്തെ സാങ്കേതിക ആധുനികവൽക്കരണത്തെയും മൂലധനരംഗ ത്തെ മാറ്റങ്ങളെയും ആധുനികീകരണപ്രക്രിയ (modernization process) എന്ന പദത്തിലൂടെയാണ് മത്സ്യബന്ധന വികസനത്തെക്കുറിച്ചുള്ള പഠനങ്ങൾ സങ്കല്പിച്ചിരിക്കുന്നത് (Meynen, 1989, Subrahmanian, 2009). അർദ്ധ-സ്വയംഭരണാധികാരമുള്ളതും അലിഖിത നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതുമായ ഒരു 'ധാർമ്മിക സമ്പദ്‌വ്യവസ്ഥയാണ്' (moral economy) പരമ്പരാഗത തീരങ്ങളിൽ നിലനിന്നിരുന്നതെന്ന് കൽപ്പന റാം നിരീക്ഷിക്കുന്നു. വിഭവങ്ങളുടെ വിനിയോഗത്തിലും വിതരണത്തിലും പുലർത്തിയിരുന്ന ഈ സാമുദായിക നിയമങ്ങളെ ആധുനിക വിപണിയുക്തികൾക്ക് കീഴിലാക്കാൻ ഐ.എൻ.പി (INP) പോലുള്ള പദ്ധതികൾ കാരണമായി. ആ അർഥത്തിൽ സ്വാതന്ത്ര്യാനന്തരം തീരത്തു നടന്ന

അധുനികീകരണശ്രമങ്ങൾ പ്രധാനപ്പെട്ടൊരു മാറ്റമായിരുന്നു. 1950-കളിൽ ആരംഭിച്ച ഈ വികസന ശ്രമങ്ങൾ 1960-കളുടെ പകുതിയോടെ വളർച്ചയെ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു സ്ഥിരം മാതൃകയായി ഈ രംഗത്ത് വേരുറപ്പിച്ചു. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും അവരുടെ തൊഴിൽരീതികളെയും പുതിയൊരു സാമ്പത്തിക ക്രമത്തിലേക്ക് ബലമായി കണ്ണിചേർത്തു.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇന്തോ-നോർവീജിയൻ പ്രോജക്ട് (INP), രണ്ട് പ്രധാന ഘട്ടങ്ങളിലൂടെയാണ് കേരളത്തിന്റെ തീരദേശ സമ്പദ്‌വ്യവസ്ഥയെ പരിവർത്തിപ്പിച്ചത്. ആദ്യഘട്ടം(1950) ശക്തികുളങ്ങര, നീണ്ടകര എന്നീ ഗ്രാമങ്ങളെ കേന്ദ്രീകരിച്ച് സാങ്കേതിക വൈദഗ്ധ്യം നവീകരിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. തീരദേശ സമൂഹത്തിന്റെ ജീവിതനിലവാരം ഉയർത്തുക എന്നതായിരുന്നു ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം. രണ്ടാംഘട്ടത്തിൽ സഹകരണസംഘങ്ങൾ മുഖേന യന്ത്രവൽകൃത ഉപകരണങ്ങളുടെ വിതരണം ആരംഭിച്ചു. ട്രോളിങ് ( trawling), പഴ്സീനിങ് (purse seining) തുടങ്ങിയ പുത്തൻ രീതികൾ പ്രചാരത്തിലായി. ഇതോടൊപ്പം മത്സ്യസംസ്കരണവും വിതരണ ശൃംഖലകളും വിപുലീകരിക്കപ്പെട്ടു. വികസിത രാജ്യങ്ങളിലെ വിപണികളിൽ ചെമ്മീനിനുള്ള വർദ്ധിച്ച ആവശ്യം തിരിച്ചറിഞ്ഞതോടെ, മത്സ്യബന്ധനം ഒരു അന്താരാഷ്ട്ര വിപണിയായി മാറി. ട്രോളറുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് വിഭവങ്ങളുടെ അമിതമായ ചൂഷണത്തിലേക്ക് നയിച്ചു. ഇത് പിന്നീട് വികസിച്ചുവന്ന യന്ത്രവൽകൃത മത്സ്യബന്ധനത്തെയും ശീതീകരിച്ച ചെമ്മീൻ അടിസ്ഥാനമാക്കിയുള്ള ശക്തമായ ഒരു കയറ്റുമതിവ്യവസായത്തിന്റെ വളർച്ചയെയും ഒരുപോലെ സഹായിച്ചു. ചെമ്മീനിനുള്ള വർധിച്ചുവരുന്ന ആവശ്യം മത്സ്യബന്ധനത്തെ ഒരു അന്താരാഷ്ട്ര വിപണിയാക്കി. യന്ത്രവൽകൃതബോട്ടുകൾ ഉപയോഗിച്ച് വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യുന്ന നിലയിലേക്ക് ഇതു നയിച്ചു. കൂടാതെ യന്ത്രവൽകൃതരംഗത്തെന്നപ്പോലെ പരമ്പരാഗത മത്സ്യബന്ധനരംഗത്തേക്കും ഇടനിലക്കാരുടെയും വ്യാപാരികളുടെയും വിപുലമായ ശൃംഖല കടന്നുവന്നു. ഈ വികസന മാതൃകയുടെ ഏറ്റവും വലിയ ആഘാതം അതിന്റെ ഉടമസ്ഥതാ രീതിയിലായിരുന്നു. ജോൺ കുര്യൻ (1991: 8) നിരീക്ഷിക്കുന്നത് പോലെ, ഈ രംഗത്തെ പ്രധാന നിക്ഷേപകർ മത്സ്യത്തൊഴിലാളികളല്ലാത്തവരായിരുന്നു. പരമ്പരാഗത തൊഴിലാ

ളികളുടെ ജാതിയധിഷ്ഠിത സ്വഭാവം പുതിയ വ്യാപാരരംഗത്തേക്കുള്ള അവരുടെ പ്രവേശനത്തിന് തടസ്സമായപ്പോൾ, പുറമെ നിന്നുള്ള വ്യാപാരികളും ഇടനിലക്കാരും ഈ മേഖല കീഴടക്കി.

ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളിൽ മത്സ്യബന്ധന മേഖലയ്ക്ക് നൽകിയ ഊന്നലുകളിൽ വന്ന മാറ്റം തീരദേശത്തെ സാമൂഹിക-സാമ്പത്തിക ഘടനയിൽ ആഘാതമേൽപ്പിച്ചു. ആദ്യ രണ്ട് പഞ്ചവത്സര പദ്ധതികൾ തൊഴിലാളി ക്ഷേമത്തിന് പ്രാധാന്യം നൽകിയപ്പോൾ, മൂന്നാം പഞ്ചവത്സര പദ്ധതി മുതൽ ശ്രദ്ധ മുഴുവൻ കയറ്റുമതി വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് മാറി. ഇതോടെ മത്സ്യബന്ധനം ഒരു ജനതയുടെ ഉപജീവന മാർഗ്ഗം എന്നതിലുപരി രാജ്യത്തിന്റെ വിദേശനാണ്യസ്രോതസ്സായി മാത്രം നിർവ്വചിക്കപ്പെട്ടു. യന്ത്രവൽകൃത സാങ്കേതികവിദ്യകൾ വന്നതോടെ പരമ്പരാഗതരീതികൾ 'അപ്രധാനവും' 'ഉൽപ്പാദനക്ഷമത കുറഞ്ഞതുമായി' സർക്കാർതലത്തിൽ തന്നെ മുദ്രകുത്തപ്പെട്ടു. സാങ്കേതികവിദ്യയിലൂന്നിയ ഈ വികസനമാതൃക പരമ്പരാഗത തൊഴിലാളികളെ സ്വയം നവീകരിക്കാനോ നിലനിൽക്കാനോ കഴിയാത്ത ഒരിടത്തേക്ക് തള്ളിവിട്ടു. പുതിയ മീൻപിടിത്ത സാങ്കേതികവിദ്യകളുടെ ആവിർഭാവവും വളർച്ചയും നിലവിലുണ്ടായിരുന്ന മീൻപിടിത്തരീതികളുമായി പുലർത്തിയ വൈരുധ്യവും കടലിനെ സംഘർഷമേഖലയാക്കി. യന്ത്രവൽകൃതബോട്ടുകളുടെ അമിതമായ മത്സ്യബന്ധനം വിഭവങ്ങളുടെ കുറവിന് കാരണമായി. ഇത് യന്ത്രവൽകൃത ബോട്ടുകളും പരമ്പരാഗതതൊഴിലാളികളും തമ്മിലുള്ള മത്സരത്തിലേക്കും തുടർന്നുള്ള വലിയ സംഘർഷങ്ങളിലേക്കും നയിച്ചു. പഴയതിൽ ഉടരുന്നതിനോ എന്നാൽ പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനോ ഉള്ള മത്സ്യത്തൊഴിലാളിശ്രമങ്ങൾ ഒരുപോലെ പ്രശ്നങ്ങൾ നേരിട്ടു. യന്ത്രവൽകൃത രംഗത്തിന്റെ ഉൽപ്പാദനശേഷിയും അമിതമായ മത്സ്യബന്ധനവും വർധിച്ചതിലൂടെ മത്സരാധിഷ്ഠിതമായ സ്വഭാവത്തിലേക്ക് മത്സ്യമേഖല വികസിച്ചുവന്നു. ഉൽപ്പാദനത്തിലും വരുമാനത്തിലും വർധിച്ചുവന്ന അസമത്വം ഇതോടെ രൂക്ഷമായി. തീരമേഖലയിലെ മുൻകാല മത്സ്യബന്ധനരീതി (ചെറുകിട മത്സ്യബന്ധനം)യുടെ സാങ്കേതികവിദ്യയും വ്യവസായവും ഉപജീവനമാർഗം എന്ന നിലയിൽ മത്സ്യബന്ധനരംഗത്തിന് അനുയോജ്യമായതായിരുന്നു എന്ന് ജോൺ കുര്യൻ ഉൾപ്പെടെയുള്ള നിരീക്ഷകർ അഭിപ്രായപ്പെടുന്നുണ്ട് (ഏർത്തയിൽ, 2002, Kurien, 1991, Nayak, 2018). എന്നാൽ പുതിയ വ്യവസായമാതൃക വരുമാനത്തിലെ അസമത്വം വർദ്ധിപ്പിക്കുകയും തീരദേശത്തെ

സാമ്പത്തിക അസ്ഥിരതയിലേക്ക് നയിക്കുകയും ചെയ്തു. സാങ്കേതികവിദ്യ എന്നത് കേവലം ഒരു ഉപകരണമല്ലെന്നും അത് ഒരു വിഭാഗത്തെ (പരമ്പരാഗത തൊഴിലാളി) പുറന്തള്ളാൻ ഉപയോഗിക്കുന്ന അധികാര രൂപമാണെന്നും ഇവിടെ കാണാൻ സാധിക്കുന്നു**2.**

കേരളത്തിലെ മത്സ്യബന്ധനമേഖലയിൽ നടപ്പിലാക്കിയ മാറ്റങ്ങൾ തീരദേശത്തിന്റെ സാമൂഹികവും പാരിസ്ഥിതികവുമായ ഘടനയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചത്. പരമ്പരാഗതമായ തൊഴിൽ സംഘടനകൾ, സമുദായാധിഷ്ഠിത മാനേജ്മെന്റ് സംവിധാനങ്ങൾ, സഭയുൾപ്പെടെയുള്ള ഭരണകൂട സ്വഭാവമുള്ള സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനരീതികളിൽ ഈ പരിഷ്കാരങ്ങൾ വലിയ മാറ്റങ്ങൾ വരുത്തി. സമുദ്രത്തിന്റെ സ്വാഭാവികമായ ജൈവവ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനും അനുയോജ്യമല്ലാത്ത ഒന്നായാണ് പല ഗവേഷകരും ഈ ആധുനികീകരണ ശ്രമങ്ങളെ വിലയിരുത്തുന്നത്. പരമ്പരാഗത മത്സ്യബന്ധനരീതികൾ തീരദേശപരിസ്ഥിതിയുമായി കൂടുതൽ ഇണങ്ങി നിൽക്കുന്നവയായിരുന്നു എന്ന നിരീക്ഷണത്തിന് ഈ പശ്ചാത്തലത്തിൽ വലിയ പ്രസക്തിയുണ്ട്. 1970-കളോടെ ഈ മാറ്റങ്ങൾ തീരദേശ ജീവിതത്തിൽ പ്രകടമായിത്തുടങ്ങി. വികസനത്തിന്റെ പേരിൽ നടപ്പിലാക്കിയ പല പദ്ധതികളും യഥാർത്ഥത്തിൽ പരമ്പരാഗത മേഖലയ്ക്ക് മേലുള്ള ഭരണകൂടത്തിന്റെ അക്രമകരമായ കടന്നുകയറ്റമായാണ് സുബിൻ സിൻഹ (Sinha, 2012), ജോൺ കുര്യൻ (Kurien,1985), മാത്യുഏർത്തയിൽ (Arthayil,2002) തുടങ്ങിയവർ അടയാളപ്പെടുത്തുന്നത്. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ അധിനിവേശങ്ങൾ മത്സ്യത്തൊഴിലാളികളെ ഭൗതികമായും പ്രതീകാത്മകമായും സമൂഹത്തിന്റെ അരികുകളിലേക്ക് (Outliers) തള്ളിവിട്ടതായി കുര്യൻ (Kurien,2000) നിരീക്ഷിക്കുന്നു[2]

മത്സ്യവ്യവസായത്തിന്റെ വളർച്ചയോടൊപ്പം രൂപപ്പെട്ട വിഭവ ശോഷണവും (resource depletion), സാങ്കേതികവിദ്യയുടെ അസമമായ വിതരണവും തീരമേഖലയെ ഒരു തീവ്രമായ മത്സരവേദിയാക്കി മാറ്റി. ഈ മാറ്റങ്ങൾ പ്രാദേശികമായ മത്സ്യബന്ധനരീതികളെ ആശ്രയിച്ചിരുന്ന ജനവിഭാഗങ്ങളെ ഭരണകൂട നയങ്ങൾക്കെതിരെയും മറ്റ് മത്സ്യബന്ധന വിഭാഗങ്ങൾക്കെതിരെയും ഏറ്റുമുട്ടാൻ പ്രേരിപ്പിച്ചു. പരമ്പരാഗതമായ നിയന്ത്രണ സംവിധാനങ്ങൾ തകരുകയും കടലിലേക്കുള്ള കടന്നുകയറ്റം അനിയന്ത്രിതമാവുകയും ചെയ്തതോടെ കടൽ ഒരു ചൂഷണ മണ്ഡലമായി മാറിയെന്ന് വിക്കി മെയ്നൻ (Meynen, 1989: 4) നിരീക്ഷിക്കുന്നു. വിവിധ മത്സ്യബന്ധന വിഭാഗങ്ങൾക്കിടയിലുള്ള അനിയന്ത്രിതമായ

മത്സരം ഇതിന്റെ സ്വാഭാവികമായ അനന്തരഫലമായിരുന്നു. പുതിയ സാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതോടെ, പരമ്പരാഗതതൊഴിലാളികൾ യന്ത്രവൽകൃത ബോട്ടുകൾക്കെതിരെ നേരിട്ടുള്ള പ്രതിരോധത്തിലേക്ക് നീങ്ങി. 1970-കളിൽ ട്രോളറുകൾക്കെതിരെയുണ്ടായ ശാരീരികാക്രമണങ്ങൾ ഇത്തരത്തിലുള്ള വിഭജനത്തിന്റെ പ്രകടനമായിരുന്നു. ഈ സംഘർഷങ്ങൾ കേവലം സാങ്കേതികമായ തർക്കങ്ങളല്ല, മറിച്ച് ഉൽപ്പാദന ഉപാധികളുടെ ഉടമസ്ഥാവകാശത്തെച്ചൊല്ലിയുള്ള അടിസ്ഥാനപരമായ വിള്ളലുകളാണെന്ന് പഠനങ്ങൾ അടിവരയിടുന്നു.

കേരളത്തിലെ മത്സ്യബന്ധനമേഖലയിൽ നിലനിൽക്കുന്ന പരമ്പരാഗത-യന്ത്രവൽകൃത വിഭജനം ഒരു സാങ്കേതിക വേർതിരിവല്ല, മറിച്ച് അത് വികസനനയങ്ങൾ സൃഷ്ടിച്ച അസമത്വത്തിന്റെ രാഷ്ട്രീയമാണ്. കേരളത്തിലെ ആകെ മത്സ്യബന്ധനത്തൊഴിലാളികളുടെ രണ്ടുശതമാനമാണ് പരമ്പരാഗത (artisan) മത്സ്യത്തൊഴിലാളികൾ എന്ന് മാത്യു ഏർത്തയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സമരങ്ങളുടെ ചരിത്രം രേഖപ്പെടുത്തിക്കൊണ്ട് അഭിപ്രായപ്പെടുന്നു. ഇൻഡോ-നോർവീജിയൻ പ്രോജക്റ്റിന് ശേഷം രൂപപ്പെട്ട സർക്കാർ നയങ്ങളാണ് ഈ രണ്ട് വ്യത്യസ്ത ഉൽപ്പാദന രൂപങ്ങൾക്ക് അടിത്തറയിട്ടത്. 'ചെറുകിട' (small-scale) അല്ലെങ്കിൽ 'പരമ്പരാഗതം' (artisan) എന്നീ പദങ്ങൾ വൈവിധ്യമാർന്ന തൊഴിൽ ശൈലികളെ ഉൾക്കൊള്ളുന്നതിനാൽ അവയെ നിർവ്വചിക്കുന്നത് പ്രയാസകരമാണെന്ന് മാർട്ടിൻ ബാവിൻക്ക് (Bavinck, 2005: 2) ചൂണ്ടിക്കാട്ടുന്നു. പലപ്പോഴും 'ആധുനികം' (modernized) എന്ന പദത്തിന്റെ ഒരു വിപരീത പദമായിട്ടാണ് ഇത് ഉപയോഗിക്കപ്പെടുന്നത്. ബാവിൻക്കിന്റെ അഭിപ്രായത്തിൽ 'പരമ്പരാഗത രംഗം' എന്നത് കുറഞ്ഞ മൂലധനവും പരിമിതമായ പ്രവർത്തന പരിധിയുമുള്ള തൊഴിലാളികളെ സൂചിപ്പിക്കുന്നു. ഇതിന് വിപരീതമായി 'വ്യാവസായിക മത്സ്യത്തൊഴിലാളികൾ' എന്നത് തുറമുഖങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവരും ഉയർന്ന മൂലധനവും ദീർഘദൂര ഉപകരണങ്ങളും ഉപയോഗിച്ച് വൻതോതിൽ ഉൽപ്പാദനം നടത്തുന്നവരുമാണ്. ഇവരുടെ അധ്വാനശേഷി പരമ്പരാഗതതൊഴിലാളികളേക്കാൾ പലമടങ്ങ് കൂടുതലാണ്. ഈ വിഭജനം എങ്ങനെയാണ് മത്സ്യത്തൊഴിലാളികളെ രണ്ട് വ്യത്യസ്ത കർതൃത്വങ്ങളായി മാറ്റിയത് എന്ന് വ്യക്തമാണ്. 'പരമ്പരാഗതം' എന്ന സങ്കല്പം

കേവലം പഴയരീതികളെ മാത്രമല്ല സൂചിപ്പിക്കുന്നത്; മറിച്ച് യന്ത്രവൽക്കരണം സൃഷ്ടിച്ച അസമത്വത്തോടും വിഭജനത്തോടുമുള്ള ഒരു 'കലഹം' കൂടി അത് വഹിക്കുന്നുണ്ട്.

### 1.2 സാമുദായിക അധികാര ഘടനകൾ

തീരദേശത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹിക പദവിയെ മുഖ്യധാരാ കാർഷിക-ഹിന്ദുസമൂഹത്തിന്റെ അധികാരയുക്തികളുമായി ബന്ധിപ്പിച്ചാണ് പല ഗവേഷകരും ചർച്ച ചെയ്തിട്ടുള്ളത് (Subrahmanian, 2009; Ram, 1991). ദക്ഷിണേന്ത്യയിലെ തീരദേശങ്ങൾ നേരിടുന്ന ചരിത്രപരമായ അധഃസ്ഥിതാവസ്ഥയുടെ വിവിധ മാനങ്ങൾ ഈ പഠനങ്ങളിലൂടെ വെളിപ്പെടുന്നു. കാർഷിക സംസ്കൃതിയിൽ അധിഷ്ഠിതമായ ഹിന്ദു സമൂഹത്തിന്റെയും ആധുനിക മതേതര രാഷ്ട്രഭാവനകളുടെയും കാഴ്ചപ്പാടിൽ, തീരദേശത്തെ ന്യൂനപക്ഷ മതസമൂഹങ്ങൾ പലപ്പോഴും 'അപരമായി' പ്രശ്നവൽക്കരിക്കപ്പെടുന്നു. ഈ അന്യവൽക്കരണം തീരദേശത്തെ സാമൂഹികവികാസത്തെയും സമുദായങ്ങൾ തമ്മിലുള്ള ബന്ധങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്. ഒരേ പ്രദേശം പങ്കിടുന്ന വിവിധ മത്സ്യബന്ധനസമുദായങ്ങൾക്കിടയിൽ പദവിപരമായ വ്യത്യാസങ്ങളും സാമ്പത്തികമായ വർഗ്ഗ-ജാതി വിള്ളലുകളും നിലനിൽക്കുന്നു. കടലിലും കരയിലും ഒരുപോലെ ഉടലെടുക്കുന്ന സംഘർഷങ്ങൾ തീരദേശത്തെ സങ്കീർണ്ണമായ അധികാരഘടനകളെയാണ് സൂചിപ്പിക്കുന്നത്. വള്ളങ്ങളും ബോട്ടുകളും സൂക്ഷിക്കുന്നതിലെ സ്ഥലപരിമിതിയെച്ചൊല്ലി മുസ്ലീം-ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിലുണ്ടായ തർക്കങ്ങൾ പലപ്പോഴും വലിയ സംഘർഷങ്ങളിലേക്ക് നയിച്ചിട്ടുണ്ട്. ആധുനികീകരണത്തിന്റെ ഭാഗമായുണ്ടായ വിഭവപരിമിതിയും സാമൂഹികമായ അധഃസ്ഥിതാവസ്ഥയും ഇത്തരം കലാപങ്ങൾക്ക് പിന്നിലെ ചാലകശക്തികളായി പ്രവർത്തിക്കുന്നു[3]. ആധുനികീകരണ പ്രക്രിയയും തീരത്തിന്റെ അധഃസ്ഥിതത്വവും ഈ അധികാരശക്തികളുമായി എങ്ങനെയാണ് ബന്ധപ്പെടുന്നത് എന്നതും അവയിലൂടെ പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ എന്താണെന്നതും മത്സ്യത്തൊഴിലാളി കർതൃത്വത്തെക്കുറിച്ചുള്ള പഠനങ്ങളിൽ നിർണ്ണായകമായ ചോദ്യങ്ങളാണ്.

#### 1.2.1 ലത്തീൻ കത്തോലിക്കാസമുദായവും മരയ്ക്കാർ വിഭാഗവും

ദക്ഷിണ കേരളത്തിലെ മത്സ്യബന്ധനമേഖലയുടെ സാമൂഹികഘടന പ്രധാനമായും ലത്തീൻ കത്തോലിക്കാ (മുക്കുവർ), മരയ്ക്കാർ (മുസ്ലീം) എന്നീ രണ്ട് സമുദായങ്ങളെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. ആധുനികീകരണ പ്രക്രിയ ഈ രണ്ട് സമുദായങ്ങളിലും ഉണ്ടാക്കിയ സ്വാധീനം തികച്ചും വ്യത്യസ്തമായിരുന്നു. മീൻപിടിത്തം, വിപണനം എന്നിവ മുഖ്യ

ഉപജീവനമാർഗമായി സ്വീകരിച്ച തീരദേശവിഭാഗങ്ങളിലെ ക്രിസ്ത്യൻ മതവിശ്വാസികളാണ് ലത്തീൻ കത്തോലിക്കർ. മുക്കുവ മത്സ്യത്തൊഴിലാളി എന്നത് ലത്തീൻ കത്തോലിക്കാ വിഭാഗത്തിന്റെ പ്രത്യേക ജാതി-മതതന്മയെ സൂചിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ ശക്തികുളങ്ങര, നീണ്ടകര എന്നീ പ്രദേശങ്ങളിലും തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ അഞ്ചുതെങ്ങുവരെയുമുള്ള മേഖലകളിലുമാണ് ഈ സമൂഹം സ്ഥിതിചെയ്യുന്നത്. ഈ വിഭാഗത്തിന്റെ തൊഴിൽപരവും സമുദായികവുമായ ബന്ധങ്ങൾ സ്വാംശീകരിച്ചിരിക്കുന്നത് പ്രത്യേക പ്രദേശ അതിരുകൾക്കുള്ളിൽ മാത്രമല്ലെന്നും ഉൽപ്പാദന-സാംസ്കാരിക വിനിമയങ്ങൾക്ക് വൈവിധ്യമേറിയ ചരിത്രമുണ്ടെന്നും ഈ രംഗത്തെ പഠനങ്ങൾ സൂചിപ്പിക്കുന്നു [4]

പതിനാറാംനൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂർതീരത്തെ മുക്കുവർ ക്രിസ്ത്യാനികളായി മാറിയതായി തീരദേശത്തെ സാമൂഹിക-ചരിത്രകൃതികൾ രേഖപ്പെടുത്തുന്നു[5]. പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസ് മിഷനറിമാരുടെ നേതൃത്വത്തിൽ നടന്ന മതപരിവർത്തനത്തിലൂടെയാണ് മുക്കുവ വിഭാഗം റോമൻ കത്തോലിക്കാ വിശ്വാസത്തിലേക്ക് മാറുന്നത്. പരമ്പരാഗത ജാതിവ്യവസ്ഥയിൽ 'അയിത്ത' വിഭാഗമായി പരിഗണിക്കപ്പെട്ടിരുന്ന ഇവർ, പരിവർത്തനത്തിന് ശേഷവും അതാത് മതങ്ങൾക്കുള്ളിലെ സാമൂഹിക അധഃസ്ഥിതാവസ്ഥയിൽ നിന്ന് പൂർണ്ണമായി മുക്തരായില്ല (Halfdanardottir, 1993: 141). പോർച്ചുഗീസ് രാജകീയശക്തിയുടെ പിന്തുണയുള്ള പോർച്ചുഗീസ് മിഷനറിമാരുടെ നേതൃത്വത്തിലാണ് മതപരിവർത്തനം നടന്നത്. റോമൻ കത്തോലിക്കാ മതത്തിലേക്കുള്ള പരിവർത്തനങ്ങൾ വാസ്കോഡ ഗാമയുടെയും (1498) മലബാർതീരത്തെ പോർച്ചുഗീസ് ആധിപത്യത്തിന്റെയും ആഗമനം മുതലുള്ളതാണ്. പത്തൊൻപതാം നൂറ്റാണ്ടുതൊട്ട് ഏകീകരണസ്വഭാവത്തിൽ ക്രിസ്ത്യൻ മിഷനറിമാരും സഭകളും തീരദേശത്ത് പ്രവർത്തിച്ചുതുടങ്ങിയിരുന്നു[6]. ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ സാമൂഹിക ജീവിതം പള്ളിയെ കേന്ദ്രീകരിച്ചാണ് രൂപപ്പെട്ടത്. 1960-കളിൽ യന്ത്രവൽക്കരണം വ്യാപകമായപ്പോൾ സഭയുടെയും വൈദികരുടെയും മധ്യസ്ഥതയിൽ വായ്പകളും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കാൻ ഇവർക്ക് സാധിച്ചു. സാലാഹ് പുനത്തിൽ (2019: 86) നിരീക്ഷിക്കുന്നത് പോലെ, സഭ ഒരു 'സാമൂഹിക മാറ്റത്തിന്റെ സ്ഥാപനം' എന്ന നിലയിൽ പ്രവർത്തിച്ചത് മുക്കുവ വിഭാഗത്തിന് ആധുനികീകരണത്തിന്റെ ഗുണഭോക്താക്കളാകാൻ സഹായകമായി.

മുസ്ലീംമതത്തിൽപ്പെട്ട മരയ്ക്കാർ മത്സ്യതൊഴിലാളികൾ വിഴിഞ്ഞത്തിന്റെ തെക്കുഭാഗത്താണ് സ്ഥിതിചെയ്യുന്നത്. മുക്കുവരെപ്പോലെ മീൻപിടുത്തവും വിപണനവുമാണ് പ്രധാന തൊഴിലുകൾ. 1960-കളിൽ യന്ത്രവൽക്കരണം വ്യാപകമായതോടെ വായ്പാപദ്ധതികളും മറ്റു സാമ്പത്തികസഹായങ്ങളും ലത്തീൻകത്തോലിക്കർക്ക് ലഭ്യമായതുപോലെ മരയ്ക്കാർവിഭാഗത്തിന് നേടാൻ സാധിച്ചില്ല. അതുകൊണ്ടുതന്നെ ഇവരിൽ ഭൂരിഭാഗവും ചെറുവള്ളങ്ങളിലും കട്ടമരത്തിലുമുള്ള പരമ്പരാഗതരീതി തുടർന്നുപോന്നു.

തെക്കൻതീരത്ത് മുക്കുവരും മരയ്ക്കാർ വിഭാഗങ്ങളും തമ്മിൽ നടന്ന സംഘർഷത്തെ പഠിച്ച സാലാഹ് പുനത്തിൽ മുസ്ലീംവിഭാഗത്തിന്റെ പാർശ്വവൽക്കരണമായിട്ടാണ് യന്ത്രവൽക്കരണത്തിന്റെ വ്യാപനത്തെ നിരീക്ഷിക്കുന്നത്. സ്വന്തമായി ട്രോളറുകളോ യന്ത്രവൽകൃത ബോട്ടുകളോ ഇല്ലാത്ത മരക്കാർ മുസ്ലിംകളും മുക്കുവരും തമ്മിലുള്ള തൊഴിൽരീതിയിൽ വ്യകതമായ അന്തരമുണ്ടായതിനെത്തുടർന്ന് കടലിൽ മീൻപിടിക്കുന്ന ഇടങ്ങളിലും മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിന്റെ പ്രദേശങ്ങളിലും ഇരുവിഭാഗവും രൂപപ്പെടുത്തിയ അതിർത്തികളിൽ അവ്യകതത സൃഷ്ടിക്കാനിടയായി. ഇത് വംശീയ പ്രദേശങ്ങളായിത്തിരിയുന്നതിനും അക്രമങ്ങൾ വ്യാപിക്കുന്നതിനും കാരണമായി. തന്മകളുടെ പുനർനിർമ്മാണം എന്ന ആശയവുമായി ബന്ധപ്പെടുത്തി മുസ്ലീം വിഭാഗത്തെ ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ആധുനികീകരണത്തിന്റെ അനന്തരഫലങ്ങൾക്ക് വ്യക്തമായ സാമൂഹികമാനം ഉണ്ടെന്നും അതിന്റെ ഗുണഭോക്താക്കൾ കൂടുതലും മുക്കുവർ ക്രിസ്ത്യാനികളായിരുന്നു എന്നും കണ്ടെത്തുന്നു. 1950 മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളികളായ മരക്കാർ മുസ്ലിംങ്ങളും മുക്കുവർ ക്രിസ്ത്യാനികളും തമ്മിൽ നടന്ന കലാപങ്ങളും അക്രമങ്ങളും മത്സ്യബന്ധന രംഗത്തുനടന്ന ആധുനികീകരണത്തിന്റെയും അതുവഴി രൂപപ്പെട്ട സമുദായാടിസ്ഥാനത്തിലുള്ള വ്യത്യാസത്തിന്റെയും പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതുണ്ട് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. “ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെ വിഴിഞ്ഞം പ്രദേശത്ത് താരതമ്യേന ശക്തമായ സംഘടിത വിഭാഗമായി മുക്കുവവിഭാഗം ഉയർന്നുവന്നിരുന്നുവെന്നും ഈ ഉയർച്ചയിൽ സാമൂഹിക മാറ്റത്തിന്റെ സ്ഥാപനമെന്ന നിലയിൽ സഭ നിർണായകമായിരുന്നു. ഈ മേഖലയിൽ വിപണനരംഗം വഴി സമ്പന്നരായി രുന്ന മുസ്ലീം വിഭാഗത്തിന്റെ മേൽക്കോയ്മ ഇതോടെ ഇല്ലാതായി. സംസ്ഥാനം ആരംഭിച്ച വികസന

പ്രവർത്തനങ്ങളിലും മുക്കുവരെ സഹായിക്കാൻ ലത്തീൻ കത്തോലിക്കസഭ മുന്നിൽ നിന്നിരുന്നു. ഇത്തരമൊരു മധ്യസ്ഥവും സംഘടനാ ബലവും മുസ്ലീംമരക്കാർക്ക് ഇല്ലാതെ പോയതോടെ ഈ വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം നേടാതെ ഇവർ പിന്നോക്കമായിത്തീർന്നു. യന്ത്രവൽക്കരണം സൃഷ്ടിച്ച വെല്ലുവിളികളെ സ്വീകരിക്കുന്നതിലും നേരിടുന്നതിലും മരക്കാർ വിഭാഗം തീർത്തും പരാജയപ്പെട്ടു" (Punathil, 2019: 86). ഈ നിരീക്ഷണങ്ങൾ പരിഗണിക്കുമ്പോൾ തെക്കൻ തീരമേഖലയിൽ തിരുവനന്തപുരത്തെ ലത്തീൻ കത്തോലിക്കാ സമുദായവും മരയ്ക്കാർവിഭാഗവും തമ്മിലുണ്ടായ സാംസ്കാരികവും പ്രദേശപരവുമായ അന്തരങ്ങളും അതിരുകളും ആധുനികീകരണത്തോടെ കൂടുതൽ സങ്കീർണമായിത്തീർന്നു എന്നു വേണം മനസ്സിലാക്കുവാൻ. സാങ്കേതിക വിദ്യയിലെ ഈ അന്തരവും വിഭവങ്ങൾക്കായുള്ള മത്സരവും ഇരുവിഭാഗങ്ങളും തമ്മിലുള്ള അതിരുകളിൽ അവ്യക്തത സൃഷ്ടിച്ചു. ഇത് വംശീയമായ ചേരിതിരിവുകൾക്കും ശാരീരികമായ അക്രമങ്ങൾക്കും കാരണമായി. 1950 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലെ തീരദേശ കലാപങ്ങൾ ഈ ആധുനികീകരണ വിടവിന്റെ അനന്തരഫലമായിരുന്നു.

1970-കളിൽ യന്ത്രവൽകൃത ബോട്ടുകൾ സൃഷ്ടിച്ച സാമ്പത്തിക അനിശ്ചിതത്വം ലത്തീൻ കത്തോലിക്കാ സമുദായത്തിനുള്ളിൽ തന്നെ വർഗ്ഗപരമായ വിള്ളലുകൾ ഉണ്ടാക്കി. ഇത് പിന്നീട് ബോട്ട് ഉടമകളും പാരമ്പര്യ തൊഴിലാളികളും തമ്മിലുള്ള ഏറ്റുമുട്ടലുകളിലേക്ക് നയിച്ചു. ഇത്തരത്തിലുള്ള അക്രമാസക്തമായ പ്രതിഷേധങ്ങളെ ജനാധിപത്യപരമായ സമരങ്ങളായി പരിവർത്തിപ്പിക്കാൻ വൈദികരുടെ നേതൃത്വത്തിൽ രൂപപ്പെട്ട മത്സ്യത്തൊഴിലാളി യൂണിയനുകൾ കാരണമായി. യന്ത്രവൽക്കരണ-വ്യാവസായിക മുന്നേറ്റങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളികൾക്കിടയിൽ ഉയർന്നുവന്ന ഒരുവിഭാഗത്തെയാണ് മുതലാളിവർഗമായി കരുതിപ്പോരുന്നത്. ഇത്തരത്തിൽ പ്രധാന സാമ്പത്തിക ശക്തിയായിത്തീരുന്നതിന് ലത്തീൻ കത്തോലിക്കാവിഭാഗത്തിന് സാധിക്കുന്നുണ്ട്. 1970-കളിൽ കേരളത്തിന്റെ തെക്കൻതീരത്തെ സാമൂഹികപ്രസ്ഥാനങ്ങൾ സജീവമാകുന്നതോടുകൂടിയാണ് ഇതിനെതിരെ ഈ വിഭാഗത്തിൽനിന്നു തന്നെയുള്ള മത്സ്യത്തൊഴിലാളികളുടെ രാഷ്ട്രീയ-സാമൂഹിക പ്രതികരണങ്ങൾ ശക്തമായി പ്രത്യക്ഷപ്പെടുന്നത്. മുക്കുവ മത്സ്യത്തൊഴിലാളികൾക്കിടയിൽ ഇരുവിഭാഗങ്ങളും അക്രമാസക്തരായി ബോട്ട് പിടിച്ചുകെട്ടലും പിഴയീടാക്കലും ബോട്ട് കത്തിക്കലും തുടർച്ചയായി നടന്നിരുന്നു. "1977-1978

കാലഘട്ടത്തിൽ ക്രമസമാധാനപ്രശ്നങ്ങൾ അതിരൂക്ഷമായതിനെ തുടർന്നാണ് കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്കിടയിൽ യൂണിയന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നത്. ആദ്യവർഷങ്ങളിൽ കേരളതീരത്ത് (കൊല്ലം, കൊച്ചി, ആലപ്പുഴ) വിവിധ പ്രദേശങ്ങളിലെ ലത്തീൻ കത്തോലിക്കാസഭയുടെ പ്രാദേശികവൈദികർ യന്ത്രവൽകൃതമേഖലയ്ക്കെതിരായ അക്രമാസക്തമായ പ്രതിഷേധം ഇല്ലാതാക്കാൻ മത്സ്യത്തൊഴിലാളിയൂണിയനുകളുടെ സംഘടനയെ പ്രോത്സാഹിപ്പിച്ചു. മറ്റ് തീരദേശസംസ്ഥാനങ്ങളിലും ഇത്തരം സംഘർഷങ്ങൾ യൂണിയൻ രീതിയിലുള്ള മത്സ്യത്തൊഴിലാളി സംഘടനകളുടെ രൂപീകരണത്തിന് കാരണമായി" (Meynen , 1989).

യന്ത്രവൽക്കരണവും വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യബന്ധനവും ലത്തീൻ കത്തോലിക്കരായ ഒരുവിഭാഗം മത്സ്യത്തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയിലും വരുമാനത്തിലും അനിശ്ചിതത്വം സൃഷ്ടിച്ചതോടെ ലത്തീൻസഭ കാര്യക്ഷമമായി ഇടപ്പെടുകയുണ്ടായത്. സാമൂഹികപ്രസ്ഥാനങ്ങൾ, കോ-ഓപ്പറേറ്റീവ്സൊസൈറ്റികൾ, സന്നദ്ധപ്രവർത്തനനങ്ങൾ എന്നിവ തെക്കൻ മേഖലകളിൽ വ്യാപകമാക്കി. യന്ത്രവൽകൃത രംഗത്തിന്റെ അക്രമങ്ങൾ നേരിട്ട മർസ്ലാർവിഭാഗങ്ങൾ ഈ സന്നദ്ധപ്രവർത്തനങ്ങൾക്ക് പുറത്തായിരുന്നു. 1970-കളുടെ അവസാനത്തിൽ സംസ്ഥാനത്ത് ഉയർന്നുവന്ന നിരവധി മത്സ്യത്തൊഴിലാളിപ്രസ്ഥാനങ്ങളിൽനിന്ന് മുക്കുവവിഭാഗങ്ങൾ ഇവരെ ഒഴിവാക്കിയത് ഈ വിഭാഗങ്ങൾക്ക് ഈ വിഷയത്തിൽ രാഷ്ട്രീയ പിന്തുണയില്ലാതാകുന്നതിന് ഇടയാക്കിയതായി സാലാഹ് പുനത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട് (Punathil, 2020: 86). ഒരു മതസ്ഥാപനം എങ്ങനെയാണ് ഭരണകൂട വികസന നയങ്ങളെ ഒരു സമുദായത്തിന് അനുകൂലമായി 'പരിവർത്തിപ്പിക്കുന്നത്' എന്ന് ഇത് വ്യക്തമാക്കുന്നു. അതോടൊപ്പം കടലിലെ അതിരുകൾ മതപരവും സാങ്കേതികവുമാണെന്ന് ഈ ഭാഗം സമർത്ഥിക്കുന്നു. തീരമേഖലയിലെ സാമൂഹിക-സാമ്പത്തികചലനങ്ങൾ, സാംസ്കാരിക-മതഘടകങ്ങൾ എന്നിവയ്ക്കിടയിലുള്ള ബന്ധത്തിൽനിന്ന് ഉയരുന്ന ജാതി-സമുദായ-വർഗ പരിണാമങ്ങളുടെ തലങ്ങൾ പരിവർത്തനാനുഭവങ്ങൾക്ക് നിർണായകമായി വർത്തിക്കുന്നതായി ഇവിടെ വ്യക്തമാകുന്നു.

**1.3 മത്സ്യത്തൊഴിലാളികളുടെ അവകാശരാഷ്ട്രീയം**

കേരളത്തിലെ തെക്കൻ തീരമേഖലയിൽ, പ്രത്യേകിച്ച് ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ രൂപപ്പെട്ട രാഷ്ട്രീയവൽ

ക്കരണം ആധുനികീകരണപ്രക്രിയയോടുള്ള നേരിട്ടുള്ള പ്രതികരണമായിരുന്നു. ആധുനികീകരണം ഒരുവിഭാഗം തൊഴിലാളികളെ പുറന്തള്ളിയപ്പോൾ, തങ്ങളുടെ ഉപജീവനവും പാരിസ്ഥിതികനീതിയും സംരക്ഷിക്കുന്നതിനായി 'അവകാശരാഷ്ട്രീയം' എന്ന പുതിയ പ്രതിരോധം രൂപപ്പെടുത്തി. ഇത് കേവലം സാമ്പത്തിക ആവശ്യങ്ങൾക്കപ്പുറം, തീരദേശത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ആശങ്കകളെക്കൂടി പ്രതിനിധീകരി ക്കുന്നതായിരുന്നു. ആധുനികീകരണം സൃഷ്ടിച്ച സാമൂഹിക വിള്ളലുകളിൽ നിന്ന് പുറത്തുവന്ന രാഷ്ട്രീയ സംഘാടനങ്ങൾ മത്സ്യത്തൊഴിലാളി എന്ന സ്വത്വത്തിന് പൊതുസമൂഹത്തിൽ പുതിയൊരു 'ദൃശ്യതയും' അംഗീകാരവും നേടിത്തന്നു. തങ്ങൾ കേവലം വികസനത്തിന്റെ ഇരകളല്ല, മറിച്ച് അവകാശങ്ങളുള്ള പൗരന്മാരാണെന്ന ബോധം ഇതിലൂടെ ഉറപ്പിക്കപ്പെട്ടു. ഈ രാഷ്ട്രീയ മുന്നേറ്റത്തിൽ മത്സ്യത്തൊഴിലാളി യൂണിയനുകൾക്കൊപ്പം തന്നെ പുരോഹിതർ, സാമൂഹിക പ്രവർത്തകർ, പരിസ്ഥിതി ശാസ്ത്രജ്ഞർ, ഗവേഷകർ എന്നിവരുടെ ഒരു വലിയ ശൃംഖല അണിനിരന്നു. നീതി, സമത്വം, ആത്മാഭിമാനം എന്നീ മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ കൂട്ടായ്മകൾ തീരത്തിന്റെ ഭാഷയിലും ഭാവനയിലും പുതിയ അടയാളങ്ങൾ സൃഷ്ടിച്ചു. പരമ്പരാഗതമായ ജാതി-സമുദായ ബന്ധങ്ങളിൽ നിന്ന് മാറി, അവകാശബോധമുള്ള ഒരു ആധുനിക തീരദേശ സ്വത്വത്തിലേക്കുള്ള പ്രവേശന കവാടമായി ഈ അവകാശസമരങ്ങൾ മാറി.

**1.3.1 തീരദേശസംഘർഷങ്ങളും രാഷ്ട്രീയസംഘാടനവും**

പരമ്പരാഗതരംഗത്തെയും യന്ത്രവൽകൃതരംഗത്തെയും മത്സ്യത്തൊഴി ലാളികളുടെയും സാമൂഹികപ്രവർത്തകരുടെയും വൈദികരുടെയും സംയുക്ത നീക്കമായിട്ടാണ് മത്സ്യത്തൊഴി ലാളിപ്രസ്ഥാനത്തിന്റെ അവകാശസമര പ്രവർത്തനങ്ങൾ നടന്നത്. എന്നാൽ യൂണിയൻ പ്രവർത്തനങ്ങളുടെ രാഷ്ട്രീയവൽക്കരണത്തിന്റെ ചരിത്രം തുടങ്ങുന്നതിൽ ദേശീയ സംഭവവികാസങ്ങൾ നിർണായകമായിരുന്നു. ഇത് സാമുദായിക പ്രാതിനിധ്യത്തെ അടിസ്ഥാന മാക്കിയുള്ള സാമൂഹികസംഘടനയിൽനിന്ന് മത്സ്യത്തൊഴിലാളി പ്രസ്ഥാനങ്ങൾ ക്കിടയിൽ വർഗനിലപാടുകൾ വികസിച്ചു വരുന്നതിൽ സഹായകമായി[8]. "1970-കളുടെ തുടക്കത്തിൽ ആരംഭിച്ച് ക്രമേണ ഉയർന്നുവന്ന ഒന്നായിരുന്നു പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംഘാടനങ്ങൾ. ഇന്ത്യയിൽ 'മത്സ്യത്തൊഴിലാളികളുടെ പ്രസ്ഥാനം' (fish workers movement) എന്ന് വിളിക്ക പ്പെടുന്ന ഈ സംഘാടനം ഏതാനും

പതിറ്റാണ്ടുകൾ നീണ്ടുനിന്നു. ഇത് ഒരു ദ്വിമുഖപ്രക്രിയയായിരുന്നു. ഒന്ന് 1960-കളുടെ അവസാനത്തിൽ തിരുവനന്തപുരത്തിന് വടക്കുള്ള മരിയനാട് എന്ന ഒരു ചെറിയ മത്സ്യബന്ധനഗ്രാമത്തിൽ ആരംഭിച്ചു, മറ്റൊന്ന് 1970-കളുടെ അവസാനത്തിൽ ഗോവയിൽ ആരംഭിച്ച് രാജ്യമെമ്പാടും വ്യാപിച്ചു. ഇതിലെ ആദ്യത്തെ പ്രക്രിയയ്ക്ക് തീവ്രമായ തലത്തിൽ ഒരു സൂക്ഷ്മവീക്ഷണമുണ്ടായിരുന്നു. ഇതിന്റെ ഭാഗമായി പ്രാദേശികതലത്തിൽ ജനകീയ സംഘടനകൾ കെട്ടിപ്പടുക്കുകയും ചെയ്തു. രണ്ടാമത്തേതിന് സ്ഥൂലവും രാഷ്ട്രീയവുമായ ശ്രദ്ധയുണ്ടായിരുന്നു. 1980-1990കളിലും പിന്നീട് 2000-ത്തിലും മത്സ്യത്തൊഴിലാളികൾ സ്വന്തമായി ഒരു അന്താരാഷ്ട്ര സംഘടന രൂപീകരിക്കുന്ന തുവരെ ഈ രണ്ട് പ്രക്രിയയിലും മത്സ്യത്തൊഴിലാളികളും സംഘാടകരും ഒരുമിച്ച് പ്രവർത്തിച്ചു പോന്നു" (Nayak, 2018: 142). ഇത്തരമൊരു സംഘാടനം മത്സ്യത്തൊഴിലാളികളെ തങ്ങളുടെ തൊഴിൽപരമായ അറിവുകളെയും അവകാശങ്ങളെയും കുറിച്ച് ബോധവാന്മാരാക്കി.

1970-കളുടെ അവസാനത്തോടെ തീരദേശത്തെ സംഘർഷങ്ങൾ കേവലം പ്രാദേശികമായ ക്രമസമാധാന പ്രശ്നങ്ങൾ എന്നതിലുപരി ദേശീയതലത്തിലുള്ള നയപരമായ ചർച്ചകളായി മാറി. ഇതിന്റെ തുടക്കം കുറിച്ചത് ഗോവയിലെ കടൽത്തീര മത്സ്യത്തൊഴിലാളികൾ (shore seine fishers) ട്രോളറുകൾക്കെതിരെ നടത്തിയ ചരിത്രപ്രധാനമായ പ്രതിഷേധങ്ങളായിരുന്നു. ചെന്നൈ, തൂത്തുക്കുടി, കേരളം തുടങ്ങിയ തീരങ്ങളിൽ സമാനമായ സംഘർഷങ്ങൾ ഉടലെടുത്തതോടെ ഈ വിഷയത്തിൽ സർക്കാർ ഇടപെടാൻ നിർബന്ധിതമായി. കേന്ദ്രസർക്കാർ നിയോഗിച്ച മജുംദാർ കമ്മിറ്റിയുടെ (Majumdar Committee) നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിനും കടലിലെ വിഭവ വിതരണത്തിന് ഒരു ദേശീയ നിയമനിർമ്മാണം ആവശ്യപ്പെടുന്നതിനുമായി രാജ്യവ്യാപകമായ കാമ്പയിനുകൾ ആരംഭിച്ചു. ഗോവയിലെ പ്രവർത്തകരുടെ നേതൃത്വത്തിൽ 'നാഷണൽ ഫോറം ഓഫ് കാറ്റമരൻ ആൻഡ് കൺട്രി ബോട്ട് ഫിഷർമെൻസ് റൈറ്റ്സ് ആൻഡ് മറൈൻ വെൽത്ത്(National forum of Catamaran and Country Boat Fishermen's Rights and Marine Wealth)" എന്ന പേരിൽ ഒരു ദേശീയ വേദി രൂപീകരിക്കപ്പെട്ടു. സമുദ്ര നിയന്ത്രണവും തൊഴിലാളി ക്ഷേമവുമായിരുന്നു ഈ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ. 1978-ൽ ഗോവ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിലെ വിവിധ സംഘടനാ നേതാക്കൾ ചേർന്ന് നാഷണൽ ഫിഷർമെൻ ഫോറം (N.F.F) രൂപീകരിച്ചു. മെയ്നൻ (Meynen, 1989)

നിരീക്ഷിക്കുന്നത് പോലെ, ഈ ശൃംഖലയുടെ ആവിർഭാവത്തോടെ വിവിധ സംസ്ഥാനങ്ങളിൽ ചിതറിക്കിടന്നിരുന്ന യൂണിയൻ പ്രവർത്തനങ്ങൾക്ക് പുതിയൊരു ദിശാബോധവും പ്രോത്സാഹനവും ലഭിച്ചു. ഇത് ഇന്ത്യയിലെ മത്സ്യത്തൊഴിലാളി പ്രസ്ഥാനം ഒരു ദേശീയ ശക്തിയായി മാറിയ പ്രക്രിയയെ വിവരിക്കുന്നു. അതോടൊപ്പം ബോട്ടുടമകളുടെയും വ്യാപാരികളുടെയും ശക്തമായ എതിർപ്പുകൾക്കിടയിലും ഈ സംഘടനകൾ കടലിലെ അവകാശങ്ങൾക്കായി പൊരുതി. ഇത് കടലിനെ സംബന്ധിച്ച നിയന്ത്രണാധികാരങ്ങളിൽ കൂടുതൽ നിയമപരമായ സങ്കീർണ്ണതകൾ സൃഷ്ടിച്ചു.

കേരളത്തിലെ മത്സ്യത്തൊഴിലാളി രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ തിരുവനന്തപുരം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയന്റെ (T.D.F.U) രൂപീകരണം നിർണ്ണായകമായ ഒരു ഘട്ടമാണ്. 1970-കളിൽ എൻ.ജി.ഒകളുടെയും മഹിളാസമാജങ്ങളുടെയും നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണ് ഇതിന് അടിത്തറപാകിയത്. ചന്തകളിൽ മീൻ വിൽക്കാൻ പോകുന്ന സ്ത്രീകളുടെ യാത്രാക്ലേശങ്ങൾ പരിഹരിക്കുക എന്നതായിരുന്നു സംഘടനയുടെ ആദ്യകാല ലക്ഷ്യങ്ങളിലൊന്ന്. പൊതുഗതാഗതം ഉപയോഗിക്കാനുള്ള അവകാശത്തിനായി അവർ നടത്തിയ പോരാട്ടങ്ങൾ, മത്സ്യത്തൊഴിലാളി രാഷ്ട്രീയത്തെ കേവലം കടലിലെ വിഭവ വിതരണത്തിൽ നിന്ന് സാമൂഹികമായ അംഗീകാരത്തിലേക്കും പൗരാവകാശങ്ങളിലേക്കും വ്യാപിപ്പിച്ചു. 1970-കളുടെ അവസാനത്തോടെ തെക്കൻ കേരളത്തിൽ നിരവധി യൂണിയനുകൾ സജീവമായി. തിരുവനന്തപുരം രൂപതാ മത്സ്യത്തൊഴിലാളി യൂണിയൻ (1978), അഞ്ചുതെങ്ങ് ബോട്ട് വർക്കേഴ്സ് യൂണിയൻ (1978) തുടങ്ങിയവ സഭയുടെയും മറ്റും പിന്തുണയോടെ പ്രവർത്തിച്ചപ്പോൾ, രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലും സംഘടനകൾ രൂപപ്പെട്ടു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ആദ്യകാല ജനകീയസംഘങ്ങൾക്ക് പിന്നാലെ കോൺഗ്രസ് അനുകൂല ട്രേഡ് യൂണിയനുകളും ഈ രംഗത്തേക്ക് കടന്നുവന്നു. ആലപ്പുഴയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘം ഇത്തരത്തിലുള്ള ആദ്യകാല രൂപങ്ങളിൽ ഒന്നായിരുന്നു (ഒരു സമരകഥ, 1988: 18).

യന്ത്രവൽക്കരണം സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടാൻ ചിതറിക്കിടക്കുന്ന പ്രാദേശിക യൂണിയനുകൾ പോരെന്ന തിരിച്ചറിവിൽ നിന്നാണ് ഒരു സംസ്ഥാനതല സംഘടനയുടെ ആവശ്യകത ഉന്നയിക്കപ്പെട്ടത്. 1977-ൽ ലത്തിൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്ന സംസ്ഥാനതല സംഘടന രൂപപ്പെട്ടു. ഫാദർ

ആൽബർട്ട് പരിശവിള വൈസ് പ്രസിഡണ്ട്, വി.സി ആന്റണിയും കല്ലട ലോറൻസും ജനറൽ സെക്രട്ടറിമാർ എന്നിങ്ങനെ ഭാരവാഹി കൾ തിരഞ്ഞെടുക്കപ്പെട്ടു. 1978-ലെ മറ്റൊരു പ്രധാന സംഭവമായിരുന്നു എൻ.എഫ്.എഫ്. എന്ന ദേശീയ സംഘടനയുടെ രൂപീകരണം. സാമുദായിക സംഘടന എന്ന നിലയിൽനിന്ന് മാറിക്കൊണ്ട് എല്ലാ ജാതിമതവിഭാഗങ്ങളെയും സ്വാഗതം ചെയ്തുകൊണ്ട് 1980-ൽ ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്നത് കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ (K.S.M.T.F) എന്നതായി രൂപം പ്രാപിച്ചു. വിഭവവിനിയോഗത്തിലെ നീതി ഉറപ്പാക്കാനും യന്ത്രവൽകൃത ബോട്ടുകളുടെ അനിയന്ത്രിതമായ കടന്നുകയറ്റം തടയാനുമാണ് സംഘടന മുൻഗണന നൽകിയത്. സർക്കാരിന്റെ വികസന നയങ്ങളെ നേരിട്ട് ചോദ്യം ചെയ്യുന്ന ഒരു രാഷ്ട്രീയ ശക്തിയായി KSMTF മാറി. യൂണിയനായി രജിസ്റ്റർ ചെയ്യപ്പെട്ട പ്രബലമായ രണ്ട് പ്രധാന സംഘടനകളായ ദേശീയ മത്സ്യത്തൊഴിലാളി ഫോറവും (N.F.F., 1979) കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയനും (K.S.M.T.F., 1980) കേരളത്തിലെ മത്സ്യത്തൊഴിലാളി പ്രസ്ഥാനങ്ങളിൽ നിർണായക ശക്തികളായി നിലനിന്നു[7].

1980-കളിൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ (K.S.M.T.F) നടത്തിയ സമരങ്ങൾ കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ നയരൂപീകരണത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. വിമോചന ദൈവശാസ്ത്രതത്വങ്ങളിൽ ആകൃഷ്ടരായ വൈദിക രുടെയും സാമൂഹിക പ്രവർത്തകരുടെയും നേതൃത്വത്തിൽ നടന്ന ഈ മുന്നേറ്റങ്ങൾ കടലിന്റെ ആവാസവ്യവസ്ഥയെ സംരക്ഷിക്കാനുള്ള രാഷ്ട്രീയമായിരുന്നു ഉയർത്തിയത്. 1981-ൽ കെ.എസ്.എം.ടി.എഫ്, തീരക്കടലിലെ ട്രോളറുകളുടെ വ്യാപകവും വിനാശകരവുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ആവശ്യപ്പെട്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മുന്നേറ്റത്തിന് നേതൃത്വം നൽകി. മൺസൂൺ കാലമായ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് നിരോധിക്കണമെന്നതായിരുന്നു സമരത്തിന്റെ മുഖ്യ ആവശ്യം. സമുദ്രവിഭവങ്ങൾ മുട്ടയിട്ട് പെരുകുന്ന ഈ കാലയളവിലെ യന്ത്രവൽകൃത മത്സ്യബന്ധനം വിഭവ ശോഷണത്തിന് കാരണമാകുന്നുവെന്ന് ശാസ്ത്രീയമായ തെളിവുകൾ നിരത്തിക്കൊണ്ട് സംഘടന വാദിച്ചു. യന്ത്രവൽകൃതമല്ലാത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നീക്കിവച്ചിരിക്കുന്ന ട്രോളർരഹിത തീരദേശ മത്സ്യബന്ധനമേഖല ഫലപ്രദമായി നടപ്പാക്കുക, കേരളത്തിലെ ജലാശയങ്ങളിൽനിന്ന്

പേഴ്സീൻ ഉപകരണങ്ങൾ സമ്പൂർണമായി നിരോധിക്കുക എന്നിവയായിരുന്നു രണ്ടാമത്തെ ആവശ്യം. കടൽ വിഭവങ്ങളുടെ സംരക്ഷണത്തോടൊപ്പം തന്നെ കായൽ-കടൽ മത്സ്യത്തൊഴിലാളികളുടെ സാമൂഹികക്ഷേമം ഉറപ്പാക്കാനുള്ള നടപടികളും ഫെഡറേഷൻ മുന്നോട്ടുവെച്ചു. സഭയുടെ ലൗകികാധികാരത്തെ തൊഴിലാളികളുടെ ശാക്തീകരണത്തിനായി ഉപയോഗിച്ച വിമോചന ദൈവശാസ്ത്രത്തിന്റെ സ്വാധീനം ഈ സമരങ്ങൾക്ക് വലിയ തോതിൽ ജനകീയത നൽകി. ഇത് തൊഴിലാളികളിൽ പുതിയൊരു അവകാശബോധവും രാഷ്ട്രീയ കർതൃത്വവും രൂപപ്പെടുത്തി.

1980-കളുടെ അവസാനത്തോടെ ദേശീയ മത്സ്യത്തൊഴിലാളി ഫോറത്തിന്റെ (N.F.F) പ്രവർത്തനം ട്രോളിംഗ് നിരോധന സമരങ്ങൾക്കപ്പുറം വലിയൊരു ജനകീയ പ്രസ്ഥാനമായി പരിണമിച്ചു. 1989-ൽ നടന്ന 'കന്യാകുമാരി മാർച്ച്' ദേശീയതലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഒരു വേദിയുണ്ടാക്കി. ഗുജറാത്തിൽനിന്നും പശ്ചിമബംഗാളിൽനിന്നും ആരംഭിച്ച് എല്ലാ തീരപ്രദേശങ്ങളിലൂടെയും സഞ്ചരിച്ച്, തീരദേശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുക എന്ന ലക്ഷ്യത്തോടെ നടന്ന കന്യാകുമാരി മാർച്ച് തീരദേശത്തെ കുടിയൊഴിപ്പിക്കൽ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയിലേക്ക് രാജ്യത്തിന്റെ ശ്രദ്ധ തിരിച്ചു. എൻ.എഫ്.എഫ് മറ്റ് ജനകീയ പ്രസ്ഥാനങ്ങളുമായി ചേർന്ന് 'നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്' (N.A.P.M) രൂപീകരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. 1993-ൽ രൂപീകൃതമായ 'സെന്റർ ഫോർ ലേബർ' (N.C.L) വഴി അസംഘടിത മേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങളെ ഒരു കേന്ദ്ര ട്രേഡ് യൂണിയൻ രൂപത്തിലേക്ക് എത്തിക്കാൻ സാധിച്ചു. ആന്ധ്രാപ്രദേശ്, ബംഗാൾ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് സംഘടന വ്യാപിച്ചതോടെ സ്ത്രീകളുടെ പ്രശ്നങ്ങൾ കൂടുതൽ ഗൗരവമായി അഭിസംബോധന ചെയ്യപ്പെട്ടു. 'വിമൻ ഇൻ ഫിഷറീസ് ഇന്റർനാഷണൽ പ്രോഗ്രാമു'മായി സഹകരിച്ച് വിദേശ രാജ്യങ്ങളിലെ സമാന പ്രസ്ഥാനങ്ങളുമായി ബന്ധം സ്ഥാപിക്കുകയും ഇന്ത്യയിലുടനീളം വനിതാ ശൃംഖല കെട്ടിപ്പടുക്കുകയും ചെയ്തു.

അന്താരാഷ്ട്രതലത്തിൽ മത്സ്യത്തൊഴിലാളികളെ പിന്തുണയ്ക്കുന്ന പ്രധാന സംഘടനയാണ് ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷർ വർക്കേഴ്സ് (I.C.S.F,1986). അന്താരാഷ്ട്രതലത്തിൽ ദൃശ്യത കൈവരിക്കുന്നതിനായി കേരളത്തിലും ഐ.സി.എസ്.എഫ്. സംഘടനാ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 1984-ൽ ഭക്ഷ്യകാർഷിക

സംഘടന ഫിഷറീസ് മാനേജ്മെന്റും വികസനവും സംബന്ധിച്ച ലോകസമ്മേളനം സംഘടിപ്പിച്ചതിന് സമാന്തരമായി അന്താരാഷ്ട്രതലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംഘടന സംഘടിപ്പിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് 1986-ൽ മത്സ്യത്തൊഴിലാളികളെ പിന്തുണയ്ക്കുന്ന അന്താരാഷ്ട്ര കൂട്ടായ്മയുടെ തലത്തിൽ തിരുവനന്തപുരത്തെ പ്രവർത്തകർ ചേർന്ന് ഐ.സി.എസ്.എഫ്.ന്റെ പുതിയ യൂണിറ്റിന് തുടക്കമിട്ടു. ചെറുകിട മത്സ്യബന്ധനസമൂഹങ്ങളെ അവരുടെ സ്വന്തം അടിത്തറ കെട്ടിപ്പടുക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു ഈ അന്താരാഷ്ട്രശൃംഖല പ്രവർത്തിച്ചിരുന്നത്. വിവിധ രാജ്യങ്ങളിലെ മത്സ്യബന്ധന കമ്മ്യൂണിറ്റികളുമായി സംവദിക്കാനും ഓരോ പ്രദേശത്തെയും തീരസമുദായങ്ങളെക്കുറിച്ചുള്ള പ്രശ്നങ്ങളും ഇതിലൂടെ ഉന്നയിക്കപ്പെട്ടു. അന്താരാഷ്ട്രതലങ്ങളിൽ ഉൽപ്പാദനവും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രവണതകൾ, സന്നദ്ധസംഘങ്ങൾ, എന്നിവരുടെ ഭക്ഷ്യോൽപ്പാദനവുമായി ബന്ധപ്പെട്ട സംവാദങ്ങൾ ആഗോള മത്സ്യത്തൊഴിലാളിയെന്നതിന്റെ ഒരു വേദിയിലേക്ക് അണിനിരത്തുവാൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചു. ദേശീയവും അന്തർദേശീയവുമായ പ്രസ്ഥാനങ്ങളുമായുള്ള ഈ സങ്കീർണ ഇടപെടലുകൾ തീരസംഘടനകൾക്കിടയിൽ ഐക്യദാർഢ്യങ്ങൾ കെട്ടിപ്പടുത്തതിൽ നിർണായക ചുവടുവയ്പ്പുകളായി. ഉൽപ്പാദനം, ജൈവവൈവിധ്യം, ഭക്ഷ്യസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ആഗോള സംവാദങ്ങളിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ശബ്ദം പ്രതിഫലിച്ചു തുടങ്ങി. വിവിധ രാജ്യങ്ങളിലെ തീരസമുദായങ്ങളുമായി സംവദിച്ചതോടെ 'മത്സ്യത്തൊഴിലാളി' എന്നത് ഒരു ആഗോള രാഷ്ട്രീയ കർതൃത്വമായി പരിണമിച്ചു.

നളിനി നായക് (Nayak, 2018: 136) നിരീക്ഷിക്കുന്നത് പോലെ, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നിരവധി ഘടകങ്ങളുടെ സങ്കീർണ്ണമായ ഇടപെടലുകളിലൂടെയാണ് ഈ പ്രസ്ഥാനം വളർന്നത്. വിവിധ നിയമവ്യവസ്ഥകളോടും അധികാര കേന്ദ്രങ്ങളോടും നിരന്തരം കലഹിച്ചും ഒത്തുതീർപ്പിലെത്തിയുമാണ് 'അവകാശസമരങ്ങൾ' എന്നറിയപ്പെടുന്ന ഈ പോരാട്ടങ്ങൾ നീതിയും വിഭവാവകാശങ്ങളും സ്ഥാപിച്ചെടുത്തത്. വിവിധ ഭരണ-നിയമവിഭാഗങ്ങളാൽ വലയം ചെയ്യപ്പെട്ട മത്സ്യബന്ധനമേഖല പ്രധാനമായും വിവിധ രക്ഷാകർതൃത്വങ്ങളോട് ഇടപെട്ടുകൊണ്ട് വിഭവസംവിധാനമെന്ന നിലയിലുള്ള അവകാശങ്ങൾ, നീതി എന്നിവയുമായി ബന്ധപ്പെട്ട്

പുതിയ ബന്ധങ്ങൾ സ്ഥാപിച്ചു. ഈ നിർണായകഘട്ടങ്ങളുടെ സംഭവവികാസങ്ങളെയാണ് 'അവകാശസമരങ്ങൾ' എന്ന് പൊതുവായി വിളിക്കുന്നത്. ദേശീയവും അന്തർദേശീയവുമായ സ്വാധീനങ്ങൾ, സമുദായസ്വത്വത്തിന്റെ പ്രാദേശിക വിനിമയങ്ങൾ എന്നിവ അവകാശസമരങ്ങളിലെ പുതിയ ഉൾക്കാഴ്ച്ചകളെ കാണിക്കുന്നു.

**1.3.2 കടൽപരിധി നിയമം, ട്രോളിങ് നിരോധനസമരം**

1970-കളുടെ അവസാനത്തിൽ കേരളതീരത്ത് രൂപപ്പെട്ട കടൽ പരിധി നിയമസമരം, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഒരു പോരാട്ടമായിരുന്നു. യന്ത്രവൽകൃതബോട്ടുകളുടെ അനിയന്ത്രിതമായ കടന്നുകയറ്റം തടയാനും തീരക്കടലിന്റെ അവകാശം സ്ഥാപിച്ചെടുക്കാനുമായിരുന്നു ഈ സമരം ലക്ഷ്യമിട്ടത്. തീരത്തോടടുത്ത കടൽമേഖല പരമ്പരാഗതതൊഴിലാളികൾക്ക് മാത്രമായി നീക്കിവയ്ക്കണമെന്ന ആവശ്യവുമായി വിവിധ യൂണിയനുകൾ സമരരംഗത്തിറങ്ങി. സമുദ്രവിഭവങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിനും ചെറുകിട തൊഴിലാളികളുടെ ഉപജീവനത്തിനുമുള്ള അവകാശ പോരാട്ടമായിരുന്നു. വിവിധ യൂണിയനുകൾ കേന്ദ്ര-സംസ്ഥാന സർക്കാറുകളോട് കടൽപരിധി നിയമബിൽ പാസാക്കണമെന്ന് ആവശ്യപ്പെട്ടു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പിക്കറ്റിങ്ങും ധർണയും പ്രകടനവും സംഘടിപ്പിച്ചു. നാടൻവള്ളക്കാരും യന്ത്രവൽകൃതബോട്ടുകാരും കടലിൽ നിരന്തരമായി ഏറ്റുമുട്ടലുകൾ തുടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലായിരുന്നു ഈ നിയമത്തിനായി സംഘടനകൾ വാദിച്ചത്. "സമരപരിപാടികൾ വിപുലമാക്കി ക്കൊണ്ട് ദേശീയ മത്സ്യത്തൊഴിലാളി ഫോറത്തിന്റെ ആഹ്വാനപ്രകാരം നിരാഹാര സത്യഗ്രഹവും തുടങ്ങി. ഉപവാസത്തിന്റെ ഒമ്പതാം ദിവസം കൊല്ലം തീരത്തു പരിധി ലംഘിച്ചു മത്സ്യബന്ധനം നടത്തിയ നാല് യന്ത്രവൽകൃത ബോട്ടുകൾ മത്സ്യത്തൊഴിലാളികൾ പിടിച്ചെടുത്ത് ഫിഷറീസ് വകുപ്പിനു കൈമാറി" (എർത്തയിൽ, 2002 :53). പരമ്പരാഗതവിഭാഗത്തിന്റെ ജീവിതമാർഗത്തെ ബാധിക്കുന്ന ബോട്ടുകളുടെ ദൂരപരിധിവിഷയം വർഷങ്ങളോളം നീണ്ടുനിന്നു. 'കടലിലെ നിയമലംഘനം' എന്നത് നാടൻവള്ളക്കാരും യന്ത്രവൽകൃത ബോട്ടുകളും തമ്മിലുള്ള നിരന്തരമായ സംഘർഷത്തെ തുടർന്ന് തീരപ്രദേശത്ത് തുടർന്നുപോന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് സംഘടന ഉന്നയിച്ച പ്രധാന വാദമായിരുന്നു (*ഒരു സമരകഥ*, 1988). തീരക്കടലിൽ ചെറുവള്ളങ്ങളുടെ പരിസരങ്ങളിൽ യന്ത്രവൽകൃതബോട്ടുകൾ

മീൻപിടിച്ചതിന്റെ ഫലമായി ഇരുവിഭാഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ തെക്കൻ തീരമേഖലകളിൽ നിരന്തര അനുഭവമായി. പരക്കെ സംഘട്ടനങ്ങൾ നിറഞ്ഞുനിന്ന ദിനങ്ങളിൽ ബോട്ടുപിടിച്ചു കെട്ടലും പിഴയീടാക്കലും ബോട്ട് കത്തിക്കലും തുടർച്ചയായി നടന്നു. എന്നാൽ ഇതൊരു നിയമ-ക്രമസമാധാനപ്രശ്നമായി കണക്കിലെടുത്ത് ഗൗരവപൂർവ്വം നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറായില്ല. അതിനിടയിൽ മത്സ്യബന്ധനത്തിന് പോയ അച്ചാണിവള്ളം യന്ത്രവൽകൃത ബോട്ടുകൾ ഇടിച്ചു തകർത്തു. ബാബു എന്ന മത്സ്യത്തൊഴിലാളി കൊല്ലപ്പെട്ടു. ഇതിനെത്തുടർന്ന് കടലിൽ പരമ്പരാഗതരംഗത്തെ സംരക്ഷിക്കുന്ന നിയമസംരക്ഷണം സർക്കാറിനോട് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലുടനീളം ഫെഡറേഷൻ സമരങ്ങൾ വ്യാപകമാക്കി. സങ്കുചിതമായ ജാതിസ്വത്വത്തിന്റെ ഭാഗമാകാതെ തീരപ്രവർത്തനം വ്യാപിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. അതിനെ തുടർന്നാണ് കടവൂരിൽവച്ച് 1980 മാർച്ച് 29-ന് കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്ന പേര് സ്വീകരിച്ചത് (അതേ കൃതി, 41-75)

1970-കളുടെ അവസാനം നടന്ന ട്രോളിങ്ങ്നിരോധന സമരവും 1984-ലെ കടൽപരിധിനിയമവുമായി ബന്ധപ്പെട്ട സമരാന്തരീക്ഷവും കേരളത്തിലെ മത്സ്യസമ്പത്തിനെക്കുറിച്ചുള്ള ശാസ്ത്രപഠനങ്ങളും സർക്കാർ നിയമിച്ച കമ്മീഷനുകളും മത്സ്യബന്ധനമേഖലയെ പൊതുമണ്ഡലത്തിൽ കൂടുതൽ ദൃശ്യമാക്കി[9]. 1985-ൽ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മൺസൂൺകാല ട്രോളിങ് നിരോധിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ടു നടത്തിയ സമരത്തിന്റെ ബാക്കിപത്രമാണ് ജയിൽനിറയ്ക്കൽ സമരകാലഘട്ടം. കേരള കടലോരത്ത് വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ട്രോളിങ്ങ്മൂലം മത്സ്യക്കുഞ്ഞുങ്ങൾ നശിക്കുന്നതിനാൽ മത്സ്യദൗർലഭ്യം അനുഭവപ്പെടുന്നു എന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധനരംഗത്തെ ഗവേഷകരുടെയും കണ്ടെത്തലി നെത്തുടർന്നാണ് ഇക്കാര്യത്തിൽ ചർച്ചകൾ ആരംഭിക്കുന്നത്[10]. “മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധപ്രകടനത്തോടെ ഫാദർ തോമസ് കോച്ചേരിയും ജോയിച്ചൻ ആന്റണിയും നിരാഹാരസത്യഗ്രഹം ആരംഭിച്ചു. സമര ത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സംഘടനകളും ഗ്രൂപ്പുകളും പ്രകടനങ്ങൾ സംഘടിപ്പിച്ചു. ജൂലൈ നാലിന് മത്സ്യത്തൊഴി ലാളികൾ സെക്രട്ടറിയേറ്റിനു മുന്നിലും കൊല്ലം കലക്ടറേറ്റിനു മുന്നിലും മാർച്ച് നടത്തി. 1981 ജൂൺ 10 മുതൽ സമരം കേരള മത്സ്യത്തൊഴിലാളി ഫെഡറേഷൻ ഏറ്റെടുത്ത്

ഫെഡറേഷൻ പ്രതിനി ധിയായി ഫാദർ ജോസ് കളീക്കൽ നിരാഹാരം ആരംഭിച്ചു. അതിനെ തുടർന്ന് ബാബുപോൾ കമ്മീഷനെ നിയമിച്ചു. തൊഴിലാളികളുടെ കാഴ്ചപ്പാടിലൂടെ മത്സ്യബന്ധനപ്രശ്നങ്ങൾ വിലയിരുത്താൻ സമരത്തിലൂടെ ഭരണകൂടവും ശാസ്ത്ര-സാങ്കേതികവിദ്യയും നിർബന്ധിക്കപ്പെടുകയായിരുന്നു. ട്രോളിങ് നിരോധിച്ച മത്സ്യബന്ധനം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രൊഫസർ. ഒ. എൻ. വി. കുറുപ്പ്, ഡി. വിനയചന്ദ്രൻ, ശങ്കരനാരായണൻ, പി.ടി. ഭാസ്കരപ്പണിക്കർ തുടങ്ങിയയവർ സംയുക്ത പ്രസ്താവനകളിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഗാന്ധി ഫൗണ്ടേഷൻ, ഗാന്ധി യുവക് മണ്ഡൽ തുടങ്ങിയ സംഘടനകളും സി.ഐ.ടി.യു, ഐ.ടി.യു.സി എന്നീ ട്രേഡ് യൂണിയനുകളും രാഷ്ട്രീയപാർട്ടികളും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. അതോടൊപ്പം സാമൂഹികപ്രസ്ഥാനങ്ങളുടെ സാംസ്കാരിക ഇടപെടലുകളും മതസംഘടനകളുടെ മധ്യസ്ഥ ങ്ങളും കേരളത്തിലെ തെക്കൻ തീരമേഖലയിൽ നടന്ന സമരങ്ങളുടെ രാഷ്ട്രീയ അനുഭവങ്ങളെ ചലനാത്മകമാക്കിയെന്ന് കാണാം (ഏർത്തയിൽ, 2002, *ഒരു സമരകഥ,* 1988). ഈ സമരാന്തരീക്ഷവും പൊതുരംഗത്ത് നടന്ന ശാസ്ത്ര-സാങ്കേതിക രംഗത്തെകുറിച്ചുള്ള ചർച്ചകളും തീരപ്രദേശം പൊതുമണ്ഡലമായി ഉരുത്തിരുഞ്ഞു വരുന്നതിനിടയാക്കി എന്നുവേണം പറയാൻ. 1979-ൽ കത്തോലിക്കാ ഫെഡറേഷന്റെ നേതൃത്വത്തിലുള്ള സമരപ്രചാരണ ജാഥയും പരിപാടികളും ശ്രദ്ധിക്കപ്പെട്ട സംഭവങ്ങളായിരുന്നു. യന്ത്രവൽകൃത ബോട്ടിടിച്ച് കൊല്ലപ്പെട്ട പരമ്പരാഗതമത്സ്യത്തൊഴിലാളിയുടെ മരണത്തിൽ പ്രതിഷേധിച്ച് ഫാ. തോമസ് കേച്ചേരി നയിച്ച ജാഥ നായരമ്പലത്തുനിന്ന് തിരുവനന്തപുരത്തേക്ക്, അച്ചാണി വള്ളത്തിന്റെ അവശിഷ്ടം ബോണറ്റിൽ കെട്ടിവെച്ച്, കൊല്ലപ്പെട്ട ബാബുവിന്റെ അച്ഛനെയും കയറ്റി സഞ്ചരിച്ചു. പിന്നീട് 1984-ൽ ആലപ്പുഴയിലെ കാട്ടൂർപ്രദേശത്ത് കടലിൽവച്ച് നടന്ന അപകടത്തിലെ മത്സ്യത്തൊഴിലാളികളുടെ മരണത്തിലുള്ള പ്രതിഷേധമായി റാലികളും തെരുവുനാടകങ്ങൾ അടക്കമുള്ള വിവിധ ആവിഷ്കാരങ്ങളും അരങ്ങേറി. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ വികസന പദ്ധതികളുടെ പ്രശ്നങ്ങളെക്കുറിച്ചും ഫിഷറീസ് മാനേജ്മെന്റ് വിഷയത്തെക്കുറിച്ചും ഗഹനമായി പഠിക്കാൻ മുന്നോട്ടുവന്നു. തൊഴിലാളി അനുകൂലബോധ്യത്തിൽ പഠനവേദികൾക്ക് തുടക്കം കുറിച്ചു. സമുദ്രത്തിലെ മത്സ്യവിഭവശേഷി, സാങ്കേതി കവിദ്യ, തൊഴിലാളികളുടെ അധ്വാനശക്തി എന്നീ കാര്യങ്ങൾ കണക്കിലെടുത്തുള്ള വികസന സമീപനത്തിലൂന്നിയുള്ളതും മത്സ്യസംരക്ഷണം ലക്ഷ്യം വെക്കുന്നതുമായ ചർച്ചയും

സെമിനാറുകളും സംഘടിപ്പിച്ചു. തിരുവനന്തപുരം മേഖലയിൽനിന്ന് കൊല്ലത്തേക്കും കോഴിക്കോട്ടേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. പല പ്രദേശങ്ങളിലും ക്രിസ്ത്യൻവൈദികരുടെ നേതൃത്വത്തിലുള്ള പ്രാദേശികസംഘടനകൾ ഈ വിഷയത്തിൽ ഒത്തുചേർന്നു പ്രവർത്തിച്ചു .

യന്ത്രവൽകൃതബോട്ടുകൾക്കും ട്രോളറുകൾക്കുമെതിരെ സമരം നടത്തിയ സമരസംഘാടകരിൽ ചിലർ സർക്കാറിൽനിന്ന് യന്ത്രവൽകൃതമേഖല നേരിട്ടിരുന്ന നീതിനിഷേധത്തിനെതിരെ ബോട്ട് വർക്കേഴ്സ് യൂണിയന് രൂപം നൽകാൻ പ്രവർത്തിച്ചിരുന്നു. ഫാ. തോമസ് കോച്ചേരിയും ജോയിച്ചൻ ആന്റണിയും പ്രസിഡന്റും സെക്രട്ടറിയുമായി 'അഞ്ചുതെങ്ങ് ബോട്ട് വർക്കേഴ്സ് യൂണിയൻ' പ്രവർത്തിച്ചിരുന്നു. വർഗപരമായ വിഭജനങ്ങൾ കൂടുതൽ ആഴത്തിൽ കടന്നു വന്നതോടെ, പരമ്പരാഗതമത്സ്യത്തൊഴിലാളികൾ കാലക്രമേണ തങ്ങളുടെ പരമ്പരാഗതസ്വഭാവത്തിൽനിന്ന് മാറാൻ നിർബന്ധിതരായി. "ഔട്ട് ബോർഡ് എഞ്ചിന്റെ പ്രവേശനം പാരമ്പരാഗതമേഖലയിലെ പ്രധാനപ്പെട്ട ഒരു മാറ്റമായിരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഈ പ്രവർത്തനങ്ങൾ വളരെ സജീവമായി. പുതിയ മോട്ടോറുകൾ കടലിൽ ആഴമേറിയ ഇടങ്ങളിൽ മീൻപിടിക്കുന്നതിനും ഉൽപ്പാദനം വർധിപ്പിക്കുന്നതിനും ഇടയാക്കി. അതോടൊപ്പം "റിങ് സീൻസ്" എന്ന് വിളിക്കപ്പെടുന്ന വലകളുടെ ഉപയോഗവും മോട്ടോർ ഉപയോഗത്തിന് പ്രചോദനം നൽകി. "പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ശക്തമായി എതിർത്തിരുന്ന വലിയ വിനാശകരമായ പേഴ്സീൻ വലകളുടെ ചെറിയ പതിപ്പുകളല്ലാതെ മറ്റൊന്നുമല്ല ഈ റിങ്സീനുകൾ. ഈ എഞ്ചിനു കളുടെയും വലകളുടെയും വർധനവ് പരമ്പരാഗത മത്സ്യബന്ധന യൂണിറ്റുകളിലും സംഘടനകളിലും പ്രശ്നങ്ങൾക്ക് ഇടയാക്കി. കെ.എസ്.എം.ടി.എഫ്. ന്റെ അണികൾക്കുള്ളിൽ ഒരു വൈരുധ്യമായി ഇത് ഉയർന്നുവന്നു. ഇതിനിടയിലും മത്സ്യബന്ധനമേഖലയിലെ പ്രധാന പ്രശ്നം ഇപ്പോഴും യന്ത്രവൽകൃതട്രോളറുകൾ മൂലം ആവാസവ്യവസ്ഥയ്ക്ക് സംഭവിച്ച നാശമാണെന്ന് കെ.എസ്.എം.ടി.എഫ്. അവകാശപ്പെട്ടു. യന്ത്രവൽക്കരണത്തിനു വേണ്ടിയുള്ള ശ്രമങ്ങളാണിതെന്നും റിങ് സീനുകൾ, മിനിട്രോളുകൾ തുടങ്ങിയ വലകൾ സ്വീകരിക്കുന്നത് ഇതു കാരണമാണെന്നും അവർ വാദിച്ചു. ട്രോളറുകളെ തോൽപ്പിക്കാനുള്ള നടപടികൾ മാത്രമാണിതെന്നും യൂണിയൻ നേതാക്കൾ ചൂണ്ടിക്കാട്ടി. ഈ പ്രധാന പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ ഇടപെടലോടെ പരിഹരിച്ചുകഴിഞ്ഞാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ

അവരുടെ വിനാശകരമായ മത്സ്യബന്ധനരീതികൾ സ്വയം ഉപേക്ഷിക്കുമെന്ന് അവർ അഭിപ്രായപ്പെട്ടിരുന്നു" (Kurien, 1991). ട്രോളിങ് നിരോധനം നടപ്പിലാക്കിയതിനെ തുടർന്ന് ബോട്ടുടമകൾ ബന്ദും റിലേ സത്യഗ്രഹവും വള്ളങ്ങൾ തടയലും സംഘടിപ്പിക്കുകയും കോടതിയിൽ നിരോധനത്തെ ചോദ്യം ചെയ്യുകയുമുണ്ടായി. ഇരുപത്തിമൂന്ന് ദിവസങ്ങൾക്കു ശേഷം കോടതി നിരോധനം പിൻവലിച്ചു. പരമ്പരാഗതരംഗം പ്രക്ഷോഭവുമായി മുന്നോട്ടു പോയതിനാൽ കോടതി സർക്കാറിന്റെ ഉത്തരവ് ശരിവച്ചുകൊണ്ട് ട്രോളിങ്നിരോധനം നടപ്പിലാക്കി. സമരപരിപാടികൾക്കും നിയമപരമായ പരിശ്രമങ്ങൾക്കും ഒടുവിലാണിത് സംഭവിച്ചത്. 1985-ലെ മത്സ്യത്തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങളുടെ പ്രധാന നേട്ടമായിരുന്നു പിന്നീടുവന്ന മത്സ്യബന്ധന കമ്മീഷനുകൾ. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി സർക്കാറിലേക്ക് നൽകിയ നിർദേശങ്ങൾ പാലിക്കപ്പെടാത്തത് രണ്ടാംഘട്ട സമരങ്ങളിലേക്ക് പ്രസ്ഥാനങ്ങളെ നയിച്ചു.

മറ്റൊരു പ്രധാന സമരം മത്സ്യരോഗവുമായി ബന്ധപ്പെട്ടതായിരുന്നു. 1991-ൽ കേരളത്തിലെ ഭൂരിഭാഗം തടാകങ്ങളിലും കായലുകളിലുമുള്ള മത്സ്യത്തിന് ഒരു പ്രത്യേക രോഗം പിടിപെട്ടു. ഏഷ്യാ പെസഫിക് മേഖലയിൽ വ്യാപകമായി കണ്ടുവരുന്ന വ്രണപ്പഴുപ്പ് (എപ്പി സ്യൂട്ടിക് അൾസറേറ്റീവ് സിൻഡ്രോം) എന്നറിയപ്പെട്ട ഈ രോഗം വൻതോതിൽ മത്സ്യം ചത്തുപൊങ്ങുന്നതിന് കാരണമായി. ഈ മത്സ്യരോഗം മീൻ കഴിക്കുന്നവരുടെ ഇടയിൽ ഭീതി പരത്തുകയും വിൽക്കാനോ വാങ്ങാനോ ആളില്ലാതെ ഉൾനാടൻ മത്സ്യവ്യവസായത്തിന് കനത്ത ആഘാതമേൽപ്പിക്കുകയും ചെയ്തു. ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രതിനിധീകരിച്ചു കൊണ്ട് കെ.എസ്.എം.ടി.എഫ്. പ്രശ്നം ഏറ്റെടുക്കുകയുമുണ്ടായി. "മത്സ്യത്തൊഴി ലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുക, ന്യായമായ വിലയ്ക്ക് മത്സ്യം വാങ്ങാനുള്ള ഏർപ്പാട് ചെയ്യുക, രോഗം വരുന്നതും പടരുന്നതും തടയാൻ മുൻകരുതൽ എടുക്കുക എന്നീ ആവശ്യങ്ങൾ അടങ്ങിയ ഒരു നിവേദനം ഫിഷറീസ് വകുപ്പു മന്ത്രിക്ക് നൽകി. പ്രക്ഷോഭത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പിക്കറ്റിങ്ങും ധർണയും നടത്തി. ആലപ്പുഴയിൽ നൂറുകണക്കിന് മത്സ്യത്തൊഴി ലാളികളുടെ പങ്കാളിത്തത്തോടെ ദേശീയപാത പിക്കറ്റ് ചെയ്തു. ഫാദർ ജോസ് കളിക്കൽ നവംബർ ഒന്നിന് സെക്രട്ടറിയേറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാരം ആരംഭിച്ചു നൂറുകണക്കിന് സ്ത്രീകളും കുട്ടികളും കൂട്ടധർണ നടത്തി" (ഏർത്തയിൽ, 2002: 81). മത്സ്യരോഗവുമായി ബന്ധപ്പെട്ട

സമരങ്ങൾ സംഘടിപ്പിച്ചതിൽ, മുൻനിരയിലുള്ള പ്രവർത്തകൻ കൂടിയാണ് മാത്യു ഏർത്തയിൽ. 1990-കളുടെ മധ്യം മുതൽ മത്സ്യത്തൊഴിലാളിപ്രസ്ഥാനങ്ങൾ നിരവധി പ്രധാന വിഷയങ്ങൾക്ക് മുൻഗണന നൽകുകയും ഉയർത്തിക്കാട്ടുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗതമത്സ്യബന്ധനമേഖല നേരിടുന്ന വിഷയങ്ങളായ വ്യാവസായിക ഉൽപ്പാദനങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയ്ക്കു പുറമേ മത്സ്യ വിഭവങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുമിത് വഴിതെളിക്കുമെന്ന് ഉന്നയിച്ചുകൊണ്ട് വിഭവങ്ങളുടെ സ്വകാര്യവൽക്കരണ നയങ്ങൾക്കെതിരെ അവർ രംഗത്തുവന്നു. 1994-ൽ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശകമ്പനികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയതിനെ തുടർന്ന് സമുദ്രസമ്പത്തിന്റെ വ്യാവ സായികതാൽപ്പര്യങ്ങളെ സംയുക്തമായി തീരമേഖല എതിർത്തു. കേരളത്തിലെ യൂണിയൻപ്രവർത്തകർ ഈ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. ഫാദർ കോച്ചേരി 1995-ൽ പോർബന്ദറിൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു. ലൈസൻസുകളുമായി ബന്ധപ്പെട്ട സമരസമിതിയുടെ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടില്ല എന്നു മാത്രമല്ല, ഇന്ത്യൻ കടലുകളിൽ വിദേശകപ്പലുകൾ ഇന്നും പ്രവർത്തിക്കുന്നു. ഈ വിഷയങ്ങൾക്കു പുറമെ തീരപ്രദേശത്തെ ശാസ്ത്രീയ നിർമ്മാണങ്ങളിലെ സംസ്ഥാന നയരേഖകൾ, സ്വതന്ത്രവിപണിയുടെ ഉദാരവൽക്കരണനയങ്ങൾ എന്നിവ തീരത്തെ സാമൂഹികജീവിതത്തെ ബാധിക്കുന്നതാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ ഇന്ന് കൂടുതൽ വിപുലമാണ്. മത്സ്യത്തൊഴിലാളിപ്രസ്ഥാനങ്ങൾ സംഘടിതമായി ഈ വിഷയങ്ങളിൽ ശബ്ദങ്ങളുയർത്തുകയും ചെയ്യുന്നു. അതു സംബന്ധിച്ച സംവാദങ്ങളും സമരരൂപങ്ങളും തീരമേഖലയെ സജീവമാക്കി.

**1.4 കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ**

തീരദേശത്തെ വിഭവവിതരണത്തിലെ അസമത്വവും സാങ്കേതികവിദ്യയുടെ കടന്നുകയറ്റവും സാമുദായികസ്വത്വത്തെ കൂടുതൽ പ്രസക്തമാക്കി. തെക്കൻ കേരളത്തിലെ തീരദേശമേഖലയിൽ സഭയുടെ പങ്ക് കേവലം മതപരം എന്നതിലുപരി ഒരു 'അർദ്ധ-ഭരണകൂട' (quasi-state) രൂപത്തിലാണെന്ന് കൽപ്പനാ റാം (Ram, 1991: 67) നിരീക്ഷിക്കുന്നുണ്ട്. ഔദ്യോഗിക ഭരണസംവിധാനങ്ങൾക്ക് അപ്പുറം, തീരദേശത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ അധികാര കേന്ദ്രമായി ലത്തീൻ കത്തോലിക്കാ സഭ പ്രവർത്തിച്ചു പോന്നു. ജെ. ദേവിക നിരീക്ഷിക്കുന്നത് പോലെ, പതിനാറാം നൂറ്റാണ്ടു മുതൽ ഒന്നിലധികം

ഭരണസംവിധാനങ്ങൾ ഒരേസമയം പ്രവർത്തിച്ച ചരിത്രപരമായ പശ്ചാത്തലം തെക്കൻ തീരദേശത്തിനുണ്ട്. ലത്തീൻ കത്തോലിക്കാസഭ തീരദേശ പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കുന്നതിന് പ്രാധാന്യം കൊടുത്തിരുന്നതായി വിവിധ ആഖ്യാനങ്ങളും തെളിയിക്കുന്നു (*ഒരു സമരകഥ,* 1988, *വലക്കാർ*, 1994) തീരദേശത്തെ വിവിധ അധികാര-ഭരണ സംവിധാനങ്ങൾ, മതനവീകരണസ്വഭാവത്തിലുള്ള പ്രസ്ഥാനങ്ങൾ എന്നിവയെ ഇത് കുറിക്കുന്നു. തുടക്കത്തിൽ പ്രാർത്ഥനായോഗങ്ങൾ, യുവജന ഗ്രൂപ്പുകൾ തുടങ്ങിയ രാഷ്ട്രീയേതര പ്രവർത്തനങ്ങളിലായിരുന്നു സഭ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ പിന്നീട് ഇത് വീട് നിർമ്മാണം, സഹകരണ സ്ഥാപനങ്ങൾ, ആരോഗ്യ പദ്ധതികൾ തുടങ്ങിയ വികസന പ്രവർത്തനങ്ങളിലേക്ക് വ്യാപിച്ചു. മത്സ്യത്തൊഴിലാളികൾക്കും സർക്കാർ സംവിധാനങ്ങൾക്കും ഇടയിലുള്ള മധ്യസ്ഥനായി സഭ മാറിയെന്ന് അ അജന്ത സുബ്രഹ്മണ്യൻ (Subrahmanian, 2009) ചൂണ്ടിക്കാട്ടുന്നു. സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഒരുപോലെ സ്വീകരിക്കപ്പെട്ടിരുന്നില്ല. സഭ ഏർപ്പെടുത്തിയിരുന്ന നികുതി പിരിവിനോടും (പള്ളി നികുതി), സഭയുമായി ചേർന്ന് പ്രവർത്തിച്ചിരുന്ന വ്യാപാരികളുടെ ലേല അവകാശങ്ങളോടും ഒരുവിഭാഗം തൊഴിലാളികൾ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു. മരിയനാട് പ്രോജക്ടിന്റെ പശ്ചാത്തലത്തിൽ, മത്സ്യബന്ധനവുമായി ബന്ധമില്ലാത്തവർ സഭയുടെ കമ്മിറ്റികളിൽ ആധിപത്യം പുലർത്തുന്നതിനെ നളിനി നായക് (2002) വിമർശിക്കുന്നുണ്ട്. മത്സ്യത്തൊഴി ലാളി സമരങ്ങളുടെ മുൻനിരയിൽ വൈദികർ എത്തിയത് ഈ പ്രസ്ഥാനത്തിന്റെ വലിയൊരു പ്രത്യേകതയായിരുന്നു. വിമോചന ദൈവശാസ്ത്രത്തിൽ (liberation theology) ആകൃഷ്ടരായ ഒരുവിഭാഗം പുരോഹിതർ തങ്ങളെത്തന്നെ തൊഴിലാളിവർഗ്ഗത്തിന്റെ ബുദ്ധിജീവികളായി അടയാളപ്പെടുത്തി. ഇത് സഭയ്ക്കുള്ളിൽ തന്നെ മറ്റൊരുവിഭാഗം വൈദികരുമായുള്ള രാഷ്ട്രീയ ചേരിതിരിവിനും കാരണമായി. സാമൂഹികനീതിയെ വെല്ലുവിളിക്കുന്ന തൊഴിൽപ്രശ്നങ്ങളിൽ സജീവമായി ഒരുവിഭാഗം പുരോഹിതർ ഇടപെട്ടിരുന്നു. അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി സംഘടനാനേതൃത്വങ്ങളിൽ അവകാശസമരങ്ങളുടെ തുടക്കം മുതൽ വൈദികർ പ്രധാനസ്ഥാനം കൈകാര്യം ചെയ്തിരുന്നു. യൂണിയൻപ്രവർത്തനങ്ങൾ തിരുവനന്തപുരം മേഖലയിൽനിന്ന് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിച്ചതിൽ വൈദികരുടെ പങ്ക് പ്രാധാനമാണ്. സാമുദായിക സംഘടനകളായി തുടങ്ങിയ യൂണിയൻ പ്രവർത്തനങ്ങൾക്ക് തുടർന്നും വൈദികർ പിന്തുണയേകി. പരിഷ്കരണവാദികളായ പുരോഹിതന്മാർ

പള്ളിയുമായി ബന്ധപ്പെട്ട സാമൂഹിക സംഘടനകളുടെ പിന്തുണയോടെ തീരദേശത്തെ ജനങ്ങൾക്കിടയിൽ സമരപരിപാടികളും പ്രചാരണങ്ങളും സംഘടിപ്പിച്ചു. ജില്ലാ യൂണിയൻ ഘടകങ്ങളുടെ നേതൃസ്ഥാനങ്ങളും പുരോഹിതർ മുന്നോട്ടുകൊണ്ടുപോയി. സമരത്തിലെ പുരോഹിതരുടെ സാന്നിധ്യവും ഇടപെടലുകളും സമരത്തിനെതിരെ ഉയർന്ന പ്രധാന വിഷയങ്ങളിലൊന്നാണ്. "നിലവിലുള്ള ഭരണകൂടത്തെ മറിച്ചിടാൻ മതപുരോഹിതന്മാർ നേതൃത്വം കൊടുക്കുന്ന രണ്ടാം വിമോചന സമരമാണ് മത്സ്യത്തൊഴിലാളിസമരം എന്ന് ഭരണകക്ഷികൾ പ്രചാരണം നടത്തി. എങ്കിലും ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്; പുരോഹിതന്മാർ മുൻനിരയിൽ നിൽക്കുന്നത് ചില പ്രദേശങ്ങളിലെങ്കിലും പ്രശ്നം സൃഷ്ടിക്കും" (*ഒരു സമരകഥ*, 1988). ജനകീയപ്രസ്ഥാനമെന്ന നിലയിൽ മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വങ്ങളിൽനിന്ന് വിമോചനാശയങ്ങളെ മതപരമായി നിർവചിച്ചുകൊണ്ട് രാഷ്ട്രീയസമരത്തെ പുരോഹിതർ നയിച്ചു. 'മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്' എന്ന കന്യാസ്ത്രീ കൂട്ടായ്മ തീരപ്രദേശത്തെ ലത്തീൻ കത്തോലിക്കാ സംഘടനയോടൊപ്പം സമരത്തിൽ പങ്കുകൊണ്ടിരുന്നു". കേരളത്തിലെ മത്സ്യത്തൊഴിലാളിപ്രസ്ഥാനമെന്നത് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിനെപ്പോലുള്ള സന്നദ്ധ പ്രവർത്തകരും സാമൂഹികശാസ്ത്ര ഗവേഷകരും വൈദികരോടൊപ്പം ചേർന്നതോടെ ഒരു ബഹുതല ജനകീയ മുന്നേറ്റമായി വളർന്നു.

**1.4.1 പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (പി. സി. ഒ.)**

തിരുവനന്തപുരം ബിഷപ്പ് പീറ്റർ ബർണാഡിന്റെ നേതൃത്വത്തിൽ 1961-ൽ ആരംഭിച്ച 'മരിയനാട് പ്രോജക്റ്റ്' കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ സഹകരണ സംവിധാനങ്ങളുടെ പരിഷ്കരിച്ച മാതൃകയായിരുന്നു. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി (T.S.S.S) വഴി നടപ്പിലാക്കിയ ഈ പദ്ധതി, വെറുമൊരു ജീവകാരുണ്യ പ്രവർത്തനത്തിനപ്പുറം തീരദേശവാസികളെ സ്വയംപര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിഭാവനം ചെയ്തത്. പുതുതായി സ്ഥിരതാമസമാക്കിയ മരിയനാട്ഗ്രാമത്തിലെ മത്സ്യത്തൊഴിലാളിസമൂഹത്തിന്റെ വികസനത്തിനായിട്ടാണ് പദ്ധതി രൂപകല്പന ചെയ്തത്. ബിഷപ്പ് തന്റെ രൂപതയിലെ അവശത അനുഭവിക്കുന്നവരെ സഹായിക്കാനായി ആരംഭിച്ച തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി (T.S.S.S) വഴിയാണ് മരിയനാട് എന്ന മത്സ്യബന്ധന ഗ്രാമത്തിൽ പദ്ധതികൾ ആരംഭിച്ചത്. ടി.എസ്.എസ്.എസ്. അതിന്റെ പ്രവർത്തന

തന്ത്രങ്ങളെക്കുറിച്ച് പുനർവിചിന്തനം ചെയ്യാനും സഭയുടെ നിലപാടുകളിലൊന്നായ പരോപകാര പ്രവൃത്തിയിൽ നിന്ന്മാറി കൂടുതൽ ക്രിയാത്മകമായ സമീപനത്തിലേക്ക് മാറാനും തീരുമാനിച്ചതിനെത്തുടർന്നാണ് ബിഷപ്പ് ഈ പ്രവർത്തങ്ങൾ നടത്താൻ വൈദഗ്ധ്യമുള്ള ഒരു സംഘത്തെ പുതുതായി സൃഷ്ടിച്ചത്. മരിയനാട് എന്ന ഒരു ഗ്രാമത്തിൽ താമസിക്കാനും അവിടെയുള്ള ആളുകളുമായി പ്രവർത്തിക്കാനുമായി ഈ സംഘത്തെ അദ്ദേഹം ക്ഷണിച്ചു. ഡോ. ജോൺ കുര്യൻ, നളിനി നായക്, ഗബ്രിയേൽ ഡയട്രിക് തുടങ്ങിയവരുടെ വരവോടെ മരിയനാട് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുതിയൊരു രാഷ്ട്രീയ മാനവും ശാസ്ത്രീയ അടിത്തറയും ലഭിച്ചു. വിമോചന ദൈവശാസ്ത്രം (liberation theology), പൗലോ ഫ്രെയറുടെ (Paulo Freire) വിപ്ലവകരമായ ബോധവൽക്കരണ രീതികൾ എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, മത്സ്യത്തൊഴിലാളികളെ സാമുദായിക-ഫ്യൂഡൽ കെട്ടുപാടുകളിൽ നിന്ന് മോചിപ്പിക്കാനാണ് ഈ സംഘം ശ്രമിച്ചത്. നളിനിനായക് ഇതേ കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു: "മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വികസനം മുന്നോട്ടു കൊണ്ടുപോകാൻ സന്നദ്ധപ്രവർത്തകരെ ക്ഷണിച്ച തിരുവനന്തപുരത്തെ ബിഷപ്പാണ് മരിയനാട് ഗ്രാമം സൃഷ്ടിച്ചത്. തുടക്കത്തിൽ സന്നദ്ധ പ്രവർത്തകർ വിദേശത്തുനിന്നുള്ളവരായിരുന്നുവെങ്കിലും 1967-ൽ ലേഖകനും സഹകരണ സംഘത്തിന്റെ സ്ഥാപകരിൽ ഒരാളുമായ മത്സ്യത്തൊഴിലാളി സമൂഹത്തിലെ അംഗവും ചേർന്ന ചെറുകിടമേഖലയെ സജീവമാക്കുന്നതിനും നിയന്ത്രണ ത്തിലാക്കുന്നതിനുമായി ജനകീയ സഹകരണസംഘങ്ങൾ സൃഷ്ടി ക്കണമെന്ന് വാദിച്ചു. ലിബറേഷൻ തിയോളജി, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ടിലെ കമ്മ്യൂണിറ്റി ഓർഗനൈസേഷനെക്കുറിച്ചുള്ള പഠനം, പൗലോ ഫ്രെയറുടെ രീതികൾ എന്നിവ പ്രചോദനമാക്കിക്കൊണ്ട് രചയിതാവിനൊപ്പം പ്രവർത്തിച്ചു. അടിച്ചമർത്ത പ്പെട്ടവരെ അവരുടെ ഫ്യൂഡൽ-മതപരമായ ചങ്ങലകളിൽനിന്ന് പുറത്തു കടക്കാനും പുതിയത് സൃഷ്ടിക്കാനും സഹായിക്കാമെന്നുള്ള ആത്മവിശ്വാസം അംഗങ്ങൾ പ്രകടിപ്പിച്ചു. പങ്കാളിത്ത മാർഗങ്ങളിലൂടെയുള്ള സാമൂഹിക പ്രക്രിയകളായി അത് പിന്നീട് മാറി. മത്സ്യബന്ധന വിഷയവുമായി ബന്ധപ്പെട്ട് പഠിച്ചവരും മത്സ്യത്തൊഴിലാളിസമൂഹത്തിൽ നിന്നുള്ളവരും വിദ്യാർഥി പ്രസ്ഥാന ത്തിൽ നിന്നുള്ള മറ്റുള്ളവരും പിന്നീട് ഈ മരിയനാട് ഗ്രൂപ്പിന്റെ ഭാഗമായി" (Nayak, 2018).

1968-ൽ ഒരു പ്രാഥമിക ഗ്രാമസമൂഹമായി ഔദ്യോഗികമായി രജിസ്റ്റർ ചെയ്ത സംഘം, പ്രതിരോധതലത്തിലുള്ള ആരോഗ്യപദ്ധതികൾ, കുട്ടികളുടെ പരിപാടി, പെൺകുട്ടികൾക്കുള്ള തയ്യൽ, അനൗപചാരിക വിദ്യാഭ്യാസക്ലാസ്, ആൺകുട്ടികളുടെ ക്ലബ്ബ് തുടങ്ങി നിരവധി സമുദായോദ്ധാരണ ശ്രമങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പരസ്പരം അപരിചിതരായ ആളുകൾക്കിടയിൽ ഒരു കൂട്ടായ്മ സൃഷ്ടിക്കാൻ ശ്രമിച്ചു. പിന്നീട് തൊഴിൽ-സാമൂഹിക രംഗത്തെ ചൂഷണ ശക്തികളിൽ നിന്ന് വിമോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമ്പത്തിക വ്യവസ്ഥിതിയെ പുന:സംഘടിപ്പിക്കാനുള്ള നിരന്തര ശ്രമങ്ങൾ തുടങ്ങി. മത്സ്യ ത്തൊഴിലാളികളുടെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുക, മീനിന് ഉയർന്ന വില ലഭ്യമാക്കുന്നതിനായി മത്സ്യവിപണനത്തിലെ ചൂഷണങ്ങൾക്കെതിരെ സംഘടി ക്കുക, മത്സ്യത്തൊഴിലാളികളുടെ അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ലേലം, വായ്പ നൽകൽ, മത്സ്യബന്ധന അവശ്യവസ്തുക്കൾ വിൽക്കൽ എന്നിവയുടെ ആവശ്യത്തിനായി സഹകരണ സേവനങ്ങൾ നൽകുക, മഹിളാ സമാജങ്ങളും സംഘടനകളും വഴി സ്ത്രീകളുടെ ശാക്തീകരണത്തിനുള്ള ശ്രമങ്ങൾ നടത്തുക എന്നിങ്ങനെ വിവിധതരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി. 1980-ൽമരിയനാട് സൊസൈറ്റിയും മറ്റു പ്രാഥമികസംഘങ്ങളും സംയുക്തമായി ചേർന്ന് സൗത്ത് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ഫിഷർമെൻ സൊസൈറ്റീസ് (S.I.F.F.S.) എന്ന ഒരു ഫെഡറേഷൻ രൂപീകരിച്ചു. ഈ സംഘടന ഒന്നാമതായി മത്സ്യ ത്തൊഴിലാളികളുടെ കയറ്റുമതി ചെയ്യാവുന്ന മത്സ്യങ്ങളുടെ വിപണന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതികൾ ഏറ്റെടുത്തു നടത്തി. കയറ്റുമതിചെയ്യുന്ന ഉൽപ്പന്നങ്ങൾ കമ്പനികൾക്ക് നേരിട്ട് വിൽക്കുന്നതിലൂടെ വ്യാപാരികളുടെ വിപണനശൃംഖലകളെ ഇല്ലാതാക്കാൻ ശ്രമിച്ചു. കൂടാതെ ഗ്രാമീണ സൊസൈറ്റികൾക്കായി മത്സ്യബന്ധനോപകരണങ്ങൾ മൊത്തമായി വാങ്ങി ക്കൊണ്ട് മത്സ്യത്തൊഴിലാളികളെ സഹായിച്ചു. 1980-കളുടെ തുടക്കത്തിൽ ഈ പ്രവർത്തനങ്ങൾ തികച്ചും ലാഭകരമായ ഒരു സംരംഭമായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ എസ്.ഐ.എഫ്.എഫ്.എസ്. മറ്റ് രണ്ട് പദ്ധതികളിൽ ഏർപ്പെട്ടു. രണ്ടും പരമ്പരാഗത മത്സ്യമേഖലയിലെ പ്രധാനപ്പെട്ട സാങ്കേതിക കണ്ടുപിടിത്ത ങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ അവരുടെ ഉപകരണങ്ങൾ യന്ത്രവൽക്കരിക്കുന്നതിൽ സഹായിക്കുന്നതാണ് ആദ്യത്തേത്. സർക്കാർ സബ്സിഡികളും ബാങ്ക് വഴി എഞ്ചിനുകൾ വാങ്ങാൻ സൗകര്യവുമൊ

രുക്കുന്നതായിരുന്നു രണ്ടാമത്തെ സഹായം. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയെയും മത്സ്യബന്ധനസാഹചര്യങ്ങളെയും നേരിടുക, തങ്ങളുടെ അധ്വാനശേഷി വർധിപ്പിക്കുകവഴി ശാരീരിക ഉൽപ്പാദനക്ഷമത കാര്യക്ഷമമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കു വേണ്ടിയായിരുന്നു ഈ പദ്ധതികൾ പ്രാവർത്തികമാക്കിയത്[12]

സാമ്പത്തികവിഷയത്തിൽ ലത്തീൻസഭയുടെ നിയന്ത്രണത്തിൽ സംഘത്തെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് സാമൂഹികപ്രവർത്തകർക്ക് നേരെ സഭ തിരിയുകയും പ്രശ്നങ്ങൾ ഉടലെടുക്കുകയുമുണ്ടായി. മതനിരപേക്ഷമായ ഒരു സംഘടന സൃഷ്ടിക്കാൻ ആഗ്രഹിച്ചിരുന്ന സാമൂഹികപ്രവർത്തകർ ടി.എസ്.എസ് .എസി.ന്റെ പരിധിയിൽ അവരുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതിലെ ബുദ്ധിമുട്ടുകൾ മുൻകൂട്ടി കണ്ടുകൊണ്ട് ഒരു എൻ. ജി. ഒ. രജിസ്റ്റർ ചെയ്തു. 1977-ൽ സ്ഥാപിതമായ പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷന്റെ (പി.സി.ഒ.) രൂപത്തിൽ അത് പുനരുജ്ജീവിപ്പിക്കപ്പെട്ടു. ജനകീയസംഘങ്ങളുടെ രൂപീകരണവും യുവാക്കളുടെയും മത്സ്യത്തൊഴിലാളികളുടെയും പരിശീലനവും മത്സ്യബന്ധനത്തിന്റെ ഒരു ഡാറ്റാബാങ്കിന്റെ പരിപാലനവും ഇതിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു (Nayak, Gabriel, 2002: 108). ട്രേഡ് യൂണിയൻ രൂപീകരണം പോലുള്ള സമൂഹത്തിൽ നടക്കുന്ന രാഷ്ട്രീയപ്രക്രിയകൾക്ക് പി.സി.ഒ. പിന്തുണ നൽകി. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട രാഷ്ട്രീയവിഷയങ്ങളുടെ സംവാദത്തിന് വേദിയൊരുക്കുകയും ചെയ്തു. ജനങ്ങളും ശാസ്ത്രജ്ഞരും സർക്കാരും തമ്മിലുള്ള സംവാദത്തെ പി.സി.ഒ. പൂർണമായും പിന്തുണച്ചു. 1980-കളിലെ മത്സ്യത്തൊഴിലാളികളുടെ സമരത്തിൽ സജീവമായി ഇടപെടുകയും അധികാരത്തിന്റെ വേരോട്ടമുള്ള രൂപങ്ങളോട് ചോദ്യങ്ങൾ ഉന്നയിക്കാൻ പ്ജനങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെ ശാക്തീകരിക്കുകയും ചെയ്തുവെന്നതാണ് പ്രധാന നേട്ടം. പി.സി.ഒ. പ്രവർത്തനങ്ങളെ വിപുലമാക്കിയ ആക്ടിവിസ്റ്റുകളിലൊരാളാണ് ജോൺ കുര്യൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായ അന്വേഷണങ്ങൾ ഇങ്ങനെ വിവരിക്കുന്നു: “1977 അവസാനത്തോടെ കേരളത്തിലെ ആക്ടിവിസ്റ്റ്-ഗവേഷകർ ചേർന്ന് തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ പാർശ്വവൽക്കരണ പ്രക്രിയയെക്കുറിച്ച് വിപുലമായ വിശകലനങ്ങൾ നടത്തി. ഫിഷറീസ് വികസനനയങ്ങൾ മത്സ്യത്തൊഴിലാളികളുടെ വികസന മുൻഗണനകളിൽനിന്ന് പൂർണമായി വേർപെട്ടുനിൽക്കുന്ന ഒന്നാണെന്ന അസ്വസ്ഥജനകമായ നിഗമനത്തിലേക്കാണ് എല്ലാ

ഡാറ്റയും മറ്റ് വസ്തുനിഷ്ഠമായ വസ്തുതകളും വിരൽചൂണ്ടിയത്" (Kurien, 1991 : 22). കൂടാതെ തീരമേഖലയുടെ തൊഴിൽ ശക്തികളുടെ വിവരണശേഖരവും വിശകലനവും സംഘടന ഏറ്റെടുത്തു നടത്തി. മത്സ്യത്തൊഴിലാളികളുടെ പ്രധാന യൂണിയൻ പ്രവർത്തനങ്ങൾക്ക് വികസനപദ്ധതികളുടെ പ്രശ്നങ്ങളെക്കുറിച്ചും ഫിഷറീസ് മാനേജ്മെന്റ് വിഷയത്തെക്കുറിച്ചും പഠിക്കാൻ ഇത് സഹായകമായി. ഇങ്ങനെ മരിയനാട് സംരംഭത്തിൽനിന്ന് ഉയർന്നുവന്ന പി.സി.ഒ. തിരുവനന്തപുരം മേഖലയിൽ സിവിൽ സൊസൈറ്റി രൂപത്തിൽ നിർണായകശക്തിയായി പ്രവർത്തിച്ചു.

**1.5 പരിസ്ഥിതിവാദവും മത്സ്യത്തൊഴിലാളി പ്രസ്ഥാനങ്ങളും**

കേരളതീരത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി പ്രസ്ഥാനങ്ങൾ തങ്ങളുടെ ഉപജീവന പോരാട്ടങ്ങളെ ആധുനിക പരിസ്ഥിതിവ്യവഹാരങ്ങളുമായി കൂട്ടിയിണക്കിയിരുന്നു. ശാസ്ത്രീയവും സാങ്കേതികവുമായ അറിവുകളെ നിഷേധിക്കുന്നതിന് പകരം, സമുദ്രസമ്പത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനായി ശാസ്ത്രീയ പഠനങ്ങളോട് പ്രസ്ഥാനങ്ങൾ സംവദിച്ചു. പരിസ്ഥിതിരംഗത്ത് പൊതുവേ ഉണ്ടായിട്ടുള്ള അനേകം പ്രവണതകൾ ഈ വിഭാഗത്തിന്റെ ദൈനംദിന പ്രശ്നങ്ങളിൽ പുതിയബോധം വളർത്തുന്നതിനിടയാക്കി. പാരിസ്ഥിതികവിഷയമായി തീരദേശത്തെ സംഘർഷങ്ങളെ ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ ഇതിനെത്തുടർന്ന് ഉണ്ടായിവന്നു. ഇതൊരുതരത്തിൽ യന്ത്രവൽകൃതമേഖലയുടെ ബാഹ്യവൽക്കരണത്തിലേക്ക് നയിക്കുന്നതിനും ഇടയാക്കി.

കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പുറത്തിറക്കിയ 'അലകൾ' എന്ന പത്രത്തിൽ 1998 ജനുവരിലക്കം112-ൽ പ്രസിദ്ധീകരിച്ചു വന്ന 'കടലറിവുകൾ' ചോദ്യോത്തരപംക്തിയിൽ ശാസ്ത്രസ്വഭാവത്തിലുള്ള പരിസ്ഥിതി വിവരണമാണ് നൽകിയിരിക്കുന്നത്[13]. 1997-മുതലുള്ള ലക്കങ്ങളിൽ ഈ പംക്തി കാണാം. ശാസ്ത്രസംബന്ധമായ കടലിന്റെ പൊതുവിവരണങ്ങൾ ആസ്പദമാക്കിയുള്ളതാണ് ഈ ചോദ്യോത്തരങ്ങൾ. കേരളത്തിലെ സമുദ്രമത്സ്യ-ഗവേഷണപ്രവർത്തനങ്ങൾക്ക് മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സമീപനങ്ങൾ പല സാഹചര്യങ്ങളിലും അനുകൂലമായിരുന്നു എന്നതിന്റെ ദൃഷ്ടാന്തമാണിത്. മത്സ്യബന്ധനമേഖലയെ പരിസ്ഥിതിപഠനത്തിന്റെ മേൽനോട്ടത്തിൽക്കൂടിയും പരിഷ്കരിക്കണമെന്ന ലക്ഷ്യങ്ങൾ ഫെഡറേഷൻ മുന്നോട്ടുവെക്കുന്നുണ്ട്. ഫെഡറേഷന്റെ ശാസ്ത്രാനുകൂലനിലപാടുകളുമായി ചേർത്തു വായിക്കേണ്ടതാണ് ഈ പംക്തി.

'തീരശബ്ദം' എന്ന മാസികയുടെ 'സമര സപ്ലിമെന്റ്' എന്ന പ്രത്യേക എഡിഷനിലെ ഒരു ലേഖനമിതാണ്-'*എന്തുകൊണ്ട് ട്രോളിംഗ് നിരോധിക്കണം - ശാസ്ത്രീയാടിത്തറ"* [14]. മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രവർത്തനങ്ങളെ വില യിരുത്തുന്ന *സമരകഥയിൽ* ശാസ്ത്രീയമായി മത്സ്യബന്ധനമേഖലയെ വിശദീകരിക്കാൻ ശ്രമിക്കണമെന്ന ആവശ്യങ്ങൾ സംഘടന ഉയർത്തുന്നുണ്ടെന്ന് കാണാം. കടലിനെക്കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ തൊഴിലാളികളിലേക്ക് എത്തിക്കുന്നതിലൂടെ, പ്രസ്ഥാനത്തിന്റെ ശാസ്ത്രാഭിമുഖ്യം ശരിവെയ്ക്കുന്നു. ഈ ധാരണകൾക്ക് അടിസ്ഥാനമായ പ്രവർത്തനരീതികൾ പി.സി.ഒ.യുടെ നേതൃത്വത്തിൽ സജീവമായിരുന്നു. പരിസ്ഥിതിയെ സംരക്ഷിക്കുന്ന ശാസ്ത്ര അഭിമുഖ്യങ്ങളെ സ്വാഗതം ചെയ്തുകൊണ്ടുള്ള നയപദ്ധതികൾ പി.സി.ഒ. നടപ്പിലാക്കിയിരുന്നു. മത്സ്യവിഭവശേഷി, സാങ്കേതികവിദ്യ, തൊഴിലാളികളുടെ അധ്വാനശക്തി എന്നീ കാര്യങ്ങൾ കണക്കിലെടുത്തുള്ള മത്സ്യസംരക്ഷണം ലക്ഷ്യം വെക്കുന്ന ചർച്ചയും സെമിനാറുകളും പി.സി.ഒ. സംഘടിപ്പിക്കുന്നുണ്ട്.

തീരദേശപ്രവർത്തർക്ക് വേണ്ടി നടത്തിയ പരിശീലനപരിപാടികളിൽ നദീജല പരിസ്ഥിതിയെപ്പറ്റിയും ഹരിതരാഷ്ട്രീയത്തെയും കണ്ടൽക്കാടുകളെയും കുറിച്ചുമുള്ള സെമിനാറുകൾ നടത്തുന്നതും പ്രവർത്തകരുടെ നേതൃത്വത്തിൽ പരിസ്ഥിതി പഠനയാത്രകൾ സംഘടിപ്പിക്കുന്നതും ഇതോടു ചേർത്തു വായിക്കാം. 1990-ലെ പ്രവർത്തനറിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "നശിച്ചു കൊണ്ടിരിക്കുന്ന പരിസ്ഥിതിയെ പുനഃസൃഷ്ടിക്കുന്നതിന് മത്സ്യത്തൊഴിലാളികൾ നടത്തിയ പരിസ്ഥിതിപ്രവർത്തനങ്ങളായ കണ്ടൽ വനവൽക്കരണം കൃത്രിമ പാരുകളുടെ നിർമാണം എന്നിവയെപ്പറ്റിയും ഡിറ്റോ ഡിക്രൂസ്, നളിനി നായക് എന്നിവർ പഠനങ്ങൾ നടത്തി. ബദൽവികസനമാതൃകകൾ ആയി സമുദ്രസമ്പത്ത് സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ജലജീവചക്രം സംരക്ഷിക്കപ്പെടണം. അതുകൊണ്ടാണ് വനനശീകരണവും നദികളിലെ മലിനീകരണവും കീടനാശിനികളുടെ ഉപയോഗവും അനുയോജ്യമല്ലാത്ത മത്സ്യബന്ധനരീതികളും സമുദ്രസമ്പത്തിനെ നശിപ്പിക്കുന്ന ഘടകങ്ങളായി നാം കാണുന്നത്. അങ്ങനെ സമുദ്രപരിസ്ഥിതിയെ അതിന്റെ സമഗ്രതയിൽ വീക്ഷിക്കുമ്പോൾ അതുമായി ബന്ധപ്പെട്ടുകിടക്കുന്ന അതിന്റെ പരിസ്ഥിതി വ്യൂഹങ്ങളെ സംരക്ഷിച്ചെങ്കിൽ മാത്രമേ സമുദ്രപരിസ്ഥിതിയെ നിലനിർത്താനാകൂ എന്ന അവബോധമാണ് നശിച്ചുപോയ ആവാസവ്യവസ്ഥകളുടെയും

പരിസ്ഥിതിവ്യൂഹങ്ങളുടെയും പുനഃസൃഷ്ടിയിൽ ഏർപ്പെടാൻ പി.സി.ഒ. തീരുമാനിച്ചത്." പരിസ്ഥിതിയും ഉപജീവന വിഷയങ്ങളും മുഖ്യ അജണ്ടയായിരുന്നു എന്നിത് തെളിയിക്കുന്നു. മാത്രമല്ല, കടൽ-ഉൾനാടൻ മേഖലകളിലെ പ്രശ്നങ്ങൾ ഒന്നിച്ചു ചേർത്തുകൊണ്ട് വിഭവ സംരക്ഷണത്തിന് ഒരു സംയോജന സ്വഭാവം കൊണ്ടുവരുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

അതോടൊപ്പം തന്നെ കായൽമേഖലകളിലെ മത്സ്യബന്ധനപ്രശ്നങ്ങളും സംഘർഷങ്ങളും കണക്കിലെടുത്ത് ലത്തീൻ കത്തോലിക്കാസഭയുടെ മേൽനോട്ടത്തിൽ സംഘടനകൾ രൂപീകരിക്കുന്നുണ്ട്[15]. പരിസ്ഥിതിസംവാദങ്ങളുടെ കേന്ദ്രത്തിൽ കടൽ-കായൽ മേഖലകളുടെ സംരക്ഷണവും പരിപാലനവും ഉയർത്തിക്കൊണ്ടു വരുന്നതിന് ഈ സംഘടനാമുന്നേറ്റങ്ങൾ സഹായിച്ചിട്ടുണ്ട്. കണ്ടൽവനങ്ങൾ, ജലാശയ സംരക്ഷണം എന്നിവ കടൽത്തീരവിഷയമായി നിലനിർത്തുന്നതിൽ സംഘടനകളുടെ നേതൃത്വങ്ങളും ഒറ്റക്കെട്ടായി നിന്നു. 1989-ൽ നാഷണൽ ഫിഷർമെൻസ് ഫോറം പ്രസിദ്ധീകരിച്ച *കുടിവെള്ളത്തെപ്പറ്റി* എന്ന പുസ്തകത്തിൽ ക്ലമന്റ് ലോപസ് പാരിസ്ഥിതികപ്രാധാന്യത്തിലൂന്നി തീരദേശവിഷയങ്ങൾ പ്രതിപാദിക്കുന്നു. മത്സ്യബന്ധനതൊഴിലാളി യൂണിയനുകളും മറ്റു സംഘടനകളും കടൽത്തീരത്തെയും കായൽതീരത്തെയും തുല്യമായി പരിഗണിച്ചിരുന്നതിന്റെ ദൃഷ്ടാന്തമാണ് കടലിനെ 'ജലപരിസ്ഥിതിയായി സങ്കൽപ്പിക്കുന്ന മുദ്രാവാക്യങ്ങളും സമരമാർഗങ്ങളും. കായൽമത്സ്യങ്ങൾക്ക് ഉണ്ടായ രോഗങ്ങളുമായി ബന്ധപ്പെട്ട് 1986-ൽ ജനജാഗ്രതി പ്രസിൽനിന്ന് ഇറങ്ങിയ, ഡോ: ബെനഡിക്ട് ജോൺസൻ എഴുതിയ *കായൽമത്സ്യരോഗവും പരിസ്ഥിതിവിമോചനവും* എന്ന പുസ്തകം പരിസ്ഥിതി വിഷയമായി ജലാശയങ്ങളെ ബന്ധിപ്പിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമായി എടുത്തു പറയേണ്ടതാണ്.

പി.സി.ഒ.യുടെയും മത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും പരിസ്ഥിതി ആലോചനകൾക്ക് അനുബന്ധമായി ചേർത്തു വെക്കാവുന്നതാണ് ദേശീയ 'മത്സ്യത്തൊഴിലാളി ഫോറ (N.F.F.) ത്തിന്റെ ഇടപെടലുകൾ. തീരദേശത്തിന്റെ തൊഴിൽ-സാമൂഹികവ്യവഹാരങ്ങളെ പരിസ്ഥിതിരാഷ്ട്രീയ പശ്ചാത്തലത്തിൽ പ്രസക്തമാക്കുന്നതിൽ ഈ സംഘടനയ്ക്കും പ്രധാന പങ്കുണ്ട്. 1989-ൽ എൻ.എഫ്.എഫ്. സംഘടിപ്പിച്ച കന്യാകുമാരിമാർച്ച് തീരദേശ സമൂഹങ്ങളുടെ ഉപജീവനമാർഗങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർത്തിയ മുദ്രാവാക്യം 'ജലം സംരക്ഷിക്കുക, ജീവൻ സംരക്ഷിക്കുക' എന്നതായിരുന്നു.

1989-ലെ കൂടംകുളത്തെ ആണവനിലയത്തിന്റെ വിഷയങ്ങൾ, കുടിവെള്ള ലഭ്യതക്കുറവ്, മലിനീകരണം തുടങ്ങി നിരവധി വിഷയങ്ങൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനപരിധിയിൽ വന്നിരുന്നു. വ്യാവസായിക വികസനത്തെ തുടർന്നുള്ള പരിസ്ഥിതിപ്രശ്നങ്ങൾ, വിവിധ വിഭാഗങ്ങൾ നേരിട്ട പുറന്തള്ളൽ എന്നിവ ഏറ്റെടുത്തുകൊണ്ടുള്ള നേതൃത്വത്തിന്റെ പ്രക്ഷോഭങ്ങൾ പരിസ്ഥിതിസംവർഗത്തിലേക്ക് തീരവിഷയങ്ങളെ മാറ്റപ്പണിതു. കേരളത്തിലെ തീര അവകാശസമര പ്രവർത്തനങ്ങളുടെ പരിസ്ഥിതിവീക്ഷണം തൊഴിൽ-സാമൂഹികവിഷയങ്ങളിൽ ഊന്നിയുള്ളതായിരുന്നുവെന്ന് മേൽപ്പറഞ്ഞ ചർച്ചകൾ സൂചിപ്പിക്കുന്നു.

**1.6 സംഗ്രഹം**

ശാസ്ത്ര-സാങ്കേതിക വിദ്യകളും ഭരണകൂടനയങ്ങളും ഇഴപിരിഞ്ഞു കിടക്കുന്ന കേരളത്തിലെ തീരദേശ പരിവർത്തനങ്ങളെ വിശകലനം ചെയ്യുമ്പോൾ, അവയെ ഒരു 'കേന്ദ്രീകൃത വൃത്തത്തിന്' (umbrella term) കീഴിൽ അടയാളപ്പെടുത്തേണ്ടി വരുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വൈവിധ്യം, ഉപജീവന മാർഗ്ഗങ്ങൾ, രാഷ്ട്രീയ താൽപ്പര്യങ്ങൾ എന്നിവ ഉൾച്ചേർന്നതാണ് ഈ ആശയരൂപം. ആധുനികീകരണത്തിന്റെ ഭാഗമായുണ്ടായ യന്ത്രവൽക്കരണം തീരദേശത്ത് 'പരമ്പരാഗതമെന്നും' 'യന്ത്രവൽകൃതമെന്നും' ഉള്ള ഒരു വലിയ വിഭജനത്തിന് തുടക്കമിട്ടു. ഇത് വിഭവവിതരണത്തിലെ നീതിയെക്കുറിച്ചും അധികാരത്തെക്കുറിച്ചുമുള്ള പുതിയൊരു ചരിത്രഘട്ടത്തിലേക്കാണ് ഈ സമൂഹത്തെ നയിച്ചത്.

മത്സ്യത്തൊഴിലാളി യൂണിയനുകൾ, ക്രിസ്ത്യൻ സഭ, അവകാശസമരപ്രസ്ഥാനങ്ങൾ എന്നിവയുടെ ഇടപെടലിലൂടെ ഒരു വിഭാഗം തൊഴിലാളികൾ തങ്ങളുടെ 'പരമ്പരാഗത കർതൃത്വത്തെ' രാഷ്ട്രീയ പോരാട്ടമാക്കി. എന്നാൽ, തെക്കൻ തീരത്തെ മുസ്ലിം-ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിലുണ്ടായ സംഘർഷങ്ങൾ സമുദായബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുകയും, ഈ പരിവർത്തനങ്ങളെ സാമുദായിക വീക്ഷണകോണിലൂടെ നോക്കിക്കാണാൻ പ്രേരിപ്പിക്കുകയും ചെയ്തു. തീരദേശത്തെ അവകാശസമരങ്ങളിൽ മുസ്ലിംവിഭാഗത്തിന്റെ അസന്നിഹിതത്വം ശ്രദ്ധേയമാണ്. എന്നാൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ ഒരു വലിയ ശതമാനം തൊഴിലാളികൾ മത്സ്യബന്ധനത്തിന് പുറമെ രാഷ്ട്രീയശക്തിയായും അവകാശപ്പോരാട്ടങ്ങളിലെ സജീവ പങ്കാളികളായും മാറി. തങ്ങളുടെ

പാർശ്വവൽക്കരണത്തെയും ദാരിദ്ര്യത്തെയും മുൻനിർത്തി ഒരു 'കീഴാള കർതൃത്വം' ഇവർ നിർമ്മിച്ചെടുത്തു.

ആധുനികീകരണത്തിന്റെ ആഘാതത്തിൽ നിഷ്ക്രിയമായി തുടരുന്നതിനു പകരം പുതുതായി ഉയർന്നുവന്ന ശക്തികളെ എതിരിടാനും പൊരുത്തപ്പെടാനും വ്യക്തിഗതമായും കൂട്ടായും വിവിധ ഇടങ്ങൾ ഇവർ രൂപപ്പെടുത്തിയെടുക്കുന്നുണ്ട്. അവകാശ സമരങ്ങളിൽനിന്ന് നിയമലംഘനം, വിഭവശോഷണം, ശാസ്ത്രപഠനം, കടൽപ്പരിധികൾ എന്നിങ്ങനെ വിവിധ ആഖ്യാനങ്ങൾ നിർമ്മിച്ചെടുത്താണ് ഇവർ സജീവമാകുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളി ജീവിതം കേവലം ഒരു തൊഴിൽക്കൂട്ടായ്മ എന്നതിലുപരി, ആധുനികതയോടും അധികാരത്തോടും നിരന്തരം കലഹിച്ചു രൂപപ്പെട്ട ഒരു രാഷ്ട്രീയ കർതൃത്വമായി മാറിയത്.

**കുറിപ്പുകൾ:**

1. കട്ടമരത്തിന്റെ ഉത്ഭവം ഈജിപ്റ്റാണെങ്കിൽ, കെട്ടുവള്ളങ്ങൾക്ക് അറേബ്യൻ സ്വാധീനം വളരെയേറെയുണ്ട്. ചീനവലകൾ ചൈനയിൽനിന്ന് വന്നു എങ്കിൽ ഷോർസീൻ പോർച്ചുഗലിൽനിന്നും ഇവിടെയെത്തി. മീനിന്റെ സഞ്ചാരങ്ങൾ, പ്രജനനചക്രം, പാരുകൾ, തിരമാലകൾ, പ്രവാഹങ്ങൾ, കാറ്റ് എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികൾ ആർജിക്കുന്ന വിജ്ഞാനമാണ് ഈ മീൻപിടിത്ത രീതിയുടെ അടിസ്ഥാനം (ഷാജഹാൻ, 1990: 32).

2. 1990-കളിൽ കേരള വികസന മാതൃകയെക്കുറിച്ചുള്ള സംവാദങ്ങൾ സജീവമായപ്പോൾ, തീരദേശം ആ മാതൃകയുടെ പോരായ്മകൾ വെളിപ്പെടുത്തുന്ന പ്രധാന വിമർശന സംവർഗമായി (category of critique) മാറി. വികസനത്തിന്റെ പൊതുധാരയിൽ നിന്ന് തീരദേശം എങ്ങനെയാണ് പുറന്തള്ളപ്പെട്ടത് എന്ന് ജോൺ കുര്യന്റെ പഠനങ്ങൾ സവിശേഷമായി ചൂണ്ടിക്കാട്ടുന്നു. യന്ത്രവൽക്കരണവും കമ്പോള ശക്തികളും മത്സ്യത്തൊഴിലാളിയെ കടലിലേക്ക് കൂടുതൽ ആഴത്തിൽ കൊണ്ടുപോയെങ്കിലും, കരയിലെ സാമൂഹിക വ്യവസ്ഥയിൽ അവർ കൂടുതൽ പാർശ്വവൽക്കരിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തര വികസനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ മത്സ്യത്തൊഴിലാളിയെ സ്റ്റേറ്റ് നയങ്ങളുടെ കേവലമായ ഒരു 'ഉപഭോക്താവ്' എന്ന നിലയിലോ അല്ലെങ്കിൽ അടിച്ചമർത്തപ്പെടുന്ന 'ഇര' എന്ന നിലയിലോ ആണ് അടയാളപ്പെടുത്തിയിരിക്കുന്നത്. അവരുടെ കർത്തൃത്വത്തേക്കാൾ ഉപരിയായി ഭരണകൂടത്തിന്റെ ഇടപെടലുകൾക്കാണ് ഈ പഠനങ്ങൾ പ്രാധാന്യം നൽകിയത്.ആധുനികീകരണത്തിന്റെ ഫലമായി വിഭവങ്ങളും അവകാശങ്ങളും തുല്യമായി വിതരണം ചെയ്യപ്പെട്ടില്ല എന്നത് കേരള വികസന മാതൃകയ്ക്ക് നേരെയുള്ള വലിയൊരു വിമർശനമായി മാറി. തീരദേശ ആവാസവ്യവസ്ഥയുടെയും മത്സ്യസമ്പത്തിന്റെയും സ്വാഭാവികമായ ജൈവഘടനയെ വികസന നയങ്ങൾ തകർത്തു എന്ന് പഠനങ്ങൾ സമർത്ഥിക്കുന്നു.

   കേരള മോഡൽ വികസനവുമായി ബന്ധപ്പെട്ട ചർച്ചകൾ :

   Sreekumar, K.K. and Govindan Parayil , 2006 ,

   Parayil, Govindan, 2000, Tharamangalam, Joseph, 2006.

3. 1970, 1978, 1980, 1982, 1992, 1995 വർഷങ്ങളിൽ നടന്ന കലാപങ്ങളിൽ നിരവധി ആളുകൾ കൊല്ലപ്പെടുകയും വീടുകൾ, ഉപകരണങ്ങൾ നശിക്കുകയും ഉണ്ടായി. (അവലംബം. തിരുവനന്തപുരം വിഴിഞ്ഞം തീരപ്രദേശത്തെ ആക്ടിവിസ്റ്റ് വിപിൻദാസുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്)

4. കന്യാകുമാരി, കൊളച്ചൽ എന്നീ തമിഴ്നാട് തീരപ്രദേശങ്ങളിലെ മുക്കുവവിഭാഗങ്ങളും കേരളത്തിന്റെ തീരപ്രദേശത്തെ ലത്തീൻ കത്തോലിക്കരും തമ്മിൽ നടക്കുന്ന വിവാഹബന്ധങ്ങളും തൊഴിൽകുടിയേറ്റങ്ങളും മതതീർത്ഥാടനങ്ങളും സാംസ്കാരികമായും ഭാഷാപരമായും ഐക്യവും ഏകത്വവും നിലനിർത്തുന്നു എന്ന് കൽപ്പന റാം കണ്ടെത്തുന്നു (Ram, 1991). തമിഴും മലയാളവും കലർന്ന ഈ പ്രദേശങ്ങളിലെ ഭാഷാരീതി ഇതിനുദാഹരണമാണ്. മുക്കുവർ എന്നത് ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ തെക്കൻതീരമേഖലയിൽ സൂചിപ്പിക്കുന്ന ജാതിസംജ്ഞയാണ്. ഈ തീരദേശ വിഭാഗത്തെക്കുറിച്ച് ഗവേഷണം നടത്തിയ പി.ടി.മാത്യു, 2001 ലത്തീൻ കത്തോലിക്കാ സമുദായസ്വത്വത്തെ 'മുക്കുവ' പാരമ്പര്യത്തിലാണ് അടയാളപ്പെടുത്തുന്നത്. ആധുനികതയ്ക്ക് മുമ്പുള്ള തീരദേശപാരമ്പര്യങ്ങളുടെ സാമൂഹിക-ചരിത്രങ്ങളെ സംബന്ധിച്ച് പുതിയ ഉൾക്കാഴ്ചകൾ ഈ പഠനം പങ്കുവെക്കുന്നു. തീരവിഭാഗങ്ങളിൽ അന്തർലീനമായിരിക്കുന്ന 'തിണ'സംസ്കാ രത്തിന്റെ ചരിത്രവേരുകളിലേക്കാണ് മുക്കുവസാമൂഹികപ്രപഞ്ചത്തെ പഠനത്തിൽ സങ്കല്പിക്കുന്നത്. മുക്കുവരുടെ തൊഴിൽപരവും സ്ഥലപരവുമായ തന്മയെ വീണ്ടെടുക്കുന്ന രൂപകം കൂടിയാണ് നെയ്തൽ ഉൾപ്പെടുന്ന തിണസിദ്ധാന്തമെന്നും വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നതിലെ ദ്രാവിഡത്തനിമയെ തീരദേശം സമകാലികമായി ആവിഷ്കരിക്കുന്നതായും അദ്ദേഹം വിശദീകരിക്കുന്നു. ലത്തീൻ കത്തോലിക്കാസ്വത്വമെന്നത് മുക്കുവസാംസ്കാരികതയായി പഠനം തിരിച്ചറിയുന്നു (Mathew, 2001).

5. റോബർട്ട് പനിപ്പിള്ള, *തിരയോരചരിത്രത്തിലെ തിരുശേഷിപ്പുകൾ* , 2019, Mathew, P.T. 2001. *We dare waters - The World and the Worldview of Mukkuvar.*

6. "കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഏകതാനമായ ഒരു സമൂഹമല്ല. ഒരു വംശീയ പാരമ്പര്യവുമല്ല അവർ പിന്തുടരുന്നത്. മാർത്തോമാ ക്രിസ്ത്യാനികളിൽനിന്ന് പോർട്ടുഗീസുകാരുടെ കാലത്ത് കത്തോലിക്കാവൽ ക്കരിക്കപ്പെട്ടവരും വിവിധ ജാതി-വംശീയ സമൂഹങ്ങളിൽനിന്ന് ക്രിസ്തുമാർഗം സ്വീകരിച്ചവരും ചേരുന്നതാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കർ. 1886-ൽ ഇന്ത്യയിലെ ലത്തീൻസഭയുടെ അധികാര-ഭരണ നിർവഹണ സംവിധാനവും ക്രമവും രൂപപ്പെടുന്നുണ്ട്. തുടർന്ന്, വരാപ്പുഴ അതിരൂപത, കൊച്ചി, കൊല്ലം, കോഴിക്കോട്, വിജയപുരം, തിരുവനന്തപുരം, ആലപ്പുഴ എന്നീ രൂപതകൾ കേന്ദ്രീകരിച്ച് കേരളത്തിൽ ലത്തീൻകത്തോലിക്കാ സമുദായം ശക്തിപ്പെടുക യായിരുന്നു. ലത്തീൻ കത്തോലിക്കാസമുദായത്തിന് രണ്ടു മുഖങ്ങളുണ്ട്. ആദ്യത്തേത് അതിന്റെ സഭാത്മകമുഖമാണ്. രണ്ടാമത്തേത് അതിന്റെ രാഷ്ട്രീയസമൂഹമെന്ന മുഖവുമാണ്. ഇത്

പൗരാവകാശങ്ങളുമായി ബന്ധപ്പെട്ട് നില്ക്കുന്നു. ഇതാകട്ടെ വേർതിരിച്ച് കാണാനും സമുദായത്തിനു കഴിഞ്ഞിരുന്നില്ല. സഭാത്മകസമൂഹമെന്ന നിലയിൽ ശക്തമായ സാന്നിദ്ധ്യമാകാൻ ലത്തീൻസമുദായത്തിനു കഴിഞ്ഞെങ്കിലും രാഷ്ട്രീയസമൂഹമെന്ന നിലയിൽ സാമൂഹികസ്വാധീനം ചെലുത്താൻ കഴിയുന്നവിധം ശക്തിപ്പെടാനും ലത്തീൻ സമുദായത്തിനു കഴിഞ്ഞിരുന്നില്ല." (ജോസഫ് ജൂഡ്, കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ സമുദായ സംഘടന, April, 2014, KERALAVANI,Media Commission Archdiocese of Verapoly http://vidyaniketans.org/

7. ദേശീയ മത്സ്യത്തൊഴിലാളി ഫോറവും കേരളസ്വതന്ത്രമത്സ്യത്തൊഴിലാളി യൂണിയനും സാമൂഹികപ്രസ്ഥാനങ്ങളെന്ന നിലയിൽ കക്ഷിരഹിത സ്വഭാവത്തിൽ സ്വതന്ത്ര പ്രവർത്തനശൈലിയിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി. പ്രധാനമായും വികസനപ്രവർത്തനങ്ങൾ നടത്തിയതിന്റെ അപര്യാപ്തതയിലും നീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള രാഷ്ട്രീയമായ സാമൂഹിക പ്രവർത്തനത്തിനും വേണ്ടിയാണ് കെ.എസ്.എം.ടി.എഫ് സംഘടിച്ചത്. (ഏർത്തയിൽ, 2002: 12).

8. "കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ തൊഴിലാളിവൽക്കരണപ്രക്രിയകൾ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലെ മറ്റ് തൊഴിലാളിഗ്രൂപ്പുകളുടേതിന് സമാനമാണ്. പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ കേരളത്തിലെ മറ്റു തൊഴിൽ വിഭാഗത്തിലെ തൊഴിലാളികളേക്കാളും വൈകിയാണെങ്കിലും സാമുദായിക പ്രാതിനിധ്യത്തെ അടിസ്ഥാനമാക്കിയുള്ള സാമൂഹികസംഘടനയിൽനിന്ന് ഒരു വർഗാധിഷ്ഠിതസംഘടനയിലേക്കുള്ള മാറ്റം കണ്ടെത്താൻ കഴിയും" (Halfdanar-dottir, 1993: 153).

9. മത്സ്യത്തൊഴിലാളിസമരവുമായി ബന്ധപ്പട്ട് പ്രധാന പത്രറിപ്പോർട്ടുകളിലും വാരികകളിലും ഇതിനെ സംബന്ധിച്ച വിവരണങ്ങൾ വിശദമായിത്തന്നെ സ്ഥാനംപിടിച്ചിരുന്നു. തിരുവനന്തപുരത്തെ സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ്, കൊല്ലം തിരുവല്ലയിലെ ഡയനാമിക്-ആക്ഷൻ സെന്റർ, ആലപ്പുഴ പറവൂരിലെ ജനജാഗ്രതി പ്രസ് എന്നീ സ്ഥാപനങ്ങളിൽ അക്കാലത്ത് നടന്ന സമര പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. ചാർട്ടുകളിൽ അക്കാലത്തെ വിവിധ പത്രകട്ടിംഗുകൾ സ്ഥാപനങ്ങൾ ശേഖരിച്ച് വെച്ചതായി ഗവേഷണ പ്രവർത്തനത്തിനിടയിൽ ഈ സ്ഥാപനത്തിൽ നേരിട്ടുചെന്ന് കണ്ടിരുന്നു.

10. മത്സ്യങ്ങളുടെ പ്രജനനവേളയായ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ട്രോളിങ് പൂർണമായി നിരോധിക്കണമെന്നും ഈ നിരീക്ഷകർ നിർദേശിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ഈ മൂന്നുമാസ കാലയളവിൽ കേരളത്തിൽ ട്രോളിങ് പൂർണമായും നിരോധിച്ചുകൊണ്ട് സർക്കാർ

1981 മെയ് 23-ാം തീയതി ഗസറ്റിൽ വിജ്ഞാപനം ചെയ്തു. എന്നാൽ മൂന്നുദിവസത്തിനു ശേഷം ശേഷം കരിക്കാടി (ചെമ്മീൻ) സീസണിന്റെ പേര് പറഞ്ഞു നീണ്ടകരയിൽ മാത്രം ട്രോളിങ് നിരോധനം പിൻവലിച്ചതിന്റെ പേരിൽ യൂണിയനുകൾ സമരരംഗത്തിറങ്ങി. തിരുവനന്തപുരം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിലായിരുന്നു സമരം. മുതലാളിമാരുടെയും വ്യാപാരി കളുടെയും സമ്മർദ്ദത്തെ തുടർന്ന് മെയ് ഇരുപത്തി ആറിന് ട്രോളിങ് നിരോധന ഉത്തരവ് പിൻവലിച്ചു. മത്സ്യത്തൊഴിലാളികൾ പിക്കറ്റിങ് നടത്തി അറസ്റ്റ് വരിച്ചു. ഇരുപത്തിരണ്ടാം തീയതി തിരുവനന്തപുരം ജില്ലാ യൂണിയന്റെ നേതൃത്വത്തിലുള്ള സമരത്തിന് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനും കൊല്ലം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയനും പിന്തുണ പ്രഖ്യാപിച്ചതോടെ സമരം സംസ്ഥാനാടിസ്ഥാനത്തിലായി. (ഏർത്തയിൽ, 2002)

11. "1984-ലെ സമരകാലത്ത് സിസ്റ്റർ ഫിലമിൻ മേരി നടത്തിയ 23 ദിവസത്തെ നിരാഹാരസമരം സമര ചരിത്രത്തിൽ ശ്രദ്ധേയമായ ഒന്നായിരുന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ സിസ്റ്റർ ഉൾപ്പെടെയുള്ള മൂന്ന് മെഡിക്കൽ മിഷൻ സിസ്റ്റർമാരുടെ അനിശ്ചിതകാല നിരാഹാരസമരം നടന്നു. ഫിലമിൻ മേരി, തേറമ്മ പ്രായിക്കളം, പടീഷ്യ കുരുവികുന്നേൽ എന്നിവർക്കൊപ്പം ഫാ. ജെയിംസ് കുലാസ് തുടങ്ങിയ മത്സ്യത്തൊഴിലാളിനേതാക്കൾ പങ്കെടുത്തു. മെഡിക്കൽ മിഷൻ സിസ്റ്റർമാരായ മേഴ്സി കുറ്റിയാനി, ലൂക്ക് വെളിയത്തുമാലിൽ, വത്സ പറപ്പാറകത്ത് എന്നിവരും നിരവധി മത്സ്യത്തൊഴിലാളികളും ചേർന്ന് കടകാവൂരിൽ തീവണ്ടി പിക്കറ്റ് ചെയ്യുകയും പോലീസ് ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. ഈ സമരത്തെ തുടർന്ന് തിരുവനന്തപുരം ജില്ലയിൽ പിന്നീടു നടന്ന എല്ലാ മത്സ്യത്തൊഴിലാളി സമരങ്ങളിലും സിസ്റ്റർമാർ പങ്കെടുത്തു. അവരുടെ സാന്നിധ്യം സ്ത്രീകളെ വൻതോതിൽ പ്രക്ഷോഭങ്ങളിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചു. അവരിൽ പലരും നേതൃസ്ഥാനത്തേക്ക് വന്നത് സിസ്റ്റർമാരുടെ മാതൃകാപരമായ പ്രവർത്തനം കൊണ്ടാണ്" (കളീയ്ക്കൽ, 2021: 181).

12. 1980-കളുടെ തുടക്കം മുതൽ 1985-വരെ ഇരുപതോളം സഹകരണസംഘങ്ങൾ കൊല്ലത്തും കന്യാകുമാരിയിലും സംഘടിപ്പിച്ചുകൊണ്ട് എസ്.ഐ.എഫ്.എഫ്. എസ്.ൽ ചേർത്തുവെന്നത് ഈ രംഗത്തെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ ഇടവരുത്തി. ഈ പുനഃസംഘടനകൾ എസ്.ഐ.എഫ്.എഫ്.എസ്.നെ പ്രധാനമായും ഗവേഷണ-വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രധാന ശക്തിയാക്കി മാറ്റി. വിപണനം, ബാങ്ക് വായ്പകൾ സുഗമമാക്കൽ, മത്സ്യബന്ധന ഉപകരണങ്ങൾ മൊത്തമായി വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതോടൊപ്പം വിപുലമായി നടന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇതൊരു ന്യായമായ

മത്സ്യത്തൊഴിലാളി സൗഹൃദസംരംഭമായി വളർന്നു. ഈ സംരംഭത്തിലെ അംഗങ്ങൾക്കായി മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഒരു പ്രധാന സാങ്കേതിക കണ്ടുപിടിത്തമെന്നത് പരുത്തിക്ക് പകരം നൈലോൺ വലകൾ ഉപയോഗിച്ചു എന്നതാണ്. ഇത് മത്സ്യബന്ധനോപകരണങ്ങളുടെ ഉൽപ്പാദനക്ഷമത ഗണ്യമായി വർധിപ്പിച്ചു. അംഗങ്ങൾ അവർക്ക് കിട്ടിയതിന്റെ ഒരു വിഹിതം സഹകരണസംഘത്തിന്റെ നടത്തിപ്പിനായി സംഭാവന ചെയ്തു. ഈ വികസനസംരംഭങ്ങൾ കൂട്ടായ രീതിയിലുള്ള സാമ്പത്തികസംഘാടനത്തിന്റെ കേന്ദ്രബിന്ദുവായി മാറി. തീരദേശജനങ്ങൾക്ക് അവർ എന്താണ് സമ്പാദിച്ചതെന്നറിയാനും സംസ്ഥാനത്തിന്റെ മത്സ്യവരുമാനത്തിലും ഉൽപ്പാദനത്തിലും അവർ നൽകുന്ന സംഭാവനയെക്കുറിച്ച് സർക്കാരിനെ വെല്ലുവിളിക്കാനുമുള്ള ഒരു മാർഗമായി ഈ പദ്ധതികൾ മാറി. ഈ പശ്ചാത്തലത്തിൽ സാമൂഹികവികസനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട ഭരണവിഭാഗങ്ങൾ തങ്ങളുടെ അധ്യക്ഷതയിൽ സഹകരണ സഹായങ്ങളും സംഘങ്ങളും രൂപീകരിക്കുന്നുണ്ട്. മത്സ്യഫെഡ് (കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ്) പോലുള്ള പുതിയ ഏജൻസികൾ ഇങ്ങനെരൂപപ്പെടുന്നതാണ്. ( Kurien, 1991 )

13.
1) സമുദ്രശാസ്ത്രത്തിന്റെ പിതാവാര്?
2) ലോകത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള രാജ്യമേത്?
3) ചാവുകടൽ ഏത് രാജ്യത്താണ് ? അതിന്റെ പ്രത്യേകതയെന്ത്?
4) കഴിഞ്ഞ വർഷം ഡിസംബറിൽ കൊഞ്ചുകൃഷി നിരോധനം ഏർപ്പെടുത്തിയ സുപ്രീം കോടതി ജസ്റ്റിസ് ആരൊക്കെയാണ്?
5) ഏറ്റവും വലിയ കടൽ ഏത്?
6) കടലിന്റെ ആഴം അളക്കുന്ന ഉപകരണത്തിന്റെ പേരെന്ത്?

ഉത്തരം:

1) മാത്യു ഫോൻടൻ മാറി
2) ബ്രസീൽ
3) പാലസ്തീൻ, ഉപ്പിന്റെയും ലവണങ്ങളുടെ സാന്ദ്രത കൂടുതലായതോണ്ട് ജീവജാലങ്ങൾ ഇല്ല.
4) ശ്രീ. കുൽദ്വീപ് സിംഗും സാഹിർ അഹമ്മദും
5) ദക്ഷിണ ചൈനക്കടൽ
6) എക്കോ സൗണ്ടർ.

(ആസ്റ്റിൻ എൽ.)

(കടലറിവുകൾ ചോദ്യോത്തരങ്ങൾ, അലകൾ.1998. ജനുവരി, 112ലക്കം)

14. തിരുവനന്തപുരത്തെ പൂന്തുറ കേന്ദ്രീകരിച്ച് രൂപംകൊണ്ട 'Fishermens Development Programmes and Studies Centre എന്ന സാമൂഹിക സംഘടന പുറത്തിറക്കിയതാണ് 'തീരശബ്ദം മാസിക.'

15. യൂണിയനുകളുടെ ആദ്യ രൂപങ്ങളിലൊന്നായിരുന്നു ആലപ്പുഴയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘം. മറ്റൊന്ന് അഷ്ടമുടിക്കായൽ മത്സ്യത്തൊഴിലാളി യൂണിയൻ (1969). പ്രധാന യൂണിയനുകളുടെ ഘടക യൂണിയനുകളും കായൽ മേഖലകളിൽ സജീവമായിരുന്നു. (*ഒരു സമരകഥ*, 1988).

# അധ്യായം രണ്ട്
# പരിവർത്തനാനുഭവങ്ങൾ: സൈദ്ധാന്തിക സമീപനങ്ങൾ

മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ ചരിത്രവും സ്വഭാവവും അറിയാനുള്ള ഒരു മാർഗ്ഗമാണ് പരിവർത്തനാനുഭവങ്ങളുടെ നിർമ്മിതിയെക്കുറിച്ചും അതിന്റെ പരിണതിയെക്കുറിച്ചുമുള്ള അന്വേഷണങ്ങൾ. അതുകൊണ്ടു തന്നെ, അടിസ്ഥാനപരമായ സംവർഗങ്ങൾ സംബന്ധിച്ച് വ്യക്തത തേടുക അനിവാര്യമാണ്. ഇക്കാര്യം കണക്കിലെടുത്ത് പരിവർത്തനം എന്ന സംവർഗത്തെ പ്രസക്തസന്ദർഭം മുൻനിർത്തി സൂക്ഷ്മമായി വിലയിരുത്തി വിശദീകരിക്കാനും അതിന്റെ അക്കാദമികമായ പരിചരണത്തെയും വികാസത്തെയും വിലയിരുത്താനുമാണ് ഈ അധ്യായത്തിന്റെ തുടക്കഭാഗത്ത് ശ്രദ്ധിക്കുന്നത്. ഈ അന്വേഷണത്തിൽ, കോളനിയാനന്തരം ദക്ഷിണേന്ത്യയിലെ തീരമേഖലകളെക്കുറിച്ച് ശ്രദ്ധേയമായ പഠനങ്ങൾ നടത്തിയ കൽപ്പന റാം, അജന്ത സുബ്രഹ്മണ്യൻ, അപർണ സുന്ദർ എന്നിവരുടെ കണ്ടെത്തലുകളെയാണ് പ്രധാനമായി അവലംബിക്കുന്നത്.

ഈ അധ്യായത്തിലെ രണ്ടാംഭാഗത്ത് അനുഭവാഖ്യാനം എന്ന രചനാ രൂപത്തെക്കുറിച്ചുള്ള നിർവചനങ്ങളും സിദ്ധാന്തങ്ങളും വ്യവസ്ഥകളും ശ്രദ്ധിച്ചുകൊണ്ട് സ്വത്വം/ ആത്മം എന്ന സംവർഗത്തെ സംബന്ധിച്ച ആലോചന നടത്തുന്നു. ആത്മകഥ എന്ന സാമ്പ്രദായികസങ്കല്പനത്തെ മാറ്റിവെച്ച് അനുഭവാഖ്യാനം എന്ന സംവർഗത്തെ സ്ഥാപിക്കുന്നത് ബോധപൂർവമാണ്. ചരിത്രപരമായ ശ്രദ്ധയോടെ പരിശോധിച്ചാൽ, ആത്മകഥ വിശേഷാധികാര മുള്ളവരുടെ സ്വജീവിതകഥാഖ്യാനമാണ് എന്നു സ്പഷ്ടമാകും. ആത്മം, അല്ലെങ്കിൽ സ്വത്വം സംബന്ധിച്ച അവബോധം രൂപപ്പെട്ടിട്ടില്ലാത്തവർക്ക് ആത്മകഥ എന്ന ജനുസ്സിൽ പ്രവേശമുണ്ടായിരുന്നില്ല എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ആത്മകഥ എന്ന സങ്കല്പനം അപര്യാപ്തതകളുള്ളതാണെന്നു വ്യക്തമാകുന്നു. ഇതിനർഥം ആത്മകഥ എന്ന സങ്കല്പനത്തെ നിർദയം തള്ളിക്കളയേണ്ട താണെന്നല്ല. അതിനെ വിമർശനാത്മകമായും പ്രശ്നവൽക്കരിച്ചും മാത്രമേ സ്വീകരിക്കാൻ കഴിയൂ എന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

ആത്മകഥാപഠനങ്ങളുടെ പ്രധാന സൈദ്ധാന്തികധാരകളും ഇന്ത്യൻ പശ്ചാത്തലത്തിലെ പഠനങ്ങളും ചിന്തകളുമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഡേവിഡ്

ആർനോൾഡ്, സ്റ്റുവർട്ട് ബ്ലേക്ക്ബേൺ, ദേബാൻജി ഗാംഗുലി, ശർമ്മിള ശ്രീകുമാർ , ഉദയകുമാർ, തനിക സർക്കാർ, ഇ. വി. രാമകൃഷ്ണൻ , പ്രമോദ് കെ. നായർ എന്നിവരുടെ നിരീക്ഷണങ്ങൾ പഠനത്തിന് പശ്ചാത്തലമൊരുക്കുന്ന തിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്നുണ്ട്. അനുഭവമെന്നത് കേവലമല്ലെന്നും പലതും ചേരുന്ന പ്രക്രിയയും സന്ദർഭവുമായി കണക്കാക്കുന്ന ആഖ്യാന വ്യവസ്ഥകൾ ഈ പഠനം ഉൾപ്പെടെയുള്ള വായനകൾ അവതരിപ്പിക്കുന്നു. ഇവിടെ അനുഭവമെന്നത് പാഠവൽക്കരിക്കപ്പെട്ട ഒരു ഗുണമായിട്ടാണ് കണക്കാക്കുന്നത്. വ്യക്തിയെ രാഷ്ട്രീയപ്രവർത്തനത്തിന്റെ കഥന ശൈലിയിലൂടെ സമീപിക്കുന്നതു വഴി അനുഭവമെന്നത് മത്സ്യത്തൊഴിലാളികർത്തൃത്വത്തിന്റെ വ്യതിരിക്തതയുമായി ഇടയുകയും മുറിയുകയും ചേർന്നു നിൽക്കുകയും ചെയ്യുന്നു എന്ന് അനുമാനിക്കുന്നു.

ഈ അധ്യായത്തിന്റെ മൂന്നാമത്തെ ഭാഗത്തിൽ വിശേഷമായി അപഗ്രഥിക്കപ്പെടുന്ന എഴുത്തുകാരുടെയും രചനകളുടെയും സാമാന്യമായ പരിചയപ്പെടുത്തലാണ്. ചുരുക്കത്തിൽ, തുടർന്നുള്ള അധ്യായങ്ങൾക്ക് സൈദ്ധാന്തികമായും ചരിത്രപരമായും ഉചിതമായ പശ്ചാത്തലമൊരുക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

**2.1 കേരളതീരത്ത് നടന്ന ആധുനികീകരണങ്ങൾ**

സ്വാതന്ത്ര്യാനന്തരം കേരളത്തിലെ മത്സ്യബന്ധന മേഖലയിലുണ്ടായ സാങ്കേതികവും സാമ്പത്തികവുമായ മാറ്റങ്ങളെ പൊതുവെ 'ആധുനികീകരണം' അല്ലെങ്കിൽ 'വികസന വ്യവഹാരങ്ങൾ' എന്നാണ് വിശേഷിപ്പിക്കുന്നത്. തീരദേശത്തെ ഉൽപ്പാദനം, വിപണനം, സാമൂഹിക-തൊഴിൽ ബന്ധങ്ങൾ എന്നിവയിൽ സ്റ്റേറ്റ് നടത്തിയ ബോധപൂർവമായ ഇടപെടലുകളാണ് വ്യവസായവൽക്കരണത്തിലേക്കും യന്ത്രവൽക്കരണത്തിലേക്കും നയിച്ചത്. തൊഴിൽമേഖലയിലെ ഉൽപ്പാദനം, വിപണനം, ഉൽപ്പാദന-സാമൂഹികബന്ധങ്ങൾ എന്നിവയിലുണ്ടായ സ്റ്റേറ്റിന്റെ ഇടപെടലുകളെ അടിസ്ഥാനപ്പെടുത്തിയാണ് വ്യവസായ-യന്ത്രവൽക്കരണ-മുതലാളിത്ത മുന്നേറ്റങ്ങളുണ്ടാകുന്നത്. ആധുനികവും മൂലധനാധിഷ്ഠിതവുമായ ഈ സാങ്കേതിക-സാമ്പത്തികമുന്നേറ്റങ്ങളെ മുൻനിർത്തി തീരമേഖലയിൽ പാരമ്പര്യ-ആധുനികവിഭജനം രൂപപ്പെടുകയുണ്ടായി. മത്സ്യബന്ധനതൊഴിൽരംഗത്ത് പരമ്പരാഗതരംഗം (artisan sector), യന്ത്രവൽകൃതരംഗം (mechanised sector) എന്നിങ്ങനെ പ്രധാനമായ

അധികാരവ്യത്യാസം ഇതോടെ നിലവിൽവന്നു. ട്രോളറുകൾ പോലെയുള്ള സാങ്കേതികവിദ്യകളുടെ ഉപയോഗങ്ങൾ, കയറ്റുമതിയിലെ കുതിപ്പുകൾ, സ്വകാര്യ മുതലാളിത്തം, സാമ്പത്തികഉദാരവൽക്കരണത്തിന്റെ ഭാഗമായി വിദേശമൂലധനത്തിന് ദേശീയമായി ഇന്ത്യൻ കടലിലേക്ക് പ്രവേശനം അനുവദിച്ചതോടെ വിദേശകപ്പലുകളുടെ മീൻപിടിത്തത്തിലേക്കുള്ള കടന്നുവരവ് എന്നിവയാണ് തീരരംഗത്തെ മാറ്റങ്ങളായി സാമൂഹിക-സാമ്പത്തിക വിശകലനങ്ങളിലൂടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. മത്സ്യബന്ധനരംഗത്തുണ്ടായ മൂലധനത്തിന്റെയും നിക്ഷേപത്തിന്റെയും ഘടനയിലെ മാറ്റങ്ങൾ സൂചിപ്പിക്കുന്ന സ്ഥിതിവിശേഷമായ മൂലധനപരിവർത്തനം അഥവാ മുതലാളിത്തത്തിന്റെ കടന്നുവരവ് ഇതോടെ സംജാതമായിത്തീരുന്നു. സ്വാതന്ത്ര്യാനന്തരം അർധ ഫ്യൂഡലിസത്തിൽനിന്ന് മുതലാളിത്ത-യന്ത്രവൽക്കരണ-സ്റ്റേറ്റ് പരമാധികാരത്തിലേക്ക് കേരളതീരത്ത് നടന്ന മാറ്റങ്ങളെയാണ് പൊതുവിൽ പ്രബന്ധം ആധുനികീകരണം (modernization) എന്ന് വിളിക്കുന്നത്. സാമ്പത്തികാടിസ്ഥാനത്തിലുള്ള ഈ മാറ്റങ്ങൾ പുതിയസാഹചര്യങ്ങൾ എന്നതിലുപരി സാങ്കേതികമാറ്റത്തിന്റെ ഭാഗമായി സംഭവിച്ച പ്രതിഭാസങ്ങളായ വിഭവങ്ങളുടെ ലഭ്യതക്കുറവ്, ഉപജീവനപ്രതിസന്ധി, സാമൂഹിക-സാംസ്കാരികമാറ്റങ്ങൾ എന്നതിലേക്ക് വെളിച്ചം വീശുന്നു.

തീരദേശജീവിതത്തിന്റെ ചരിത്രപരവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ മാറ്റങ്ങൾ വിശദീകരിക്കാനായി ചില പഠനങ്ങൾ 'പുരോഗതി' (progress) എന്ന സംജ്ഞയെയാണ് ആധാരമാക്കുന്നത്. ഇത്തരം പ്രവണതകൾ വിശദീകരിക്കാൻ സാധാരണയായി തീരദേശസമൂഹം ഉപയോഗിക്കുന്ന ആശയം തന്നെയാണ് ഇത്. ഇതിനെക്കുറിച്ച് ഹോപ്പ് (Hoppe, 2008: 6) നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്: "തീരത്തോ കടലിലോ ആകട്ടെ, ഭൂരിഭാഗം വരുന്ന ഹിന്ദു മത്സ്യത്തൊഴിലാളികളും സമീപകാല സംഭവവികാസങ്ങളെയും മാറ്റങ്ങളെയും പൊതുവെ 'പുരോഗതിയുടെ കാലഘട്ട'വുമായി (time of progress) ബന്ധപ്പെടുത്തിയാണ് മനസ്സിലാക്കുന്നത്." മത്സ്യത്തൊഴിലാളിസങ്കല്പങ്ങളും തീരദേശവും പുതിയ രീതിയിലുള്ള മാറ്റങ്ങളെ ഉൾക്കൊള്ളുന്നതായിട്ടാണ് ഈ 'പുരോഗതിയുടെ കാലഘട്ടം' എന്ന സംജ്ഞകൊണ്ട് സൂചിപ്പിക്കപ്പെടുന്നത്.

സ്വാതന്ത്ര്യാനന്തരം തീരമേഖലയിലുണ്ടായ ആധുനികീകരണശ്രമങ്ങളെ വെറും സാങ്കേതിക മാറ്റങ്ങളായല്ല, മറിച്ച് ഉൽപ്പാദന സ്വഭാവത്തിലും സാമൂഹിക ബന്ധങ്ങളിലും വന്ന വലിയ മാറ്റങ്ങളായാണ് അടയാളപ്പെടുത്തേണ്ടത്. മത്സ്യത്തൊഴിലാളികർത്തൃത്വത്തിലുണ്ടായ പരിണാമവും ചലനങ്ങളും ഇവിടെ വ്യക്തമാണ്. സാമൂഹിക-സാംസ്കാരിക മാറ്റങ്ങൾ എന്ന പ്രക്രിയയെ വിശകലനം ചെയ്യാൻ പര്യാപ്തമായ ഒരു സൈദ്ധാന്തിക ചട്ടക്കൂട് ആവശ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ മൂലധന-സാങ്കേതിക മാറ്റങ്ങളുടെ ഇടങ്ങളിൽ വ്യക്തികളും സമൂഹങ്ങളും എങ്ങനെ നിലകൊള്ളുന്നു എന്ന സുപ്രധാന ചോദ്യം ഇവിടെ പ്രസക്തമാകുന്നു.

### 2.1.1 മത്സ്യത്തൊഴിലാളികളും ആധുനികീകരണവും : പഠനങ്ങൾ

ആധുനികീകരണങ്ങളുടെ സന്ദർഭത്തിലെ മത്സ്യത്തൊഴിലാളി കർതൃത്വത്തെയും തീരദേശത്തിന്റെ സാംസ്കാരികരൂപീകരണങ്ങളെയും വിശകലനം ചെയ്യുന്ന മൂന്നു പ്രധാന പഠനങ്ങളെയാണ് ഈ ഉപഖണ്ഡത്തിൽ ചർച്ച ചെയ്യുന്നത്. തീരദേശത്തിന്റെ ചരിത്രം, സാമൂഹികത, വൈകാരികത എന്നിവയെ സ്പഷ്ടമാക്കാൻ ഈ പഠനങ്ങൾ സഹായിക്കുന്നു. കൂടാതെ വർഗം, ജാതി, ലിംഗം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളും ആധുനികീകരണ പ്രക്രിയകളും തമ്മിലുള്ള സങ്കീർണ്ണമായ ഇടപെടലുകളെ മത്സ്യത്തൊഴിലാളി കർത്തൃത്വവുമായും പരിവർത്തനങ്ങളുമായും ബന്ധിപ്പിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

തമിഴ്നാട്ടിലെ കന്യാകുമാരി തീരപ്രദേശത്തെ മത്സ്യത്തൊഴിലാളിസമൂഹമായ മുക്കുവവിഭാഗത്തെക്കുറിച്ചാണ് കൽപ്പനാ റാമിന്റെ പഠനങ്ങൾ. മുക്കുവ മത്സ്യത്തൊഴിലാളികൾക്കിടയിലെ ലിംഗഭേദത്തെയും (gender) തൊഴിൽപരമായ മാറ്റങ്ങളെയും കുറിച്ചാണ് കൽപ്പനാ റാം തന്റെ ഗവേഷണപ്രബന്ധത്തിൽ (Ram, 1991) പ്രതിപാദിക്കുന്നത്. തീരദേശത്തെ സാങ്കേതിക മാറ്റങ്ങളെയും മുതലാളിത്ത പരിണാമത്തെയും ലിംഗഭേദത്തിന്റെ സാംസ്കാരികനിർമ്മിതി എന്ന കാഴ്ചപ്പാടിലൂടെയാണ് അവർ വീക്ഷിക്കുന്നത്. സാംസ്കാരികമായ സവിശേഷതകൾക്കനുസരിച്ചാണ് തൊഴിൽപരമായ പരിണാമങ്ങൾക്കിടയിൽ ലിംഗവ്യത്യാസങ്ങൾ പുനഃക്രമീകരിക്കപ്പെടുന്നതെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. മുക്കുവസ്ത്രീകളുടെ മതവിശ്വാസവും അധ്വാനവും തമ്മിലുള്ള ബന്ധത്തെ ലക്ഷ്യംവെക്കുന്ന ഈ പഠനം, മുതലാളിത്തവികസനത്തിന്റെ പശ്ചാത്തലത്തിൽ ലിംഗഭേദത്തിന്റെ പുതിയ വ്യവസ്ഥകളെ

സാംസ്കാരികമായ ഉള്ളടക്കത്തിലൂടെയാണ് വിശകലനം ചെയ്യുന്നത്. മുക്കുവ സമുദായത്തിന് അവരുടേതായ വ്യതിരിക്തമായ ഉപസംസ്കാരമുണ്ടെന്ന് സ്ഥാപിച്ചുകൊണ്ടാണ് അവർ ഇത് വിശദീകരിക്കുന്നത്. ഗാർഹികതയും പൊതുമണ്ഡലവും തമ്മിലുള്ള പരസ്പര പ്രക്രിയകളെ വിലയിരുത്തിക്കൊണ്ട്, ആധുനികീകരണ കാലത്തെ സ്ത്രീ-പുരുഷ വിഭജനങ്ങളെയും ശാരീരിക പ്രവർത്തനങ്ങളെയും സംബന്ധിച്ച പ്രധാന നിഗമനങ്ങളിൽ അവർ എത്തിച്ചേരുന്നു. മത്സ്യബന്ധന സമ്പദ്‌വ്യവസ്ഥയിലെ മാറ്റങ്ങൾ തീരപ്രദേശത്തെ ഓരോ മനുഷ്യരിലും വ്യത്യസ്ത രീതിയിലാണ് സ്വാധീനം ചെലുത്തിയതെന്ന് കൽപ്പന റാം നിരീക്ഷിക്കുന്നു.

വികസനത്തിന്റെ അനുഭവം സ്ത്രീകളെ എങ്ങനെ സ്വാധീനിച്ചുവെന്നതാണ് കൽപ്പനാ റാമിന്റെ ശ്രദ്ധേയമായ മറ്റൊരു പഠനം (Ram, 2014). തെക്കേ ഇന്ത്യയിലെ പടിഞ്ഞാറൻതീരപ്രദേശങ്ങളിൽ ക്രിസ്തുമതവിശ്വാസവും സഭാപ്രവർത്തനങ്ങളും ഒരു മതേതര രാഷ്ട്രപരികല്പനകൾക്കുള്ളിൽ അപരമായി എങ്ങനെ പാരമ്പര്യം രൂപപ്പെടുത്തുന്നു എന്ന് കൽപ്പനാ റാം അന്വേഷിക്കുന്നു. കന്യാകുമാരി തീരപ്രദേശത്തെ ലത്തീൻകത്തോലിക്കരുടെ മതപരമായ കർതൃത്വത്തിന്റെ സ്വഭാവവുമായി ബന്ധപ്പെട്ട് വികസനാനുഭവമെന്നതിനെ പുതിയ ആശയതലങ്ങളിൽ പ്രതിഷ്ഠിക്കുന്നു. തമിഴ്നാടിന്റെ പടിഞ്ഞാറൻതീരത്ത് ക്രിസ്തുമതം 'വികസനത്തിന്' ഒരു വംശാവലി നൽകിയെന്ന് വാദിക്കുന്ന കൽപ്പനാ റാം സാമ്പ്രദായിക പഠനങ്ങളിലെ വികസനവ്യവഹാരങ്ങളിൽനിന്ന് വ്യത്യസ്തമായ ഒന്നായി അതിനെ സവിശേഷതലത്തിൽ ബന്ധപ്പെടുത്തുന്നു. ഇന്ത്യൻഭരണകൂടം സ്വതന്ത്രരാഷ്ട്രമായി ഉയർന്നുവന്നപ്പോൾത്തന്നെ അത് 'വികസനം' ആയിരുന്നുവെന്ന് അവർ കണ്ടെത്തുന്നു. മതേതരപദ്ധതികൾക്കായി ക്രിസ്തുമതം ശക്തവും നിലനിൽക്കുന്നതുമായ ഒരു പാരമ്പര്യം രൂപപ്പെടുത്തുന്നു എന്ന് പഠനം കണ്ടെത്തുന്നു. വികസനവും തീരപ്രദേശവുമായി ബന്ധപ്പെട്ട ക്രിസ്ത്യൻ ആധുനികതയെ സവിശേഷമായി സ്ഥാപിക്കുന്ന കൽപ്പനാ റാമിന്റെ ഈ അന്വേഷണം മതാനുഭവത്തെ സംബന്ധിച്ച മാർട്ടിൻ ഹൈഡെഗറുടെയും വില്യം ജെയിംസിന്റെയും നിരീക്ഷണങ്ങളെ ആധാരമാക്കി ഉൾക്കാഴ്ചയുടെയും വെളിപാടിന്റെയും 'നിമിഷം' എന്ന് വികസനത്തെക്കുറിച്ച് പ്രസ്താവിക്കുന്നു (അതേ കൃതി, 145). മിഷണറി ഇടപെടലിലൂടെ രൂപീകൃതമായ തീരക്രിസ്ത്യൻ മതാനുഭവങ്ങളുടെ 'വിശുദ്ധതയുടെ വംശാവലി' ഈ പഠനത്തിൽ അവർ ചിത്രീകരിക്കുന്നു. മതം, വിശ്വാസം എന്നിവയുടെ ആശയങ്ങൾ വികസനം-വിജ്ഞാനം എന്നിവയുടെ പുനഃക്രമീകരണം മാത്രമല്ല കൊണ്ടുവന്നത്, അതൊരു

പുതിയ ഭാവാത്മകവും ശാരീരികവുമായ വിമോചനബോധവും കൊണ്ടുവന്നു എന്ന് കൽപ്പനാ റാം വാദിക്കുന്നു.

വികസനാനുഭവങ്ങൾ സ്ത്രീകളെ എങ്ങനെ സ്വാധീനിച്ചു എന്നതിനെക്കുറിച്ചുള്ള കൽപ്പന റാമിന്റെ പഠനം (Ram, 2014) ഏറെ ശ്രദ്ധേയമാണ്. ദക്ഷിണേന്ത്യയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലെ ക്രിസ്തുമത വിശ്വാസവും സഭാപ്രവർത്തനങ്ങളും, ഒരു മതേതര രാഷ്ട്രസങ്കല്പത്തിനുള്ളിൽ നിന്നുകൊണ്ട് 'പാരമ്പര്യത്തെ' എപ്രകാരം പുനർനിർമ്മിക്കുന്നു എന്ന് അവർ ഈ പഠനത്തിൽ അന്വേഷിക്കുന്നു. കന്യാകുമാരിതീരത്തെ ലത്തീൻ കത്തോലിക്കരുടെ മതപരമായ കർത്തൃത്വത്തെ മുൻനിർത്തി, 'വികസനാനുഭവം' എന്ന സങ്കല്പത്തിന് അവർ പുതിയൊരു അർത്ഥതലം നൽകുന്നു. തമിഴ്നാടിന്റെ തീരദേശത്ത് ക്രിസ്തുമതം വികസനത്തിന് ഒരു സവിശേഷമായ 'വംശാവലി' (genealogy) നൽകിയെന്നാണ് കൽപ്പന റാം വാദിക്കുന്നത്. ഇത് സാധാരണ വികസന പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ്. ഇന്ത്യൻ ഭരണകൂടം ഒരു സ്വതന്ത്ര രാഷ്ട്രമായി പരിണമിച്ചപ്പോൾ തന്നെ അത് വികസനത്തെ അതിന്റെ അവിഭാജ്യ ഘടകമായി കണ്ടിരുന്നു. മതേതര പദ്ധതികൾക്കായി ക്രിസ്തുമതം കരുത്തുറ്റതും സുസ്ഥിരവുമായ ഒരു പാരമ്പര്യം രൂപപ്പെടുത്തുന്നുവെന്ന് ഈ പഠനം നിരീക്ഷിക്കുന്നു. വികസനവും തീരദേശവുമായി ബന്ധപ്പെട്ട ഈ 'ക്രിസ്ത്യൻ ആധുനികത'യെ (christian modernity) വിശദീകരിക്കാൻ മാർട്ടിൻ ഹൈഡെഗർ, വില്യം ജെയിംസ് എന്നിവരുടെ ദർശനങ്ങളെ അവർ പ്രയോജനപ്പെടുത്തുന്നു. വികസനത്തെ ഉൾക്കാഴ്ചയുടെയും വെളിപാടിന്റെയും ഒരു സവിശേഷ 'നിമിഷം' ആയിട്ടാണ് അവർ അടയാളപ്പെടുത്തുന്നത് (അതേ കൃതി, 145). മിഷണറി ഇടപെടലുകളിലൂടെ രൂപപ്പെട്ട തീരദേശ ക്രിസ്ത്യൻ മതാനുഭവങ്ങളിലെ 'വിശുദ്ധതയുടെ വംശാവലി'യെ അവർ ഇതിൽ വരച്ചുകാട്ടുന്നു. മതം, വിശ്വാസം എന്നീ ആശയങ്ങൾ വികസനത്തെയും വിജ്ഞാനത്തെയും പുനഃക്രമീകരിക്കുക മാത്രമല്ല ചെയ്തത്; മറിച്ച് അവ പുതിയൊരു വൈകാരികവും ശാരീരികവുമായ വിമോചനബോധം കൂടി പ്രദാനം ചെയ്തു എന്ന് കൽപ്പന റാം സമർത്ഥിക്കുന്നു.

മത്സ്യത്തൊഴിലാളികൾക്കിടയിലെ 'സിവിൽ സമൂഹം' [2](civil society)എന്ന സങ്കല്പം, അധിനിവേശാനന്തരകാലത്തെ രാഷ്ട്രീയസ്വഭാവത്തെയും വൈവിധ്യമാർന്ന സാമൂഹിക ധാരണകളെയും പുനർവിചിന്തനം ചെയ്യാൻ സഹായിക്കുന്ന ഒന്നാണ്. പാർത്ഥാ ചാറ്റർജി

വികസിപ്പിച്ചെടുത്ത 'രാഷ്ട്രീയ സമൂഹം' (political society) എന്ന ആശയം ഇന്ത്യൻ പശ്ചാത്തലത്തിലെ കീഴാള ഇടങ്ങളെ മനസ്സിലാക്കുന്നതിൽ നിർണ്ണായകമായ ഉൾക്കാഴ്ചകൾ നൽകിയിട്ടുണ്ട്. കന്യാകുമാരിയിലെ മത്സ്യത്തൊഴിലാളികളെക്കുറിച്ചുള്ള തന്റെ പഠനത്തിൽ, അപർണ സുന്ദർ ഈ 'രാഷ്ട്രീയ സമൂഹ'മെന്ന സങ്കല്പത്തോട് വിമർശനാത്മകമായി സംവദിക്കുന്നു (Sundar, 2010). സമുദായപരിഷ്കരണവുമായി ബന്ധപ്പെട്ട പുതിയ പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, ക്ലബ്ബുകൾ, അസോസിയേഷനുകൾ, പ്രാദേശിക കൂട്ടായ്മകൾ, കുടുംബം എന്നിവയിലൂടെയാണ് അവർ 'സിവിൽ സമൂഹ'ത്തെ അടയാളപ്പെടുത്തുന്നത്. ഒരു 'പൊതുമണ്ഡലം' രൂപപ്പെടുന്നതിലെ സുപ്രധാന ഘടകങ്ങളായി ഇത്തരം സ്ഥാപനങ്ങളെ അവർ വിലയിരുത്തുന്നു.

മത്സ്യത്തൊഴിലാളികൾക്കിടയിൽ സഭയുടെ ഇടപെടലുകളെ കേവലം ഒരു മതസ്ഥാപനം എന്നതിലുപരി, ആത്മീയവും മതേതരവുമായ സംവാദങ്ങൾ നടക്കുന്ന ഇടമായി അപർണ സുന്ദർ നിരീക്ഷിക്കുന്നു. ലത്തീൻ സഭയിലൂടെ സൃഷ്ടിക്കപ്പെട്ട ഇത്തരം സിവിൽ സമൂഹ കൂട്ടായ്മകൾ തീരദേശത്തെ രാഷ്ട്രീയ പങ്കാളിത്തത്തെയും കർത്തൃത്വത്തെയും എങ്ങനെ സ്വാധീനിക്കുന്നു എന്ന് ഈ പഠനം അടിവരയിടുന്നു. വിപണന-സഹകരണ സംഘങ്ങൾ, മൈക്രോക്രെഡിറ്റ് ഗ്രൂപ്പുകൾ എന്നിവയിലെ അംഗത്വത്തിലൂടെ തങ്ങളുടെ അവകാശങ്ങൾ വികസിപ്പിക്കാനുള്ള മത്സ്യത്തൊഴിലാളികളുടെ രാഷ്ട്രീയശേഷിയെ പഠനം എടുത്തുപറയുന്നു. ചരക്കുവൽക്കരണത്തിനും മുതലാളിത്ത പരിസരങ്ങൾക്കും എതിരെ ഉയർന്നുവന്ന മത്സ്യത്തൊഴിലാളിപ്രസ്ഥാനങ്ങളുടെ വളർച്ചയും തകർച്ചയും വിശകലനം ചെയ്തുകൊണ്ടാണ് അവർ സിവിൽസമൂഹത്തിന്റെ സ്വഭാവം വിശദീകരിക്കുന്നത്. ഗ്രാമങ്ങളിലെ അധഃസ്ഥിത ജനവിഭാഗങ്ങൾ മുതലാളിത്ത ആധുനികതയുടെ ഭാഗമാകുന്നത് കുടിയൊഴിപ്പിക്കലിലൂടെയോ തൊഴിലാളി വർഗവൽക്കരണത്തിലൂടെയോ മാത്രമല്ല സ്വത്വപരമായ പുതിയ ആശയങ്ങളിലൂടെയും ഭരണകൂടത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും എതിരായ കൂട്ടായ പ്രവർത്തനങ്ങളിലൂടെയുമാണെന്ന് അവർ നിരീക്ഷിക്കുന്നു. "മത്സ്യത്തൊഴിലാളികൾ തങ്ങളെ ചുറ്റിപ്പറ്റിയുള്ള വിവിധ മത്സരങ്ങളിലും കൂട്ടായ്മകളിലും പ്രകൃതി, ശാസ്ത്രം, ജനാധിപത്യം, രാഷ്ട്രം എന്നിവയെക്കുറിച്ചുള്ള അവകാശവാദങ്ങളും പ്രതിവാദങ്ങളും ഉന്നയിക്കുകയും പുനർനിർമ്മിക്കുകയും ചെയ്തു. ഇത് ഭരണകൂടത്തെ മാത്രമല്ല, വിശാലമായ സിവിൽ സമൂഹത്തെയും അഭിസംബോധന ചെയ്യുന്നതായിരുന്നു" (അതേ കൃതി, 298).

ദക്ഷിണേന്ത്യയിലെ തീരമേഖലകളുടെ അവകാശരാഷ്ട്രീയത്തെയും പോരാട്ടങ്ങളെയുംകുറിച്ചുള്ള വിശദമായ മറ്റൊരു പഠനമാണ് അജന്ത സുബ്രഹ്മണ്യന്റേത് (Subrahmanian, 2009). കൊളോണിയൽ കാലഘട്ടത്തിലെ രാഷ്ട്രീയവൽക്കരണ ശ്രമങ്ങളിൽനിന്നും അവകാശങ്ങൾക്കായുള്ള മുന്നേറ്റങ്ങളിൽ നിന്നും ഉൾക്കാഴ്ചകൾ തേടാനാണ് അവർ ശ്രമിക്കുന്നത്. സ്വാതന്ത്ര്യാനന്തര കാലത്തെ മത്സ്യബന്ധനമേഖലയിലെ ഉൽപ്പാദനരീതികളെയും രാഷ്ട്രീയ പ്രവണതകളെയും വിശകലനം ചെയ്യുന്നതിൽ, അവകാശ രാഷ്ട്രീയത്തിന്റെ ഈ പൂർവ്വകാലചരിത്രം ഗണ്യമായ സ്വാധീനം ചെലുത്തുന്നുവെന്ന് അവർ കണ്ടെത്തുന്നു. ഇതിലൂടെ, പാർശ്വവൽക്കരണത്തെ നിരന്തരം വെല്ലുവിളിക്കുന്ന ഒരു സാമൂഹികവിഭാഗമായി തീരദേശജനതയെ അവർ അടയാളപ്പെടുത്തുന്നു. തൊഴിൽ സംസ്കാരം, മതപ്രപഞ്ചം, വാണിജ്യ വിനിമയങ്ങൾ എന്നിവയെ ആധാരമാക്കി രൂപപ്പെട്ട 'മത്സ്യത്തൊഴിലാളി വിഷയി' (fisher subject) ഒന്നിലധികം തലങ്ങളിലേക്ക് വികസിക്കുന്നത് 'ഇടം' (space) എന്ന പരികല്പനയിലൂടെ അവർ വിശദീകരിക്കുന്നു.

കാർഷികശക്തികളുമായുള്ള ഏറ്റുമുട്ടലുകൾ, വ്യാവസായിക മത്സ്യബന്ധനത്തിന്റെ ഉദയം, ട്രാൻസ്-നാഷണൽ വിനിമയങ്ങൾ, പ്രാദേശിക രാഷ്ട്രീയവുമായുള്ള പൊരുത്തപ്പെടൽ എന്നിവയിലൂടെ തീരദേശത്തെ വികസന ധാരണകൾ എങ്ങനെ രൂപപ്പെട്ടുവെന്ന് ഈ പഠനം വ്യക്തമാക്കുന്നു. 'പാർശ്വവൽക്കരണവും വികസനവും' തമ്മിലുള്ള ബന്ധം യാദൃച്ഛികമല്ലെന്നും, ജാതിയനുഭവങ്ങളും സ്റ്റേറ്റിന്റെ വികസനലക്ഷ്യങ്ങളും ഇതിൽ വലിയ പങ്കുവഹിക്കുന്നുണ്ടെന്നും അജന്ത സുബ്രഹ്മണ്യൻ നിരീക്ഷിക്കുന്നു. തീരദേശത്തെക്കുറിച്ചുള്ള ഉൾനാടൻ കാർഷികസമൂഹങ്ങളുടെയും ഉദ്യോഗസ്ഥ ഭരണവിഭാഗങ്ങളുടെയും മുൻവിധികൾ വികസനത്തിന്റെ വ്യാപ്തിയെ നിശ്ചയിച്ചിട്ടുണ്ട്. “മത്സ്യബന്ധന ഗ്രാമങ്ങളെ സ്ഥിരമായി വിശേഷിപ്പിക്കുന്നത് ചരിത്രമില്ലാത്ത സ്ഥലമായും അതിൽ പാർക്കുന്നവർ സ്ഥിരമായ സമയ-സ്ഥലങ്ങളിൽ മുങ്ങിപ്പോയ പ്രദേശവാസികളായിട്ടുമാണ്. കടലിന്റെയും മണലിന്റെയും തുടർച്ചയിലുള്ള ആധുനിക-പ്രാകൃതർ എന്ന നിലയിലുമാണ്” (അതേ കൃതി, 86). ഈ വികലമായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് 'പരിഷ്കരിക്കപ്പെടേണ്ടവർ' എന്ന നിലയിൽ വികസന പ്രവർത്തനങ്ങൾ കേരളം ഉൾപ്പെടെയുള്ള തീരങ്ങളിലേക്ക് എത്തിയതെന്ന് അവർ സമർത്ഥിക്കുന്നു.

പൗരത്വം, കീഴാളത എന്നിവ വിശകലനം ചെയ്യുന്നതിലൂടെ, കൊളോണിയനന്തര വികസനശ്രമങ്ങൾ അസമമായ സാമൂഹിക ഇടങ്ങളിൽ ജാതിയുടെ പുനർനിർമ്മാണത്തിന് എങ്ങനെ കാരണമായെന്ന് ഈ പഠനം നിരീക്ഷിക്കുന്നു. വിശാലമായ രാഷ്ട്രീയപ്രവാഹങ്ങൾക്കനുസരിച്ച് ജാതിയിലുണ്ടാകുന്ന ചലനാത്മകതയിലൂടെ, ആധുനികതയുടെ ഒരു 'സാംസ്കാരിക വിഷയി'യായി (cultural subject) അവർ മത്സ്യത്തൊഴിലാളി സ്വത്വത്തെ അടയാളപ്പെടുത്തുന്നു. വിവിധ പഠനമേഖലകൾ തീരദേശജീവിതവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണങ്ങൾ പരിശോധിക്കുമ്പോൾ, ആധുനികീകരണവും മാറുന്ന മത്സ്യത്തൊഴിലാളി കർതൃത്വവും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധം വെളിപ്പെടുന്നുണ്ട്. നരവംശശാസ്ത്രം, സ്ത്രീപഠനം, സാമൂഹ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം തുടങ്ങിയ മേഖലകൾ തീരദേശ പരിവർത്തനങ്ങളെക്കുറിച്ച് നിർണ്ണായകമായ നിരീക്ഷണങ്ങൾ മുന്നോട്ടുവെക്കുന്നു. പരിസ്ഥിതി, അവകാശരാഷ്ട്രീയം എന്നിവയെ ആസ്പദമാക്കിയുള്ള പഠനങ്ങൾ ആധുനികീകരണത്തെ ഒരു 'അധിനിവേശ സ്വഭാവമുള്ള പ്രക്രിയ'യായി തിരിച്ചറിയുന്നു. ഈ വിശകലനങ്ങൾ മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളെ പുനരാലോചിക്കാനും അവരുടെ രാഷ്ട്രീയചരിത്രത്തെ പുതിയ രീതിയിൽ അടയാളപ്പെടുത്താനും സഹായിക്കുന്നു.

**2.2 പരിവർത്തനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ**

ആധുനികീകരണത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങളെ ലഘൂകരിച്ചുകൊണ്ട് പുതിയ കൂട്ടായ്മകൾ കെട്ടിപ്പടുക്കുന്ന പ്രക്രിയയെയാണ് 'പരിവർത്തനം' (Transition) എന്ന സംജ്ഞയിലൂടെ നളിനി നായക്, ഗബ്രിയേൽ ഡയട്രിച്ച് എന്നീ തീരദേശ സാമൂഹികചിന്തകർ അർത്ഥമാക്കുന്നത് (Nayak & Dietrich, 2002). ഇന്ത്യയിലെ മത്സ്യബന്ധനമേഖല ഒരു രാഷ്ട്രീയശക്തിയായി പരിണമിക്കുന്നതിനിടയിൽ രൂപപ്പെട്ട സംഘടനാപരമായ 'അവബോധത്തെ'യാണ് ഇവർ പരിവർത്തനമായി സിദ്ധാന്ത വൽക്കരിക്കുന്നത്. ആധുനികവൽക്കരണം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അതിജീ വന മാർഗ്ഗങ്ങളെ തകർത്തെങ്കിലും, തങ്ങളുടെ പരമ്പരാഗത വൈദഗ്ധ്യങ്ങളിലേക്കും വിജ്ഞാ നസംവിധാനങ്ങളിലേക്കും തിരിച്ചുപോകാനും അവയെ പുതിയ കാലത്തിനനുസരിച്ച് വികസിപ്പിക്കാനുമുള്ള ശ്രമങ്ങളെയാണ് ഇവർ പരിവർത്തനമായി കാണുന്നത്. അതായത്,

വിസ്മൃതിയിലായ വിജ്ഞാനത്തെ വീണ്ടെടുക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതുകൂടി ഈ പ്രക്രിയയുടെ ഭാഗമാണ്.

ആധുനികീകരണത്തിന്റെ രൂപഭാവങ്ങളെ സൂക്ഷ്മമായി അന്വേഷിച്ച അപർണ സുന്ദർ ആധുനികീകരണത്തെ കേവലമായ ഒരു സാങ്കേതിക മാറ്റമായിട്ടല്ല, മറിച്ച് ബോധപൂർവ്വമായ ഒരു ബഹുമുഖ വികസനപദ്ധതിയായാണ് വിലയിരുത്തുന്നത്. സ്റ്റേറ്റിന്റെ പരിഷ്കരണ വാദപരമായ ലക്ഷ്യങ്ങൾക്കനുസരിച്ച് തീരദേശത്തെ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിലു ണ്ടായ ചരിത്രപരമായ മാറ്റങ്ങളെ അവർ 'പരിവർത്തനങ്ങൾ' എന്ന് വിളിക്കുന്നു (Sundar, 2010: 70). ആധുനികീകരണത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ സമുദായ-ലിംഗ-വർഗ്ഗ സ്വത്വങ്ങളും അവരുടെ ഉപജീവന രീതികളും തമ്മിൽ ഏറ്റുമുട്ടലുകൾ നടന്നു. ഈ സാഹചര്യത്തോടുള്ള പ്രതികരണമായി തീരദേശ അവകാശ പ്രസ്ഥാനങ്ങളിൽ നിന്ന് ഉയർന്നുവന്ന പുതിയ രാഷ്ട്രീയ അവബോധങ്ങളെയാണ് നളിനി നായകും ഡയട്രിച്ചും പരിവർത്തനങ്ങളായി അവതരി പ്പിക്കുന്നത്.

ഇവിടെയെല്ലാം 'പ്രവൃത്തിയിലോ', 'വ്യക്തികളിലോ' ഉണ്ടായ മാറ്റത്തെ കുറിക്കുന്ന പ്രക്രിയ ആയിട്ടാണ് പരിവർത്തനങ്ങളെ അഭിമുഖീകരിച്ചിരിക്കുന്നത്. ഈ കാഴ്ച്ചപ്പാടുകൾ വിശദമായ സങ്കല്പനശ്രമങ്ങളെ പിന്തുടർന്നുപോന്നതോ നിർവചനങ്ങൾ രൂപീകരിക്കാനോ ഉള്ള ശ്രമങ്ങളായിരുന്നില്ല. പകരം കാലഗണനയിലും പ്രത്യേക സ്ഥലങ്ങളിലും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൈവന്ന ചിന്തകളിലും പ്രവൃത്തിയിലും ഉണ്ടായ പുതിയ ഒരു അവസ്ഥയെയോ നിലയെയോ സങ്കല്പിക്കുന്നതാണ്. ചുരുക്കത്തിൽ, വ്യക്തികളിലോ അവരുടെ പ്രവൃത്തികളിലോ ഉണ്ടായ ഗുണപരമായ മാറ്റത്തെയാണ് ഇവിടെ പരിവർത്തനം എന്ന് അടയാളപ്പെടുത്തുന്നത്. ഈ കാഴ്ചപ്പാടുകൾ കേവലമായ നിർവ്വചനങ്ങൾക്കപ്പുറം, ഒരു പ്രത്യേക കാലഘട്ടത്തിലും സ്ഥലത്തിലും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൈവന്ന പുതിയൊരു ബോധനിലയെയാണ് (condition of consciousness) പ്രതിനിധീകരിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച ചരിത്രപരവും രാഷ്ട്രീയവും നരവംശശാസ്ത്രപരവുമായ പഠനങ്ങളെ വിശകലനം ചെയ്യുമ്പോൾ, മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളെ സംബന്ധിച്ച് രണ്ട് പ്രധാന പാഠങ്ങൾ രൂപപ്പെട്ടുവരുന്നു: കർതൃത്വത്തിന്റെ പുനർക്രമീകരണവും അനുഭവങ്ങളിലെ വിള്ളലുകളും. ആധുനിക മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ നിർണ്ണായക

അടയാളങ്ങളായി ഇവയെ കണക്കാക്കാം. ഈ പ്രക്രിയയിലൂടെ മത്സ്യത്തൊഴിലാളി എന്ന സംജ്ഞയെ സംബന്ധിച്ച പുതിയ ആശയങ്ങളും സങ്കൽപ്പങ്ങളും വെളിവാക്കപ്പെടുന്നു.

ദക്ഷിണേന്ത്യയിലെ, പ്രത്യേകിച്ച് കന്യാകുമാരി തീരത്തെ മുൻനിർത്തിയുള്ള കൽപ്പന റാമിന്റെ നിരീക്ഷണങ്ങൾ കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമുദായങ്ങളുടെ സാമൂഹികപരിണാമങ്ങളെ മനസ്സിലാക്കുന്നതിലും അത്യന്തം പ്രസക്തമാണ്. അവകാശ സമരങ്ങൾക്കൊപ്പം തന്നെ, തീരദേശത്തെ മതപരമായ സന്നദ്ധപ്രവർത്തനങ്ങളും സമുദായത്തിന്റെ ചലനാത്മകതയും എങ്ങനെയാണ് ഒരു പുതിയ 'മത്സ്യത്തൊഴിലാളി തന്മ' (fisher identity) വാർത്തെടുത്തതെന്ന് റാം ചൂണ്ടിക്കാണിക്കുന്നു. ഈ പ്രക്രിയയെ കേവലം മതപരമായ മാറ്റമായല്ല, മറിച്ച് ധാർമ്മികതയുടെയും സദാചാരബോധത്തിന്റെയും പുതിയൊരു ഔപചാരികശൈലി രൂപപ്പെടുത്താനുള്ള ശ്രമമായാണ് അവർ വിലയിരുത്തുന്നത്. ഇതിനെ നാഗരികവും പുരോഗമനപരവുമായ ഒരു 'വിദ്യാഭ്യാസ കാലഘട്ടം' ആയി അവർ അടയാളപ്പെടുത്തുന്നു. അധിനിവേശാനന്തര ഭരണകൂട ഇടപെടലുകൾക്ക് സമാന്തരമായി രൂപപ്പെട്ട ഈ 'ക്രിസ്ത്യൻ ആധുനികത', അവകാശ സമരങ്ങൾ, സമുദായസ്വത്വം എന്നിവയുടെ സംയുക്തഫലമായി മത്സ്യത്തൊഴിലാളി കർതൃത്വം പുനഃക്രമീകരിക്കപ്പെട്ടു. ഇത് പാർശ്വവൽക്കരണത്തെയും അദൃശ്യതയെയും കുറിച്ചുള്ള പഴയ സങ്കല്പങ്ങളെ തിരുത്തിക്കൊണ്ട് സാംസ്കാരികമായ പുതിയ വിനിമയഇടങ്ങൾ തുറന്നുനൽകി. വികസനത്തെക്കുറിച്ചുള്ള കൽപ്പന റാമിന്റെ ബഹുസ്വരമായ കാഴ്ചപ്പാട് ഈ മാറ്റത്തെ കൂടുതൽ വ്യക്തമാക്കുന്നു: "എല്ലായ്പ്പോഴും വികസന ശബ്ദങ്ങൾക്കുള്ളിൽ ഒരു ബഹുസ്വരതയുണ്ട്. വികസനത്തിന്റെ എല്ലാ വശങ്ങളും അടിച്ചമർത്തലല്ല. അറിവുകളുടെ ബഹുസ്വരത എന്നതിലുപരി, അതിനുള്ളിലെ കൂടുതൽ ശക്തമായ മറ്റ് പ്രവണതകളെയും നാം അഭിമുഖീകരിക്കേണ്ടതുണ്ട്" (Ram, 2014: 145). അതായത്, ആധുനികീകരണത്തെ കേവലം ഒരു അധിനിവേശമായോ അടിച്ചമർത്തലായോ കാണുന്നതിന് പകരം, അത് നൽകിയ പുതിയ വിജ്ഞാനങ്ങളെയും വിമോചന സാധ്യതകളെയും കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളെ പൂർണ്ണമായി വിശകലനം ചെയ്യാൻ സാധിക്കൂ എന്ന് ഈ പഠനം സ്ഥാപിക്കുന്നു.

ജാതിയെ കേവലം സാമൂഹികവും സാംസ്കാരികവുമായ അടിച്ചമർത്തലിനുള്ള ഒരു ഉപാധിയായി മാത്രം കാണുന്ന പ്രത്യയശാസ്ത്ര വായനകളെ ദേബാൻജി ഗാംഗുലി വിമർശനാത്മകമായി സമീപിക്കുന്നുണ്ട് (Ganguly, 2008). ദളിത്-കീഴാള രചനകളെ സംബന്ധിച്ച വായനകൾ പലപ്പോഴും ഏകപക്ഷീയമായിരുന്നു എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ജാതി പോലുള്ള സാമൂഹികവ്യവസ്ഥകളെ ആധുനികതയുടെ പൊതുവായ നിയമാവലികൾക്ക് ഉള്ളിലൊതുക്കാതെ, അവ രൂപപ്പെടുത്തിയ വൈവിധ്യമാർന്ന ചരിത്രവഴികളെ തിരിച്ചറിയേണ്ടതുണ്ട്. വ്യക്തിയെ സവിശേഷമായ പദവിയുടെയും അധികാരത്തിന്റെയും കേന്ദ്രമായും, സമൂഹത്തെ കേവലം അടിച്ചമർത്തലിന്റെയും പാർശ്വവൽക്കരണത്തിന്റെയും ഇരകളായും കാണുന്ന പ്രവണതയെ അദ്ദേഹം ചോദ്യം ചെയ്യുന്നു. ജാതിയെ സംബന്ധിച്ച ഈ നിരീക്ഷണങ്ങൾ കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ കാര്യത്തിലും വളരെ പ്രസക്തമാണ്. കേരളതീരത്തെ ആധുനികീകരണങ്ങൾ എല്ലാ വിഭാഗങ്ങളെയും ഒരേ രീതിയിലല്ല സ്വാധീനിച്ചത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ തന്നെ ജാതി, മതം, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ വികസനാനുഭവങ്ങൾ വ്യത്യസ്തമായിരുന്നു. അതുകൊണ്ടുതന്നെ, ആധുനികീകരണത്തെ ഒരു ഏകശിലാപരമായ പ്രക്രിയയായി കാണുന്നതിന് പകരം, അത് സൃഷ്ടിച്ച 'ബഹുസ്വരമായ ആധുനികതകളെ' തിരിച്ചറിയേണ്ടതുണ്ട്.

കേരളത്തിന്റെ വടക്കൻ തീരമേഖലയെ കേന്ദ്രീകരിച്ചുള്ള ഹോട്സ് ഹോപ്പിന്റെ (Hoeppe, 2007) പരിസ്ഥിതി-നരവംശ പഠനങ്ങൾ ആധുനികീകരണത്തിന്റെ ബഹുത്വത്തെയും അതിലെ വൈരുധ്യങ്ങളെയും കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. “അടുത്ത കാലംവരെ ഒരു പാരമ്പര്യസമൂഹത്തിന്റെ അതിരുകളിൽ പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾ, ആധുനികവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും പോരാട്ടത്തിലേക്ക് പെട്ടെന്ന് ആകർഷിക്കപ്പെടുന്നു. അവരെ സംബന്ധിച്ചിടത്തോളം വർത്തമാനകാലം ഒന്നിലധികം അനിശ്ചിതത്വങ്ങളുടെ കാലമാണ്. അത്തരമൊരു സാഹചര്യത്തിൽ, അവരുടെ പാരിസ്ഥിതിക പരിജ്ഞാനവും പരിസ്ഥിതിയുമായുള്ള ബന്ധവും അപ്രതീക്ഷിതമായ പിരിമുറുക്കങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമാകുന്നു. എന്നാൽ അവരുടെ തൊഴിൽ മൂല്യങ്ങൾക്ക് പുതിയ രീതിയിലുള്ള പ്രാധാന്യവും ഇതിനെത്തുടർന്ന് ലഭിച്ചേക്കാം” (Hoeppe, 2007: 4). ആധുനികീകരണത്തിന്റെ സ്വാധീനങ്ങൾ ഫലത്തിൽ

മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളിൽ സാധ്യതകളെയും പ്രതിസന്ധികളെയും ഒരുപോലെ ഉണ്ടാക്കി. എന്നാൽ, അതേസമയം തന്നെ അവരുടെ 'തൊഴിൽ മൂല്യങ്ങൾക്ക്' ആധുനിക ലോകത്ത് പുതിയൊരു പ്രാധാന്യം കൈവരാനുള്ള സാധ്യതയും അദ്ദേഹം കാണുന്നു. അതിൽത്തന്നെയുള്ള ബഹുത്വവും വൈരുധ്യങ്ങളും മത്സ്യത്തൊഴിലാളി സ്വത്വത്തെ മാറ്റിപ്പണിതു എന്നിവിടെ വ്യക്തമാക്കുന്നു.

### 2.2.1 കർതൃത്വത്തിന്റെ പുനഃക്രമീകരണം

കേരളതീരത്ത് നടന്ന ആധുനികീകരണങ്ങളും അതിനോടനുബന്ധിച്ച് രൂപപ്പെട്ട സാമ്പത്തിക-വ്യാവസായികമുന്നേറ്റങ്ങളും മത്സ്യത്തൊഴിലാളി അനുഭവങ്ങളെ ആഴത്തിൽ ചലിപ്പിക്കുന്ന ഒന്നായി ഈ പഠനങ്ങളിലൂടെ മനസിലാക്കാവുന്നതാണ്. മത്സ്യത്തൊഴിലാളികർതൃത്വവും ഉപജീവനപ്രത്യേ കതകളും പുനഃക്രമീകരിക്കപ്പെടുന്നുവെന്ന് സാമാന്യമായി വ്യക്തമാകുന്നു. അതോടൊപ്പം സങ്കീർണ്ണമായ പല വ്യവഹാരങ്ങൾ കൂട്ടിമുട്ടുന്ന ഒരിടമായി തീരം പരിണമിച്ചു. ഗവൺമെന്റ് നയങ്ങൾ മുതൽ മത്സ്യത്തൊഴിലാളികളുടെയും പുരോഹിതരുടെയും അവകാശ സമരങ്ങൾ വരെയും, ശാസ്ത്രജ്ഞരുടെയും തീരദേശ പ്രവർത്തകരുടെയും ഇടപെടലുകൾ മുതൽ ദേശീയ-അന്തർദേശീയ തലത്തിലുള്ള ചർച്ചകൾ വരെയും ഇതിൽ നിർണ്ണായക സ്വാധീനം ചെലുത്തി. ഈ സങ്കീർണ്ണമായ ഇടപെടലുകൾ 'മത്സ്യത്തൊഴിലാളി', 'സമുദായം' എന്നീ സങ്കല്പങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ നൽകി. ആധുനികീകരണം സൃഷ്ടിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം പരമ്പരാഗത-യന്ത്രവൽകൃത വിഭജനമാണ്. എന്നാൽ, ഇതിൽ പരമ്പരാഗതവിഭാഗം ആർജ്ജിച്ചെടുത്ത പുതിയ കർത്തൃത്വമാനങ്ങൾ ആധുനികീകരണത്തെക്കുറിച്ച് പൊതുവായി നിലനിൽക്കുന്ന ധാരണകളെപ്പോലും മറികടക്കുന്നതായിരുന്നു.

പരമ്പരാഗത മേഖലയിലുണ്ടായ ആഘാതങ്ങളെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ വ്യക്തികളെ പുതിയ സാമൂഹിക റോളുകളിലേക്ക് നയിച്ചു. കേവലം മത്സ്യത്തൊഴിലാളികൾ എന്ന നിലയിൽ നിന്ന് തീരദേശ പ്രവർത്തകർ (coastal activists), സമുദായ സംഘാടകർ, ഗവേഷകർ എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ അവർ തങ്ങളുടെ ഇടം കണ്ടെത്തി. പരമ്പരാഗത രംഗം നേരിട്ട പ്രതിസന്ധികളെ മറികടക്കാനും വിഭവങ്ങൾ വീണ്ടെടുക്കാനുമായി രൂപപ്പെട്ട സമര-രാഷ്ട്രീയ സംഘാടനങ്ങൾ ഈ പുതിയ സ്വത്വനിർമ്മിതിക്ക് ആധാരമായി.

ഇത്തരത്തിൽ രൂപപ്പെട്ട വ്യക്തിപരമായ രാഷ്ട്രീയബോധ്യങ്ങൾ ആധുനികീകരണത്തെക്കുറിച്ചുള്ള തീവ്രമായ അവബോധങ്ങൾ സൃഷ്ടിക്കുകയും അതിനെ പ്രശ്നവൽക്കരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു.

കേരളത്തിലെ തീരദേശ രാഷ്ട്രീയത്തിൽ പൊതുചർച്ചാ മണ്ഡലങ്ങൾ രൂപീകരിക്കുന്നതിൽ, പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിന് ചുറ്റുമായി വികസിച്ചുവന്ന 'സിവിൽ സമൂഹ'ത്തിന് (civil society) വലിയ പങ്കുണ്ട്. പൊതുഇടത്തിൽ മേൽക്കൈ നേടുന്നതിനായി യന്ത്രവൽകൃത മേഖലയുമായി നടന്ന തർക്കങ്ങൾക്കിടയിൽ, സ്വന്തം വിഭാഗത്തിന്റെ വക്താക്കളായും പ്രചാരകരായും പ്രവർത്തിച്ചുകൊണ്ട് ഈ തീരപ്രവർത്തകർ തങ്ങളുടെ അസ്തിത്വം ഉറപ്പിക്കുന്നു. കേരളീയ പശ്ചാത്തലത്തിൽ ഈ വാദങ്ങളെ സാധൂകരിക്കുന്നതാണ് ജെ. ദേവികയുടെ (Devika, 2014) പഠനത്തിലെ നിരീക്ഷണങ്ങൾ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറ തീരത്തുണ്ടായ പ്രതിരോധത്തിന്റെ ചരിത്രം വിശകലനം ചെയ്യുന്ന ഈ പഠനം, ഉപജീവന പ്രതിസന്ധികൾ നേരിടുന്നതിൽ സ്ത്രീകൾ വഹിച്ച നിർണ്ണായകമായ പങ്കിനെ സവിശേഷമായി അന്വേഷിക്കുന്നു. ആധുനികീകരണവും യന്ത്രവൽക്കരണവും പുരുഷന്മാരുടെ തൊഴിലിനെ കേന്ദ്രീകരിച്ചപ്പോൾ, കുടുംബത്തിന്റെ നിലനില്പിനായി സ്ത്രീകൾ എങ്ങനെയാണ് സമരരംഗത്തും വിപണിയിലും സജീവമായത് എന്ന് വിശദീകരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറയിലെ ഭൂമിയുമായി ബന്ധപ്പെട്ട ചൂഷണങ്ങൾക്കെതിരെ നടന്ന രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പി.സി.ഒ.[3]യിലൂടെ ഒരു 'പ്രതിപക്ഷ പൗരസമൂഹം' രൂപപ്പെടുകയും വിദ്യാസമ്പന്നരായ യുവാക്കൾ കമ്മ്യൂണിസ്റ്റ്പാർട്ടികളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തതോടെ ചെറുത്തുനിൽപ്പ് കൂടുതൽ ശക്തമായതായും കണ്ടെത്തുന്നു (അതേ ലേഖനം, 7). പരമ്പരാഗത മത്സ്യത്തൊഴിലാളിവിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ സമരങ്ങൾ വിവിധ തലങ്ങളിലുള്ള തീരദേശ പരിഷ്കരണങ്ങൾക്ക് വഴിതുറന്നു. ആവശ്യങ്ങൾ വ്യക്തിയെ കേവലം ഒരു തൊഴിലാളി എന്നതിലുപരി, 'പാർശ്വവൽക്കരണത്തിന്റെ വിഷയി' എന്ന നിലയിലേക്ക് ഉയർത്തി. അതേസമയം, ഗവൺമെന്റ് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികൾ പാർശ്വവൽക്കരണം എന്ന സങ്കല്പത്തിന് നിയമസാധുത നൽകിയതായും, ഇത് ആധുനികമായ ജീവിതസാഹചര്യങ്ങൾ പുനഃസ്ഥാപിക്കണമെന്ന ശക്തമായ ആവശ്യമായി പരിണമിച്ചതായും ദേവിക നിരീക്ഷിക്കുന്നു (അതേ ലേഖനം, 7).

തൊഴിൽരംഗത്ത് സജീവമായിരുന്ന സ്ത്രീകളുടെ കർതൃത്വം, മാറിക്കൊണ്ടിരിക്കുന്ന ഉപജീവന സാഹചര്യങ്ങളോട് സങ്കീർണ്ണമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണെന്നും അവർ ചൂണ്ടിക്കാട്ടുന്നു. 1970-കളിൽ പി.സി.ഒ-യുടെ പ്രവർത്തനങ്ങൾ സാധാരണക്കാരും വൈദികരും ചേർന്നൊരുക്കിയ ഒരു 'പ്രതിപക്ഷ സിവിൽ മണ്ഡലം' സൃഷ്ടിക്കുന്നതിൽ വിജയിച്ചു. വിശാലമായ ലോകവുമായി ആശയവിനിമയം നടത്തുന്നതിനും, ഭരണകൂടത്തോട് ചോദ്യങ്ങൾ ചോദിക്കുന്നതിനും പ്രാപ്തിയുള്ള 'പ്രതിരോധശേഷിയുള്ള ഒരു വ്യക്തിയെ' രൂപപ്പെടുത്തിയ പ്രക്രിയയായാണ് ദേവിക ഇതിനെ വിലയിരുത്തുന്നത്.

ജെ. ദേവികയുടെ പഠനം പ്രസക്തമാകുന്നത് തീരദേശത്തെ സ്ത്രീകളുടെ അനുഭവങ്ങൾ പുറത്തുകൊണ്ടുവരുന്നു എന്നതുകൊണ്ടുമാത്രമല്ല; മറിച്ച്, അവകാശ പ്രസ്ഥാനങ്ങളുടെ സമരവേദികൾ വ്യക്തികളെ എങ്ങനെ രാഷ്ട്രീയമായി ശാക്തീകരിക്കുന്നു എന്ന നിരീക്ഷണം കൂടി അതിലൂടെ അവർ മുന്നോട്ടുവെക്കുന്നതിനാലാണ്. ഈ ശാക്തീകരണപ്രക്രിയ വ്യക്തിയെ ഒരു രാഷ്ട്രീയകർത്താവായി പുനർനിർമ്മിക്കുന്നു. തെക്കൻതീരദേശമേഖലകളിലെ സാമൂഹികനവീകരണപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത നളിനി നായക്, ഡയട്രിച്ച് എന്നിവർ തീരരംഗത്തുണ്ടായ ശാക്തീകരണങ്ങളെ തങ്ങളുടെ പഠനങ്ങളിൽ അടിവരയിടുന്നു. “സഹകരണ സംഘങ്ങളിലൂടെയും വനിതാ സംഘടനകളിലൂടെയും രൂപപ്പെട്ട കൂട്ടായ ജനാധിപത്യ പ്രവർത്തനങ്ങൾ തെക്കൻ കേരളത്തിലെ തീരദേശങ്ങളിൽ നേരത്തെ തന്നെ നിലനിന്നിരുന്നു. പി.സി.ഒ (PCO) പോലുള്ള സംഘടനകൾ നടത്തിയ നേതൃത്വ പരിശീലനക്യാമ്പുകൾ തീരദേശസമൂഹത്തിനുള്ളിൽ നിന്ന് തന്നെ പുതിയൊരു നേതൃനിരയെ വളർത്തിയെടുത്തു. മത്സ്യത്തൊഴിലാളികളോട് പ്രതിബദ്ധതയുള്ള വ്യക്തികൾ, മതവിശ്വാസികൾ, പ്രാദേശിക സന്നദ്ധ സംഘടനകൾ എന്നിവയുടെ പിന്തുണയോടെയാണ് ഈ മാറ്റങ്ങൾ സാധ്യമായത്” (Nayak, Gabriele, 2002: 4).

തീരമേഖലയെ സംബന്ധിച്ചിടത്തോളം, തീരദേശ പ്രവർത്തകരുടെയും സാമൂഹിക ഗവേഷകരുടെയും ഇടപെടലുകൾ ആധുനികീകരണ ഘട്ടങ്ങളിലെ മത്സ്യത്തൊഴിലാളി ചലനാത്മകതയിൽ നിർണ്ണായകമായ ഒരു വിമർശക ദൗത്യമാണ് നിർവ്വഹിച്ചത്. വിവിധ അധികാര മണ്ഡലങ്ങളിൽ നിന്ന് നേരിട്ട മേൽക്കോയ്മകളെയും അവയുടെ അടിച്ചമർത്തൽ സ്വഭാവങ്ങളെയും പ്രതിരോധിക്കുന്നതിലൂടെ പുതിയൊരു രാഷ്ട്രീയ സംവാദം തീരത്ത്

രൂപപ്പെട്ടു. ആധുനികീകരണം പരമ്പരാഗത തൊഴിലാളികളെ ദുരിതത്തിലാഴ്ത്തി എന്ന ഏകമുഖമായ ലളിതവൽക്കരണങ്ങൾക്കപ്പുറം, അധികാരത്തെയും വികസന നയങ്ങളെയും ചരിത്രപരമായി ചോദ്യംചെയ്യുന്ന രീതിയിലേക്ക് ഈ പ്രവർത്തനങ്ങൾ വളർന്നു. ഇതിലൂടെ കേവലം പ്രതിഷേധങ്ങൾ മാത്രമല്ല, മറിച്ച് പ്രതിരോധത്തിന്റെ പുതിയ രാഷ്ട്രീയ ആശയങ്ങളും ബദൽസ്ഥാപനങ്ങളും (ഉദാഹരണത്തിന്: സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയനുകൾ, സഹകരണ സംഘങ്ങൾ) വാർത്തെടുക്കപ്പെട്ടു. ഇത്തരം ഇടപെടലുകൾ തീരദേശത്തെ വ്യക്തികളെ കേവലം 'സമുദായംഗങ്ങൾ' എന്നതിനപ്പുറം, വിശാലമായ ലോകവുമായി സംവദിക്കാനും അധികാരത്തോട് ചോദ്യങ്ങൾ ചോദിക്കാനും പ്രാപ്തിയുള്ള പൗരസമൂഹമാക്കി മാറ്റി. നളിനി നായകിനെപ്പോലുള്ളവർ ചൂണ്ടിക്കാട്ടുന്നത് പോലെ, ഈ ശാക്തീകരണം കേവലം സാമ്പത്തികമല്ല, മറിച്ച് ജ്ഞാനശാസ്ത്രപരമായ (epistemological) മാറ്റം കൂടിയാണ്. കടലിനെയും തീരത്തെയും കുറിച്ചുള്ള തങ്ങളുടെ പരമ്പരാഗത അറിവിനെ ആധുനിക രാഷ്ട്രീയ ഭാഷയുമായി കൂട്ടിയിണക്കാൻ ഇതിലൂടെ അവർക്ക് സാധിച്ചു.

**2.2.2 അനുഭവങ്ങളിലെ വിള്ളൽ**

പാരമ്പര്യത്തിന്റെ അതിരുകളിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികൾ ആധുനികീകരണത്തിന്റെ പശ്ചാത്തലത്തിലേക്ക് പെട്ടെന്ന് മാറ്റപ്പെടുമ്പോൾ അനുഭവപ്പെടുന്ന അനിശ്ചിതത്വങ്ങളെ വിശകലനം ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളുടെ കാലങ്ങളായുള്ള പാരിസ്ഥിതിക പരിജ്ഞാനത്തിലും കടലുമായുള്ള അവരുടെ ആത്മബന്ധത്തിലും വലിയ പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന് മനസിലാക്കാം. കർതൃത്വത്തിന്റെ പുനഃക്രമീകരണത്തോടൊപ്പം തന്നെ മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങൾ വിള്ളലുകളാൽ (ruptures) അടയാളപ്പെടുത്തപ്പെട്ട ഒന്നുകൂടിയാണെന്ന് ഇവിടെ വ്യക്തമാകുന്നു.

ആധുനികീകരണത്തിന്റെ ഫലമായി പരമ്പരാഗത മത്സ്യത്തൊഴിലാളികളിലെ ഒരു വലിയ വിഭാഗം കൂടുതൽ പാർശ്വവൽക്കരിക്കപ്പെടുകയും അവരുടെ ജീവിതം നഷ്ടവും പട്ടിണിയും സംഘർഷങ്ങളും നിറഞ്ഞതാവുകയും ചെയ്തു. സമരരീതികൾ, നിവേദനങ്ങൾ, സാമൂഹിക ഗവേഷണങ്ങൾ എന്നിവ വിശകലനം ചെയ്യുമ്പോൾ ഭയാശങ്കകളാൽ ചുറ്റപ്പെട്ട 'ദുർബലമായ ഒരു തീരദേശ വിഷയി' (vulnerable coastal subject) ഉയർന്നു വരുന്നതായി കാണാം. പിന്നോക്കവും പാർശ്വവൽകൃതവുമായ അവസ്ഥയിലേക്ക് മത്സ്യത്തൊഴി

ലാളികളിലെ ഒരുവിഭാഗം തരംതാഴ്ത്തപ്പെട്ടതിന്റെ ചിത്രണമാണ് അത് നിർവഹിക്കുന്നത്. ഉപജീവനാവശ്യാർഥം നടന്ന സമരങ്ങളും തീരമേഖലയിലെ സാമൂഹികഗവേഷണങ്ങളും ഇത് ബോധ്യപ്പെടുത്തുന്നു. മത്സ്യത്തൊഴിലാളികളുടെ അനുഭവങ്ങളിൽ രൂപംകൊണ്ട വിള്ളലിനെക്കുറിച്ചുള്ള വസ്തുതകൾ ഇത് വെളിച്ചത്ത് കൊണ്ടുവരുന്നു. മറ്റൊരർത്ഥത്തിൽ ഒരു നിശ്ചിത സ്ഥലത്തേക്ക് അനുഭവങ്ങൾ അനിശ്ചിതത്വത്തോടെയും ഭയാശങ്കയോടെയും കടന്നുവരുന്നതായി കണ്ടെത്താനാവും. അനുഭവങ്ങളിൽ രൂപംകൊണ്ട ഈ വിള്ളൽ, ഒരു നിശ്ചിത സ്ഥലകാലത്തിൽ നിന്ന് വ്യക്തിക്കുണ്ടാകുന്ന സ്ഥാനഭ്രഷ്ടതയെ (displacement) കൂടിയാണ് സൂചിപ്പിക്കുന്നത്. ഒരു തീവ്ര അവബോധമായി ആധുനികീകരണങ്ങൾ സ്വാംശീകരിക്കപ്പെട്ടിരുന്നു എന്നത് ഓർമ്മിപ്പിക്കുന്നതാണ് വിള്ളലിന്റെ ഈ പ്രതിഭാസങ്ങൾ. വിള്ളൽ സംഭവിക്കുന്നതിലൂടെ ജീവിതം ഭൂതകാലത്തിലേക്കും വർത്തമാനത്തിലേക്കും പിളർക്കപ്പെടുന്നു.

കൽപ്പന റാം (Ram, 2014: 144) തന്റെ പഠനത്തിൽ ഈ 'വിള്ളൽ' എന്ന സങ്കല്പനത്തെ വളരെ ഗൗരവമായി വിശകലനം ചെയ്യുന്നുണ്ട്. സ്റ്റേറ്റിന്റെയും ക്രിസ്ത്യൻ സഭയുടെയും ഇടപെടലുകളിലൂടെ ഉണ്ടായ രൂപാന്തരീകരണത്തിന്റെ അവിഭാജ്യ ഘടകമായാണ് അവർ വിള്ളലിനെ കാണുന്നത്. വികസനവും നവീകരണവും എങ്ങനെയാണ് ഭൂതകാലത്തെയും വർത്തമാനകാലത്തെയും പരസ്പരം വിഭജിച്ചതെന്ന് കന്യാകുമാരിയിലെ സ്ത്രീപ്രവർത്തകരുടെ അനുഭവങ്ങളെ മുൻനിർത്തി അവർ വിവരിക്കുന്നു. ഈ വിള്ളൽ കേവലം ഒരു തകർച്ചയല്ല; മറിച്ച്, പ്രബുദ്ധമായ ഒരു പുതിയ ജീവിതത്തെയും പ്രത്യേകമായൊരു കാലക്രമത്തെയും രൂപപ്പെടുത്താൻ ഇടയാക്കിയ ഒരു 'പരിവർത്തന നിമിഷം' കൂടിയാണ്. പരമ്പരാഗത മത്സ്യബന്ധന മേഖല നേരിട്ട ദുരിതങ്ങൾ, ആധുനികീകരണം എന്നത് കേവലമൊരു വിഭജനം മാത്രമല്ലെന്നും മറിച്ച് മത്സ്യത്തൊഴിലാളി പദവിയിൽ ആഴത്തിലുള്ള വൈരുദ്ധ്യങ്ങൾ സൃഷ്ടിച്ച പ്രക്രിയയാണെന്നും ബോധ്യപ്പെടുത്തുന്നു. ഇതിന്റെ ഫലമായി തീരത്തുണ്ടായ പുറന്തള്ളലുകളും സാമൂഹിക-സാംസ്കാരിക അധഃസ്ഥിതത്വങ്ങളും അവയുടെ വൈകാരികചരിത്രങ്ങളുമായി നേർക്കുനേർ നിൽക്കുന്ന സാഹചര്യം സംജാതമായി. ഇത് മത്സ്യത്തൊഴിലാളികളുടെ ഓർമ്മയെയും രാഷ്ട്രീയത്തെയും കുറിച്ച് ഗൗരവകരമായ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു. മത്സ്യത്തൊഴിലാളിയെ ഒരേസമയം വിള്ളലിന്റെയും ശാക്തീകരണത്തിന്റെയും വിഷയി എന്ന

നിലയിൽ ശ്രദ്ധാകേന്ദ്രമാക്കാൻ പ്രേരിപ്പിക്കുന്നു. പാരമ്പര്യ മേഖല ഉയർത്തുന്ന അവകാശ-പൗരത്വ വാദങ്ങൾ ഇതിലൂടെ പുതിയ രൂപഭേദങ്ങൾ കൈവരിക്കുന്നു.

വികസനവുമായി ബന്ധപ്പെട്ട് ചൂഷണവ്യവസ്ഥയ്ക്കെതിരെയുള്ള ശാക്തീകരണത്തിന്റെ മണ്ഡലമായി തീരപൊതുമണ്ഡലമെന്നത് ഉയർന്നുവരുന്നതും വിള്ളലിനെ വ്യത്യസ്തമായ വീക്ഷണകോണിൽ നോക്കുന്നതിന് ഇടവരുത്തുന്നു. പരമ്പരാഗത മേഖല നേരിട്ട ദുരിതങ്ങൾ കേവലം ഒരു സാമ്പത്തിക തകർച്ച മാത്രമല്ല, മറിച്ച് ഒരു പുതിയ 'തീര പൊതുമണ്ഡലത്തിന്റെ' (coastal public sphere) രൂപീകരണത്തിന് കാരണമായതെങ്ങനെയെന്ന് ഇത് വ്യക്തമാക്കുന്നു. വിള്ളലിനെ വെറുമൊരു നഷ്ടമായിട്ടല്ല, മറിച്ച് പുതിയൊരു രാഷ്ട്രീയ കർത്തൃത്വം രൂപപ്പെടാനുള്ള 'ശൂന്യമായ ഇടമായി' മനസിലാക്കാം. വികസനവുമായി ബന്ധപ്പെട്ട ചൂഷണ വ്യവസ്ഥകൾക്കെതിരെ ഒരു 'തീര പൊതുമണ്ഡലം' രൂപപ്പെട്ടത്, അനുഭവങ്ങളിലെ വിള്ളലിനെ വ്യത്യസ്തമായൊരു വീക്ഷണകോണിൽ നോക്കിക്കാണാൻ സഹായിക്കുന്നു. ആ വിള്ളലിൽ നിന്നാണ് പുതിയ രാഷ്ട്രീയബോധവും പ്രതിരോധത്തിന്റെ ഭാഷയും ജനിക്കുന്നത്.

**2.3 ആത്മകഥ/അനുഭവാഖ്യാനം: വിഭാഗവും പഠനങ്ങളും**

ആത്മനിഷ്ഠതയെ രേഖപ്പെടുത്തുന്ന സവിശേഷമായ ഒരു ആഖ്യാനരൂപമായാണ് 'അനുഭവാഖ്യാനങ്ങളെ' പൊതുവെ പരിഗണിക്കുന്നത്. ആത്മത്തെ പ്രതിനിധാനം ചെയ്യുന്ന വിവരണങ്ങളെ വാർത്തെടുക്കുന്ന ഒരു സാഹിത്യജനുസ്സാണിത്. വ്യക്തികൾ എപ്രകാരമാണ് തിരിച്ചറിയുന്നതെന്നും രേഖപ്പെടുത്തുന്നതെന്നുമുള്ള അന്വേഷണങ്ങളിൽ നിന്നാണ് ആത്മകഥാപരമായ രചനകളുടെ പ്രസക്തി ആരംഭിക്കുന്നത്. വ്യക്തിഗതമായ കഥപറച്ചിലിനായി സ്വന്തം ജീവിതാനുഭവങ്ങളെ തിരഞ്ഞെടുക്കുന്ന ബോധപൂർവ്വമായ പ്രക്രിയയെ ആദ്യകാല പഠനങ്ങൾ 'ആത്മകഥ' (Autobiography) എന്ന് നിർവചിച്ചു. ഓട്ടോ (Auto-സ്വയം), ബയോസ് (Bios- ജീവിതം), ഗ്രാഫിയ (Graphia- രചന) എന്നീ ഗ്രീക്ക് പദങ്ങൾ ചേർന്നാണ് 'ഓട്ടോബയോഗ്രഫി' എന്ന സംജ്ഞ രൂപപ്പെട്ടത്.

എ.ഡി. അഞ്ചാം ശതകത്തിൽ സെന്റ് അഗസ്റ്റിൻ ലാറ്റിൻ ഭാഷയിൽ രചിച്ച 'കൺഫെഷൻസ്' (Confessions) ആണ് ലോകത്തിലെ ആദ്യത്തെ ആത്മകഥയായി

പൊതുവെ കണക്കാക്കപ്പെടുന്നത്. ആത്മകഥയെ ഒരു ഗദ്യരൂപമെന്ന നിലയിൽ നിർവചിച്ച ഫിലിപ്പ് ലെജ്യൂണിന്റെ (Philippe Lejeune) നിരീക്ഷണങ്ങൾ ഈ മേഖലയിൽ സുപ്രധാനമാണ്. "ഒരു വ്യക്തി തന്റെ സ്വന്തം അസ്തിത്വത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മുൻകാല ഗദ്യ ആഖ്യാനമാണ് ആത്മകഥ; എഴുത്തുകാരന്റെ വ്യക്തിജീവിതമോ വ്യക്തിത്വ വികാസമോ ആണ് ഇതിലൂടെ വെളിപ്പെടുന്നത്" (Lejeune, 1982: 193). പാശ്ചാത്യലോകത്ത് ആത്മകഥാ രചനകൾ നാഗരികതയുടെ അടയാളമായും നവോത്ഥാന കാലഘട്ടത്തിലെ വ്യക്തിബോധത്തിന്റെ  പ്രകടനമായും വിലയിരുത്തപ്പെട്ടു. ഒരു എഴുത്തുകാരൻ തന്റെ 'തന്മ' സ്ഥാപിക്കുന്ന പ്രക്രിയയാണിത്. റോയ് പാസ്കലിന്റെ (Roy Pascal) നിരീക്ഷണപ്രകാരം, "ഒരു എഴുത്തുകാരൻ തന്നെക്കുറിച്ചും തന്റെ വ്യക്തിപരമായ അനുഭവങ്ങളെക്കുറിച്ചും സംസാരിക്കുന്ന ഒരു രൂപം മാത്രമാണ് ആത്മകഥ" (Pascal, 2016: 2). എഴുത്തുകാരൻ തന്നെ ആഖ്യാനത്തിന്റെ കേന്ദ്രസ്ഥാനത്ത് നിൽക്കുകയും സ്വന്തം ജീവിതത്തെ ഒരു ചരിത്രരേഖയായി അവതരിപ്പിക്കുകയും ചെയ്യുന്ന എന്നതാണ് ഈ നിർവചനങ്ങളുടെയെല്ലാം അന്തസ്സത്ത. ആത്മകഥ കർതൃസംബന്ധിയായ വ്യവഹാരങ്ങളുടെ ഭാഗമായതിനാൽ ആധുനിക കർതൃസങ്കല്പവുമായും അങ്ങനെ ആധുനികതയുടെ ഇതര വ്യവഹാരങ്ങളുമായും ബന്ധം പുലർത്തുന്നുണ്ട്. ആധുനികതയുടെ തുടക്കത്തിൽ, യൂറോപ്പിൽ,ആത്മകഥയെ വർത്തമാനസത്തയുടെ ചരിത്രമായിക്കാണുന്ന ഒരു ശൈലി നിലവിൽ വരികയുണ്ടായി. ഇത് ആത്മകഥയെന്ന സാങ്കേതികസംജ്ഞയുടെ പരിധിയിൽ ഉൾപ്പെടുന്ന വ്യവഹാരങ്ങളിൽ മാത്രമല്ല സംഭവിച്ചത്. ആത്മകഥയിൽ റൂസോയുടെ 'കൺഫെഷൻസ്' ഇതിനുദാഹരണമായി ഉദ്ധരിക്കാവുന്നതാണ താനും. തുടർന്ന് യൂറോപ്യൻ ജ്ഞാനോദയത്തിന്റെ പാരമ്യത്തിൽ ഗൊയ്ഥെയുടെ 'വില്യം മെസ്റ്റർ' പരിണാമങ്ങളിലൂടെ കണ്ടെത്തപ്പെടുന്ന വ്യക്തിസത്തയുടെ നോവലിന് തുടക്കം കുറിച്ചു. എന്നിങ്ങനെ സുപ്രധാന നിരീക്ഷണങ്ങൾ ഈ വിഭാഗത്തിന്റെ രൂപീകരണത്തെ കുറിച്ച് ഉദയകുമാർ (1994: 37 ) പങ്ക വെക്കുന്നു.

ഇന്ത്യയിലെ ആത്മകഥാ സാഹിത്യത്തിന്റെ സ്വഭാവത്തെകുറിച്ച്  ഒ.കെ സന്തോഷ് (2022:94) ഇങ്ങനെ കുറിക്കുന്നു: ഒരു പുതിയ സാഹിത്യരൂപമായി ഇന്ത്യയിൽ ആത്മകഥ വളർന്നത് ഇരുപതാം നൂറ്റാണ്ടിലാണ്. നോവലിനെപ്പോലെ തന്നെ ആത്മകഥയും ആധുനികതയുടെ സൃഷ്ടിയാണെന്നത് മലയാളത്തിന്റെ മാത്രം കഥയല്ല. ഇന്ത്യയിലെ മിക്ക ഭാഷകളിലും ആത്മകഥാഖ്യാനത്തിന്റെ പുതിയരൂപം വികസിച്ചതും കൊളോണിയൽ

ആധുനികതയുടെ പശ്ചാത്തലത്തിൽ ആയിരുന്നു. ഇന്ത്യൻദേശീയതയുടെ വ്യാഖ്യാന പാരമ്പര്യങ്ങളുടെ വിമർശനങ്ങൾ ഉള്ളടങ്ങിയ പ്രമേയങ്ങളാണ് ആത്മകഥകളുടെ പ്രാരംഭ ചുവടുകളിൽ എഴുതപ്പെട്ടത്. മിഷണറി പ്രവർത്തനങ്ങളിലൂടെ സാധാരണ ജനങ്ങൾക്കിടയിൽ പോലും വ്യാപരിച്ചിരുന്ന സഹവർത്തിത്തവും സാഹോദര്യവും പ്രധാന അടിത്തറകളിൽ ഒന്നായിരുന്നു. സ്വയം വെളിപ്പെടുന്നതിലൂടെ തങ്ങളുടെ ലോകവീക്ഷണവും ആത്മീയവും ഭൗതികവുമായ സന്നിഗ്ധാവസ്ഥകളും ആവിഷ്കരിക്കുകയായിരുന്നു ഇവർ. ആദ്യത്തെ സഞ്ചാരസാഹിത്യ കൃതികളുടെയും പിറവിക്കാധാരമായ ചരിത്രസന്ദർഭവും ഇതിൽനിന്ന് സഞ്ചാരസാഹിത്യവും ഒരർത്ഥത്തിൽ ആത്മകഥ തന്നെയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

പൊതുആവിഷ്കാരം എന്ന നിലയിൽ ആത്മകഥാരചനകളെക്കുറിച്ചുള്ള ഉദയകുമാറിന്റെ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. ഇന്ത്യയിലെ ആദ്യകാല ആത്മകഥകൾ, പ്രത്യേകിച്ച് പുരുഷന്മാരുടേത്, കേവലം സ്വകാര്യ വിവരണങ്ങൾ എന്നതിലുപരി ശക്തമായ ഒരു 'പൊതുമാനം' (public dimension) ഉള്ളവയായിരുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. “ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പല ആത്മകഥാകാരന്മാരും അവരുടെ ജീവിതവിധികൾ രാജ്യത്തിന്റെയോ സമൂഹത്തിന്റെയോ മാറുന്ന ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണക്കാക്കിയിരുന്നു” (Kumar, 2016: 23). സാഹിത്യ-സാമൂഹിക-രാഷ്ട്രീയ മേഖലകളുടെ സാംസ്കാരിക രേഖ എന്ന നിലയിലാണ് ആത്മകഥ ഇവിടെ സ്ഥാനം പിടിക്കുന്നത്. എന്നാൽ, ഈ 'പൊതുമാനം' എല്ലാവർക്കും ഒരുപോലെ ലഭ്യമായിരുന്നില്ല എന്ന യാഥാർഥ്യത്തെയും ഉദയകുമാർ ചൂണ്ടിക്കാട്ടുന്നുണ്ട്. ആത്മകഥ എഴുതാനുള്ള അവകാശം അഥവാ സ്വന്തം ജീവിതത്തെ രേഖപ്പെടുത്താനുള്ള അധികാരം, കീഴ്ജാതികളെ അപേക്ഷിച്ച് ഉന്നത സാമൂഹികപദവി അലങ്കരിച്ചിരുന്നവർക്ക് മാത്രമായി പരിമിതപ്പെട്ടിരുന്നു. ഇതിലൂടെ ആത്മകഥ എന്നത് സവിശേഷാധികാരമുള്ളവരുടെ ഒരു കഥനരൂപമായി മാറിയെന്ന് വ്യക്തമാകുന്നു. ഇന്ത്യയിലെ ആത്മകഥാ സാഹിത്യം എങ്ങനെയാണ് ഒരു വ്യക്തിയുടെ കഥ എന്നതിലുപരി ഒരു 'ദേശീയ' അല്ലെങ്കിൽ 'സാമൂഹിക' രേഖയായി മാറിയതെന്നത് ഇത് കാണിക്കുന്നു. ആത്മകഥയുടെ വിശേഷാധികാരത്തെ അനുഭവാഖ്യാനങ്ങൾ എന്ന സംജ്ഞയിൽ കടന്നുവന്ന രചനകൾ മറികടക്കുന്നു. പാശ്ചാത്യ നിർവചനങ്ങളിൽ ആത്മകഥ എന്നത് ഒരു 'ഏകശിലാപരമായ വ്യക്തിയെ' പ്രതിനിധീകരിക്കുന്നു. എന്നാൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ രചനകളിൽ ഈ വ്യക്തിത്വം പലപ്പോഴും 'സമൂഹത്തിന്റെ'

അല്ലെങ്കിൽ 'സമുദായത്തിന്റെ' ഭാഗമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഉപരിവർഗ്ഗ ആത്മകഥകൾ 'മനസ്സിനെ'യോ 'നേട്ടങ്ങളെ'യോ കുറിച്ച് സംസാരിക്കുമ്പോൾ, കീഴാള ആഖ്യാനങ്ങൾ തങ്ങൾ നേരിട്ട 'ശാരീരികമായ അടിച്ചമർത്തലുകളെയും' 'അധ്വാനത്തെയും' കുറിച്ചാണ് സംസാരിക്കുന്നത്. ശരീരത്തെ ചരിത്രപരമായി മുറിവേൽപ്പിക്കപ്പെട്ടതും സാമൂഹികമായി അടയാളപ്പെടുത്തപ്പെട്ടതുമായ ഒരു രാഷ്ട്രീയ ഇടമാക്കി മാറ്റുന്നു.

**2.3.1 ഘടനാവാദാനന്തര സമീപനങ്ങൾ**

പരമാധികാരിത്തമുള്ള ജൈവികസത്തയായ സ്വത്വമെന്ന പ്രബലമായ ധാരണകൾക്കെതിരെ ഉത്തരാധുനികചിന്തകൾ ചുവടുവയ്ക്കുന്നു. ഘടനാവാദാനന്തരചിന്തകൾ സത്യം-ചരിത്രം എന്നീ സങ്കല്പങ്ങളുടെ സ്ഥിരതയെ വെല്ലുവിളിക്കുന്നു. സ്വത്വത്തിന്റെ നിർമ്മാണങ്ങളിലെ വിവിധ മണ്ഡലങ്ങളെ വിലയിരുത്തുന്ന ആത്മകഥാപഠനങ്ങൾ ഈ ആലോചനകളെ പിന്തുടരുന്നുണ്ട്. ആത്മകഥാപരമായ പ്രവൃത്തിയിൽ മുന്നേയുള്ള യോജിച്ചതും ഏകീകൃതവും സ്ഥിരതയുള്ളതുമായ സ്വത്വം എന്നതൊന്നില്ല എന്നതു സ്ഥാപിക്കുന്നു. കാർട്ടീഷ്യൻ ബോധത്തിലെ 'ഞാൻ' എന്നത് ഉത്തരാധുനികസിദ്ധാന്തങ്ങൾ ചോദ്യംചെയ്തതോടെ ആത്മകഥയിലെ വിഷയത്തിന്റെ വസ്തുനിഷ്ഠത-സത്യം എന്നിവ ചർച്ചകൾക്ക് വിധേയമായി. വ്യക്തിയും സ്വത്വവും തമ്മിലുള്ള ഇടപാടുകളെ കൂടുതൽ സൂക്ഷ്മതയോടെ വിശദീകരിക്കാനും ഇതു പ്രേരിപ്പിച്ചു. സ്വത്വമെന്ന സങ്കല്പം പരിമിതികൾ ഉള്ളതാണെന്ന് ഉത്തരാധുനിക ചിന്തകൾ ചൂണ്ടിക്കാട്ടുന്നു. ചുറ്റുമുള്ള അധികാര ഘടനകളെ ചോദ്യം ചെയ്യാനോ സ്വന്തം മേൽവിലാസത്തെ അഴിച്ചു പണിയാനോ അതപര്യാപ്തമാണ് എന്ന് കരുതുന്നു. സ്വത്വത്തിന്റെ വ്യതിചലനത്തെയും പ്രകടനത്തെയും വ്യക്തമാക്കുന്ന രീതികളെ അത് മുന്നോട്ടുവെക്കുന്നു. അതോടൊപ്പം പോൾ റിക്കോർ (Ricoeur, 1984) സ്വത്വത്തെ ആഖ്യാനവുമായി ബന്ധപ്പെടുത്തി കാണുന്നു. ആഖ്യാനാത്മക സ്വത്വമെന്ന സങ്കല്പം ഈ ആത്മകഥാ പഠനരംഗത്തെ സൈദ്ധാന്തികമായി പുനരാനയിച്ചു.

ഉത്തരാധുനികചിന്തയുണ്ടാക്കിയ പ്രധാന വഴിത്തിരിവാണ് സ്വത്വവും അനുഭവവും നിർമ്മിക്കപ്പെടുന്നതാണെന്ന്. ഏറ്റവും യോജിപ്പുള്ള ഏകീകൃതമായ സ്വത്വ (self) മെന്ന ആദ്യകാല സിദ്ധാന്തങ്ങളെ അവ നിരാകരിക്കുന്നു. പകരം സ്വത്വത്തെ രചിക്കുന്നത് സാംസ്കാരികവും ചരിത്രപരവുമായ ഒരു പ്രക്രിയ ആയിട്ടാണ് ഉത്തരാധുനിക

ആത്മകഥാപഠനങ്ങൾ കരുതുന്നത്. "പോസ്റ്റ്സ്ട്രക്ച്ചറലിസ്റ്റ് കാഴ്ച്ചപ്പാടുകൾ രചയിതാവിനെ അർഥത്തിന്റെ ഉറവിടമായി കേന്ദ്രസ്ഥാനത്തുനിന്ന് പുറത്താക്കുകയും ആത്മകഥയുടെ ഏകീകൃതവിഷയത്തെ ദുർബലപ്പെടുത്തുകയും ചെയ്തു" (Anderson, 2001: 6). രാഷ്ട്രീയമോ ചരിത്രപരമോ ആയ ഇടങ്ങളും വായനയുടെ സന്ദർഭങ്ങളും വിഷയത്തിന്റെ നിർണയനങ്ങളും ഉൾച്ചേർന്ന ഘടനാവാദാനന്തര വ്യാഖ്യാനത്തിന്റെ മേഖല ലിൻഡ ആൻഡേഴ്സൺ *Autobiography* എന്ന ഈ പുസ്തകത്തിൽ വികസിപ്പിക്കുന്നുണ്ട്. സമാനമായി സ്മിത്തും വാട്സണും ജീവിതാഖ്യാനങ്ങളെ ചരിത്ര വീക്ഷണകോണിൽ പരിശോധിക്കുന്നു. ആത്മകഥാ വിഷയങ്ങളിലെ വ്യക്തിഗത പ്രതിനിധാനം, ആത്മത്തിന്റെ രൂപീകരണം എന്നിവ പ്രധാനമായും വിശകലനം ചെയ്യുന്നു. "ചരിത്രവും വ്യക്തിത്വവും തമ്മിലുള്ള ഇടപെടലുകളെന്നത് തുടർച്ചയായതും ലളിതവുമായ സങ്കൽപ്പങ്ങളിലൂടെ കണ്ടെത്താനല്ല ഇവിടെ ശ്രമിക്കുന്നത്. വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളിലൊന്ന് ഒരു നിശ്ചിത ചരിത്രനിമിഷത്തിൽ കൂടിച്ചേരുകയും വിഭജിക്കപ്പെടുകയും ചെയ്യുന്നു. ആത്മകഥാപരമായ ഈ വിഷയിയെ അവയുടെ ചരിത്ര പശ്ചാത്തലത്തിൽ വേർതിരിക്കുകയും ആ വിഷയങ്ങളെ രൂപപ്പെടുത്തുന്ന വിവിധ ആത്മകഥാവിഭാഗങ്ങളുടെ രൂപീകരണവും ഞങ്ങൾ ശ്രദ്ധിക്കുന്നു" (Smith, Sidonie, 2004: 83). അനുഭവത്തെ രചിക്കുന്നതിലെ വ്യക്തി-ചരിത്രപാഠങ്ങളെ സാക്ഷ്യപ്പെടുത്തുന്നതാണ് സ്മിത്തിന്റെ ഈ നിർവചനം. വ്യക്തിത്വത്തിന്റെ ചിതറലുകൾ, സമഗ്രതയില്ലായ്മ എന്നീ ധാരണകളെക്കൂടി തിരിച്ചറിയുന്നതാണ് ഈ നിരീക്ഷണങ്ങൾ. വ്യക്തിഗത പ്രതിനിധാനങ്ങൾ അന്വേഷിക്കുന്നതിൽ തന്മകൾ, കൂട്ടായസ്വത്വം എന്നിങ്ങനെയുള്ള വിവിധ സാമൂഹികസംവർഗങ്ങളുടെ രൂപീകരണത്തിലേക്ക് നോക്കുന്നതിൽ സ്മിത്ത് ഊന്നുന്നു. ആത്മപ്രതിനിധീകരണം (self referential) എന്നത് നിർദ്ദിഷ്ട സമയങ്ങളിലും സ്ഥലങ്ങളിലും സ്ഥിതിചെയ്യുന്ന വ്യക്തിഗത പ്രക്രിയകളുമായും ഓർമ്മയുടെ ചരിത്രവുമായും ഒരേസമയം സംവദിക്കുകയെന്നതാണെന്ന് കണ്ടെത്തുന്നു.

മനപ്പൂർവമുള്ള നിർമ്മിതി എന്ന സങ്കല്പം ആത്മകഥയെക്കുറിച്ചുള്ള ചിന്തകരുടെ വാദങ്ങളുടെ പ്രധാന വിഷയമായിരുന്നു. സ്വത്വത്തിന്റെ വ്യതിചലനത്തെയും പ്രകടനത്തെയും വ്യക്തമാക്കുന്ന രീതികളുടെ ആഖ്യാനങ്ങളെ പിന്തുടരാൻ ലിംഗഭേദത്തിന്റെ സ്ഥിരീകരണത്തെ ചോദ്യംചെയ്യുന്ന ജൂഡിത്ത് ബട്‌ലറുടെ പഠനങ്ങൾ പ്രേരണയായി. അവ ഒരുവശത്ത് അനുഭവങ്ങൾ, ആത്മത്തിന്റെ നിർമ്മാണം എന്നിവയെ പ്രകടനാത്മക

(performance) വിഭാഗമായി പുനർചർച്ചകൾ നടത്താൻ ഇടനൽകി. ആത്മം ചിന്തിക്കുന്നത് ആത്മകഥാപരമായ കഥപറച്ചിലിന്റെ ഫലമാണെന്ന് ഇതോടെ തിരിച്ചറിയുന്നു. ആഖ്യാനങ്ങൾക്കുള്ളിൽ രചയിതാവ് തന്റെ ആത്മത്തെ മനസ്സിലാക്കുകയും നിർവചിക്കുകയും ചെയ്യുന്നു എന്ന ആശയത്തെ ഉൾക്കൊള്ളുന്നതാണിത്. രചനകളുടെ ആഖ്യാനശൈലി, രൂപം എന്നിവയിലെ സത്യത്തിന്റെയും ആധികാരികതയുടെയും സ്ഥിരീകരണത്തിന്റെ വീക്ഷണകോണുകൾ യാഥാർഥ്യത്തിന്റെ എന്നതിനേക്കാൾ കൃത്രിമത്വം/കെട്ടിച്ചമച്ചത് ആണെന്നതിന്റെ ഊന്നലിലേക്ക് ഇത് നയിക്കുന്നു. സ്വച്ഛന്ദതയും യുക്തിയും സ്ഥിരതയും സങ്കല്പിക്കുന്ന ആത്മത്തിന്റെ സത്താപരമായ ഭാവത്തെ ഈ ധാരണകൾ പുനർനിർവചിച്ചു.

ഈ വാദങ്ങളെ തുടർന്ന് മുൻനിശ്ചയിച്ച സത്യങ്ങളും പാറ്റേണുകളും കണ്ടെത്തുന്നതിന്റെ വിമർശനങ്ങൾ ആത്മകഥാപഠനങ്ങളിൽ കടന്നുവരുന്നുണ്ട്. ഫിക്ഷനും ആത്മകഥയും തമ്മിൽ വേർതിരിക്കാൻ ശ്രമിക്കുമ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിട്ടുകൊണ്ട് പോൾ ഡി.മാൻ 1979-ൽ ആത്മകഥയെക്കുറിച്ച് ഒരു ലേഖനമെഴുതി[4]. ആത്മകഥയുടെ അന്ത്യം പ്രവചിക്കുന്ന ലേഖനത്തിൽ റൊമാന്റിക് സ്വത്വമെന്ന അനുമാനങ്ങളെ മാറ്റിക്കൊണ്ട് പ്രാതിനിധ്യത്തിന്റെയും ഭാഷയിലെ ആലങ്കാരികതയുടെയും ഇടമായി ആത്മകഥയെ അദ്ദേഹം വിലയിരുത്തി. ഇതിലൂടെ ആത്മത്തിന്റെയും വിഷയത്തിന്റെയും സ്ഥിരത ചോദ്യം ചെയ്യപ്പെട്ടു. ആത്മകഥ എന്നത് ഒരു സാഹിത്യരൂപമല്ലെന്നും വായിക്കാനും മനസ്സിലാക്കാനുമുള്ള ഒരു ഗ്രന്ഥം മാത്രമാണെന്നുമാണ് പോൾ ഡി.മാൻ എഴുതിയത് ( De. Man , 1979 ).

ജീവിതാഖ്യാനത്തെ 'ആത്മ പ്രതിനിധീകരണത്തിന്റെ രചന' എന്ന് നിർവചിച്ചുകൊണ്ട് അവയുടെ വിവിധ മാനങ്ങളും സവിശേഷതകളും സിഡോണി സ്മിത്തും ജൂലിയ വാട്സണും വിവരിക്കുന്നുണ്ട്. പ്രധാനമായും ജീവിതാഖ്യാനവും ആത്മകഥയും ഇവർ വേർതിരിക്കുന്നു. ലൈഫ് റൈറ്റിംഗ് (Life writing ) എന്ന വിഭാഗത്തെ ആത്മകഥ ഉൾപ്പെടെയുള്ള പലതരത്തിലുള്ള സാഹിത്യവിഭാഗങ്ങളുടെ വിവരണമായിട്ടാണ് അവർ സൂചിപ്പിക്കുന്നത്. ജീവചരിത്രം, നോവൽ, ചരിത്രം എന്നീ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള, എഴുത്തുകാര നെക്കുറിച്ചുള്ള വ്യക്തമായ ആത്മപരാമർശമുള്ള, ജീവിതത്തെ അതിന്റെ വിഷയമായി എടുക്കുന്ന വൈവിധ്യമാർന്ന രചനയുടെ പൊതുവായ പദമായിട്ടാണ്

ജീവിതരചനയെ ഇരുവരും വിശദമായി നിർവചിച്ചിരിക്കുന്നത്. "ഇരുപതാംനൂറ്റാണ്ട് പൊതുവെ പ്രാതിനിധ്യപരമായി ജീവിതവിവരണങ്ങളുടെ ഒരു സമ്പ്രദായത്തെ കൂടുതലായി നിർമ്മിച്ചിട്ടുണ്ട്. ഒരേസമയം നിർമ്മിക്കപ്പെട്ട ജീവിതവിവരണങ്ങളിൽ പലതരത്തിലുള്ള മാനദണ്ഡങ്ങളിലൂടെ കുറഞ്ഞ മൂല്യം നൽകുകയും അവയെ 'യഥാർഥ' ആത്മകഥയായി അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. അതിനാൽ പടിഞ്ഞാറൻരാജ്യങ്ങളിലും ലോകമെമ്പാടുമുള്ള ജീവിതാഖ്യാനങ്ങളുടെയും ആത്മവിവരണങ്ങളുടെയും വിപുലമായ ചരിത്രശ്രേണിയും വൈവിധ്യമാർന്ന രീതികളും പ്രയോഗങ്ങളും വിവരിക്കാൻ ഓട്ടോബയോഗ്രഫി എന്ന പദം അപര്യാപ്തമാണെന്ന് ഉത്തരാധുനിക-പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികരുടെ വാദമുണ്ട്" (Smith, Sidonie, 2001: 19). ജീവിതാഖ്യാനമെന്നത് വർത്തമാനകാലസ്വത്വത്തെ പ്രതിഫലിപ്പിക്കുന്നതിനായി ഭൂതകാലവുമായി ഇടപഴകുന്നതും ചലിക്കുന്നതുമായ ഒരു ലക്ഷ്യമായി സമീപിക്കാവുന്നതാണെന്നും കൂട്ടിച്ചേർക്കുന്നു. ആഖ്യാതാവ്-വായനക്കാരൻ ഉടമ്പടികളുള്ളിൽ സംഭവിക്കുന്ന അന്തർ-ആത്മനിഷ്ഠനില (inter-subjective-mode)യായി ആത്മ പ്രതിനിധാനത്തെ മനസ്സിലാക്കാവുന്നതാണ് എന്ന സ്മിത്തിന്റെ മറ്റൊരു നിരീക്ഷണം ജീവിതവിവരണങ്ങളിലെ ആത്മത്തിന്റെ പരാമർശത്തെ പുതിയ തലത്തിലേക്ക് മാറ്റിപ്പണിയുന്നു.

### 2.3.2 ആത്മകഥയും വ്യക്തിയും

ആത്മകഥാപഠനങ്ങൾ വ്യക്തികൾ എങ്ങനെ സ്വയം നിർവചിക്കുന്നുവെന്നും അവരുടെ സ്വന്തം അനുഭവങ്ങൾ മനസ്സിലാക്കുന്നുവെന്നും എന്നതിന് പുതിയ സമീപനവും കാഴ്ചപ്പാടും നൽകുന്നു. ആദ്യകാല ആത്മകഥാ സിദ്ധാന്തങ്ങൾ പ്രധാനമായിട്ടുള്ളവ ഉത്തമപുരുഷ ആഖ്യാനവുമായി ബന്ധപ്പെട്ടതായിരുന്നു. ഒരു പ്രത്യേക സാഹിത്യവിഭാഗം എന്ന നിലയിലും വ്യക്തിയുടെ ആത്മബോധത്തിന്റെ പ്രകടനമെന്ന നിലയിലുമാണ് ഇത് വിലയിരുത്തപ്പെട്ടത്. 'ഞാൻ' എന്ന കർത്താവിലൂടെ സ്വന്തം ജീവിതത്തെ അടയാളപ്പെടുത്തുന്ന രീതിക്കാണ് ഇത്തരം പഠനങ്ങൾ പ്രാധാന്യം നൽകിയത്. ചരിത്ര-സാംസ്കാരിക പഠനങ്ങൾ ആത്മകഥകളെ കേവലം സാഹിത്യമായിട്ടല്ല, മറിച്ച് ആധുനിക ബോധത്തിന്റെ ഉദയം മനസ്സിലാക്കാനുള്ള സ്രോതസ്സുകളായിട്ടാണ് കാണുന്നത്. കൂട്ടായ

സ്വത്വങ്ങളിൽ നിന്ന് മാറി, സ്വതന്ത്രമായ ആത്മബോധമുള്ള ഒരു വ്യക്തി എങ്ങനെ രൂപപ്പെടുന്നു എന്നതിന്റെ രേഖകളാണ് ഇത്തരം ആത്മവിവരണങ്ങൾ. സമുദായ ജീവിതത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ പോലും വ്യക്തിയുടെ സവിശേഷമായ സ്വത്വ-സാംസ്കാരിക സങ്കല്പങ്ങൾ പ്രതിഫലിക്കുന്നുണ്ട് എന്നത് സമകാലീന ഗവേഷണങ്ങളിലെ പ്രധാന ആശയമാണ്. കീഴാള ഇടങ്ങളിലെ ആത്മകഥകളെ വിശകലനം ചെയ്യുമ്പോൾ പലപ്പോഴും വ്യക്തിപരമായ സവിശേഷതകളേക്കാൾ സമുദായ സ്വത്വത്തിനാണ് മുൻഗണന നൽകാറുള്ളത്. ഈ പഠനരീതിയിൽ കീഴാളരുടെ വ്യക്തിപരമായ ആഖ്യാന ശൈലികളും ഭാഷാപരമായ പ്രത്യേകതകളും പലപ്പോഴും അവഗണിക്കപ്പെടുന്നു.സമുദായ സ്വത്വത്തിനകത്ത് നില്ക്കുമ്പോൾത്തന്നെ വ്യക്തികൾ തങ്ങളുടെ സവിശേഷമായ സ്വഭാവങ്ങളിലൂടെ ആ സ്വത്വത്തെ സജീവമാക്കുന്നുണ്ട്. സമുദായ സ്വത്വത്തിനകത്ത് നില്ക്കുമ്പോൾത്തന്നെ വ്യക്തികൾ തങ്ങളുടെ സവിശേഷമായ സ്വഭാവങ്ങളിലൂടെ ആ സ്വത്വത്തെ സജീവമാക്കുന്നുണ്ട്. ആധുനികതയുടെ ഭാഗമായി വ്യക്തിത്വം എന്നത് കേവലം ഒരു താല്പര്യം എന്ന നിലയിലല്ല, മറിച്ച് സാമൂഹിക വ്യവഹാരങ്ങൾക്കിടയിൽ നിരന്തരം നിർമ്മിക്കപ്പെടുന്ന ഒരു പ്രക്രിയയായാണ് ഇവിടെ മനസ്സിലാക്കേണ്ടത്.

ആത്മകഥാ പഠനങ്ങളിൽ വ്യക്തിയെ മുൻനിർത്തി രൂപപ്പെട്ടുവന്ന പരമ്പരാഗത ധാരണകളെ ഉദയകുമാർ (Kumar, 2016) വിമർശനാത്മകമായി പരിശോധിക്കുന്നു. മലയാളത്തിലെ ആദ്യകാല ആത്മകഥകളുടെ രൂപീകരണവും അവയുടെ സവിശേഷമായ രചനാരീതികളുമാണ് അദ്ദേഹത്തിന്റെ പഠനവിഷയം. മാറിക്കൊണ്ടിരിക്കുന്ന ചരിത്ര സാഹചര്യങ്ങളിൽ വ്യക്തികൾ തങ്ങളെത്തന്നെ എങ്ങനെ വിന്യസിക്കുന്നു എന്നതാണ് ആത്മകഥയിലെ പ്രധാന സംഗതി. ആത്മകഥയെ കേവലം ഓർമ്മക്കുറിപ്പുകളായല്ല, മറിച്ച് ആത്മപ്രതിനിധാനത്തിന്റെ ആവിഷ്കാരരൂപങ്ങളായാണ് അദ്ദേഹം വായിക്കുന്നത്. ഇത് ചരിത്രപരമായ പ്രയോഗങ്ങൾ എന്ന നിലയ്ക്ക് ആത്മകഥകളെ പ്രാധാന്യമുള്ളതാക്കുന്നു. വ്യക്തിയുടെ ആന്തരികതയ്ക്കും കൂടി ഇടമുള്ള ചരിത്രത്തെ ഈ രീതിശാസ്ത്രം ചൂണ്ടിക്കാണിക്കുന്നു. ചരിത്രമെന്നത് കേവലം പുറമെയുള്ള സംഭവങ്ങളല്ല, മറിച്ച് വ്യക്തിയുടെ ആന്തരിക ലോകത്തിന് (Interiority) കൂടി ഇടമുള്ള ഒന്നാണെന്ന് ഉദയകുമാറിന്റെ രീതിശാസ്ത്രം തെളിയിക്കുന്നു. വ്യക്തിയെ പ്രേരിപ്പിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ ബോധ്യങ്ങൾ ആത്മത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിലൂടെയാണ് വെളിപ്പെടുന്നത്. ഇന്ത്യയിൽ

ആത്മകഥകൾ വൈകി രൂപപ്പെട്ടത് കൊളോണിയൽ കാലഘട്ടത്തിന് മുൻപ് നാഗരിക ബോധമുള്ള 'വ്യക്തി' ഇല്ലാതിരുന്നതിനാലാണെന്ന പാശ്ചാത്യവാദത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. മുൻകാലങ്ങളിലും സവിശേഷമായ രീതിയിലുള്ള വ്യക്തിഗത വിവരണങ്ങൾ നിലനിന്നിരുന്നുവെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

അടിച്ചമർത്തലുകളെ നേരിടുന്നതിലും അധഃസ്ഥിതത്വത്തെ വെല്ലുവിളിക്കുന്ന രാഷ്ട്രീയ പൗരത്വം സ്ഥാപിക്കുന്നതിലും വ്യക്തിത്വത്തിന് വലിയ പങ്കുണ്ടെന്ന് ദലിത് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ജീവിതരചനകളെക്കുറിച്ചുള്ള പഠനത്തിൽ ദേബാൻജി ഗാംഗുലി (Debjani Ganguly) മുന്നോട്ടുവെക്കുന്ന 'വേദനയുടെ ആഖ്യാനം' (narrative of suffering) ഈ സാഹചര്യത്തിൽ പ്രസക്തമാണ്. ദേബാൻജി ഗാംഗുലി ജീവിതരചനയെക്കുറിച്ചുള്ള പഠനത്തിൽ വേദനയുടെ ആഖ്യാനത്തിലൂടെ ദലിതരുടെ വ്യക്തിത്വത്തിനായുള്ള അന്വേഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു (Ganguly, 2009). ജീവിതരചനകളിലെ സാക്ഷ്യപത്രങ്ങൾ (testimonios) കേവലം വിലാപങ്ങളല്ല, മറിച്ച് ഒരു കൂട്ടായ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ വ്യക്തിത്വത്തെ വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ്. വ്യക്തിഗതമായ ആത്മനിർമ്മാണത്തിന്റെ ആശയപരമായ മേഖലയായാണ് അദ്ദേഹം ഇതിനെ കാണുന്നത്. കൂടാതെ ധിക്കാരങ്ങളെയും ക്രൂരതകളെയും നേരിടാനുള്ള ധൈര്യമാണ് പരിണമിച്ച വ്യക്തിയുടെ അടയാളമെന്ന് ഓംപ്രകാശ് വാത്മീകിയുടെ 'ജൂഠൻ' എന്ന ആത്മകഥയെക്കുറിച്ചുള്ള ചർച്ചയിൽ പ്രസ്താവിക്കുന്നു. സാറാ ബേത്തിന്റെ (Sarah Beth) നിരീക്ഷണങ്ങൾ ഇതിനെ കൂടുതൽ വ്യക്തമാക്കുന്നു. ദലിത് എഴുത്തുകാർക്ക് അവരുടെ ആഖ്യാനങ്ങളിലൂടെ ജാതിവിവേചനത്തിന്റെ വേദന വിവരിക്കാൻ മാത്രമല്ല, സ്വന്തം വ്യക്തിത്വത്തെ സ്വതന്ത്രമായി സങ്കൽപ്പിക്കാനുള്ള അവകാശം തിരിച്ചുപിടിക്കാനും സാധിക്കുന്നു. പൊതുവായ അടിച്ചമർത്തൽ അനുഭവങ്ങൾക്കിടയിലും സ്വന്തമായൊരു 'ഞാൻ' എന്ന സ്വത്വത്തെ അവർ ഇതിലൂടെ സ്ഥാപിച്ചെടുക്കുന്നു (Beth, 2019).

പത്തൊമ്പത്-ഇരുപത് നൂറ്റാണ്ടുകളിലെ ആത്മകഥകളെ വിശകലനം ചെയ്യുമ്പോൾ വ്യക്തിയെയും ആന്തരികതയെയും കുറിച്ചുള്ള ചില സുപ്രധാന നിരീക്ഷണങ്ങൾ ഉദയകുമാറും ജെ. ദേവികയും മുന്നോട്ടുവെക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ ആത്മകഥകൾ, പ്രത്യേകിച്ച് പുരുഷന്മാർ എഴുതിയവ, കേവലം സ്വകാര്യ ജീവിതത്തെക്കാൾ അക്കാലത്തെ ചരിത്രപരമായ

മാറ്റങ്ങളെയാണ് പ്രകടമാക്കുന്നത് എന്ന് ഉദയകുമാർ നിരീക്ഷിക്കുന്നു. വ്യക്തിയുടെ ആവിഷ്കാര ബോധം എന്നത് അക്കാലത്തെ സാമൂഹിക വ്യതിയാനങ്ങളുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഇതിൽ 'ആന്തരികത' ഒരു പ്രധാന ശരീരവിഷയമായി മാറുകയും അതിന്റെ പ്രകടനങ്ങൾ ആഖ്യാനത്തിൽ പ്രാധാന്യം നേടുകയും ചെയ്യുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ എങ്ങനെയാണ് പുതിയൊരു 'വ്യക്തി' സങ്കൽപ്പത്തെ വാർത്തെടുത്തതെന്ന് ജെ. ദേവിക (Devika, 2007) വ്യക്തമാക്കുന്നു. വ്യക്തിയുമായി പൊരുത്തപ്പെട്ടുപോകുന്ന പുതിയ സാമൂഹിക സ്ഥാപനങ്ങൾ അക്കാലത്ത് സങ്കൽപ്പിക്കപ്പെട്ടു. ഓരോ വ്യക്തിയുടെയും അന്തർലീനമായ കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിലൂടെയുള്ള 'ആത്മനിർമ്മാണം' സാധ്യമായത് ഇത്തരം പരിസരങ്ങളിലാണ്. ആത്മകഥകളിലും കഥാപാത്രങ്ങളുടെയോ വ്യക്തികളുടെയോ ആന്തരിക ഗുണങ്ങൾ (Internal virtues) വിവരിക്കുന്നതിൽ സവിശേഷമായ ശ്രദ്ധ പുലർത്തിയിരുന്നതായി ദേവിക നിരീക്ഷിക്കുന്നു (Devika, 2007: 38). വ്യക്തി തന്റെ ആന്തരികമായ രൂപങ്ങളെ വിന്യസിക്കുന്നതിന്റെ ഒരു ശൈലിയായാണ് ഈ 'ഗുണങ്ങളെ' അവർ തിരിച്ചറിയുന്നത്. ഈ പഠനങ്ങളെല്ലാം കണക്കിലെടുക്കുന്നത് വ്യക്തിയെ ഒരു ഒറ്റപ്പെട്ട അസ്തിത്വമായിട്ടല്ല. പകരം വ്യവഹാരങ്ങളുടെയും ആശയാവലികളുടെയും സാന്നിധ്യത്തിലുള്ള വിഷയി എന്ന നിലയിലാണ്. ആത്മകഥ എന്നത് ഒരു സ്വകാര്യ എഴുത്തല്ല, അത് പുതിയ സ്ഥാപനങ്ങളുമായും സാമൂഹിക പരിഷ്കരണങ്ങളുമായും ബന്ധപ്പെട്ട ഒന്നാണെന്ന് ഇത് സ്ഥാപിക്കുന്നു.

### 2.3.3 അനുഭവം

അനുഭവം എന്ന നാമപദത്തിന്റെ നിഷ്പത്തി 'ഭവത്തോട് കൂടിയത്' എന്നാണ്. 'അനു' എന്നത് കൂടെ എന്നും 'ഭവ' എന്നത് ഉണ്ടായിരിക്കുന്ന ഒന്നിന്റെ അവസ്ഥ എന്നുമാണ്. അമരകോശത്തിൽ അനുഭവഃ എന്നതിന് നൽകുന്ന നിർവചനം ഇന്ദ്രിയാർത്ഥങ്ങളുടെ സാമിപ്യം കൊണ്ടുണ്ടാകുന്ന ജ്ഞാനത്തിന്റെ പേര് എന്നാണ്. ഇതിന് പ്രത്യക്ഷമെന്നും സാക്ഷാൽക്കാരമെന്നും പറയാറുണ്ട്. ബോധം, അറിവ്, അവബോധം, തഴക്കം എന്നിങ്ങനെ നിരവധി അർത്ഥതലങ്ങൾ അനുഭവങ്ങളുമായി ബന്ധപ്പെട്ട് പ്രയോഗത്തിലുണ്ട്. പ്രാതിഭാസികതത്വചിന്ത അനുഭവത്തെയും ബോധത്തെയും സംബന്ധിച്ച് മുന്നോട്ടുവെച്ചിട്ടുള്ള

സങ്കല്പനങ്ങൾ വളരെ പ്രസക്തമാണ്. ചിന്ത, ഭാവന, വികാരം, തൃഷ്ണ, ശരീരം, ഓർമ്മ, ഭാഷ, ഗ്രഹണം, പ്രവൃത്തി എന്നിങ്ങനെയുള്ള വിവിധതരം ഘടനകൾ അനുഭവങ്ങളുടെ രൂപീകരണത്തിലും അർത്ഥനിർമ്മിതിയിലും കാര്യമായ പങ്കുവഹിക്കുന്നതായി വിശദീ കരിക്കുന്നു. ഓരോഅനുഭവത്തെയും അതിന്റെ സ്വഭാവത്തെയും നിർണയിക്കുന്നതിൽ സവി ശേഷമായ ബന്ധഘടനകളെയോ അന്യോന്യതയോ അവ സങ്കല്പിക്കുന്നു. അനുഭവങ്ങൾ ഇടമോ ഭാഷയോ മറ്റു പലതിനെയും ആശ്രയിച്ച് രൂപപ്പെടുന്നതെന്ന് വരുമ്പോൾ എഴുത്തു രീതികളുൾപ്പെടെയുള്ള വിനിമയങ്ങൾക്ക് അതിൽ അർത്ഥപരമായ സാധ്യതകളുണ്ടെന്ന് കാണാൻ കഴിയും.

ഇതുപ്രകാരം അനുഭവങ്ങളെ രചിക്കുകയെന്ന സവിശേഷരീതിയിലേക്ക് കടന്നാൽ അനുഭവമെന്നത് കേവലമല്ലെന്നും പലതും ചേരുന്ന പ്രക്രിയയും സന്ദർഭവുമായി കണക്കാക്കുന്ന ആഖ്യാനവ്യവസ്ഥയാണെന്നു വരുന്നു. സാമൂഹികമായ കർതൃത്വം നേടുന്ന എന്ന അർത്ഥത്തിൽ വ്യക്തിജീവിതത്തിലും ദൈനംദിനാനുഭവങ്ങളിലും നിർണായകമായ മാറ്റങ്ങൾ ഉണ്ടായ ഒന്നാണ് അനുഭവങ്ങളുടെ ആഖ്യാനമെന്ന കാഴ്ച തീർത്തും വ്യതിരിക്തമായ ഒന്നാണ്. അതോടൊപ്പം അനുഭവാഖ്യാനങ്ങൾ എന്ന ജനുസ് സാഹിത്യമണ്ഡലത്തിൽ ഇടം നേടിയെടുക്കുന്ന, പുതിയ ചരിത്രാവബോധങ്ങൾ സാധ്യമാക്കുന്ന, സമകാലിക അധികാരസാഹചര്യങ്ങളെ വിശകലനവിധേയമാക്കുന്ന സജീവമായ പാഠങ്ങളായി കണക്കാക്കേണ്ടിവരുന്നു.

ഇന്ത്യൻ സാഹചര്യത്തിൽ 'അനുഭവം' എന്ന വിഭാഗം പുതിയ താൽപ്പര്യങ്ങളിലും സംവാദങ്ങളിലും പുനരുജ്ജീവിക്കപ്പെടുന്നുണ്ട്. അവബോധപരവും വിവരദായകവും എന്നതിനപ്പുറം ആനുഭവികതയെ വിശകലന സംവർഗമായി പരിചരിക്കുന്നു. ജ്ഞാനാ ധികാരത്തിന്റെ പൗരസ്ത്യഭാഷണത്തെ ശക്തിപ്പെടുത്തുന്ന ഒന്നാണിത്. അനുഭവങ്ങളെ സമീപിക്കേണ്ടത് ഭൂതകാലത്തിലേക്കുള്ള നോട്ടമായിട്ട് മാത്രമല്ല സമകാലികതയിലേക്കും ഭാവിയിലേക്കുമുള്ള വിഭാവനകളായി വിപുലീകരിക്കേണ്ട ഒരു വശമായി നിർണായകമാകുന്നു. അനുഭവമെന്നത് പാഠവൽക്കരിക്കപ്പെട്ട ഒരു സംവർഗമെന്ന ചിത്രത്തിലേക്ക് മാറുന്നു. അനുഭവങ്ങളുടെ വിവരണങ്ങൾക്ക് മൗലികമായ ആശയങ്ങൾ വിമർശന സിദ്ധാന്തങ്ങൾ സംഭാവനചെയ്യുന്നുണ്ട്. ഗോപാൽ ഗുരുവും സുന്ദർ സറുക്കായും

തമ്മിലുള്ള സംവാദങ്ങൾ ഇതിൽ പ്രധാനമാണ് (Guru,Gopal ,2012). ഇന്ത്യൻ സാമൂഹിക സിദ്ധാന്തത്തോടുള്ള നിരാശയിൽ നിന്നുണ്ടായ പ്രധാന പ്രേരണകൂടിയാണീ കൃതിയെന്ന് ഗോപാൽ ഗുരു ആമുഖത്തിൽ പ്രസ്താവിക്കുന്നു. സിദ്ധാന്തവും അനുഭവവുമായുള്ള ബന്ധത്തെ പ്പറ്റിയുള്ള ഈ സംവാദം ആത്മം-തന്മ-കർതൃത്വം എന്നീ ആശയങ്ങളുടെ അവകാശവാദങ്ങൾ ഉയർത്തുന്നുണ്ട്. അതോടൊപ്പം വൈവിധ്യമാർന്ന അനുഭവങ്ങളെ സാധൂകരിക്കാനുള്ള ശ്രമമായി അനുഭവത്തെ കണ്ടെടുക്കുന്നു. വൈവിധ്യമാർന്ന അനുഭവങ്ങളെ ലഘൂകരിച്ച് സാർവത്രിക വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള ഏതൊരു ശ്രമത്തിന്റെയും വിമർശനം ഇതിൽ ഉൾപ്പെടുന്നുവെന്ന് ഗോപാൽ ഗുരു ആമുഖത്തിൽ പ്രസ്താവിക്കുന്നു.

ഈ വെളിച്ചങ്ങൾ അനുഭവമെന്നതിനെ എഴുത്തും/ഭാഷയും സ്വത്വവുമായുള്ള ബന്ധത്തെ വെളിപ്പെടുത്തുന്ന ഒരു പ്രധാന സംവർഗമായി കാണാൻ പ്രേരിപ്പിക്കുന്നു. സ്വത്വത്തെ സങ്കല്പിക്കുന്നതിന്റെ ആഖ്യാന വഴികളിലൊന്നാണ് അനുഭവാഖ്യാനങ്ങൾ. ഈ സങ്കല്പനങ്ങളെ സ്വാംശീകരിച്ചുകൊണ്ട് വ്യക്തികൾ തങ്ങളെ വിഷയികളാക്കി ആഖ്യാനത്തെ മുന്നോട്ടു കൊണ്ടുപോവുന്നു. ഇതിലൂടെ അനുഭവാഖ്യാനം /ആത്മകഥ സ്വത്വത്തെ പ്രകാശി പ്പിക്കുകയും ആഖ്യാനസാധ്യതകളിലൂടെ ഒരു വിഭാഗമായി സ്വയം ശക്തിപ്പെടുകയും ചെയ്യുന്നതായി അനുമാനിക്കാം. അതിനായി രൂപകങ്ങളും തന്ത്രങ്ങളും അടക്കമുള്ള ആഖ്യാനരീതികൾ അവതരിപ്പിക്കുന്നു. ഇതുവഴി എഴുത്തുകളിലൂടെ രൂപപ്പെട്ടുവരുന്ന ഓർമ്മകളുടെയും വർത്തമാനത്തിന്റെയും രാഷ്ട്രീയത്തിൽ 'ഞാൻ' ഇടപെടുന്നു. പ്രതീകാത്മകത, തന്ത്രങ്ങൾ എന്നിങ്ങനെ ആഖ്യാനലോകത്തിന്റെ സംവാദങ്ങളിലേക്ക് ഈ ധാരണകൾ വെളിച്ചമേകുന്നു. ആത്മകഥാപരമായ പ്രവൃത്തിയെ (ആത്മത്തെ സൂചിപ്പിക്കലിനെ) പ്രതിനിധീകരിക്കുന്നതിലെ ആധികാരികത, സത്യം എന്നീ പ്രയോഗങ്ങൾ, ശബ്ദത്തിന്റെയും അനുഭവത്തിന്റെയും സ്വത്വത്തിന്റെയും ചോദ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രധാന പഠനമാണ് ഡേവിഡ് ആർനോൾഡും ബ്ലാക്ക് ബേണം നടത്തിയത് (Arnold, David, 2004). പാശ്ചാത്യർ വിഭാവനം ചെയ്ത വ്യക്തിയെയും ആത്മത്തെയും കുറിച്ച് ഇന്ത്യൻ പശ്ചാത്തലത്തിലെ പ്രധാന വിമർശനമായിരുന്നു ഈ പഠനം. "കഷ്ടപ്പാടും ഇല്ലായ്മയും ഇന്ത്യയിലെ ജീവിതങ്ങൾ പറയുന്നതിന് ഒരു ആഖ്യാനരീതി കൊണ്ടുവരുന്നുവെങ്കിലും മറ്റ് തരത്തിലുള്ള പ്രചോദനമോ സാംസ്കാരിക മുൻവ്യവസ്ഥകളോ ഈ വിഷയത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ചർച്ചചെയ്യപ്പെടുന്ന പല ജീവിതചരിത്രങ്ങളും ചരിത്രപരവും

സാംസ്കാരികവുമായ മാറ്റങ്ങളുടെ വലിയ പ്രക്രിയകളോട് കടപ്പെട്ടിരിക്കുന്നു" (Arnold, David , 2004: 7).

ഇവിടെ വൈയക്തികമായ ഉത്തമപുരുഷവീക്ഷണമെന്നത് അനുഭവങ്ങളുടെ വിഷയിയായി സ്വയം അറിയുന്ന പ്രവൃത്തിയെക്കൂടി ഉൾക്കൊള്ളുന്നു. ആ അർത്ഥത്തിൽ സാമൂഹികപദവികളോടും തന്മകളോടും ബന്ധപ്പെട്ട ഒരു 'ഞാൻ' എഴുത്തിലൂടെ വിന്യസിക്കപ്പെടുന്നു എന്നു പറയാം. പരമ്പരാഗതമായി ചരിത്രപഠനങ്ങളുടെ കാഴ്ചകളെ അപനിർമ്മിക്കുന്നതിനായിട്ടുള്ള സുപ്രധാനമായ സമീപനമാണ് വാമൊഴി ആഖ്യാന മാതൃകകളിലൂടെയുള്ള അന്വേഷണങ്ങൾ. മലബാർകലാപത്തെക്കുറിച്ചുള്ള സ്ത്രീമൊഴികളെയും അതിന്റെ വ്യവഹാരമണ്ഡലങ്ങളെയും അന്വേഷിക്കുന്ന ഷംസാദ് ഹുസൈന്റെ പഠനം (ഹുസൈൻ, 2005) അനുഭവങ്ങളെ വിപുലമായ അർത്ഥത്തിൽ സമീപിക്കുന്ന ഒന്നാണ്. ഓർമ്മകളുടെ ചരിത്രത്തെ ആസ്പദമാക്കുന്ന ഈ ഗവേഷണപ്രബന്ധം അക്കാദമിക മണ്ഡലത്തിൽ കീഴാളസ്ത്രീയനുഭവങ്ങളെ ചരിത്രവൽക്കരിക്കുന്നതിന്റെയും വ്യവസ്ഥാപിതവിജ്ഞാനങ്ങൾക്ക് മറുപുറമാവുന്നതിന്റെയും ഭാഗമായിത്തീരുന്നുണ്ട്. ഇങ്ങനെ സാഹിത്യ-ചരിത്രമണ്ഡലങ്ങളിൽ അനുഭവത്തെ പുനർനിർണയിക്കുന്ന തത്വങ്ങൾ സ്ത്രീവാദമേഖലകളിലെ കർതൃത്വം-തന്മ എന്നിവയുമായി ബന്ധപ്പെട്ട് പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുണ്ട്. ഇത്തരം അന്വേഷണങ്ങൾ നവീനമായ വായനകൾ വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നു. അടിച്ചമർത്തലിനെ മറികടക്കുന്നതിനുള്ള രീതിയായും വ്യക്തി-സാമൂഹികജീവിത വൈവിധ്യങ്ങളെ രചിക്കുന്നതിന്റെ ഒരു മാർഗമായും ഇത്തരം അനുഭവവിവരണങ്ങൾ പ്രത്യക്ഷപ്പെടുന്നു. അനുഭവങ്ങളെ സാധ്യമാക്കുന്നതിലെ സാമൂഹികവും ചരിത്രപരവും പ്രാകൃതികവുമായ സവിശേഷസാഹചര്യങ്ങളും സന്ദർഭങ്ങളിലുമാണ് ഈ ആലോചനകളെല്ലാം ഊന്നുന്നത്.

### 2.3.4 മലയാളത്തിലെ അനുഭവാഖ്യാനങ്ങൾ

ഉന്നത ജാതിയിലുള്ളവർക്ക് തങ്ങളുടെ ജീവിതം 'രാജ്യത്തിന്റെ ചരിത്രമായി' അടയാളപ്പെടുത്താൻ കഴിഞ്ഞപ്പോൾ, കീഴാളവിഭാഗങ്ങൾക്ക് തങ്ങളുടെ അനുഭവങ്ങൾ വെളിപ്പെടുത്താൻ പുതിയൊരു ആഖ്യാനശൈലി തന്നെ കണ്ടെത്തേണ്ടി വന്നു. മലയാളത്തിൽ ലിംഗ-ദലിത്-പരിസ്ഥിതി-ന്യൂനപക്ഷമുന്നേറ്റങ്ങളുടെ പ്രധാന സംഭാവനയായിരുന്ന

അനുഭവാഖ്യാനങ്ങൾ. വരേണ്യ-അധികാര ലോകങ്ങൾക്കെതിരെയും ജാതി അധീശത്വത്തിനെതിരെയും വിമോചനപരമായി തങ്ങളുടെ സ്വത്വരൂപങ്ങളെ ആവിഷ്കരിക്കുന്ന രചനകൾ ഈ മുന്നേറ്റങ്ങളോടൊപ്പം സഞ്ചരിച്ചു. ആത്മകഥാപരമായി അനുഭവങ്ങൾ ആവിഷ്കരിക്കുന്നത് പ്രധാന രീതിയായി തുടർന്നുപോന്നു. നളിനി ജമീല (*ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ*, 2005), സി.കെ. ജാനു (*ജീവിതകഥ*, 2003), കല്ലേൻ പൊക്കുടൻ (*കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം*, 2003) തുടങ്ങിയവ ഈ മേഖലയിലെ പ്രധാന രചനകളാണ്. മലയാളത്തിൽ 1980-കൾക്കു ശേഷമാണ് അനുഭവാഖ്യാനങ്ങൾ ശക്തമായി കടന്നുവരുന്നത്.

അരിക് ലോകങ്ങൾ' വിപണിയുടെയും സാംസ്കാരിക വ്യവസായത്തിന്റെയും ശ്രദ്ധാകേന്ദ്രമായതോടെ, പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് തങ്ങളുടെ അനുഭവങ്ങൾ രേഖപ്പെടുത്താൻ ഏറ്റവും അനുയോജ്യമായ 'സ്ഥാപനപരമായ ഇടമായി' അനുഭവാഖ്യാനങ്ങൾ മാറി. മറ്റേതൊരു സാഹിത്യരൂപത്തേക്കാളും മുൻപേ എഴുത്തുകാർക്ക് പ്രവേശിക്കാൻ സാധിക്കുന്ന ഒരു ജനുസ്സായി ഇത് പരിണമിച്ചു. വിശ്വാസ്യത, സത്യം എന്നിവയെ മുൻനിർത്തിയുള്ള ആത്മകഥാവിഷ്കാരങ്ങൾ വലിയ തോതിലുള്ള പ്രത്യയശാസ്ത്രചർച്ചകൾക്ക് വഴിതുറന്നു. ചരിത്രം, മധ്യസ്ഥത സർഗ്ഗാത്മകത എന്നിവയെ ക്കുറിച്ചുള്ള പുതിയ അന്വേഷണങ്ങൾ ആത്മകഥാ വിശകലനങ്ങളിലൂടെ ഊർജ്ജിതമായി. മലയാളത്തിൽ അനുഭവക്കുറിപ്പുകൾ കേവലം ഓർമ്മകളല്ല, മറിച്ച് ദേശരാഷ്ട്രത്തോടുള്ള വിമർശനമായും സ്വത്വഭാവനയുടെ അടയാളമായും പ്രതിരോധസാഹിത്യമായും മാറി. കീഴാളരാഷ്ട്രീയത്തിന്റെ വളർച്ചയാണ് ആത്മകഥയോടുള്ള ഈ നൂറ്റാണ്ടിന്റെ പ്രധാന ആകർഷണമായി മാറിയത്. ഇത് ആത്മകഥാ വിഭാഗത്തെ കൂടുതൽ വിപുലപ്പെടുത്തുകയും പുതിയ ഉദ്ദേശ്യലക്ഷ്യങ്ങൾ നൽകുകയും ചെയ്തു.

ആത്മകഥാപരമായ വീക്ഷണങ്ങളെയും ശബ്ദങ്ങളെയും കുറിച്ചുള്ള ജ്ഞാനോദയകാല (enlightenment) അനുമാനങ്ങളെ ഘടനാനന്തരവാദം, ഫെമിനിസം, മനോവിശ്ലേഷണം എന്നിവയിൽ നിന്നുള്ള പുതിയ ചിന്തകൾ ചോദ്യം ചെയ്യുന്നുണ്ട്. വസ്തുനിഷ്ഠത (objectivity), ആത്മനിഷ്ഠത (subjectivity) എന്നീ സങ്കല്പനങ്ങളെ ദലിത്-കീഴാള പഠനങ്ങൾ പുനർനിർവ്വചിക്കുന്നു. ചരിത്രപരമായ പ്രാധാന്യം, തന്മയുടെ രൂപീകരണങ്ങൾ, സാംസ്കാരിക

വിഷയി എന്നീ നിലകളിൽ ഇത്തരം രചനകൾ ഇന്ന് ഗൗരവകരമായി പഠിക്കപ്പെടുന്നു. കീഴാളവിഷയങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന് അനുഭവവിവരണങ്ങൾ പ്രധാന ഉറവിടമായി ചരിത്രരചയിതാക്കൾ സ്വീകരിക്കുന്നുണ്ട് 5. സ്വത്വരൂപീകരണ പ്രക്രിയയിൽ അനുഭവവിവരണമെന്ന സാഹിത്യരൂപം സ്വാധീനം ചെലുത്തിയതിന്റെ ചരിത്രങ്ങളിത് വ്യക്തമാക്കുന്നു.

കല്ലേൻ പൊക്കുടന്റെ അനുഭവരചനകൾ ഇതിൽ സവിശേഷമായ ഒരു സ്ഥാനം അലങ്കരിക്കുന്നു. ദലിത് സ്വത്വത്തെ പരിസ്ഥിതിബോധവുമായി ബന്ധിപ്പിച്ചു എന്നതാണ് പൊക്കുടന്റെ രചനകളുടെ പ്രത്യേകത. ഇ.വി. രാമകൃഷ്ണൻ നിരീക്ഷിക്കുന്നത് പോലെ, പൊക്കുടന്റെ ആത്മകഥ കേവലം ഒരു വ്യക്തിയുടെ ജീവിത വിവരണമല്ല: "ഈ ആത്മകഥാ പുസ്തകം പൂർണ്ണമായ അർത്ഥത്തിൽ പൊക്കുടന്റേതാണെന്ന് രേഖപ്പെടുത്താനാവില്ല. ജീവിതവും വിജ്ഞാനവും വിശകലനങ്ങളും പൊക്കുടനെക്കുറിച്ചുള്ള റഫറൻസുകളും എല്ലാം കൂടിച്ചേർന്ന വാങ്മയ ഘടനയാണ് ഇതിനുള്ളത്. ബഹുകർതൃത്വങ്ങളുടെ ഇടപെടലുകൾ സാധ്യമായ വൈവിധ്യങ്ങളുടെ ഭൂമികയാണ് ഇതിന്റെ ആഖ്യാനഘടന" (രാമകൃഷ്ണൻ, 2022: 121). ഇവിടെ ആത്മകഥ എന്നത് ഒരാൾ മാത്രം എഴുതുന്ന ഒന്നല്ല, മറിച്ച് പലതരം അറിവുകളും ശബ്ദങ്ങളും കൂടിച്ചേരുന്ന ഒരു 'കൂട്ടായ ആഖ്യാനമായി' (collective narrative) മാറുന്നു. പൊക്കുടന്റെ പരിസ്ഥിതി വിജ്ഞാനം അദ്ദേഹത്തിന്റെ സമുദായ ചരിത്രവുമായും രാഷ്ട്രീയ പോരാട്ടങ്ങളുമായും ഇഴപിരിഞ്ഞു കിടക്കുന്നു.

ദലിത്-കീഴാള സ്വത്വങ്ങളെ മുൻനിർത്തി വന്ന മലയാളത്തിലെ അനുഭവാഖ്യാനങ്ങളെ സാക്ഷ്യം (testimony) ആയിട്ടാണ് ഇ.വി. രാമകൃഷ്ണൻ അപഗ്രഥിക്കുന്നത്. കല്ലേൻ പൊക്കുടന്റെയും സി.കെ. ജാനുവിന്റെയും ആത്മകഥകളിലെ നൈതികത, പ്രാമാണികത, സത്യാവിഷ്കാരശേഷി എന്നിവയെക്കുറിച്ചുള്ള ആലോചനയെ മുൻനിർത്തി സാക്ഷ്യപ്പെടുത്തലിന്റെ (testimonial) ആഖ്യാനങ്ങളായി അവതരിപ്പിക്കുന്നു[6]. "പൊക്കുടൻ അമ്പതി ലധികം പുഴമീനുകളുടെയും പതിനാറിലധികം കടൽമീനുകളുടെയും പേരുകൾ പറയുമ്പോൾ അനുഭവങ്ങളുടെ വലിയൊരു ലോകം തെളിഞ്ഞുവരുന്നു. ഇത് പുതിയൊരു ഭാഷണമാണ്. വാർപ്പു രൂപങ്ങളിൽനിന്ന് ആഖ്യാനം വഴിമാറുമ്പോൾ ഇതുവരെ ഭാഷയ്ക്ക് അപ്രാപ്യമായിരുന്ന സ്ഥലങ്ങൾ വാക്കുകളിലൂടെ തെളിയുന്നു. വ്യക്തികേന്ദ്രിത നോവലും

ആത്മകഥാഖ്യാനങ്ങളും ചില സമൂഹങ്ങളുടെ രൂപവത്കരണത്തിന്റെ ഭാഗമായാണ് ആധികാരിക സാഹിത്യരൂപങ്ങളായി പരിണമിച്ചത്. ഇത്തരം സാഹിത്യരൂപങ്ങളുടെ അനുഭവമൂല്യം അവ ഉപജീവിക്കുന്ന ഭാഷാവ്യവഹാരങ്ങളുടെ ഉത്പന്നമാണ്" (രാമകൃഷ്ണൻ, 2012). വാമൊഴി പാരമ്പര്യത്തിലൂടെ ജനങ്ങളിലെത്തുന്ന സാക്ഷ്യപ്പെടുത്തലുകളെ ആഖ്യാനത്തിന്റെ പുതിയൊരു ലാവണ്യശാസ്ത്രമായി ഇ.വി. രാമകൃഷ്ണൻ അടയാളപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ, ഇത്തരം ആഖ്യാനങ്ങൾ കേവലം അക്ഷരരൂപങ്ങളല്ല, 'ശരീരം പ്രതിനിധാനം ചെയ്യുന്ന സാക്ഷ്യപ്പെടുത്തലുകൾ' കൂടിയാണ്. മലയാളത്തിലെ സാമ്പ്രദായിക ആഖ്യാനമാതൃകകൾ മാറുന്നതിന്റെ സൂചനകളുമായി ചേർത്തുവെച്ചാണ് അദ്ദേഹം അനുഭവാഖ്യാനങ്ങളെ പരിശോധിക്കുന്നത്.

കീഴാള ആത്മകഥകളെ കേവലം ജീവിതവിവരണങ്ങളായല്ല, മറിച്ച് 'ആഘാതങ്ങളുടെ സാക്ഷ്യപ്പെടുത്തലുകളായി' (trauma narratives) കാണണമെന്നാണ് പ്രമോദ് കെ. നായർ വാദിക്കുന്നത് (Nayar, 2006: 85). ബാമയുടെ 'കറുക്ക്' എന്ന ആത്മകഥയെ മുൻനിർത്തി അദ്ദേഹം ചില സുപ്രധാന നിരീക്ഷണങ്ങൾ പങ്കുവെക്കുന്നു: പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആത്മകഥകൾ പലപ്പോഴും ആഘാതകരമായ (traumatic) അനുഭവങ്ങളിൽ നിന്നുള്ള പൊരുതിക്കയറലുകളാണ്. ഈ ആഖ്യാനങ്ങൾ കേവലം വേദനകളുടെ രേഖപ്പെടുത്തലല്ല, മറിച്ച് ആ വേദനകളെ അതിജീവിച്ചതിന്റെ രാഷ്ട്രീയ പ്രഖ്യാപനങ്ങളാണ്. ആത്മകഥയിലെ 'ഞാൻ' എന്ന ഏകവചനം ഒരു സമൂഹത്തിന്റെ മുഴുവൻ വേദനകളെയും ഉൾക്കൊള്ളുന്ന 'ഞങ്ങൾ' എന്ന ബഹുവചനത്തിലേക്ക് മാറുന്ന പ്രക്രിയയെ പ്രമോദ് കെ. നായർ അടയാളപ്പെടുത്തുന്നു. വ്യക്തിപരമായ സാക്ഷ്യം ഇവിടെ ഒരു കൂട്ടായ രാഷ്ട്രീയ പ്രവർത്തനമായി മാറുന്നു.

### 2.3.5 അനുഭവവും സാമൂഹികതയും

അനുഭവം/സാമൂഹികത എന്നീ ദ്വന്ദ്വങ്ങൾക്കിടയിലുള്ള അതിർവരമ്പുകൾ ആത്മകഥാപഠനങ്ങളിൽ പുതിയ അന്വേഷണ സാധ്യതകൾ തുറന്നിടുന്നു. ആത്മനിഷ്ഠതയുംവസ്തുനിഷ്ഠതയും തമ്മിലുള്ള സംഘർഷങ്ങളും, സാമൂഹിക ഘടനകൾ സ്വത്വത്തെ എങ്ങനെ നിർണ്ണയിക്കുന്നു എന്നതും ഇതിലൂടെ വെളിപ്പെടുന്നു. ആത്മകഥാപഠനങ്ങൾ അനുഭവത്തെയും സാമൂഹികതയെയും ഒരു മേൽക്കീഴ് ബന്ധമായി

കാണുന്നതിനെതിരെ ശക്തമായ നിലപാടെടുക്കുന്നു. സാമൂഹികതയും സ്വത്വവും തമ്മിലുള്ള പ്രാധാന്യം പ്രകടിപ്പിക്കുന്ന പ്രധാന നിരീക്ഷണങ്ങളിലൊന്നാണ് സ്മിത്ത് ഉന്നയിക്കുന്ന ശാരീരിക പെരുമാറ്റങ്ങളും സാംസ്കാരികനിർണയനവും[7] എന്നത്. സ്വത്വം (self) എന്നത് കേവലം യുക്തിസഹമായ ഒരു ആന്തരികത മാത്രമല്ലെന്ന് വാദിക്കുന്നു. യൂറോപ്യൻ ജ്ഞാനോദയം വിഭാവനം ചെയ്ത 'സ്വയം ഭരണാധികാരമുള്ള വ്യക്തി' എന്ന സങ്കല്പത്തെ അവർ ഇപ്രകാരം വിശകലനം ചെയ്യുന്നു: തിരിച്ചറിയപ്പെട്ട ശരീരങ്ങൾ (recognized bodies) അവയുടെ ലിംഗപരവും വംശീയവും സാമൂഹികവുമായ അവസ്ഥകളാൽ അലങ്കരിക്കപ്പെട്ടവയാണ്. ഈ ശാരീരികമായ പ്രത്യേകതകൾ വിഷയിയുടെ ആന്തരികതയെ സാംസ്കാരികമായി നിയന്ത്രിക്കുന്നു. ശരീരം പ്രകടിപ്പിക്കുന്ന പെരുമാറ്റങ്ങളുടെ ഫലമായാണ് ആന്തരികത രൂപപ്പെടുന്നത്. ഈ രീതിയിൽ ആത്മകഥാപരമായ കഥപറച്ചിൽ, ശരീരത്തെയും സ്വത്വത്തെയും നിയന്ത്രിക്കാനുള്ള ഒരു സാംസ്കാരിക ഉപാധിയായി മാറി. ഇവിടെ സ്വത്വം, ശരീരം, വിഷയി, സാമൂഹികത എന്നിവ എങ്ങനെ കൂടിച്ചേരുന്നു എന്നതിനെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൊണ്ടുവരുന്നു. ആത്മനിഷ്ഠതയുടെയും സാമൂഹികതയുടെയും പാരസ്പര്യം നിർദ്ദേശിക്കുന്ന പ്രധാന പഠനമാണ് ശർമ്മിള ശ്രീകുമാറിന്റേത് (Sreekumar, 2009). കേരളത്തിലെ 'സാധാരണ സ്ത്രീ' അനുഭവാഖ്യാനങ്ങളെക്കുറിച്ചാണ് ശർമ്മിളയുടെ പഠനം. അനുഭവരചനകളിൽ സാമൂഹികതയും സ്വത്വവും വിഭാവനം ചെയ്യുന്നതിനെ സംബന്ധിച്ച പ്രധാന പരിപ്രേക്ഷ്യങ്ങൾ പഠനം മുന്നോട്ടുവെക്കുന്നു.

ആത്മവിവരണങ്ങളും സാമൂഹിക-രാഷ്ട്രീയ വ്യവഹാരങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ ശർമ്മിള ശ്രീകുമാർ തന്റെ പഠനത്തിൽ വിമർശനാത്മകമായി പരിശോധിക്കുന്നു. അവരുടെ നിരീക്ഷണങ്ങൾ ആത്മകഥാപഠനത്തിന് നൽകുന്ന പ്രധാന ഉൾക്കാഴ്ചകൾ ഇവയാണ്: സാമൂഹികതയും ആത്മനിഷ്ഠതയും പരസ്പരം വേർതിരിക്കാനാവാത്ത വിധം ഇഴചേർന്നു കിടക്കുന്നവയാണ്. അനുഭവം എന്നത് ഒരു നിശ്ചലമായ അവസ്ഥയല്ല, മറിച്ച് സാമൂഹിക പ്രതിനിധാനങ്ങളുടെ ഉൽപ്പന്നവും നിരന്തരമായ ഒരു പ്രക്രിയയുമാണ്. പ്രത്യേക സാമൂഹിക-ചരിത്ര സാഹചര്യങ്ങളിൽ വ്യക്തിഗത വിഷയങ്ങൾ എങ്ങനെ ഒരു പ്രത്യേക സ്വത്വത്തിലേക്ക് (ഉദാഹരണത്തിന്, 'സ്ത്രീ' എന്ന പദവിയിലേക്ക്) രൂപപ്പെടുന്നു എന്നത് പഠനവിധേയമാക്കേണ്ടതുണ്ട്. തെലുങ്കാന സമരങ്ങളിലെ രചനകൾ, ഉർവശി ഭൂട്ടാലിയ, ഋതു മേനോൻ എന്നിവരുടെ പഠനങ്ങൾ

എന്നിവയെ മുൻനിർത്തി കഥകളും ചരിത്രവും എങ്ങനെ സംയോജിക്കുന്നു എന്ന് അവർ വ്യക്തമാക്കുന്നു. വ്യക്തിഗത അനുഭവങ്ങൾ എല്ലായ്പ്പോഴും സാമൂഹികമാണെങ്കിലും, ഒരു സാമൂഹിക വ്യവഹാരത്തിലും സ്വത്വം പൂർണ്ണമായി വീണ്ടെടുക്കപ്പെടുന്നില്ല. അനുഭവങ്ങളും പ്രത്യയശാസ്ത്രങ്ങളും എല്ലായ്പ്പോഴും ഒത്തുപോകണമെന്നില്ല എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. ജീവിതത്തിന്റെ ആഖ്യാനങ്ങൾ നിലവിലുള്ള എല്ലാ വ്യവഹാരങ്ങൾക്കും അപ്പുറത്തേക്ക് നീളുന്നവയാണെന്ന് ശർമ്മിള വാദിക്കുന്നു (Sreekumar, 2009: 48).

സ്വത്വത്തെ രൂപീകരിക്കുന്ന ആഖ്യാനപ്രയോഗങ്ങളിലേക്കാണ് ശർമ്മിള ശ്രീകുമാറിന്റെ പഠനവും ശ്രദ്ധ ക്ഷണിക്കുന്നത്. അനുഭവങ്ങളെ കേവലം മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒന്നായി കാണാതെ, സ്വത്വവും സാമൂഹികതയും തമ്മിലുള്ള നിരന്തരമായ ഇടപെടലുകളിലൂടെ ആലേഖനം ചെയ്യപ്പെടുന്ന പ്രക്രിയയായാണ് ഇവിടെ വിലയിരുത്തപ്പെടുന്നത്. ഈ പ്രബന്ധം വിശകലനം ചെയ്യുന്ന മത്സ്യത്തൊഴിലാളി അനുഭവാഖ്യാനങ്ങളിൽ വ്യക്തികൾ തങ്ങളുടെ രാഷ്ട്രീയ-പൊതുജീവിതത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. സ്വന്തം തൊഴിലനുഭവങ്ങൾ, അന്വേഷണങ്ങൾ, സാമൂഹിക ബന്ധങ്ങൾ, രാഷ്ട്രീയ പ്രവർത്തനങ്ങൾ എന്നിവയെ സത്യം-അധികാരം-പ്രാതിനിധ്യം എന്നീ ആശയങ്ങളിലൂടെയാണ് അവർ അടയാളപ്പെടുത്തുന്നത്. ഇവിടെ ആത്മനിഷ്ഠതയും സാമൂഹികതയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് ഓരോ വ്യക്തിയും തന്റെ സ്വത്വത്തെ വിഭാവനം ചെയ്യുന്നത്. രചനകളിലെ സാമൂഹിക-രാഷ്ട്രീയ അനുഭവങ്ങൾ പലപ്പോഴും പ്രഖ്യാപിത രാഷ്ട്രീയ ആദർശങ്ങൾക്കും തത്വങ്ങൾക്കും അനുസൃതമായാണ് ആവിഷ്കരിക്കപ്പെടുന്നത്. എങ്കിലും, 'സ്വകാര്യം' എന്ന് കരുതപ്പെടുന്ന ആന്തരികലോകത്തിന്റെ സവിശേഷമായ അടയാളങ്ങൾ ഇതിൽ നിന്നും വായിച്ചെടുക്കാം. അഭിലാഷങ്ങളുടെ അടരുകൾ ഓരോ വ്യക്തിയുടെയും ആന്തരികമായ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ആഖ്യാനത്തിന്റെ വിള്ളലുകളിൽ തെളിഞ്ഞുകാണാം. ശാരീരികാഭിമുഖ്യങ്ങൾ എന്നത് ആന്തരികലോകത്തിന്റെ വൈകാരിക പ്രതികരണങ്ങൾ ശരീരത്തിന്റെ ഭാവങ്ങളിലൂടെയും പ്രവർത്തികളിലൂടെയും സാക്ഷ്യപ്പെടുത്തപ്പെടുന്നു. പൊതു/സ്വകാര്യ വ്യവഹാരങ്ങൾ തമ്മിലുള്ള ഈ തന്മയീകരണങ്ങൾ (identifications) വ്യാഖ്യാനങ്ങളിൽ എപ്രകാരം പ്രവർത്തിക്കുന്നു എന്നത് ഈ പഠനത്തിൽ പ്രസക്തമാകുന്നു. രാഷ്ട്രീയമായ പൊതുലോകവും വൈകാരികമായ സ്വകാര്യലോകവും തമ്മിലുള്ള സംഘർഷങ്ങളും ഒത്തുതീർപ്പുകളുമാണ്

ഓരോ മത്സ്യത്തൊഴിലാളി ആഖ്യാനത്തെയും വ്യതിരിക്തമാക്കുന്നത്. മത്സ്യത്തൊഴിലാളിയുടെ ശരീരം കടലിലെ അധ്വാനത്താൽ അടയാളപ്പെട്ടതാണ്. ഈ ശാരീരിക അവസ്ഥ അവരുടെ ആന്തരിക രാഷ്ട്രീയബോധ്യങ്ങളെയും 'ഞാൻ' എന്ന ബോധത്തെയും നിർണ്ണയിച്ചിട്ടുണ്ട്. ആധുനികീകരണത്തിന്റെ വിള്ളലുകൾക്കിടയിൽ തന്റെ ജീവിതത്തെ ക്രമപ്പെടുത്താൻ ഒരു മത്സ്യത്തൊഴിലാളി സ്വീകരിക്കുന്ന 'ആന്തരിക ശൈലികൾ' എന്തൊക്കെയാണെന്ന് കണ്ടെത്തേണ്ടതുണ്ട്.

**2.3.6 അനുഭവവും ലിംഗാഭിമുഖ്യങ്ങളും**

സാംസ്കാരികവും സാമൂഹികവുമായ ഘടകങ്ങളെ വിശകലനം ചെയ്യുമ്പോൾ ലിംഗപദവി എപ്രകാരം ചിത്രീകരിക്കപ്പെടുന്നു എന്നത് അനുഭവങ്ങളെ വായിക്കാനുള്ള പ്രധാന വീക്ഷണകോണുകളിൽ ഒന്നാണ്. ഇവിടെ ചർച്ചചെയ്ത ഭൂരിഭാഗം പഠനങ്ങളും സ്ത്രീകർതൃത്വത്തെ കേന്ദ്രീകരിച്ചുവന്ന പഠനങ്ങളാണ്. പ്രബന്ധം പഠനത്തിനായി സ്വീകരിച്ചിരിക്കുന്നത് പുരുഷമത്സ്യത്തൊഴിലാളികളുടെ അനുഭവാഖ്യാനങ്ങളാണ്. ഈ രചനകളിൽ സ്ത്രീത്തൊഴിലാളികൾ പ്രകടമായ രീതിയിൽ അസന്നിഹിതരാണ് എന്നത് ശ്രദ്ധേയമാണ്. മത്സ്യബന്ധന മേഖലയിലെ ലിംഗവിഭജനത്തെയും പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള പരസ്പരാശ്രിതത്വത്തെയും കുറിച്ച് ഹാപ്കെ ( Hapke, 2001, 2018) ഗുലാത്തി (Gulati,1982). ഇടങ്ങിയവരുടെ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. തീരദേശത്തെ ലിംഗബന്ധങ്ങളെക്കുറിച്ചുള്ള വിശകലനത്തിൽ കൽപ്പന റാം (1991) മുന്നോട്ടുവെക്കുന്ന നിരീക്ഷണങ്ങൾ വളരെ നിർണ്ണായകമാണ്. കടലുമായി ബന്ധപ്പെട്ട അധ്വാനം പുരുഷന്റെ മണ്ഡലമായും, കരയിലെ വിപണനവും കുടുംബവും സ്ത്രീയുടെ മണ്ഡലമായും വിഭജിക്കപ്പെട്ടിരിക്കുന്നത് കേവലം ഒരു തൊഴിൽ വിഭജനമല്ല; മറിച്ച് അത് സാംസ്കാരികവും മതപരവുമായ വിശ്വാസങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. തീരദേശ ആധുനികീകരണത്തിന്റെ ഫലമായി പുതിയ സാങ്കേതികവിദ്യകൾ വന്നപ്പോൾ, ഈ വിഭജനം കൂടുതൽ കർക്കശമാവുകയും സ്ത്രീകൾ പൊതുമണ്ഡലത്തിൽ നിന്ന് ഗാർഹികമായ 'നിശ്ശബ്ദത'കളിലേക്ക് കൂടുതൽ ഒതുക്കപ്പെടുകയും ചെയ്തുവെന്ന് അവർ നിരീക്ഷിക്കുന്നു.

മത്സ്യബന്ധനമേഖലയിലെ ആഖ്യാനങ്ങളെ വിശകലനം ചെയ്യുമ്പോൾ 'മത്സ്യത്തൊഴിലാളി' എന്ന പദപ്രയോഗം തന്നെ ലിംഗാധികാരത്തിന്റെ സൂചനകൾ

വഹിക്കുന്നുണ്ട്. സാധാരണയായി ഈ പദം പുരുഷനെ മാത്രം സൂചിപ്പിക്കുകയും സ്ത്രീകളെ 'മത്സ്യത്തൊഴിലാളി സ്ത്രീ' എന്ന് വേറിട്ട് അടയാളപ്പെടുത്തുകയും ചെയ്യുന്നത് ഈ മേഖലയിലെ പുരുഷാധിപത്യപരമായ അധികാരഘടനയെ വെളിപ്പെടുത്തുന്നു[8]. ആധുനികമായ വികസന-ക്ഷേമ രാഷ്ട്രീയവും തൊഴിലാളി പ്രസ്ഥാനങ്ങളും ഉയർന്നുവന്നപ്പോൾ, 'മത്സ്യത്തൊഴിലാളി' എന്ന വർഗ്ഗസ്വത്വം ഒരു പുരുഷ കർത്തൃത്വമായി ഉറപ്പിക്കപ്പെട്ടു. രാഷ്ട്രീയ ചർച്ചകളിലും അവകാശ സമരങ്ങളിലും മുൻനിരയിൽ പുരുഷൻ പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ, സ്ത്രീകളുടെ പങ്ക് പലപ്പോഴും 'സഹായി' എന്ന നിലയിലോ അല്ലെങ്കിൽ കുടുംബത്തിന്റെ സംരക്ഷക എന്ന നിലയിലോ മാത്രമായി പരിമിതപ്പെട്ടു. എന്തുകൊണ്ട് മത്സ്യത്തൊഴിലാളി സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ രേഖപ്പെടുത്തിയില്ല എന്ന ചോദ്യം അതീവ പ്രസക്തമാണ്. വർഗ്ഗം, ജാതി, ലൈംഗികത, അധികാരം എന്നിവയുമായുള്ള സങ്കീർണ്ണമായ ബന്ധങ്ങൾ ആത്മപ്രകാശനത്തിന്റെ രൂപഭാവങ്ങളിൽ ചില 'നിശ്ശബ്ദതകൾ' സൃഷ്ടിച്ചിട്ടുണ്ട്. ഈ നിശ്ശബ്ദതകൾക്കിടയിൽ, ആഖ്യാനങ്ങളിലൂടെ 'പുരുഷത്തൊഴിലാളിത്വം' എങ്ങനെ ഒരു സാമൂഹികരൂപമായി മാറുന്നു എന്നത് ഇവിടെ നിർണ്ണായകമായ വിഷയമാണ്. തീരദേശ ആധുനികീകരണത്തിന്റെ ഫലമായി ഗാർഹികത, ലൈംഗികത, തൊഴിൽ വിഭജനം എന്നിവയിലുണ്ടായ മാറ്റങ്ങൾ സ്ത്രീ-പുരുഷ അധികാര ബന്ധങ്ങളെ പുനർനിർണ്ണയിച്ചിട്ടുണ്ട് എന്ന് കൽപ്പന റാം (Ram, 1991), ജെ. ദേവിക (Devika, 2014) തുടങ്ങിയവരുടെ പഠനങ്ങൾ അടിവരയിടുന്നു.

മത്സ്യത്തൊഴിലാളി ആഖ്യാനങ്ങൾ ഏത് തരം സാമൂഹിക സ്ഥാനങ്ങളെയാണ് അടയാളപ്പെടുത്തുന്നത്? അവയുടെ വ്യവഹാരങ്ങൾ ഊട്ടിയുറപ്പിക്കുന്നത് ഏതൊക്കെ മൂല്യങ്ങളെയാണ്? ഈ ചോദ്യങ്ങൾ, കർതൃത്വ രൂപീകരണത്തിൽ നിലനിൽക്കുന്ന ലിംഗപരമായ ചായ്‌വുകളെ (gender bias) പ്രസക്തമാക്കുന്നു. ഈ രചനകളിലെ അനുഭവവിവരണങ്ങളിൽ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത് മത്സ്യത്തൊഴിലാളി എന്ന സ്വത്വത്തെക്കുറിച്ചുള്ള പുതിയ പെരുമാറ്റരീതികളും സംവാദങ്ങളുമാണ്. പരസ്പര ഉത്തരവാദിത്തം, സാമൂഹിക പ്രവർത്തനം, അവകാശബോധം എന്നിവയിലൂന്നിയ ഈ 'പുതിയ രാഷ്ട്രീയ കർതൃത്വം' യഥാർത്ഥത്തിൽ പുരുഷകേന്ദ്രിത ധാരണകളെയാണ് ആധാരമാക്കുന്നത്.

സ്ത്രീ-പുരുഷ സ്വത്വസങ്കല്പങ്ങളെ ആഖ്യാനങ്ങൾ എങ്ങനെയാണ് വേർതിരിക്കുന്നത് എന്ന അന്വേഷണത്തിലേക്ക് ഇത് വിരൽചൂണ്ടുന്നു. മത്സ്യത്തൊഴിലാളികളുടെ രാഷ്ട്രീയക്ഷേമത്തിനായി വിന്യസിക്കപ്പെടുന്ന മൂല്യങ്ങളും അഭിലാഷങ്ങളും പലപ്പോഴും പുരുഷന്റേതു മാത്രമായി ചുരുങ്ങുന്നു. ഇതിലൂടെ, 'മത്സ്യത്തൊഴിലാളി' എന്ന സംജ്ഞയിലെ ലിംഗപരമായ പ്രത്യേകതകളെ മറച്ചുവെക്കാനും, അതിനെ ലിംഗഭേദമില്ലാത്ത കേവലമായ ഒരു 'സ്വാഭാവിക തൊഴിലാളി മണ്ഡലമായി' അവതരിപ്പിക്കാനുമുള്ള പ്രത്യയശാസ്ത്രപരമായ ശ്രമങ്ങളെ തിരിച്ചറിയാൻ സാധിക്കും.

### 2.3.7 അനുഭവവും ആഖ്യാനവും

ആത്മകഥാപരമായ രചനകളിൽ 'ആത്മനിഷ്ഠത' (subjectivity), 'സത്യം', 'കാലക്രമം' എന്നിവയെ സംബന്ധിച്ച പരമ്പരാഗത ധാരണകളെ ഘടനാവാദാനന്തരസമീപനങ്ങൾ (post-structuralist approaches) പ്രശ്നവൽക്കരിക്കുന്നുണ്ട്. ഈ പ്രബന്ധം വിശകലനം ചെയ്യുന്ന മത്സ്യത്തൊഴിലാളി രചനകളിലേക്ക് വരുമ്പോൾ, ഇത്തരം സൈദ്ധാന്തികകാഴ്ചപ്പാടുകൾ പുതിയ വിശദീകരണങ്ങൾ നൽകാൻ നമ്മെ സഹായിക്കുന്നു. ഒരു പ്രത്യേക രാഷ്ട്രീയസാഹചര്യത്തിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളിയുടെ 'യാഥാർത്ഥ്യവും സത്യസന്ധവുമായ പ്രതിനിധാനം' എന്ന നിലയിൽ ആത്മകഥകളെ കാണുന്നതിന് പകരം, അവയെ വിമർശനാത്മകമായി വിശകലനം ചെയ്യാനുള്ള സ്വാതന്ത്ര്യം ഈ സമീപനങ്ങൾ നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളി അനുഭവങ്ങളുടെ സത്യസന്ധവും ആധികാരികചരിത്രവും എന്ന അവകാശവാദങ്ങളെ സംബന്ധിച്ച് ചില ചോദ്യങ്ങളും അവ ഉന്നയിക്കുന്നു. അനുഭവവും ആഖ്യാനവും തമ്മിലുള്ള പ്രവർത്തനങ്ങൾ എങ്ങനെയാണെന്ന് ശ്രദ്ധിക്കുമ്പോൾ അനുഭവങ്ങൾ അതേപടി ഭാഷയിലേക്ക് പകർത്തിവെക്കുകയല്ല ആഖ്യാനങ്ങൾ ചെയ്യുന്നതെന്നും 'അനുഭവം' എന്നത് ആഖ്യാനത്തിലൂടെ നിരന്തരം നിർമ്മിക്കപ്പെടുന്ന ഒന്നാണ് എന്നും കാണുന്നു. ഏകമുഖമായ സ്വത്വത്തിന്റെ നേർപ്രതിഫലനങ്ങളാണ് ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്നത് എന്ന തരത്തിലുള്ള സാമാന്യധാരണകൾ മറികടക്കുന്നതിന്റെ ആവശ്യകതയും ഇത് ഉന്നയിക്കുന്നു. അനുഭവവും ആഖ്യാനവും തമ്മിലുള്ള സങ്കീർണ്ണമായ ഈ പാരസ്പര്യത്തെ തിരിച്ചറിയുമ്പോൾ മാത്രമേ, മത്സ്യത്തൊഴിലാളി

കർതൃത്വത്തിലെ വൈവിധ്യങ്ങളെയും വിള്ളലുകളെയും കൃത്യമായി അടയാളപ്പെടുത്താൻ സാധിക്കൂ.

അനുഭവാഖ്യാനങ്ങളെ റിയലിസത്തിന്റെ പരിമിതമായ ചട്ടക്കൂടിനുള്ളിൽ മാത്രം സമീപിക്കുന്നതിലെ പോരായ്മകൾ തനിക സർക്കാർ (1999) തന്റെ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ബംഗാളിലെ ആദ്യകാല സ്ത്രീ ആത്മകഥകളെ ആസ്പദമാക്കി അവർ ഇപ്രകാരം നിരീക്ഷിക്കുന്നു: 'സ്ത്രീ ആത്മനിഷ്ഠതയും സ്ത്രീ എഴുത്തും തമ്മിൽ ഒരു നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നത് ലളിതമായ ചിന്താഗതിയാണ്. സ്ത്രീയുടെ എഴുത്ത് അവളുടെ കർതൃത്വത്തെ മധ്യസ്ഥതയില്ലാത്ത രീതിയിൽ പ്രതിഫലിപ്പിക്കുകയല്ല ചെയ്യുന്നത്; മറിച്ച്, എഴുത്തിന്റെ പ്രവർത്തനം തന്നെ അവളെ പുതിയ രീതിയിൽ പുനർനിർമ്മിക്കുകയാണ് ചെയ്യുന്നത്' (Sarkar, 1999: 5). ബംഗാളിലെ ആദ്യ സ്ത്രീ ആത്മകഥയെക്കുറിച്ചുള്ള പഠനത്തിൽ തനിക സർക്കാർ പങ്കുവെക്കുന്ന ഈ സുപ്രധാന നിരീക്ഷണം പാഠം സാമൂഹികലോകത്തെ നിർമ്മിക്കുന്നു അല്ലെങ്കിൽ സാമൂഹികലോകത്തിന്റെ പ്രതിഫലനം എന്ന എളുപ്പത്തിലുള്ള നിർവചനങ്ങളെ അലോസരപ്പെടുത്തുന്നു. സാമൂഹികലോകത്തിന്റെ കേവല പ്രതിഫലനമാണ് പാഠം (text) എന്ന ലളിതമായ നിർവചനങ്ങളെ ഈ വാദം അലോസരപ്പെടുത്തുകയും കർതൃത്വത്തിന്റെ സങ്കീർണ്ണതകളെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

ആത്മകഥകൾ യഥാർത്ഥ സംഭവങ്ങളുടെ രേഖപ്പെടുത്തലാണെന്ന ഔപചാരികശൈലിയെ ആദ്യകാല പഠനങ്ങൾ ശരിവെച്ചിരുന്നു. എന്നാൽ, പിൽക്കാലത്ത് പാശ്ചാത്യ-പൗരസ്ത്യ ആത്മകഥാ പഠനങ്ങളിൽ ഉയർന്നുവന്ന പ്രധാന വിമർശനം ആത്മകഥയും ഒരു 'സാഹിത്യരചന' (literary construction) തന്നെയാണ് എന്നതാണ് (Smith, 1995; Smith and Watson, 2001). ഇത് ആത്മകഥകളിലെ പ്രതീകാത്മകവും ആലങ്കാരികവുമായ പ്രയോഗങ്ങളെ (Rhetorical practices) സാധൂകരിക്കുന്നു. അതായത്, ശൈലികൾ, രൂപകങ്ങൾ, വാങ്മയങ്ങൾ തുടങ്ങിയ സാഹിത്യപരമായ സവിശേഷതകൾ ആത്മകഥയുടെ അവിഭാജ്യഘടകമാണ്. മത്സ്യത്തൊഴിലാളിരചനകളിലെ ആഖ്യാനസങ്കേതങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ, ആഖ്യാനവും സ്വത്വവും തമ്മിലുള്ള ഗാഢമായ ബന്ധത്തെക്കുറിച്ച് പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നു. സ്മിത്ത് (2017) നിരീക്ഷിക്കുന്നത് പോലെ, 'ഞാൻ' എന്നത് ഭാഷകൾ, ആശയ ചട്ടക്കൂടുകൾ, സാഹിത്യ ഇടങ്ങൾ

എന്നിവയിലൂടെ ആഖ്യാനപരമായി രൂപപ്പെടുന്ന ഒന്നാണ്. ഈ വിഷയസ്ഥാനങ്ങൾ (Subject positions) സാംസ്കാരികവും ചരിത്രപരവുമായ സ്വത്വങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു" (Smith, 2017). അനുഭവാഖ്യാനങ്ങളുടെ ആഖ്യാനചട്ടക്കൂടിനുള്ളിൽ കർതൃത്വങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ഈ പഠനം ചില സൂക്ഷ്മതലങ്ങളെ വിശകലനവിധേയമാക്കുന്നു. ആത്മകഥകൾ പലപ്പോഴും ജീവിത സംഭവങ്ങളുടെ സാക്ഷ്യപത്രങ്ങളായി കരുതപ്പെടാറുണ്ട്. എന്നാൽ, ഈ പ്രബന്ധം സ്വത്വത്തെയും ആഖ്യാനത്തെയും മനസ്സിലാക്കുന്നത് മറ്റൊരു രീതിയിലാണ്: ആഖ്യാനങ്ങളിലൂടെ വാർത്തെടുക്കപ്പെടുന്ന ഒന്നാണ് സ്വത്വം. എഴുത്തുകാരൻ തീരദേശത്തെ സാമൂഹിക സംഭവങ്ങളിൽ സജീവ പങ്കാളിയായി മാറുന്നത് ഈ ആഖ്യാനപ്രക്രിയയിലൂടെയാണ്. ഇതിലൂടെ കർത്തൃത്വത്തിന്റെ വിവിധ പാളികളും വൈവിധ്യമാർന്ന വീക്ഷണങ്ങളും വെളിവാക്കപ്പെടുന്നു.

അനുഭവങ്ങളെ രേഖപ്പെടുത്തുമ്പോൾ 'എഴുതുന്ന വ്യക്തിയും' (The Writing I) 'എഴുത്തിലെ വ്യക്തിയും' (The Narrated I) ഒരേസമയം സന്നിഹിതരാകുന്നുണ്ട്. ഇവ തമ്മിലുള്ള ഐക്യവും അതേസമയം അവ വേർപിരിയുന്ന സങ്കീർണ്ണമായ സന്ധികളുമാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. വ്യക്തി തന്റെ താല്പര്യങ്ങൾ, വിശ്വാസങ്ങൾ, വിയോജിപ്പുകൾ എന്നിവ ആഖ്യാനത്തിലൂടെ സവിശേഷപ്പെടുത്തുമ്പോൾ, അവിടെ ഒരു സ്വത്വധാരണ രൂപപ്പെടുന്നു. ഇവിടെ എഴുതുന്ന വ്യക്തിയും എഴുത്തിലെ വ്യക്തിയും ആഖ്യാനത്തിലൂടെ പരസ്പരം സംക്രമിക്കുന്നു എന്ന് പറയാം. സിഡ്നി സ്മിത്ത് (1995), ജൂഡിത്ത് ബട്‌ലറെ (Judith Butler) അവലംബമാക്കി വ്യക്തമാക്കുന്നത് പോലെ, ആത്മകഥാപരമായ കഥ പറച്ചിൽ എന്നത് ഒരു 'പ്രകടനാത്മക സന്ദർഭമാണ്' (performative context). സ്വത്വം എന്നത് ആന്തരികതയുടെ വെറും ആവിഷ്കാരമല്ല, മറിച്ച് ആഖ്യാന പ്രക്രിയയുടെ ഫലമായി രൂപപ്പെടുന്നതാണ്. തന്മയുടെ വൈവിധ്യം, പൊരുത്തക്കേടുകൾ, വിടവുകൾ, വിള്ളലുകൾ എന്നിവ ഈ വ്യവഹാരങ്ങളിലൂടെ നിരന്തരം നിർമ്മിക്കപ്പെടുന്നു. ഇത്തരത്തിൽ, സ്ഥിരമായ ഒരു സ്വത്വത്തിന് പകരം താത്കാലികവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായ കർതൃത്വത്തെയെയാണ് ആത്മകഥാപരമായ രചനകൾ മുന്നോട്ടുവെക്കുന്നത്.

അനുഭവങ്ങളെ എഴുതുമ്പോൾ തന്നെ സ്വത്വത്തെ തിരിച്ചറിയുക എന്ന പ്രക്രിയയാണ് പ്രധാനമായും നടക്കുന്നത്. സാമൂഹിക പദവികൾ, ബന്ധങ്ങൾ, വ്യക്തിപരമായ പ്രേരണകൾ എന്നിവ സങ്കീർണ്ണമായ രീതിയിൽ ആവിഷ്കരിച്ചുകൊണ്ടാണ് ഈ തിരിച്ചറിവ് സംഭവിക്കുന്നത്. ആത്മകഥാപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, എഴുത്തുകാരൻ തന്റെ സാമൂഹികസ്ഥാനത്തെയും തന്മയെയും  മുൻനിർത്തി സ്വയം ഒരു 'തൊഴിലാളി' എന്നോ 'തീരപ്രദേശത്തുകാരൻ' എന്നോ തിരിച്ചറിയുന്നു. ഈ സങ്കൽപ്പങ്ങളെ സ്വാംശീകരിച്ചുകൊണ്ട്, വ്യക്തികൾ ഒരു 'വിഷയി'  എന്ന നിലയിൽ ആഖ്യാനത്തെ മുന്നോട്ട് നയിക്കുന്നു. ഇത്തരത്തിൽ ആത്മകഥ സ്വത്വത്തെ പ്രകാശിപ്പിക്കുക മാത്രമല്ല, ആഖ്യാനസാധ്യതകളിലൂടെ ഒരു സമുദായമെന്ന നിലയിൽ സ്വയം ശക്തിപ്പെടാനും സഹായിക്കുന്നു. ഓർമ്മകളെയും വർത്തമാനകാലത്തെയും രാഷ്ട്രീയമായി കൂട്ടിയിണക്കാൻ രൂപകങ്ങളും ആഖ്യാനതന്ത്രങ്ങളും ഇവിടെ ഉപകരണമാകുന്നു. ഇവിടെ സ്വത്വത്തെ രൂപപ്പെടുത്തുന്നതും അതിന് തുടർച്ച നൽകുന്നതും ആഖ്യാനങ്ങളാണ്. കർതൃത്വം എന്നത് ആഖ്യാനങ്ങളിലൂടെ സംഭവിക്കുന്ന ഒരു 'പുനരുൽപ്പാദനം' ആണെന്ന് ഉറപ്പിക്കാം. ഈയൊരു ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് പ്രബന്ധം മത്സ്യത്തൊഴിലാളി  സ്വത്വത്തിന്റെ രൂപഭാവങ്ങൾ നിർണ്ണയിക്കുന്നത്. രചനകളുടെ ശൈലിയും എഴുത്തുകാരന്റെ സ്ഥാനവും പരിശോധിക്കുമ്പോൾ, മത്സ്യത്തൊഴി ലാളിസ്വത്വത്തിന്റെ സാമൂഹികമായ ആവിഷ്കാര ചായ്‌വുകൾ വ്യക്തമാകുന്നു. ആഖ്യാനത്തിലെ 'ഞാൻ' എന്ന വിഷയിയെ കേന്ദ്രമാക്കി ആധുനികീകരണത്തിലെ പ്രതിസന്ധികളെയും ആഭിമുഖ്യങ്ങളെയും ഈ പഠനം വിശകലനം ചെയ്യുന്നു. ആത്മകഥാ വായനയിലെ മുഖ്യധാരാ രീതിയായ 'സത്യം കണ്ടെത്തൽ' എന്ന വിജ്ഞാനശാസ്ത്രത്തോട് വിമർശനാത്മകമായ അകലം പാലിച്ചുകൊണ്ടാണ് ഈ പ്രബന്ധം മുന്നോട്ടുപോകുന്നത്.

### 2.4 എഴുത്തുകാരും പരിവർത്തനവിഷയവും

സ്വാതന്ത്ര്യാനന്തരം കേരളതീരത്ത് സംഭവിച്ച സാമൂഹിക-സാങ്കേതിക ആധുനികീകരണത്തോട് നേരിട്ട് സംവദിച്ച ആദ്യതലമുറയിലെ രണ്ട് പ്രതിനിധികളെയാണ് ഈ പ്രബന്ധം വിശകലനത്തിനായി സ്വീകരിക്കുന്നത്. മത്സ്യത്തൊഴിലാളിയും തീരപൊതുപ്രവർത്തകനുമായ  കൊല്ലം ശാലോംനഗർ ലൂയിസ് അംബ്രോസ് ഭവനത്തിൽ എ. ആൻഡ്രൂസിന്റെ[9] അനുഭവാഖ്യാനങ്ങളോടൊപ്പം തിരുവനന്തപുരം പുല്ലുവിള സ്വദേശിയായ

റോബർട്ട് പനിപ്പിള്ള രചിച്ച അനുഭവാഖ്യാനമായ *കടലറിവുകളും നേരനുഭവങ്ങളും* വിശകലനം ചെയ്യാൻ ശ്രമിക്കുന്നു[10]. സമുദ്ര-പരിസ്ഥിതി പഠനം, വിവരവ്യാപനം-സംരക്ഷണം എന്നിവയിലൂന്നി പ്രവർത്തിക്കുന്ന 'ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്' (എഫ്.എം.എൽ) എന്ന കൂട്ടായ്മയുടെ സ്ഥാപകനാണ് റോബർട്ട് പനിപ്പിള്ള. തീരമേഖലയുമായി ബന്ധപ്പെട്ട സമകാലികവിഷയങ്ങളിൽ നിരവധി ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. സമുദ്രപരിസ്ഥിതി പഠനത്തിന് സഹായകമാകുന്ന സ്കൂബ ഡ്രൈവിങ് പരിശീലകനായി പ്രവർത്തിച്ചിരുന്നു. പനിപ്പിള്ളയുടെ തീരപ്രവർത്തനങ്ങളുടെയും അച്ഛനും സഹോദരങ്ങളും അടങ്ങുന്ന വലിയതുറയിലെ തന്റെ കുടുംബത്തിന്റെയും മീൻപിടിത്ത രീതികളെയുംകുറിച്ചാണീ പുസ്തകം. പനിപ്പിള്ളയും ആൻഡ്രൂസും രചിച്ച അനുഭവാഖ്യാനങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവിതചരിത്രം, ഓർമ്മക്കുറിപ്പുകൾ, അനുഭവരചന എന്നിങ്ങനെ വിവിധ ആത്മകഥാ ജനുസ്സുകളിലായിട്ടാണ് പ്രസാധകർ രേഖപ്പെടുത്തിയിട്ടുള്ളത്.

തീരദേശത്തെ ലത്തീൻ കത്തോലിക്കാസമുദായാംഗങ്ങളാണ് ഇരുവരും. 'കടൽമുത്ത്-ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ' എന്ന ആദ്യരചനയ്ക്ക് ശേഷം ആൻഡ്രൂസ് കൊല്ലം സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷന്റെ പ്രസിഡന്റ് ആയിരിക്കുമ്പോഴാണ് അവസാന രണ്ട് അനുഭവാഖ്യാനങ്ങൾ പുസ്തകരൂപത്തിൽ പുറത്തുവരുന്നത്. മൂന്നു രചനകളും പ്രമേയവും രൂപവും മുൻനിർത്തി മത്സ്യത്തൊഴിലാളി അനുഭവകഥകളുടെ സംയുക്ത പരമ്പര (trilogy)യായി പറയാം. അധ്യായങ്ങൾ തമ്മിൽ പ്രത്യേക തുടർച്ചയില്ലെങ്കിലും അവകാശസമരങ്ങൾ,നിയമ-പൊതുസംവിധാനങ്ങളുമായുള്ള സഹവർത്തിത്വം എന്നീ നിലകളിൽ വികസിക്കുന്ന ആഖ്യാനക്രമം ഈ മൂന്നു പുസ്തകങ്ങളെയും ചേർത്തുനിർത്തുന്നു. ഈ രചനകൾ മത്സ്യബന്ധനരംഗത്തെ അതത് കാലത്തെ പ്രശ്നങ്ങളെ മുൻനിർത്തി മത്സ്യത്തൊഴിലാളികളുടെ ഓർമ്മ, ചരിത്രം എന്നിവ പ്രതിപാദിക്കുന്ന, കുറിപ്പുകളുടെ രൂപത്തിൽ വിവിധ മാഗസിനുകളിൽ പ്രസിദ്ധീകരിച്ചു വന്നതാണ്[11]. മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റായി നിൽക്കുന്ന വേളയിൽ സ്വന്തം താൽപ്പര്യപ്രകാരം ക്രോഡീകരിച്ച് പുസ്തകമാക്കിയതാണ് മൂന്നു രചനകളും. ഈ പുസ്തകങ്ങളുടെ വിതരണവും പ്രസാധനവും ആൻഡ്രൂസ് തന്നെയാണ്. 1990-ൽ *കടൽമുത്ത് ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ* എന്ന പേരിൽ ആദ്യരചന പ്രസിദ്ധീകരിച്ചു. അത് 2002-ൽ ഡി.സി ബുക്സ്

പുനഃപ്രസിദ്ധീകരിച്ചു. ജീവിതവിവരണം, ഓർമ്മ എന്നീ പേരുകളായിട്ടാണ് (പ്രസാധകക്കുറിപ്പ്) പുറത്തിറങ്ങിയത്.

തീരപ്രദേശത്തെ അവകാശസമരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സന്നദ്ധസംഘടനകളുടെ പത്രാധിപത്യത്തിലുള്ള *ഓറ, ജനജാഗ്രതി* തുടങ്ങിയ മാഗസിനുകൾക്കു വേണ്ടിയാണ് ആ ആൻഡ്രൂസിന്റെ എഴുത്തുകൾ ആദ്യം പ്രത്യക്ഷപ്പെടുന്നത്. മത്സ്യത്തൊഴിലാളികളുടെ അവകാശസമരങ്ങൾ നടന്നു കൊണ്ടിരുന്ന കാലത്താണ് അദ്ദേഹം മത്സ്യത്തൊഴിലാളി ഫെഡറേഷൻ കൊല്ലംജില്ലയുടെ സംഘടനാ പ്രസിഡന്റാകുന്നത്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിനിധീകരിച്ച പ്രധാന സംഘടനകളിലൊന്നാണ് 'കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ'. സംഘടനയുടെ ഭാരവാഹിത്വമുണ്ടായിരുന്ന ആൻഡ്രൂസ് 1950-കൾ മുതൽ മത്സ്യബന്ധനമേഖല യന്ത്രവൽക്കരിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സമരങ്ങളിൽ പ്രവർത്തിച്ചിരുന്നു. അക്കാലത്തുണ്ടായതാണ് മൂന്ന് രചനകളും. മത്സ്യബന്ധനരംഗത്തെ പ്രധാന സമരങ്ങളായ ട്രോളിങ് നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ സമരം, തീരദേശത്തെ നിർമ്മാണസമരങ്ങൾ, കടൽപരിധിനിയമം സംരക്ഷിക്കുന്ന തിനുള്ള സമരങ്ങൾ, കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പിലാക്കണമെന്ന ആവശ്യമുന്നയിച്ച പ്രക്ഷോഭങ്ങൾ എന്നിവയാണ് തീരത്തിന്റെ അനുഭവങ്ങളുടെ ചരിത്രവും വർത്തമാനവും തുറക്കുന്നതിലേക്ക് നയിച്ച പ്രധാന വിഷയങ്ങളായി അദ്ദേഹം ഉന്നയിക്കുന്നത്.

ആദ്യ പുസ്തകത്തിൽനിന്ന് രണ്ടാമത്തെ പുസ്തകത്തിലേക്കുള്ള പതിനാറു വർഷം കാലയളവിൽ സാമൂഹിക-പ്രവർത്തകൻ എന്ന നിലയ്ക്ക് സ്വയം പരിചയപ്പെടുത്തുന്നു. '*എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ'* എന്ന പുസ്തകത്തിലെ മുഖക്കുറിപ്പിൽ തന്റെ സാമൂഹിക പ്രവർത്തനത്തെ കുറിക്കുന്നതിങ്ങനെയാണ് : "1969 മുതൽ മത്സ്യബന്ധനം ഉപജീവനമായി സ്വീകരിച്ചു. മത്സ്യത്തൊഴിലാളി സംഘാടനം വന്നപ്പോൾ 1978 മുതൽ അംഗമായി. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ കൊല്ലം ജില്ലാ സെക്രട്ടറിയായി 1983 മുതൽ പ്രവർത്തിച്ചുവരുന്നു" (പുറം, 12).

ആൻഡ്രൂസ് മത്സ്യത്തൊഴിലാളിയായി ജോലിചെയ്തിരുന്ന കാലത്ത് രചിച്ച ഡയറിക്കുറിപ്പുകളെ വിശദീകരിച്ചതാണ് ആദ്യരചനയായ *കടൽമുത്ത്.*

ദൈനംദിനാനുഭവങ്ങൾ കുറിച്ചുവെച്ചുകൊണ്ടുള്ള ഡയറിക്കുറിപ്പുകളുടെ ശൈലി ഈ രചനകൾ എടുത്തുകാണിക്കുന്നു. കടലുമായി ബന്ധപ്പെട്ട ദൈനംദിന ജീവിതപ്രശ്നങ്ങളുടെ രാഷ്ട്രീയവിശകലനങ്ങൾ അനുഭവരേഖകളായി മാറുന്നതിന്റെ മധ്യസ്ഥത വഹിക്കുന്ന ഡയറിയെഴുത്തും വായനശീലവും. സ്വന്തം ആഗ്രഹങ്ങൾക്കും സങ്കല്പങ്ങൾക്കും അനുസരിച്ച് വികസിപ്പിച്ചതാണ് ഈ പുസ്തകങ്ങൾ എന്നതിന് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് അനുബന്ധത്തിൽ അദ്ദേഹം വിശദീകരണങ്ങൾ നൽകുന്നുണ്ട്.

ആദ്യ രചനയിലൂടെത്തന്നെ ആൻഡ്രൂസ് മലയാളത്തിലെ ആനുകാലികങ്ങൾക്ക് പരിചിതനായ വ്യക്തിയായി മാറി. പിന്നീട് ശാസ്ത്രസദസുകളിലും കോളേജ് ക്ലാസുകളിലും മറ്റും കടലിനെക്കുറിച്ച് സംസാരിക്കാനായി ക്ഷണിക്കപ്പെട്ടു. ഇതോടെ അദ്ദേഹം തീരത്തിന്റെ വിഷയവിദഗ്ധനായി. തീര അവകാശ സമരങ്ങളുടെയും സംഘടനകളുടെയും വീക്ഷണങ്ങൾ പങ്കിടുന്നതിനായി ബി.ബി.സി. എന്ന മാധ്യമം അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്യുന്നുണ്ട്. ദേശീയതലത്തിലുള്ള ഈ ബന്ധങ്ങളും അംഗീകാരങ്ങളും പരമ്പരാഗത വിഭാഗത്തിന്റെ ഒരു പുതിയ സ്വത്വതലത്തെ ദൃശ്യമാക്കുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ നേതൃത്വപ്രവർത്തനങ്ങളുടെ ഭാഗമായി മറ്റു തീരപ്രവർത്തകർ, തൊഴിലാളികൾ എന്നിവർക്കിടയിൽ 'തീരപ്രതിനിധി' എന്ന നിലയ്ക്കുള്ള അംഗീകാരവും ഉറപ്പിക്കുന്നതിന് ഇത് സഹായമായി. പുസ്തകത്തിന്റെ രചയിതാവ് എന്നതിനേക്കാൾ തന്റെ തീരസാമൂഹികചിന്തകളുടെ പ്രവർത്തനത്തെ കുറിക്കുന്ന തിനായിട്ടാവണം അധ്യായങ്ങൾ എഡിറ്റ് ചെയ്യാതെ മുമ്പ് പ്രസിദ്ധീകരിച്ച മാഗസിന്റെ പേരും തിയ്യതിയും ചേർത്ത് അവസാനം നൽകിയത്. തീരപ്രശ്നങ്ങൾക്ക് സർക്കാരിൽനിന്നുള്ള പരിഹാരം ആവശ്യപ്പെടുന്ന ലേഖനങ്ങളും ഇതിൽ കാണാം. അവിടെ പൊതുജനത്തെ/വായനക്കാരെ സാക്ഷിയാക്കിക്കൊണ്ടുള്ളതാണ് രചനാരീതി. തീരത്തിന്റെ രാഷ്ട്രീയവികസനത്തിലൂടെ വ്യക്തിയെയും സമുദായങ്ങളെയും രക്ഷിക്കാനുള്ള പദ്ധതികൾ അത് മുന്നോട്ടുവെച്ചു.

തീര അനുഭവാഖ്യാനങ്ങളുടെ തുടക്കമായി കരുതാവുന്ന പരമ്പരാഗത രംഗത്തിന്റെ അനുഭവങ്ങൾ പ്രതിപാദിക്കുന്ന ഈ രചനകൾ ഔദ്യോഗികമായ ആത്മകഥാരീതികളെ കാര്യമായി പിന്തുടരാത്ത രചനാസ്വഭാവമാണ് പുലർത്തുന്നത്. പല പാഠങ്ങളും വിഷയങ്ങളുമായി വിഭജിക്കപ്പെട്ടുകൊണ്ടുള്ള സങ്കീർണവും രേഖീയമല്ലാത്തതുമായ

ലേഖനരൂപങ്ങളും പ്രബന്ധാന്വേഷണ സ്വഭാവത്തിലുള്ള എഴുത്തുരീതിയുമാണ്. ഓർമ്മ, വാമൊഴി, നഷ്ടം, വേദന, അവകാശസമരവിവരണങ്ങൾ എന്നിവയ്ക്ക് പുറമേ പരിസ്ഥിതിശാസ്ത്രം, ചരിത്രം മത്സ്യബന്ധനമേഖലയുടെ സാമ്പത്തികശാസ്ത്രങ്ങൾ, എന്നീ മേഖലകളും കടന്നുവരുന്നു. പൊതുവെ രചനകളുടെ ഘടന ഡയറിയിൽ കുറിച്ചുവെച്ച കടലനുഭവങ്ങൾ, മാഗസിനുകളിലെ കോളങ്ങളിൽ അച്ചടിച്ചുവന്ന യൂണിയൻ പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ, പ്രതിഷേധക്കുറിപ്പുകൾ എന്നിങ്ങനെയുള്ള ധാരയിൽ വരുന്നതാണ്. ഈ രചനകൾക്ക് ജനകീയ സ്വഭാവത്തിലുള്ള വായനക്കാരോ മറ്റോ ഉണ്ടായിരുന്നതായി എവിടെയും സൂചിപ്പിക്കപ്പെട്ടിട്ടില്ല. പകരം ഈ പ്രതിപാദിച്ച വിഷയമേഖലകളിൽ മാത്രം വായിക്കപ്പെട്ടിട്ടുള്ളതും ചർച്ചചെയ്യപ്പെട്ടതുമാണിവ. ആദ്യരചനയിലെ മത്സ്യത്തൊഴിലാളി അനുഭവങ്ങൾ എന്നതിൽനിന്നു മാറി രണ്ടാമത്തെയും മൂന്നാമത്തെയും പുസ്തകങ്ങൾ ഏറെയും മത്സ്യബന്ധനത്തിന്റെ പരിവർത്തന വിഷയത്തെക്കുറിച്ചെഴുതിയവയാണ്. മുദ്രാവാക്യരൂപത്തിലുള്ള പ്രസ്താവനകളും നിർദ്ദേശ ങ്ങളുമായാണ് അവ പ്രത്യക്ഷപ്പെടുന്നത്. ഇത് തങ്ങളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമുണ്ടാക്കിയേക്കാം എന്ന പ്രതീക്ഷയും പ്രകടിപ്പിക്കുന്നുണ്ട്. പ്രതിഷേധക്കുറിപ്പുകൾ, മുഖക്കുറിപ്പുകൾ, പ്രതികരണങ്ങൾ എന്നീ സ്വഭാവങ്ങളിൽ കൊല്ലം മേഖലയിലെ മത്സ്യത്തൊഴി ലാളികളുടെ ജീവിതപ്രശ്നങ്ങളിലേക്ക് ആഖ്യാനം തുറന്നുവെക്കുന്നു. ആത്മകഥാപര മായ ഉപന്യാസങ്ങൾ (autobiographical essay) എന്നു വിളിക്കാവുന്ന, വ്യക്തിപരമായ അനുഭവത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള പ്രതിഫലനങ്ങളെ ഇത് പ്രകടിപ്പിക്കുന്നു. രാഷ്ട്രീയപ്രവർത്തനം അവരുടെ വ്യക്തിത്വത്തിന്റെ അടിസ്ഥാന ബന്ധമായി ഇവിടെ നിലകൊള്ളുന്നു.

കഴിഞ്ഞ കാലത്തെ സംഭാഷണമാക്കുന്നതിലൂടെയാണ് തൊഴിലിനെ സംബന്ധിച്ച സമകാലിക തീരദേശവിഷയങ്ങളെ രചനകൾ ചർച്ചയ്ക്കെടുക്കുന്നത്. കഴിഞ്ഞ കാലത്തെയും ഭാവിയെയും വ്യാഖ്യാനിക്കുന്നതിന് പ്രേരകമാവുന്നത് ഒരർത്ഥത്തിൽ നിലവിലെ തീരദേശ സാഹചര്യങ്ങളാണെന്നുപറയാം. അതുകൊണ്ടുതന്നെ രാഷ്ട്രീയഓർമ്മക്കുറിപ്പിന്റെ സവിശേഷതയും അത് വഹിക്കുന്നു[12]. പത്രങ്ങളിലും മാഗസിനുകളിലും വന്ന ഈ കുറിപ്പുകളിലെ സമരവിശകലനങ്ങൾ സമകാലരാഷ്ട്രീയസ്വത്വം പ്രകടിപ്പിക്കുന്ന രീതി കാണിക്കുന്നുണ്ട്. 1980കൾക്കു ശേഷം ആരംഭിച്ച നിരവധി പത്രങ്ങളും ആനുകാലികങ്ങളും

കീഴാളരാഷ്ട്രീയത്തെയും ഒരു പുതിയ 'ബഹുജന' പ്രേക്ഷകരെയും ലക്ഷ്യം വെച്ചുള്ളതാണ്. ഇതിന്റെ ചില അവലോകനങ്ങളും സംഗ്രഹങ്ങളും അനുഭവാഖ്യാനങ്ങളിൽ ശീർഷകങ്ങളായി കടന്നുവരുന്നുണ്ട്. വിശകലന സ്വഭാവത്തിലേക്ക് വരുമ്പോൾ മതപരവും രാഷ്ട്രീയവുമായ പുരോഗതി, ജീവിതസംഗ്രഹങ്ങൾ ഉൾക്കൊള്ളുന്ന ജീവചരിത്രരേഖകളുടെ പരമ്പരകൾ എന്നിങ്ങനെയുള്ളവ ആൻഡ്രൂസിനെ സ്വാധീനിച്ചിരുന്നു എന്ന് മനസ്സിലാക്കാം.

ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും രചനകളിലെ ചില അധ്യായങ്ങൾ ഫോക് ലോർ സമീപനങ്ങളിൽ പ്രതിപാദിക്കപ്പെട്ട 'കടലറിവുകൾ' എന്ന ഗ്രന്ഥത്തിൽ പ്രധാന ഭാഗമായി ചേർത്തിട്ടുണ്ട്. ജീവിതകഥയുടെയും ഓർമ്മയുടെയും ഉത്തമപുരുഷ ആഖ്യാനസ്വഭാവത്തിലുള്ള പ്രതിപാദനത്തോടൊപ്പം ആത്മകഥാ പരമായ വിഷയങ്ങൾ എന്ന നിലയ്ക്കുത് ചില വിട്ടുവീഴ്ചകൾ ചെയ്യുന്നു. രചയിതാക്കൾതന്നെ നടത്തിയിട്ടുള്ള എത്നോഗ്രഫിക് രീതിയിലുള്ള കടലിന്റെ വിവരശേഖരണം, അവയുടെ വിവരണ പട്ടികകൾ, കടലടിത്തട്ടിലെ പാരുകളുടെ ഭൂപടനിർമ്മാണം, കടലുമായി ബന്ധപ്പെട്ട വാക്കുകളുടെ നിഘണ്ടു എന്നിവയിലൂടെ വിശദമായി ഇടപെടുന്നു. ഇത് കടലനുഭവങ്ങളുടെ വിവരണതലങ്ങളെയും സ്വത്വത്തിന്റെ ആവിഷ്കാരത്തെയും സങ്കീർണമാക്കുന്നു.

മറ്റൊരു പ്രത്യേകത ഒരേസമയം ഒന്നിലധികം ആലോചനകളിലേക്ക് തുറക്കുന്ന വിധത്തിലാണ് ഇതിന്റെ ആഖ്യാനഘടന എന്നതാണ്. 'മരണത്തിലും തോൽക്കാത്ത കട്ടത്തളയുടെകഥ, പള്ളിയാക്കല്ല് പ്രേതഭൂമി' എന്നീ അധ്യായങ്ങൾ കടലനുഭവങ്ങളുടെ വർഗ-പരിസ്ഥിതി-പ്രദേശവീക്ഷണങ്ങൾ കൂടിച്ചേർന്നാണ് നിൽക്കുന്നത്. വ്യത്യസ്ത ആശയങ്ങളിലേക്കും ലോകവീക്ഷണങ്ങളിലേക്കും പ്രവേശിക്കുന്ന വിശാല പ്രതിപാദനങ്ങളിലേക്കത് ഉരുത്തിരിഞ്ഞുവരുന്നു. ഈ സ്വഭാവങ്ങൾ സംയോജിതവിവരണം (composite narrative) ആയി രചനകളെ കാണാൻ സഹായിക്കുന്നു.

റോബർട്ട് പനിപ്പിള്ള കടലിലെ പാരുകളുടെ ഗവേഷണങ്ങളും കണ്ടെത്തലുകളും ആസ്പദമാക്കി രചിച്ച *കടലറിവുകളും നേരനുഭവങ്ങളും* എന്ന ആത്മകഥാഖ്യാനം, ചേലുപറച്ചിൽ (വാമൊഴി) മുൻനിർത്തി കടൽത്തീരത്തിന്റെ സംസ്കാരചരിത്രത്തെ വിവരിക്കുന്നു. പനിപ്പിള്ളയുടെ രചനകൾ തീരദേശത്തിന്റെ സാംസ്കാരികചരിത്രത്തിന്റെ സ്വയംനിർണയനത്തിന്റെ തലത്തിലേക്കു വളരുന്ന സ്വഭാവമാണ് അത് പുലർത്തുന്നത്.

പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ ജീവിതചരിത്രമെന്നതിന്റെ രീതിയാണ് പിന്തുടരുന്നത്. ആൻഡ്രൂസിന്റെ സമീപനത്തിൽ കാണുന്ന പരമ്പരാഗതകർതൃത്വമെന്നതിനെ സംബന്ധിച്ച യന്ത്രവത്കൃതരംഗത്തോടും മറ്റു തൊഴിൽ രാഷ്ട്രീയത്തോടുമുള്ള സമകാലിക വിമർശനം ഈ രചനയിലില്ല. പകരം അതിൽനിന്നു ഭിന്നമായി 'അറിവു സമൂഹം' എന്നതിനെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടുംമട്ടിലുമാണ് ആഖ്യാനരീതിയുള്ളത്. പുതിയരീതിയിലുള്ള മത്സ്യത്തൊഴിലാളി സ്വത്വത്തിന്റെ ഒരു മാതൃക അത് മുന്നോട്ട് വെക്കുന്നുണ്ട്. സമകാലിക ആത്മകഥ, ഓർമ്മക്കുറിപ്പുകൾ എന്നിവയിൽനിന്ന് ഈ രചന വ്യത്യാസപ്പെടുന്നത് 'അറിവി'ന്റെ പ്രതിപാദ്യത്തെ കേന്ദ്രീകരിക്കുന്ന തിലൂടെയാണ്.

കടലിന്റെ സ്വഭാവവിശേഷങ്ങൾ അപഗ്രഥിച്ചുകൊണ്ടുള്ള, സമീപനങ്ങളും ആഖ്യാനങ്ങളുമായി സ്ഥാപിക്കപ്പെടുന്നതിൽ ആൻഡ്രൂസിന്റെയും പനിപ്പിള്ള യുടെയും രചനകൾ നിർണായകസ്ഥാനം നേടുന്നു. തീരക്ഷേമ-പരിഷ്കരണ പ്രവർത്തനങ്ങൾ, തീരത്തിന്റെ ആഗോളമാനങ്ങൾ, മത്സ്യബന്ധനരംഗത്തെ ക്കുറിച്ചുള്ള അക്കാദമിക പഠനസമീപനങ്ങൾ, എന്നിങ്ങനെ നിരവധി ഇടങ്ങൾ തീരപ്രദേശത്ത് രൂപപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലത്താണ് ഇരുവരുടെയും രചനകളുടെ പിറവിയെന്നത് ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളികർതൃത്വത്തിന്റെ വാങ്മയങ്ങളെയും ശൈലിയെയും സൃഷ്ടിക്കുന്നതിനുള്ള ഈ രചനാപരിശ്രമങ്ങൾ മലയാള സാഹിത്യചരിത്രത്തിൽ വേറിട്ട ഒന്നാണ്.

**കുറിപ്പുകൾ:**

1. രണ്ടാമത്തെ അധ്യായം കാണുക.

2. കർഷകർ, കരകൗശലത്തൊഴിലാളികൾ, അനൗപചാരികമേഖലയിലെ ചെറുകിടഉൽപ്പാദകർ എന്നിവരടങ്ങുന്ന ഗ്രൂപ്പിനെയാണ് പാർത്ഥാ ചാറ്റർജി പൊളിറ്റിക്കൽസൊസൈറ്റി എന്ന പരികല്പനകൊണ്ട് ഉദ്ദേശിക്കുന്നത്. സിവിൽസൊസൈറ്റി മധ്യവർഗത്തെ പ്രതിനിധീകരിക്കുന്ന വിഭാഗമായിട്ടാണ് അദ്ദേഹം സങ്കല്പനം ചെയ്തിട്ടുള്ളത്.

3. പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ. (കൂടുതൽ വിശദാംശ ങ്ങൾക്കായി അധ്യായം രണ്ട് കാണുക)

4. *Autobiography As defacement,* 1979. എന്ന Paul D Man എഴുതിയ ലേഖനം അപനിർമ്മാണചിന്തകളെ പിന്തുടരുന്നു. ആത്മകഥ എല്ലാത്തിനെയും ഉൾക്കൊള്ളുന്ന അടിസ്ഥാനപരമായ ഒന്നാണെന്ന് വിലയിരുത്തുന്നു. പ്രത്യേക വിഭാഗമായിട്ടുള്ള അതിന്റെ നിൽപ്പിനെ ചോദ്യം ചെയ്യുന്നു.

5. Modernity of Slavery എന്ന പ്രബന്ധത്തിൽ പി. സനൽമോഹൻ പരമ്പരാഗത കേരള ചരിത്രരചനാരീതികൾ അദൃശ്യമാക്കിയ അടിമ അനുഭവങ്ങളെ സ്ഥാപിക്കുന്നു. അടിമത്തത്തിന്റെ വ്യവഹാരങ്ങളെ ഓർമ്മയും അനുഭവവും എന്ന പ്രക്രിയയിലൂടെ വിശദീകരിക്കുന്നു. വിവിധ രേഖകളിലെ കഷ്ടപ്പാടുകൾ നിറഞ്ഞ അടിമ അനുഭവങ്ങൾ കണ്ടെത്തുന്നതിനോടൊപ്പം പ്രത്യക്ഷരക്ഷാദൈവസഭ (പി.ആർ.ഡി.എസ്)യുടെ പ്രവർത്തനങ്ങളിൽ ഓർമ്മയെ പുനഃസ്മരിക്കുന്നതും അനുഭവങ്ങൾ വീണ്ടെടുക്കുന്നതുമായ പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്നു.

6. 1980-കളുടെ അവസാനം മുതൽ ലാറ്റിനമേരിക്കയിലാണ് ടെസ്റ്റിമോണിയോ എന്ന സൈദ്ധാന്തിക സങ്കല്പനത്തിന് ശ്രദ്ധ ലഭിച്ചുതുടങ്ങിയത്. ടെസ്റ്റിമോണിയോ എന്ന വാക്ക് “സാക്ഷ്യം" എന്നു വിവർത്തനം ചെയ്യുന്നു. “സാക്ഷ്യപത്രം ഒരു പുതിയ ആഖ്യാനവിഭാഗമായി അംഗീകരിക്കപ്പെടാൻ തുടങ്ങിയിരിക്കുന്നു. അതായത്, "സബൾട്ടേണിറ്റിയുടെ പ്രാതിനിധ്യത്തിന്റെയോ ആവിഷ്കാരത്തിന്റെയോ പ്രത്യേകമായ മൈനർ സാഹിത്യത്തിന്റെ ഒരു രൂപം" (John Beverley , 2004 : 48 )

7. *Performativity, Autobiographical Practice, Resistance (Smith 1995), Life Writing in the Long Run: A Smith & Watson Autobiography Studies Reader,* 2017

8. മലയാളത്തിൽ മത്സ്യത്തൊഴിലാളി എന്ന പദത്തിന്റെ ഇംഗ്ലീഷ് നാമമായ fisherman എന്നത് മറ്റു തൊഴിലാളികളായ ലിംഗവിഭാഗങ്ങളിലുള്ളവരെക്കൂടി ഉൾക്കൊണ്ട ഒരു സംജ്ഞയല്ല എന്ന സൂചനയിൽ 'fisher people' എന്ന പ്രയോഗമാണ് സമകാലികമായി ഉപയോഗിക്കുന്നത്. മത്സ്യത്തൊഴിലാളി എന്നത് ലിംഗപരമായ തുല്യതയെ സൂചിപ്പിക്കുന്നില്ലെന്നും അതിനാൽ 'fisher people' എന്ന സംജ്ഞയാണ് തന്റെ പഠനത്തിൽ ഉടനീളം ഉപയോഗിച്ചിരിക്കുന്നതെന്നും അജന്ത സുബ്രഹ്മണ്യൻ, 2009. തീരപഠനത്തിന്റെ ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്.

9. 1979 മുതൽ മത്സ്യത്തൊഴിലാളി സംഘടനാ രംഗത്ത് ആൻഡ്രൂസ് പ്രവർത്തിച്ചു. 1982 മുതൽ സ്വതന്ത്ര മത്സ്യത്തൊഴിലാളി നേതൃത്വനിരയിൽ പ്രവർത്തിച്ചു. പിന്നീട് കൊല്ലം യൂണിയന്റെ ജനറൽ സെക്രട്ടറി (അവലംബം: *അറേബ്യൻ സമുദ്രത്തിന്റെ ഹൃദയത്തുടിപ്പുകൾ*) 'കൊല്ലം തീരപ്രദേശത്തെ വാടി കടപ്പുറത്ത് മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഏറ്റവും ഇളയ കുട്ടിയായി ജനിച്ചു. ചെറുപ്പത്തിൽ വൈദികനാവാൻ പഠനം തുടങ്ങിയെങ്കിലും പൂർത്തീകരിച്ചില്ല. 1945-ൽ ജനിച്ച് 2019-ൽ അദ്ദേഹം മരണപ്പെട്ടു. (അവലംബം: കടൽമുത്ത് *ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ*, ആമുഖം)

10. *കടലറിവുകളും നേരനുഭവങ്ങളും Eyes on their finger tips* എന്ന പേരിൽ സിന്ധു.വി നായർ പരിഭാഷപ്പെടുത്തി. ചെന്നൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ഐ.സി.എസ്.എഫ്. എന്ന സംഘടനയാണ് പ്രസാധകർ

11. ആൻഡ്രൂസിന്റെ രചനകളിലെ എതാണ്ടെല്ലാ അധ്യായങ്ങളും *ഓറ ചന്ദ്രിക, മാധ്യമം* എന്നീ മാഗസിനുകളിൽ ലക്കങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പുസ്തകത്തിൽ അധ്യായങ്ങൾക്ക് ചുവടെ ഇതിന്റെ തിയ്യതി അടക്കമുള്ള വിശദാംശങ്ങളും രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.

12. ആത്മകഥയ്ക്കും ഓർമ്മക്കുറിപ്പുകൾക്കുമിടയിലെ രേഖകൾ നേർത്തതാണ്. രണ്ടും വ്യക്തിഗത അനുഭവം, കാലക്രമം, പ്രതിഫലനം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു നിരീക്ഷകൻ എന്ന നിലയിൽ രാഷ്ട്രീയ ജീവിതത്തെ ഓർമ്മക്കുറിപ്പിന്റെ പാറ്റേണിൽ പ്രത്യക്ഷപ്പെടുന്ന രാഷ്ട്രീയ ജീവിതമാണ് ആത്മകഥാ പ്രവർത്തനങ്ങൾക്ക് യോജിച്ച കഥ നൽകുന്നത് (Pascal, 2016 : 7).

13. തീരപ്രദേശത്തെ വിവിധ സമുദായവിഭാഗങ്ങളുടെയും മതനേതൃത്വങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും അനുബന്ധമായ സാംസ്കാരിക സന്നദ്ധ സംഘടനകൾ പത്രങ്ങൾ, മാഗസിനുകൾ എന്നിവ നടത്തിപ്പോന്നിരുന്നു. ക്രിസ്ത്യൻ സഭകളിലും മറ്റു വ്യക്തികളും ഭാഗമായ പ്രസിദ്ധീകരണമാണ് *ഓറ*. *ഓറ* യുടെ എഡിറ്റർ ഫാ : ഡി അലോഷ്യസ് ആയിരുന്നു. *ജനജാഗൃതി* തിരുവല്ലയിലെ *ഡയനാമിക്'ആക്ഷൻ റിസർച്ച് കൗൺസിലി*ന്റെ ഭാഗവുമാണിത്. മത്സ്യത്തൊഴിലാളിഫെഡറേഷന്റെ മുഖപത്രമാണ് *അലകൾ*. മത്സ്യത്തൊഴിലാളിവിഷയങ്ങളെ സജീവമായി ഈ പ്രസിദ്ധീകരണങ്ങൾ അടയാളപ്പെടുത്തി.

# അധ്യായം മൂന്ന്
# നാഗരികതയും സ്ഥാനഭ്രഷ്ടരും

ആദ്യമായി നമ്മുടെ കടലിൽ പ്രത്യക്ഷപ്പെട്ട ട്രോളർ അവരുടെ വലിയ വല ഉപയോഗിച്ച് ഒരുദിവസം തീരക്കടലിൽനിന്നും കോരിയെടുത്ത വിവിധതരം മത്സ്യങ്ങൾക്ക് കണക്കില്ല. അതും മത്സ്യങ്ങൾ ഇണചേരുകയും മുട്ടയിടുകയും ചെയ്യുന്നു എന്ന് ഗവൺമെന്റ് പറയുന്ന മാസങ്ങളിൽ, അറബിക്കടൽ അലമുറയിടുന്ന തീരപ്രദേശത്തെ കുടിലുകളിൽ പട്ടിണിയുടെയും ദീനരോദനങ്ങളുടെയും മുറവിളികേൾക്കുന്ന മാസങ്ങളിൽ. കാറ്റുവീശു കാരണം വലയിടാൻ നിവൃത്തിയില്ലാത്ത മത്സ്യത്തൊഴിലാളികൾ തങ്ങളുടെ കൊച്ചുവള്ളങ്ങളിൽ മിച്ചർകപ്പലിനെ (ട്രോളറിനെ) സമീപിച്ചപ്പോൾ അന്ന് കണ്ടതെന്താന്നറിയാമോ? അവർ വലയെടുത്തപ്പോൾ വല നിറയെ എല്ലാതരം മത്സ്യങ്ങളും ഉണ്ടായിരുന്നു. അതിൽ നാരൻകൊഞ്ചു മാത്രമെടുത്തിട്ട് ബാക്കിയെല്ലാം കടലിൽ മറിച്ചു കളയുന്ന ഹൃദയഭേദകമായ കാഴ്ചയാണ് കണ്ടത്. പട്ടിണികിടന്നു നരകിച്ച മത്സ്യത്തൊഴി ലാളികൾ മത്സ്യങ്ങൾ കളയാതെ തങ്ങൾക്ക് തരണമെന്നഭ്യർത്ഥിച്ചു. ആദ്യമൊക്കെ വള്ളങ്ങൾ നിറയെ മത്സ്യങ്ങൾ കൊടുക്കുമായിരുന്നു. സന്തോഷത്താൽ മതിമറന്ന മത്സ്യത്തൊഴിലാളി, പഴങ്ങളും മണ്ണുമാന്തിയും(വാറ്റുചാരായം) തേങ്ങയും പിന്നീട് പണവും ബോട്ടിലെ ആൾക്കാർക്ക് കാഴ്ചവെച്ചു. ബോട്ടുകൾ ഉപകാരികളാണെന്ന് പാവം മത്സ്യത്തൊഴിലാളികൾ വിശ്വസിച്ചു. ആ വിശ്വാസം മുതലെടുത്തു കൊണ്ട് ബോട്ടുകാർ 12 പാതം മുതൽ ആഴക്കടൽ വരെ ഉഴുതുമറിച്ചു. പൊറ്റപ്പാരും ചെമ്മീൻകെട്ടും എല്ലാം ഛിന്നഭിന്നമായി. നമ്മുടെ തീരക്കടലിൽ അന്യായമായി സ്വൈരവിഹാരം നടത്തി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരിയ ട്രോളറിനെ കണ്ട ദിവസം തന്നെ ആട്ടിപ്പായിച്ചിരുന്നെങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇന്നനുഭവിക്കുന്ന പട്ടിണിക്കും ദുരിതങ്ങൾക്കും സാഹചര്യമുണ്ടാകുമായിരുന്നോ? (ആൻഡ്രൂസ്, 2002: 20 ).

മത്സ്യബന്ധനമേഖലയെ യന്ത്രവൽക്കരിച്ചതിനെത്തുടർന്നുണ്ടായ സംഘർഷങ്ങളെയാണ് മുകളിൽ പ്രസ്താവിച്ച ഖണ്ഡികയിൽ ആൻഡ്രൂസ് കൈകാര്യം ചെയ്തിരിക്കുന്നത്. ട്രോളറുകളുടെ[1] കടന്നുവരവുണ്ടാക്കിയ അപകടങ്ങൾ ചൂണ്ടിക്കാട്ടുന്നതാണ് ഈ വിവരണങ്ങൾ. കടൽ ആവാസ വ്യവസ്ഥയ്ക്കും തൊഴിലാളികൾക്കും സംഭവിക്കുന്ന അപചയങ്ങൾക്ക് കാരണം യന്ത്രവൽക്കരണത്തിന്റെ ഭാഗമായി വന്ന ട്രോളറുകളും വലകളും മത്സ്യത്തൊഴിലാളിമേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങളാണെന്ന് ഉദ്ധരിക്കപ്പെട്ട ഈ ഭാഗം പറയാൻ ശ്രമിക്കുന്നു. മത്സ്യബന്ധനരംഗത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഇത്തരം പാർശ്വവൽക്കരണപ്രമേയങ്ങൾ കൈകാര്യം ചെയ്തുകൊണ്ടാണ് അദ്ദേഹം മത്സ്യത്തൊഴിലാളി അനുഭവങ്ങളെ സമീപിക്കുന്നത്. ആൻഡ്രൂസിന്റെ ആദ്യപുസ്തകമായ '*കടൽമുത്ത്-ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ*' എന്നതിന്റെ സമർപ്പണക്കുറിപ്പ് ഇങ്ങനെയാണ്: "കേരളത്തിന്റെ ജലാശയങ്ങളിൽ ഉപജീവനത്തിനായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കേ കാറ്റിലും കോളിലും കടൽക്കൊള്ളക്കാരുടെ ആക്രമണത്തിലുംപെട്ട് ജീവൻ വെടിയേണ്ടിവന്ന ധീരരായ എല്ലാ മത്സ്യത്തൊഴിലാളികളുടെയും സ്മരണയ്ക്ക്". ഒരുവിഭാഗം പരമ്പരാഗതരീതിയിൽ മീൻപിടിത്തം തുടർന്നുപോരുകയും പലനിലയ്ക്കവർ സ്ഥാനഭ്രഷ്ടരായി മാറുന്നത് കേന്ദ്രീകരിച്ചും നാഗരികമായ കുതിപ്പുകളെ വിമർശിച്ചുമാണ് മത്സ്യത്തൊഴിലാളിസ്വത്വം ആഖ്യാനങ്ങളിൽ ഉരുത്തിരിഞ്ഞുവരുന്നത്. ഇത് സ്ഥാനഭ്രഷ്ടർ, നാഗരികത എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നു. നാഗരികത എന്നത് കേരളതീരത്തിന്റെ സാഹചര്യത്തിൽ ആധുനികസ്ഥാപനങ്ങളുടെയും നയങ്ങളുടെയും സാങ്കേതികവാദപരവും ശാസ്ത്രീയവുമായ ലോകവീക്ഷണത്തെ പ്രതിനിധീകരിക്കുന്ന ആശയസംജ്ഞയാണ്[2]. ഇതിന്റെ പ്രത്യക്ഷത്തിലുള്ള പ്രത്യാഘാതമായ അടിച്ചമർത്തപ്പെട്ടതോ പുറന്തള്ളപ്പെട്ടതോ ആയ സാമൂഹിക പ്രശ്നങ്ങളെപ്പറ്റി ആലോചിക്കുന്നതിനാണ് സ്ഥാനഭ്രഷ്ടർ (displacement self) എന്ന വീക്ഷണത്തെയിവിടെ അവതരിപ്പിക്കുന്നത്[3]. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിട്ട ദുരിതങ്ങൾ എപ്രകാരം വരച്ചിടുന്നു? ഏതൊക്കെ ആശയ രൂപങ്ങളെ കേന്ദ്രീകരിച്ചാണ് അതിലുൾച്ചേർന്നിരിക്കുന്ന നാഗരികത, സ്ഥാന ഭ്രഷ്ടർ എന്നീ സംവാദങ്ങളെ പരിശോധിക്കുന്നത്? ഇത്തരം ചോദ്യങ്ങൾ പ്രസക്തമാണ്.

അജന്ത സുബ്രഹ്മണ്യൻ (Subrahmanian, 2009) തന്റെ പഠനത്തിൽ മുഖ്യധാരയെന്നു വിളിക്കുന്ന കാർഷികനാഗരികതയുടെ ജാതിചലനാത്മകതയിൽ പുറത്തു നിൽക്കുന്നവരായിട്ടാണ് (outcaste) മുക്കുവസമൂഹത്തെ കരുതുന്നത്. കാർഷിക സംസ്കൃതിയിൽ നിന്ന് രൂപപ്പെട്ട നാഗരികമായ 'ഉൽബുദ്ധത'യുടെയും പെരുമാറ്റങ്ങളുടെയും അളവുകോലുകൾ വെച്ച് തീരദേശത്തെ ചരിത്രപരമായി 'പിന്നോക്കം' എന്ന് വിലയിരുത്തുന്നതിനെ അജന്ത വിമർശിക്കുന്നു. കൽപ്പന റാം (Ram, 1991) തന്റെ പഠനത്തിൽ മത്സ്യബന്ധനസമൂഹത്തെ നാഗരിക സ്വഭാവമുള്ള കാർഷികസംസ്കൃതിയുടെ അതിരുകളിൽ ജീവിക്കുന്നവർ (fringe dwellers) എന്നാണ് അടയാളപ്പെടുത്തുന്നത്. അവരെ സ്വയംനിർണ്ണയാവകാശമുള്ളവരായി കാണുമ്പോഴും, സാമൂഹികമായി അവർ നേരിടുന്ന പാർശ്വവൽക്കരണത്തെ റാം എടുത്തുകാട്ടുന്നു. തീരപ്രദേശത്തിന്റെ പശ്ചാത്തലത്തിൽ 'നാഗരികത'യെ വിമർശനാത്മകമായി സമീപിക്കുന്ന ഈ വാദങ്ങൾ, അവിടത്തെ ജീവിതസാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത വികസന മാതൃകകളെ ഒരു ചൂഷണശക്തിയായാണ് വിലയിരുത്തുന്നത്.

ആധുനികീകരണ ശ്രമങ്ങൾക്കിടയിൽ തീരദേശത്തെ ഒരു വിഭാഗം നേരിടേണ്ടി വന്ന ഉപജീവന പ്രതിസന്ധികളോടുള്ള പ്രതികരണങ്ങൾ എന്ന നിലയിൽ ഈ 'നാഗരിക വിമർശനം' പ്രസക്തമാണ്. മത്സ്യമേഖലയിലെ യൂണിയൻ പ്രവർത്തകനും പിന്നീട് സംഘടനാനേതാവുമായി മാറിയ മുൻകാല മത്സ്യത്തൊഴിലാളി ആൻഡ്രൂസ്, തന്റെ തൊഴിലനുഭവങ്ങളെ മുൻനിർത്തി നാഗരികതയെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്നാണ് ഈ പഠനം തുടർന്ന് അന്വേഷിക്കുന്നത്. ആൻഡ്രൂസിന്റെ ആഖ്യാനശൈലിയും സാക്ഷ്യപ്പെടുത്തലുകളും ഒരു 'പുതിയ മത്സ്യത്തൊഴിലാളി' സ്വത്വത്തെ വിഭാവനം ചെയ്യുന്നു. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട (displaced) മത്സ്യത്തൊഴിലാളികൾ തങ്ങളുടെ അനുഭവങ്ങളിലൂടെ പുതിയൊരു സാമൂഹികസ്വത്വത്തിലേക്ക് മാറുന്ന പ്രക്രിയയായി ഇതിനെ കാണാവുന്നതാണ്. പരമ്പരാഗതരംഗത്തെ ആസ്പദമാക്കുന്ന സാമൂഹിക ഉള്ളടക്കത്തിലാണ് ഈ തൊഴിലാളിസങ്കല്പങ്ങൾ ആവിഷ്കരിക്കുന്നത്.

### 3.1 നഷ്ടം എന്ന മോട്ടിഫ് [4]

യന്ത്രവൽകൃതരംഗത്തിന്റെ ഇടപെടൽമൂലം പരമ്പരാഗതരംഗം അനുഭവിക്കുന്ന പ്രതിസന്ധികളിൽ ആവർത്തിച്ചുവരുന്ന ഒന്നാണ് നഷ്ടങ്ങളുടെ രൂപങ്ങൾ.

പരമ്പരാഗതരംഗത്തിന്റെ തൊഴിൽജീവിതത്തെ വിവരിച്ചും മത്സ്യത്തൊഴിലാളി അനുഭവങ്ങളിലെ സമകാലികവിഷയങ്ങൾ വിശകലനം ചെയ്തുമാണ് നഷ്ടങ്ങൾ പ്രതിപാദിക്കപ്പെടുന്നത്. ആഴക്കടലിൽ യന്ത്രങ്ങളും ട്രോൾനെറ്റുകളും ഉഴുതുമറിച്ച് നശിപ്പിച്ച തീരക്കടൽ മീനുകളുടെ ഉപഭോഗവുമായി ബന്ധപ്പെട്ട പ്രശ്നമാണ് സവിശേഷമായി അദ്ദേഹം ഉയർത്തുന്നത്. അതോടൊപ്പം ഉൽപ്പാദനസ്ഥലങ്ങൾ, ഉപകരണങ്ങൾ എന്നിവയിലൂടെയാണ് നഷ്ടങ്ങളുടെ വ്യാപ്തിയെ ആഖ്യാനത്തിലേക്ക് വ്യാപിപ്പിക്കുന്നത്. ആധുനിക മത്സ്യത്തൊഴിലാളിസ്വത്വത്തെ സാധൂകരിക്കുന്നതിൽ ഈ നഷ്ടങ്ങളെകുറിച്ചുള്ള ഓർമ്മകൾ പ്രധാന പങ്കുവഹിക്കുന്നു. ഈ രംഗത്തെ പുതിയ സാങ്കേതിക-വ്യവസായവൽകൃത സമ്പ്രദായങ്ങളുമായിട്ടുള്ള താരതമ്യ ഘട്ടങ്ങളിലൂടെയാണ് ഇത് വെളിവാകുന്നത്.

പരമ്പരാഗതരംഗത്തിന് സംഭവിച്ച നഷ്ടങ്ങൾ വിശദമായി പ്രതിപാദിക്കുന്നതാണ് ആൻഡ്രൂസിന്റെ ആദ്യരചനയായ *കടൽ മുത്ത്-ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ.* ട്രോളറുകളുടെ വരവിനെത്തുടർന്നു ണ്ടായ നാശനഷ്ടങ്ങളാണിതിൽ പ്രധാനമായും ഇടം നേടുന്നത്. ഈ കൃതിയിൽ കടലിലെ പാരുകളിൽ തങ്ങിയിരുന്ന ജീവിവർഗങ്ങളുടെ നാശം, കടലിലെ ജന്തുജാലങ്ങളുടെ 'സ്വാഭാവിക' ജീവിതത്തിനു സംഭവിക്കുന്ന മാറ്റങ്ങൾ എന്നിവ വിശദമായി ആഖ്യാനം ചെയ്യുന്നു. *മൂരയുടെ വംശം നശിക്കുന്നു, തീരക്കടലിലെ കല്ലുകൾ* എന്നീ അധ്യായങ്ങളിൽ വിവിധയിനം പാരുകളെ അവയുടെ ആകൃതി, സ്ഥാനം, നിറം എന്നിവയ്ക്കനുസരിച്ച് തരംതിരിച്ചുകൊണ്ടുള്ള വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കടലിനടിത്തട്ടിലെ പാരുകളിൽ വ്യത്യസ്ത കാലാവസ്ഥകളിൽ ഒഴുക്കിനും ഗതിക്കും അനുസരിച്ച് തങ്ങുന്ന മീനുകളുടെ ഇന്നത്തെ സ്ഥിതിയെന്താണെന്നിത് വ്യക്തമാക്കുന്നു. പ്രധാനമായും കൂട്ടമായി ഒരു സ്ഥലത്ത് വളരുന്ന മീനുകളുടെ ആവാസസ്ഥാനങ്ങളെ ആശ്രയിക്കുന്നതാണ് പാരിലെ ചൂണ്ടപ്പണി[5]. മറ്റൊന്ന് ചെറുവള്ളങ്ങളിലെ മീൻപിടുത്തം. ഈ മീൻപിടിത്തരീതികളുടെ അനുഭവങ്ങൾ വിവരിക്കുന്ന വേളയിൽ ഏതൊക്കെ തരം മീനുകൾ, അതിന്റെ ചലനങ്ങൾ ഏതൊക്കെ സമയങ്ങളിൽ എന്നിങ്ങനെ പ്രതിപാദിച്ചുകൊണ്ട് ചൂണ്ട, വല, പങ്കായം എന്നീ പരമ്പരാഗത മത്സ്യബന്ധനോപകരണങ്ങൾക്ക് പുറമേ ട്രോളറുകൾ എന്ന് വിളിക്കപ്പെടുന്ന ബോട്ടുകളും അതിന്റെ സംവിധാനങ്ങളും വന്നപ്പോൾ മേൽവിവരിച്ച സംഗതികൾക്ക് എന്തൊക്കെ മാറ്റങ്ങൾ സംഭവിച്ചു എന്നും അത് ഗുണപരമല്ലാത്തതായിരുന്നു എന്നും വാദിക്കുന്നു. *കടൽമുത്ത് ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ* എന്ന

ആദ്യകൃതിയിലെ അധ്യായമായ 'കരയുന്ന കല്ലുകൾ' ട്രോൾനെറ്റുണ്ടാക്കിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുന്നതാണ്. കടലിനടിത്തട്ടിലെ മീൻ തങ്ങുന്ന വിവിധ കല്ലുകൾക്ക് (പാരുകൾ) സംഭവിച്ച നാശം ഇതിൽ പരാമർശിക്കുന്നു.

> പൊന്മുട്ടയിടുന്ന താറാവിനെ നശിപ്പിക്കാൻ എന്നവണ്ണം കുറെ കടൽക്കൊള്ളക്കാരെ ട്രോൾനെറ്റും പേഴ്സീൻനെറ്റും നൽകി തീരക്കടലിലേക്ക് സർക്കാറുകൾ കടത്തി വിടുന്നതിന് മുൻപുള്ള ചിത്രമാണ് മുകളിൽ കാണിച്ചത് (ആൻഡ്രൂസ്, 2002: 22 ).

> പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നാലും അഞ്ചും മാറ് തീരക്കടലിൽ പിടിച്ചിരുന്ന കരിക്കാടി ചെമ്മീൻ മൺസൂൺ കാലങ്ങളിൽ മാത്രം 22 മാറിനപ്പുറമായി പിടിക്കേണ്ടിവരുന്നു. കിട്ടുന്നവരുടെ ഏറിയ പങ്കും മുതലാളിമാരുടെ കൈയ്യിൽ ഒതുങ്ങുന്നു. ഇവയോടൊപ്പം ഉള്ള മറ്റു മത്സ്യങ്ങളെയും ഇക്കൂട്ടർതന്നെ പിടിച്ചെടുക്കുന്നു (ആൻഡ്രൂസ്, 2002: 22).

യന്ത്രവൽക്കരിക്കപ്പെട്ട പുതിയ ബോട്ടുകളുടെ കടന്നുവരവിനൊപ്പം വ്യവസായ ആവശ്യമെന്ന നിലയിൽ മത്സ്യബന്ധനമേഖല മാറ്റിപ്പണിയുന്ന ഒരു കാലഘട്ടത്തിലാണ് ആൻഡ്രൂസിന്റെ രചനകൾ വരുന്നത്. ഈ മേഖലയിലേക്ക് കടന്നുവന്ന വ്യവസായികളായ ബോട്ടുടമകളെന്നത് പരമ്പരാഗതരംഗത്തെ സംബന്ധിച്ച് നിയമലംഘകരാണ്. അതിനാലാണ് ഈ വാചകത്തിൽ ആൻഡ്രൂസ് കടൽക്കൊള്ളക്കാരായി ഈ വിഭാഗത്തെ ചിത്രീകരിച്ചിരിക്കുന്നത്. ട്രോൾനെറ്റ്, പേഴ്സീൻനെറ്റ് എന്നീ പുതിയ ഉപകരണങ്ങളെ, അവയുടെ നശീകരണ പ്രകൃതത്തെ സ്ഥാപിച്ചുകൊണ്ടാണ് പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ നഷ്ടങ്ങളെക്കുറിച്ചുള്ള അനുഭവങ്ങൾ വിപുലീകരിക്കുന്നത്. പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ അനുഭവങ്ങൾ ശാസ്ത്ര-സാങ്കേതിക രംഗത്തെ മൂല്യനിർണയം ചെയ്യുന്ന പ്രധാന ഉപകരണമാവുന്നു. മീൻപിടിത്ത രീതികളിലെ സ്ഥലം, വിഭവം എന്നിവയുമായുള്ള ബന്ധം രൂപപ്പെടുത്തുന്ന പ്രധാന ഘടകമാണിവിടെ ഉപകരണങ്ങൾ. ട്രോളറുകൾ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ, അപകടങ്ങൾ, സംഘർഷങ്ങൾ എന്നിവയും പരമ്പരാഗത ഉപകരണങ്ങളുടെ മേന്മകളും പ്രത്യേകമായി ഇടം നേടുന്നു. ഈ രംഗത്തെ തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ആഘാതങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള

ഒരു വിമർശനമാണിത്. ഈ വിമർശനത്തിൽനിന്നാണ് നഷ്ടങ്ങളുടെ നോട്ടങ്ങൾ പ്രകടമാക്കുന്നത്.

രണ്ടാമത്തെ കൃതിയായ '*എണ്ണിയാൽ തീരാത്ത നൊമ്പരങ്ങളി'ലേക്ക്* വരുമ്പോൾ യന്ത്രവൽക്കരണം പരമ്പരാഗതതൊഴിലാളികളെ അടിച്ചമർത്തുന്നതിന് ചൂഷണോപാധിയാകുന്നതിന്റെ വിശദമായ ചിത്രം തെളിഞ്ഞുവരുന്നു. കടൽക്കൊള്ളക്കാർ പ്രച്ഛന്നവേഷത്തിൽ എന്ന തലക്കെട്ടിൽ (ആൻഡ്രൂസ്, 2006 : 79) കടൽസമ്പത്തു കൊള്ളയടിക്കുന്ന ട്രോളിങ് രീതികൾ, പേഴ്സീൻ കപ്പൽ[6], റിങ് സീൻ വള്ളങ്ങൾ[7] എന്നിവയ്ക്കായി പണം മുടക്കുന്ന സ്വകാര്യമുതലാളിമാരെ പ്രച്ഛന്നവേഷക്കാരെന്ന് ആരോപിക്കുന്നു.

> കൊല്ലം തീരക്കടലിൽ അടിത്തട്ടിൽ രണ്ടടിയോളം ഉയർന്നുനിന്ന മണൽത്തട്ട് ഏകദേശം ഇടവിട്ടും തൊട്ടും കൊച്ചിവരെ നീണ്ടുകിടന്നതായി പഴമക്കാരായ മത്സ്യത്തൊഴിലാളികൾ പറയുന്നു. നീലജലത്തിൽ കാണാൻ കഴിയുമായിരുന്ന ചില വിശേഷപ്പെട്ട മത്സ്യങ്ങൾ ഇതിന്റെ തടങ്ങളിൽ തങ്ങിയിരുന്നു (ആൻഡ്രൂസ്, 2002: 29 )

കൊല്ലം തീരക്കടലിൽ ഉണ്ടായിരുന്ന സവിശേഷമായ ചില മീനുകൾ തങ്ങിയിരുന്ന മണൽത്തിട്ടകൾക്ക് സംഭവിച്ച നാശത്തെ കണ്ടെത്തിയതായിട്ടാണ് ഇവിടെ പ്രസ്താവിക്കുന്നത്. അതോടൊപ്പം മണൽത്തിട്ടകൾക്ക് സംഭവിച്ച നാശം മൂലം പ്രത്യേക മീനുകളെ കേന്ദ്രീകരിച്ച മത്സ്യബന്ധനരീതികൾ കൂടി ഇല്ലാതായത് തുടർന്ന് വിശദീകരിക്കുന്നുണ്ട്. ചെമ്മീൻകൂട്ടങ്ങൾ തീരത്തേക്കു വന്നപ്പോൾ അവയുടെ കൂടെ വന്ന മറ്റു മീനുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് യഥേഷ്ടം ലഭിച്ചിരുന്നു. ഇവ പിടിച്ചിരുന്ന ആയിരം ചൂണ്ടവെപ്പ്, പത്ത് ചൂണ്ടവെപ്പ്__എന്നിവ ഇന്ന് പൂർണമായും നശിച്ചുവെന്ന് കണ്ടെത്തുന്നു. മുൻകാലങ്ങളിലെ സമൃദ്ധിയാണ് നഷ്ടങ്ങൾ വ്യക്തമാക്കുന്നതിന്റെ അടിസ്ഥാനം. പ്രധാനപ്പെട്ട ഈ വസ്തുത നാഗരികതയെ വിമർശിക്കുന്നതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിരുന്ന സുവർണകാലഘട്ടമാണ് നഷ്ടങ്ങളെ സൂചിപ്പിക്കുന്നതിന്റെ പ്രധാന വ്യവഹാരതത്വമായി പ്രകടമാക്കുന്നത്. *കടൽ മുത്തിലെ* അവസാന അധ്യായത്തിന്റെ പേര് 'സുലഭമായി ലഭിച്ചിരുന്ന മത്സ്യങ്ങൾ' എന്നാണ്. ഇരുനൂറ്റിനാൽപ്പത്തിനാലോളം മത്സ്യങ്ങളുടെ ലിസ്റ്റാണത്. മത്സ്യങ്ങളുടെ പ്രകൃതവും

അതിന്റെ വ്യത്യാസങ്ങളും വിവരിച്ചുകൊണ്ടാണത് അടയാളപ്പെടുത്തിയിരിക്കുന്നത്. വിഭവങ്ങളുടെ രേഖപ്പെടുത്തൽ എന്നത് കഴിഞ്ഞകാല സമൃദ്ധിയെ വിവരിക്കുകയെന്ന പ്രത്യേക ഉദ്ദേശ്യത്തെ തുറന്നുകൊടുക്കുന്ന ഒന്നായി ഇവിടെ മാറുന്നു. ഇങ്ങനെ വിഭവങ്ങൾ സംരക്ഷിക്കുന്നതിന്റെ പ്രാദേശികതാല്പര്യങ്ങൾ, സംവാദങ്ങൾ, ആശയങ്ങൾ എന്നിവ 'മത്സ്യത്തൊഴിലാളിയാഥാർഥ്യം' എന്ന രീതിയിൽ വിശകലനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

> പ്രക്ഷുബ്ധമായ അറബിക്കടൽ, തിരമാലകൾ ആർത്തട്ടഹസിച്ചും പൊട്ടിച്ചിരിച്ചും കരയിലേക്ക് ആർത്തിരമ്പുന്നു. അറബിക്കടലിലെ തിരയിറക്കത്തിന്റെ ശബ്ദം നിത്യദുഃഖത്തിന്റെ ചുഴിയിൽപ്പെട്ട് നട്ടംതിരിയുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ നടുക്കുന്നു. മത്സ്യത്തൊഴിലാളികൾ വേദനിക്കുന്നു, കഴിഞ്ഞുപോയ കാലഘട്ട ങ്ങളെയോർത്ത് (ആൻഡ്രൂസ്, 2002: 19).

> ഇതുപോലെയാണ് കടലിനടിത്തട്ടിലെ മീൻകൂട്ടങ്ങൾ സുരക്ഷിത മായി തങ്ങുകയും മുട്ടയിടുകയും ചെയ്തിരുന്ന പവിഴപ്പുൽപ്രദേശങ്ങൾ, പൊറ്റപ്പാരുകൾ, മണൽത്തിട്ടകൾ, മണൽഗർത്തങ്ങൾ മുതലായവ വൻകിട ട്രോളറുകളുടെയും മെഷീൻ ബോട്ടുകളുടെയും ബോർഡുകളും ചങ്ങലകളും യാതൊരു മുന്നറിയിപ്പുമില്ലാതെ ഇടിച്ചു നിരത്തിയിരിക്കുന്നത്. അങ്ങനെ മത്സ്യവർഗങ്ങൾ കൂട്ടത്തോടെ നശിച്ചു. ആരാണ് ചോദിക്കുവാനുള്ളത്. മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾ ബോധവാന്മാരാണോ? (ആൻഡ്രൂസ്, 2002:20).

> ചിങ്ങം, കന്നി മാസങ്ങളിലെ പൂനിലാവ് ഭൂമിയിലെ നിത്യദുഃഖത്തിന്റെ സ്മാരകങ്ങളായ മത്സ്യത്തൊഴിലാളികളെ നോക്കി പുഞ്ചിരിക്കുന്ന രാത്രികളിൽ തീരത്തെ മണൽത്തിട്ടകളിലും മണൽപ്പരപ്പുകളിലും പട്ടിക്കൂട്ടങ്ങൾ കടിപിടികൂടുമ്പോൾ തീരത്തെ തിരമാലകളിൽ വിവിധതരം മത്സ്യക്കൂട്ടങ്ങൾ ഭയന്ന് വിറച്ച് ചിക്കിച്ചിതറും, ചില മത്സ്യങ്ങൾ തിരമാലകളുടെ ചുഴിയിൽപ്പെട്ട് കരയിൽ അടിഞ്ഞുകയറും. അക്കൂട്ടത്തിൽ

> ചെമ്മീനമുണ്ടാകും. അത്രത്തോളം മത്സ്യങ്ങൾ കരയോടടുത്ത് സഞ്ചരിക്കുന്ന സുവർണകാലഘട്ട മുണ്ടായിരുന്നു (ആൻഡ്രൂസ്, 2002: 20).

'ചിങ്ങം, കന്നി മാസങ്ങളിലെ പൂനിലാവ് ഭൂമിയിലെ നിത്യദുഃഖത്തിന്റെ സ്മാരകങ്ങളായ മത്സ്യത്തൊഴിലാളികളെ നോക്കി പുഞ്ചിരിക്കുന്ന രാത്രികളിൽ' എന്ന വിവരണത്തിലെ നിത്യദുഃഖത്തിന്റെ സ്മാരകങ്ങൾ എന്ന പ്രയോഗങ്ങളിലേക്ക് കടക്കുമ്പോൾ കാവ്യരീതികളിലൂടെ നഷ്ടങ്ങളെ സ്വയം മനസ്സിലാക്കുന്നതിനുള്ള അന്വേഷണങ്ങളാവുന്നു. ആൻഡ്രൂസ് ചർച്ചചെയ്യുന്ന മറ്റു പല വിഷയങ്ങളെയും അതിക്രമിച്ചുനിൽക്കുന്നത് നഷ്ടങ്ങളെത്തുടർന്നുണ്ടായ ഈ വേദനാജനകമായ സംഭവങ്ങളാണ്. ഇതിൽനിന്നെല്ലാം അകലം പാലിച്ച് നൽക്കുന്ന അർഥവത്തായ ഒരു മത്സ്യത്തൊഴിലാളി സങ്കല്പം പശ്ചാത്തലത്തിൽ നിർത്തിയാണ് 'നിത്യദുഃഖ'മെന്നുള്ള സൂചന നഷ്ടങ്ങളുടെ തീവ്രതയെ ധ്വനിപ്പിക്കുന്നത്.

> കൊല്ലം കടലോരത്ത് വളരെയധികം മത്സ്യങ്ങൾ പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിച്ച് പിടിച്ചിരുന്ന ആ പഴയ കാലം ഇങ്ങിനി വരാത്തവണ്ണം കടന്നുപോയി. മത്സ്യങ്ങൾ തങ്ങുകയും ഇണചേരുകയും മുട്ടയിടുകയും വളർച്ച പ്രാപിക്കുകയും ചെയ്തിരുന്ന കടലിനടിത്തട്ടിലെ ഉറവിടങ്ങൾ പലതും ട്രോളിംഗ് ബോട്ടുകളുടെ പ്രവർത്തനംമൂലം ഇടിച്ചുതകർക്കപ്പെട്ടു. അതുകൊണ്ടു തന്നെ പണ്ടത്തേതുപോലെ ഇന്നു തീരക്കടലിലേക്ക് മത്സ്യങ്ങൾ അധികവും എത്തുന്നില്ല. മത്സ്യവംശത്തിന്റെ നാശം വരുത്താതെ കടൽപ്പുറത്തിന് ഉത്സവം പ്രദാനം ചെയ്തു കൊല്ലം കടലോരത്തെ നയിച്ചിരുന്ന വിവിധയിനം മത്സ്യങ്ങൾ ചുവടെ ചേർക്കുന്നു. ഇവയിൽ ഏതാണ്ട് ഇരുപതിനം മത്സ്യങ്ങൾ ഒഴികെ ബാക്കിയുള്ള മത്സ്യങ്ങൾ ഇവിടെ ആർക്കറിയാം (ആൻഡ്രൂസ്, 2002: 108).

മത്സ്യബന്ധനരംഗത്തിന്റെ നാശോന്മുഖമായ പ്രവണതകൾ മൂലമാണ് കൊല്ലം കടലോരത്തെ നയിച്ചിരുന്ന വിവിധയിനം മത്സ്യങ്ങളുടെ അപ്രത്യക്ഷമാകലെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. മത്സ്യസമ്പത്തിന്റെ വിശദാംശങ്ങൾ വിവരിക്കുന്ന ആൻഡ്രൂസ് കടലിന്റെ കരഭാഗങ്ങളിൽ മീനുകൾ ധാരാള മുണ്ടായിരുന്ന ഒരു കാലത്തെയാണ് ഇതിലൂടെ

രേഖപ്പെടുത്തുന്നത്. ഇരുപതിനം മത്സ്യങ്ങൾ മാത്രമേ ഇന്ന് തീരക്കടലിലുള്ളൂവെന്ന കണ്ടെത്തൽ നയിക്കുന്നത് മത്സ്യസമ്പത്തിന്റെ സമൃദ്ധിയെയും അതിന്റെ ഭൂതകാലത്തിലേക്കുമാണ്. നഷ്ടങ്ങളുടെ മറുവശമായി ഭൂതകാലം സുവർണകാലമായി അടയാളപ്പെടുത്തുന്നു.

> വനനിബിഡമായ പർവതപ്രദേശമായിരുന്നു ലെമൂറിയ. അത് കടലിൽ ആണ്ടുപോയി. അതോടെ അറേബ്യൻസമുദ്രം മത്സ്യക്കലവറയായി മാറി. കൊല്ലത്തു വന്നുചേർന്ന പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും ബ്രിട്ടീഷുകാരുടെയും കോട്ടകൊത്തളങ്ങളും പള്ളികളും മേടകളും കടൽ വിഴുങ്ങിക്കഴിഞ്ഞപ്പോൾ പാരുകളായി അവ രൂപാന്തരപ്പെട്ടു. കൂടാതെ നിരവധി മണൽ ചെളിപ്രദേശങ്ങൾ കടലിന്റെ അടിത്തട്ടിനെ സമ്പന്നമാക്കിയിട്ടുണ്ട്. പുൽമേടുകളും കടൽച്ചെടികളും ഇവിടം മനോഹരമാക്കുകയും ചെയ്തു. കടലിനടിയിലാകാതെ ചില ഭൂപ്രദേശങ്ങൾ ദ്വീപുകളും ഉപദ്വീപുകളുമായി സ്ഥിതിചെയ്യുന്നു. മത്സ്യങ്ങളുടെ കലവറയായി രുന്ന കടലിൽ നദികളിലൂടെയും പൊഴികളിലൂടെയും എണ്ണമറ്റ മത്സ്യങ്ങൾ കായലിലേക്കും തിരിച്ചു കടലിലേക്കും സഞ്ചരിച്ചു കൊണ്ടിരുന്നു. നല്ല വെള്ളം തേടി വരുന്ന ഗർഭിണികളായ ചെമ്മീനുകളുടെ കൂട്ടങ്ങൾ കായലിന്റെ അടിത്തട്ടിലെ സുരക്ഷിതതടങ്ങളിലെത്തി മുട്ടയിട്ട ശേഷം തിരിച്ചു കടലിലെത്തിച്ചേരു മായിരുന്നു. അങ്ങനെ കടലിലും കായലിലും ആയിരക്കണക്കിന് മത്സ്യയിനങ്ങൾ യഥേഷ്ടം സഞ്ചരിച്ചിരുന്ന ഒരു സുവർണകാലഘട്ട മുണ്ടായിരുന്നു. ഇന്നു ഫാക്ടറികളിലെ വിഷജലവും കടലിലെ നശീകരണ മത്സ്യബന്ധനശൈലികളും കടലിനെയും നശിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം മത്സ്യബന്ധനമേഖല യെയും (ആൻഡ്രൂസ്, 2006 : 65).

തീരദേശത്തിന്റെ മത്സ്യസമൃദ്ധിയുടെ ചരിത്രമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. ഭൂവിഭാഗങ്ങൾക്ക് സംഭവിച്ച മാറ്റങ്ങളും ചരിത്രപരമായ അധിനിവേശങ്ങളും മത്സ്യസമ്പത്തിനെ രൂപപ്പെടുത്തിയതിന്റെ അവലോകനമാണ് അദ്ദേഹം ഈ ഭാഗത്ത്

നടത്തുന്നത്. വിഭവങ്ങളുടെ പ്രാദേശികവിനിയോഗ പ്രശ്നങ്ങളിലൂടെയുള്ള അപഗ്രഥനത്തിൽനിന്നു മാറി പരിസ്ഥിതിക്ക് വിനാശകരമാകുന്ന സാമൂഹിക പ്രതിഭാസങ്ങൾ പൊതുവായി വിവരിക്കുന്നു. യന്ത്രവൽക്കരണം മൂലം പരമ്പരാഗതരംഗത്തിനുണ്ടായ കെടുതികൾ കടൽപരിതസ്ഥിതികൾക്ക് സംഭവിച്ച നാശം മാത്രമല്ല എന്ന് ചൂണ്ടിക്കാട്ടുന്ന ചില വിവരണങ്ങൾകൂടി ആൻഡ്രൂസ് പങ്കുവെക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങളായി നഷ്ടത്തെ അതിന്റെ ബാഹ്യതലത്തിൽ മാത്രം ഉൾക്കൊള്ളാതെ മത്സ്യബന്ധനരംഗം യന്ത്രവൽക്കരിച്ചതിനെ തുടർന്നുണ്ടായ സ്റ്റേറ്റ് ഇടപെടലുകളുടെ സങ്കീർണതയും തുറന്നുവെക്കുന്നു.

> രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് കുരിശും വഹിച്ചുകൊണ്ടുള്ള യേശുദേവന്റെ കാൽവരിയിലേക്കുള്ള യാത്ര ഇന്ന് കടലോര പ്രദേശങ്ങളിൽ കാണാൻ കഴിയും. അടിച്ചമർത്തപ്പെട്ട ജനത്തിനായി കുരിശും ചുമന്ന് കാൽവരിയിലേക്ക് യേശുദേവൻ പോയ സംഭവം രണ്ടായിരം വർഷം കഴിഞ്ഞിട്ടും വളരെ ഭക്തിയോടും ആദരവോടും ഓർമിക്കുന്ന നമ്മൾ കടൽത്തീരത്ത് ദിവസവും നടന്നു കൊണ്ടിരിക്കുന്ന കാൽവരിയാത്ര നേരിൽ കാണാൻ മടിക്കുന്നു. വള്ളം കരയ്ക്കടുത്തു കഴിയുമ്പോൾ മണൽ പരപ്പിലൂടെ ഇടറുന്ന കാലുകളും തളർന്ന മനസ്സും വിശന്ന വയറുമായി നടന്നുനീങ്ങുന്ന മത്സ്യത്തൊഴിലാളി. വള്ളത്തിൽ പോയിട്ട് ഒന്നും കിട്ടിയില്ലെന്ന് പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഭാര്യയോടും മക്കളോടും എങ്ങനെ പറയും? കുട്ടികൾക്ക് എങ്ങനെ ആഹാരം കൊടുക്കും? കുടുംബത്തിന്റെ ആവശ്യങ്ങൾ എങ്ങനെ നടത്തും? കുട്ടികൾ ക്കെങ്ങനെ മരുന്നു വാങ്ങും?ഇന്ന് പണിക്ക് പോകാൻ മണ്ണെണ്ണ കടം തന്നവരോട് എന്തു പറയും? നാളെ മണ്ണെണ്ണ വാങ്ങാതെ എങ്ങനെ മത്സ്യബന്ധനത്തിന് പോകും? ഇനിയും ആര് കടം തരും? ഇങ്ങനെ പോകുന്നു അയാളുടെ വിചാരങ്ങൾ. വിവിധ ചിന്തകളുമായി വികാരവുമായി നടന്നുനീങ്ങുന്ന മത്സ്യത്തൊഴിലാളി ആരെ ഗൗനിക്കാൻ. അറബിക്കടലിന്റെ ഏകാന്തതീരങ്ങളിൽ കാൽവരിക്ക് സമാനമായ യാഗം എന്നും അരങ്ങേറുന്നു (ആൻഡ്രൂസ്, 2002: 101).

ഔട്ട്ബോർഡ്എഞ്ചിൻ[8] മത്സ്യത്തൊഴിലാളികൾക്ക് കുരിശു ചുമക്കുന്ന അനുഭവമാണ് ഉണ്ടാക്കിയതെന്ന് ആൻഡ്രൂസ് ഇവിടെ വ്യക്തമാക്കുന്നു. 1990-കളോടെയാണ് യന്ത്രവൽക്കരണം പാരമ്പര്യമേഖലയിൽക്കൂടി വ്യാപിക്കുന്നത്. ട്രോളറുകളിലെ യന്ത്രവൽ ക്കരണശ്രമങ്ങൾക്ക് സമാനമായി പരമ്പരാഗത വള്ളങ്ങളിൽ മോട്ടോറുകളും എഞ്ചിനുകളും വ്യാപകമാകുന്നു. എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ ഒരുവിഭാഗം ഉപയോഗിക്കുന്നതോടെ പരമ്പരാഗതരംഗത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങൾക്കകത്ത് വിഭജനങ്ങളുണ്ടായി. ഔട്ട്ബോർഡ് എഞ്ചിൻ വള്ളങ്ങളിൽ ഘടിപ്പിച്ചതിനെത്തുടർന്നുണ്ടായ നിരവധി സംഘർഷങ്ങൾ ഇതിനെത്തുടർന്ന് ആൻഡ്രൂസ് വിവരിക്കുന്നുണ്ട്. യന്ത്രവൽക്കരണത്തിനു കാരണമായ ഇൻഡോ-നോർവീജിയൻ പ്രോജക്ടിന്റെ ചരിത്രാവലോകനങ്ങളും മത്സ്യബ ന്ധനമേഖലയ്ക്ക് ഉണ്ടാക്കിയ നഷ്ടങ്ങളുടെ തീവ്രതയെ അവതരിപ്പിക്കുന്നതിനായി സമാനമായ ആഖ്യാനങ്ങളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. '*കടൽമുത്ത്*' എന്ന പുസ്തകത്തിലെ 'കടലിന്റെ ഇപ്പോഴത്തെ അവസ്ഥയും വികസനവും' എന്ന ഭാഗത്ത് ഈ ആശയത്തെ വിപുലീകരിക്കുന്നു. ഇൻഡോ-നോർവീജിയൻ പ്രോജക്ട് നടപ്പിലാക്കിയതിന്റെ ചരിത്രമിവിടെ രേഖപ്പെടുത്തുന്നു. 1950-കൾ വരെ കടൽത്തീരത്തിനു പൂർണമായ സംരക്ഷണം നിലനിന്നിരുന്നെങ്കിലും മൺസൂൺകാലങ്ങളിൽ ശക്തമായ കടലാക്രമണംമൂലം തീരപ്രദേശത്തെ ജനങ്ങൾ വളരെയധികം കഷ്ടങ്ങൾ അനുഭവിച്ചുവന്നിരുന്നു. അതിന്റെ ഭാഗമായി 1954-ൽ കൊല്ലംതീരത്ത് നീണ്ടകരയിൽ ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽനിന്ന് തീരദേശവാസികളെ രക്ഷിക്കാൻ സംഘടിക്കപ്പെട്ട തീരദേശസംരക്ഷണസമിതി അന്നത്തെ സംസ്ഥാന മുഖ്യമന്ത്രിക്ക് നിവേദനം നൽകിയെന്നും ഈ നിവേദനത്തെ തുടർന്നിട്ടാണ് വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ ഭാഗമായി നോർവിജിയൻ സർക്കാർ രംഗത്ത് വരുന്നത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. നോർവേക്കാർ പിന്നീട് തീരക്കടൽ സമ്പത്തിനെക്കുറിച്ച് പഠിച്ച് ട്രോൾനെറ്റും ബോട്ടും കേരളതീരത്തെ മത്സ്യബന്ധനരംഗത്തു കൊണ്ടുവരുന്നു. ഇതാണ് സമുദ്രത്തിന്റെ അടിത്തട്ട് ഇളക്കിമറിച്ച് അടിത്തട്ടിന്റെ പരിസ്ഥിതി തകർത്തത് എന്ന് ആൻഡ്രൂസ് അടിവരയിടുന്നു. പരമ്പരാഗതരംഗം അതിനെത്തുടർന്ന് നേരിട്ട വിവിധ മാറ്റങ്ങളുടെ ചരിത്രവുംകൂടി ഇതോടൊപ്പം പ്രസക്തമാകുന്നു. പേഴ്സീൻ വലകളുടെ വരവും പരമ്പരാഗത തൊഴിലാളികളും പ്രക്ഷോഭങ്ങളും വിദേശ മീൻപിടിത്ത കപ്പലുകൾ വരെയുള്ള പ്രശ്നങ്ങളെ ചൂണ്ടിക്കാട്ടുന്നു.

ഇക്കാലഘട്ടത്തിൽ ട്രോൾനെറ്റിനെതിരെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നടത്തിയ സമരങ്ങൾ രചനയിൽ പ്രധാന സംഭവമായി ഇടം നേടുന്നു.

> 1940കളിലും 50-കളിലും ഉപയോഗത്തിൽ വന്ന പട്ടുനൂൽവലകൾ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾ ഏറ്റുപിടിച്ചതോടുകൂടി 1947-ൽ ഇന്ത്യയിൽ നിന്നും ആട്ടിപ്പായിക്കപ്പെട്ട വിദേശികൾ പുറംവാതിലിൽ കൂടി ഇന്ത്യയിലേക്ക് വീണ്ടും കടക്കുകയായിരുന്നു. 1955-60കളിൽ നോർവേക്കാർ ട്രോൾവലയുമായി വന്നു. തുടർന്ന് തീരങ്ങളിൽ വൻ മാറ്റങ്ങളുണ്ടായി. മത്സ്യത്തൊഴിലാളികളിൽ ഒരു വിഭാഗം മേൽപ്പറഞ്ഞ മാറ്റങ്ങളുടെ പിന്നാലെ പോയി. തുടർന്ന് പേഴ്സീൻ വല, റിങ് വല, മിനി ട്രോളിങ്, കങ്കൂസ് വല , പാച്ചുവല, നോർവേ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പലതരം ചൂണ്ടകൾ, വല ഉപകരണങ്ങൾ, കോർക്ക് റോപ്പ് എഞ്ചിനുകൾ എന്നിവ വൻതോതിൽ ഇറക്കുമതി ചെയ്യപ്പെട്ടു. അതോടെ മത്സ്യത്തൊഴിലാളികൾ രണ്ടു വിഭാഗമായി തിരിഞ്ഞു. കടൽ നിരന്തരം സംഘട്ടനവേദിയായി. 1983-ൽ കൊല്ലത്തെ മത്സ്യത്തൊഴിലാളികൾ തീരക്കടലിൽ പേഴ്സീനുകാരുമായി ഏറ്റുമുട്ടി. ഒരു പേഴ്സീൻ കപ്പലും കാര്യർ ബോട്ടുകളും കത്തിനശിച്ചു . കേരളം കരയിലും കടലിലും അശാന്തമായി. ഈ അശാന്തത ഇന്നും തുടരുന്നു. സമരങ്ങളെ തുടർന്ന് കടൽപരിധി നിയമം, രാത്രികാല ട്രോളിങ് നിരോധനനിയമം , പേഴ്സീൻ - റിങ്സീൻ നിരോധനം എന്നിവ ഉണ്ടായെങ്കിലും കടലാസിൽ മാത്രം അവ ഒതുങ്ങിനിന്നു (ആൻഡ്രൂസ്, 2006 : 60).

നോർവേയിൽനിന്നും ഇറക്കുമതിചെയ്ത വിവിധതരം മത്സ്യബന്ധനോപ കരണങ്ങൾ കേരളതീരത്തെ സംഘർഷഭരിതമാക്കിയതിന്റെ ഒരു ചിത്രമാണ് ആൻഡ്രൂസിവിടെ വരച്ചിടുന്നത്. മത്സ്യത്തൊഴിലാളികളുടെ ദൈനംദിനജീവിതം യന്ത്രവൽക്കരണത്തെ ത്തുടർന്ന് കഷ്ടനഷ്ടങ്ങൾക്ക് വിധേയമായി എന്ന അഭിപ്രായത്തിന്റെ തുടർച്ചയ്ക്കു വേണ്ടി യന്ത്രവൽക്കരണത്തിന്റെ ചരിത്രം ഈ വിധം വിലയിരുത്തുന്നു. ഇൻഡോ-നോർവീജിയൻ പ്രോജക്ടിനെത്തുടർന്നുണ്ടായ ഉൽപ്പാദനോപകരണങ്ങളുടെ രംഗപ്രവേശനത്തെ തുടർന്നാണ്

വിഭവങ്ങളിലും കടൽ ആവാസഘടനകളിലും മാറ്റങ്ങൾ സംഭവിക്കുന്നതെന്ന് ഇവിടെ അടിവരയിടുന്നു. ഇങ്ങനെ നഷ്ടങ്ങൾക്ക് അടിസ്ഥാനമായ വ്യാവഹാരിക മാനദണ്ഡമായി യന്ത്രവൽക്കരണരംഗത്തെ ആവിഷ്കരിക്കുന്നു. ആത്മകഥാ സാഹിത്യത്തെ നിർമ്മിക്കുന്നതിൽ ഉൾപ്പെട്ട വിഭവങ്ങളുടെ നഷ്ടം എന്ന ഈ ഘടകം ആധുനികവൽക്കരണത്തെ തുടർന്നുള്ള ജീവിതകഥാസന്ദർഭങ്ങളിലെ വസ്തുക്കൾ, സ്ഥലങ്ങൾ എന്നിവ തമ്മിലുള്ള താരതമ്യത്തിലൂടെയാണ് വ്യക്തമാക്കുന്നത്. ശാസ്ത്ര-സാങ്കേതിക ആശയങ്ങൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് നേരെയുള്ള യുക്തിഭദ്രമായ വിമർശനങ്ങൾ ഉന്നയിച്ചുകൊണ്ടാണ് നഷ്ടങ്ങളിവിടെ പ്രതിപാദിക്കുന്നത്. നഷ്ടം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളി അനുഭവങ്ങളുടെ സവിശേഷതകൾ അന്വേഷിക്കുമ്പോൾ ആഖ്യാതാവ് സംഭവങ്ങളെ സ്വാംശീകരിച്ച് കൊണ്ട് വസ്തുതകളും സംഭവങ്ങളും കൂട്ടിച്ചേർക്കുന്ന ഇടങ്ങളെ സജീവമാക്കുന്നത് വിള്ളലിന്റെ (rupture) നിമിഷങ്ങളാണെന്ന് പറയാം. ഉപജീവനത്തിന്റെ പ്രതിസന്ധികളെ പ്രതിനിധീകരിക്കുന്ന നഷ്ടമെന്ന രൂപം അടിസ്ഥാനപരമായി കണ്ണിചേരുന്നത് ഇങ്ങനെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്ഥാന ഭ്രഷ്ടസ്വത്വത്തെ നിർമ്മിച്ചുകൊണ്ടാണ്. അതോടൊപ്പം ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരനിർദേശങ്ങൾ, സംഘടനകളുടെ പ്രവർത്തനതത്വങ്ങൾ തുടങ്ങിയ മത്സ്യബന്ധനരംഗത്തെ വിവിധ വിഷയങ്ങൾ ഇതിലൂടെ പ്രകാശനം നേടുന്നു.

### 3.2 തീരരാഷ്ട്രീയപ്രവർത്തകൻ / മത്സ്യത്തൊഴിലാളി

ഓർമ്മിക്കപ്പെടുന്ന ഒരു ഭൂതകാലത്തിന്റെ കഥ എല്ലായ്പ്പോഴും വർത്തമാന വ്യക്തിത്വവുമായി സങ്കീർണതലങ്ങളിൽ ബന്ധപ്പെടുന്നതാണ്. 'മത്സ്യത്തൊഴിലാളിയുടെ അനുഭവങ്ങൾ' എന്ന പേരിൽ രചിക്കപ്പെട്ട ആൻഡ്രൂസിന്റെ പുസ്തകങ്ങളിലെ രാഷ്ട്രീയപ്രവർത്തകനെന്ന അദ്ദേഹത്തിന്റെ വ്യക്തിശബ്ദത്തെ തന്നെ അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ കണ്ടെത്താനാവും. ആൻഡ്രൂസ് എന്ന മത്സ്യത്തൊഴിലാളിയും തീരപ്രവർത്തകനും എന്ന നിലയ്ക്കുള്ള രാഷ്ട്രീയ വ്യക്തിത്വത്തിന്റെ നിർണായക സവിശേഷതയാണിത്. മുകളിൽ ചൂണ്ടിക്കാണിച്ച സംഘർഷങ്ങളിൽ അദ്ദേഹം എടുത്തണിയുന്ന ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയപ്രവർത്തകൻ എന്ന വ്യക്തിത്വവും അദ്ദേഹം വിഭാവനം ചെയ്യുന്ന മത്സ്യത്തൊഴിലാളിസ്വത്വവും പരസ്പരാശ്രിതമായി രചനകളിൽ കെട്ടുപിണഞ്ഞാണ്

കിടക്കുന്നത്. പ്രവർത്തകസ്വത്വത്തിന്റെ പ്രതിഷേധങ്ങളും മനോഭാവങ്ങളും ശക്തിപ്പെടുത്തുന്ന ആഖ്യാനരീതിയാണ് രചനകളിൽ പൊതുവെ പുലർത്തുന്നത്. *അറേബ്യൻ ഹൃദയത്തിന്റെ തുടിപ്പുകൾ* എന്ന അവസാന അനുഭവാഖ്യാനം പൂർണമായും മത്സ്യബന്ധനമേഖലയുടെ സംഘടനാരാഷ്ട്രീയ വിശദീകരണങ്ങളാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളിസ്വത്വത്തെ സവിശേഷവൽക്കരിക്കുന്ന അദ്ദേഹത്തിന്റെ പ്രധാന രചനയാണ് ആദ്യപുസ്തകമായ *കടൽമുത്ത് ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ.* മത്സ്യത്തൊഴിലാളി അനുഭവങ്ങളെ പ്രത്യേകമായ അവകാശവാദങ്ങളിലൂടെ വീണ്ടെടുക്കുന്നതിനും പുനരാലോചിക്കുന്നതിനുമുള്ള ഇടങ്ങൾ തുറക്കാൻ ആൻഡ്രൂസ് ഈ രചനയിലൂടെ ശ്രമിക്കുന്നു .

> നെത്തുവാരകുറിക്ക് നേരെ 18.5 മാറിൽ ഉണ്ടായിരുന്ന മണൽത്തിട്ട എന്റെ ഓർമ്മ ശരിയാണെങ്കിൽ 23 വർഷത്തിനു മുമ്പ് പകൽ 2 മണിക്ക് തെളിഞ്ഞ നീലജലത്തിൽ ചെറുവള്ളത്തിലിരുന്നു ഞാൻ കണ്ടതാണ്. മണൽതിട്ടയിൽ കക്കായിരിക്കുന്നതും കാണാൻ കഴിഞ്ഞു (ആൻഡ്രൂസ്, 2002: 23).

പാരുകളും മണൽത്തിട്ടകളും വ്യാപകമായി നശിപ്പിക്കപ്പെടുന്ന സാഹചര്യത്തിലാണ് ആൻഡ്രൂസ് ഈ വിവരണം നൽകുന്നത്. മീൻപിടിത്തത്തിനിടെ നേരിട്ടുകണ്ട വിവരണങ്ങളുടെ സ്വഭാവത്തിലുള്ള സാക്ഷ്യങ്ങളുടെ മുകളിൽ പ്രസ്താവിച്ച രീതി മത്സ്യത്തൊഴിലാളിയായിരുന്ന തന്റെ നിരീക്ഷണങ്ങളുടെയും അവബോധങ്ങളുടെയും ശേഷി പ്രദർശിപ്പിക്കുന്നു. മത്സ്യബന്ധനമേഖലയെ സംബന്ധിച്ച സത്യത്തിന്റെ ആധികാരികത പ്രകടമാക്കുന്ന ശൈലിയിലാണ് പ്രധാനമായും ഇത് അവതരിപ്പിച്ചിരിക്കുന്നത്. കടലിനടിത്തട്ടിൽ മുമ്പുണ്ടായിരുന്ന പാരുകളെ[9] താൻ കണ്ടെത്തിയതിനെ വിശദമായി പ്രതിപാദിക്കുന്നതിനു പിന്നിൽ ഇപ്പറഞ്ഞ മത്സ്യത്തൊഴിലാളിയായിരുന്ന കാലത്തെ അനുഭവങ്ങൾ സ്ഥിരീകരിക്കുന്നതിന്റെ താൽപ്പര്യങ്ങളാണ്. മറ്റു നിരവധി പാരുകളുടെ അടയാളങ്ങളും പ്രത്യേകതകളും ഇതോടൊപ്പം വിവരിക്കുന്നുണ്ട് :

> നെത്തുവാരകുറിക്കു തെക്കുവശം മാറി ആർന്നുകല്ല് വരെ 16 മാറിനും 22.5 മാറിനും മദ്ധ്യേ സ്ഥിതിചെയ്തിരുന്ന പൊറ്റപാരിന്റെ ചട്ടക്കൂട് ട്രോളറുകളും ബോട്ടുകളും തകർത്തിരിക്കുകയാണ്. കൊല്ലം തീരക്കടലിലെ

നാടൻകൊഞ്ചിന്റെ വിളനിലം അങ്ങനെ തകർക്കപ്പെട്ടു. കോവിൽത്തോട്ടം കരയ്ക്ക് നേരെയുള്ള 9 മാറു മുതൽ 24 മാറുവരെ ആഴക്കടലിൽ ഉള്ള പൊറ്റപ്പാരാണ് കരിക്കാടിയുടെ സിരാകേന്ദ്രം. കരിക്കാടി ഇണചേരുകയും മുട്ടയിടുകയും വളരുകയും മേടമാസം മദ്ധ്യത്തോടുകൂടി കടലിനടിയിലെ ശക്തമായ ഒഴുക്കിൽപ്പെട്ട് തെക്ക്കിഴക്കോട്ട് സഞ്ചരിച്ച് പള്ളിത്തോട്ടത്തിന്റെ കിഴക്കുവശം ഉള്ള വെടിക്കുന്നിന്റെ നേരെയുള്ള മുണ്ടാക്കലിന്റെ ഭാഗത്തെത്തുമായിരുന്നു. (അന്നു ബോട്ടുകൾ പ്രവർത്തിച്ചിരുന്നില്ല എന്നതുകൊണ്ട് ഇടയ്ക്ക് യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല). മുണ്ടാക്കല്ലിന്റെ കരയ്ക്ക് മാറി തട്ടുമടി ചെയ്താൽ അന്നത്തെ വള്ളങ്ങളിൽ എട്ടും പത്തും കള്ളി കരിക്കാടി കോരി മറിക്കുമായിരുന്നു. കരിക്കാടിയുടെ സഞ്ചാരം പൊഴിക്കര കഴിഞ്ഞുപോകും. അന്നത്തെ കരിക്കാടിയുടെ വലിപ്പം ഇന്നത്തേതിന്റെ മൂന്നിരട്ടിയാണ്. കൊല്ലം പോർട്ട് തീരക്കടലിൽ കരിക്കാടിയും കഴന്തനും ഓവിയും വരുമ്പോൾ അതിന്റെ കൂടെ നെമ്മീൻതോടും കുറുന്തല തോടയും തെരച്ചിയും കരയോടടുത്തുവരും. ഇന്ന് ഇവയിലെ പലയിനത്തെയും കാണാനേയില്ല. അന്നത്തെക്കാലത്ത് നാടൻകൂട്ടങ്ങളെ തീരത്ത് ജലപ്പരപ്പിന് മുകളിൽ ആഫ്രിക്കൻ വനാന്തരങ്ങളിലെ എറുമ്പിൻപറ്റങ്ങൾ സഞ്ചരിക്കുന്നതുപോലെ എവിടെയും കാണാൻ കഴിയും. കണവക്കൂട്ടങ്ങൾ അവയെ പിന്തുടർന്ന് സഞ്ചരിക്കും. ഇവയെ ഭക്ഷിക്കുന്നതിനായി പെരുപ്പറ്റ അഴക, പൂന്തി, സ്രാവ്, നെയ്മീൻ, തേട്, മോദ എന്നിവയും തീരത്തോടടുത്തു വരും (ആൻഡ്രൂസ്, 2002: 23).

മീൻ പ്രധാനമായും തങ്ങുന്ന ഇടങ്ങൾ (പാരുകൾ), മീനിന്റെ സഞ്ചാരങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലൂടെയും അതിനെക്കുറിച്ചുള്ള സുപ്രധാന നിരീക്ഷണങ്ങൾ വിവരിക്കുന്നതിലൂടെയും മത്സ്യത്തൊഴിലാളിയെന്ന തിന്റെ 'വൈദഗ്ധ്യസ്വത്വം' ഇവിടെ ഉയർന്നുവരുന്നു. ഈ പ്രക്രിയകളെ സ്ഥാപിക്കുന്ന, അതിന് മേൽനോട്ടം വഹിക്കുന്ന തീരരാഷ്ട്രീയപ്രവർത്തകൻ എന്ന സ്വത്വവും ഇതോടു ചേർന്നുനിൽക്കുന്നു. മേൽപ്പറഞ്ഞ മണൽത്തിട്ടകളും പാരുകളും ഇന്നവിടെയില്ലെന്നും ട്രോളറുകളാൽ ഉഴുതു നശിപ്പിക്കപ്പെട്ടതാണെന്നും ഉള്ള വിലയിരുത്തലുകളിൽ പ്രവർത്തക

സാക്ഷ്യവും മത്സ്യത്തൊഴിലാളിയായിരുന്ന കാലത്തെ അനുഭവങ്ങളും ഇടകലർന്ന് വരുന്നു. മത്സ്യബന്ധനരീതികൾക്ക് സംഭവിച്ച അപചയങ്ങൾ അടയാളപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലെ പ്രവർത്തകസ്വത്വം ഇവിടെ നിലയുറപ്പിക്കുന്നു. തീരപ്രവർത്തകന്റെ കഥപറച്ചിലിലൂടെ തീരക്കടലും മൺസൂൺകാലത്തെ ട്രോളിങ്ങും ബോട്ടുമുതലാളിമാരുടെ ഇടപെടലുകളും മത്സ്യത്തൊഴിലാളി എന്ന സ്വത്വ-സങ്കല്പത്തിനു കീഴിൽ വിന്യസിക്കുന്നു. ഈ സവിശേഷത വ്യക്ത്യനുഭവങ്ങളെ മുൻനിർത്തി ഉൽപ്പാദനോപകരണങ്ങൾക്ക് അടിസ്ഥാനപരമായി സംഭവിച്ച മാറ്റങ്ങളെ ചർച്ചയിലേക്ക് കൊണ്ടുവരുന്നതിന് രചനകളിൽ ഉടനീളം സഹായിക്കുന്നുണ്ട്.

> മൺസൂൺകാല ട്രോളിങ് നിരോധിച്ചാൽ ശക്തികുളങ്ങര മാത്രം 18 കോടി രൂപയുടെ കരിക്കാടി ചെമ്മീൻ നശിച്ചുപോകുമെന്ന് ചിലർ പറയുന്ന (ട്രോളിങ് ബോട്ടുകാർ). എന്നാലിക്കൂട്ടർ കേരളത്തിന്റെ തീരക്കടലിൽ നിന്നും ഏതാനും വർഷങ്ങൾക്കു മുമ്പ് വളരെ സുലഭമായും വളരെ അദ്ധ്വാനഭാരമില്ലാതെയും കിട്ടിക്കൊണ്ടിരുന്ന ഇരുനൂറ്റി അൻപതിൽപരം മത്സ്യങ്ങളെപ്പറ്റിയും മറ്റ് കൊഞ്ചു വർഗ്ഗങ്ങളെപ്പറ്റിയും അവ ഇന്ന് ലഭിക്കാത്തതുമൂലമുള്ള കോടികളുടെ നഷ്ടത്തെപ്പറ്റിയും പറയാത്തതെന്താണ് (ആൻഡ്രൂസ്, 2002: 21).

നഷ്ടങ്ങളുടെയും പ്രയാസങ്ങളുടെയും ഈ വിശദീകരണങ്ങൾ സ്വയം അഭിവൃദ്ധിപ്പെടുന്ന, രാഷ്ട്രീയബോധ്യമുള്ള സാമൂഹികപ്രവർത്തകനെന്ന ആൻഡ്രൂസിന്റെ ചിത്രത്തെ ഈ ഭാഗങ്ങൾ വെളിവാക്കുന്നു.

> സംഘടനാപ്രവർത്തനങ്ങളും സമരവും ജീവിതവും ഒന്നിച്ചു കൊണ്ടുപോകുന്നതിനിടയ്ക്കുള്ള ചിന്തകളുടെയും പ്രതികരണ ങ്ങളുടെയും കുറിപ്പാണിത്. മരണമടഞ്ഞവരുടെയും ജീവിച്ചിരിക്കുന്ന വരുടെയും ഹൃദയത്തുടിപ്പുകളും ജീവിതസ്പന്ദനവുമാണിത് (ആൻഡ്രൂസ്, 2006 : 12) .

ഇങ്ങനെ തന്റെ സമരജീവിതവും സംഘടനാപ്രവർത്തനങ്ങളുമാണ് പുസ്തകത്തിലെ ഉള്ളടക്കമെന്ന് ആൻഡ്രൂസ് *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ* എന്ന രണ്ടാമത്തെ പുസ്തകത്തിൽ ചേർത്തിട്ടുള്ള കുറിപ്പിൽ അവകാശപ്പെടുന്നത്. സാമൂഹികപ്രവർത്തകൻ എന്ന

നിലയിൽ ആദ്യ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ചൂണ്ടപ്പണിക്കാരായ 'ഞങ്ങൾ' എന്ന പൈതൃകം ഈ പുസ്തകത്തിൽ യൂണിയൻപ്രവർത്തകരായ തൊഴിലാളിവിഭാഗമായി പുനരവതരിപ്പിക്കുന്നു. ഇവിടെ 'ഞാൻ' എന്ന് പ്രതിപാദിക്കുന്ന വിഷയിയെ സംബന്ധിച്ച് പ്രധാന വഴിത്തിരിവാണ് തെക്കൻ തീരമേഖലയിലുണ്ടായ യൂണിയൻ മുന്നേറ്റങ്ങൾ. ആദ്യകാല മത്സ്യത്തൊഴിലാളിയിൽനിന്ന് രാഷ്ട്രീയ അവബോധമുള്ള തൊഴിലാളി നേതാവായി പരിണമിക്കുന്നതും മറ്റുള്ളവരെ ബോധവൽക്കരിക്കുന്നതിന്റെ ഉത്തരവാദിത്വം വഹിക്കുന്ന, ക്രിയാത്മക തീരവിഷയിയായി മാറുന്നതും ഇവിടെ വെളിപ്പെടുന്നു. പോർട്ടുകൊല്ലത്തെ മത്സ്യത്തൊഴിലാളികളുടെ പാർശ്വവൽകൃതമായ ജീവിതസാഹചര്യങ്ങളുടെ രാഷ്ട്രീയത്തെയാണ് രണ്ടാമത്തെ പുസ്തകമായ *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ* പ്രധാനമായും അവലംബിച്ചിട്ടുള്ളത്. തീരപ്രവർത്തകൻ എന്ന 'അംഗീകൃതപദവി'യെ അഭിസംബോധന ചെയ്തുകൊണ്ടാണ് പരമ്പരാഗതരംഗത്തിന്റെ അവകാശങ്ങൾക്കുവേണ്ടിയുള്ള വാദങ്ങളെ പുതിയ മത്സ്യത്തൊഴിലാളിവീക്ഷണത്തിലും വ്യത്യസ്തരീതികളിലും ആഖ്യാനം പ്രതിനിധീകരിക്കുന്നത്.

> കഴിഞ്ഞ 15 വർഷമായി സ്വദേശ-വിദേശ കുത്തക മുതലാളിമാർ കടൽ കയ്യടക്കി, മത്സ്യസമ്പത്തു ഊറ്റുവാരി കടൽ ശൂന്യമാക്കി യതിനു കേരളത്തിൽ മാറിമാറി വന്ന ഭരണാധികാരികളും രാഷ്ട്രീയക്കാരും ശാസ്ത്രജ്ഞൻമാരും കൂട്ടുനിൽക്കുകയായിരുന്നു. ഇതിന്റെ ഫലമായി കടലിന്റെ അവകാശികളും ഉടമകളുമായ കടലിന്റെ മക്കൾ നിരവധി പേർ തൊഴിൽരഹിതരായി പുറന്തള്ളപ്പെട്ടു (ആൻഡ്രൂസ്, 2006: 39).

> മത്സ്യത്തൊഴിലാളിയായ അനസ്തസ് രണ്ടു മക്കളെ ജാമ്യം നിർത്തി ഒരു ബാങ്കിൽനിന്ന് 20,000 രൂപ ലോൺ വാങ്ങി. എൻജിൻ എടുത്തു മത്സ്യബന്ധനം നടത്തിവന്നു. ആറുമാസം കഴിഞ്ഞപ്പോൾ കടലാക്രമണത്തിൽപ്പെട്ട വള്ളം തകർന്നു എൻജിൻ നഷ്ടപ്പെട്ടു. ബാങ്കിൽ വായ്പ തിരിച്ചടക്കാൻ കഴിയാതെ ഇപ്പോൾ പലിശയും മുതലുംകൂടി 42,000 രൂപയായിരിക്കുകയാണ്. ലോൺ തിരിച്ചട വില്ലാത്തതിനാൽ കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇപ്പോൾ വിധി 42,000 രൂപ അടയ്ക്കണമെന്നാണ്.

> ഇല്ലെങ്കിൽ ജയിലിൽ അടയ്ക്കും. അനസ്താസ് ആറേഴ് വർഷങ്ങൾക്കു മുമ്പ് കടപ്പുറത്തുള്ള വീട്ടിൽ മത്സ്യബന്ധനം കഴിഞ്ഞ് ഉറങ്ങിക്കിടക്കുക യായിരുന്നു. ശക്തമായ തിരമാല വീട്ടിൽ കയറി വീടിന്റെ മേൽക്കൂര തലയിലും ശരീരത്തിന്റെ പലഭാഗത്തും വീണ പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ മരണമടഞ്ഞു. വിധവയായ ഭാര്യ കുറെനാൾ കഴിഞ്ഞ് അസുഖം ബാധിച്ച് കയ്യും കാലും തളർന്നു കിടപ്പിലായി. ഈ സമയത്താണ് കോടതിവിധി വന്നിരിക്കുന്നത്. ഇത്തരം നിരവധി സംഭവങ്ങൾ മത്സ്യബന്ധനമേഖലയിലുണ്ട്. ആദിവാസി-മത്സ്യത്തൊഴിലാളി-കയർമേഖലകളിൽ പട്ടിണിമരണങ്ങൾ നടക്കുന്നത് കാണാൻ കഴിയാത്ത ഭരണാധികാരികളേ, മത്സ്യബന്ധനമേഖലയുമായി പുലബന്ധം പോലുമില്ലാത്തവരേ, കടലും കായലും നശിപ്പിക്കാൻ കൂട്ടുനിന്ന രാഷ്ട്രീയക്കാരേ, ക്രിസ്മസ് വിൽപ്പന ചരക്കാക്കിയവരേ, പീഡിതജനതയുടെ രോദനമാണ് ക്രിസ്മസ് സന്ദേശം എന്ന് മനസ്സിലാക്കാൻ ഇനിയും വൈകരുത് (ആൻഡ്രൂസ്, 2006: 69).

ആൻഡ്രൂസിന്റെ ഈ വാചകങ്ങളിൽ തെളിയുന്നത് മത്സ്യസമ്പത്തിന്റെ ശോഷണ വിഷയത്തെ ചൂണ്ടികാട്ടിക്കൊണ്ട് കടലിന്റെ അവകാശികളും ഉടമകളുമായി താനുൾപ്പെടുന്ന പരമ്പരാഗത തൊഴിൽരംഗത്തെ സ്ഥാപിക്കുന്ന പ്രവൃത്തിയാണ്. പീഡിതജനതയായി തങ്ങളെ ഐക്യപ്പെടുത്തുന്നത് ഈ വാദത്തെ മുഖവിലയ്ക്കെടുക്കാത്ത അധികാരവൃന്ദങ്ങളോടുള്ള പ്രതിഷേധമായിട്ടാണ്. ഇവിടെ ആൻഡ്രൂസിനെ അതിന് പ്രാപ്തനാക്കുന്ന സാമൂഹികരൂപമെന്നത് ഇടതുപക്ഷ നേതൃത്വത്തിലൂന്നിയ യൂണിയൻ പ്രവർത്തനങ്ങളാണ്. ആധുനികീകരണ ശ്രമങ്ങൾക്കു മുന്നേ കേരളതീരത്ത് രൂപംകൊണ്ടിരുന്ന യൂണിയനുകൾ ശക്തമാകുന്നത് സവിശേഷമായ മാറ്റങ്ങളെ പ്രതിനിധീകരിച്ച പരിവർത്തന കാലഘട്ട ത്തിലാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ രചനകളിൽ യൂണിയൻരാഷ്ട്രീയത്തെ വ്യക്തമാക്കുന്ന ശൈലിയിലാണ് സംഭാഷണങ്ങളും സംഭവചിത്രീകരണങ്ങളും പ്രധാനമായും ആവിഷ്കാരശേഷി കൈക്കൊള്ളുന്നത്. സാമ്പത്തികനിലയും ദാരിദ്ര്യവും പല ഇടങ്ങളിൽ വർഗപ്രഭാവത്തിൽ സൂചിപ്പിക്കപ്പെടുന്നു. ട്രോളിങ് വിരുദ്ധസമരത്തെ വിവരിക്കുന്ന അധ്യായത്തിന്റെ തലക്കെട്ട് ഇങ്ങനെയാണ്-"തൊഴിലാളി വഞ്ചകർക്ക് മാപ്പുരുത്". ഉടമകളും

തൊഴിലാളികളും തമ്മിലുള്ള ചൂഷണാത്മകമായ വർഗബന്ധത്തെ അദ്ദേഹം തൊഴിലാളികളുടെ ജീവിത പ്രശ്നമായി അഭിസംബോധന ചെയ്യുന്നു. 'പാവപ്പെട്ടവർ' എന്ന ഒരു സാമാന്യനാമത്തിലാണ് സ്വത്വവും സമുദായവുമായി ബന്ധപ്പെട്ട ജീവിത പ്രശ്നങ്ങളെ അദ്ദേഹം സൂചകമാക്കുന്നത്. പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം തരാൻ കഴിവുള്ള ഗവൺമെന്റല്ല അന്നും ഇന്നും ഉള്ളതെന്ന് *കടൽ മുത്തിൽ* വിവരിക്കുന്നു ( പുറം, 21).

> വള്ളത്തിലെ തൊഴിലാളികൾ ഞങ്ങളെ സഹായത്തിനു വിളിച്ചു. തൊഴിലാളികളുടെ നിലവിളി കേട്ട ഭാഗത്തേക്ക് ഞങ്ങൾ അതിവേഗം വള്ളം വലിച്ചു ചെന്നു (ആൻഡ്രൂസ്, 2002: 40) .

> ക്രിസ്തുമസ് ദിനങ്ങൾ അടുത്തുവന്നപ്പോൾ ഫിലോമിന കൂടെക്കൂടെ ഓർമ്മപ്പെടുത്തുമായിരുന്നു. കുട്ടികൾക്ക് ഉടുപ്പും മറ്റും എടുക്കുന്ന കാര്യവും വീട്ടുചെലവും. രാവിലെ കടൽപ്പുറത്തു വന്നപ്പോൾ വിൻസെന്റിനെ കണ്ടു. പണിക്കു പോയിട്ട് ഒന്നും കിട്ടാതെ നിരാശനാണയാൾ. സ്വന്തമായി തോണിയില്ലാത്തതിനാൽ ആരും വിളിക്കുന്നുമില്ല. ഞാൻ ജൂലിയാൽ ചേട്ടന്റെ തോണി കൂലിക്കു വാങ്ങി (ആൻഡ്രൂസ്, 2002: 41).

കടലിൽവെച്ച് നടക്കുന്ന അപകടങ്ങളിൽ ജാഗ്രത്തായിരിക്കുന്ന ആദ്യഭാഗത്തെ തൊഴിലാളിപരിവേഷം രണ്ടാമത്തെ പുസ്തകത്തിൽ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദാരിദ്ര്യത്തിൽ ബോധവാനായ തൊഴിലാളി പ്രവർത്തകനെന്ന തിലേക്കുള്ള ചുവടുവെപ്പായി പരിണമിക്കുന്നത് ശ്രദ്ധാപൂർവം അദ്ദേഹം വരച്ചിടുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ പുതിയ മത്സ്യത്തൊഴിലാളി സ്വത്വസങ്കല്പങ്ങളെയും അനുഭവങ്ങളെയും നിർമ്മിക്കുന്ന ഈ പ്രതിപാദനരീതികൾ മത്സ്യത്തൊഴിലാളി പ്രവർത്തകന്റെ രാഷ്ട്രീയ ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടിയാണ്. അവകാശസമരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാനസംഭവങ്ങളുടെ വിവരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനിത് സഹായിക്കുന്നു. മുൻകാല മത്സ്യത്തൊഴിലാളി എന്ന നിലയിലുള്ള വിവരണരീതികളിലെ വെളിപ്പെടുത്തലുകൾ ഈ പ്രവർത്തകസ്വത്വത്തിന്റെ രീതിയായി അനുമാനിക്കുന്നതിലും ചില സങ്കീർണതകൾ ദൃശ്യമാണ്. തന്റെ രാഷ്ട്രീയദൗത്യങ്ങൾക്ക് കൃത്യത നൽകാത്ത സന്ദിഗ്ധതകളായി ഇവ

രചനയിൽ പ്രത്യേകം ഇടം നേടുന്നുണ്ട്. ആധുനികവൽക്കരണമുന്നേറ്റങ്ങൾ തീരത്തിന്റെ അധഃപതനത്തിനു കാരണ മാണെന്ന ആൻഡ്രൂസിന്റെ നിലപാടിനെ തീരത്തെ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന മറ്റു സംഘർഷങ്ങളുടെ വിവരണങ്ങൾ ചോദ്യംചെയ്യുന്നു. പരമ്പരാഗതരംഗത്തിന്റെ ഒരു പുതിയ രാഷ്ട്രീയത്തെ അടയാളപ്പെടുത്തുന്ന പ്രേരണകളിലുള്ള ഒരുതരം വഴുതലായി ഇതിനെ മനസിലാക്കാം. മത്സ്യബന്ധനരംഗത്തെ നിലവിലെ സംഘർഷങ്ങൾ പോലെ സാധാരണ സ്ഥിതിവിശേഷമായി ആദ്യ പുസ്തകത്തിൽ 'കമ്പാവല' എന്ന അധ്യായത്തിൽ അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് തൊഴിലാളികൾ തമ്മിലുണ്ടായ സംഘർഷത്തെ വിവരിക്കുന്നുണ്ട്.

> രണ്ടു വലയിലെയും രണ്ടുപേർ ഒഴികെ ബാക്കിയുള്ള തൊഴിലാളി കളും ഉടമസ്ഥരും അവരുടെ കുടുംബാംഗങ്ങളും കടലിലും കരയിലും പരസ്പരം ഏറ്റുമുട്ടി. തണ്ടും പങ്കായവും ഉപയോഗിച്ച് പരസ്പരം വെട്ടി. തമ്മിൽതല്ലി. പോർട്ട്കൊല്ലത്തെയും പള്ളിത്തോട്ടത്തെയും രണ്ട് കമ്പാവലക്കാരാണ് ഇപ്രകാരം തമ്മിൽ ഏറ്റുമുട്ടിയത്. തീരത്ത് കൂട്ടനിലവിളി ഉയർന്നു. ചോരത്തുള്ളികൾ മണൽത്തരികളിൽ പതിച്ചു. നന്നേ ചെറുപ്പമായ ഞാൻ പേടിച്ചു. അപ്പന്റെ കൈയിലായിരുന്നു മറ്റേത് വേറൊരാളും. എതിരാളികൾ ചീത്ത വിളിച്ചുകൊണ്ട് കമ്പാ താഴേക്ക് വലിച്ചു. അപ്പൻ ഒറ്റയ്ക്ക് പിടിച്ചുനിൽക്കാനാവാതെ കമ്പയുമായി താഴേക്ക് വഴുതിപോകുന്നത് കണ്ടപ്പോൾ ഞാൻ ഭയന്ന് നിലവിളിച്ചുകൊണ്ട് അപ്പനെ സഹായിക്കാൻ കമ്പയുടെ അറ്റത്ത് പിടിച്ചു. ഒരു മണിക്കൂർ നീണ്ടുനിന്ന പൊരിഞ്ഞ യുദ്ധം. മൂത്ത ജേഷ്ഠനും അടിക്കൂട്ടത്തിൽ അകപ്പെട്ടുപോയി. ഞങ്ങളുടെ കമ്പാവല വിട്ടുവലിക്കുമ്പോഴാണ് സ്ഥലത്തെ വലക്കാരുമായി വഴക്കുണ്ടായത്. തോപ്പുപള്ളിക്ക് നേരെയുള്ള കല്ല് കട്ടപ്പാട്ടിൽ വേളാപ്പാടം കാണിച്ച് മുറയനുസരിച്ച് പാട്ടുകാരനായ ഞങ്ങൾ വല വിട്ടു വലിക്കാൻ തുടങ്ങി. ഞങ്ങൾക്ക് പിറകെ വലയിറക്കിയവരാണ് വഴക്കുണ്ടാക്കിയത്. അവർ വല നീട്ടി വന്ന വഴി അവരുടെ വള്ളം വന്ന് ഞങ്ങളുടെ വലയും പൊക്കി. ഇതു കണ്ടതും ഞങ്ങളുടെ വള്ളം അവരുടെ വള്ളത്തിനടുത്തേക്ക് വലിച്ചടുപ്പിച്ചു. പിന്നെ വാക്കേറ്റമായി. കടലിൽ ഇരുവള്ളക്കാരും ഏറ്റുമുട്ടലുമായി.

പങ്കായത്തിനുള്ള വെട്ടേറ്റ് ചിലരുടെയൊക്കെ തലപൊട്ടി. ഇതെല്ലാം നോക്കി കരയിൽ കമ്പാവല വലിച്ചുകൊണ്ടുനിന്ന രണ്ട് വള്ളങ്ങളിലെയും തൊഴിലാളികളും പരസ്പരം ഏറ്റുമുട്ടി (ആൻഡ്രൂസ്, 2002: 88).

കരയിലും കടലിലുമായി കമ്പാവല വലിക്കുന്നവരും വള്ളങ്ങളിൽ മീൻപിടിത്തം നടത്തുന്നവരും തമ്മിൽ ആദ്യകാലങ്ങളിൽ നടന്ന ഈ സംഘർഷങ്ങൾ പരമ്പരാഗത രംഗത്തിനകത്തെ മുൻകാലങ്ങളിലെ തൊഴിൽവൈരുധ്യങ്ങളെ ചൂണ്ടിക്കാട്ടുന്നു. പല പഠനങ്ങളും ആധുനികവൽക്കരണത്തിനു മുന്നേ തീരരംഗത്ത് നിലവിലിരുന്ന ഒരു അർധഫ്യൂഡൽവ്യവസ്ഥിതിയെ ചൂണ്ടിക്കാട്ടിയിട്ടുണ്ട് (Subrahmanian, 2009, Ram, 1991, Meynen, 1989). ട്രോളർ, പരമ്പരാഗതമേഖലകൾ തമ്മിലുള്ള സംഘർഷങ്ങൾ മാത്രമല്ല, നിലവിലിരുന്ന വ്യവസ്ഥിതികളിലെ ചൂഷണസ്വഭാവങ്ങളുടെ വിവരണങ്ങളും ഇത് പുറത്തറിയിക്കുന്നു. ആധുനികീകരണങ്ങൾ മൂലമുള്ള തീരത്തിന്റെ അധഃസ്ഥിതത്വം എന്ന നിലപാടിൽനിന്ന് വ്യതിചലിക്കുന്ന ഈ ഇടങ്ങൾ സജീവമായ പിരിമുറുക്കങ്ങൾ തുടർന്നുപോന്ന രംഗമായിത്തന്നെ മത്സ്യമേഖലയെ വെളിപ്പെടുത്തുന്നുണ്ട്.

പരിവർത്തനാനുഭവങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള മത്സ്യത്തൊഴിലാളികളുടെ സ്ഥാനഭ്രഷ്ടസ്വത്വത്തെ തെളിവുകളാക്കുന്നതിനുപുറമേ ആഗോള മുതലാളിത്ത വിമർശനത്തെ ആസ്പദമാക്കികൊണ്ട് കേരളത്തിൽ രൂപംകൊണ്ട പരിസ്ഥിതിവിമർശനത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളും അദ്ദേഹം നടത്തുന്നുണ്ട്. അവസാന പുസ്തകമായ *അറേബ്യൻ ഹൃദയത്തുടിപ്പുകൾ* മത്സ്യത്തൊഴിലാളികളുടെ കടലനുഭവങ്ങളെ പ്രതിപാദിക്കുന്നത് ഭാഗികമായി ഉപേക്ഷിച്ചുകൊണ്ട് തീരദേശത്തെ പൊതുവായി കീഴാളസമൂഹമെന്നനിലയിൽ അടയാളപ്പെടുത്തുന്നു. ആൻഡ്രൂസ് എന്ന തൊഴിലാളിനേതാവ് തീരരാഷ്ട്രീയ ത്തെ പരിസ്ഥിതി മൂല്യങ്ങളുടെയും അതിന്റെ ധാർമികതയുടെയും പ്രധാന പങ്ക് ആയി അവതരിപ്പിക്കുന്നതാണ് ഇതിന്റെ കാതലായ വശം. ഇതോടെ കൂടുതൽ സുസ്ഥിരമായ കടൽത്തീരപരിസ്ഥിതി എന്ന അവബോധസ്വഭാവത്തിലുള്ള വ്യക്തിഗതവിവരണങ്ങൾ ഈ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നു. അതോടെ പരമ്പരാഗതമേഖലയെ പുതിയ രീതിയിൽ സന്ദർഭവൽക്കരിക്കുന്ന മൂല്യങ്ങളും ധാർമ്മികബോധവും അടങ്ങിയ അതിജീവനസമ്പ്രദായത്തിന്റെ മുദ്രാവാക്യത്തിൽനിന്ന് മാറി ക്രമേണ

പരിസ്ഥിതിസംജ്ഞയായി വിവർത്തനം ചെയ്യപ്പെടുന്നു. ഈ ഒരു പരിണാമം രചനകളിൽ വളരെ വ്യക്തമായിത്തന്നെ ദൃശ്യമാകുന്നു. പാരിസ്ഥിതിക പൊതുബോധത്തിൽനിന്ന് ആശയങ്ങളും പ്രയോഗങ്ങളും സ്വാംശീകരിക്കുന്ന ഒരു പ്രവണതയാണ് ഇതിന്റെ ഭാഗമായി ആഖ്യാനത്തിൽ പ്രധാനമായും സംഭവിക്കുന്നത്. അതിനെ വിപുലമാക്കുന്ന അധ്യായങ്ങളും പ്രസ്താവനകളും ഇതോടൊപ്പം പ്രത്യക്ഷപ്പെടുന്നു. പരിസ്ഥിതിസ്വരങ്ങൾ ഒരു സ്ഥിരമായ കടൽത്തീരപരിസ്ഥിതിയെന്ന ഉട്ടോപ്യയെ ഇവിടെ സങ്കല്പിക്കുന്നുണ്ട്. വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ എന്ന നിലയിൽ രചിക്കപ്പെട്ട ആൻഡ്രൂസിന്റെ *കടൽമുത്ത്* എന്ന രചനയിൽനിന്ന് അവസാനത്തെ അനുഭവാഖ്യാനത്തിലേക്ക് എത്തുമ്പോൾ പരിസ്ഥിതി ദർശനത്തെ സവിശേഷമായി ആഖ്യാനം ചെയ്തുകൊണ്ട് കീഴാള-പരിസ്ഥിതിവിഷയികളായി തീരസമൂഹങ്ങളെ സ്ഥാനപ്പെടുത്തുന്നു. ഈ തിരിവ് യാദൃച്ഛികമോ അഥവാ താൻ ഉൾക്കൊള്ളുന്ന സമകാലികജീവിതത്തെ നിർവചിക്കുന്ന ഉള്ളറിവുകളോ ആവാം.

*'എണ്ണിയാൽ തീരാത്ത നൊമ്പരങ്ങളി*'ലേക്ക് വരുമ്പോൾ ആദിവാസികളും കർഷകരും മത്സ്യത്തൊഴിലാളികളും നേരിടുന്ന സാമ്പത്തികബാധ്യതകളും ദാരിദ്ര്യവുമാണ് പ്രധാന പാർശ്വവൽക്കരണവിഷയങ്ങളായി പ്രതിപാദിക്കുന്നത്. തീരദേശം നേരിടുന്ന പലതലത്തിലുള്ള പുറന്തള്ളലിനെ മറികടക്കാനുള്ള ശ്രമങ്ങളിൽ മറ്റു അധഃസ്ഥിത വിഭാഗങ്ങളായ ദളിതർ, ആദിവാസികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി അധികാരവിമർശനത്തിന്റെ ഉള്ളടക്കത്തിലേക്ക് ആൻഡ്രൂസ് പ്രവേശിക്കുന്നത് ഇവിടെ കണ്ടെത്താനാവും. കടലും കായലും നശിപ്പിക്കപ്പെട്ടതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അധികാരരാഷ്ട്രീയത്തിനെതിരെ അദ്ദേഹം മുദ്രാവാക്യം ഉയർത്തുന്നു.

> ഈ പോരാട്ടത്തിൽ പങ്കുചേരുന്ന മനുഷ്യസ്നേഹികളേ, പരിസ്ഥിതി സംരക്ഷകരേ, നിങ്ങൾ ഈ തൊഴിലാളിവഞ്ചകർക്കു മാപ്പു കൊടുക്കരുത് (ആൻഡ്രൂസ്, 2006; 30).

> ഈയവസരത്തിൽ മത്സ്യത്തൊഴിലാളികൾ അമ്പരന്നു നിൽക്കുകയല്ല വേണ്ടത്. പതറാതെ, വിറയ്ക്കാതെ, ധൈര്യത്തോടെ പ്രവർത്തിക്കേണ്ട സമയമാണ്. വിജയം നിശ്ചയം. മെയ് ദിനം നമ്മെ നയിക്കട്ടെ (ആൻഡ്രൂസ്, 2006 :34).

> സുനാമിയുടെ കലിതുള്ളൽ ഇതുവരെ അടങ്ങിയിട്ടില്ല. ഇതിന്റെ അസാധാരണ പ്രതിഭാസം അറേബ്യൻസമുദ്രത്തിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. പതിവില്ലാത്ത വേലിയേറ്റവും വേലിയിറക്ക ങ്ങളും ഇതിന്റെ തെളിവാണ്. സമുദ്രനിരപ്പിൽ നിന്നും താഴ്ന്നതീരങ്ങളിൽ പെട്ടെന്ന് കടൽ കയറി ഇറങ്ങുന്നു. കടൽ ഉൾവലിയുന്നു (ആൻഡ്രൂസ്, 2006 :90).

കാലാവസ്ഥാമാറ്റങ്ങൾ തിരിച്ചറിയുന്ന പരിസ്ഥിതിബോധ്യങ്ങളാണ് ഈ വിശകലനങ്ങളിൽ ഇവിടെ തെളിയുന്നത്. അതോടൊപ്പംതന്നെ പരമ്പരാഗത വിഭാഗത്തിലെ തൊഴിലാളി യൂണിയനുകൾ പരിസ്ഥിതിപ്രശ്നങ്ങളെ പ്രതിനിധീകരിക്കുന്നതിന്റെ ചില ചിത്രങ്ങൾ മത്സ്യത്തൊഴിലാളി അവകാശസമരങ്ങളിൽ കണ്ടെത്താനാവുമെന്ന് മുൻ അധ്യായത്തിലെ വിശകലനത്തിൽ വ്യക്തമായിട്ടുള്ളതാണ്. അതിനോട് കൂട്ടിച്ചേർക്കാവുന്ന ചില പ്രതികരണങ്ങളും ആൻഡ്രൂസ് നടത്തുന്നുണ്ട്.

> മെയ്ദിനം ലോകതൊഴിലാളിദിനമായി വർഷംതോറും വെറുമൊരു ആചാരം പോലെ തൊഴിലാളിസംഘടനകൾ റാലികളും യോഗങ്ങളും നടത്തിക്കൊണ്ടാടുമ്പോൾ പരമ്പരാഗത തൊഴിൽമേഖലയും തൊഴിലാളികളും ഇന്നെവിടെ നിൽക്കുന്നു? വനമേഖലയിൽ വനവിഭവങ്ങൾ ശേഖരിച്ച് ജീവിച്ചവർ, ഈറ്റത്തൊഴിലാളികൾ, മരം മുറിച്ചു വിറകുവെട്ടി ജീവിച്ചിരുന്നവർ, കൃഷിഭൂമിയിൽ രാപ്പകലന്യേ രക്തവും വിയർപ്പും ഒഴുക്കി പണിയെടുത്ത കർഷകത്തൊഴിലാളികൾ സമൃദ്ധമായിരുന്ന ജലാശയങ്ങളിലും കടലിലും പരമ്പരാഗത ശൈലിയിൽ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിച്ചിരുന്നവരും മത്സ്യം തലച്ചുമടായി തൊഴിൽ കണ്ടെത്തിയവരും ഓട് ,കയർ കശുവണ്ടിവ്യവസായങ്ങൾ, തുറമുഖങ്ങളിലെ കയറ്റിറക്ക തൊഴിലാ ളികൾ ഒക്കെ മൃതപ്രായരായിക്കഴിഞ്ഞു (ആൻഡ്രൂസ്, 2006: 95).
>
> ഇന്ന് കൊല്ലം തോടിനടുത്ത് കൂടി നടന്നുപോകുമ്പോൾ ആ തോടിന് എന്തെല്ലാം മാറ്റം സംഭവിച്ചിരിക്കുന്നു. വനനിബിഡമായ തോടരികുകൾ ഇന്നു വീടുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. തോട്ടിലെ തെളിനീരിന് പകരം

> മറ്റൊരു ദുർഗന്ധമേഖലയായി അത് മാറി. ചപ്പുചവറുകളുടെ കൂമ്പാരം, കലങ്ങിയ വെള്ളം. എപ്പോഴും ഒഴുക്കില്ല. ജലം നിശ്ചലമായി മലിനമാക്കപ്പെട്ടുകിടക്കുന്നു. തോടിനടിത്തട്ടിൽ ഒരാരവം. ഏതോ ഫാക്ടറി പ്രവർത്തിക്കുന്നതു പോലെയുള്ള ശബ്ദം. വിഷദ്രാവകവും മലിനജലവും തോടിൽ പതിക്കുന്ന ശബ്ദമാണത്. ഇന്നീ തോട് കണ്ടാൽ ദയനീയത തോന്നും. കാടുകളും വനങ്ങളും അപ്രത്യക്ഷമായി സൗന്ദര്യം നശിച്ച ഈ പ്രകൃതിയുടെ ദാനത്തെ ഇനിയെങ്കിലും സംരക്ഷിക്കുവാൻ ആരെങ്കിലും തയ്യാറാകുമോ? പരിസ്ഥിതിപ്രവർത്തകരുടെ മുറവിളി കാരണം ആശ്രാമത്തുള്ള കണ്ടൽക്കാടുകൾ വെട്ടി നശിപ്പിക്കുവാൻ ഉയർത്തിയ കോടാലിക്കൈകൾ ഇന്ന് പിന്തിരിഞ്ഞിട്ടുണ്ട്. ഇനി ശേഷിക്കുന്ന കണ്ടൽക്കാടുകളും വനങ്ങളും എങ്കിലും സംരക്ഷിച്ചുനിർത്താൻ നമുക്ക് എന്ത് ചെയ്യുവാൻ കഴിയും (ആൻഡ്രൂസ്, 2002: 105).
>
> ഭാരതത്തിന് പാരിസ്ഥിതികമായി ലഭിച്ചിരുന്ന പ്രകൃതിവിഭവങ്ങളിൽ വികസനത്തിന്റെ മറവിൽ ഏറ്റവും അധികം ചൂഷണം ചെയ്യപ്പെട്ടിരിക്കുന്നതു മത്സ്യസമ്പത്താണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യസമ്പത്ത് സംരക്ഷിക്കണമെന്നു മുറവിളികൂട്ടിയിരുന്ന കാലങ്ങളിൽ കായലും കടലും ഒരുവിധം സമൃദ്ധം ആയിരുന്നു. ഇന്ന് കായലും കടലും ശൂന്യമായതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കണമെന്ന മുറവിളിയുടെ ശബ്ദവും നിലച്ചിരിക്കയാണ്. തമ്മിൽ പൊരുതിയ ബോട്ടുകാരും വള്ളക്കാരും മത്സ്യസമ്പത്ത് സംരക്ഷിച്ച മത്സ്യത്തൊഴിലാളിസമൂഹത്തെ രക്ഷിക്കുന്നതിന് ഒന്നിച്ചിരുന്ന് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു (ആൻഡ്രൂസ്, 2006: 53).

'മത്സ്യസമ്പത്ത്' ഒരു പരിസ്ഥിതിവിഭവ ശോഷണവിഷയമായും കടൽ ഒരു സുസ്ഥിര ജലപരിസ്ഥിതിയായും തിരിച്ചറിയുന്നതിന്റെ ചില ചിത്രങ്ങളാണ് മുകളിൽ പ്രസ്താവിച്ചത്. ഫാക്ടറിമാലിന്യങ്ങൾ, കാടുകളുടെയും ജലാശയങ്ങളുടെയും സൗന്ദര്യം തുടങ്ങി പരമ്പരാഗത പരിസ്ഥിതിവാദങ്ങൾ ഇവിടെ വിശകലനങ്ങളിൽ സ്ഥാനം പിടിക്കുന്നു.

പരിസ്ഥിതിവിഷയങ്ങളെയും അതിന്റെ ചലനങ്ങളെയും തൊഴിൽജീവിതത്തിന്റെ രാഷ്ട്രീയോദ്ദേശ്യത്തിലൂടെ നോക്കിക്കാണുന്നു എന്നതാ ണിവിടെ പ്രസക്തമാകുന്നത്. രാഷ്ട്രീയപ്രവർത്തകനെന്ന നിലയിലുള്ള തന്റെ മുൻകാല മത്സ്യത്തൊഴിലാളിസ്വത്വം പല ഇടങ്ങളിലൂടെ സഞ്ചരിക്കുന്നു. തൊഴിലാളിനേതാവ് എന്ന വീക്ഷണകോണിൽ നിന്ന് സാമൂഹികപ്രവർത്തകൻ എന്ന സ്വത്വത്തെ ആഖ്യാനപരമായി നിർമ്മിക്കുന്നു എന്നതാണ് ശ്രദ്ധേയമായ കാര്യം.

> കായലുകളുടെ അടിത്തട്ടിൽ അടിഞ്ഞുകൂടിയുള്ള വിഷലിപ്തമായ ചെളികൾ നീക്കം ചെയ്ത് അവിടം ശുദ്ധീകരിക്കുക. കേരള സർക്കാർ പ്രത്യേക താൽപര്യമെടുത്തു ഗവേഷണ കപ്പലുകൾ അയച്ച് കടലിന്റെ അടിത്തട്ടിൽ നഷ്ടപ്പെട്ടുപോയ ഉറവിടങ്ങൾ പുനർനിർമ്മിക്കുക. ഫിഷറീസ് അധികാരികൾ, മത്സ്യത്തൊഴി ലാളികൾ, ശാസ്ത്രജ്ഞന്മാർ എന്നിവർ മുകളിൽ പറഞ്ഞ കാര്യത്തിൽ കൂട്ടായ ചർച്ച നടത്തി മത്സ്യമേഖലയെ രക്ഷിക്കണം (ആൻഡ്രൂസ്, 2006 : 65).

> മത്സ്യത്തൊഴിലാളിസമൂഹത്തിന്റെ നിലനിൽപ്പിനായി മത്സ്യസമ്പ ത്ത് സംരക്ഷിക്കുന്നതിന് കേരളത്തിൽ എമ്പാടും നടക്കുവാൻ പോകുന്ന സമരങ്ങൾ പൊതുജനങ്ങൾക്ക് മാർഗ്ഗതടസ്സമായി മാറുമ്പോൾ ഞങ്ങളെ ശപിക്കരുത്. കടലും കായലും വ്യവസായ ശാലയാക്കി മാറ്റി മത്സ്യസമ്പത്തും നശിപ്പിച്ച മത്സ്യത്തൊഴിലാളി സമൂഹത്തെ പാപ്പരാക്കി കോട്ടകൊത്തളങ്ങൾ സ്ഥാപിച്ചവരുടെ കോട്ടകൾ തകർത്തു മത്സ്യസമ്പത്ത് സംരക്ഷിക്കാനും ഞങ്ങൾക്ക്കൂടി ജീവിക്കാനും നിലനിൽക്കാനും ആയുള്ള പോരാട്ടമാണ് നടക്കുന്നത്. ഈ പോരാട്ടത്തിൽ നിങ്ങളും ഞങ്ങളോടൊപ്പം ഉണ്ടാകണം. മത്സ്യം ഭക്ഷിക്കുന്ന നിങ്ങൾ മത്സ്യംപിടിക്കുന്ന ഞങ്ങളെ രക്ഷിക്കണം (ആൻഡ്രൂസ്, 2006 : 29).

മത്സ്യസമ്പത്ത് നശിപ്പിക്കുന്നതിനെതിരെയും പരമ്പരാഗതവിഭാഗത്തിന്റെ നിലനിൽപ്പിനെയും കുറിച്ച് തലമുറയ്ക്കുള്ള രാഷ്ട്രീയബോധവൽക്കരണം രചനകളിൽ പ്രാധാന്യത്തോടെ ഇവിടെ കടന്നുവരുന്നു. തീരദേശത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ

നിലനിൽപ്പിന്റെ വിവിധ വിഷയങ്ങൾ അറിയിച്ചുകൊണ്ട് സാഹസികവും കഷ്ടപ്പാടുകൾ നിറഞ്ഞതുമായ തൊഴിൽജീവിതത്തെ ആഖ്യാനം ചെയ്യുന്നു. ഈ വിഷയത്തിൽ ജനപിന്തുണ ആവശ്യപ്പെടുന്ന തീരപ്രവർത്തകൻ എന്ന വ്യക്തിസ്വത്വം പരിവർത്തനാനുഭവങ്ങളിൽ നിർണായകമായിത്തീരുന്നുണ്ട്.

ആൻഡ്രൂസിന്റെ രണ്ടാമത്തെ അനുഭവാഖ്യാനത്തിലെ ഒരധ്യായം 'കടലിന്റെ മക്കൾ കേഴുന്നു'എന്നാണ്. കേരളതീരത്തെ മത്സ്യത്തൊഴിലാളി സംഘർഷങ്ങളുടെ വെളിച്ചത്തിൽ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലത്തിലേക്ക് ഇത്തരം വിഷയങ്ങൾ ഇറങ്ങിച്ചെല്ലുകയും സ്വാധീനപരമായ രീതിയിൽ വിവിധ കാഴ്ചപ്പാടുകൾ രൂപീകരിക്കപ്പെടുകയുമുണ്ടായി എന്ന് മുൻ അധ്യായത്തിൽ വ്യക്തമാക്കിയതാണ്. ആൻഡ്രൂസിന്റെ ഓരോ രചനകളിലെ അധ്യായങ്ങളുടെയും ശൈലികൾ ഈ ജനപ്രതികരണങ്ങളെയും സാംസ്കാരിക സംഭാഷണങ്ങളെയും അഭിമുഖീകരിച്ചുകൊണ്ടുള്ളതാണ്. തീരപ്രവർത്തകനായ ആൻഡ്രൂസിന്റെ മത്സ്യബന്ധനരംഗത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും തീരപൊതുമണ്ഡലത്തെ അഭിസംബോധന ചെയ്യുന്നതോ രൂപപ്പെടുത്തലുകളോ ആണ്. തൊഴിൽ പാർശ്വവൽക്കരണത്തെയും സ്ഥാനഭ്രഷ്ടതയെയും അടയാളങ്ങളാക്കിക്കൊണ്ടാണിത് സാധ്യമാകുന്നത്. പരിസ്ഥിതിചലനങ്ങളെ പരിശോധിക്കുന്നതിലൂടെ വർഗപരസ്വത്വവും പരിസ്ഥിതിബോധവും വഹിക്കുന്ന വ്യക്തിബോധം ഇവിടെ വികസനത്തിന്റെ വിമർശനപരമായ ഒരു സംസ്കാരത്തെ അഭിമുഖീകരിക്കുന്നതായി കണ്ടെത്താൻ സാധിക്കും. മലിനമാക്കപ്പെട്ട പരിസ്ഥിതിയെന്ന വാദങ്ങൾക്ക് പുറമേ പ്രകൃതിപ്രതിഭാസങ്ങൾ, കാലാവസ്ഥാവിഷയങ്ങൾ എന്നിവകൂടി വിശാലമായി പരാമർശിക്കുന്നു. പുതിയ തീരതൊഴിലാളികൾ, തൊഴിൽപ്രവർത്തകർ എന്നിങ്ങനെ വ്യക്തിഗതമായ സ്വത്വത്തിന്റെ തന്മയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ആൻഡ്രൂസ് സാമൂഹ്യശാസ്ത്രനിരീക്ഷകനും കൂടിയായി ഇവിടെ മാറുന്നു. പരിസ്ഥിതി-ആഗോളസമ്പദ് രാഷ്ട്രീയവിമർശനങ്ങളെ രചനയിലൂടെ വിപുലീകരിക്കുന്നു. വേദന, നീതി, അന്തസ് എന്നീ അവകാശവിഷയങ്ങൾക്ക് പുറമേ മുതലാളിത്തവിമർശനമായി പരിസ്ഥിതി ആഖ്യാനങ്ങളെ ഉപയോഗിക്കുന്നത് ആധുനികവൽക്കരണശ്രമങ്ങളോട് വിയോജിപ്പുള്ള പരിവർത്തന മത്സ്യത്തൊഴിലാളിസ്വത്വത്തെ ഊട്ടിയുറപ്പിക്കാൻ സഹായിക്കുന്നു. ഈ പാഠങ്ങൾ ആൻഡ്രൂസ് തന്റെ രചനകളിൽ

ആത്മപ്രതിനിധാനത്തിന്റെ (Self-representation) സങ്കീർണ്ണ തലങ്ങളെ ദൃശ്യമാക്കുന്നതിന്റെ രേഖയാണ്.

## 3.3 യൂണിയൻ സമരപാഠങ്ങൾ

കേരളതീരത്ത് മുൻകാലങ്ങളിൽ സജീവമായിരുന്ന മുതലാളിത്ത അനുഭവങ്ങളുടെ സ്വഭാവത്തിലുള്ള അടിമ-ഉടമ ബന്ധത്തെയും പരമ്പരാഗതരംഗത്ത് കാലാകാലങ്ങളായി നിലവിലിരുന്ന തൊഴിൽസമ്പ്രദായങ്ങളിലെ ഫ്യൂഡൽപ്രവണതകളെയും ആൻഡ്രൂസ് തന്റെ രചനകളിൽ ചിത്രീകരിക്കുന്നു. തീരത്തിന്റെ തൊഴിൽബന്ധങ്ങളുടെ ഒരു അർധ-ഫ്യൂഡൽസ്വഭാവത്തെയിത് ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം വരച്ചിടുന്ന ഈ സംഘർഷങ്ങളുടെ ഓർമ്മകൾ തീരത്ത് നിലനിന്നിരുന്ന അസമത്വപരമായ സാമൂഹിക-സാമ്പത്തിക വ്യത്യാസങ്ങൾക്ക് ആധുനികവൽക്കരണങ്ങളോടെ എന്ത് സംഭവിക്കുന്നു എന്ന ചോദ്യത്തിലേക്ക് നയിക്കുന്നു. ഒരു വിഭാഗം മുതലാളിത്തവർഗം ആധുനികീകരണങ്ങളോടെ ശക്തിപ്രാപിച്ചത് എങ്ങനെയെന്നും അവയോട് ദേശം, മതം എന്നിവയുടെ ആഭിമുഖ്യങ്ങൾ എപ്രകാരമായിരുന്നുവെന്നും ആൻഡ്രൂസ് പ്രധാനമായും വിശദീകരിക്കുന്നു. പുറന്തള്ള പ്പെട്ടവരും അധഃസ്ഥിതരുമായ മത്സ്യത്തൊഴിലാളി ജീവിതകഥകളിലൂടെയാണ് ആൻഡ്രൂസ് ഇത്തരം ചരിത്രങ്ങൾ രേഖപ്പെടുത്തുന്നത്. അദ്ദേഹം ഒരു കുടുംബത്തിന്റെ ചിത്രം ഇങ്ങനെ വരയ്ക്കുന്നു:

> അലക്സും മകനും ക്ഷേമപ്രവർത്തനങ്ങളുടെ ഗ്രൂപ്പിൽ ചേർന്നു സർക്കാരിലേക്ക് അപേക്ഷ കൊടുത്തിരുന്നു. എന്നാൽ വലിയൊരു തടസ്സമെന്നത് കൊല്ലം കടലോരം മേഖലയിലെ തെക്കേതീരത്തുള്ള ഒരു കമ്പാവല ഉടമയ്ക്ക് അയാളും ആറുവർഷമായി അയാളുടെ മകനും 20 വർഷമായി അടിമയായിരുന്നു. പുരമേയാനും മറ്റുമായി വാങ്ങിയ 2000 രൂപയ്ക്ക് ഉടമയ്ക്കു കടക്കാരനുമാണ്. അയാൾക്ക് മുഴുവൻ തുകയും നൽകാൻ പറ്റിയില്ല. അതിൽ ചെറിയൊരിളവ് നൽകണമെന്ന അപേക്ഷയും പരിഗണിക്കപ്പെട്ടില്ല (ദീർഘകാലത്തെ സേവനം പരിഗണിച്ച് ബാക്കി തുക ഇളവുചെയ്ത് തന്നെ മോചിപ്പിക്കണമെന്നപേക്ഷിച്ചു). എന്നാൽ ഉടമ ഉടൻതന്നെ കടൽക്കോടതി വിളിച്ചുകൂട്ടി. അലക്സ് വാങ്ങിയ മുഴുവൻ തുകയും നൽകണമെന്ന് മറ്റു വലക്കാരും

പ്രമാണിമാരും ചട്ടമ്പിമാരും ചേർന്ന് തീരുമാനിച്ചു. മാത്രമല്ല, മകൻ ആറുമാസം കൂടി വലയിൽ പണിയെടുക്കണമെന്നും എങ്കിലേ അതിൽ നിന്നും മോചനമുള്ളൂ വെന്നും . ഒടുവിൽ താനിടപ്പെട്ട് പ്രശ്നം താൽക്കാലികമായി പരിഹരിച്ചു (ആൻഡ്രൂസ്, 2006: 42).

ഞങ്ങൾ അക്കാലത്ത് അടിമപ്പണി ചെയ്തിരുന്നു. മത്സ്യത്തൊഴി ലാളികളെ മോചിപ്പിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. അവരെ പൂർവകാല ഇടപാടുകളിൽ നിന്നും അടർത്തി, നാലുപേർ വീതം ചേർന്ന് ഗ്രൂപ്പുകളാക്കി ബാങ്കുവായ്പയ്ക്ക് അർഹരാക്കി. മത്സ്യബന്ധന ഉപകരണങ്ങളുടെ കൂട്ടുടമകളാക്കി. അവരുടെ അമിതാധ്വാനം ഒഴിവായി. മത്സ്യവില്പനയിൽ നടന്നിരുന്ന ചൂഷണം നിർത്തലാക്കി. അധ്വാനത്തിന്റെ വില അന്നന്ന് ലഭിക്കുമെന്നായി. സർക്കാരിൽനിന്നു ലഭിക്കുന്ന അവകാശങ്ങൾ ഇവർക്കും കിട്ടാൻ അവസരമൊരുക്കി. പരേതനായ ഫാദർ ലൂയിസ് പനികുളങ്ങരയുടെ നേതൃത്വത്തിൽ ത്യാഗമനോഭാവമുള്ള കുറേ മത്സ്യത്തൊഴിലാളികൾ പ്രവർത്തിച്ചതിനാലാണ് അത് സാധിച്ചത് (ആൻഡ്രൂസ്, 2006: 41).

മത്സ്യബന്ധനരംഗങ്ങളിൽ സാമ്പ്രദായികമായി തുടർന്നുപോന്നിരുന്ന ഉൽപ്പാദന ബന്ധങ്ങളിലെ ചില പ്രവണതകൾ ഉടമ-അടിമ രീതിയിലായിരുന്നു എന്നാണ് ആൻഡ്രൂസ് ഇവിടെ എടുത്തുപറയുന്നത്. തീരപ്രദേശത്തെ ഈ പ്രശ്നങ്ങളെ നേരിടുന്നതിൽ മത്സ്യത്തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ അദ്ദേഹം അടിവരയിടുന്നു. തീരപ്രദേശങ്ങളിൽ രൂപംകൊണ്ട യൂണിയൻ പ്രവർത്തനങ്ങളുടെ നേതൃത്വരീതിയും സാമൂഹികോദ്ധാരണ പ്രവർത്തനങ്ങളുടെ സ്വഭാവവും ഇവിടെ കാണാം. യൂണിയൻ സംവിധാനത്തിന്റെ നേട്ടങ്ങളായിട്ടാണ് ആൻഡ്രൂസ് അലക്സിന്റെയും കുടുംബത്തിന്റെയും അനുഭവത്തെ പങ്കുവെക്കുന്നത്. ആധുനികവൽക്കരണത്തെത്തുടർന്ന് ഉടമസംവിധാനങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ തീരത്തെ വ്യവസ്ഥാപിതസംവിധാനങ്ങളെ പല നിലയിൽ മാറ്റിപ്പണിതിട്ടുണ്ടെന്ന സൂചന ഇത് നൽകുന്നു. ഇതേ ഉദ്ദേശ്യങ്ങളിൽ ആദ്യകാലങ്ങളിൽ തിരുവനന്തപുരത്തെ സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ നടന്ന 'മരിയനാട് പ്രോജക്റ്റ്' ചൂഷണങ്ങൾക്കെതിരെയുള്ള പ്രധാന മോഡലായിരുന്നു. മീൻപിടിത്ത ഉപകരണങ്ങൾ

കൈവശം വെക്കുന്നവരും മീൻവില്പന നടത്തുന്നവരുമായ മുതലാളിത്തസ്വഭാവത്തിലുള്ള സാമൂഹിക ബന്ധങ്ങൾ തീരത്ത് സജീവമായിരുന്ന ഒരു കാലഘട്ടത്തെ ഈ പ്രതിപാദനങ്ങൾ തുറന്നുവെക്കുന്നുണ്ട്. വർഗവ്യത്യാസത്തിന്റെ രൂക്ഷതയും അതിന്റെ വൈരുധ്യങ്ങളും രചനകളിൽ കാണാം. *കടൽമുത്ത്* എന്ന പുസ്തകത്തിൽ 'കല്ലറാൾ' എന്ന അധ്യായത്തിൽ കല്ലിലെ റാൾകൊഞ്ചിനെ പിടിക്കുന്നതിനെത്തുടർന്ന് ചൂണ്ടക്കാരും ട്രോളറുകാരും തമ്മിലുണ്ടായ നീണ്ടുനിന്ന സംഘർഷത്തെ വിവരിക്കുന്നുണ്ട്.

> അന്നു രാത്രി നടന്ന പൊരിഞ്ഞ പോരാട്ടത്തിൽ വലകളും തോണികളും നശിക്കപ്പെട്ടു. മത്സ്യത്തൊഴിലാളികൾ തമ്മിൽ തല്ലി. ഇത് കുറേനാൾ നീണ്ടുനിന്നു. രക്തരക്ഷസ്സുകൾ ഇത് മുതലെടുത്തു. ഇന്ന് ഒരു കിലോ റാളും കൊഞ്ചിന് 200 രൂപ വിലയുണ്ട്. കൊഞ്ചിനുവേണ്ടി കാത്തിരിക്കുന്ന പട്ടിണിക്കോലങ്ങളായ കുറേ മത്സ്യത്തൊഴിലാളികളും അതിനുള്ള വലകളും ഇന്നും തീരത്തുണ്ട്. അവരുടെ മനസ്സിൽ പഴയ മുറിപ്പാടിന്റെ ഓർമ്മകൾ മാത്രം (ആൻഡ്രൂസ്, 2002:96).

വിവിധ മീൻപിടിത്തരീതികളിലൂടെ ഉപജീവനം നടത്തിപ്പോന്ന മത്സ്യ ത്തൊഴിലാളികൾ തമ്മിലുള്ള ഏറ്റുമുട്ടലുകളുടെ രൂക്ഷമായ ഘട്ടങ്ങളെ കുറിക്കുന്നതാണ് ഈ ഭാഗങ്ങൾ. ട്രോളറുകളും ചൂണ്ടപ്പണിയും രണ്ടു തരം തൊഴിൽസ്വഭാവം പുലർത്തുന്നതുകൊണ്ടു മാത്രമല്ല അവയിലെ അധികാരബന്ധങ്ങളുടെ നിൽപ്പും ഒരു പ്രധാനഘടകമാണെന്ന് ചൂണ്ടിക്കാട്ടുന്നു. കാലങ്ങളായി അലിഖിതമായി നിലനിന്നിരുന്ന വില്പനയും വിപണനവും എപ്രകാരം പുതിയ സാഹചര്യത്തിൽ സങ്കീർണമാകുന്നു എന്നതിവിടെ വ്യക്തമാകുന്നു. മീൻ വില്പനയിൽ നടക്കുന്ന ചൂഷണങ്ങളെപ്പോലെത്തന്നെ മുതലാളിമാരുടെ ലാഭക്കൊതിയിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങളും ആൻഡ്രൂസ് രചനകളിൽ മറ്റു ചിലയിടങ്ങളിൽ പ്രത്യേകം എടുത്തു പറയുന്നു.

> ഈ വർഷം നേരത്തേ എത്തിച്ചേർന്ന കാലവർഷം ജൂൺ ഒന്നുമുതലേ ആരംഭിച്ചു. കേരളത്തിന്റെ തീരപ്രദേശം ഉഗ്രമായ കടലാക്രമണത്തിനിരയായി. കടലിന്റെയും കടൽജീവികളുടെയും ചരിത്രവും ശാസ്ത്രവും തിരമാലകളുടെ ഗതിവിധികളും അറിയാത്ത ഒരുപറ്റം

> കടൽക്കൊള്ളക്കാരായ ബോട്ട്മുതലാളിമാർ ശക്തികുളങ്ങരതുറമുഖം തകർത്തുകൊണ്ടിരുന്നു. തിരമാലകളുടെ ഭാവമാറ്റം വകവയ്ക്കാതെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ നിസ്സഹായത മുതലെടുത്ത് ബോട്ടുകളെ മത്സ്യബന്ധനത്തിനായി കടലിലേക്ക് ഇറക്കിവിട്ടുകൊണ്ടിരുന്നു. ശക്തികുളങ്ങര തുറമുഖത്തിന് പടിഞ്ഞാറുള്ള പരപ്പനപ്പാരിൽ നിരന്തരമായി തിരയടിച്ചുകൊണ്ടിരിക്കുന്നത് ബോട്ടുടമകൾക്കു കാണാവുന്ന തേയുള്ളൂ. ആജ്ഞ അനുസരിക്കാതിരിക്കാൻ തൊഴിലാളികൾക്ക് കഴിയുമായിരുന്നില്ല. അനുസരിച്ചില്ലെങ്കിൽ പിറ്റേന്ന് മുതൽ പണിയില്ല. ഇക്കാലത്ത് തിരകളിൽ ബോട്ട് മുങ്ങിപ്പോവുക സാധാരണം. അക്കൂട്ടത്തിൽ എട്ടാം തീയതി നിർബന്ധിച്ച് ഇറക്കിയ ദാസന്റെ ബോട്ടും ശക്തികുളങ്ങരതുറമുഖത്ത് പരപ്പനപ്പാരിലെ തിരമുറിച്ച് കടക്കാൻ ശ്രമിക്കവെ ശക്തമായി ആഞ്ഞടിച്ച തീരത്തള്ളലിൽ ബോട്ട് താണു. അതിലുണ്ടായിരുന്ന നാലു തൊഴിലാളികളും പ്രാണരക്ഷാർത്ഥം കടലിലേക്ക് ചാടി. അവർ നീന്തി നീന്തിക്കിടന്നു. അപ്പോഴേക്കും ബോട്ട് കടലിന്റെ അടിത്തട്ടിലേക്ക് താണുകഴിഞ്ഞിരുന്നു (ആൻഡ്രൂസ്, 2006: 36).

കടലിലെ പ്രതികൂലമായ സാഹചര്യങ്ങളിൽ യന്ത്രവൽകൃതരംഗം അതിനെ വകവയ്ക്കാതെ പണിക്കിറങ്ങിയതുമൂലം സംഭവിച്ച ദുരന്തങ്ങളാണിവിടെ വിശദീകരിക്കുന്നത്. ലാഭത്തെപ്രതി തൊഴിലാളികളെ കടലിലിറക്കി അപകടത്തിനിരയാക്കുന്നതിന്റെ ഉത്തരവാദികൾ കടൽക്കൊള്ളക്കാരായ മുതലാളിത്ത വർഗമാണെന്ന് വിവരിക്കുന്നു. ഉപജീവനത്തിൽനിന്ന് ലാഭസ്വഭാവത്തിൽ ക്രമികമായി വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യമേഖലയെ മാറ്റിപ്പണിതതിന്റെ വിമർശനമാണ് ഇതിലൂടെ ആൻഡ്രൂസ് ഇവിടെ ഉയർത്തുന്നത്. മത്സ്യത്തൊഴിലാളികളിലെ ഒരു പ്രധാന വിഭാഗമായ യന്ത്രവൽകൃത തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളുടെ മാനങ്ങളെയാണ് അദ്ദേഹം ഊന്നിപ്പറയുന്നത്. മത്സ്യത്തൊഴിലാളികളിലെ ഒരു വിഭാഗം നിർധനരായ തൊഴിലാളികളായിത്തീരുന്നവരും മറ്റൊരുവിഭാഗം ശക്തരായ മുതലാളിത്തശക്തികളായി വളരുന്നതും ഇപ്രകാരം വിവരിക്കുന്നു. ഇരുവിഭാഗവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ പരിവർത്തനാനുഭവങ്ങളുടെ ഘട്ടങ്ങളിൽ എന്തായിത്തീരുന്നു എന്നും അദ്ദേഹം അറിയിക്കുന്നു.

തീരമേഖലയിൽ ചെമ്മീൻ എന്നത് പ്രധാന ചരക്കായി മാറുന്നതും വിപണനരംഗത്തെ കുതിപ്പായിത്തീരുന്നതും അതിലെ ആഗോളസമ്പദ് വ്യവസ്ഥയുടെ സ്വാധീനങ്ങളും തീരമേഖലയുമായി ബന്ധപ്പെട്ട് ആധുനികീകരണങ്ങളുടെ ചർച്ചയിൽ സാമൂഹികചരിത്രവിമർശകർ ഉന്നയിക്കുന്നുണ്ട്. 'Pink Gold rush'[10] എന്ന് വിളിക്കുന്ന ഒരുതരം 'കരിക്കാടി ചെമ്മീൻ' കേരളതീരത്തുണ്ടാക്കിയ വൻതോതിലുള്ള വ്യാവസായികവളർച്ചയും കനത്ത മൂലധനകേന്ദ്രീകരണവും വ്യാപകമായി കേരളതീരത്തെ മാറ്റിമറിക്കുന്നുണ്ട്. മൺസൂൺകാലത്തെ ട്രോളിങും ചെമ്മീൻവിപണി കേന്ദ്രീകരിച്ച് തീരത്ത് ഉയർന്നുവന്ന പുതിയ സാമ്പത്തികശക്തികളും മാറ്റങ്ങൾക്ക് ആക്കം കൂട്ടി. ചെമ്മീൻ കേന്ദ്രീകരിച്ചുണ്ടായ മാറ്റങ്ങളെ ആൻഡ്രൂസ് പ്രധാനമായും പരമ്പരാഗതരംഗത്തിന്റെ വീക്ഷണകോണിൽ തന്റെ രചനകളിൽ അപഗ്രഥിക്കുന്നുണ്ട്.

> മൺസൂൺകാലങ്ങളിൽ പിടിച്ചെടുക്കുന്ന കരിക്കാടിചെമ്മീൻ ഒരുകിലോ 800 എണ്ണം വരെ തൂങ്ങുന്നു. സെപ്റ്റംബർ മാസത്തിൽ കിട്ടുന്ന കരിക്കാടിചെമ്മീൻ ഒരു കിലോയ്ക്ക് 200-300 എണ്ണമേ തൂങ്ങുകയുള്ളൂ. പ്രജനനകാലത്ത് പൂർണവളർച്ചയെത്താതെ ട്രോൾ നെറ്റുപയോഗിച്ച് കരിക്കാടിചെമ്മീൻ നശിപ്പിക്കുന്നതിനെ കാണാൻ കഴിയാതെ മൺസൂൺകാലത്ത് കരിക്കാടിചെമ്മീൻ പിടിച്ചെടുത്തില്ലെങ്കിൽ കോടികളുടെ നഷ്ടത്തിന്റെ കണക്ക് പറയുന്നവരെ നോക്കി സഹതപിക്കാനേ കഴിയൂ. ഇവരുടെ തൊഴിലാളിസ്നേഹവും കാണാൻ കഴിയും (ആൻഡ്രൂസ്, 2002: 22 ).

യന്ത്രവൽകൃതരംഗത്തെ മത്സ്യത്തൊഴിലാളികൾ ട്രോൾനെറ്റുപയോഗിച്ച് നടത്തുന്ന മീൻപിടിത്തം പ്രധാനമായും ചെമ്മീൻവിപണിയെ ലക്ഷ്യംവെച്ചാണ് നടന്നിട്ടുള്ളത്. ഇതിനെത്തുടർന്ന് പരമ്പരാഗതരംഗവുമായി നടന്ന സംഘർഷങ്ങളിൽ ഉപകരണങ്ങൾക്കും തൊഴിലാളികൾക്കും നേരെയുണ്ടായ അക്രമങ്ങളും ചൂഷണങ്ങളും ഇരുവിഭാഗത്തിനും നഷ്ടങ്ങളും വേദനയുമുണ്ടാക്കിയിരുന്നു. മുകളിൽ പ്രസ്താവിച്ച പല ഭാഗങ്ങളിലും ആൻഡ്രൂസ് ചൂണ്ടിക്കാട്ടുന്നത് ചെമ്മീൻ വിപണി കേന്ദ്രമാക്കി ഒരുവിഭാഗം അനിയന്ത്രിതമായി മീൻപിടിക്കാനും മറ്റൊരു വിഭാഗം അതിനെ ചെറുത്തു നിന്നതും എന്ന രീതിയിലാണ്. അക്കാലത്തെ മീൻപിടിത്തരീതികളിലെ ഈ വ്യാവസായികമുന്നേറ്റങ്ങൾ

തൊഴിലാളികളിൽ ഏൽപ്പിക്കുന്ന അമിതാധ്വാനവും ചൂഷണങ്ങളും ഇതോടൊപ്പം വെളിപ്പെടുത്തുന്നു. ഈ പശ്ചാത്തലങ്ങളിലാണ് മത്സ്യത്തൊഴിലാളികൾക്കിടയിൽ സ്വാതന്ത്ര്യവും നീതിയും കൈവരിക്കുന്നതിന്റെ അനിവാര്യമായ വ്യവസ്ഥയായി യൂണിയൻ പ്രവർത്തനങ്ങളെ അദ്ദേഹം അടയാളപ്പെടുത്തുന്നത്. രചനകളിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ പരിവർത്തനാനുഭവങ്ങളുടെ അടയാളവും ആവിഷ്കാരവുമായി മാറുന്നതിലെ പ്രധാന ഘടകമാണ് യൂണിയൻ പ്രവർത്തനങ്ങൾ. തീരത്തെ മത്സ്യത്തൊഴിലാളി അംഗങ്ങളെയും മറ്റ് യൂണിയൻ പ്രവർത്തകരെയും അഭിസംബോധന ചെയ്യുന്നതിലും സമരമുന്നേറ്റങ്ങൾ ചിത്രീകരിക്കുന്നതിലും എല്ലാം സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട തീരത്തെ യൂണിയൻപ്രവർത്തനങ്ങൾ പ്രധാന സ്ഥാനം നേടുന്നു. വർഗസമ്പ്രദായങ്ങളുമായി പൊരുത്തപ്പെടുന്ന ഒരു പുതിയ മത്സ്യത്തൊഴിലാളിസ്വത്വത്തെയാണ് മത്സ്യത്തൊഴിലാളിയൂണിയനുകൾ പ്രതിനിധീകരിച്ചതെന്ന് ഈ ഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

> തെക്കേ കൊമ്പിൽ വല കയറിക്കഴിഞ്ഞാൽ അവിടത്തെ കുറേ പേർക്ക് ചട്ടമ്പിഫീസ് കൊടുക്കണം. ഇത് പലപ്പോഴായപ്പോൾ തൊഴിലാളികൾ എതിർപ്പ് കാണിച്ചു. ഫലം മർദ്ദനമായിരുന്നു. തുടർന്ന് ശക്തമായ ഏറ്റുമുട്ടൽ നടന്നു. തെക്കേ കൊമ്പുകാർ ചാട്ടുളിയൊക്കെയെടുത്ത് ഭീഷണിപ്പെടുത്തി. മനസ്സ് തളരാതെ തൊഴിലാളികൾ അതിനെ നേരിട്ടു. അതിന്റെ ഫലമുണ്ടായി. ചട്ടമ്പി ഫീസ് വളരെ കുറഞ്ഞു (ആൻഡ്രൂസ്, 2002:91).

മത്സ്യത്തൊഴിലാളിയൂണിയന്റെ നേതൃത്വത്തിലുള്ള ഇടപെടലുകൾ വിപണന രംഗത്തെ അന്യായമായ കൂലിയും മധ്യസ്ഥന്മാർക്ക് നൽകുന്ന അനധികൃത ഫീസും നിർത്തലാക്കിയ പ്രവർത്തനങ്ങളെ എടുത്തുകാണിക്കുന്നതാണ്. എന്നാൽ അതോടൊപ്പംതന്നെ ആൻഡ്രൂസ് മത്സ്യത്തൊഴിലാളികളിലെ ഒരു വിഭാഗത്തിന്റെ പാർശ്വവൽക്കരണ ജീവിതത്തിന്റെ വിപുലമായ സാഹചര്യങ്ങൾ ഇതിലൂടെ പുറത്തു കൊണ്ടുവരുകയും ചെയ്യുന്നു. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷ (കെ.എസ്.എം.ടി.എഫ്.)ന്റെ പ്രധാന ശക്തികേന്ദ്രമായ കൊല്ലം യൂണിയന്റെ പ്രവർത്തനങ്ങൾ പാരമ്പര്യരംഗത്തിന്റെ സമരകാലഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നതാണ്. കൊല്ലം ആൻഡ്രൂസിന്റെ പ്രവർത്തനമണ്ഡലമായതു

കൊണ്ടുതന്നെ അദ്ദേഹം വിവരിക്കുന്ന സമരപ്രവർത്തനങ്ങൾ യൂണിയന്റെ നേതൃത്വത്തിലുള്ള കൊല്ലം മേഖലയിലെ തീരരംഗത്തിന്റെ ഒരവലോകനചിത്രം നൽകുന്നു.

> നൊമ്പരങ്ങൾ നിറഞ്ഞ ഭൂമിയാണ് കൊല്ലം കടലോരം. കടബാധ്യതയും തൊഴിലില്ലായ്മയും മൂലം നട്ടംതിരിയുന്ന ഒരു ജനത. ബാങ്കുകാരാലും ബ്ലെയിഡുകാരാലും ഞെരുക്കപ്പെടുന്ന ഒരു ജനസമൂഹം. ശൂന്യമായ കടലിനെ നോക്കി നെടുവീർപ്പിടുമ്പോൾ കടൽ വീണ്ടും ശൂന്യമാക്കുന്നതിനു സുനാമി വന്നു. മരിച്ചിട്ടും മരിക്കാത്തവരെപ്പോലെ കഴിഞ്ഞ ജനത്തിനു ജീവനും നിലനില്പും ഇല്ലാത്ത അവസ്ഥയായി. ഒരുതുണ്ട് ഭൂമിയില്ല. തലചായ്ക്കാൻ ഇടമില്ല. പൊരുതി നേടിയ അവകാശങ്ങൾ ഒന്നൊന്നായി നഷ്ടപ്പെടുന്നു. കരിമണൽലോബികളും വെള്ളമണൽലോബികളും കടലോരവും കടലിനടിത്തട്ടും നശിപ്പിക്കുന്നു (ആൻഡ്രൂസ്, 2006 :11).

1984-ൽ മത്സ്യസമ്പത്തു സംരക്ഷിച്ച് മത്സ്യത്തൊഴിലാളികളെ രക്ഷിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് കൊല്ലം തീരത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നടത്തിയ സമരങ്ങളെ ഐതിഹാസികചരിത്രമായിട്ടാണ് ആൻഡ്രൂസ് വിവരിക്കുന്നത് 'കരയിലും കടലിലും നടത്തിയ ചരിത്രപ്രസിദ്ധമായ പോരാട്ടം' (ആൻഡ്രൂസ്, 2006: 43) എന്നാണ്. തീരക്കടലിൽ മത്സ്യബന്ധനം നടത്തിക്കൊണ്ടിരുന്ന വള്ളക്കാരെ ആക്രമിച്ച ട്രോളിങ് ബോട്ടുകളെ നേരിട്ടതിന്റെ സമരപാഠങ്ങൾ രചനകളിൽ നിർണായകമായിത്തീരുന്നു. അതോ ടൊപ്പംതന്നെ സർക്കാറുമായി ബന്ധപ്പെട്ട ക്ഷേമപ്രവർത്തനങ്ങളിൽ തൊഴിലാളികൾക്ക് അർഹമായ സഹായങ്ങൾ ലഭ്യമാക്കിയതിന്റെ വിവരണങ്ങളും പ്രാധാന്യത്തോടെ ആൻഡ്രൂസ് ചിത്രീകരിക്കുന്നു.

> പീറ്ററിനെ സംഭവസ്ഥലത്തു നിറുത്തിയിട്ടു ഞാനും അഗസ്റ്റിനും വേഗത്തിൽ മൂതാക്കര വന്നു. ശാഖാ യൂണിയൻ സെക്രട്ടറി എസ്. ജെയിംസിനെ കണ്ടു. സംഭവം പറഞ്ഞു മനസ്സിലാക്കി. അതിനു ശേഷം, മരിച്ച ജെയിംസിന്റെ ഭാര്യ മാർഗ്രറ്റിനു ജെയിംസിന്റെ മരണാനന്തര ധനസഹായം മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിൽനിന്നു വാങ്ങുന്നതിനുള്ള നടപടിയുടെ ഭാഗമായി ശാഖാ സെക്രട്ടറി എസ്. ജെയിംസിനെയും അഗസ്റ്റിനെയും കൊല്ലം തങ്കശേരി

ക്ഷേമനിധി ആഫീസറെ പള്ളിമുക്കിലുള്ള അവരുടെ വസതിയിൽ ചെന്നു വിവരം അറിയിക്കുന്നതിനായി പറഞ്ഞയച്ചു (ആൻഡ്രൂസ്, 2006:43).

ഇത്തരത്തിൽ കൊല്ലം പ്രദേശത്തെ യൂണിയൻപ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്നതിലൂടെ സജീവമായ തീരരാഷ്ട്രീയത്തെ കൂടുതൽ വിശ്വസ്തതയോടെ പ്രതിനിധീകരിക്കുന്ന രചനാകർതൃത്വത്തെ ഓർമ്മിപ്പിക്കുന്നു. സമര മുന്നേറ്റങ്ങളും മറ്റു സന്നദ്ധപ്രവർത്തനങ്ങളും അവതരിപ്പിച്ചുകൊണ്ട് രാഷ്ട്രീയ സ്വത്വത്തിന്റെ മെച്ചപ്പെടുത്തലിന്റെ ആവശ്യങ്ങൾ നിർദേശിക്കുന്നു. തീരദേശത്തെ പരമ്പരാഗതരംഗത്തിനു പുറമേയുള്ള മറ്റു സംഘടനകൾ, തൊഴിൽ വിഭാഗങ്ങൾ എന്നിവരിൽനിന്നുള്ള ഒരു വേർതിരിവിനെയാണിത് വ്യക്തമാക്കുന്നത്. തീരരംഗത്തെ പരമ്പരാഗതരംഗം പ്രതിനിധീകരിക്കുന്ന പ്രധാന വിഷയങ്ങളായ തൊഴിൽപ്രശ്നങ്ങൾ, കടൽപരിസ്ഥിതി എന്നിവയെ സംബന്ധിച്ച ധാർമ്മികമായ ചോദ്യങ്ങളെ പ്രസക്തമാക്കി നിർത്തുന്നു. പരമ്പരാഗതരംഗത്തെക്കുറിച്ചും സമരങ്ങളെക്കുറിച്ചുമുള്ള ആവിഷ്കാരങ്ങളിൽ ഈ സാമൂഹികസംഘാടനങ്ങൾ ആഖ്യാനപരമായ പിന്തുണ നൽകുന്നു. കൊല്ലംതീരത്തെ യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ സമരപ്രവർത്തനങ്ങളുടെ 'സത്യത്തെ' വിശദീകരി ക്കുന്ന ഈ കർതൃസ്ഥാനങ്ങൾ തീരപരിവർത്തനനാനുഭവങ്ങളുടെ പ്രധാന അടയാളങ്ങളായി ഇടം നേടുന്നു.

### 3.4 ഘടനാപരമായ അക്രമങ്ങൾ

യന്ത്രവൽക്കരണസംഘർഷത്തിനു പുറമേ തീരരംഗത്തെ ഒരു വിഭാഗത്തിൽ നിലനിൽക്കുന്ന അധഃസ്ഥിതാവസ്ഥകളും വിവിധ പുറത്താക്കലുകളും രചനയിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നുണ്ട്. കത്തോലിക്കാസഭയിലെ അധികാര കേന്ദ്രീകരണം, വിദ്യാഭ്യാസം, നിയമനിർമ്മാണം, തുടങ്ങിയ വിവിധതരം പ്രശ്നങ്ങളിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മത്സ്യബന്ധനസ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികളോടുള്ള പ്രതികരണങ്ങൾ ആഖ്യാനം ഏറ്റെടുക്കുന്നു. സാമ്പത്തികത്തകർച്ച, ദൈനംദിന അതിക്രമങ്ങൾ, ഗാർഹികതയുടെ അരക്ഷിതാവസ്ഥകൾ എന്നിവ പ്രത്യേക സംഭവങ്ങളായി ക്രമപ്പെടുത്തുന്നു. പല കോണിൽനിന്നും യന്ത്രവൽകൃത-സാങ്കേതികമാറ്റത്തെ മത്സ്യബന്ധനമേഖലയുടെ പ്രതിസന്ധിയായി ചിത്രീകരിക്കാനുള്ള ശ്രമമാണിവിടെ കാണുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളി സമരരംഗത്തെ ജീവിത പ്രശ്നങ്ങളിലൂടെയുള്ള

ഈ പ്രതിപാദനം സമകാലിക സാഹചര്യങ്ങളിൽ ആഖ്യാനത്തെ നിലനിർത്തുന്നതിന് സഹായിക്കുന്നു. തീരദേശത്തെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട സമരങ്ങളാണ് *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങളി*ൽ പ്രധാനമായും കടന്നുവരുന്നത്. വികസനപ്രവർത്തനങ്ങൾമൂലം തീരത്തുണ്ടാകുന്ന കടലേറ്റങ്ങളിൽ വീടുകൾ നശിച്ചതും ആളുകൾക്ക് സംഭവിച്ച അപകടങ്ങളും പ്രധാനമായും അദ്ദേഹം വിവരിക്കുന്നു.

> കഴിഞ്ഞ അമ്പതുവർഷക്കാലം കടലിലും കരയിലും മത്സ്യബന്ധന രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ച ആന്റണിച്ചേട്ടൻ. വിവാഹപ്രായമായ മകളെ കെട്ടിച്ചയക്കാൻ കിടപ്പാടം വിറ്റതിനു ശേഷം കടപ്പുറത്തെ തിര കയറിയിറങ്ങുന്ന സ്ഥലത്ത് കൂരവെച്ച് ഭാര്യയും ബാക്കിയുള്ള മക്കളുമായി അന്തിയുറങ്ങുന്നു. മത്സ്യക്കൊയ്ത്തിന്റെ കാലഘട്ടങ്ങളിൽ തരകനും കടപ്പുറംമുതലാളിമാരും പള്ളിക്കാരു മൊക്കെ ട്രോളർ- റിംഗ്സീൻ ഉടമകളായി മാറി. രാത്രിയും പകലും കടൽക്കൊള്ള നടത്തി മത്സ്യത്തൊഴിലാളിസമൂഹത്തെ പാപ്പരാക്കി. അങ്ങനെ ഗതിമുട്ടിയ എത്രയോ പേർ (ആൻഡ്രൂസ്, 2006:27).

> അനസ്താസ് ആറേഴ് വർഷങ്ങൾക്കു മുമ്പ് കടപ്പുറത്തുള്ള വീട്ടിൽ മത്സ്യബന്ധനം കഴിഞ്ഞ് ഉറങ്ങിക്കിടക്കുകയായിരുന്നു. ശക്തമായ തിരമാല വീട്ടിൽ കയറി. വീടിന്റെ മേൽക്കൂര തലയിലും ശരീരത്തിന്റെ പലഭാഗത്തും വീണു. പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ മരണമടഞ്ഞു. വിധവയായ ഭാര്യക്ക് കുറേനാൾ കഴിഞ്ഞ് അസുഖം ബാധിച്ച് കൈയ്യും കാലും തളർന്നു കിടപ്പിലായി. ഈ സമയത്താണ് കോടതിവിധി വന്നിരിക്കുന്നത്. ഇത്തരം നിരവധി സംഭവങ്ങൾ മത്സ്യമേഖലയിലുണ്ട്. ആദിവാസി-മത്സ്യത്തൊഴിലാളി-കയർ മേഖലകളിൽ പട്ടിണിമരണങ്ങൾ നടക്കുന്നത് കാണാൻ കഴിയാത്ത ഭരണാധികാരികളേ, മത്സ്യബന്ധനമേഖലയുമായി പുലബന്ധം പോലുമില്ലാത്തവരേ, കടലും കായലും നശിപ്പിക്കാൻ കൂട്ടുനിന്ന രാഷ്ട്രീയക്കാരേ, ക്രിസ്തുസ് വിൽപ്പന ചരക്കാക്കിയവരേ, പീഡിതജനതയുടെ

> രോദനമാണ് ക്രിസ്മസ് സന്ദേശം എന്ന് മനസ്സിലാക്കാൻ ഇനിയും വൈകരുത് (ആൻഡ്രൂസ്, 2006 :69).

യന്ത്രവൽക്കരണത്തിനു പുറമേ സ്റ്റേറ്റിന്റെ വികസനത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ ഓരോന്നായി ചൂണ്ടിക്കാട്ടുന്നു. ബ്രേക്ക്-വാട്ടർപദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായിട്ടുള്ള കടൽക്ഷോഭത്തിൽ സംഭവിച്ച അപകടങ്ങളെ വിവരിക്കുന്നുണ്ട്. ബെഞ്ചമിൻ എന്ന മത്സ്യത്തൊഴിലാളി കടൽക്ഷോഭത്തിൽ വീട് തകർന്നു മരണപ്പെടുകയുണ്ടായി. അനസ്തസ് എന്ന തൊഴിലാളി നേരിട്ട കഠിനയാതനകൾ ഈ പ്രശ്നങ്ങളുടെ തീവ്രതയെ സാക്ഷ്യപ്പെടുത്തുന്നു.

> കൊല്ലം തങ്കശ്ശേരി ബ്രേക്ക് വാട്ടർ നിർമ്മാണത്തിന്റെ ആരംഭത്തിൽ മൂതാക്കര മുതൽ പള്ളിത്തോട്ടം വരെ കടപ്പുറത്തു ണ്ടായിരുന്ന മത്സ്യത്തൊഴിലാളിഭവനങ്ങളിൽ പലതും കടലെടുത്തു പോയിരുന്നു. പകരം ചിലർക്കൊക്കെ ചെറ്റപ്പുരകൾ കിട്ടി. പലരും ഭവനരഹിതരായി അലഞ്ഞുതിരിയുന്നു. തങ്കശ്ശേരി ബ്രേക്ക് വാട്ടർപദ്ധതികളുടെ സമഗ്ര വികസനത്തിനാണത്രേ! (ആൻഡ്രൂസ്, 2006 :38).

നിലവിലെ മത്സ്യത്തൊഴിലാളിചിത്രങ്ങളുടെ സംഭവാഖ്യാനങ്ങൾ അവസാന രചനയായ *അറേബ്യൻ ഹൃദയത്തുടിപ്പുകൾ* എന്ന പുസ്തത്തിലേക്ക് എത്തുമ്പോൾ തൊഴിൽബന്ധങ്ങളിൽ ഗവൺമെന്റ്തലത്തിലും വ്യാവസായിക അടിസ്ഥാനത്തിലുമുണ്ടായ മാറ്റങ്ങളുടെ സംവിധാനങ്ങളെ വിമർശനദൃഷ്ട്യാ അടയാളപ്പെടുത്തുന്നു. അപ്രതീക്ഷിതമായ അപകടങ്ങൾ, കടൽ അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ജീവിതസാഹചര്യം, കടലാക്രമണരൂക്ഷത, അതിനിരയായ കുടുംബങ്ങളുടെ നിസ്സഹായാവസ്ഥ എന്നിവയെക്കുറിച്ച് വിവരിച്ചു കൊണ്ടിങ്ങനെ പറയുന്നു:

> വിതയ്ക്കുന്നതെല്ലാം രാഷ്ട്രീയമുതലെടുപ്പിന് വേണ്ടി കൊയ്യണം എന്ന രാഷ്ട്രീയദുഷ്ടലാക്കുള്ള കോമരങ്ങളും അവർക്ക് ഓശാനപാടുന്നവരും മീൻപിടിത്തക്കാരന്റെ അനുഭവത്തിന്റെ അറിവിന്റെ ശാസ്ത്രത്തെ

തള്ളിക്കളയുകയാണ് ചെയ്യുന്നത്. അവരുടെ സ്വാർത്ഥതാൽപര്യ ത്തിനും നിലനിൽപ്പിനുംവേണ്ടി (പുറം,56).

> സ്വകാര്യ കപ്പലുകൾക്ക് ആഴക്കടലിൽ മീൻപിടിത്തത്തിന് അവസരം നൽകിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മാത്രമല്ല, യന്ത്രവൽകൃത മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരും ഒരുപോലെ അഭിമുഖീ കരിക്കുന്ന പ്രശ്നങ്ങളിലൊന്നായി വിലയിരുത്തുന്നു (ആൻഡ്രൂസ്, 2006 :33).

സർക്കാർരംഗത്തെ മത്സ്യമേഖലയെ സംബന്ധിച്ച നിയമനിർമ്മാണങ്ങൾ പല രംഗത്തുമുള്ള മത്സ്യത്തൊഴിലാളികളെയും ഒരുപോലെ ബാധിക്കുകയും അവരെ അദൃശ്യവൽക്കരിക്കുന്നതുമാണ് എന്നാണ് അദ്ദേഹം എത്തിച്ചേരുന്ന പ്രധാന നിഗമനം. മത്സ്യത്തൊഴിലാളികളുടെ സംഘടിതശക്തി തകർക്കാനുള്ള ഗൂഢതന്ത്രങ്ങളായിട്ടാണ് അദ്ദേഹം സർക്കാർ വാഗ്ദാനം ചെയ്യുന്ന ക്ഷേമ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നത്.

> പെൻഷൻപദ്ധതി, ലാപ്സംഗ്രാന്റ്, ക്ഷേമനിധി, മത്സ്യഫെഡ്, മത്സ്യബന്ധന നിയന്ത്രണനിയമങ്ങൾ, അധ്വാനഭാരം കുറയ്ക്കാൻ യന്ത്രം, വള്ളം നിർമ്മിക്കാൻ തടിക്കു പകരം പ്ലൈവുഡ് ക്ഷേമസഹായപദ്ധതി, മൺസൂൺ ട്രോളിങിന് ഭാഗിക നിരോധനം, റിംഗ് സീൻ, മിനി ട്രോളിങ്, എൻ.സി.ഡി.സിയിൽ നിന്നു ലക്ഷങ്ങളുടെ വായ്പ എന്നിങ്ങനെ വിവിധ വിഷയങ്ങൾ മത്സ്യത്തൊഴിലാളികളെ തമ്മിൽത്തല്ലിക്കാനുള്ള ഉപജാപങ്ങളായി കാണുന്നു (ആൻഡ്രൂസ്, 2006 :33).

തൊഴിലാളികളുടെ ഐക്യം തകർക്കുന്നതിലും അവരെ ഇരുപക്ഷത്താക്കി സംഘർഷങ്ങൾ സൃഷ്ടിക്കുന്നതിലും സർക്കാർ പ്രവർത്തനങ്ങളുടെ പങ്ക് എന്താണെന്ന് അദ്ദേഹം ഇവിടെ സൂചന നൽകുന്നു. പരമ്പരാഗതവിഭാഗം നേരിട്ട യന്ത്രവൽകൃതമുന്നേറ്റത്തിന്റെ പ്രതിസന്ധികൾക്കപ്പുറം വ്യവസായവൽക്കരണത്തിലും സർക്കാർമധ്യസ്ഥതയിലുള്ള ക്ഷേമപ്രവർത്തനങ്ങളിലും (ബാങ്കുകൾ, വായ്പകൾ) കൂടുതൽ പിന്നോക്ക വിഭാഗമായിത്തീരുകയായിരുന്നു എന്ന വിമർശനം അദ്ദേഹം ഉന്നയിക്കുന്നു.

പുറന്തള്ളപ്പെട്ടവർ എന്ന നിലയ്ക്ക് മത്സ്യബന്ധനരംഗത്തെ ചിത്രീകരിക്കുന്നത് ഇത്തരം വിശകലനങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും വെളിച്ചത്തിലാണെന്നത് ശ്രദ്ധേയമാകുന്നു. ദീർഘകാലമായ ആഘാതത്തിന്റെ സ്വഭാവത്തിന്റെയും ദൈനംദിനപ്രശ്നങ്ങളുടെയും രണ്ടുതരം അനുഭവങ്ങളിലായാണ് അക്രമങ്ങളെ പുനഃക്രമീകരിക്കുന്നത്. സർക്കാറിന്റെ ശാസ്ത്ര-വ്യവസായ-വികസനശക്തിയും മത്സ്യത്തൊഴിൽരംഗവും തമ്മിലുള്ള മത്സരപരമായ ബന്ധത്തെ ഇത് ആധാരമാക്കുന്നു.

### 3.5 പുരുഷതൊഴിലാളികളും ആത്മാഭിമാനവും

പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളെ അപമാനിതരായവരും പുറന്തള്ളപ്പെട്ടവരും വിമോചനം കാംക്ഷിക്കുന്നവരുമായുള്ള ചിത്രീകരണങ്ങളിൽ തൊഴിൽ ആത്മാഭിമാനം സ്വത്വനിഷ്ഠമായ തലം കൈവരിക്കുന്നതെങ്ങനെ എന്നത് പ്രധാന ചോദ്യമായി കടന്നുവരുന്നു. പരമ്പരാഗതരംഗങ്ങളുടെ ആത്മാഭിമാനത്തെ ആൻഡ്രൂസ് രചനകളിൽ അവതരിപ്പിക്കുന്നത് ആധുനിക മൂല്യങ്ങളെയും പ്രതിബദ്ധതയെയും രൂപീകരിച്ചുകൊണ്ടാണ്. തൊഴിലാളികളിൽ ആരോപിക്കുന്ന പ്രത്യേകമായ ഒരു വിമോചനപ്രതീക്ഷയുടെ ആന്തരിക പ്രേരണയിലാണിത് പ്രവർത്തിക്കുന്നത്. യന്ത്രവൽക്കരണത്തെ തുടർന്നുണ്ടായ തീരത്തെ സംഘർഷങ്ങളെയും അസ്വസ്ഥതകളെയും മറികടക്കാനുള്ള ശ്രമങ്ങളായി തന്റെ തീരപ്രവർത്തകൻ എന്ന വ്യക്തിത്വത്തെ ചിത്രീകരിക്കുന്ന തിലൂടെയാണ് ഇതിന്റെ വിശദാംശങ്ങൾ ആൻഡ്രൂസ് വെളിപ്പെടുത്തുന്നത്. പരിവർത്തനത്തിന്റെ വീക്ഷണകോണിൽനിന്ന് നോക്കുമ്പോൾ അദ്ദേഹത്തിന്റെ അനുഭവവിവരണം പുരോഗമിക്കുന്ന പ്രധാന ഇടങ്ങളിലൊന്ന് പരമ്പരാഗത രംഗവും യന്ത്രവൽക്കരണരംഗവും തമ്മിലുള്ള സംഘർഷമാണ്. യന്ത്രവത്കൃത രംഗത്തെ കടൽക്കൊള്ളക്കാരായി ചിത്രീകരിച്ചുകൊണ്ട് ഈ മേഖലയുടെ നേരുകളില്ലാത്ത ജീവിതത്തിന്റെ അക്രമപ്രവർത്തനങ്ങളിലൂടെയാണ് ഈ വേർതിരിവ് പ്രകടിപ്പിക്കുന്നത്. മറ്റൊന്ന് സ്റ്റേറ്റ്-മത മേലധികാരികൾ ഉൾപ്പെടുന്ന കച്ചവട-സാമ്പത്തിക -നയതന്ത്രശക്തികളും. ഈ അധികാര ശക്തികൾക്ക് മറുപുറമായി രചനകളിലുടനീളം മത്സ്യത്തൊഴിലാളികളിൽ പരമ്പരാഗത വിഭാഗത്തെ പ്രതിനിധീകരിക്കുന്ന ചൂണ്ടപ്പണിക്കാർ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളിലെ മറ്റു വിദഗ്ധവിഭാഗങ്ങളെ ആൻഡ്രൂസ്

വിന്യസിക്കുന്നുണ്ട്. ആൻഡ്രൂസിന്റെ ആദ്യപുസ്തകമായ *കടൽമുത്തിലെ* 'ഞങ്ങൾ' പ്രധാനമായും ചൂണ്ടപ്പണിയുടെ തന്മയെ ഊന്നിയായിരുന്നു രചിച്ചിട്ടുള്ളത്. ഈ മീൻപിടിത്തസ്വത്വത്തെ ആധാരമാക്കുന്ന ആഖ്യാനത്തിലൂടെയാണ് ജന്തുജാലങ്ങൾ, കടലിലെ പ്രതിഭാസങ്ങൾ, മീൻ തങ്ങുന്ന ഇടം എന്നിവ വിവരിക്കുന്നത്. യന്ത്രവൽക്കരണത്തെയും വ്യവസായ മുതലാളിത്തരൂപങ്ങളെയും നേരിടുന്ന നഷ്ടങ്ങളുടെയും തകർച്ചയുടെയും രൂപത്തിലാണ് ഈ പരമ്പരാഗതതൊഴിൽരംഗത്തെ പുതിയ മത്സ്യത്തൊഴിലാളി സ്വത്വസങ്കല്പത്തെ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ദൃഢനിശ്ചയമുള്ള പ്രതീക്ഷകളുള്ള പുതിയ ലോകത്തിന്റെ ഒരു രൂപീകരണം അദ്ദേഹം ഉന്നംവെക്കുന്നു. അധ്വാന ത്തെക്കുറിച്ചുള്ള മനോഭാവങ്ങൾ പുനഃസൃഷ്ടിക്കുന്ന, ഭാവിയെ അടിസ്ഥാന മാക്കിയുള്ള ഏകീകരണസ്വഭാവങ്ങൾ ആഖ്യാനങ്ങളിൽ ഈ യാഥാർത്ഥ്യത്തെ ഓർമ്മിപ്പിക്കുന്നു. ഈ രാഷ്ട്രീയവ്യാഖ്യാനങ്ങൾ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട ഒരു പുതുമത്സ്യത്തൊഴിലാളി സങ്കല്പത്തിന് സാക്ഷ്യം വഹിക്കുന്നു. സ്റ്റേറ്റ് നേതൃത്വത്തിലുള്ള വികസനശ്രമങ്ങളെയും പൊതുസമൂഹത്തോടുള്ള പ്രതികരണമെന്ന നിലയിലുള്ള സവിശേഷമായ പ്രകാശനങ്ങളെയും അനാവരണം ചെയ്യുമ്പോൾ അതിനോടുള്ള പുരുഷമൂല്യങ്ങളുടെ വിഷയങ്ങൾ ഇവിടെ കണ്ടെത്താനാവും. തൊഴിൽ ധാർമ്മികത ഉയർത്തുന്നതിലെ തൊഴിലാളിത്ത സവിശേഷതകൾ ആദർശപുരുഷത്വത്തെ വഹിക്കുന്നു. ഒരു 'പുരുഷതൊഴിലാളി ടൈപ്പ്' ഈ ആഖ്യാനങ്ങൾ വിശദീകരിക്കുന്നു. വ്യക്തികൾ നേരിടുന്ന ക്ലേശകരമായ അനുഭവങ്ങൾ, നേട്ടങ്ങൾ, അവരുടെ ഓർമ്മയുടെ രൂപങ്ങൾ എന്നിവയുടെ ഇമേജുകൾ നിർമ്മിക്കുന്നതിൽ ഇങ്ങനെ 'പുരുഷ തൊഴിലാളി ടൈപ്പ്' കണ്ടെത്താനാകും. രചനകളിൽ ചിത്രീകരിക്കുന്ന ആദർശ തൊഴിലാളിപദാവലികൾ ഇതിനോട് ചേർന്നുനിൽക്കുന്നു. വർഗവിമർശനം, ജാതി-സമുദായബന്ധങ്ങളുടെ പുനരുൽപ്പാദനം, തൊഴിൽബന്ധങ്ങൾ എന്നിവയിലൂടെ 'മത്സ്യത്തൊഴിലാളിപുരുഷ' ടൈപ്പിനെ ആൻഡ്രൂസ് കണ്ടെത്തുന്നു. ഇതിനുപുറമേ പൗരോഹിത്യ-വരേണ്യജാതിബന്ധങ്ങളോടും സ്റ്റേറ്റ് നേതൃത്വങ്ങളോടുമുള്ള തീരപ്രദേശത്തിന്റെ രാഷ്ട്രീയബോധ്യത്തെ ന്യായീകരിക്കുന്നതിനായിട്ടാണ് ഈ ആഖ്യാനശ്രമങ്ങങ്ങൾ പ്രത്യേക ഇടങ്ങളിൽ കടന്നുവരുന്നത്.

ഒന്നാമതായി അദ്ദേഹം തൊഴിലാളികളായ പിതാക്കൻമാരുടെയും സഹപ്രവർത്തകരുടെയും പോരാട്ടസ്വത്വത്തെ രചനകളിൽ പ്രചോദനമാക്കുന്നു. മത്സ്യത്തൊഴിലാളികളായ തങ്ങളുടെ പിതാക്കൻമാരുടെ പൈതൃകത്തെ മുൻനിർത്തുന്ന രചനാഭാഗങ്ങൾ ഉടനീളം കണ്ടെത്താനാകും. അവ പൂർവാപരക്രമമുള്ളതും അതിന്റെ വിഷയം ഒരു നിശ്ചിതമായ ആഖ്യാനങ്ങളിൽ അധിഷ്ഠിതവുമാണ്. കടലിൽ വെച്ചുണ്ടാകുന്ന അപകടങ്ങളും അതിനെത്തുടർ ന്നുള്ള സഹായങ്ങളും വരച്ചുകൊണ്ട് തങ്ങൾക്കിടയിലെ സാഹോദര്യത്തെ പ്രസ്താവിക്കുന്നതാണ് ഇതിലെ പ്രധാന പ്രകടനങ്ങൾ. എളിമയുടെയും നിഷ്കളങ്കതയുടെയും ഉത്തരവാദിത്വബോധത്തിന്റെയും പുതിയ കാഴ്ച്ചകളാണ് ഈ ആദർശതൊഴിലാളികളുടെ സവിശേഷത.

> നീന്തി നീന്തി കൈയും കാലും കുഴഞ്ഞപ്പോൾ ഞാൻ കടൽചട്ടയും ഉടുമുണ്ടും ഉരിഞ്ഞുകളഞ്ഞു. ഭാരം അല്പം കുറഞ്ഞുകിട്ടിയതുപോലെ വള്ളം ചെറുതുണ്ടുകളായി പൊട്ടിക്കീറി തെക്കോട്ടുള്ള ചാലിൽ കരയ്ക്കടിഞ്ഞുകൊണ്ടിരുന്നു. കടലോട്ടം അല്പം ശാന്തമായി. വീണ്ടും കരയിലേക്ക് നീന്താനൊരുങ്ങി. ആരുടെയോ കൈകൾ എന്നെ പൊക്കിയെടുക്കുന്നുണ്ടായിരുന്നു. ആന്റണിയമ്മാവൻ. അദ്ദേഹം ദൈവദൂതനെപ്പോലെയെത്തി എന്നെ കൈക്കു പിടിച്ച് നീന്തി കരയ്ക്ക് എത്തിച്ചു (ആൻഡ്രൂസ്, 2002:78).

> ചരിത്രം കണ്ടിട്ടുള്ളതിൽ ഏറ്റവും ശക്തമായ മത്സ്യത്തൊഴി ലാളിസമരം നടന്ന 1984-ൽ പോർട്ട്കൊല്ലം ശാഖയുടെ പ്രവർത്തകനായിരുന്നു ജോസഫ്. 1984-ൽ നടന്ന സമരം വിജയിപ്പിക്കുന്നതിന് എതിർപ്പിന്റെ എല്ലാ ശക്തികളെയും മുൻപന്തിയിൽ നിന്നു നേരിടുന്നതിലും ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കുന്നതിലും അദ്ദേഹം അതീവ തത്പരനായിരുന്നു (ആൻഡ്രൂസ്, 2006 :7).

> എന്നെപ്പോലെ തന്നെ ക്ഷീണിതനായിരുന്ന ആ വലിയ മത്സ്യം ഒരു കുഞ്ഞുമത്സ്യത്തെപ്പോലെ ഞാൻ വലിക്കുന്ന ചരടിൽ ഒഴുകി തോണിക്കരികിലേക്ക് വന്നു. വലിയൊരു അഴകയായിരുന്നു അത്.

അഞ്ചോളം ഇനം അഴുകകളുണ്ട്. അതിൽ ഏറ്റവും ശക്തവും വലിപ്പമുള്ളതുമാണ് പേഴ അഴക. ചൂണ്ടയിൽ കൊരുത്ത ഈ ഭീമനെ തോണിയിൽ കയറ്റുന്നതിന് വള്ളത്തിലുള്ളവരും സഹായിച്ചുതന്നു. നൂറ്റിഅൻപതോളം വിലവരുന്ന ഈ ഭീമനുമായി ക്ഷീണവും തളർച്ചയും മറന്നു ഞാൻ കരയിലേക്ക് തോണിതുഴഞ്ഞു. ദൈവദൂതനെപ്പോലെ ഓടിയെത്തി എന്നെ സഹായിച്ച മാനുവലിനും പഴയ കമ്പനിക്കാർക്കും നന്ദി പറയാൻ ഞാൻ മറന്നില്ല (ആൻഡ്രൂസ്, 2002:81) .

ഓർമ്മ തെളിഞ്ഞപ്പോൾ ബെഡ്ഡിൽ കിടക്കുന്നു. ആശുപത്രി യിലാണെന്ന് മനസ്സിലായി. ഫിലോമിന അടുത്തിരുന്നു കരയുന്നുണ്ടായിരുന്നു. എന്റെ മനസ് മന്ത്രിച്ചു എന്നെ രക്ഷിച്ച തൊഴിലാളികൾക്ക് നന്ദി (ആൻഡ്രൂസ്, 2002: 63).

കടലിൽവെച്ച് സംഭവിച്ച അപകടങ്ങളിൽ രക്ഷകരായി എത്തുന്ന തങ്ങളുടെ പിതാക്കൻമാരുടെയും മറ്റു തൊഴിലാളികളുടെയും നിസ്വാർഥസേവനങ്ങളെ ഈ ഖണ്ഡങ്ങളിൽ വിവരിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ പ്രതിരൂപമായ രക്ഷകദൗത്യ ത്തെയും അതോടൊപ്പം കരുത്തരും ശക്തരുമായ പുതിയ തൊഴിലാളിത്തത്തെയും വിഭാവന ചെയ്തുകൊണ്ടാണ്. അത് ഓർമ്മയുടെ രൂപങ്ങളുമായി ചേർന്ന് പരസ്പര ഉത്തരവാദിത്തം, സാമൂഹികപ്രവർത്തനം, അവകാശങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നു. ഓർമ്മയെ പ്രതിപാദിക്കുന്നതിലെ ശക്തമായ ഭാഗമാണ് അനുസ്മരണം. മുൻകാലങ്ങളിൽ പരമ്പരാഗത രംഗത്തെ മത്സ്യത്തൊഴിലാളികൾ കടലിനോട് എതിരിട്ട് അനായാസമായി പ്രവർത്തിക്കുന്നതും ഇവരുടെ തൊഴിൽരീതി സുഗമമായ നീക്കങ്ങളും ക്രമീകരണങ്ങളുമുള്ളതുമായ ഒന്നായി ചിത്രീകരിക്കുന്നതിനു പുറമേ ഇദ്ദേഹം ഈ രംഗത്തെ യൂണിയൻപ്രവർത്തകരെ അഭിസംബോധന ചെയ്യുകയും അവരുടെ ധീരമായ പ്രവൃത്തികളെ സ്മരിക്കുകയും ചെയ്യുന്നു. *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ* എന്ന അനുഭവാഖ്യാനത്തിലെ ആദ്യത്തെ അധ്യായം സമരപ്രവർത്തകനും സുഹൃത്തുമായ ജോസഫിന്റെ വേർപാടിനെത്തുടർന്ന് സമരത്തിലെ അദ്ദേഹത്തിന്റെ ധീരതയെ ഓർമ്മിക്കുന്നതാണ്:

മത്സ്യത്തൊഴിലാളിയെന്ന ഗർജിക്കുന്ന സിംഹം ഇതാ എന്റെ മുന്നിൽ. വലതുകൈ ഉയർത്തി ആവേശത്തോടെ 'മത്സ്യത്തൊഴി ലാളി യൂണിയൻ

സിന്ദാബാദ്, ചലോ ചലോ കളക്ടേറ്റ് ഞങ്ങൾ പിക്കറ്റ് ചെയ്യും'. കൈ താഴ്ത്തി ആൻഡ്രൂസ് ചേട്ടാ, നമ്മൾ തോൽക്കരുത് ... ഒരിക്കലും തോൽക്കരുത്. ആ ശബ്ദം കാതുകളിൽ അലയടിക്കുന്നു (ആൻഡ്രൂസ്, 2006: 17).

മറ്റൊരു സുഹൃത്തായ ജോർജിന്റെ കടലിൽവെച്ചുണ്ടായ അപകട മരണത്തെക്കുറിച്ച് "ഉണ്ടംകല്ലിൽ പൊലിഞ്ഞ സ്വപ്നം" എന്ന അധ്യായത്തിൽ ഇങ്ങനെ ഓർമ്മിക്കുന്നു:

> പോർട്ട് കൊല്ലം പള്ളിസെമിത്തേരിയിൽ വൈകുന്നേരം അഞ്ചുമണിയോടെ ശവസംസ്കാരം നടന്നു. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ പോർട്ട് കൊല്ലംശാഖ ആരംഭിക്കുന്നതിനുള്ള ശ്രമത്തെ പലരും തടസ്സപ്പെടുത്തിയിരുന്നു. അതെല്ലാം നേരിട്ടുകൊണ്ട് തെരുവുകളിലും കടലിലും കടപ്പുറത്തും സ്വാധീനക്കുറവുള്ള കാലുമായി ജോർജിന്റെ ചുറുചുറുക്കോടെയുള്ള യാത്രയും തൊഴിലാളികളോടുള്ള ഇടപെടലും എന്റെ സ്മരണയിൽ തെളിഞ്ഞുനിൽക്കുന്നു. ധർമ്മസംഘക്കാരുമായുള്ള ഏറ്റുമുട്ടലിൽ പരിക്കുപറ്റിയിട്ടും എനിക്ക് ആവേശവും ധൈര്യവും പകർന്നുതന്ന ആ തേജസ്സുറ്റ മുഖം ഉണ്ടങ്കല്ലിൽ പൊലിഞ്ഞ ജോർജ് - എന്നെന്നും എന്റെ മനോമുകരത്തിൽ തെളിഞ്ഞുനിൽക്കും (ആൻഡ്രൂസ്, 2006 : 35).

സമരപ്രവർത്തകരായ മത്സ്യത്തൊഴിലാളികളുടെയും മറ്റു പിതാക്കൻമാരുടെയും ആദർശധീരതയിൽ ഊന്നിയാണ് ആൻഡ്രൂസ് പൗരുഷസ്വഭാവത്തിലുള്ള കരുത്തിനെ പ്രഖ്യാപിക്കുന്നത്. അവകാശസമരങ്ങളിൽ ധർമ്മസംഘക്കാ (ബോട്ടുമുതലാളി)രുടെ ആക്രമണങ്ങളിൽ തനിക്ക് ധൈര്യവും ആവേശവും പകർന്ന ഒരാളാണ് സമരപ്രവർത്തകനായ ജോർജ് എന്ന് ആൻഡ്രൂസ് വിവരിക്കുന്നു. പാർശ്വവൽകൃതസാഹചര്യത്തെ എതിരിടുന്നതും ഉപജീവന പ്രശ്നങ്ങളിൽ പോരാടുന്നതുമായ ഈ പുരുഷതൊഴിലാളിസങ്കല്പം പ്രധാനമായും യന്ത്രവൽകൃതമേഖലയെ കടൽക്കൊള്ളക്കാരും അക്രമികളുമായി ചിത്രീകരിച്ചു കൊണ്ടാണ് സ്ഥാപിക്കുന്നത്. മറ്റൊരു സുഹൃത്തായ ജോസഫിന്റെ വേർപാടിനെ സമരപ്രവർത്തനങ്ങളിലെ തൊഴിലാളിധീരതയുടെ മാതൃകയായി വൈകാരികാനുഭവങ്ങളിലൂടെ ഈവിധം സ്ഥാപിക്കുന്നു. പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴി ലാളികളെ ധീരരും കരുത്തുറ്റവരുമാക്കി ആഖ്യാനം മുന്നേറുന്നതിൽ ആൻഡ്രൂസിന്റെ വ്യക്തിതലത്തിലുള്ള

ആന്തരികമായ ശബ്ദങ്ങളും ചേരുന്നു. താൻ മത്സ്യത്തൊഴിലാളി ആയിരിക്കെ കൈക്കൊണ്ട ത്യാഗങ്ങൾക്കും നിസ്വാർഥമായ അർപ്പണബോധത്തിനും അടിവരയിടുകയും ചെയ്യുന്നു.

> പെരിയവരുടെയും കടുക്കച്ചാരുടെയും ശവശരീരങ്ങൾ കടലിൽ ആർക്കും കണ്ടെത്താൻ കഴിഞ്ഞില്ല. ഇവർ സ്രാവുകളുടെ ഭക്ഷണമായി തീർന്നു കാണും എന്നാണ് മാർട്ടിൻ ചേട്ടൻ പറഞ്ഞത്. കടുക്കച്ചാർക്ക് അഞ്ച് പെൺമക്കളും പെരിയവർക്ക് മൂന്നു പെൺമക്കളും ഉണ്ട്. ഇവരുടെയും മക്കളുടെയും നിലവിളിയുടെ ശബ്ദം ഇന്നും കാതുകളിൽ മുഴങ്ങുന്നതായി മാർട്ടിൻ ചേട്ടൻ പറയുന്നു. സർക്കാറിന് നാളിതുവരെ കടലിൽ വീണ ഏതു മത്സ്യത്തൊഴി ലാളിയെ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മാർട്ടിൻ ചേട്ടൻ വികാരവായ്പോടെ ചോദിക്കുന്നു (ആൻഡ്രൂസ്, 2006 :45).

കടലിൽ അപകടത്തിൽപ്പെട്ടു കാണാതായ പെരിയവർ, കടുക്കച്ചാര് എന്നിവരുടെ അപകടസമയത്ത് ഒപ്പമുണ്ടായിരുന്ന മാർട്ടിൻ എന്ന മറ്റൊരു മത്സ്യത്തൊഴി ലാളിയുടെ വിവരണങ്ങൾക്കാണ് ആൻഡ്രൂസ് ഇവിടെ ശബ്ദം നൽകുന്നത്. ഇങ്ങനെ തന്റെ ചുറ്റുമുള്ളവരുടെ ജീവിതവും ചരിത്രവും കൂട്ടിയിണക്കുന്ന ഒരു ആഖ്യാനരീതിയിൽ പ്രവർത്തിച്ചുകൊണ്ടാണ് തൊഴിലാളിതന്മയെ കെട്ടിപ്പടുക്കുന്നത്. അതിന്റെ ആദർശാത്മകതയെ തിരിച്ചറിയാവുന്ന മറ്റു പ്രധാന സന്ദർഭങ്ങളാണ് രക്തസാക്ഷിത്വത്തിന്റെ ചിത്രങ്ങൾ കടന്നുവരുന്ന ഭാഗങ്ങൾ:

> പട്ടിണിയുടെ കലാപഭൂമിയായി മാറിക്കൊണ്ടിരിക്കുന്ന തീരങ്ങളിലൂടെയുള്ള നമ്മുടെ അന്വേഷണം മത്സ്യത്തൊഴിലാളി സമൂഹത്തിനു വേണ്ടി ജീവിതം ബലിയർപ്പിച്ച ജോയിച്ചൻ ആന്റണി, ജോൺ ഫെർണാണ്ടസ്, സെബാസ്റ്റ്യൻ കല്ലുപുരയ്ക്കൽ, എൻ പീറ്റർ , ഇ ജി. പീറ്റർ എന്നിവരിലൂടെ തുടരുകയാണ്. ഇവരുടെ പ്രവർത്തന കാലയളവിൽ മത്സ്യത്തൊഴിലാളിസമൂഹം നിരവധി അവകാശ ങ്ങൾ നേടിയിരുന്നു. മെയ്ദിനം അടിസ്ഥാനജനതയുടെ സമഗ്ര വിമോചനത്തിനു വേണ്ടിയുള്ള ചിന്തകളുടെ ദിനം ആകണം. അതിനു മണ്മറഞ്ഞ നമ്മുടെ പ്രിയനേതാക്കൾ മത്സ്യത്തൊഴിലാളി സമൂഹത്തിന് നൽകിയ സംഭാവനകൾ വഴികാട്ടട്ടെ (ആൻഡ്രൂസ്, 2006 :53).

> 1990-ൽ മെയ് 15-ന തിരുവനന്തപുരംജില്ലയിൽ തുമ്പയിലെ തിരമാലയിൽ അലിഞ്ഞുപോയ കെ.എസ്.എം.ടി.എഫ് സംസ്ഥാന മുൻ പ്രസിസന്റും കരുത്തനായ സാരഥിയുമായിരുന്ന ജോയിച്ചൻ ആന്റണിയെക്കുറിച്ച് ഞാൻ ഓർത്തു (ആൻഡ്രൂസ്, 2006 :45).

എന്ന തുടക്കത്തോടെ അദ്ദേഹത്തിന്റെ സമരപ്രവർത്തനങ്ങളിലെ പ്രധാന നേട്ടങ്ങൾ വിവരിക്കുന്നു. കേരളത്തിലെ അടിസ്ഥാനജനസമൂഹത്തെ നിലനിൽപ്പിനും അവകാശങ്ങൾക്കുംവേണ്ടി ഒന്നിപ്പിക്കുന്നതിന് ആവേശം നൽകുന്ന പുറപ്പാട് എന്ന നാടകം 1984-ൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അരങ്ങേറിയപ്പോൾ ഫെഡറേഷൻ പരിപാടി നടപ്പിലാക്കുന്നതിന് ശക്തമായ നേതൃത്വം നൽകിയത് ജോയിച്ചനായിരുന്നു എന്ന് ആൻഡ്രൂസ് ഓർമ്മിക്കുന്നു. താൻ സമരരംഗത്തേക്ക് കടന്നുവരുന്നതിലും സംഘടനാച്ചുമതലകൾ ഏറ്റെടുക്കുന്നതിലും ജോയിച്ചൻ ആന്റണി പ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്ന് അദ്ദേഹം വിവരിക്കുന്നു.

> സ്ഥലത്ത് വന്നപ്പോൾ മത്സ്യത്തൊഴിലാളികൾ കുറവായിരുന്നു. അച്ചനെ നേരത്തേ കണ്ടിട്ടുണ്ടെങ്കിലും ജോയിച്ചനെ അന്ന് ആദ്യമായി കാണുകയാണ്. സംസ്ഥാന സെക്രട്ടറിയായിരുന്നു. അരമണിക്കൂറിൽ അധികം സംസാരിച്ചു. നിശ്ചയദാർഢ്യ ത്തോടെയുള്ള കരുത്തന്റെ വാക്കുകൾ എന്നെ വല്ലാതെ ആകർഷിച്ചു. അങ്ങനെ അന്നുമുതൽ ഞാനും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ഒരു പ്രധാന പ്രവർത്തകനായി മാറി (ആൻഡ്രൂസ്, 2006 :101).

മരിച്ചിട്ടും മരിക്കാത്ത ജോയിച്ചൻ ആന്റണി എന്നാണ് ഈ കുറിപ്പിന് നൽകിയ പേര്. 1980-കളിൽ ഫെഡറേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു ജോയിച്ചൻ ആന്റണി. അദ്ദേഹത്തിന്റെ പ്രവർത്തനരീതികൾ, അദ്ദേഹം നേരിട്ട വെല്ലുവിളികൾ എന്നിവ ഇതോടൊപ്പം അദ്ദേഹം വിവരിക്കുന്നു. പ്രവർത്തകരു ടെയും നേതൃത്വത്തിന്റെയും ധാർമ്മികമായ ചുമതലകളാണ് ഇവിടെ വെളിപ്പെടുത്തുന്നത്. ഇങ്ങനെ സമരപ്രവർത്തകരോടുള്ള ബന്ധം അനുസ്മരണ സ്വഭാവത്തിൽ വിവരിക്കുന്നതുവഴി മുൻഗാമികളുമായി തന്റെ സ്വത്വത്തെ തിരിച്ചറിയുന്നു. അവരുടെ ജീവിതങ്ങളിലൂടെ

സമരത്തിന്റെ തെളിവുകൾ നൽകിക്കൊണ്ട് തീരജീവിതം അവകാശസമരത്തിന്റെയും പോരാട്ടത്തിന്റേതു മാണെന്നും സ്ഥാപിക്കുന്നു. മറ്റൊരു പ്രധാന സ്മരണയുടെ സന്ദർഭം സമരത്തിന് പിന്തുണ നൽകിയ വൈദികരെയും കന്യാസ്ത്രീകളെയും കുറിച്ചുള്ള അനുഭവ വിവരണങ്ങളാണ്. തീരദേശം നേരിട്ടുകൊണ്ടിരുന്ന സംഘർഷങ്ങളിൽ തങ്ങളെയൊട്ടാകെ വേദനിപ്പിച്ചതും അസ്വസ്ഥരാക്കിയതും വൈദികരുടെ വാക്കുകളിലൂടെ അദ്ദേഹം വിവരിക്കുന്നു. അതിനുപുറമേ പോരാട്ടത്തിന്റെ പാതയിലേക്ക് തങ്ങളെ വഴിതെളിച്ചതിന്റെ കർതൃത്വാവകാശത്തെ അവകാശസമര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വൈദികരുമായി പങ്കുവെക്കുന്നു. തീരപ്രദേശത്തെ അനുഭവങ്ങളെ പ്രതീകപ്പെടുത്തുന്നതിൽ അവകാശ സമരങ്ങളുടെ അവലോകനങ്ങൾ ആവർത്തിച്ച് ഇതോടൊപ്പം വരുന്നുണ്ട്. ഇങ്ങനെ കൊല്ലം തീരപ്രദേശത്തെ രാഷ്ട്രീയവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യംവെച്ചാണ് ആൻഡ്രൂസ് തീരപ്രദേശത്തിന്റെ ഈ കൂട്ടായ ശാക്തീകരണത്തിന്റെ തന്മയെ ചലനാത്മകമാക്കുന്നത്. 'മത്സ്യത്തൊഴിലാളി മോചനം'(ആൻഡ്രൂസ്, 2006: 42), 'കടൽ മക്കൾ', (അതേ കൃതി: 40), 'കടലിന്റെ അവകാശികളും ഉടമകളും' (അതേ കൃതി: 29) എന്നീ പ്രയോഗങ്ങൾ ഇത് ശരിവെക്കുന്നു. ഇങ്ങനെ മത്സ്യത്തൊഴിലാളികളും പ്രവർത്തകരുമായ സുഹൃത്തുക്കൾ, ബന്ധുക്കൾ, പ്രദേശവാസികൾ എന്നിവരുടെ ഥകളിൽ രചയിതാവിന്റെ വിഷയിസ്ഥാനത്തെ പ്രതിഷ്ഠിച്ചുകൊണ്ടാണ് പ്രത്യയശാസ്ത്ര പരമായ അർഥത്തിന്റെ സജീവനിർമ്മാതാവായി ആഖ്യാതാവ് ഇവിടെ മാറുന്നത്. മറ്റു തൊഴിലാളികളെ, പ്രവർത്തകരെ സംസാരിക്കാൻ പ്രേരിപ്പിക്കുകയും അവരുടെ ജീവിതങ്ങൾ രചിച്ച് അവർക്ക് ഒരുതരം തന്മ നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യവും ഇവിടെ കാണാം. തീരത്തിന്റെ ചരിത്ര-സമകാലിക-രാഷ്ട്രീയബോധത്തെ വഹിക്കുന്ന തൊഴിലാളിനേതാവ് എന്ന പദവികൂടി മത്സ്യത്തൊഴിലാളിസങ്കല്പത്തിൽ ഇറങ്ങിച്ചെല്ലുന്ന വസ്തുത ഇവിടെ മനസ്സിലാക്കാവുന്നതാണ്. അതോടൊപ്പം സംഘർഷപരമായ ബന്ധമുള്ള മുസ്ലീം മർക്കാർവിഭാഗത്തിനോടും പ്രദേശത്തെ വരേണ്യവിശ്വാസികൾക്കിടയിലും തങ്ങളുടെ ലത്തീൻ കത്തോലിക്കാ തന്മയുടെ രാഷ്ട്രീയ-സാമൂഹിക നിലനിൽപ്പ് ഉറപ്പിക്കുക എന്നതും ഈ രൂപഭാവത്തിന് വിധേയപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതിലെ യന്ത്രവൽകൃത-സ്റ്റേറ്റ് അധികാരികളായ ശക്തികളെ കീഴടക്കുന്ന തൊഴിലാളിസ്വത്വസങ്കല്പങ്ങൾ ഈ രീതിയിൽ ആത്മകഥാപരമായി പ്രവർത്തകരെയും മത്സ്യത്തൊഴിലാളികളെയും കഥാപാത്രങ്ങളാക്കി അവരുടെ കാലത്തെ

സാമൂഹികബന്ധങ്ങളുടെയും രാഷ്ട്രീയമണ്ഡലത്തിന്റെയും ഉൽപ്പന്നങ്ങളായി ചിത്രീകരിക്കുന്നു. ഈ ബന്ധങ്ങൾക്കും ശക്തികൾക്കും ഉള്ളിലാണ് രാഷ്ട്രീയവും വ്യക്തിപരവുമായ ബോധവും ചർച്ചചെയ്യുന്ന വ്യക്തികളായി ആൻഡ്രൂസും കൂട്ടരും ഉയർന്നുവരുന്നത്. തങ്ങളുടെ പ്രവർത്തകസ്വത്വത്തിന്റെയും പുതിയതൊഴിലാളിത്തത്തിന്റെയും പൗരുഷവും കരുത്തും ചേർന്ന പൈതൃകത്തെ സ്ഥാനഭ്രഷ്ടതയ്ക്ക് എതിരെ സ്ഥാപിച്ചുകൊണ്ടാണിത് സാധ്യമാകുന്നത്.

### 3.6 സംഗ്രഹം

സ്ഥാനഭ്രഷ്ടത, നാഗരികത എന്നീ ആശയങ്ങൾ ആൻഡ്രൂസ് തന്റെ രചനകളിൽ 'സത്യം-പ്രാതിനിധ്യം-അധികാരം' എന്നീ സംവർഗങ്ങളെ എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്നത് വെളിപ്പെടുത്തുന്നു. പരമ്പരാഗതരംഗമെന്നും യന്ത്രവൽകൃതരംഗമെന്നും വിഭജിക്കപ്പെട്ട, രണ്ടുതരം മത്സ്യബന്ധനരീതികളിൽ സ്ഥിതിചെയ്യുന്ന വൈരുധ്യങ്ങളിൽനിന്നാണ് മത്സ്യത്തൊഴിലാളികളുടെ സ്ഥാനഭ്രഷ്ട അനുഭവങ്ങൾ നിർമ്മിക്കപ്പെടുന്നതെന്ന് ആൻഡ്രൂസിന്റെ രചനകൾ സാക്ഷ്യപ്പെടുത്തുന്നു. പരമ്പരാഗതമത്സ്യത്തൊഴിലാളി ഓർമ്മകളിലും വർത്തമാനസാഹചര്യങ്ങളിലും കടന്നുവരുന്ന പരിവർത്തനാനുഭവങ്ങളിലെ സ്ഥാനഭ്രഷ്ടതയുടെ വ്യാവഹാ രികപരിസരമാണ് ആൻഡ്രൂസ് ചിത്രീകരിച്ചിരിക്കുന്നത്. പ്രതിസന്ധികൾ നിറഞ്ഞ മത്സ്യബന്ധനരംഗത്തെ സമരപ്രവർത്തകർ, മത്സ്യതൊഴിലാളികൾ എന്നിവരുടെ വേദനാജനകമായ ആന്തരികസംഘർഷ ങ്ങളും വിഭജനങ്ങളുമാണ് പ്രധാനമായും ആൻഡ്രൂസ് ഇതിലൂടെ വരച്ചിടുന്നത്. ആധുനിക ആശയങ്ങളുടെയും സാങ്കേതികതയുടെ കടന്നുവരവും അതു തീർക്കുന്ന സങ്കീർണതകളും അവതരിപ്പിക്കുന്ന ഒന്നാണ് നാഗരികതയോടുള്ള വിമർശനം. തീരത്തിന്റെ അധഃസ്ഥിതത്വത്തിന്റെ ആശയങ്ങളും വികാരങ്ങളും വ്യക്തമാക്കുന്ന ഒരു സ്ഥാനഭ്രഷ്ടബോധമായി നാഗരികതയെ സൂക്ഷ്മമായി തിരിച്ചറിയുന്നു. വ്യക്തികൾക്കും കൂട്ടായ്മയ്ക്കും ഇടയിലെ സ്വാതന്ത്ര്യം, നീതി, വിമോചനം എന്നിവയെ സ്വത്വത്തിന്റെ പ്രധാന ഇഴകളായി എടുത്തുകൊണ്ടാണ് നാഗരിക അക്രമത്തിനെതിരെ ഉപജീവനത്തിന്റെയും പരിസ്ഥിതിയുടെയും വിഷയങ്ങൾ ഉന്നയിക്കുന്നത്. പുരുഷ തൊഴിലാളിത്തത്തിന്റെ ദൃഢത, അസമത്വങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ രൂപങ്ങൾ, അധികാരത്തെ പ്രകോപിപ്പിക്കുന്ന വിമോചകർ എന്നിങ്ങനെ ഒട്ടനവധി പാഠങ്ങളെ ഇത് സാക്ഷ്യപ്പെടുത്തുന്നു.

ആധുനികീകരണത്തിന്റെ സങ്കീർണമായ പ്രശ്നപരിസരത്തിൽനിന്ന് ഉയർന്നുവരുന്ന മത്സ്യത്തൊഴിലാളി, തൊഴിലാളിപ്രവർത്തകൻ എന്നീ രാഷ്ട്രീയകർതൃത്വങ്ങളുടെ പശ്ചാത്തലമാണ് രചനകൾക്ക് ആധാരം. പരിവർത്തനാനുഭവങ്ങളുടെ പ്രത്യേകതയായ ആധുനികമൂല്യങ്ങളെയും അതിന്റെ ഭാഗമായ ആദർശാത്മക തൊഴിൽപ്രതിബദ്ധതയെയും ആശ്രയിച്ചുകൊണ്ടാണ് ആൻഡ്രൂസ് പൂർണപൗരത്വത്തെയും തുല്യാവസരങ്ങളെയും വാദിക്കുന്നത്. രചനകളിലെ ഈ ആദർശങ്ങൾ തീരദേശത്തെ ലിബറൽ സ്വഭാവങ്ങളെ ആവിഷ്കരിക്കുന്നു. തീരരാഷ്ട്രീയത്തിന്റെ പ്രതിരോധവശങ്ങളെ ഇവിടെ ആഖ്യാനപരമായി ആൻഡ്രൂസ് ഉറപ്പിക്കുന്നുണ്ട്. നാഗരികതയുടെ വിമർശനവിഷയം എന്ന നിലയിൽ പൊതുമണ്ഡലത്തിൽ ഈ വിവരണങ്ങൾ സ്വാധീനം ചെലുത്തുന്നു. പരമ്പരാഗതരംഗത്തെ തീരദേശപ്രവർത്തകരുടെയും മത്സ്യത്തൊഴിലാളികളുടെയും ചിന്തകൾ, വികാരങ്ങൾ, സ്വയം വിലയിരുത്തലുകൾ എന്നിവയിലൂടെയാണ് അവ ആവിഷ്കാരം നേടുന്നത്. യന്ത്രവൽകൃത ഉപകരണങ്ങളും സ്റ്റേറ്റ്-അധികാരശക്തികളും പരിപൂർണമായും വിധ്വംസകമായ അനുഭവങ്ങളായി ഇതിലൂടെ തുറന്നുകാട്ടുന്നു. തങ്ങളുടെ സ്ഥാനഭ്രഷ്ടസ്വത്വത്തെ ആവിഷ്കരിക്കുന്നതിനായി പരിവർത്തനാനുഭവമെന്ന രൂപവുമായി ബന്ധം സ്ഥാപിക്കുന്നതിൽ ആധുനികമായ ആശയങ്ങൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ പങ്കാളിത്തം കണ്ടെത്താനാവും. ഇത് ഒരേസമയം നാഗരികതയുടെ വിമർശനത്തെയും ആധുനികമായ ഒരു ഇടത്തെ നിർമ്മിക്കുന്നതിന്റെ കാഴ്ചയെയും അടയാളപ്പെടുത്തുന്നു.

**കുറിപ്പുകൾ**

1. ട്രോളർ - മീൻപിടിത്തത്തിന് ഉപയോഗിക്കുന്ന ബോട്ടാണ് ട്രോളർ. കടലിന്റെ അടിത്തട്ടിനെ ഇളക്കിമറിക്കുന്ന, പ്രത്യേക രൂപകല്പനയോടു കൂടിയ വലകൾ (dragnet) ട്രോളറുകളിൽ ഉപയോഗിക്കുന്നു. ഇത് ട്രോൾവല എന്നാണ റിയപ്പെടുന്നത്.

2. മത്സ്യബന്ധനരംഗത്തെ ശാസ്ത്ര-സാങ്കേതികമുന്നേറ്റങ്ങളെയും നഗരവൽ ക്കരണ വിഷയങ്ങളെയും പരിശോധിക്കുന്ന സമകാലികമായ പഠനങ്ങളാണ് 1) *കടൽ കര കാലാവസ്ഥ, കടലെടുക്കുന്ന കേരളം*, (2021) ട്രാൻസിഷൻ സ്റ്റഡീസ്, റൈറ്റേർസ് അപ് ഫ്രണ്ട്. 2)സിദ്ധിക്ക് റാബിയാത്ത് (എഡി), *കടലാളരുടെ ജീവനവും അതിജീവനവും* (2021). മത്സ്യത്തൊഴിലാളിമേഖലയെ സംബന്ധിച്ച സങ്കീർണതകൾ ഈ പഠനങ്ങൾ ഉന്നയിക്കുന്നു.

3. സ്ഥാനഭ്രഷ്ടതയുടെ(പുറന്തള്ളലിന്റെ) പ്രമേയപരവും വിമർശനപരവുമായ സമീപനം മുന്നോട്ടുവെക്കുന്ന പഠനങ്ങളാണ് :

   *Bonded Bodies: Coastal Fisherfolk and National Anxieties in South* Asia,Charu Gupta and Mukul Sharma, 2007.

   *Displacement and Citizenship, Histories and Memories of Exclusion*, 2019 (ed), Vijaya Rao, Shambhavi prakash, Mallarika Sinha Roy,PaporiBora .

4. ഒരു കലാസൃഷ്ടിയിലോ സാഹിത്യ രചനകളിലോ ആവർത്തിച്ചു വരുന്ന ആശയമോ ഘടകമോ പ്രതിപാദ്യമോ ആണ് മോട്ടിഫ്. *English- Malayalam Dictionary*, T. Ramalingam Pillai, പുറം, 550

5. ചൂണ്ടപ്പണി - പാരമ്പര്യ മത്സ്യബന്ധന രീതിയാണ്. ചൂണ്ടപ്പണിയിലെ ഒരു പ്രധാന രീതിയാണ് ആയിരംചൂണ്ട വേപ്പ് പത്ത്ചൂണ്ടവേപ്പ്. മീനിന്റെ പ്രത്യേകത യനുസരിച്ചാണ് ഈ ചൂണ്ട കെട്ടുന്നത്.

6. പേഴ്സീൻകപ്പൽ - തീരത്തുനിന്ന് പന്ത്രണ്ട് നോട്ടിക്കൽ മൈലിനു പുറത്ത് മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ. കടലിന്റെ ഉപരിതലത്തിൽ ജീവിക്കുന്ന വലിയ കൂട്ടമായി നീങ്ങുന്ന മീനുകളെ പിടിക്കാൻ ഉപയോഗിക്കുന്നതാണ് പേഴ്സിൻവലകൾ. നശീകരണ വാസനയുള്ള ഒന്നാണെന്ന അർത്ഥത്തിൽ "അടക്കംകൊല്ലി " എന്നിതിനെ വിളിക്കുന്നു.

7. റിംഗ് സീൻ വള്ളങ്ങൾ - പരമ്പരാഗതമേഖല ഉപയോഗിക്കുന്ന കണ്ണിയടുപ്പം കുറഞ്ഞ ദീർഘചതുരാകൃതിയിലുള്ള വലകളെയാണ് റിംഗ്സീൻ എന്നു പറയുന്നത്. ഇതുപയോഗിക്കുന്ന വള്ളങ്ങളാണിത്. പേഴ്സിൻവലയുടെ ഒരു ചെറിയ പതിപ്പാണീ വലകൾ.

8. ഔട്ട്ബോർഡ് എഞ്ചിൻ-പരമ്പരാഗത മത്സ്യത്തൊഴിൽമേഖലയിൽ വള്ളങ്ങളിൽ ഉപയോഗിക്കുന്ന മോട്ടോർ എഞ്ചിൻ.

9. പാരുകൾ (Reef): കടലിനടിത്തട്ടിലുള്ള വിവിധ കല്ലുകളെയും പാറകളെയുമാണ് പാരുകൾ എന്ന് വിളിക്കുന്നത്. അവ മീനുകളുടെ താവളങ്ങളായി മാറിക്കൊണ്ട് മത്സ്യസമ്പത്ത് വർധിപ്പിക്കുന്നു. കൂടാതെ, കടലിൽ താഴ്ന്ന കപ്പലുകളും ബോട്ടുകളും പാരുകളായി വിശേഷിപ്പിക്കാറുണ്ട്.

10. പിങ്ക് വിപ്ലവം (PinkRevolution) - ചെമ്മീനിന്റെ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട് പഠനം നടത്തിയവർ 1960-കളിൽ അന്താരാഷ്ട്ര സമുദ്രോത്പന്ന വിപണിയിൽ വിലയിൽ ഉണ്ടാക്കിയ വിജയകരമായ ബന്ധമാണ് 'പിങ്ക് ഗോൾഡ് റഷ്' എന്ന് വിളിക്കുന്നത്.

## അധ്യായം നാല്
## വൈദഗ്ധ്യത്തിന്റെ അപരപാഠങ്ങൾ

മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യത്തിന്റെ സാമൂഹികതയെയും ചരിത്രത്തെയും റോബർട്ട് പനിപ്പിള്ളയുടെയും ആൻഡ്രൂസിന്റെയും രചനകൾ ആവിഷ്കരിക്കുന്നത് ആത്മവിവരണപരമായ പ്രകാശനങ്ങളായിട്ടാണ്. തീരപ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരികജീവിതത്തിന്റെ ഭാഗമായ കടലിനെ കേന്ദ്രീകരിക്കുന്ന ആഖ്യാനരീതിയായിട്ടാണ് ഈ ആശയങ്ങളും വാങ്മയങ്ങളും പൊതുവായി ഇവരുടെ രചനകളിൽ കടന്നുവരുന്നത്. പനിപ്പിള്ളയുടെ രചനയിൽ വൈദഗ്ധ്യത്തിന്റെ പ്രതിപാദനത്തിലൂടെ ഒരു പ്രധാന സംജ്ഞയായി തീരത്തിന്റെ വൈജ്ഞാനികത സ്ഥാനം പിടിക്കുന്നുണ്ട്. ആൻഡ്രൂസിന്റെ രചനകളിൽ പരമ്പരാഗതവിഭാഗത്തിന്റെ കടലിലെ അവകാശങ്ങളെ കേന്ദ്രീകരിച്ച് വൈദഗ്ധ്യം ഒരു രൂപകമായി നിൽക്കുന്നു. ആത്മകഥയുടെ രീതിയിൽ പ്രവർത്തിക്കുന്ന ഈ രചനകളിലെ അത്തരം ദർശനങ്ങൾ പര്യവേക്ഷണം ചെയ്യാനും വായനക്കാർക്കുമുന്നിൽ പരിവർത്തനാനുഭവങ്ങളിലെ മത്സ്യത്തൊഴിലാളി കർത്തൃത്വത്തെ എങ്ങനെ രചയിതാക്കാൾ അവതരിപ്പിക്കുന്നു എന്നതുമാണ് ഈ അധ്യായം പരിശോധിക്കുന്നത്. ആഖ്യാനം എന്ന നിലയിൽ വൈദഗ്ധ്യവും കടലറിവും എന്താണെന്നും എന്തായി പ്രവർത്തിക്കുന്നു എന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് അത് രൂപപ്പെട്ടത് എന്നും ഈ അധ്യായം അന്വേഷിക്കുന്നു. പരിവർത്തനാനുഭവങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണെന്നു നോക്കുമ്പോൾ തീരപ്രവർത്തകന്റെയും സമുദായ-ഗവേ ഷകന്റെയും മത്സ്യത്തൊഴിലാളി സങ്കല്പങ്ങൾ വൈദഗ്ധ്യത്തിന്റെയും കടലറിവിന്റെയും വിവിധയിടങ്ങളെ ആവിഷ്കരിക്കുന്നത് കാണാൻ സാധിക്കും. ശാസ്ത്ര-സാങ്കേതിക-വിജ്ഞാനങ്ങളുമായുള്ള ആഭിമുഖ്യങ്ങളിൽ തെളിയുന്നതാണിതെന്നുമുള്ള സൂചനകൾ ആഖ്യാനം പങ്കുവെക്കുന്നു. ശാസ്ത്ര -സാങ്കേതികവ്യവസ്ഥകളെ അപഗ്രഥിച്ചും വേർതിരിച്ചുമാണ് അവ ഇടമുണ്ടാക്കുന്നത്. മുതലാളിത്ത-ശാസ്ത്ര-കൊളോണിയൽ വിരുദ്ധ വ്യവസ്ഥയ്ക്കുള്ളിൽനിന്നുകൊണ്ടാണ് വൈദഗ് ധ്യത്തിന്റെ സാധുതയും അധികാരബന്ധങ്ങളും മത്സ്യത്തൊഴിലാളികർതൃത്വത്തിന്റെ ആഖ്യാന പാഠങ്ങളെ വെളിപ്പെടുത്തുന്നത്. ശാസ്ത്രത്തിന്റെ ക്രോഡീകരണത്തിനു വഴങ്ങാത്ത, ശാസ്ത്രത്തിന് വിരുദ്ധമായ ഒരു പുനരവതരണത്തിലാണ് ഇവ ആവിഷ്കാരം കൈക്കൊള്ളുന്നത്.

ഇവിടെ വൈദഗ്ധ്യത്തെ ആധുനികീകരണങ്ങളുടെത്തന്നെ അപരപാഠങ്ങളായി, പരമ്പരാഗത രംഗമെന്ന പുതിയ തൊഴിലാളിതലങ്ങളെ ചിത്രീകരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുന്നു. രചനയിലെ കഥാരചനാസങ്കേതങ്ങൾ, തന്ത്രങ്ങൾ എന്നിവയിലൂടെ മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യസ്വത്വത്തെ പരിവർത്തനാനുഭവങ്ങളായി അധ്യായം പിന്തുടരുന്നു. അതോടൊപ്പം എങ്ങനെയാണ് ഈ വൈദഗ്ധ്യം വൈജ്ഞാനികതയായി തനത്-പരിസ്ഥിതി മാതൃകയായി വികസിപ്പിച്ചെടുക്കുന്നത്? കടലറിവിനെ ചരിത്രനി രപേക്ഷമായ ഒന്നായി സാധ്യമാക്കിയതിന്റെ പിന്നിലെ രചനാപ്രത്യേകതകൾ എന്തൊക്കെ യാണ് എന്നിവയും പരിശോധിക്കുന്നു. ചുരുക്കത്തിൽ വൈദഗ്ധ്യം ആധുനിക ശാസ്ത്രീയബോധവുമായും രാഷ്ട്രീയ പോരാട്ടങ്ങളുമായും എങ്ങനെയാണ് ഈ ആഖ്യാനങ്ങളിൽ സംവദിക്കുന്നത് എന്ന് ഈ അധ്യായം പരിശോധിക്കുന്നു.

### 4.1 വൈദഗ്ധ്യവും കടലറിവും

മീൻപിടിത്തത്തൊഴിലുമായി ബന്ധപ്പെട്ട് പാരമ്പര്യമായ അനുഭവത്തെ ആസ്പദമാക്കി സിദ്ധിച്ച നൈപുണിയെയും നിരീക്ഷണശേഷിയെയും മത്സ്യത്തൊഴിലാളികളുടെ അറിവ്/കടലറിവ് എന്ന് പൊതുവായി വ്യവഹരിക്കുന്നത്. ഈ അറിവുകൾ തൊഴിൽസംബന്ധമായ കടലിന്റെ പരിസ്ഥിതിയെ സംബന്ധിച്ച അനുഭവങ്ങളുടെ സമാഹാരം എന്ന ആലോചനയിലാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. വിവിധ പരിതസ്ഥിതികളിൽ കടൽവെള്ളത്തിന്റെ ഒഴുക്ക്, കാറ്റിന്റെ ഗതി, മീനിന്റെ ശരീരഘടന, പ്രജനനചക്രം, വാസസ്ഥലങ്ങൾ, കടലിലെ മറ്റു ജന്തുക്കൾ, ആകാശത്തെ നക്ഷത്രങ്ങൾ എന്നിവയെ സംബന്ധിച്ചെല്ലാമുള്ള മത്സ്യത്തൊഴിലാളികളുടെ നിരീക്ഷണങ്ങളും നിഗമനങ്ങളും അവകാശപ്പെടുന്നതാണത്. തീരജീവിതത്തിന്റെ സ്വയം ആർജിതമായ പ്രവൃത്തികളുടെ ഒരു തരം അവബോധരൂപം എന്ന നിലയ്ക്ക് തീരവിഭാഗങ്ങളുടെ വാമൊഴി ആഖ്യാനങ്ങളായും സംസ്കാരജീവിതത്തിന്റെ ഭാഗമായും കടലറിവിനെ കരുതുന്നു. അറിവിനെ സാംസ്കാരികപഠനരംഗം അഭിമുഖീകരിക്കുന്നത് ചരിത്രരംഗത്തെ പൈതൃക പഠനത്തിന്റെ മേഖലയിലാണ്. പ്രായോഗിക പരിശീലനപ്രവർത്തനങ്ങൾ എന്ന നിലയിലാണ് കടലറിവുകളെ പരിഗണിക്കുന്നത്. "പാരമ്പര്യ അറിവുകൾ (traditional knowledge)' ഇന്നു വിലപ്പെട്ട സമ്പത്താണ്. അത് ക്രോഡീകരിക്കാനും വ്യാഖ്യാനിക്കാനും പൈതൃകപദ്ധതിക്ക്

കഴിയണം. അനന്യമായ അറിവുകൾ ബൗദ്ധിക സ്വത്തവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരാനും സാധാരണക്കാരുടെ അറിവുകളും വിരുതുകളും പൊതുഇടങ്ങളുമായി ബന്ധപ്പെടുത്താനും അനുബന്ധപ്രവർത്തനങ്ങൾ വേണ്ടിയിരിക്കുന്നു. പലതരം കൃഷിയറിവുകൾ, കീടപ്രതിരോധവിദ്യകൾ, മീൻപിടുത്തവിദ്യകൾ, പരമ്പരാഗത സൗന്ദര്യ വർദ്ധക വസ്തുക്കൾ, നാട്ടുവൈദ്യം, കരകൗശലപ്പണികൾ, പാചകം, വഞ്ചിനിർമ്മാണം എന്നിങ്ങനെ എന്തെല്ലാം അറിവുശൃംഖലയിലേക്കു കണ്ണിചേർക്കപ്പെടേണ്ടതുണ്ട്"[1].

അറിവ് / കടലറിവ് / തദ്ദേശീയ അറിവ് എന്നത് ഒരു സംവർഗമായി ഇന്ന് രൂപം പ്രാപിച്ചുകഴിഞ്ഞു. പരിസ്ഥിതിയെക്കുറിച്ചുള്ള അടിസ്ഥാനധാരണകൾ എന്നടിസ്ഥാനത്തിൽ ഒരു പരിസ്ഥിതിസംവർഗമായും വിലയിരുത്തപ്പെടുന്നു[2]. കടലിലെ തൊഴിൽരീതിയുടെ ഭാഗമായ വിവിധ പരിസ്ഥിതിസംബന്ധമായ പദാവലിയുടെ ഉപയോഗത്തിലൂടെയും അതിനെക്കുറിച്ചുള്ള വിശദാംശങ്ങളിലൂടെയുമാണ് പരിസ്ഥിതിചരിത്രത്തിൽ അറിവ് ഇടം കണ്ടെത്താൻ ശ്രമിക്കുന്നത്. തീരജീവിതത്തിന്റെ രചനാരീതിയെ സവിശേഷപ്പെടുത്തുന്ന സമ്പ്രദായമായി അത് മാറിയിട്ടുണ്ട്. രണ്ടായിരത്തോടെയാണ് തീരസംബന്ധമായ സാമൂഹിക-രാഷ്ട്രീയ ചർച്ചകളുടെ ഇടയിൽനിന്ന് കടലറിവുകൾ എന്ന പദം അവതരിപ്പിക്കപ്പെടുന്നത്. നാട്ടറിവുപഠനങ്ങളുടെ സീരീസിൽ ഡി.സി. ബുക്സ് പ്രസാധകസംഘം പുസ്തകം ഇറക്കിയതോടെ കടലറിവുകൾ എന്ന പദം ഏറെ പരിചിതമായിത്തീർന്നു[3]. ഗോട്സ് ഹോപ്പ് (Hoetz Hoepe) തന്റെ പഠനത്തിൽ ഇങ്ങനെ പറയുന്നുണ്ട് : "അറിവ് സാമാന്യമായി കഴിഞ്ഞുപോയ കാര്യങ്ങളെ അർഥമാക്കുന്നതാണെന്ന് മനസ്സിലാകും. മതഗ്രന്ഥങ്ങളായിരുന്നു അറിവിന്റെ ഉറവിടമായി സങ്കൽപ്പിച്ചുപോന്നതെങ്കിൽ ഇന്ന് ശാസ്ത്രത്തിന്റെ വരവോടെ ശാസ്ത്രവും അറിവായി സങ്കൽപ്പിക്കുന്നു" (Hoeppe , 2007). ഭൂതകാലവുമായി സവിശേഷമായ ബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് അവ നിലനിൽക്കുന്നതെന്ന് അറിവിനെക്കുറിച്ചുള്ള ഈ ധാരണകൾ സമർഥിക്കുന്നു. മാത്രമല്ല 'കടലെഴുത്തുകൾ' എന്ന് വിളിക്കുന്ന തീരപ്രദേശത്തെ രചനകളിൽ കടലറിവിനെക്കുറിച്ചുള്ള അനുഭവാഖ്യാനരീതികളുടെ സ്വാധീനവും ശ്രദ്ധേയമാണ്[4].

എന്നാൽ ഈ പ്രകൃതി, തനത് വിശകലനങ്ങളിൽ നിന്ന് മാറി മത്സ്യബന്ധനമേഖലയിലുണ്ടായ വിഭജനങ്ങൾ, തീരദേശത്തിന്റെ രാഷ്ട്രീയവൽക്കരണ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞുവന്ന പുതിയ ലിംഗ-പ്രദേശ-മത അനുഭവങ്ങളിൽ

വിന്യസിക്കപ്പെട്ട ആധുനികമത്സ്യത്തൊഴിലാളി ഉൾക്കാഴ്ചകളിൽ സമീപിക്കുമ്പോൾ ഫോക് ലോർ-പരിസ്ഥിതി സമീപനങ്ങളുടെ അപര്യപ്തത ബോധ്യപ്പെടുന്നു. തീരദേശത്തെ അനുഭവങ്ങളുടെ കേന്ദ്രമായി കടലറിവിനെ സ്ഥാപിക്കുന്നതിലൂടെ നമ്മോടു പറയുന്നതെന്താണ്? അവ കടൽ/മത്സ്യത്തൊഴിലാളി എന്നീ രൂപങ്ങളെ എങ്ങനെ സമീപിക്കുന്നു എന്ന് പരിശോധിക്കുമ്പോൾ ഇത് വ്യക്തമാകും. അടിസ്ഥാനപരമായി ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠതയിലാണ് അവ വിശദീകരണക്ഷമമാകുന്നത് എന്ന് വ്യക്തമാകുന്നുണ്ട്. പ്രകൃതിയെ 'അറിയൽ' എന്ന മാതൃകയിൽ 'കടലിനെ അറിയുന്ന മത്സ്യത്തൊഴിലാളി' അവബോധതലത്തിൽ നിലക്കൊള്ളുന്നു. വിഷയി-വസ്തുക്രമത്തെ ലക്ഷ്യമാക്കുന്ന ഇവ ശാസ്ത്രയുക്തിയുടെ അതിർത്തിക്കുള്ളിലാണ് തിരിച്ചറിയുന്നത്. കടലിനെക്കുറിച്ചുള്ള വിവിധ ജ്ഞാനമാതൃകകളെ മുൻനിർത്തിയാണ് അവ വികസിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ വിഷയിബോധത്തിന്റെ സാധുത നേടിയെടുക്കുന്നത് മനുഷ്യവാദപരമായ പുരോഗതിയുടെ തത്വത്തിലാണ്. ഇത് തീരപ്രദേശത്തെയും കടലിനെയും വസ്തുവൽക്കരിക്കുന്ന ഒന്നായിത്തീരുന്നു. തനത്/ പ്രാചീനം എന്ന സമീപനവും അത് ഭാവന ചെയ്യുന്ന ഫോക് ലോർ-പരിസ്ഥിതിസ്വഭാവവും ചെയ്യുന്നത് യാതൊരു ചോദ്യവുമില്ലാതെ ഈ ആഖ്യാനങ്ങളെ ന്യൂനീകരിക്കലാണ്. ഇത് മത്സ്യത്തൊഴി ലാളികളിലെയും തീരദേശത്തിന്റെയും ഉൾപ്പിരിവുകളെയും സംഘർഷങ്ങളെയും തിരിച്ചറിയാതെ മത്സ്യത്തൊഴിലാളിയെന്ന ഏകരൂപ കൂട്ടായ്മയിലേക്ക് വസ്തുവിവരങ്ങളെ ക്രോഡീകരിക്കാനും കടലറിവെന്ന ഉള്ളടക്കത്തിൽ അനുഭവികമായി ഉൾപ്പെടുത്താനും ഇട നൽകുന്നു. ശാസ്ത്രീയം/ആനുഭവികം എന്ന ദ്വന്ദ്വത്തെ നിലനിർത്തിക്കൊണ്ടാണത് മുന്നോട്ടു പോകുന്നത്.

കേവലം വസ്തുബോധമായി കരുതുകയോ പ്രാദേശിക 'തനതു' പ്രകൃതിയോ മാത്രമായി പരിചയിക്കുന്നതിനു ബദലായി ഈ വിവരണങ്ങളിൽ ദമനം ചെയ്യപ്പെട്ട മറുപാഠങ്ങൾ എന്താണ് എന്ന് പരിശോധിക്കുമ്പോൾ വൈദഗ്ധ്യം (skill) എന്ന സങ്കല്പനം കടന്നുവരുന്നു. നൈപുണിയേയും അധികശേഷിയെയും വിശേഷ ജ്ഞാനത്തെയും ഉൾക്കൊള്ളുന്ന ഒന്നാണ് വൈദഗ്ധ്യം എന്ന പദം. മീൻപിടിത്തത്തൊഴിലുമായി ബന്ധപ്പെട്ട സാങ്കേതികവും ഇതരവുമായ മത്സ്യത്തൊഴിലാളികളുടെ പ്രവൃത്തിയിൽ അധികരിക്കുന്ന സവിശേഷവൃത്തിയെ വൈദഗ്ധ്യമായി കണക്കാക്കുമ്പോൾ വിവിധ വിഭാഗങ്ങളിലെ കർതൃത്വപരമായ ശേഷിയും

അഭിരുചിയും സംബന്ധിച്ച സാമൂഹികവ്യവസ്ഥയെയും പ്രത്യേകതയെയും തിരിച്ചറിയാൻ സാധിക്കുന്നതാണ്. പരിവർത്തനാനുഭവങ്ങളുടെ പൊരുൾ പ്രകടമാക്കുന്ന സാമൂഹികതയെയും മറ്റു സവിശേഷതകളെയും വെളിവാക്കുന്നു. നിരന്തരമായ പരിചയങ്ങളിൽ ഉണ്ടായി വരുന്നതാണെന്നതും ഉൽപ്പാദനരൂപങ്ങൾ-സ്ഥലം എന്നീ പ്രത്യേകതകളുടെ അടിസ്ഥാനങ്ങളും പ്രകടമാക്കുന്ന എന്ന സാമാന്യധാരണയിൽനിന്ന് മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാംസ്കാരികവുമായ പദവിമൂല്യങ്ങൾ അവയുടെ പ്രത്യക്ഷീകരണങ്ങൾ എന്നീ ആലോചനകൾ ഇതിലൂടെ മുന്നോട്ടുവെക്കുന്നു. അതോടൊപ്പം പരിവർത്തനാനു ഭവങ്ങളെ ആസ്പദമാക്കുന്ന ആഖ്യാനരൂപകമായി നിലക്കൊള്ളുന്നതെങ്ങനെ എന്ന അന്വേഷണത്തിലേക്കും നയിക്കുന്നു.

മത്സ്യബന്ധനമേഖലയിലെ മത്സരാധിഷ്ഠിത കാലാവസ്ഥ, അമിതമായ മീൻപിടിത്തം എന്നീ സാഹചര്യങ്ങൾ രൂപപ്പെട്ടതിനെത്തുടർന്ന് തീരത്തെ ക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ ഉപയോഗ്യത, അനിയന്ത്രിതത്വം, ശോഷണങ്ങൾ എന്നീ ആശയങ്ങൾ വികസിക്കുകയും അത് ഒന്നിലധികം പഠനമേഖലകൾക്ക് കീഴിൽ അണിനിരക്കുകയുമുണ്ടായി. സാമ്പത്തികശാസ്ത്രം, പരിസ്ഥിതിവിചാരം, ജന്തുശാസ്ത്രം എന്നിങ്ങനെയുള്ള വിവിധ പഠനമേഖലകൾ ഈ രംഗത്ത് ആധിപത്യം പുലർത്തി. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് ഈ ശാസ്ത്ര മണ്ഡലങ്ങൾക്ക് സമാനമായ ആഖ്യാനപരീക്ഷണങ്ങൾ അത് ആവശ്യപ്പെടുകയുമുണ്ടായി. സ്വന്തം സാഹചര്യങ്ങളെകുറിച്ച് ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി മത്സ്യത്തൊഴിലാളികളും തീരപ്രവർത്തകരും അധ്വാനവുമായി ബന്ധപ്പെട്ട അർഥവത്തായ ചിന്തകളും പ്രയോഗങ്ങളും ക്രമീകരിക്കുന്നതിനിടയാക്കി. ആധുനികീകരണത്തെ നേരിട്ടുക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ അവകാശവാദങ്ങൾ കടലറിവിന്റെ രൂപവും ഘടനയും കൈവരിക്കുന്നതിന് ഇടയാക്കുന്നു. കടലറിവിനെ രൂപകല്പന ചെയ്തിരിക്കുന്നതിൽ ശാസ്ത്രവുമായിട്ടുള്ള ഈ തന്മയീകരണം കാണാം. ഇതുവഴി കടലിനെയും അതിന്റെ പരിതസ്ഥിതികളെയും പ്രത്യേകമായ ഒരു ബോധനക്രമത്തിൽ സ്ഥാപിക്കുന്നതായി കണ്ടെത്താൻ സാധിക്കും. കടലിനെ വിശകലനത്തിനും അപഗ്രഥനത്തിനും വിഷയമാക്കിയും അതിന്റെ പെരുമാറ്റരീതിയും സ്വഭാവവിശേഷങ്ങളും നിരീക്ഷിച്ചും തരംതിരിച്ചും അപഗ്രഥിച്ചുമുള്ള ഒരു വിജ്ഞാന ശാഖയുടെ രൂപങ്ങൾ ഈ വൈജ്ഞാനികത പ്രകാശിപ്പിക്കുന്നു. ഗദ്യവിഭാഗത്തിൽപ്പെടുന്ന

കടൽവിവരണങ്ങളുടെ ഈ മാതൃകകൾ കടലനുഭവങ്ങളുടെ സ്വത്വസങ്കല്പങ്ങളെ നിർണയിക്കുന്നുണ്ട്. അത് നേരത്തേ പ്രസ്താവിച്ചതുപ്പോലെ 'നൈസർഗിക' പ്രകൃതമുള്ള 'പ്രാദേശിക തനത്'ന്റെ വിചാരത്തിൽ ഒതുങ്ങുകയും ഉണ്ടായി. വായനക്കാരുടെ നോട്ടത്തിനായി 'വ്യത്യസ്ത സംസ്കാരങ്ങൾ' എന്ന പ്രതീതി രൂപപ്പെടുത്തുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നത് ഒരുതരം അധികാരപ്രവർത്തനമാണ്. ജാതിയെ അടിസ്ഥാനമാക്കിയുള്ള അതിന്റെ സാമൂഹികസ്വഭാവം ഇതിന്റെ അടരുകളിൽ കിടപ്പുണ്ട്.

### 4.2 ചൂണ്ടപ്പണി: വൈദഗ്ധ്യസ്വത്വത്തിന്റെ പ്രമേയം

ആധുനികീകരണങ്ങളോടുള്ള പ്രതികരണങ്ങൾ ചിത്രീകരിക്കുന്ന പ്രധാന മേഖലകളിലൊന്നാണ് മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യങ്ങളുടെ വിവരണ ങ്ങൾ. മത്സ്യത്തൊഴിലാളികളിലെ പരമ്പരാഗതരംഗത്തിന്റെ സ്ഥലകാലങ്ങൾക്കകത്താണ് ഇതിനെ വിന്യസിച്ചിരിക്കുന്നത്. മീൻപിടിത്ത കഥകൾ, പ്രകൃതി പ്രതിഭാസങ്ങൾ, ഉപകരണങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യ തലങ്ങളിൽ ഇണക്കിച്ചേർക്കുന്നതോടെ പുതിയ വീക്ഷണങ്ങൾ കൈവരിക്കുന്നു. അത്തരത്തിൽ ഇരുവരുടെയും രചനകളിൽ പരമ്പരാഗത മീൻപിടിത്ത രീതിയായ ചൂണ്ടപ്പണി[5] പ്രത്യേകം ഇടം നേടുന്നു. ചൂണ്ടപ്പണിയിൽ വിദഗ്ധരായ ഒരു വിഭാഗം മത്സ്യത്തൊഴിലാളികളുടെ കുടുംബ-വംശബന്ധങ്ങളും രചനകളിൽ പ്രാധാന്യ ത്തോടെ കടന്നുവരുന്നു.

സമുദ്രജൈവവൈവിധ്യങ്ങൾ നിറഞ്ഞതും ചരിത്ര/സംസ്കാര പ്രാധാന്യ മുള്ളതുമായ തീരപ്രദേശമാണ് തിരുവനന്തപുരം ജില്ലയുടേത്. തിരുവനന്തപുരം ഉൾപ്പെടെയുള്ള തെക്കൻ തീരമേഖലകളിൽ ആ പ്രദേശത്തെ കടലിന്റെയും കരയുടെയും പ്രത്യേകതകളും കടലിൽനിന്ന് കിട്ടുന്ന വിഭവങ്ങൾകൊണ്ട് രൂപപ്പെട്ട പ്രാദേശിക-സാമ്പത്തിക-സാംസ്കാരിക സംവിധാന ത്തിന്റെ സ്വഭാവ വിശേഷങ്ങളും ഉൾക്കൊണ്ടാണ് മത്സ്യബന്ധനരംഗം പുലർന്നുപോന്നി രുന്നത്. പനിപ്പിള്ളയുടെയും ആൻഡ്രൂസിന്റെയും കുടുംബങ്ങൾ തമിഴ്നാട്ടിൽനിന്ന് കൊല്ലത്തേ ക്കും തിരുവനന്തപുരത്തേക്കും കുടിയേറിയ ചൂണ്ടപ്പണിക്കാരാണെന്ന് പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. ലത്തീൻ കത്തോലിക്കാ ജാതിയിലെത്തന്നെ തൊഴിൽരീതി, പ്രദേശം എന്നിവയുമായി ബന്ധപ്പെട്ട അവാന്തരവിഭാഗങ്ങളെ സൂചിപ്പിക്കുന്നതാണ് ഈ പ്രത്യേകതകൾ. മറ്റൊന്ന് തമിഴ്നാടും കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളുടെയും

കുടിയേറ്റങ്ങളുടെയും തൊഴിൽവിനിമയങ്ങളുടെയും സാംസ്കാരികവും വംശപരവുമായ സാഹചര്യങ്ങളും തീരത്തിന്റെ പരിവർത്തനാനുഭവങ്ങളെ ശ്രദ്ധേയമാക്കുന്ന വസ്തുതകളാണ്. തീരദേശത്തെ വിവിധ സമുദായങ്ങളുടെ വൈവിധ്യമുള്ള, ആഴമേറിയ നിരന്തരചലനങ്ങൾ മത്സ്യത്തൊഴിലാളി വൈദഗ്ധ്യത്തെ പിന്താങ്ങുന്നതായി പ്രസ്താവങ്ങൾക്കിടയിൽനിന്ന് വായിക്കാം. അറിവിന്റെ കേരളീയത, സാംസ്കാരികത, തനതുപാഠങ്ങൾ എന്നതിനെ ഈ വിശദാംശങ്ങൾ പ്രശ്നവൽക്കരിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളിലെ ഒരുവിഭാഗം വൈദഗ്ധ്യമുള്ള തൊഴിലാളികളായി രചനകളിൽ അവതരിപ്പിക്കപ്പെടുന്നതിൽ ഈ ചരിത്രപരമായ വിനിമയങ്ങളുടെ പ്രാധാന്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ പുതിയ വൈദഗ്ധ്യസ്വത്വങ്ങളെ കേന്ദ്രീകരിക്കുന്ന വിവരണങ്ങൾ ഇരുവരുടെയും രചനകളിൽ കാണാം. മത്സ്യബന്ധനരംഗം ഘടനാപരമായ പ്രത്യേകതകൾ ആർജിക്കുന്നതിലെ ജാതി-സമുദായ-പ്രദേശ ഘടകങ്ങളുടെ പങ്കിനെ ഇത് കാണിക്കുന്നു.

തന്റെ അനുഭവമെഴുത്തുമായി ബന്ധപ്പെട്ട് സ്വയം പ്രതിഫലനാത്മകമായ ചില നിരീക്ഷണങ്ങൾ ആൻഡ്രൂസ് *അറേബ്യൻസമുദ്രത്തിന്റെ ഹൃദയത്തുടിപ്പുകൾ* എന്ന അവസാനപുസ്തകത്തിൽ നടത്തുന്നുണ്ട്. ചൂണ്ടപ്പണിക്കാരനായതുകൊണ്ട് ധാരാളം സമയം കടലിൽ ചെലവഴിച്ചതിനെക്കുറിച്ചും കടൽ പ്രചോദനമായതിനെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. തന്റെ ദൈനംദിന മീൻപിടിത്തരീതിയെപ്പറ്റി ഡയറിയിൽ കുറിച്ചുവെക്കുന്നതിന്റെ കാരണം ഈ ജോലിയിലെ ഏകാന്തതയാണെന്നും ഡയറിയും വായനയും മുന്നോട്ടുകൊണ്ടുപോയതിന്റെ പിന്നിലെ സത്യമിതാണെന്നും കൂട്ടിച്ചേർക്കുന്നു. തൊഴിലിലേർപ്പെടുന്ന സമയത്തെ കടലിലെ ദൈനംദിന അനുഭവങ്ങളെയും ചൂണ്ടപ്പണിയിലെ ഏകാന്തത എഴുത്തായി പരിണമിക്കുന്നതും അതിന്റെ ചരിത്രവും അനുഭവമൂല്യവും രേഖപ്പെടുത്തുന്നു. ചൂണ്ടപ്പണിയുടെ പ്രത്യേകതകളിലേക്ക് നോക്കാൻ ഇത്തരം പ്രസ്താവനകൾ പ്രേരിപ്പിക്കുന്നു. ഈ തൊഴിൽരീതിയുടെ അനുഭവങ്ങളിലടങ്ങിയിട്ടുള്ള അർഥവത്തായ ഇന്ദ്രിയപരവും ധാരണാപരവുമായ സാഹചര്യങ്ങൾ പ്രധാന മാണെന്നതിവിടെ വ്യക്തമാണ്. ചൂണ്ടപ്പണിയിലെ വിവിധങ്ങളായ അറിവുകളാണ് വൈദഗ്ധ്യമുള്ള തൊഴിലാളിയെന്ന വ്യക്തിസ്വത്വത്തിന്റേതായ നിരീക്ഷണങ്ങളായി പരിവർത്തനാനുഭവങ്ങളിൽ സങ്കല്പിക്കപ്പെടുന്നതെന്ന് രചനയിലെ തുടർഭാഗങ്ങളിൽനിന്ന് വ്യക്തമാകുന്നു. ഇവിടെ വൈദഗ്ധ്യമെന്ന സങ്കല്പനത്തിനും കടലനുഭവങ്ങൾക്കും

ആധാരമായി നിൽക്കുന്നത് പരമ്പരാഗതരംഗത്ത് നിലനിന്നിരുന്ന ഈ തൊഴിൽരീതികളാണ്. അതിൽത്തന്നെ പരമ്പരാഗതരംഗത്തെ പ്രബലമായ തൊഴിൽരീതി ചൂണ്ടപ്പണിയാണ് വൈദഗ്ധ്യസ്വത്വത്തെ വ്യവഹരിക്കപ്പെടുന്ന ആഖ്യാനങ്ങൾക്ക് മുഖ്യമായതെന്ന് അംഗീകരിക്കേണ്ടി വരുന്നു.

> ചൂണ്ടപ്പണി ചെയ്തു ജീവിക്കുന്ന ഞങ്ങളുടെ പിതാക്കന്മാർക്ക് മരുപ്പാക്കല്ലിന്റെ ഉള്ളിൽ പോകേണ്ടിവന്നിട്ടില്ല. ഇന്ന് ഞങ്ങളുടെ പിതാക്കന്മാരുടെ തൊഴിലിന്റെ പിന്തുടർച്ചാവകാശികളായ ഞങ്ങൾക്ക് മേൽപ്പറഞ്ഞ മരുപ്പാക്കല്ലിന്റെ തീരക്കടലിൽ നന്തലും കൊച്ചുകണന്നുമല്ലാതെ മറ്റൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഞങ്ങൾ ആഴക്കടലിൽ ആട്ടുചൂണ്ട എന്ന വിപ്ലവകരമായ മത്സ്യബന്ധനരീതി വികസിപ്പിച്ചെടുത്തത് (ആൻഡ്രൂസ്, 2002: 24).

ചൂണ്ടപ്പണി ചെയ്തു ജീവിച്ച തങ്ങളുടെ മുൻതലമുറയെയാണ് 'ഞങ്ങൾ' എന്ന് ഇവിടെ പ്രതിപാദിച്ചത്. ചൂണ്ടപ്പണിക്കാരായ പിതാക്കൻമാർ തീരക്കടലിനു പുറമേ ആഴക്കടലിലും മീൻപിടിത്തത്തിനായി പുതിയ രീതികൾ വികസിപ്പിച്ചതായി അദ്ദേഹം ഇവിടെ അവകാശപ്പെടുന്നു. താങ്ങുവള്ളങ്ങളും തോണികളും ഉപയോഗിച്ചുള്ള തീരക്കടൽ മീൻപിടിത്തമാണ് പരമ്പരാഗതരംഗത്ത് പൊതുവായി നിലനിൽക്കുന്നത്. ചൂണ്ടപ്പണിയോടൊപ്പം കരമടി, കമ്പാവല എന്നീ പരമ്പരാഗത മീൻപിടിത്തരീതികളും ആൻഡ്രൂസ് പരാമർശിച്ചു പോകുന്നു. പനിപ്പിള്ളയാകട്ടെ, 'നേരറിവി'ന്റെ വിവിധ മാതൃകകളെ വിവരിക്കുന്നതിന്റെ പ്രധാന ഉപകരണങ്ങളിലൊന്നായിട്ടാണ് ചൂണ്ടപ്പണിയെ സവിശേഷമായി എടുത്തിരിക്കുന്നത്. ആൻഡ്രൂസ് മത്സ്യത്തൊഴിലാളിയായിരിക്കെ വർക്കല മുതൽ കോവിൽ തോട്ടംവരെയുള്ള തീരത്തിന്റെ അടിത്തട്ടിലെ പാരുകളെയും മീനുകളെയും രേഖപ്പെടുത്തി ഫിഷറീസ് വകുപ്പിന് സമർപ്പിച്ചതായി ആദ്യപുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. പരമ്പരാഗതരംഗത്തെ ചൂണ്ടപ്പണിയെടുക്കുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ആഴക്കടലിലും മീൻപിടിക്കാനുള്ള ശേഷിയുണ്ടെന്ന് ആൻഡ്രൂസ് പ്രസ്താവിക്കുന്നു. ഇതിലൂടെ പരമ്പരാഗതരംഗത്തെ വേറിട്ടൊരു വിഭാഗമായി വൈദഗ്ധ്യസ്വത്വമുള്ള തൊഴിലാളികളായി നിർമ്മിക്കുന്ന പ്രക്രിയയായി ചൂണ്ടപ്പണിയെന്നതിനെ മനസ്സിലാക്കാവുന്നതാണ്. അത്തരം

തൊഴിൽരീതികൾ പ്രസക്തമാകുന്ന പുതിയ സാഹചര്യങ്ങളാണ് പരിവർത്തനാനുഭവങ്ങളായി ആഖ്യാനങ്ങളിൽ ഇടം നേടുന്നത്.

റോബർട്ട് പനിപ്പിള്ളയുടെ *കടലറിവുകളും നേരനുഭവങ്ങളും* എന്ന രചനയുടെ ആദ്യഭാഗത്തിന്റെ തുടക്കം ഇങ്ങനെയാണ്: "ചൂണ്ടപ്പണിക്കാരായ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗതജ്ഞാനവും സാഹസികജീവിതവും തൊഴിൽ വൈദഗ്ധ്യവും സമാഹരിക്കുക എന്നതു മാത്രമേ ആദ്യഘട്ടത്തിൽ ഞാൻ ഉദ്ദേശിച്ചുള്ളൂ. പി.സി.ഒ.യുമായി ബന്ധപ്പെട്ട പ്രവർത്തനാനുഭവങ്ങളാണ് ഇതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയത്" (പനിപ്പിള്ള, 2018 , ആമുഖം).

പരമ്പരാഗത മീൻപിടുത്തസമ്പ്രദായങ്ങളിലെ, പ്രത്യേകിച്ച് ചൂണ്ടപ്പണിയിലെ ദൈനംദിന ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നതാണ് മീൻ തങ്ങുന്ന സ്ഥലങ്ങൾ, കാലാവസ്ഥാപ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ചുള്ള വിപുലവും ആഴവുമേറിയ തുമായ പരിചയങ്ങൾ. ഈ മീൻപിടിത്ത ഓർമ്മകളെ വർഗീകരിക്കാനുള്ള ശ്രമങ്ങളാണ് വൈദഗ്ധ്യമെന്ന പ്രതിപാദ്യത്തെ ഉൾക്കൊള്ളുന്നത്. ഈ ദൈനംദിനപ്രവൃത്തിയുടെ വിവരണങ്ങളിലാണ് വൈദഗ്ധ്യത്തിന്റെ ആഖ്യാന ശൈലി പ്രധാനമായും തെളിഞ്ഞു കാണുന്നത്. തീരക്കടലിലെ പാരുകളുടെയും ജന്തുജാലങ്ങളുടെയും പ്രത്യേക മത്സ്യബന്ധനരീതികളുടെയും ഈ വിവരണങ്ങൾ പരമ്പരാഗതരംഗത്തിന്റെ വൈദഗ്ധ്യത്തെ സ്വത്വനിഷ്ഠമാക്കുന്നു. പരിവർത്തനാനുഭവങ്ങളുടെ വിവരണങ്ങളെന്ന നിലയിൽ പരിശോധിക്കുമ്പോൾ ഈ പ്രതിപാദനങ്ങൾ മത്സ്യത്തൊഴിലാളിസ്വത്വത്തെ ദൃഢീകരിക്കുന്ന പ്രവൃത്തിയായി മനസ്സിലാക്കാം.

### 4.3 ശാസ്ത്രീയാന്വേഷണങ്ങളും പരമ്പരാഗതവിശ്വാസങ്ങളും

> ഇവർ കടലിനടിത്തട്ടിലെ വ്യത്യസ്തമായ ആവാസവ്യവസ്ഥകൾ തേടിപ്പിടിച്ച് ആ പ്രത്യേക പ്രദേശങ്ങൾ പരമ്പരാഗതമായ രീതിയിൽ ഉപജീവനത്തിനായി ഉപയോഗപ്പെടുത്തിവരുന്നു. പ്രപഞ്ചത്തിൽ നമ്മുടെ കണ്ണെത്തുന്ന കാഴ്ചകളിൽ മാത്രമല്ല ഇവരുടെ തൊഴിൽപാടവം. കടലിന്റെ അടിത്തട്ടിലെ മുക്കും മൂലയും അതിലെ പ്രത്യേകതകളും ഇവർക്കറിയാം. അത്ഭുതരഹസ്യങ്ങളുടെ കലവറ

യായ കടലിന്റെ അടിത്തട്ട് ശക്തമായ പാരിസ്ഥിതികചലനങ്ങൾക്ക് (Dynamic) വിധേയമാണെന്ന പശ്ചാത്തലത്തിൽ വേണം ഇതു മനസ്സിലാക്കാൻ. കടലൊഴുക്കുകൾ, കടൽവെള്ളത്തിന്റെ തെളിച്ചം, മറ്റു കാലാവസ്ഥാസ്വാധീനങ്ങൾ മുതലായവ കടൽജീവികളിൽ സൃഷ്ടിക്കുന്ന ശീലങ്ങളും ബാഹ്യമായ പാരിസ്ഥിതികഘടകങ്ങൾ മത്സ്യജാലങ്ങളിൽ ചെലുത്തുന്ന സ്വാധീനവും തുടങ്ങി ഓരോ മീനിന്റെയും ഇരയും അവ ഇരയെടുക്കുന്ന സമയവും രീതിയുംവരെ തൊഴിലനുഭവങ്ങളിലെ അതിസൂക്ഷ്മവും നിരന്തരവുമായ നിരീക്ഷണങ്ങളിലൂടെ ഇവർ മനസ്സിലാക്കുന്നു. എന്നിട്ടവർ വലുതും ചെറുതുമായ ഓരോ മീനിനെയും ഓരോ തരത്തിൽ പിടിക്കുന്നു. ഓരോ ദിവസത്തെയും തൊഴിലിനു ശേഷം അന്നന്നത്തെ തൊഴിലനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയെന്നത് തീരത്തെ പതിവുശീലമാണ്. ഈ പങ്കുവയ്ക്കൽ അവരുടെ തനതായ ഭാഷയിലൂടെയാണെന്നു മാത്രം. കടലുമായി ബന്ധപ്പെട്ട പാരമ്പര്യജ്ഞാനത്തിന്റെ കുത്തൊഴുക്കാണ് ഈ അനുഭവം പറച്ചിലുടനീളം. ഭാഗ്യവശാൽ ഈ അനുഭവങ്ങളുടെയും അറിവിന്റെയും ഏറ്റവും വലിയ തറവാടുകളിലൊന്നിലാണ് ഞാൻ ജനിച്ചു വളർന്നത്. കുഞ്ഞുനാൾ മുതൽ കണ്ടും കേട്ടും അനുഭവിച്ചും നിരീക്ഷിച്ചതുമായ കാര്യങ്ങൾ മറ്റുള്ളവരുടെ മുന്നിലേക്ക് നിരത്തുമ്പോൾ ഇതിലൂടെ ഈ സമൂഹത്തിന്റെ ശബ്ദമാകാനാകുന്നതിലെ സംതൃപ്തിയാണ് നിറയുന്നത്. പക്ഷേ, ഞാനറിയാതെ ഇതിലെവിടെയെങ്കിലും എന്നെ സ്വയം പ്രൊജക്ട് ചെയ്തിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു (പനിപ്പിള്ള, 2018, മുൻമൊഴി).

റോബർട്ട് പനിപ്പിള്ള രചിച്ച അനുഭവാഖ്യാനമാണ് *കടലറിവുകളും നേരനുഭവങ്ങളും*. പരമ്പരാഗതരീതിയിൽ മത്സ്യബന്ധനം നടത്തിയിരുന്ന മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളാണ് പ്രധാനമായും റോബർട്ട് പനിപ്പിള്ള വിവരിച്ചിരിക്കുന്നത്. കടലറിവെന്നത് പനിപ്പിള്ള അർത്ഥമാക്കുന്നത് വൈദഗ്ധ്യത്തെയും അനുഭവപാടവത്തെയും നിരീക്ഷണശേഷിയെയും വിശദീകരിക്കുന്ന ശൈലിയിലാണ്. പാരമ്പര്യജ്ഞാനമെന്ന് പ്രത്യേകമായി അദ്ദേഹം കടലറിവിനെ സവിശേഷപ്പെടുത്തുന്നു. കടലിന്റെ അടിത്തട്ടിനെയും

കാറ്റിനെയും ഒഴുക്കിനെയും മീനിനെയും അവയുടെ സഞ്ചാരങ്ങളെയും അറിഞ്ഞുകൊണ്ടുള്ള പരമ്പരാഗതമത്സ്യബന്ധരീതിയ്ക്കും ഈ വിഭാഗത്തിലെ വിദഗ്ധരായ മത്സ്യത്തൊഴിലാളികൾക്കുമാണ് അറിവിന്റെ കർതൃത്വപദവി നൽകുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവിതവിവരണങ്ങൾ എന്നതിനപ്പുറം റോബർട്ട് പനിപ്പിള്ള വ്യക്തിപരമായി നടത്തിയ ഗവേഷണങ്ങളുടെയുംകൂടി അനുഭവരേഖകളാണ് ഈ പുസ്തകം. ആമുഖത്തിലെ 'എന്നെ പ്രൊജക്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണം' എന്ന വാക്യം അദ്ദേഹത്തിന്റെ ഗവേഷണപരമായ അന്വേഷണങ്ങളെ സൂചിപ്പിക്കുന്നു. മത്സ്യത്തൊഴിലാളി ഓർമ്മകളെയും വാമൊഴി ചരിത്രത്തെയും അവലംബമാക്കുന്നതാണ് രചനയുടെ സവിശേഷതയെങ്കിലും റോബർട്ട് പനിപ്പിള്ള എന്ന തീരപ്രവർത്തക വ്യക്തിത്വത്തിന്റെ വിവിധ ഇഴകളെ തുറന്നുവച്ചുകൊണ്ടുള്ള അനുഭവ പ്രതിപാദനത്തെയും പ്രതിഫലിപ്പിക്കുന്നു.

മത്സ്യബന്ധനരംഗവും തീരപ്രദേശവുമായി ബന്ധപ്പെട്ട് മറഞ്ഞിരിക്കുന്ന സത്യങ്ങൾ വെളിപ്പെടുത്തുന്ന മട്ടിലാണ് പനിപ്പിള്ള തന്റെ രചനയെ വിലയിരുത്തുന്നത്. തീരത്തിന്റെ സാമൂഹികചരിത്രത്തിന്റെയും ജീവിതത്തിന്റെയും കഥയായിട്ടാണ് മത്സ്യത്തൊഴിലാളി വൈദഗ്ധ്യവും അറിവും പ്രതിപാദിക്കുന്നത്. തീരപ്രദേശത്തിന്റെ ഈ കടലനുഭവങ്ങളും സാമൂഹികചരിത്രവും മുഖ്യധാരയ്ക്ക് അന്യമാണെന്ന് അദ്ദേഹം രചനയുടെ തുടക്കത്തിൽ അഭിപ്രായപ്പെടുന്നുണ്ട്.

> ഇവിടെ ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. പരമ്പരാഗത സമൂഹങ്ങൾ ഏർപ്പെടുന്ന തൊഴിൽമേഖലകളിൽ മറ്റെല്ലാ തൊഴിലുകളിൽനിന്നും കടൽപ്പണിയെ വേർതിരിച്ചുനിർത്തുന്ന പരമപ്രധാനമായ ചില കാര്യങ്ങളുണ്ട്. കടലിന്റെ വിരിമാറിൽ ഇവർ എങ്ങനെ തൊഴിലിൽ ഏർപ്പെടുന്നു എന്നത് ഇവർ അല്ലാതെ മറ്റാരും നേരിട്ട് കാണുന്നില്ല. കടലിന്റെ വ്യത്യസ്തഭാവങ്ങളെ നേരിട്ട് ഇവർ മീനുമായി കരയിൽ വരുമ്പോൾ മാത്രമാണ് നാം കാണുന്നത്. ശംഖുമുഖത്തെയും വലിയതുറയിലെയും കടൽക്കരയിൽ ഇവർ വരുന്നതും കാത്ത് കൗതുകത്തോടെ നോക്കിനിൽക്കുന്ന ആളുകളെ ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട് (പനിപ്പിള്ള, 2018: 21).

ഈ വാചകങ്ങങ്ങൾ രചനാപരമായ ഉദ്ദേശ്യങ്ങൾ സൂചിപ്പിക്കുന്ന എന്ന മാത്രമല്ല, തീരദേശത്തെക്കുറിച്ചുള്ള 'വ്യത്യസ്ത'മെന്ന് അവകാശപ്പെടാവുന്ന വ്യവഹാരങ്ങളെ പശ്ചാത്തലത്തിൽ നിർത്തുകയും ചെയ്യുന്നു. ഉദാഹരണമായി, പുസ്തകത്തിന്റെ ശീർഷകത്തിലെ 'നേരനുഭവങ്ങൾ'. ഇവിടെ 'സത്യപ്രതിപാദന'ത്തെയും പുറംലോകം അന്യമാക്കിയ തൊഴിലനുഭവങ്ങളെ നേരിട്ട് അർഥമാക്കുന്നതായും വിലയിരുത്താനാവും. മാത്രമല്ല, നേരനുഭവങ്ങളും കടലറിവും വേർതിരിച്ച് വ്യക്തമാക്കപ്പെടുന്നു. ആഖ്യാനത്തിന്റെ ശീർഷകം ഈ നിലയ്ക്കുകൂടി ശ്രദ്ധേയമാണ്. 'നേരനുഭവങ്ങൾ' എന്നത് അറിവിന്റെ സൂചകമായി സങ്കല്പിക്കപ്പെടുന്നു. അനുഭവമെന്നത് തീരദേശത്തിന്റെ സാമൂഹികജീവിതവും അറിവ് എന്നത് മത്സ്യത്തൊഴിലാളികളുടെ കടലിലെ പ്രത്യേകവൈദഗ്ധ്യവും എന്ന ശൈലിയിലാണ് പനിപ്പിള്ള ആഖ്യാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. കടൽജീവിതമെന്ന പ്രത്യേകം എടുത്തുപറയുന്ന ഈ രംഗങ്ങളിലെ കഥകളിൽനിന്നും പാരുകളുടെ ഓർമ്മകളെ തേടി 'അച്ഛൻ തങ്ങളെപ്പോറ്റിയ' പാരുകളുടെ ഭൂപടം തയ്യാറാക്കിയതും പാരുകളിൽ മീൻപിടിത്തവുമായി വർഷങ്ങളോളം ജീവിച്ചവരുടെ പാരമ്പര്യജ്ഞാനത്തെ തേടിയുള്ള പനിപ്പിള്ളയുടെ യാത്രയുമാണ് രചനയിലെ പ്രധാനപ്പെട്ട വിഷയങ്ങൾ. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മീൻപിടിത്തകേന്ദ്രമാണ് കടലനടിത്തട്ടിലെ പാരുകൾ. പാരുകളെത്തേടിയുള്ള അന്വേഷണങ്ങളിലൂടെയാണ് ആഖ്യാനം മുന്നോട്ടു പോകുന്നത്. മത്സ്യബന്ധനത്തിന്റെ ഘടനാപരമായ പ്രത്യേകതകളെയും പൊതുവായതും ശാസ്ത്രസ്വഭാവമുള്ളതുമായ അന്വേഷണങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടാണ് ഈ മേഖലയിലെ തന്റെ അന്വേഷണങ്ങളെ പനിപ്പിള്ള വിപുലപ്പെടുത്തുന്നത്. 'കണിച്ചം, കപ്പൽപ്പാരിന്റെ കണ്ടുപിടിത്തം', 'സ്രാവിന്റെ വായിൽനിന്ന് അദ്ഭുതകരമായ രക്ഷപ്പെടൽ', 'അദ്ഭുതമത്സ്യം', 'കപ്പലിൽനിന്നുള്ള രക്ഷപ്പെടൽ', 'കടലടിത്തട്ടിലെ മായക്കാഴ്ചകൾ' എന്നീ അധ്യായങ്ങൾ കപ്പൽപ്പാരിനെ തേടിയുള്ള അന്വേഷണങ്ങളുടെ വിവരണ ങ്ങളാണ്. ഇതിലൂടെ പനിപ്പിള്ള തന്റെ പ്രവർത്തകസ്വത്വത്തെ ഗവേഷക സ്ഥാനത്തേക്ക് അദ്ദേഹം പരിവർത്തിപ്പിക്കുന്നു.

ആധുനികവിജ്ഞാനീയങ്ങളുടെ സമീപനരീതിയിൽ വാമൊഴിസംസ്കൃതി യെ അടയാളപ്പെടുത്താനുള്ള ഗവേഷകന്റെ യാത്രയാണ് ഈ കടലറിവുകളിൽ വെളിപ്പെടുന്നത്. പാരുകളുമായി ബന്ധപ്പെട്ട് ചേലുപറച്ചിലിലെ പാട്ടായും കഥയായും ഓർമ്മകളായും

അറിവിന്റെ ഒരു വ്യവഹാരം വലിയതുറ, അഞ്ചുതെങ്ങ് തുടങ്ങിയ പ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട് എന്നദ്ദേഹം കണ്ടെത്തുന്നു. പാരുകളിൽ മീൻപിടിത്തവുമായി വർഷങ്ങളോളം ജീവിച്ചവരുടെ പാരമ്പര്യജ്ഞാനത്തെ തേടിയുള്ള അന്വേഷണം അഞ്ചുതെങ്ങിന്റെ നേരെ ഇരുപത്തിരണ്ടു മാറ് ആഴ മുള്ളിടത്ത് മുങ്ങിയ കപ്പലിന്റെ ചരിത്രത്തിലേക്ക് പനിപ്പിള്ളയുടെ ശ്രദ്ധതിരിക്കുന്നു. അനുഭവത്തിൽനിന്ന് ആവിഷ്കാര ത്തിലേക്കുള്ള ഈ ഉൾച്ചേരൽ അടയാളപ്പെടുത്തുന്നത് വിശാലമായ കടൽപ്രയോഗാധിഷ്ഠിത സന്ദർഭങ്ങളെയാണ്. തെക്കൻ ജില്ലകളിലെ തീരപ്രദേശങ്ങളിൽ തൊഴിൽപരമായ വിവരണങ്ങൾ കൈമാറുന്ന സംഭാഷണരീതിയെയാണ് ചേലുപറച്ചിൽ എന്ന് വിളിക്കുന്നത്. അതായത് തൊഴിൽപരമായ ആഖ്യാനങ്ങളുടെ ഒരു വാമൊഴിരൂപമാണിത്. കടലിലെ ദൈനംദിനപ്രവൃത്തികളുടെ സ്വാഭാവികസംഭാഷണങ്ങൾ, പാട്ടുകൾ, കഥകൾ എന്നീ വാങ്മയങ്ങളുടെ കൈമാറ്റങ്ങൾ ഇതിലൂടെ നടക്കുന്നു. ചേല് പറയുന്നവർ എന്നർഥത്തിൽ 'ചേലാളികൾ ' എന്ന പ്രയോഗം തിരുവനന്തപുരത്തെ മുക്കുവക്രിസ്ത്യാനികൾക്കിടയിൽ ഉണ്ട്. ‘ചേലുപറച്ചിലുകളുടെ’ സാമൂഹികതയുടെ തലത്തെ തന്റെ അന്വേഷണങ്ങളുമായി ചേർത്താണ് അദ്ദേഹം വിവരിക്കുന്നത്. വല പിരിയുന്നതിനിടയിലും ചീട്ടുകളിക്കു ന്നതിനിടയിലും മീൻവില്പനയ്ക്കിടയിലും കടലിലെ വിശേഷങ്ങളുമായിട്ടുള്ള അന്നന്നത്തെ കടലിൽപോക്കിന്റെ അനുഭവവിവരണങ്ങൾ അദ്ദേഹം പിന്തുടരുന്നു. ഈ കൂടിച്ചേരലുകളിൽ സാഹസികതയുടെയും ആനന്ദങ്ങളുടെയും അന്വേഷണങ്ങളായി അറിവുകൾ പരന്നുനിൽക്കുന്നത് അദ്ദേഹം എടുത്തുപറയുന്നുണ്ട്. അഞ്ചുതെങ്ങിലെ കപ്പൽപ്പാരിന്റെ ഇന്നത്തെ ചിത്രവും കടലിൽ മുങ്ങിപ്പോയതിന്റെ ചരിത്രവും പനിപ്പിള്ള ചേലുപറച്ചിലിൽനിന്ന് അന്വേഷിക്കുന്നു.

സുക്കുറച്ചൻ കണ്ടുപിടിച്ച കപ്പൽപ്പാര് അതിൽ

ഇരയില്ലാതെ മീൻ പിടിച്ച തെക്കൻമാര്

എന്നീ രണ്ടുവരി ചേലും പാരുകളിൽച്ചെന്ന് മീൻപിടിക്കാൻ വൈദഗ്ധ്യ മുണ്ടായിരുന്ന അച്ഛൻ പനിപ്പിള്ളയുടെയും മറ്റു മത്സ്യത്തൊഴിലാളി സഹോദരങ്ങളുടെയും ദീർഘകാലത്തെ പാരുകളുടെ കഥകളും കേട്ടുകൊണ്ട് ഓർമ്മകളിൽനിന്ന് ‘അച്ഛൻ ഞങ്ങളെപ്പോറ്റിയ പാരുകളുടെ ഭൂപടം ആദ്യം തയ്യാറാക്കി’ യെന്ന് പനിപ്പിള്ള അവകാശപ്പെടുന്നു. ചെറുമങ്കരപ്പാര്,

കരിമ്പാര, വത്തപ്പാര, കൊഴവപ്പാര, വേളപ്പാര, ചക്കാണിപ്പാര, ചെറുമങ്കര എന്നിങ്ങനെയുള്ള തിരുവനന്തപുരത്തെ പാരുകളുടെ പേരുകളും. അതിൽത്തന്നെ ചെറുമങ്കരപ്പാര് കണ്ടെത്താൻ അച്ഛൻ പനിപ്പിള്ളയുടെ സാഹസിക അധ്വാനവും എതിരാളിയായ ആരോഗ്യ പീരുസന്തതിയുടെയും കൂട്ടരുടെയും ചെറുത്തുനിൽപ്പും ഉദ്വേഗഭരിതമായി ഈ പുസ്തകത്തിൽ അദ്ദേഹം പങ്കുവെക്കുന്നുണ്ട്. ഏതാണ്ട് തൊണ്ണൂറുകളോടെയാണ് അഞ്ചുതെങ്ങിലെ പാര് കടലിൽ മുങ്ങിക്കിടക്കുന്ന കപ്പലാണെന്ന തൊഴിലാളികളുടെ അറിവിനെ പിൻപറ്റി അദ്ദേഹം പുറപ്പെടുന്നത്. മത്സ്യത്തൊഴിലാളികളും മുങ്ങൽ വിദഗ്ധൻ കൂടിയായ സുഹൃത്തും അടങ്ങുന്ന സംഘത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കപ്പലിന്റെ ചിത്രങ്ങൾ പകർത്തിക്കൊണ്ട് ആദ്യദൗത്യം പൂർത്തിയാക്കി. ഏത് കപ്പലാണ് മുങ്ങിയത്, അതിന്റെ കാലവും ചരിത്രവും തേടിയിറങ്ങി. സ്ഥലനാമപഠനങ്ങളിലൂടെയും മറ്റു ചരിത്ര ഉപാദാനങ്ങളുടെ പിൻബലത്തോടെയും ഡച്ച് ഈസ്റ്റിന്ത്യാകമ്പനിയുടെ "Wimmenum" എന്ന കപ്പലായിരുന്നു അതെന്നും മനസ്സിലാക്കി. മലബാർതീരത്തുനിന്ന് 1754-ൽ തീവെച്ച് നശിപ്പിക്കപ്പെട്ടതായി കണക്കാക്കുന്ന വിവരങ്ങൾ നെതർലാന്റ് ആർക്കൈവ്സിൽനിന്ന് ശേഖരിക്കുകയും ചെയ്തു. കപ്പൽ കണ്ടെത്താനുള്ള ശ്രമത്തിൽ ഉപകരണങ്ങളും മറ്റു സാങ്കേതികസഹായങ്ങളും ലഭ്യമാക്കിയെങ്കിലും കടലിന്റെ പരമ്പരാഗതരീതികൾ നിരീക്ഷിച്ചാണ് പുറപ്പെടുന്നത്. എല്ലാം സജ്ജമായിട്ടും കടൽക്കാലാവസ്ഥ അനുകൂലമാകുന്നതുവരെ കാത്തുനിന്നു. ഇതിൽത്തന്നെ കൃത്യമായ കണിച്ചം[6] മനസ്സിലാക്കിയതു കൊണ്ടുകൂടിയാണ് കപ്പൽപ്പാരിന്റെ സ്ഥലം നിർണയിക്കാൻ സാധിക്കുന്നതെന്ന് അദ്ദേഹം അടിവരയിടുന്നു. മത്സ്യത്തൊഴിലാളിവൈദഗ്ധ്യത്തിന്റെ പ്രചാരവും പ്രയോഗവും തിരിച്ചറിഞ്ഞ വ്യക്തമായ ദിശാബോധത്തോടെയുള്ള പ്രവർത്തനം റോബർട്ട് പനിപ്പിള്ളയും സംഘവും കാഴ്ച്ചവെച്ചതിന്റെ ചരിത്രത്തെ വായനക്കാരുടെ മുന്നിലെത്തിക്കുന്നു. പനിപ്പിള്ളയോടൊപ്പം മറ്റു മത്സ്യത്തൊഴിലാളികളും പാരിനെ ത്തേടിയുള്ള അന്വേഷണത്തിലേർപ്പെടുന്നതും കടലിനെക്കുറിച്ചുള്ള അവരുടെ പരിചയവും ഇതോടൊപ്പം വിവരിക്കുന്നു. കടലനുഭവങ്ങളുടെയും ചരിത്രങ്ങളുടെയും വാമൊഴിപാരമ്പര്യത്തിന്റെ ഉറവിടങ്ങൾക്കുള്ളിൽനിന്നാണ് പരമ്പരാഗതരംഗത്തെയും അവരുടെ വൈദഗ്ധ്യത്തെയും അദ്ദേഹം ഈ വിധം സ്ഥാപിക്കുന്നത്.

കടലറിവുകളെ അനുഭവരചനയുടെ സമ്പ്രദായമാക്കുന്നതിൽ തന്റെ പിതാക്കൻമാരുടെ പാരമ്പര്യജ്ഞാനത്തെയാണ് പനിപ്പിള്ള ഉപയോഗിക്കുന്നത്. ഇദ്ദേഹത്തിന്റെ പിതാവായ

ആരോഗ്യം പീരുസന്തതി, സെബസ്തി അപ്പൂപ്പൻ, അലക്സ് എന്നിവരുടെ ജീവിതാനുഭവങ്ങൾ കണ്ടെത്താനുള്ള ഉദ്യമമായിട്ടാണ് അറിവിനെ രചനയിൽ അടയാളപ്പെടുത്തുന്നത്. സാഹസികതയും ഉദ്വേഗവും നിറഞ്ഞ യാത്രയ്ക്കൊടുവിൽ ചെറുമങ്കരപ്പാരിനെ കണ്ടെത്തുന്ന കഥാഖ്യാനരീതി സഹോദരനായ കമലപ്പന്റെ വാക്കുകളിലൂടെ ആവിഷ്കരിച്ചിരിക്കുന്നു. പാരിനെ കണ്ടെത്താനുള്ള അച്ഛന്റെ പരിശ്രമങ്ങളോടൊപ്പം കാലാവസ്ഥയും കടലൊഴുക്കും അതിന്റെ ഗതിയും നിറംമാറ്റവും പങ്കിടുന്നു. കടലിനെക്കുറിച്ചുള്ള ഈ അറിവുകൾ പിതാവ് മകന് പകർന്നുകൊടുക്കുന്ന ഉദ്ദേശ്യങ്ങളായി ആഖ്യാനത്തിൽ നിർണായകസ്ഥാനം വഹിക്കുന്നുണ്ടെങ്കിലും മറ്റു പ്രത്യേക സാഹചര്യങ്ങളിൽ സന്ദർഭാനുസൃതമായി എടുക്കുന്ന തീരുമാനങ്ങളായും നിർദേശങ്ങളായും അറിവിന്റെ കൈമാറൽ നടക്കുന്നു.

> പൊളു തടയാൻ ഇനി കുറച്ചുസമയമേയുള്ളൂ. അപ്പോൾ കാണാം കടവാറയിൽ നല്ല ഇരുള് കേറിവരുന്നു. തണുത്ത കച്ചാൻ കാറ്റും. ഇന്ന് ഞങ്ങൾക്ക് മഴ നനയാനാണ് യോഗം എന്ന് വിചാരിച്ചു. എനിക്കാണെങ്കിൽ മഴയത്ത് കടൽപ്പണി ചെയ്തു നല്ല പരിചയമില്ല. പടിഞ്ഞാറേ ചക്രവാളമാണ് കടവാറ. അവിടേക്ക് നോക്കി ഇരുളിന്റെ ചലനങ്ങളും കാറ്റിന്റെ ദിശയും മനസ്സിലാക്കി അച്ഛൻ പറഞ്ഞു: "പേടിക്കേണ്ട, പെയ്യില്ല ഇരുളുംപുറത്ത് ശക്തിയോടിച്ച കച്ചാൻകാറ്റ് കടലിൽ നല്ല ഓളം ഉണ്ടാക്കിയതേയുള്ളൂ. ആ ഓളത്തിൽ കട്ടമരം പൊങ്ങിപ്പൊങ്ങി വീഴുമ്പോൾ തലമരത്തിലെ പലകവിടവിലൂടെ വെള്ളം തെറിച്ച് എന്നെ നനപ്പിച്ചുകൊണ്ടേ യിരുന്നു ( പനിപ്പിള്ള, 2018: 49).

> നേരമെത്രയാകുമെന്ന് ഞാൻ അച്ഛനോട് ചോദിച്ചപ്പോൾ തെക്കുപടിഞ്ഞാറേ മാനത്ത് നിന്ന നാല് വെള്ളികളെ ചൂണ്ടിക്കാട്ടി അച്ഛൻ പറഞ്ഞു "ആ കാണുന്ന കുരിശുവെള്ളി അടയുമ്പോൾ മണി രണ്ടാവും. "ഞാൻ ഇങ്ങനെ അച്ഛനിൽനിന്ന് ഓരോന്നും പഠിച്ചുവരുന്നതേയുള്ളൂ. എന്തായാലും അച്ഛൻ വീണ്ടും പോരുപാടിയും മുറുക്കിഉപ്പിയും കുരിശുവെള്ളിയെ ചക്രവാളത്തിലും തുടർന്ന് ഒന്നിന് പുറകെ ഒന്നായി ആറാംമീനും കപ്പൽവെള്ളിയും അസ്തമിക്കുന്നതും എനിക്ക് കാട്ടിത്തന്നു (പനിപ്പിള്ള, 2018: 50).

> അച്ഛൻ പണ്ടിതുപോലെ സ്രാവിനെ പിടിച്ചിട്ടുണ്ട്. ഇത്ര വലിയ സ്രാവിനെ ജീവനോടെ ഞാൻ ആദ്യമായാണ് കാണുന്നത്. സാധാരണ കട്ടമരങ്ങൾ പായോടി വരുമ്പോൾ മടസ്രാവുകൾ പുറകെ കൂടുമെന്നും കൂർത്ത പല്ലുകൾ കൊണ്ട് കട്ടമരത്തിന്റെ പിൻഭാഗം കടിച്ചുപറിച്ച് അതിലെ ആൾക്കാരെ അപകട പ്പെടുത്തുമെന്നും ഏറെ ശക്തിമാനായ ഇവൻ ചൂണ്ടയിൽ വീണാൽ കുറേ ബലപ്രയോഗത്തിനുശേഷം കടലിൽ അടിയിലെത്തി മൺവെട്ടി പോലുള്ള തലകൊണ്ട് മണ്ണ് തുളച്ച് ഒരേ നിൽപ്പ് നിൽക്കും എന്നും അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങനെ ഞങ്ങളെല്ലാം എന്തുചെയ്യണമെന്നറിയാതെ നോക്കി നിൽക്കെ (പനിപ്പിള്ള, 2018: 77).

ആദ്യവാചകങ്ങളിൽ അപകടസാഹചര്യങ്ങളിൽ, തങ്ങളുടെ മുൻതലമുറ ഇത്തരം സാഹചര്യങ്ങളിൽ രക്ഷപ്പെടാൻ ഉപദേശിച്ച മന്ത്രങ്ങളെന്നപ്പോലെ വൈദഗ്ധ്യത്തെ പ്രതിപാദിക്കുന്നു. മറ്റൊന്ന് കടലിൽ ആയിരിക്കുന്ന സാഹചര്യങ്ങളിൽ സമയം മനസ്സിലാക്കുന്നതിന്റെ കണക്കുകൂട്ടലുകൾ വിവരിച്ചുകൊടുക്കുന്ന രീതിയിലാണ്. അവസാനത്തെ വാചകങ്ങൾ നീണ്ട വർഷങ്ങളുടെ പരിചയത്തിൽ അച്ഛൻ പറഞ്ഞതായി കേട്ടറിഞ്ഞതാണ്. മറ്റൊരധ്യായത്തിൽ കടൽ കുറിഞ്ചരയെടുക്കുന്നൊരു ചൊല്ലുണ്ട് എന്ന് പറഞ്ഞ് കുറിഞ്ചരയുടെ കാലത്തെ കഥകൾ ആഖ്യാതാക്കളിലൂടെ അദ്ദേഹം നിരത്തുന്നു. അതിൽനിന്ന് കടലിന്റെ പല പ്രതിഭാസങ്ങളും ജീവിതകഥകളുമായി കൂട്ടിയിണക്കുന്നു. 'കാർത്തികയിലെ കള്ളക്കടൽ' എന്നാണ് രണ്ടാം അധ്യായത്തിന്റെ ശീർഷകം. കടലിന്റെ പ്രത്യേകതയെ അച്ഛൻ പകർന്നുതന്ന അറിവിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് അവതരിപ്പിക്കുന്നത്. താൻ നേരിട്ടു കണ്ട ഒരു അപകടത്തെ വിവരിക്കുന്ന അധ്യായത്തിലും ഇതേ ശൈലി പിന്തുടരുന്നു. തൊഴിലനുഭവങ്ങളിലെ അതിസൂക്ഷ്മവും നിരന്തരവുമായ അനുഭവപാടവ മായിട്ടാണ് ഈ ആഖ്യാതാക്കാൾ കടലറിവിനെ വിവരിക്കുന്നത്. മത്സ്യ ത്തൊഴിലാളിസ്വത്വത്തെ നിരീക്ഷണശേഷിയുടെയും പ്രവർത്തനവൈദഗ്ധ്യ ത്തിന്റെയും തെളിവുകളായിക്കൂടി പനിപ്പിള്ള വിലയിരുത്തുന്നു.

മത്സ്യത്തൊഴിലാളിസ്വത്വത്തെ ആവിഷ്കരിക്കുന്നതിൽ പരമ്പരാഗത രംഗത്തിന്റെ ഓർമ്മ ശക്തമായ ഒരു രീതിയായി പനിപ്പിള്ളയുടെ രചനയിൽ ഉടനീളം സ്ഥാനം

പിടിക്കുന്നുണ്ട്. തെക്കൻതീരത്തെ ലത്തീൻ കത്തോലിക്കർക്കിടയിലെ വാമൊഴിയുടെയും പൈതൃകത്തിന്റെയും ചരിത്രം അനാവരണം ചെയ്തുകൊണ്ടാണിത് പുരോഗമിക്കുന്നത്. ഇവർക്കിടയിൽ മതപരമായി അനുഷ്ഠിക്കുന്ന പരമ്പരാഗതസമ്പ്രദായങ്ങളെയും വാമൊഴി ചരിത്രങ്ങളെയും കുറിച്ചുള്ള ഓർമ്മകളാണ് 'ശിന്തുപാട്ടുകളും ദുഃഖപ്പാട്ടുകളും' എന്ന അധ്യായം. ഗവേഷകനെന്ന നിലയിലുള്ള തന്റെ സാന്നിധ്യം അറിയിച്ച് കൊണ്ടാണിത് രചിച്ചിട്ടുള്ളത്.

> ശിന്തുപാട്ടുകളുടെയും ദുഃഖപ്പാട്ടുകളുടെയും രചനയുമായി ബന്ധപ്പെട്ട ചരിത്രത്തെ പറ്റി തമിഴ്നാട്ടിലെ വെമ്പർ സ്വദേശിയും തീരദേശചരിത്രഗവേഷകനുമായ സുഹൃത്ത് ജോസഫ് ദേവാനന്ദ് ഫെർണാണ്ടസിനോട് ഒരിക്കൽ ഞാൻ തിരക്കി. അദ്ദേഹത്തിൽ നിന്ന് മനസ്സിലായത് തമിഴ്നാട്ടിലെ തീരപ്രദേശത്ത് പ്രചാരമുള്ള അമ്മാനപ്പാട്ടുകൾ ആലാപനശൈലിയിലും അർഥവിന്യാസത്തിലും ശിന്തുപാട്ടുകൾക്കും ദുഃഖപ്പാട്ടുകൾക്കും സമാനമാണെന്നാണ്. മാത്രമല്ല, ഇവ വിശുദ്ധവാരത്തിലല്ലാതെ പാടാറില്ല. നൂറ്റാണ്ടുകളോളം തീരദേശജനതയുടെ വിശ്വാസാചാരങ്ങളിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയിരുന്ന ഇവ ഒരു ഇടവകയും എഴുതി സൂക്ഷിച്ചിട്ടില്ല എന്നതും അതിശയകരമാണ് (പനിപ്പിള്ള, 2018: 135).

ശിന്തുപാട്ടുകൾ, ദുഃഖപ്പാട്ടുകൾ എന്നീ രണ്ട് പാട്ടുകളുടെ ശേഖരണവും അത് പാടിയിരുന്ന സന്ദർഭങ്ങളുടെ ഓർമ്മയും സമ്മേളിപ്പിച്ചുകൊണ്ടാണ് ലത്തീൻ കത്തോലിക്കരുടെ മതപരമായ ആചാരങ്ങൾ, വിശ്വാസങ്ങൾ എന്നിവ കടലറിവിലേക്ക് ചേർക്കുന്നത്. ഈ വിഭാഗത്തിന്റെ കഥ, മിത്ത് എന്നീ ഘടകങ്ങളിലൂടെ അദ്ദേഹം കടലനുഭവങ്ങളിലേക്ക് പ്രവേശിക്കുന്നു. അറിവ് ഇവിടെ ഓർമ്മകളിലൂടെ പരമ്പരാഗതരംഗത്തിന്റെ കഥകളും പ്രസ്താവനകളും ആധാരമാക്കുന്ന മതപരമായ ആചാരാനുഷ്ഠാനങ്ങളുടെ വാമൊഴിരൂപങ്ങളായി മാറുന്നു. ഈ വിഭാഗത്തിന്റെ വൈവിധ്യമാർന്ന പാട്ടും കഥകളും പറച്ചിലുമാണ് അനുഭവാന്വേഷണങ്ങൾക്ക് പ്രചോദനമായി നിൽക്കുന്നത്. തീരവിഭാഗങ്ങളുടെ ജ്ഞാനരൂപങ്ങൾ സമാഹരിക്കുന്നതിന്റെ രാഷ്ട്രീയ ത്തിനപ്പുറം തൊഴിലെന്നോ സംസ്കാരമെന്നോ വേർതിരിക്കാനാവാത്ത വൈദഗ്ധ്യത്തിന്റെയും

അറിവിന്റെയും സങ്കല്പങ്ങളെ പനിപ്പിള്ള വിശദീകരിക്കുന്നു. ലത്തീൻ കത്തോലി ക്കാതന്മയുടെ സാമൂഹിക-രാഷ്ട്രീയ പ്രഭാവം ഇവിടെ കണ്ടെത്താനാവും.

പാരുകളുടെ അന്വേഷണങ്ങളിലൂടെ പരിവർത്തനാനുഭവങ്ങളെ മറ്റൊരു ദിശയിലേക്ക് ബന്ധപ്പെടുത്തിയെന്നതാണ് പനിപ്പിള്ളയെ പ്രസക്തനാക്കുന്നത്. കടലിനടിത്തട്ടിലെ പാരുകളെത്തേടിയുള്ള പനിപ്പിള്ളയുടെ യാത്രയിൽ ശാസ്ത്രവിജ്ഞാനവും പൊതുരംഗത്തെ വ്യക്തികളിൽനിന്ന് ലഭിക്കുന്ന സ്വീകാര്യതയും പ്രധാന വിഷയമായി രചനയിൽ കടന്നുവരുന്നുണ്ട്. ശാസ്ത്രത്തിന്റെ പ്രത്യേകതയെ പ്രാദേശികതലത്തിൽ നിർമ്മിച്ചെടുക്കുന്ന അനിവാര്യമായ തന്ത്രം ഇവിടെ പ്രവർത്തിക്കുന്നു. മത്സ്യതൊഴിലാളികളുടെ, കടലിനെക്കുറിച്ചും മീൻപിടിത്തത്തെകുറിച്ചുമുള്ള ധാരണകൾക്ക് ലഭിക്കുന്ന സ്വീകാര്യത വിവരിക്കുന്ന സന്ദർഭങ്ങൾ പുസ്തകത്തിൽ പ്രധാനമായി കടന്നുവരുന്നുണ്ട്. പാരുകളിലെ മത്സ്യബന്ധനം വീക്ഷിക്കാൻ കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. വി. ഉമ്മൻ കടലിലേക്കു വരുകയും ഇദ്ദേഹത്തോടൊപ്പം ചൂണ്ടപ്പണി വീക്ഷിക്കുന്ന രംഗത്ത് ചൂണ്ട വലിച്ചെടുക്കുന്നതിനു മുന്നേ മത്സ്യം വീണിട്ടുണ്ടോ ഇല്ലയോ എന്നും ഏത് മത്സ്യമാണ് എന്നും അറിയാൻ സാധിച്ചതിന്റെ പ്രത്യേകത എടുത്തുപറയുകയും ചെയ്യുന്നു. ആകാംക്ഷയോടെ അദ്ദേഹം മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യത്തെ ഇങ്ങനെ സംഗ്രഹിക്കുന്നു: "റോബർട്ടേ, ഇവരുടെ കൈവിരൽത്തുമ്പിൽ കണ്ണുകളുണ്ടോ? എത്ര കൃത്യമായാണിവർ കലവറയെന്നു പറഞ്ഞത്."

ഡോ.ഉമ്മന്റെ ഈ പ്രസ്താവനയെ പനിപ്പിള്ള മത്സ്യത്തൊഴിലാളികളുടെ പാരമ്പര്യജ്ഞാനത്തോടുള്ള ബഹുമാനമായി അവതരിപ്പിക്കുന്നു. ഇങ്ങനെയുള്ള വ്യക്തികളുടെ പ്രചോദനങ്ങളും പ്രോത്സാഹനങ്ങളും തൊഴിലാളിസമൂഹത്തിന്റെ 'യാഥാർഥ്യത്തെ' കൂടുതൽ ആധികാരികമാക്കുന്നതായി പനിപ്പിള്ള കരുതുന്നു. മത്സ്യത്തൊഴിലാളിസമൂഹത്തെ കൂടുതൽ മനസ്സിലാക്കുന്നതിനും ചോദ്യങ്ങളും അന്വേഷണങ്ങളുമായി മുന്നോട്ടുപോകുന്നതിനുമുള്ള പനിപ്പിള്ളയുടെ വ്യക്തിപരമായ ശ്രമങ്ങളാണ് അതിനെ തുടർന്നുള്ള വിവരണങ്ങൾ ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ടുതന്നെ മത്സ്യബന്ധനപ്രകടനങ്ങളിൽ 'സ്വാഭാവികത' കണ്ടെത്തുകയും അതിന്റെ പാഠങ്ങളിൽ അവകാശവാദസ്വഭാവത്തിലുള്ള അസാധാരണത്വം ആരോപിക്കുകയും ചെയ്യുന്നു. ട്രോളറുകൾ അടക്കമുള്ള സാങ്കേതികമുന്നേറ്റങ്ങൾ

തീരക്കടലിനെ നശിപ്പിക്കുമെന്നും നിശ്ചലമാക്കുമെന്നുമുള്ള ഭീഷണി ഉയർത്തി ക്കൊണ്ടുതന്നെ കുടുതൽ വഴക്കമുള്ള ഒരു സമീപനത്തെ പാരുകളുടെ അന്വേഷണങ്ങളിലൂടെ അദ്ദേഹം തേടുന്നു. തന്റെ പ്രവർത്തനങ്ങളുടെ ഉൾക്കാഴ്ചയും മാർഗവുമായി വെവ്വേറെതന്നെ അറിവും ശാസ്ത്രവും അദ്ദേഹം വിഭജിക്കുന്നു. കപ്പൽ കണ്ടെത്താനുള്ള യാത്ര വിവരിക്കുന്ന സന്ദർഭത്തിൽ കുറച്ചു നാളുകൾകൊണ്ട് താനതിന്റെ ഒരുക്കങ്ങൾ പൂർത്തിയാക്കിയെന്നും യാത്രയിൽ തന്നോടൊപ്പം പങ്കെടുക്കേണ്ട ആളുകളെ കണ്ടെത്തിയെന്നും പ്രസ്താവിക്കുന്നു. നാവിഗേഷനിൽ പരിചയസമ്പന്നനായ സുഹൃത്ത് പോൾ കൽവർട്ടും മത്സ്യമേഖലയിലെ ഗവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന എ.ജെ. വിജയനും രാജു എന്ന ബോട്ട് ഡ്രൈവറും മറ്റൊരു സുഹൃത്തും മത്സ്യത്തൊഴിലാളിയായ രാജനും അലക്സും അടങ്ങുന്നതാണ് യാത്രാസംഘം. കണിച്ചം നോക്കി കപ്പൽപ്പാരിനെ കണ്ടെത്തുന്ന യാത്രയെ നിയന്ത്രിക്കുന്നതിന്റെ ചുമതലയുണ്ടായിരുന്ന അലക്സിനെയാണ് വഴികാട്ടിയായി നിർദേശിക്കുന്നത്. അവിടെ പോളിന്റെ തിരുവനന്തപുരത്തെ കടലിന്റെ മാപ്പിൽ കാണാത്ത കപ്പൽപ്പാരിനെ കണ്ടെത്തുന്ന അലക്സിന്റെ വൈദഗ്ധ്യത്തെ പനിപ്പിള്ള വിലമതിക്കുന്ന തിങ്ങനെയാണ്:

> ഒട്ടും അഹങ്കരിക്കാതെ തന്റെ അറിവ് അയ്യാൾ ഞങ്ങൾക്ക് പകർന്നു തന്നുകൊണ്ടേയിരുന്നു. ഇത്രയേറെ സൂക്ഷ്മ നിരീക്ഷണങ്ങളി ലൂടെയാണ് ഇവർ തൊഴിലെടുക്കുന്നതെന്ന് ഇവരോടൊപ്പം ജീവിക്കുമ്പോഴും ഞാൻ അറിഞ്ഞിരുന്നതേയില്ല. ഈ അറിവുകൾക്ക് ആധുനികശാസ്ത്രത്തിന്റെ പിൻബലം ഇല്ലെന്നേയുള്ളൂ. എന്നാൽ പ്രകൃതിയെ ഭാവനയുടെയും ബുദ്ധിയുടെയും ഹൃദയത്തിന്റെയും യുക്തിയുടെയും തലത്തിൽ നിരന്തരം നിരീക്ഷിച്ചു വിശകലനം ചെയ്തിട്ടാണ് ഇവർ ഈ കഴിവ് ആർജ്ജിച്ചതെന്നതിൽ യാതൊരു സംശയവുമില്ല (പനിപ്പിള്ള, 2018: 63).

പരമ്പരാഗതജ്ഞാനങ്ങളെ പരിഗണിക്കുന്നതിനുപകരം ശാസ്ത്രത്തിന്റെ അധീശത്വത്തെ അഭിലഷിക്കുന്നതിൽ ചൂഷണം ചെയ്യപ്പെടാതിരിക്കാൻ ശാസ്ത്രവും പാരമ്പര്യവും ഒന്നുചേർന്ന ദൗത്യമായി അറിവിനെ പുനരവതരിപ്പിക്കേണ്ടതിന്റെ ആവശ്യകതകളാണ് ഈ പ്രസ്താവനകളിലൂടെ ഊന്നുന്നത്. ശാസ്ത്രവും പാരമ്പര്യവും തമ്മിലുള്ള ദൂരം ചൂണ്ടിക്കാണിക്കുന്ന

ഈ വ്യക്തിപരമായ സഞ്ചാരം തുറന്നിടുന്നത് തീരസംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റെയും ബന്ധുത്വത്തെ സ്ഥാപിക്കാനുള്ള ശ്രമംകൂടിയാണ്. അന്വേഷണവിഷയമായി പാരുകളെ അടയാളപ്പെടുത്തുന്നത് ഈ നിർമ്മിതികളുടെ വിഭവങ്ങളായിട്ടുകൂടിയാണ്. വാമൊഴിയുടെ അനുഭവം ആഖ്യാനത്തിനായുള്ള ഉദ്ദേശ്യത്തിന് നിർണായക വാദമുഖമാകുന്നതിൽ അങ്ങനെയൊരു ചരിത്രം നിർമ്മിക്കുന്നതിന്റെ ഭാവനകൂടി പങ്കുപറ്റുന്നുണ്ട്. തന്റെ ജനതയുടെ പാരമ്പര്യജ്ഞാനങ്ങൾക്ക് ഒരു വിച്ഛേദനം സംഭവിച്ചിരിക്കുന്നു എന്ന അസ്തിത്വപരമായ വിവക്ഷയിൽനിന്ന് കൂടിയാണിത് സാധ്യമാകുന്നത്.

> 2019 ഒരിക്കൽ ഞാൻ ചെറിയൊരു യോഗം വിളിച്ചുചേർത്തു. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശത്തുനിന്നും ആറേഴ് പേർ പങ്കെടുത്തു. ഞാൻ ഒഴികെ മറ്റെല്ലാ പേരും വളരെ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർ. മാത്രമല്ല, മീൻപിടുത്തക്കാരുടെ മക്കളായി ജനിച്ച് ഉയർന്ന നിലയിൽ എത്തിയിട്ടും തീരദേശത്ത് തന്നെ ജീവിക്കുന്നവർ. മത്സ്യത്തൊഴിലാളികളുടെ അറിവും അനുഭവവും ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുക എന്നതായിരുന്നു ആ യോഗത്തിന്റെ ലക്ഷ്യം. ഓരോരുത്തരും അവർക്ക് അറിയാവുന്ന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനിടയിൽ ഞാൻ എന്റെ എരുക്കലംകൊണ്ട് നടത്തിയ ശുശ്രൂഷയെ പറ്റി വിവരിച്ചു. എല്ലാപേരും ശ്രദ്ധയോടെ കേട്ടിരുന്നശേഷം പതിയെ ഓരോരുത്തരായി പറയാൻ തുടങ്ങി, ഇതവരുടെയും ജീവിതാനു ഭവമാണെന്ന്. ചുരുക്കത്തിൽ ഇതിനൊരു രഹസ്യ സ്വഭാവം എല്ലായിടത്തും ഉണ്ടായിരുന്നുവെന്ന് മാത്രം (പനിപ്പിള്ള, 2018: 147).

*കടലറിവുകളും നേരനുഭവങ്ങളും* എന്ന ഈ രചനയുടെ അവസാനഭാഗങ്ങളിൽ ഈവിധം അദ്ദേഹം ശേഖരിച്ച വിവരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ മത്സ്യങ്ങൾ, പാരുകളുടെ പേരുകൾ എന്നിവ ആൻഡ്രൂസും പട്ടികയായിത്തിരിച്ച് അദ്ദേഹത്തിന്റെ രചനകളിൽച്ചേർത്തിട്ടുണ്ട്. സമഗ്രമായ തലത്തിലുള്ളതും വസ്തുനിഷ്ഠവും അളവുപരവുമായ സ്വഭാവങ്ങൾ, വീക്ഷണങ്ങൾ എന്നിവ ശാസ്ത്രാന്വേഷണങ്ങളുടെ രീതികളാണ്. എത്നോഗ്രഫിക്കൽ സ്വഭാവങ്ങൾ എന്നു പറയാവുന്ന ഈ കടലറിവുകൾ ശാസ്ത്രത്തിന്റെ സമ്പ്രദായങ്ങളിൽ വസ്തുനിഷ്ഠ രീതിയിൽ ഏർപ്പെട്ടുകൊണ്ടുതന്നെ അതിനെതിരെ വെല്ലുവിളി

ഉയർത്തുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതാനുഭവങ്ങൾ അന്യവൽക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ അതിനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തോടെയാണ് അദ്ദേഹം യോഗം വിളിച്ചുചേർക്കുന്നത്. മത്സ്യത്തൊഴിലാളി കർത്തൃത്വത്തെ സവിശേഷമാക്കുന്നത് പരമ്പരാഗതരംഗത്തിന്റെ കടലനുഭവങ്ങളാണെന്ന ധാരണയിലാണിവിടെ സാംസ്കാരികചിഹ്നമായി കടലറിവിനെ രൂപാന്തരപ്പെടുത്തുന്നത്. അഞ്ചുതെങ്ങിന്റെ നേരെ ഇരുപത്തിരണ്ട് മാറ് ആഴമുള്ളിടത്ത് മുങ്ങിയ കപ്പലിന്റെ ചരിത്രത്തിലേക്ക് അന്വേഷണം വ്യാപിപ്പിക്കുന്നതും അതിന്റെ പ്രവർത്തനങ്ങളും പാരമ്പര്യത്തെ പുനർനിർമ്മിക്കുന്ന പരിവർത്തനാനുഭവങ്ങളുടെ രാഷ്ട്രീയചുറ്റുപാടിനെ ദൃശ്യമാക്കുന്നു.

പി.സി.ഒ.യുടെ നേതൃത്വത്തിൽ തിരുവനന്തപുരം തീരമേഖലകളിൽ നടന്ന തീരത്തിന്റെ പരിസ്ഥിതി ഉന്നമന പ്രവർത്തനങ്ങളും അതിൽത്തന്നെ വൈജ്ഞാനിക അന്വേഷണങ്ങൾക്കുള്ള പങ്കുമായി ബന്ധപ്പെട്ടാണ് പനിപ്പിള്ള പ്രവർത്തിച്ചിരുന്നത്. പി.സി.ഒ. നടത്തിയ തീരദേശത്തെ അവകാശ രാഷ്ട്രീയപ്രവർത്തനത്തിന്റെ അർഥവത്തായ കാലഘട്ടങ്ങളിൽനിന്നുകൊണ്ട് അതിൽ പ്രവേശിച്ച് ഇത്തരം വ്യത്യസ്തമായ രാഷ്ട്രീയവീക്ഷണങ്ങളെയാണിവിടെ സങ്കൽപ്പിക്കുന്നത്. പേഴ്സീൻവലകൾ, ട്രോളിങ് വലകൾ, ആഴക്കടലിലെ ദൂരപരിധി എന്നീ വിഷയങ്ങളിൽ 1970-കൾക്ക് അവസാനം തൊട്ട് കടലിലുണ്ടായ അപകടങ്ങൾ, തീവെപ്പ്, കൊലപാതകങ്ങൾ എന്നീ സാഹചര്യങ്ങളെത്തുടർന്നുണ്ടായ നിയമപോരാട്ടങ്ങൾ എന്നിവ സംഘർഷഭരിതമായ തീരത്തിന്റെ ഒരു വശത്തെ കാണിക്കുന്നതാണ്. അതോടൊപ്പംതന്നെ മൺസൂൺട്രോളിങ് നിരോധിക്കാനുള്ള സമരത്തിലൂടെയും ഉൾനാടൻ മത്സ്യരോഗപ്രശ്നം ഏറ്റെടുത്തുകൊണ്ടുള്ള സമരത്തിലൂടെയും രൂപപ്പെട്ട പരിസ്ഥിതി സംരക്ഷണവീക്ഷണം എടുത്തുപറയേണ്ടതാണ്. 1981-ലെ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറത്തിന്റെയും മത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ നടന്ന ട്രോളിങ് വിരുദ്ധസമരത്തിന്റെ സുപ്രധാനമായ നേട്ടം എന്നത് തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കാൻ ശാസ്ത്ര-സാങ്കേതിക സമൂഹവും ഭരണകൂടവും നിർബന്ധിതമായി എന്നാണ്. 1984-ൽ മത്സ്യബന്ധന മേഖലയെക്കുറിച്ച് പഠിച്ച കലാവർ കമ്മീഷന്റെ റിപ്പോർട്ട് പുറത്തു വന്നില്ല എന്നതിനെതിരെയും മൺസൂൺകാലത്തെ ട്രോളിങ്നിരോധനം നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചും സമരം പുനരാരംഭിച്ചു. എന്നാൽ ഇക്കാലങ്ങളിൽ

ഫെഡറേഷൻ ശാസ്ത്രസ്വഭാവത്തിലുള്ള പഠനങ്ങളെ ആശ്രയിക്കുകയും (മത്സ്യവിഭവശേഷിയെ സംബന്ധിച്ച്) കുറേക്കൂടി പരമ്പരാഗത മത്സ്യബന്ധനമേഖലയിൽ സാധ്യതയുള്ളിടത്തോളം സുസ്ഥിരത കൈവരിക്കാനും തീരത്തിന്റെ ഭൗതികസാഹചര്യങ്ങൾ വർധിപ്പിക്കുന്ന ആവശ്യങ്ങളിലേക്കും തിരിയുന്നുണ്ട്. സമരത്തിലൂടെ മത്സ്യബന്ധനമേഖലയെക്കുറിച്ചും മത്സ്യസമ്പ ത്തിനെക്കുറിച്ചും ശാസ്ത്രാവബോധം ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞു എന്നും *ഒരു സമരകഥയിൽ* മത്സ്യത്തൊഴിലാളിയൂണിയൻ പ്രവർത്തകർ അവകാശപ്പെടുന്നു. കേരളതീരത്തെ പരിവർത്തനങ്ങളുടെ ആധുനികസന്ദർഭമാണ് പനിപ്പിള്ളയുടെ അവബോധങ്ങളെ സ്വാംശീകരിച്ചിരിക്കുന്നതെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. കടലറിവിന്റെ ആശയങ്ങളെ പുനരാവിഷ്കരിക്കുകയും യുക്തിസഹമാക്കുകയും ചെയ്യതിൽ അവകാശ പ്രസ്ഥാനങ്ങൾക്ക് പ്രധാന പങ്കുണ്ടായിരുന്നു. ശാസ്ത്രീയവസ്തുതകളെ വാമൊഴി വിശ്വാസങ്ങളുടെ സ്ഥാനത്തേക്ക് കൊണ്ടുവരുകയും അതുവഴി അംഗീകൃതമായ തത്ത്വങ്ങളായി അവയെ പരിഗണിക്കുകയും ചെയ്യുന്നു. ആധുനികേതരമായ പരമ്പരാഗതവിജ്ഞാനങ്ങളെ യുക്തി ഭദ്രമാക്കുന്നതിലൂടെ ഇത് ശാസ്ത്രം പ്രസ്താവിക്കുന്ന വസ്തുനിഷ്ഠതയെ മങ്ങിപ്പിക്കുകയും ചെയ്യുന്നു. തീരദേശത്ത് ജീവിക്കുന്ന തൊഴിലാളി വീക്ഷണകോണിൽനിന്നുള്ള യുക്തിവിചാരത്തിന്റെ മാതൃകയായി മത്സ്യത്തൊഴി ലാളിവൈദഗ്ധ്യത്തെ സൃഷ്ടിക്കുന്നതിന്റെ രേഖകൂടിയായി ഇത് നിൽക്കുന്നു.

### 4.4 വൈദഗ്ധ്യത്തിന്റെ ധാർമ്മികവൽക്കരണം

ആൻഡ്രൂസിന്റെ അനുഭവാഖ്യാനങ്ങൾ അധുനികീകരണം അപരമാക്കിയ പരമ്പരാഗതമത്സ്യബന്ധനരീതിയെ പ്രാധാന്യത്തോടെ ചിത്രീകരിക്കുന്ന രചനകളാണ്. രചനകളിലെ വൈദഗ്ധ്യത്തിന്റെ വിവരണങ്ങൾ അനുഭവങ്ങളിലെ വിള്ളലുകളിൽനിന്ന് രൂപംകൊള്ളുന്ന പ്രതീകാത്മകമായ മൂല്യങ്ങളിലാണ് നിൽക്കുന്നത്. മീൻപിടുത്ത പ്രവൃത്തിയുടെ ആവർത്തിച്ചുള്ള വിവരണങ്ങളിലൂടെ ശാസ്ത്ര-സാങ്കേതികതയോടുള്ള നേരിടലും വൈദഗ്ധ്യത്തെ രൂപകമായി ബന്ധിപ്പിക്കുന്നതായി വ്യക്തമാകുന്നു. ഇത് വൈദഗ്ധ്യതലത്തിലുള്ള അനുഭവങ്ങളെ അധീശശക്തിക്കെതിരെ എങ്ങനെ വിന്യസിക്കുന്നു എന്നതിനെ പ്രസക്തമാക്കുന്നതാണ്. വൈദഗ്ധ്യത്തെ ആൻഡ്രൂസ് പ്രതിപാദിക്കുന്നത് പരമ്പരാഗതരംഗത്തിന്റെ തൊഴിലാളിത്തപരമായ പ്രത്യേകതകളുടെയും അവരുടെ

മത്സ്യബന്ധനരീതികളുടെയും സ്വത്വമുദ്രയായിട്ടാണ്. വൈദഗ്ധ്യത്തെ ശാസ്ത്രീയവസ്തുതകളായി നിർമ്മിച്ചെടുക്കുന്നതിനുപകരം മത്സ്യബന്ധന രംഗത്തുനിന്നും പ്രാന്തവൽക്കരിക്കപ്പെട്ടതിന്റെ പ്രശ്നമായി അദ്ദേഹം വിലയിരുത്തുന്നു. ശാസ്ത്ര-സാങ്കേതികരംഗങ്ങൾ ഉണ്ടാക്കുന്ന നിബന്ധനകൾക്കുള്ളിലും പുറത്തുമായിട്ടാണത് നിൽക്കുന്നത്. നീതിബോധത്തിന്റെയും ധാർമ്മിക പ്രവൃത്തികളുടെയും ചോദ്യങ്ങളിലാണിത് പരുവപ്പെടുന്നത്. ആൻഡ്രൂസിന്റെ രചനകളിലൂടെ ഈ വിഷയങ്ങൾ മുൻ അധ്യായങ്ങളിൽ വിശദമായി ചർച്ചചെയ്തു കഴിഞ്ഞതാണ്. ട്രോളറുകളുടെയും ബോട്ടുകളുടെയും നിരന്തരമായ പ്രവർത്തനംമൂലം നശിപ്പിക്കപ്പെട്ട കടലിന്റെ ഇന്നത്തെ അവസ്ഥ വിവരിക്കുന്നതിനുവേണ്ടി മത്സ്യക്കയം, കേരളത്തിലെ വിവിധതരം പാരുകൾ, മണൽത്തിട്ട, പവിഴപ്പുൽപ്രദേശങ്ങൾ എന്നിങ്ങനെ പ്രത്യേകമായി ആൻഡ്രൂസ് വേർതിരിക്കുന്നു. കടലിനടിയിലെ മണൽത്തിട്ടകൾ, മണൽപ്പരപ്പുകൾ, അതിൽ തങ്ങിയിരുന്ന മീനുകളോടൊപ്പമുള്ള മറ്റു ജന്തുജാലങ്ങളുടെയും സമൃദ്ധി എന്നിവ വിശദമായി അദ്ദേഹം ആഖ്യാനം ചെയ്യുന്നു. തീരക്കടലിലെ മീനുകളെ കേന്ദ്രീകരിച്ചുകൊണ്ട് രൂപപ്പെട്ട പ്രത്യേക മത്സ്യബന്ധനരീതികളായ ചൂണ്ടപ്പണി, കമ്പാവല, തട്ടുമടി എന്നിവയും ഓരോ പാരിനും അനുസൃതമായ മത്സ്യബന്ധന ഉപകരണവും ഈ രംഗത്തെ നയിക്കുന്ന ധാർമ്മികമൂല്യങ്ങളുടെ വിഷയങ്ങളെയും രചനകളിൽ വിശദീകരിക്കുന്നു. ഇതൊരു വശത്ത് അറിവിന്റെ ബോധനപരമായ വർഗീകരണശൈലിക്ക് രൂപം നൽകുന്നതിനിടയാക്കുന്നുണ്ട്. അതോടൊപ്പം പരമ്പരാഗതരംഗം നേരിട്ട വൈകാരികവും സാമൂഹികപരവുമായ നഷ്ടത്തിന്റെ പ്രത്യക്ഷമായി വൈദഗ്ധ്യം പരിണമിക്കുന്ന കാഴ്ചയെയും അടയാളപ്പെടുത്തുന്നു. മത്സ്യബന്ധനമേഖലയുടെ കാലങ്ങളായിട്ടുള്ള പരിണാമങ്ങൾക്കനുസൃതമായ ഒരു രംഗമായിട്ടാണ് തീരപ്രദേശത്തെയും മത്സ്യബന്ധനരംഗത്തെയും നിർമ്മി ച്ചെടുക്കുന്നത്. എന്നാൽ യന്ത്രവൽകൃതമത്സ്യബന്ധന ഉപകരണങ്ങൾ പ്രത്യക്ഷപ്പെട്ടതിനെത്തുടർന്ന് പരമ്പരാഗതരംഗത്തെ തൊഴിലാളികൾ കടലിൽ നേരിട്ട പ്രതിസന്ധികളെന്ന നിലയിലും കടൽപ്രപഞ്ചത്തിന്റെ നാശമെന്ന രീതിയിലുമാണ് അദ്ദേഹം സമീപിക്കുന്നത്. വൈവിധ്യമേറിയ പരമ്പരാഗത മീൻപിടിത്തരീതിയുടെ കാലങ്ങളായി നിലനിൽക്കുന്ന മാറ്റത്തെപ്പോലെ സ്വാഭാവികപരിണാമം എന്ന നിലയിലല്ല ഈ വിഷയം കൈകാര്യം ചെയ്തിരിക്കു ന്നത്. ശീലിച്ചിരുന്ന പ്രവൃത്തികൾ പുതിയ പ്രക്രിയകളിലേക്ക് വഴിമാറുന്നതിന്റെ

അധികാരപൂർണവും ഹിംസാത്മകവുമായ രൂപമായിട്ടാണ് യന്ത്രവൽക്കരണ ത്തെയും വ്യാവസായികമുന്നേറ്റങ്ങളെയും മറ്റ് അനുബന്ധവിഷയങ്ങളെയും അദ്ദേഹം കാണുന്നത്. ദുരന്തപൂർണമായ വിവിധതരം ജീവിതകഥയുടെ പ്രശ്നങ്ങൾക്കുള്ള കാരണങ്ങളായി അവ ഇടംപിടിക്കുന്നു. പരമ്പരാഗത തൊഴിലാളികളുടെ അനുഭവപാടവമെന്ന വൈദഗ്ധ്യമാണ് നിലവിലെ മത്സ്യബന്ധനരംഗത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി രചനകളിൽ അവിഭാജ്യ ഘടകമാകുന്നത്.

> കക്കാക്കല്ല് മൂടിപ്പോയതിനാൽ ആർന്നൂക്കല്ലിന്റെ നടുക്കല്ല് തിരഞ്ഞുപിടിക്കുന്നതിന് കഴിയുന്നില്ല. തെക്കേക്കല്ലിനും വടക്കുള്ള കല്ലിനും തോണികളുണ്ടായിരുന്നു. തെക്കെക്കല്ലിന് പത്തോളം കട്ടമരങ്ങളുണ്ടായിരുന്നു (ആൻഡ്രൂസ്, 2002: 58).

> രാത്രിയിൽ മത്സ്യബന്ധനത്തിന് പോയ തട്ടുമടി പള്ളത്തിൽനിന്ന് കിട്ടിയ കണവയിൽ ഒരെണ്ണമെടുത്ത് ചൂണ്ടയിൽ കൊരുത്തുവിട്ടു. തെക്കോട്ടുള്ള കടലൊഴുക്ക് കണക്കാക്കി കണക്കനുസരിച്ചുള്ള കല്ലുസും ബാക്കി ചരടും വിട്ടു. പള്ളിക്കല്ലിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗത്ത് കല്ലിറക്കിയിട്ട് പെരം ഇറക്കി രാവിലെ തോണി നിറുത്തി. മകരമാസത്തിൽ വാടനീരൊഴുക്കി നീലജലം കരയിലേക്കൊഴുകി വരുമ്പോൾ പള്ളിക്കല്ല് നഗ്നനേത്രങ്ങൾക്ക് കാണാൻ കഴിയും. കടലാക്രമണത്തിൽ ചിന്നിച്ചിതറിപ്പോയ പള്ളിയുടെ ഭാഗങ്ങൾ അങ്ങിങ്ങായി ചിതറി കിടക്കുന്നു (ആൻഡ്രൂസ്, 2002: 61).

> പതിനെട്ടു മാറിലെത്തിയപ്പോൾ നീണ്ടൻവലക്കാർ മണൽത്തിട്ട യുടെ ഓരങ്ങളിൽ വല നീട്ടി മത്സ്യബന്ധനം നടത്തുന്നു. കിളിവരണ്ടയും കൊഞ്ചും പരവയും പാടം കയറുന്നവർക്ക് വള്ളത്തിൽ രണ്ടും മൂന്നും കള്ളി നിറഞ്ഞ് പായ്ക്കിവർത്തി കരയിലേക്ക് പോകുന്നു. അന്ന് പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് കൊയ്ത്തിന്റെ കാലമായിരുന്നു (ആൻഡ്രൂസ്, 2002: 71).

> കൊല്ലം തീരക്കടലിൽ വർക്കലമുതൽ കോവിൽതോട്ടംവരെയുള്ള തീരക്കടലിലെ പാരുകളിൽ ധാരാളമായി ജീവിക്കുന്ന മത്സ്യമാണ് അഞ്ചാള (ആൻഡ്രൂസ്, 2002: 57).

> ഞണ്ടുകൾ കരയിലും കടലിലും പറ്റം പറ്റമായി സഞ്ചരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നൊക്കെ കമ്പാവലയിൽ ഇവ ധാരാളമായി കിട്ടുമായിരുന്നു. ഇപ്പോൾ ഞണ്ട് എവിടെ കിണ്ണൻ എവിടെ (ആൻഡ്രൂസ്, 2002: 60).

തീരക്കടലിലെ പാരുകളായ കക്കാക്കല്ല്, ആർന്നുക്കല്ല്, നടുക്കല്ല്, തെക്കേക്കല്ല് എന്നിവയും അവയിൽ പ്രത്യേകമായി പണിയെടുത്തിരുന്ന തോണികളും കട്ടമരങ്ങളും പിന്തുടർന്നിരുന്ന സാമ്പ്രദായികത്വമോ പാരമ്പര്യമോ ആണിവിടെ വൈദഗ്ധ്യത്തെ മുന്നോട്ടുവെക്കുന്നത്. പരമ്പരാഗതതൊഴിൽരീതിയുടെ ഈ പ്രകടനങ്ങൾക്ക് ആധികാരികത കൈവരിക്കുന്നത് മറ്റു മത്സ്യബന്ധനരംഗങ്ങളുടെ അധാർമ്മികവും അനീതിയും നിറഞ്ഞ പ്രവൃത്തികളെ ചൂണ്ടിയാണ്. തീരക്കടലിലെ മത്സ്യങ്ങളായ അച്ചൻ (കടലാന), തെണ്ട, അഞ്ചാള, പടത്തക്കോര, മൂര, സ്രാവ്, ആമ, കുഴിഞണ്ട് എന്നീ ജന്തുജാലങ്ങളെയും മസ്യബന്ധനരംഗത്തെ അനീതിയുടെ വെളിച്ചത്തിൽ ഉൾക്കൊള്ളുന്നു. വാടനീര്, പൂങ്കറ എന്ന് പേരിട്ടിരിക്കുന്ന പ്രകൃതിപ്രതിഭാസങ്ങൾ, കടലോട്ടം മനസ്സിലാക്കി മീൻ പിടിക്കുന്ന രീതികൾ എന്നിവ മത്സ്യത്തൊഴിലാളികളുടെ നിരീക്ഷണങ്ങൾക്കും നിഗമനങ്ങൾക്കുമുള്ള വിശ്വാസ പ്രമാണമായി ആൻഡ്രൂസ് നിരത്തുന്നു.

*കടൽമുത്ത്* എന്ന കൃതിയിലെ 'മത്സ്യബന്ധനമേഖലയും വികസനവും' എന്ന അധ്യായത്തിൽ കടലിന്റെ പരിസ്ഥിതിയെയും അടിത്തട്ടിനെയും കുറിച്ച് വിശദീകരിക്കുന്നു. കടലും മത്സ്യസമ്പത്തും മത്സ്യത്തൊഴിലാളികളും അഭേദ്യമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെയും മലനിരകളും ആഴക്കടലിന്റെ അടിത്തട്ടും മത്സ്യത്തൊഴിലാളികൾ എങ്ങനെ മനസ്സിലാക്കുന്നു എന്നതിന്റെയും ഉദാഹരണമായി കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നു. സ്ഥിരമായ സന്തുലിതാവസ്ഥയ്ക്കുള്ള അന്വേഷണമായി വൈദഗ്ധ്യത്തെ സന്ദർഭവൽക്കരിക്കുന്ന രീതികളിലേക്ക് ഈ വിവരണങ്ങൾ ചെന്നെത്തുന്നതായി കാണാനാകും.

ആൻഡ്രൂസും പനിപ്പിള്ളയുടേതുപോലെ കുടുംബചരിത്രം വിവരിക്കുന്നുണ്ട്. ധീരരും സാഹസികരുമായ മത്സ്യത്തൊഴിലാളികളുടെയും തന്റെ അച്ഛന്റെയും ബന്ധുക്കളുടെയും ഓർമ്മയിലൂടെയാണ് പല അധ്യായങ്ങളിലെയും മത്സ്യബന്ധന വിവരണങ്ങൾ വരുന്നത്. കട്ടമരത്തിലെ ആദ്യകാല മീൻപിടിത്തത്തിൽ നിലകൊള്ളുന്ന അറിവുകളായ കാറ്റിന്റെ ഒഴുക്ക്, ഗതി, മീനിന്റെ പേരുകൾ, തീരക്കടലിലെ വിവിധ ഇടങ്ങൾ എന്നിങ്ങനെയുള്ള ധാരണകളെ അദ്ദേഹം വിശകലനവിധേയമാക്കുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും അനുഭവവിവരണങ്ങളിലേക്കു കടക്കുമ്പോൾ അധികാരസ്ഥാപനങ്ങളുടെ ഒരു നിരതന്നെ പ്രത്യക്ഷപ്പെടുന്നു. അവരോടുള്ള ചോദ്യങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ ഓർമ്മിപ്പിക്കുന്നു. മാത്രമല്ല തീരരംഗത്തെ 'ഔദ്യോഗികമായി' വിലയിരുത്തുന്ന ശാസ്ത്രീയനിർദേശങ്ങളുടെ സാധുതയെക്കുറിച്ചും അതിന്റെ സാമാന്യവൽക്കരണപ്രവണതകളോടും അദ്ദേഹം എതിരിടുന്നു. പരമ്പരാഗതരംഗത്തിന്റെ അനുഭവങ്ങൾ മുൻനിർത്തിയാണ് ആൻഡ്രൂസ് കടലിലെ പരമ്പരാഗതരംഗത്തിന്റെ അവകാശവാദങ്ങൾ ഉന്നയിക്കുന്നത്. ഈ അനുഭവത്തിന്റെ ചുറ്റിലുമാണ് വൈദഗ്ധ്യത്തെ വരച്ചിടുന്നത്. മണൽഗർത്തങ്ങളും മണൽക്കുന്നുകളും പവിഴപ്പുൽപ്രദേശങ്ങളും മരുപ്രദേശങ്ങളും പൊറ്റപ്പാരുകളും ചെളിപ്രദേശങ്ങളും ഉൾപ്പെടുന്ന ആദ്യകാല മത്സ്യബന്ധനരീതികളുടെ പാരമ്പര്യ ശൈലിയെ അദ്ദേഹം ഉറപ്പിക്കാൻ ശ്രമിക്കുന്നു. ആധുനികീകരണങ്ങൾ ഈ രംഗത്തുണ്ടാക്കിയ മാറ്റങ്ങളെ പിന്തുടർന്നുകൊണ്ടാണിത് സ്ഥാപിച്ചിരിക്കുന്നത്.

> 590 കി.മീ. ദൈർഘ്യമുള്ള അറബിക്കടലിന്റെ തീരക്കടൽ ഒരു മാറ് മുതൽ ഇരിപത്തിയഞ്ചു മാറു വരെ (സൂര്യകിരണങ്ങൾ അടിത്തട്ടിൽ എത്തുന്ന മേഖല നിരവധി മത്സ്യങ്ങളുടെ കലവറയായിരുന്നു) സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങളിൽ ആറാമിൻ വെള്ളി, മുഴക്കോൽ വെള്ളി, കുരിശുവെള്ളി, പുലർകാലനക്ഷത്രങ്ങൾ, പ്രപഞ്ചത്തിന്റെ അത്ഭുതസൃഷ്ടികളായ വാൽനക്ഷത്രം, മേഘക്കൂട്ടങ്ങൾ എന്നിവ കടലും മത്സ്യസമ്പത്തും മത്സ്യത്തൊഴിലാളികളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കടലിന്റെ പരിസ്ഥിതിയെപ്പറ്റിയും അടിത്തട്ടി നെക്കുറിച്ചും ചിന്തിക്കേണ്ടി വരുമ്പോൾ തീരക്കടലിലും ആഴക്കടലിലും അടിത്തട്ടിൽ മലനിരകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന നിഗൂഢ രഹസ്യങ്ങൾ അടങ്ങിയതാണ് കടലിന്റെ അടിത്തട്ട് എന്നു

> കാണാം. കേരളത്തിന്റെ പശ്ചിമഘട്ടമലനിരകളും പച്ചിലക്കാടുകളും പുൽപ്രദേശങ്ങളും മണൽത്തിട്ടകളും മണൽഗർത്തങ്ങളും മണൽ ക്കുന്നുകളും പവിഴപ്പുൽപ്രദേശങ്ങളും മരുപ്രദേശങ്ങളും പൊറ്റപ്പാരു കളും ചെളിപ്രദേശങ്ങളും ചാകരകളും സമുദ്രങ്ങൾക്കിടയിലെ നിഗൂഢ രഹസ്യങ്ങളാണ് (ആൻഡ്രൂസ്, 2006: 20).

മണൽഗർത്തങ്ങൾ, പവിഴപ്പുൽപ്രദേശങ്ങൾ, പാരുകൾ എന്നിവയെ കടലിലെ നിഗൂഢസൃഷ്ടികളായും സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെ നിഗൂഢ രഹസ്യങ്ങളായും സമീപിച്ചുകൊണ്ട് നിലവിലെ പൊരുത്തക്കേടുകളുടെ സൂചന സൃഷ്ടിക്കുന്നു. മത്സ്യസമ്പത്ത്, പ്രകൃതി പ്രതിഭാസങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന നൈതികധാരണയാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്.

> 1988 ജൂൺ 7 എനിക്ക് മറക്കാനാവാത്ത ദിവസം. 90 വയസ്സ് കഴിഞ്ഞ അദ്ദേഹത്തിന്റെ ശവമഞ്ചവും തോളിലേറ്റി സെമി ത്തേരിയിലേക്ക് നടന്നു നീങ്ങിയപ്പോൾ എനിക്ക് ദുഃഖം തോന്നി. എത്രയോ വീരസാഹസികതകൾ കൊണ്ട് മറ്റു മത്സ്യത്തൊഴി ലാളികളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ആളാണദ്ദേഹം. എനിക്കുതന്നെ എന്തെല്ലാം ജീവിതാനുഭവങ്ങൾ പറഞ്ഞുതന്നു. ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്നതിന്റെ എത്രയോ തന്ത്രങ്ങളും രീതികളും എനിക്ക് പറഞ്ഞുതന്നിട്ടുണ്ട്. എന്റെ ചിന്തകൾ ആ ഭൂതകാലത്തിലേക്ക് പരതിവീണു. തിരമാലകളുടെ ശബ്ദം അല്പമകലെയായി കേൾക്കാം. 41 വർഷം മുമ്പ് നടന്ന ഒരു സംഭവം പെട്ടെന്ന് എന്റെ ഓർമ്മയിൽ ഓടിയെത്തി (ആൻഡ്രൂസ്, 2002: 33).

> സമുദ്രശാസ്ത്രം ജീവിതാനുഭവത്തിലൂടെ മന:പാഠമായി പഠിച്ചിരുന്ന തോമസ് ചേട്ടൻ 1960 കളിൽ മത്സ്യബന്ധനരംഗത്ത് അന്നത്തെ പ്രായമായ മത്സ്യത്തൊഴിലാളികളെ വെല്ലുന്ന തരത്തിൽ കൊല്ലം തീരക്കടലിന്റെ നിഗൂഢതയും കടലൊഴുക്കും മത്സ്യശേഖരവും മനസിലാക്കിയിരുന്നു (ആൻഡ്രൂസ്, 2006: 25).

എന്റെ പരിശീലനകാലമായിരുന്നു അത്. അതിനാൽ കൊച്ചുവള്ളത്തിൽ മൂന്നാംതണ്ടിലാണ് ഞാൻ കയറിയത്. വള്ളത്തിൽ വെള്ളം കയറിയാൽ അത് കോരികളയേണ്ടത് മൂന്നാംതണ്ടുകാരനാണ്. കീവല കൊള്ളാനും ഇടത്തണ്ടിലിരുന്ന് പണിയെടുക്കാനും പഠിച്ചുകഴിഞ്ഞാൽ മുഴുവൻ ഓഹരിയും കിട്ടും. അതുവരെ അരലങ്കേ കിട്ടുകയുള്ളൂ (ആൻഡ്രൂസ്, 2002: 74).

'വലിയമുക്കുവന് ഒരിറ്റു കണ്ണുനീർ' എന്ന അധ്യായത്തിൽ തന്റെ ജീവിതാനുഭവ ങ്ങളെ സ്വാധീനിച്ച അമ്മാവനെക്കുറിച്ചുള്ള ഓർമ്മകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റൊന്ന് തോമസ് എന്ന മത്സ്യത്തൊഴിലാളിയെ മീൻപിടിത്തത്തിന്റെ തലയാളായി (മേൽനോട്ടക്കാരൻ) വിവരിക്കുന്ന അനുഭവങ്ങളും. വൈദഗ്ധ്യത്തിനനുസരിച്ച് മീൻപിടിത്തത്തിന്റെ ഓഹരി വിതരണം ചെയ്യുന്ന രീതിയാണ് വിവരിച്ചിരിക്കുന്നത്. ഈ പ്രമേയങ്ങൾ പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ ധാർമ്മികകർതൃത്വത്തെ സ്ഥിരീകരിക്കുകയും അതിനെ പുതിയ രീതിയിൽ നിർമ്മിക്കുകയും ചെയ്യുന്ന ഒന്നാണ്. മീൻപിടിക്കുന്നതിന്റെ തന്ത്രങ്ങൾ-മത്സരങ്ങൾ, കടലിന്റെ നിഗൂഢത കൾ അറിയുന്നവർ എന്നീ പ്രത്യേകതകൾ മത്സ്യത്തൊഴിലാളികളുടെ ധാർമ്മിക ചുറ്റുപാടുകളോടൊപ്പം വ്യക്തി സവിശേഷതകൾ ആരായാൻ പ്രേരിപ്പിക്കുന്നതാണ്. മത്സ്യബന്ധനരംഗത്ത് അന്നത്തെ പ്രായമായ മത്സ്യത്തൊഴിലാളികളെ വെല്ലുന്ന തരത്തിൽ കൊല്ലം തീരക്കടലിന്റെ നിഗൂഢതയും കടലൊഴുക്കും മത്സ്യശേഖരവും മനസ്സിലാക്കിയിരുന്ന തോമസ് തലയാളിയെപോലെയുള്ള വൈദഗ്ധ്യമുള്ള കടൽപ്പണിക്കാരുടെ ജീവിതം അദ്ദേഹം അന്വേഷണ വിധേയ മാക്കുന്നു. കരമടി ഉടമസ്ഥർ വളരെ ചെറുപ്പത്തിൽത്തന്നെ വലിയവള്ളത്തിലെ തലയാളായി അംഗീകരിക്കുകയും മറ്റുള്ളവർ ഇയാളെ തലയാളായി അംഗീകരിച്ചുകിട്ടുന്നതിന് മത്സരിച്ചതായും ആൻഡ്രൂസ് ഓർമ്മിക്കുന്നു. മത്സ്യത്തൊഴിലാളി പദവിയുമായി ബന്ധപ്പെട്ട പ്രത്യേക അവകാശങ്ങൾക്കുള്ള വ്യക്തിത്വബോധമായിട്ടാണ് ഈ ഭാഗങ്ങളിൽ വൈദഗ്ധ്യത്തെ പരാമർശിച്ചു പോകുന്നത്. വൈദഗ്ധ്യം അപകടത്തെ അതിജീവിക്കുന്ന ശേഷിയായി പ്രത്യേകം സൂചിപ്പിക്കുന്നു.

കാലവർഷക്കെടുതികളിൽ തിരമാലകളെ മുറിച്ചുകടന്നു മത്സ്യം പിടിക്കുന്നതിനും, വള്ളത്തിലെ തൊഴിലാളികളെ അപകടം കൂടാതെ

> കരയിൽ എത്തിക്കുന്നതിനുമുള്ള വൈദഗ്ധ്യം തോമസ് തലയാളിക്ക് ഉണ്ടായിരുന്നു. കടലിന്റെ ഉള്ളിൽകൂടി വരുന്ന തിരയ്ക്കുകത്തുകൂടി വള്ളം നേരെ ഓടിച്ച് തൊഴിലാളികൾക്കും വള്ളത്തിനും അപകടം വരാതെ കരയെത്തിച്ചിരുന്ന തലയാളി, കടലിൽ വള്ളങ്ങൾ തമ്മിൽ നടത്തുന്ന മത്സരവലിക്കും ഒന്നാം സ്ഥാനത്തായിരുന്നു (ആൻഡ്രൂസ്, 2017: 26).

വൈദഗ്ധ്യത്തെ സൂചിപ്പിക്കുന്ന പ്രത്യേകപദങ്ങൾ, അനുഭവപാടവത്തിന്റെ സവിശേഷതകൾ എന്നിവ വിവരിക്കുന്ന സന്ദർഭങ്ങൾ ആദ്യപുസ്തകമായ *കടൽമുത്ത് ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങളിൽ* കാണാൻ സാധിക്കും. മാറ് എന്ന അളവു കാണിക്കാൻ ഇരുകൈകളും നിവർത്തി നീട്ടുമ്പോഴുള്ള അകലം എന്ന് പ്രത്യേകം വിവരണം നൽകുന്നു. 'നീട്ടംവല' എന്നതിന് യന്ത്രവല എന്ന് ബ്രായ്ക്കറ്റിൽ നൽകുന്നു. " പത്തുവാര അകലെ നിൽക്കുന്ന' എന്ന് തുടങ്ങുന്ന ക്രിയാരൂപ പ്രധാനമായ ഈ അനുഭവചിത്രങ്ങൾ പരിവർത്തനാനുഭവങ്ങളുടെ കഥാഖ്യാനരീതിയെ പ്രത്യേകം സ്വാധീനിക്കുന്നു.

> മീൻ കടലിനകത്തേക്കോടി അവിടെയുള്ള തടത്തിലിരുന്നു. എത്ര ബലം പ്രയോഗിച്ചിട്ടും മീൻ ഇളകിവന്നില്ല. വരവോട്ടമാകുമ്പോൾ പന്ത്രണ്ടോളം തിരകൾ വന്നുവീണുകൊണ്ടിരുന്നു. കടൽ ശാന്തമാ കുമ്പോൾ വളരെ കുറച്ചു സമയത്തേക്ക് തിര വീഴാറില്ല. വരവോട്ടം തുടങ്ങിയപ്പോൾ തിരയെണ്ണി (ആൻഡ്രൂസ്, 2002: 62)

> ചൂണ്ട അതിന്റെ ചുണ്ടിന്റെ താഴെ കടന്നുകയറി. വളവിൽ വീണിരുന്നു. ഞാൻ പതുക്കെ തലയുടെ ഭാഗത്തെ ചെകിളയിൽ വലതുകൈ കടത്തി തോണിയിൽ കാൽമുട്ടുറപ്പിച്ച് വളരെ ശക്തിയോടെ ഉള്ള ശക്തി പ്രയോഗിച്ച് മോദയെ തോണിയിൽ കയറ്റി. തോണിയുടെ മൂന്നു കള്ളിയോളം പിടിച്ചുകിടന്ന വലിപ്പമുള്ള മോദയെ കണ്ടപ്പോൾ ഞാൻ പട്ടിണി കിടന്ന ഓർമ്മകൾ മറന്നു. കാർക്കു തിരഞ്ഞിട്ടും കാണുന്നില്ലായിരുന്നു. പതുക്കെ കരയ്ക്കു തുഴഞ്ഞു വന്നു. മോദയുടെ ചെകിളയ്ക്കുകത്തുകൂടെ പെരം കൊരുത്ത് പൂച്ചൻ പടിയിൽ കെട്ടിയിട്ടു (ആൻഡ്രൂസ്, 2002: 62)

കടത്തി, കടന്നുകയറി, ചെകിളയ്ക്കകത്തുകൂടെ എന്നീ ക്രിയാപ്രധാനമായ ഈ സംഭാഷണാത്മകത രചനകളിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നുണ്ട്. മുകളിൽ ചേർത്ത ഭാഗങ്ങളിൽ വാക്യഘടനയുടെ സാരാംശം വൈദഗ്ധ്യമെന്ന ക്രിയ കളുടെ ആവർത്തനത്തെ കാണിക്കുന്നു. കഥാഖ്യാനത്തിന് മുറുക്കമുണ്ടാക്കുന്ന ആശയങ്ങളായി അവ നിൽക്കുന്നു. വൈദഗ്ധ്യത്തെ നിർമ്മിക്കുന്ന പ്രമേയങ്ങളോടൊപ്പം ഭാഷാപരമായ സവിശേഷതകൾക്കകത്തും വൈവിധ്യമേറിയ രൂപതലങ്ങൾ കണ്ടെടുക്കുന്നു.

തീരപ്രദേശത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക പ്രത്യേകതകൾക്കനുസരിച്ചിട്ടുള്ള അർഥമായി വൈദഗ്ധ്യം ഉരുത്തിരിയുന്ന പ്രതീകാത്മകതലത്തിലുള്ള മറ്റു ഭാഷാ-സാംസ്കാരികശൈലികളും ആൻഡ്രൂസ് രചനകളിൽ സ്വീകരിക്കുന്നുണ്ട്. ജന്തുക്കൾ, കടൽപ്രതിഭാസങ്ങൾ എന്നിവയുടെ വിവരണങ്ങൾ സാംസ്കാരിക മൂല്യങ്ങളായും മിത്തുകളായും അദ്ദേഹം ക്രമപ്പെടുത്തുന്നു. ചില മീനുകളെക്കുറിച്ചുള്ള വിശ്വാസം വള്ളം, വല എന്നിവയിൽ നടത്തുന്ന ചടങ്ങുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് വൈദഗ്ധ്യത്തെ വികസിപ്പിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പരമ്പരാഗതമായിട്ടുള്ള മതപരമായ വിശ്വാസങ്ങളും കഥകളും ചേർത്തുകൊണ്ടാണ് വൈദഗ്ധ്യത്തെ പ്രയോഗിച്ചിരിക്കുന്നത്.

> സത്യമുള്ള ജീവിയെന്ന് മത്സ്യത്തൊഴിലാളികൾ വിശ്വസിക്കുന്ന അച്ചൻ (കടലാന) മത്സ്യബന്ധനത്തിന് പോകുന്നവരാരെയും കൊല്ലുകയോ പിടിച്ചുതിന്നുകയോ ചെയ്യുതായി കേട്ടുകേൾവിയില്ല. ഇവ മത്സ്യങ്ങളെ തീരക്കടലിലേക്ക് പറ്റംപറ്റമായി കൊണ്ടുവരുകയും തിരികെ കൊണ്ടുപോവുകയും ചെയ്യാറുണ്ട്. ഇരതേടി വരുന്ന അച്ചൻ വെള്ളത്തിനടുത്തു വരുമ്പോൾ മത്സ്യതൊഴിലാളികൾ വെള്ളത്തിൽ തുഴയിട്ടടിച്ച് ശബ്ദം ഉണ്ടാക്കും. കൂടാതെ അച്ചൻ പോ...അച്ചൻ പോ... എന്ന് ഭയ ഭക്തിയോടെ അപേക്ഷിക്കും. ഇതു കേൾക്കുന്നതും അച്ഛൻ ഒഴിഞ്ഞു മാറിപ്പോകും. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ക്രിസ്തുവിന്റെ ജീവിതകാലത്ത് പത്രോസ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ അച്ചന്റെ ശല്യം കാരണം വലയിറക്കാൻ കഴിയുന്നില്ലെന്ന് യേശുദേവനോട് പറഞ്ഞുവെന്നും യേശുക്രിസ്തു കടലിലേക്ക് നോക്കി കടലാനയെ ശാസിച്ചുവെന്നും മേലിൽ

കടലാനയുടെ ശല്യം നിങ്ങൾക്കും നിങ്ങളുടെ പരമ്പരക്കും ഉണ്ടാകില്ലായെന്നും പത്രോസിന് ഉറപ്പ് നൽകിയെന്നും അക്കാരണത്താലാണ് അച്ഛൻ മത്സ്യത്തൊഴിലാളികളെ ഉപദ്രവിക്കാത്തതെന്നും ഉള്ള ഒരു സങ്കല്പം ഇന്നും നല്ലൊരു ശതമാനം പേരിലും നിലനിൽക്കുന്നു (ആൻഡ്രൂസ്, 2002: 66).

പെശിരു വരുന്നതിന്റെ മുന്നോടിയായി തീരത്ത് സഞ്ചരിക്കുന്ന ചിലയിനം പട്ടികൾ അപശബ്ദം പുറപ്പെടുവിക്കും. ചന്ദ്രനും സൂര്യനും വൃത്താകൃതിയിലുള്ള കുടയോടു കൂടി ഉയർന്നു വരും. നീലിമയാർന്ന ആകാശത്തിൽ ഉച്ചിയിൽ മിന്നൽ എറിയും. ഇതൊക്കെ ദുസ്സൂചനകളാണ്. തിരുമല്ലവാരം തീരക്കടലിൽ ജലത്തിനുയരെ നാലടിയോളം ഉയർന്നുനിൽക്കുന്ന ആറ്റക്കല്ലിന്റെ നിഗൂഢതയിൽ മലമ്പാമ്പിനോളം വലിപ്പമുള്ള പുള്ളിപ്പുലിയുടെ നിറമുള്ള അഞ്ചാളയുടെ രണ്ട് ഇണകൾ ഉണ്ടായിരുന്നതായി ക്ലമന്റ് എന്ന പ്രായമായ മത്സ്യത്തൊഴിലാളി പറഞ്ഞു. കോടീക്കല്ലിന്റെയും ആനക്കല്ലിന്റെയും മേവശമുള്ള വല്ലത്തായിൽ നെത്തോലിപ്പാടം പുനത്തുവരുമ്പോൾ കമ്പാവല വെച്ച് വലിക്കുന്നതിന് കല്ലുപടിപ്പിക്കുന്നത് ആനക്കല്ലില്ലാണ്. കല്ല പടിപ്പിക്കുന്നതിന് ആനത്തട്ടിലേക്ക് ചെന്നപ്പോഴാണ് ക്ലമന്റ് ചേട്ടൻ കുറേ നാളത്തേക്ക് അടിത്തട്ടിൽ ഊളിയിട്ടിറങ്ങുന്ന ജോലിയിൽനിന്നും മാറിനിന്നതായും പറയുന്നത് (ആൻഡ്രൂസ്, 2002: 57 ).

കറുമ്പൻ, കടലാമ എന്നൊക്കെ പേരുകളുള്ള ഈ ജീവി ഒരിക്കൽ അലേഷ്യസ് ചൂണ്ടയ്ക്കിരിക്കുമ്പോൾ മന്ദം മന്ദം അടുത്തെത്തി തന്റെ ബലിഷ്ഠമായ കൈകളിലൊന്ന് പതുക്കെ തോണിയിൽ കയറ്റിവെച്ച് അല്പസമയം വിശ്രമിച്ചത്രേ. ഇതുകണ്ട് ഭയന്ന അലോഷ്യസ് ബോധരഹിതനായി തോണിയിലേക്ക് വീണുകിടന്നു. അലോഷ്യ സിന് കുറേസമയം കഴിഞ്ഞ് ബോധം തിരിച്ച് കിട്ടിയപ്പോൾ അച്ചൻ പോയികഴിഞ്ഞിരുന്നു. തനിക്കും തോണിക്കും യാതൊരാപത്തും സംഭവിച്ചില്ല (ആൻഡ്രൂസ്, 2002: 65).

തീരപ്രദേശത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ, ഓർമ്മകൾ എന്നിവയിലൂടെ പരിവർത്തനാനുഭവങ്ങളുടെ സാംസ്കാരിക സവിശേഷതകളെ നിർമ്മിച്ചെടുക്കുന്നത് മുകളിൽ ചേർത്ത ഭാഗങ്ങളിൽ കണ്ടെത്താനാകും. മീനുകളും പാരുകളുമായി ബന്ധപ്പെട്ട മിത്തുകളും ചരിത്രങ്ങളും ആൻഡ്രൂസ് സവിശേഷമായി ആഖ്യാനം ചെയ്യുന്നു. ഈ മത-സാമുദായിക-പ്രദേശ സാന്നിധ്യങ്ങൾ വൈദഗ്ധ്യത്തെ സമകാലിക വർഗബന്ധങ്ങളുടെയും താൽപ്പര്യങ്ങളുടെയും പുറത്തേക്ക് കൊണ്ടുപോകുന്നു. ലത്തീൻ കത്തോലിക്കാ കൂട്ടായ്മയുടെ മതപരമായ വിശ്വാസങ്ങളിൽ പ്പെടുന്നതാണ് ക്രിസ്തുവും പത്രോസും വരുന്ന മിത്തുകൾ. മത്സ്യത്തൊഴിലാളികൾക്ക് കടലാന എന്നു പേരുള്ള മീനിന്റെ ഉപദ്രവമില്ലാ ത്തതിന് ഈ കഥകൾ സാക്ഷിത്വപദവി കൈവരിക്കുന്നു. കൂട്ടായ ജീവിതത്തിൽനിന്ന് ഉയരുന്ന ഓർമ്മയുടെയും ചരിത്രത്തിന്റെയും പ്രതിപാദനരീതി ഇവിടെ അറിവിന്റെ കേവല വിവരണങ്ങളുടെ അതിരുകളെ ലംഘിക്കുന്നു. ലത്തീൻ കത്തോലിക്കാ വിഭാഗത്തിന്റെ തീരദേശത്തെ തൊഴിലാളിത്തപദവി പ്രതിരോധാത്മക സാന്നിധ്യമാകുന്നതും ഇവിടെനിന്ന് വ്യക്തമാകുന്നു. ആഖ്യാനത്തിനകത്തുള്ള വൈവിധ്യപൂർണമായ സാംസ്കാരിക വിവരണ ങ്ങളിലാണ് വൈദഗ്ധ്യത്തിന്റെ പ്രതിപാദനങ്ങൾ ഉൾക്കൊള്ളുന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്തിന്റെ വ്യവസ്ഥാപിതമായ പ്രതിഭാസമായി മാത്രം അവയെ ചുരുക്കാതെ തീരപ്രദേശത്തിന്റെ ജ്ഞാനമണ്ഡലത്തെയും വൈദഗ്ധ്യ മത്സ്യത്തൊഴിലാളിസ്വത്വത്തെയും പ്രകാശിപ്പിക്കുന്നതും പരിവർത്തനാനുഭവങ്ങളെ ആകൃതിപ്പെടുത്തുന്നതുമായി കണക്കാക്കാം. തൊഴിൽമണ്ഡലത്തിന്റെ സാംസ്കാരിക സ്വാംശീകരണ സ്വഭാവത്തെയും സാധ്യതകളെയുമിത് സൃഷ്ടിക്കുന്നു. മാത്രമല്ല വ്യക്തിപരമായ ഓർമ്മകളിൽനിന്ന് കൂട്ടായ്മ എന്നതിലേക്ക് അനായാസമായി ആഖ്യാനം വളരുന്നു. കൊല്ലം തീരക്കടലിന്റെയും പ്രദേശത്തിന്റെയും സാമൂഹിക ചരിത്രം പുനർവിചിന്തനം ചെയ്യുന്നതിൽ ചരിത്രം, പ്രാചീനത, മിത്ത് എന്നിവയിലൂടെ വൈദഗ്ധ്യത്തിന്റെ പ്രതിപാദനം കടന്നുവരുന്നു. 'കാപ്പിരി' എന്ന ഉപശീർഷകത്തിൽ പ്രദേശത്തെ മിത്തുകളുമായി ബന്ധപ്പെട്ട അനുഭവകഥകൾ ആൻഡ്രൂസ് കഥാരൂപത്തിൽ വിവരിക്കുന്നുണ്ട്.

> തങ്കശ്ശേരിക്കോട്ടയ്ക്കു നേരെ തീരക്കടലിൽ ഏഴും ആറും മാറിൽ കടലിനടിത്തട്ടിൽ സ്ഥിതിചെയ്യുന്ന നെത്തുവാരം പാര്. പള്ളിക്കല്ല്, മേട്പാര് എന്നിവ പള്ളിയും മേടയും മതിൽക്കെട്ടും ആയിരുന്നതായി പഴമക്കാർ

പറയുന്നു. മേട്ടപാരിൽ തിര വീഴുമ്പോൾ മണിശബ്ദം കേൾക്കുമായിരുന്നുവെന്ന് പറഞ്ഞു കേട്ടിട്ടുള്ള മത്സ്യത്തൊഴി ലാളികൾ ഇന്ന് കുറച്ചെങ്കിലുമുണ്ട്. ഇവയെല്ലാം ഭാരമേറിയ കരിങ്കൽ ചുമന്ന് കാപ്പിരിക്കാരുടെ അധ്വാനത്താൽ കെട്ടിയുണ്ടാക്കിയതായിരുന്നുപോലും. അക്കാലത്ത് ഈ ഇടങ്ങ ളാകെ കരപ്രദേശമായിരുന്നു. കുറെക്കഴിഞ്ഞ് കരയിലേക്ക് ഇരമ്പിവന്ന കടലിനെ കാപ്പിരികൾ നിർമിച്ചുയർത്തിയ തങ്കശ്ശേരിക്കോട്ട പിടിച്ചുനിർത്തി. വാടിയിൽ പണ്ട് കടൽ കയറി നശിച്ച ഒരു പള്ളിയുടെ അവശിഷ്ടങ്ങൾ ഇന്നും കാണപ്പെടുന്നു. രാത്രിയുടെ വൈകിയ യാമങ്ങളിൽ മത്സ്യത്തൊഴിലാളികൾ തോണിതുഴഞ്ഞുവരുമ്പോൾ തിരുമുല്ലവാരം ചുടുകാടിന് നേരെ കടലിനുള്ളിൽ ഉയർന്നുനിൽക്കുന്ന ആനക്കല്ലിനു മുകളിൽ ചുരുട്ടും വലിച്ചിരിക്കുന്ന കാപ്പിരികളെ കാണുമ്പോൾ പേടിച്ചുവിറച്ച് സകല പുണ്യവാളന്മാരെയും വിളിച്ചു പ്രാർത്ഥിച്ചുകൊണ്ട് തോണിയുടെ ഗതിമാറി തുഴഞ്ഞുപോകാറുണ്ട്. അക്കാലത്ത് തീരക്കടലിൽ പാറക്കൂട്ടങ്ങൾക്കുള്ളിൽ കുമിഞ്ഞുകിടന്നിരുന്ന കുറുവലയെ പിടിക്കുന്നതിന് ചൂണ്ടക്കാർക്ക് കാപ്പിരികൾ പേടിസ്വപ്നമായിരുന്നു (ആൻഡ്രൂസ്, 2002: 32).

അക്കാലത്ത് കാപ്പിരികളെ വളരെ അപൂർവ്വം പേരേ കണ്ടിരുന്നുള്ളൂ. ജോലി ഇല്ലാത്തപ്പോൾ ഇവർ ചങ്ങലകളിൽ ബന്ധിതരായിരുന്നു. കാൽമുട്ടിന് താഴെവരെ നീണ്ടുവളർന്നു കിടക്കുന്ന സ്വന്തം തലമുടിയാണ് അവരുടെ നഗ്നതയ്ക്ക് ഒരു മൂടുപടം. മുണ്ടയ്ക്കൽ കടൽപ്പുറത്ത് 1950 വരെയുണ്ടായിരുന്ന വെടിക്കുന്ന് ബ്രിട്ടീഷുകാർ പീരങ്കിപരിശീലനത്തിനും വെടിവെപ്പ് പരിശീലനത്തിനും ഉപയോഗിച്ചിരുന്ന സ്ഥലമാണ്. അതുകൊണ്ടാണ് ആ സ്ഥലത്തിന് ഇന്നും വെടിക്കുന്ന് എന്ന പേര് നിലനിൽക്കുന്നത്. വെടിക്കുന്നിന്റെ അടിവാരത്തിൽ രാത്രിയിൽ നിലാവിന്റെ വെളിച്ചത്തിൽ കാപ്പിരികൾ സ്വർണ്ണപ്പന്ത് ഉപയോഗിച്ച് കളിക്കുന്നത് ചില മത്സ്യത്തൊഴി ലാളികൾ കണ്ടിട്ടുണ്ടത്രേ. രാത്രിയിൽ കമ്പിവലവിടുന്നതിന് പോയിരുന്ന മത്സ്യത്തൊഴിലാളികൾ കാപ്പിരികൾ പന്തുകളിക്കുന്നത് ദൂരെ മാറിനോക്കി നിൽക്കുമത്രെ. ഒരിക്കൽ ഒരു പന്ത് കളിക്കളത്തിനു പുറത്തുവന്നപ്പോൾ ആരോ

> ഒരാൾ അതെടുത്തുകൊണ്ട് ഓടിയെന്നും വീട്ടിനുള്ളിൽ ഭദ്രമായി ഒളിപ്പിച്ചുവെച്ച സ്വർണ്ണപ്പന്ത് അടുത്തദിവസം പുറത്തെടുത്തപ്പോൾ കരിക്കട്ടയായി കണ്ടതായും പറഞ്ഞുകേട്ടിട്ടുണ്ട്. തങ്കശ്ശേരിയിലെയും ഇരവിപുരത്തെയും രണ്ടുപേർക്ക് കാപ്പിരികളിൽ നിന്ന് സ്വർണ്ണം കിട്ടിയെന്നും അവരുടെ കുടുംബങ്ങൾ ഇന്നും പണക്കാരായി കഴിയുന്നതായും ജനസംസാരമുണ്ട് (ആൻഡ്രൂസ്, 2002: 31).

കാപ്പിരിമിത്തിനോടൊപ്പംതന്നെ വിവിധ അധിനിവേശങ്ങളുടെ ചരിത്രങ്ങളിൽ കൊല്ലം തീരപ്രദേശത്തെ നിലവിലിരുന്ന അധ്വാനരൂപങ്ങൾക്കും മത്സ്യത്തൊഴിലാളിബന്ധങ്ങൾക്കും രാഷ്ട്രീയ-സാമൂഹിക സംഭവവികാസങ്ങളോടെ ഉണ്ടായിത്തീരുന്ന പുതിയ മാറ്റങ്ങളും അദ്ദേഹം ബന്ധപ്പെടുത്തുന്നു.

> വിദേശികൾ തങ്കശ്ശേരി കൈയ്യടക്കിയിരുന്ന കാലഘട്ടത്തിൽ അവർ ചൂണ്ടയിട്ട് അഞ്ചാള പിടിച്ച് ഭക്ഷിക്കുമെന്ന് കേട്ടിട്ടുണ്ട്. തങ്കശ്ശേരി കോൺവെന്റിനു പിറകിൽ കന്നുകാലികളെ കൊല്ലുന്ന സ്ഥലമുണ്ടായിരുന്നു. ഇറച്ചി വിൽപ്പനക്കാർ കന്നുകാലികളെ കൊന്ന് കഷ്ണങ്ങളായി മുറിച്ചുകഴിയുമ്പോൾ അവശിഷ്ടങ്ങൾ കടലിൽ തള്ളും. കടലിൽ വീഴുന്ന അവശിഷ്ടങ്ങളെ തിന്നുകൊണ്ട് അഞ്ചാള അവിടത്തെ പാറക്കൂട്ടങ്ങളിൽ തങ്ങും. ഇതു മനസിലാക്കിയ വെള്ളക്കാർ അവിടെ വന്ന് ചൂണ്ടയിട്ട് അഞ്ചാള പിടിച്ചിരുന്നു (ആൻഡ്രൂസ്, 2002: 56).

മത്സ്യബന്ധനവ്യാപാരവും വിപണനവും ഇതര സ്ഥാപനരീതികളിലൂടെ ബന്ധ പ്പെടുന്നതെങ്ങനെയെന്ന് ഇത് കാണിക്കുന്നു. ഈ പ്രാദേശിക ചരിത്രങ്ങളിൽ നിന്ന് കേരളത്തിന്റെ പാരിസ്ഥിതിക അധിനിവേശത്തിന്റെ മറ്റൊരു ചരിത്ര ത്തിലേക്ക് ആൻഡ്രൂസ് തിരിയുന്നു. ഇവിടെ മത്സ്യബന്ധനചരിത്രമെന്നത് നഷ്ടസൂചകമായ സുവർണകാലഘട്ടത്തെ അടയാളപ്പെടുത്തുന്നു. തീരദേശവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ജന്തുക്കൾ, പ്രതിഭാസങ്ങൾ എന്നിവയുടെ ചരിത്രം ഈവിധം അടയാളപ്പെടുത്തുന്നത് ശ്രദ്ധേയമാണ്.

കടലടിക്കോടൻ മലയെന്ന് ആദ്യകാലത്തു പേരുണ്ടായിരുന്നു നമ്മുടെ കൊച്ചു സംസ്ഥാനത്തിന്. ദ്രാവിഡരെ വകവെയ്ക്കാതെ ആര്യന്മാരും വിദേശികളും കടന്നുവന്നതോടുകൂടി കടലടിക്കോടൽ മലയുടെ രൂപവും ഭാവവും മാറ്റപ്പെട്ടു. യൂറോപ്യന്മാരുടെ ആദ്യത്തെ ലക്ഷ്യം വനമേഖലയായിരുന്നു. വൻതോതിൽ ഉള്ള വനംകൊള്ള നടന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം പഞ്ചവത്സരപദ്ധതികൾ പടച്ചുണ്ടാക്കിയ വികസനം എന്ന വാഗ്ദാനത്തിന്റെ സ്വപ്നലോക ത്തിലേക്ക് ഭാരതത്തിലെ അടിസ്ഥാനവർഗങ്ങളെ കെട്ടിവലിച്ചു. ജലാശയങ്ങളുടെ തീരത്ത് വൻകിടഫാക്ടറികൾ നിരന്നു. നദികളും തോടുകളും മലിനമാക്കപ്പെട്ടു. വനമേഖല വൻകുത്തകകൾ സ്വന്തമാക്കി (ആൻഡ്രൂസ്, 2006: 50).

ഒന്നാംനൂറ്റാണ്ടു മുതൽ ആറാംനൂറ്റാണ്ട് വരെ മത്സ്യത്തൊഴി ലാളികൾക്ക് സംഘകാലമായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ കടലും കായലും മത്സ്യബന്ധനത്തിന്റെ വിളനിലമായിരുന്നു (ആൻഡ്രൂസ്, 2006: 74).

സംഘകാലങ്ങൾക്ക് വളരെ മുമ്പുമുതൽ നിലനിന്നിരുന്ന കൊല്ലം തുറമുഖം ലോകവ്യാപാരകേന്ദ്രമായിരുന്നു. പോർച്ചുഗീസുകാരും ഡച്ചുകാരും ബ്രിട്ടീഷുകാരും കൊല്ലം തുറമുഖത്തേക്ക് കടന്നു വരികയുണ്ടായി. അന്ന് കടൽ ഇന്നത്തേതിൽനിന്നും 14 മാറ് പടിഞ്ഞാറ് മാറി നിന്നിരുന്നു. മേൽപ്പറഞ്ഞ വിദേശശക്തികൾ കൊല്ലംതീരത്ത് ക്ലാപ്പനമുതൽ വർക്കലവരെ കെട്ടിയുയർത്തിയ പള്ളികൾ, മേടകൾ, ഗുഹാമുഖങ്ങൾ, റെയിൽപാതകൾ, ഭരണപരമായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, പണിക്കാരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കൊണ്ടുവന്നിട്ടുള്ള കാപ്പിരികൾക്ക് താമസിക്കാനുള്ള സങ്കേതങ്ങൾ, കളിസ്ഥലങ്ങൾ, പട്ടാള കേന്ദ്രങ്ങൾ, വെടിവെപ്പ് പരിശീലന താഴ്‌വാരകൾ, കാറ്റാടിക്കു ട്ടങ്ങൾ, പട്ടിസങ്കേതങ്ങൾ എന്നിവ നിർമ്മിച്ചിരുന്നു. പതിനേഴാംനൂറ്റാണ്ടിൽ ആണെന്ന് പറയപ്പെടുന്നു, ഇന്ത്യൻ മഹാസമുദ്രത്തിന്റെ തിരത്തള്ളൽ അറേബ്യൻസമുദ്രത്തിന്റെ അടിത്തട്ടിലെ

> ഒഴുക്ക വർദ്ധിപ്പിക്കുകയും കേരളത്തിന്റെ തീരപ്രദേശങ്ങളിലൂടെ കടൽ അപ്രതീക്ഷിതമായി ഇരച്ചുകയറുകയും ചെയ്തു. മേൽപ്പറഞ്ഞ വിദേശശക്തികളുടെയും സ്വദേശികളുടെയും എല്ലാ വസ്തുക്കളും കടൽ വിഴുങ്ങി. ഇപ്പോഴുള്ള സ്ഥിതിയിൽ കടൽ നിലയുറപ്പിക്കുകയുണ്ടായി. മേൽപ്പറഞ്ഞ പ്രദേശങ്ങളും വസ്തുക്കളും കടലിനടിത്തട്ടിലെ പാരുകളായി മാറി. മത്സ്യസമ്പത്തിന്റെ ആവാസ കേന്ദ്രമായി. അന്നു കടലിന്റെ പൂർണമായ ആധിപത്യം പുലർത്തിയിരുന്ന പരിസരവാസികളായ മത്സ്യത്തൊഴിലാളി കൾക്ക് സംഘകാലഘട്ടമായിരുന്നു (ആൻഡ്രൂസ്, 2006: 74).

പള്ളികൾ, മേടകൾ, ഗുഹാമുഖങ്ങൾ, റെയിൽപ്പാതകൾ, ഭരണപരമായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, പണിക്കാരായി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും കൊണ്ടുവന്നിട്ടുള്ള കാപ്പിരികൾക്ക് താമസിക്കാനുള്ള സങ്കേതങ്ങൾ തുടങ്ങിയ ചരിത്രശകലങ്ങൾ ആൻഡ്രൂസ് വിവരിക്കുന്നു. ഇവ എങ്ങനെ കടൽത്തീര ചരിത്രത്തിന് നിർണായമാകുന്നു എന്നതിന്റെ സൂചനകളും അദ്ദേഹം ഈ ഭാഗങ്ങളിൽ നൽകുന്നു. കടലിനടിത്തട്ടിലെ പാരുകളുടെ ചരിത്രങ്ങൾക്ക് ഇന്ത്യയിലെത്തിച്ചേർന്ന വിവിധ വിദേശശക്തികളുമായി ബന്ധമുണ്ടെന്നും മീൻപിടിത്തത്തിന്റെ സമൃദ്ധിയെയും നഷ്ടത്തെയും അവ സ്വാധീനിക്കുന്നു എന്നും ആൻഡ്രൂസ് വിവരിക്കുന്നു.

മീൻപിടിത്തരീതിയുടെ സാങ്കേതികപദങ്ങൾ, പ്രവർത്തനങ്ങൾ, കടലിന്റെ ജീവലോകങ്ങൾ എന്നിവ വിവരിക്കുന്ന ആൻഡ്രൂസിന്റെ രചനാശൈലികൾ പരിശോധിക്കുമ്പോൾ അനുഭവപാടവം, അഭിരുചി, നിരീക്ഷണശേഷി എന്ന തലത്തിൽ പരിവർത്തനാനുഭവങ്ങളുടെ സാമൂഹികസവിശേഷതകൾ നിലനിർത്തിക്കൊണ്ടുള്ള ആവിഷ്കരണമാണ് വൈദഗ്ധ്യത്തിന്റെ പ്രതിപാദനത്തിൽ കാണുന്നത്. വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് മീൻപിടിത്തം നടക്കുന്നത്. കൂട്ടായ ആശയവിനിമയത്തെ ആശ്രയിച്ചിട്ടുള്ള പെരുമാറ്റങ്ങളെയും വ്യക്തിതലത്തെയും പ്രതിനിധീകരിക്കുന്ന ആശയങ്ങളിലാണ് പരമ്പരാഗത തൊഴിലിന്റെ ധാർമ്മികത വിവരണത്തിൽ ചേരുന്നത്. ഇതിൽ പ്രത്യക്ഷപ്പെടുന്ന സൂചനകൾ സുനിശ്ചിതമായ മൂല്യബോധത്തിലധിഷ്ഠിതമായ കടലറിവെന്ന തലത്തിലുള്ള നിലപാടുകളല്ല. പകരം, ഒരേ സമയം തീരജീവിതാനുഭവങ്ങളുടെ സഹജമോ

അനിവാര്യഘടനയോ ആയിട്ടാണ് പ്രകാശനം നേടുന്നത്. പരിവർത്തനാനുഭവങ്ങളെ സംഘടിപ്പിക്കുന്ന സംഭവങ്ങളും പ്രവർത്തനങ്ങളും ചിത്രീകരിക്കുന്ന ഘട്ടങ്ങളിലാണ് മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യസ്വഭാവമുള്ള സ്വത്വപരമായ അവകാശവാദങ്ങൾ ഉന്നയിക്ക പ്പെടുന്നത്. എന്നാൽ ഈ വൈദഗ്ധ്യമെന്ന രൂപകത്തെ കടലറിവായി സ്ഥാനപ്പെടുത്തുന്നതിനുള്ള ശ്രമം ഈ പുസ്തകങ്ങളിലെ മറ്റു പ്രകരണങ്ങൾ നിർവഹിക്കുന്നുണ്ട്. കടലറിവിനെ വിന്യസിക്കുന്നതിന്റെ ഘടന പരിശോധിക്കുമ്പോൾ ഫോക് ലോർ സങ്കൽപ്പത്തിൽ പ്രവർത്തിക്കുന്നത് രചനകളിലെ അനുബന്ധങ്ങളും അവതാരികകളും പഠനങ്ങളും പങ്കെടുക്കുന്ന പ്രക്രിയയിലൂടെയാണ് എന്ന് കാണാൻ സാധിക്കും. 'കടൽ ഒരു പാഠപുസ്തകം' എന്ന പഠനത്തോടെയാണ് *കടൽമുത്ത്* 2007-ൽ പുന:പ്രസിദ്ധീ കരിക്കുന്നത്. *കടൽമുത്തിന്റെ* മുഖക്കുറിപ്പ് എഴുതിയ ഫാദർ ജോസ് ജെ. കളീയ്ക്കൽ അറിവിന്റെ ശാസ്ത്രം എന്ന പ്രയോഗം നടത്തുന്നുണ്ട് .

> നീലിമയാർന്ന കടലിൽ ഓളം തെന്നിച്ച് ഈ തൊഴിലാളി നീങ്ങുമ്പോൾ സഞ്ചാരപഥത്തിനിടയിൽ വെള്ളത്തിന്റെ നിറമാറ്റവും ജലപാതകളുടെ തിരിച്ചറിവും തുടങ്ങിയ അടിത്തട്ടിലെ പാരും മത്സ്യക്കൂട്ടങ്ങളും വരെ അറിവിന്റെ ശാസ്ത്രവും അനുഭവത്തിന്റെ കവിതയും കൂടി ചേർന്ന് അനുഭൂതിയുടെ മഴവില്ലുകൾ വിരിയിക്കുന്ന ഒരു കൊച്ചു പുസ്തകമാണ് നിങ്ങൾ കയ്യിലെടുത്തിരിക്കുന്നത് (ആൻഡ്രൂസ്, 2002: 2).

മത്സ്യത്തൊഴിലാളി അനുഭവങ്ങളുടെ സവിശേഷതകളിലൊന്നായി കടലറിവിനെ മനസ്സിലാക്കുന്ന ഈ വിവരണം അനുഭവവും അറിവും എന്നതിനെ വേറിട്ടുതന്നെ പ്രതിഫലിപ്പിക്കുന്നു. ശാസ്ത്രസ്വഭാവമുള്ള ഇടമായി കടലറിവിനെ സ്ഥാനപ്പെടുത്തുന്ന ഉദ്ദേശ്യങ്ങളിൽ ഈ യുക്തികൂടി നിൽക്കുന്നുണ്ട്. ഈ വിശദാംശങ്ങൾ അറിവിന്റെ പാരാടെക്സ്റ്റിനെ (paratext) കാണിക്കുന്നു[8]. മത്സ്യത്തൊഴിലാളി വൈദഗ്ധ്യത്തെ നേരിട്ട് സവിശേഷമായ രീതിയിലുള്ള അറിവായി സ്ഥാപിക്കുന്ന സമീപനരീതിയല്ല ആൻഡ്രൂസിന്റെ ആദ്യപുസ്തകത്തിൽ കാണാൻ സാധിക്കുന്നത്. മത്സ്യബന്ധനപ്രകടനങ്ങൾ, വ്യവസായപരവും സാങ്കേതിക വുമായ ചലനങ്ങൾ എന്നിങ്ങനെയുള്ള പ്രകടനങ്ങളുടെ ധർമ്മങ്ങളോ/ സ്വഭാവപ്രകൃതികളോ വെളിപ്പെടുത്തുന്ന ആഖ്യാനരൂപം കടലറിവായിട്ടല്ല

പ്രത്യക്ഷപ്പെടുന്നത്. വൈദഗ്ധ്യത്തെ ഫോക് ലോർ-പരിസ്ഥിതി പരിപ്രേക്ഷ്യങ്ങളിലൂടെ അപഗ്രഥിക്കപ്പെട്ട സാമൂഹികസന്ദർഭത്തിലാണ് മൂന്നാമത്തെ പുസ്തകത്തിൽ കടലറിവെന്ന പ്രയോഗം വരുന്നത്. എന്നാൽ കടലറിവെന്ന സാന്നിധ്യത്തെ നിലനിർത്തുന്ന പ്രയോഗങ്ങൾ ആൻഡ്രൂസിന്റെ ആദ്യ പുസ്തകത്തിലെ അവതാരികകളിലും പഠനങ്ങളിലും കടന്നുവരുന്നുണ്ട്. *അറേബ്യൻ സമുദ്രത്തിന്റെ ഹൃദയത്തുടിപ്പുകൾ* എന്ന പുസ്തകത്തിന്റെ അനുബന്ധ പഠനങ്ങളിലൊന്ന് ചന്ദ്രകുമാർ എഴുതിയ 'കടലറിവുകളുടെ തമ്പുരാൻ' എന്നതാണ്. ആൻഡ്രൂസിനെ കടലറിവുകളുടെ തമ്പുരാനായാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഇയാസ് മുഹമ്മദ് ആൻഡ്രൂസുമായി സംസാരിച്ച് തയ്യാറാക്കിയ അനുബന്ധത്തിലെ കടലിന്റെ 'ജനിതക ബന്ധത്തിനൊരു കാവൽ' എന്ന ലേഖനത്തിലെ ആമുഖം ഇങ്ങനെയാണ്:

> 74 വയസ്സിനിടെ കാൽനൂറ്റാണ്ടും കടലിൽ ജീവിച്ച ആൻഡ്രൂസ്ചേട്ടൻ കടൽ കാണാപ്പാഠം പഠിക്കുകയായിരുന്നു. തന്റെ അറിവുകൾ പങ്കുവെച്ചപ്പോഴൊക്കെ ശാസ്ത്രലോകം അതിശയത്തോടെ ആ മനുഷ്യനെ നോക്കി. ഏഴാം ക്ലാസ് മാത്രം വിദ്യാഭ്യാസമുള്ള പോർട്ട് കൊല്ലക്കാരന്റെ മുന്നിൽ ഫിഷറീസ് വകുപ്പിലെ ഉന്നത ശാസ്ത്രജ്ഞനായ തങ്കപ്പൻ ആചാരിപോലും വിനയാന്വിതനായി (ആൻഡ്രൂസ്, 2017: 142) .

പൊതുവായി ഈ പുസ്തകത്തിലെ പഠനങ്ങൾക്കെല്ലാമുള്ള സ്വഭാവമെന്നത് പരിസ്ഥിതിരാഷ്ട്രീയത്തിന്റെ വിഷയങ്ങളായി കടലറിവിനെ രൂപപ്പെടുത്തുന്ന രീതിയാണ്. അവകാശരാഷ്ട്രീയത്തിന്റെ കീഴാളശബ്ദങ്ങളെന്ന നിലയിൽ സാംസ്കാരികവും രാഷ്ട്രീയവുമായ നിരവധി താൽപ്പര്യങ്ങളുമായിത് കൂടിക്കുഴയുന്നു. ആഖ്യാതാവിന്റെ പ്രതിപാദനരീതിയും ഈ ഉപപാഠങ്ങളുടെ വാദങ്ങളും തമ്മിലുള്ള കൂടിച്ചേരൽ ഒരുതരം കലർപ്പിന്റെ ഘടന ഇവിടെ രൂപപ്പെടുത്തുന്നു. തീരജീവിതത്തിന്റെ വൈവിധ്യമേറിയ മിത്തും ചരിത്രവും ധാർമ്മികബോധ്യവും അടിസ്ഥാനപ്പെടുത്തുന്ന രചനകളിലെ പ്രതിപാദനരീതി പരിസ്ഥിതി സംരക്ഷിക്കുന്ന തൊഴിലാളിവർഗ എഴുത്തുകാരൻ എന്ന നിലയിലുള്ള ഒരു മാതൃകയായി ഇതോടെ സ്ഥാപിക്കപ്പെടുന്നു. വൈദഗ്ധ്യം പരിസ്ഥിതിയുടെയും ഫോക് ലോറിന്റെയും സ്വഭാവത്തിലുള്ള കടലറിവ് സംജ്ഞയായിത്തീരുന്നതും ഈവിധമാണെന്ന് ഇവിടെ ദൃശ്യമാകുന്നു. ഇതോടെ വൈദഗ്ധ്യമെന്നത് ഒരു അവശ്യഘടകമായി, മൂല്യങ്ങളായി കൂടുതൽ

ദൃശ്യത നേടി. മറ്റൊരു ശ്രദ്ധേയമായ ചോദ്യം ഇവിടെ വരുന്നത് അനുഭവാഖ്യാനങ്ങളിൽ തീരപ്രദേശത്തിന്റെ ഓർമ്മയെയും പാരമ്പര്യത്തെയും രചിക്കുന്നതിൽ സ്ഥിരതയുള്ള അവസ്ഥയായി കടലിനെയും മറ്റു പരിതസ്ഥിതികളെയും സങ്കല്പിക്കുന്ന ഉട്ടോപ്യയിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ്. കാരണം ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും രചനകളിൽ പരമ്പരാഗതരംഗത്തെ വേർതിരിവിന്റെ ഭാഗമായിട്ടുള്ള വർത്ത മാനസംഘർഷങ്ങളോടൊപ്പം മത്സ്യത്തൊഴിലാളികളുടെ കൂട്ടായഓർമ്മയുടെ ഭാഗമായ തീരപ്രദേശത്തിന്റെ വിഭവങ്ങളുടെയും തൊഴിൽരീതികളുടെയും സമ്പന്നമായ ശേഖരവും അടയാളപ്പെടുത്തുന്നുണ്ട്. പരിവർത്തനാനുഭവങ്ങളെ അവതരിപ്പിക്കുന്നതിൽ മൂല്യനിർണയപരമായ സ്വഭാവത്തിൽ വസ്തുക്കളുടെ വിവരണങ്ങൾ രചനകളിൽ കാര്യമായി സംഭാഷണത്തിലേർപ്പെടുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങൾ, കടലറിവുകൾ, മീനുകളുടെ പേരുകളും ദൈനംദിന വിവരണങ്ങളും ഈ ആത്മകഥാ എഴുത്തുകളുടെ ഒരു പ്രധാന അവാന്തരവിഭാഗമായി ഇടം നേടുന്നു. ഈ വിവരണങ്ങൾ വ്യക്തിഗത വിവരണത്തേക്കാളും തീരപ്രദേശമെന്ന സാംസ്കാരികമേഖലയുടെ സാധുത ഉറപ്പിക്കുന്നതിന്റെ ഭാഗമായും സാംസ്കാരികമേഖലയിലേക്കുള്ള ഒരു പ്രവേശന സാധ്യതകൂടി കണക്കിലെടുത്താവാം വസ്തുവിവരണരൂപത്തിൽ രചിച്ചിരിക്കുന്നത്. ഈ വസ്തുവിവരണങ്ങളുടെ രചനാസ്വഭാവങ്ങൾ മത്സ്യത്തൊഴിലാളി അനുഭവങ്ങളെക്കുറിച്ച് പിന്നീട് കൂടുതൽ രചനകൾ പുറത്തിറക്കാൻ പ്രേരകമായി. അതായത് തീരപ്രദേശത്തിന്റെ അറിവ് എന്ന വിപണനവിഷയത്തിന് പ്രചാരം സിദ്ധിച്ചു. മാത്രമല്ല പരിവർത്തന ഇടങ്ങൾ പുതിയ ആഖ്യാനങ്ങളെ നിർമ്മിക്കുന്നതായും വിലയിരുത്താവുന്നതാണ്. ഇത് തീരദേശത്തെക്കുറിച്ചുള്ള ചില സാമാന്യവൽക്കരണ പ്രവണതകൾക്ക് അനുയോജ്യമായ ഒരു കർത്തൃത്വമായി കൂട്ടിച്ചേർക്കപ്പെടാൻ സഹായകമായി.

**4.5 ശരീരവും പുറംന്തള്ളലും**

മീൻപിടിത്തരീതികൾ പ്രാഥമികമായി ശരീരസ്ഥമായ പ്രവൃത്തിയാണ്. ആൻഡ്രൂസിന്റെ രചനകളിൽ പ്രധാനമായും ഇന്ദ്രിയപരമായ പ്രതിപാദനത്തിലൂടെയാണ് അറിവിന് ശാരീരികമായ അനുഭവതലങ്ങൾ നൽകുന്നത്. വൈദഗ്ധ്യം കടൽവിഭവങ്ങളുടെയും തൊഴിലിന്റെയും അവബോധം എന്നതിലുപരി മത്സ്യത്തൊഴിലാളികളുടെ ശാരീരികതയുടെ വിവരണങ്ങൾ കൂടിയാണെന്ന് ഓർമ്മിപ്പിക്കുന്നു.

> ഒരു വള്ളം മറ്റൊരു വള്ളവുമായി മത്സരിച്ച് അതിവേഗത്തിൽ തണ്ട് വലിച്ചു പോകുന്നു. അതു കണ്ടപ്പോൾ ഞങ്ങൾക്കും വാശിയായി. ഞങ്ങളും ശക്തിയായി വലിച്ചു മുന്നേറി. താടക്കല്ല് കഴിഞ്ഞ് വീണ്ടും മുന്നോട്ട്. ഇരുട്ട് വ്യാപിച്ചു. പിന്നീട് വള്ളങ്ങൾ ഏലോ ഇട്ടു പോകുന്ന ശബ്ദങ്ങൾ മാത്രം കേൾക്കാനായി വെള്ളത്തിൽ കവര് അടക്കമായിരുന്നു. മേട്ടു കഴിഞ്ഞിട്ടും ഞങ്ങളുടെ വലിയ വെള്ളം കാണുന്നില്ല. വടക്കേക്കരപള്ളിയിലെ പച്ചവെട്ടം തെളിഞ്ഞുകൊണ്ട് ഞങ്ങൾ വള്ളം വലി നിർത്തി. വടക്കുവശത്തായി പങ്കായംകൊണ്ട് വള്ളത്തിൽ തട്ടുന്ന ശബ്ദം കേൾക്കാമായിരുന്നു. ശബ്ദം കേട്ട ഭാഗത്തേക്ക് ഞങ്ങൾ വള്ളം വലിച്ചു ചെന്നു (ആൻഡ്രൂസ്, 2002: 75).

പച്ചവെട്ടം തെളിഞ്ഞു കണ്ടു, വള്ളത്തിൽ തട്ടുന്ന ശബ്ദം, തുടങ്ങിയ വിവിധ ഇന്ദ്രിയധാരണകൾ ആൻഡ്രൂസ് വിവരിക്കുന്നുണ്ട്. മീൻപിടുത്തത്തിൽ തങ്ങൾ പങ്കിടുന്ന ശബ്ദം, കേൾവി, കാഴ്ച്ച, മണം എന്ന് തുടങ്ങി വിവിധ ഇന്ദ്രിയങ്ങൾ വൈദഗ്ധ്യത്തിന്റെ സംവേദനങ്ങളായി പരിണമിക്കുന്നു. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മീൻപിടുത്തത്തിലെ ശാരീരികസംവേദനങ്ങൾ കടലിന്റെയും തൊഴിൽരീതികളുടെയും ചലനത്തിനനുസരിച്ച് ക്രമീകരിക്കപ്പെട്ടതാണ്. ഈ ശാരീരികസംവേദനങ്ങൾ വൈദഗ്ധ്യത്തിന്റെയും അനുഭവ പാടവത്തിന്റെയും മനകണക്കിന്റെയും ശേഷിയായി രചനകളിൽ പ്രകടിപ്പിക്കപ്പെടുന്നത് നിർമ്മിതിപരമായ തത്വങ്ങളിൽ നോക്കുമ്പോൾ കർത്തൃത്വപരമായ ധാരണകളെ നെയ്തെടുക്കുന്നതാണ്. മത്സ്യത്തൊഴിലാളിയായിരുന്ന ആൻഡ്രൂസിന്റെ രചനകളിലേക്ക് വരുമ്പോൾ മത്സ്യത്തൊഴിലാളി തന്മയെ ശരീരപരമായി വേർപ്പെടുത്താനാവാത്ത നിലയിൽകൂടി ഉറപ്പിക്കുന്നുണ്ട്. എന്നാൽ പനിപ്പിള്ളയുടെ രചനയിൽ മത്സ്യത്തൊഴിലാളി ശരീരത്തെ സംബന്ധിച്ച വിമർശാവബോധത്തിലാണ് ഇത് നിൽക്കുന്നത്. മത്സ്യത്തൊഴിലാളികളോടുള്ള പൊതുസമൂഹത്തിന്റെ കാഴ്ച്ചയുടെ വിവിധ വശങ്ങളെ ഉയർത്തിയാണ് ഇത് നിർവഹിക്കുന്നത്. പനിപ്പിള്ളയുടെ *കടലറിവുകളും നേരനുഭവങ്ങളും* എന്ന രചനയിൽ കടലിന്റെ പ്രത്യേക ഇടങ്ങളിലുള്ള മത്സ്യത്തൊഴിലാളിയെന്ന സാന്നിധ്യം ശരീരത്തിന്റെ അടയാളങ്ങളായി ആശയവിനിമയം നടത്തുന്നുണ്ട്. അതോടൊപ്പം ആഖ്യാനം തൊഴിലാളി ശരീരത്തെക്കുറിച്ചുള്ള പൊതുഭാവനയിലേക്ക് തിരിയുന്നുണ്ട്. അദ്ദേഹത്തിന്റെ രചനകൾ മത്സ്യത്തൊഴിലാളികളുടെ ശാരീരിക സവിശേഷതകളെ അടയാളപ്പെടുത്തുന്നത്

പ്രത്യേക വൈദഗ്ധ്യവും ആത്മവിശ്വാസവുമുള്ള  പുതിയതും വേറിട്ടതുമായ ഒന്നായിട്ടാണ്. പുസ്തകത്തിന്റെ ആമുഖത്തിൽ മത്സ്യത്തൊഴിലാളി സൊസൈറ്റികളുടെ ഫെഡറേഷൻ അധികാരികളുമായി ബന്ധപ്പെട്ട ബാങ്കിൽ വായ്പ നൽകുന്ന ഘട്ടത്തിൽ തള്ളവിരലിൽ മഷിപുരട്ടി ഒപ്പിടുന്ന തൊഴിലാളികളുടെ ഉറച്ച ശരീരത്തെയും വിരലിന്റെ വണ്ണത്തെയും ഭയപ്പാടോടെ കണ്ട വിവരം ബാങ്കിന്റെ ഉയർന്ന ഉദ്യോഗസ്ഥനായ റാവു  ഓർമ്മിച്ചുവെച്ച് പിന്നീട് പനിപ്പിള്ളയെ അറിയിക്കുന്നു. ഇത് പനിപ്പിള്ളയെ ശരീരത്തിന്റെ പുറന്തള്ളലിനെ പ്രശ്നവൽ ക്കരിക്കുന്നതിലേക്ക് നയിക്കുന്നു. അധികാര വ്യവസ്ഥകൾ എല്ലായ്പ്പോഴും കീഴാള ശരീരങ്ങളെ അദൃശ്യമാക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ ഈ ശരീരത്തെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നതിലൂടെ, അത് സമൂഹത്തിന് മുന്നിൽ ദൃശ്യമാക്കപ്പെടുന്നു. വേദനകളെയും ശാരീരികമായ അടിച്ചമർത്തലുകളെയും കുറിച്ച് സംസാരിക്കുന്നത് വഴി, അടിച്ചമർത്തുന്ന അധികാരത്തോട് ശരീരം തന്നെ നടത്തുന്ന ഒരു കലഹമായി (Revolt) ആഖ്യാനം മാറുന്നു.

> റാവുവിന്റെ ഈ ധാരണ ഒറ്റപ്പെട്ടതല്ല. കടലിൽ പണിയെടുക്കുന്നവരെപ്പറ്റി പുറംലോകം ധരിച്ചുവെച്ചിരിക്കുന്ന അബദ്ധധാരണകൾ ഇനിയും ഒട്ടേറെയുണ്ട്. സ്ഥിരം കലഹിക്കുന്നവർ, അറിവില്ലായ്മയുടെ ആൾരൂപങ്ങൾ (തലയ്ക്കകത്ത് ഉപ്പുവെള്ളം), സാമൂഹികജീവിതത്തിൽ അന്ധവിശ്വാസങ്ങളിൽ ആണ്ടുകിടക്കുന്നവർ ഇങ്ങനെ പോകും അവ. തീരദേശവാസികൾ ഏതു കാര്യത്തിലും പെട്ടെന്ന് പ്രതികരിക്കുന്നവരാണ്. അവർ ഏർപ്പെടുന്ന സാഹസികമായ തൊഴിലിന്റെ പ്രത്യേകതയാണത്. തൊഴിൽ അനുഭവങ്ങൾ അവരിൽ രൂപപ്പെടുത്തുന്ന സംസ്കാരം കൂടിയാണ്. കട്ടമരം കടലിലേക്ക് മുങ്ങുമ്പോൾ പെട്ടെന്ന് ഒരു തിരമാല ഉയർന്നുവന്നാൽ അവരുടെ ചൂണ്ടയിലെ ഇരയിൽ ഒരു മീൻ വന്നു കടിച്ചുപറിക്കുമ്പോളെല്ലാം ശരവേഗത്തിൽ പ്രതികരിച്ച്  ശീലിച്ചവരാണിവർ. മാത്രമല്ല, ഇവരുടെ ഈ പ്രകൃതത്തിന് അവരുടെ പൈതൃകമായും ബന്ധങ്ങളുണ്ട്. പക്ഷേ, പരിഷ്കൃതസമൂഹം ഇതിനെ പരുക്കനെന്നോ പ്രാകൃതമെന്നോ  നിരീക്ഷിക്കുന്നുവെന്നതാണ് മേൽപ്പറഞ്ഞ അനുഭവം സൂചിപ്പിക്കുന്നത് (പനിപ്പിള്ള, 2018: 7).

അദ്ദേഹത്തിന്റെ രചനയിലെ പൊതുവായ പ്രത്യേകതയാണ് തീരരംഗത്തെ ശാസ്ത്ര-സാങ്കേതിക പൊതുസംവിധാനങ്ങളുമായുള്ള സഹവർത്തിത്വങ്ങൾ. എന്നാലിവിടെ മത്സ്യത്തൊഴിലാളികളെക്കുറിച്ചുള്ള പൊതുധാരണകളോടുള്ള സംഘർഷം വൈദഗ്ധ്യ ത്തിന്റെ വ്യത്യസ്തമായ അടയാളമായി ശരീരത്തെ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നു. സാമൂഹികാധികാരത്തിനു നേരെയുള്ള വിമർശനങ്ങളായി മത്സ്യത്തൊഴിലാളി ശരീരത്തെ അദ്ദേഹം രൂപപ്പെടുത്തുന്നു. 'നാഗരികതയുടെ അക്രമം (civilized violence)' ശരീരത്തെ അപമാനപ്പെടുത്തുന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടായി പനിപ്പിള്ളയുടെ വാദങ്ങളെ സമീപിക്കാം. മത്സ്യത്തൊഴിലാളികർത്തൃത്വത്തെ, ശരീരനിലയിൽകൂടി പുതിയ രീതിയിൽ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ കൂടിയാണിത്. ശീതസമരം, കടലിലെ സത്യഗ്രഹം, കൈവിരൽത്തുമ്പിൽ കണ്ണുള്ളവർ എന്നീ അധ്യായങ്ങൾ പാരുകളുടെ സാംസ്കാരികപ്രാധാന്യത്തെ ക്രോഡീകരിക്കുകയും ശരീരഭാവനകളെ ചിത്രീകരിക്കുകയും ചെയ്യുന്നുണ്ട്. പനിപ്പിള്ളയുടെ പിതാവായ, സെബസ്തിഅപ്പൂപ്പൻ, ആരോഗ്യം പീരുസന്തതി, അലക്സ് എന്നിവരുടെ ജീവിതാനുഭവങ്ങളെ കണ്ടെത്താനുള്ള ഉദ്യമങ്ങളുമായി വെളിപ്പെടുത്തിക്കൊണ്ടാണ് പാരുകളുടെ സമ്പ്രദായങ്ങളിലേക്കും അതിനെ രൂപീകരിക്കുന്നതിലെ ശരീരത്തിന്റെ പങ്കിനെയും അടയാളപ്പെടുത്തുന്നത്.

> ഈ പാരിലെ മീനുകൾ എന്തേ ഇത്ര വലുതെന്ന് ഞാൻ ഇടയ്ക്ക് ചോദിച്ചു. ഈ പാരിന് നല്ല ഉയരം ഉണ്ടാവുമെന്നും അത് കരിങ്കൽക്കൂട്ടം ആണെന്നും അച്ഛൻ മറുപടി പറഞ്ഞു. കരിങ്കൽപാരുകളിൽ ആണ് കരിമ്പാലകൾ കൂടുതലായി ഉണ്ടാവുകയെന്നും ഇതേപോലുള്ള മീനുകൾ പിടിക്കാൻ നല്ല 'കൈപതം ' വേണമെന്നും എന്നെ ഓർമിപ്പിച്ചു. ഇത്തരം മീനുകൾ ഇരയെടുക്കുമ്പോൾ കൈപ്പതവഴക്കത്തിലൂടെ അവ ഏതെന്ന് വേഗം തിരിച്ചറിയാനുള്ള വിദ്യകൾ എന്നെ പറഞ്ഞു പഠിപ്പിച്ചുകൊണ്ടായിരുന്നു അച്ഛന്റെ തുഴച്ചിൽ. ഇത് അച്ഛന്റെ ഒരോ ശീലമാണ്. കാര്യങ്ങൾ പറയുന്നതിനിടയിൽ കടൽപണിയിൽ ഞാൻ പഠിച്ചെടുക്കേണ്ട പാഠങ്ങളെപ്പറ്റിയും സൂചനകൾ തരും. അച്ഛനിൽനിന്ന് ഞാൻ പഠിച്ച പാഠങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് 'കൈപതം' അച്ഛനെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാക്കിയതും മീൻപിടുത്തത്തിലെ ഈ കൈപത വഴക്കമാണ് (പനിപ്പിള്ള, 2018: 53).

നേരത്തേ പ്രതിപാദിച്ച പുറന്തള്ളലിനെ ശാരീരികസവിശേഷതകളിലൂടെ നേരിടുന്നതാണ് കൈപ്പതം, കൈവിരലിൽ കണ്ണുള്ളവർ എന്നീ പ്രതീകങ്ങൾ. സാമൂഹിക ബഹിഷ്കരണങ്ങളെ നേരിടുന്നതിനായി വൈദഗ്ധ്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും തലങ്ങളെ മുറുകെപ്പിടിക്കുന്നു. പാർശ്വവൽക്കരണത്തോടുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ രാഷ്ട്രീയ മുന്നേറ്റങ്ങൾക്കുള്ള ഒരു തെളിവുകൂടിയാണിത്. കാലങ്ങളായി തീരദേശവാസികളെക്കുറിച്ചുള്ള സ്റ്റീരിയോ ടൈപ്പിനെ ഇതിലൂടെ ചോദ്യം ചെയ്യുന്നു. 'പൊതുമണ്ഡലത്തിൽ ത്യജിക്കപ്പെട്ട ശരീരങ്ങ'ളെന്ന സാഹചര്യങ്ങളെ വിമർശന വിധേയമാക്കിക്കൊണ്ടാണ് അദ്ദേഹം ആഖ്യാനത്തെ അടയാളപ്പെടുത്തുന്നത്.

കീഴാള ആഖ്യാനങ്ങളിൽ ശരീരം എന്നത് വേദനയുടെയും പീഡനത്തിന്റെയും അനുഭവങ്ങൾ പേറുന്ന ഒന്നാണ്. ജാതീയമായ അയിത്തം, ശാരീരികമായ ആക്രമണങ്ങൾ, വിശപ്പ്, കഠിനമായ അധ്വാനം എന്നിവ ശരീരത്തിലാണ് ആഴത്തിലുള്ള അടയാളങ്ങൾ വീഴ്ത്തുന്നത്. 'ശരീരം' എന്നത് കേവലമൊരു ഭൗതിക വസ്തുവല്ല, മറിച്ച് അത് ചരിത്രപരമായി മുറിവേൽപ്പിക്കപ്പെട്ടതും സാമൂഹികമായി അടയാളപ്പെടുത്തപ്പെട്ടതുമായ ഒരു രാഷ്ട്രീയ ഇടമാണ്. മത്സ്യത്തൊഴിലാളി രചനകളിൽ ശരീരത്തിന്റെ ആഖ്യാനം പരിശോധിക്കുമ്പോൾ കടലിലെ ക്ലേശകരമായ സാഹചര്യങ്ങൾ ശരീരത്തിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളായും തീരത്തെ സമരപോരാട്ടങ്ങളിലെ പ്രതിരോധ ആയുധമായും മാറുന്നതായി കാണാം. വല വലിക്കുന്നതിലൂടെയും വള്ളം തുഴയുന്നതിലൂടെയും രൂപപ്പെടുന്ന ശരീരത്തിലെ തഴമ്പുകൾ, കടലിലെ ഉപ്പും വെയിലും ഏൽപ്പിക്കുന്ന ആഘാതങ്ങൾ, പട്ടിണിയും ഉറക്കമില്ലായ്മയും മൂലം അനുഭവിക്കുന്ന കാഠിന്യാവസ്ഥ എന്നിവ അയാളുടെ ശരീരത്തിന്റെ തന്നെ ചരിത്രമാണ്. ഇവിടെ സ്വത്വം എന്നത് എന്നത് ചിന്തിക്കുന്ന ഒന്നു മാത്രമല്ല, മറിച്ച് 'അനുഭവിക്കുന്ന' ഒന്നാണ്.

### 4.6 സംഗ്രഹം

തീരരംഗത്ത് നിലനിൽക്കുന്ന ശാസ്ത്ര-സാങ്കേതിക സംവിധാനങ്ങളിലെല്ലാം പ്രതിഫലിക്കുന്ന അപര സാധ്യതയെയാണ് അധ്യായം വിശകലനം ചെയ്തത്. തീരരംഗത്തിന്റെ സാങ്കേതിക- യന്ത്രവൽക്കരണ തൊഴിൽജീവിതം, ആധുനിക നിയമം, ഭരണകൂടം എന്നിവയെ എതിർ നിർത്തിയാണ് ഈ ആഖ്യാനങ്ങൾ ഓർമ, അനുഭവം,

പാരമ്പര്യം തുടങ്ങിയ ഘടകങ്ങളെ സൃഷ്ടിക്കുന്നത്. വൈദഗ്ധ്യം ആഖ്യാനങ്ങളുടെ കേന്ദ്രശക്തിയായി മാറുന്നത് ഇങ്ങനെയാണ്. വൈദഗ്ധ്യം രചനകളുടെ സ്രോതസായി മാറുന്നത് പല സന്ദർഭങ്ങളിലും പല രീതിയിലാണ്. തങ്ങളുടെ വൈദഗ്ധ്യത്തെ രാഷ്ട്രീയ സങ്കേതമെന്ന നിലയിൽ മനസിലാക്കുന്നതിലും അടയാളപ്പെടുത്തുന്നതിലൂടെയും കാണുന്നത് പരിവർത്തനത്തിന്റെ ദിശകളെ ഈ വിഭാഗവും തിരിച്ച് സ്വാധീനിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നതാണ്. മുഖ്യധാരയിൽനിന്ന് വേറിട്ട്നിൽക്കുന്ന കർതൃത്വങ്ങളുടെ ചെറുത്തു നിൽപ്പാണിത്. അതിലെ പ്രധാനപ്പെട്ട ഒരു തന്ത്രമാണ് ആവർത്തിച്ചുവരുന്ന മീൻപിടുത്തക്രിയകളുടെ വിവരണങ്ങൾ, അതിന്റെ രീതിയെന്നത് ആദ്യകാലങ്ങളിലുണ്ടായ വ്യത്യാസങ്ങളെയും സൂചിപ്പിക്കുന്നതിനായിട്ടും വിവിധ മത്സ്യബന്ധനരീതികളുടെ വ്യത്യാസങ്ങളെ സൂചിപ്പിക്കുന്നതുമാണ്. മത്സ്യബന്ധനരീതികളുടെ ക്രിയാംശമാണ് ഇവിടെ പ്രാധാന്യം കൈവരിക്കുന്നത്. ഭാഷയും ബിംബങ്ങളും ചലിക്കുന്ന പ്രയോഗ സാധ്യതകളിലേക്കാണ് നീങ്ങുന്നത്. ആഖ്യാനത്തിൽ സവിശേഷമായ ഭൗതിക വൈകാരിക സാഹചര്യമായിട്ടാണവ നിർമ്മിക്കപ്പെടുന്നത്. ശാരീരികമായ പ്രത്യേകതകൾ ഐന്ദ്രിയസാദ്ധ്യതകളുടെ വിശദീകരണങ്ങളിലേക്ക് കടന്നുകൊണ്ട് സാംസ്കാരികഓർമ്മകളെ പുതിയരൂപത്തിലും ശൈലിയിലുമുള്ള ശരീരസ്ഥ ഓർമ്മയായി മാറ്റുന്നു. മത്സ്യബന്ധന പ്രവൃത്തിയുടെ ചലനങ്ങളെ ആഖ്യാതാവായ എഴുത്തുകാരന്റെ കണ്ണുകളിലൂടെ സവിശേഷമായ സങ്കേതങ്ങൾ ഉപയോഗിക്കുന്ന, വായനക്കാരനെ രസിപ്പിക്കുന്ന, അനുഭവിപ്പിക്കുന്ന വിവരണശകലങ്ങൾ പ്രത്യേക ഇടം നേടുന്നു. സ്പർശനങ്ങളിലൂടെ ഗന്ധങ്ങളിലൂടെ കടൽ ജീവലോകത്തെ വിന്യസിക്കുന്നു. ശരീരസ്ഥമായക്രിയകൾ ഇവിടെ മദ്ധ്യസ്ഥ ത്തിലേർപ്പെടുന്നു.

വർത്തമാനകാല മത്സ്യത്തൊഴിലാളിപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന രൂപകമായി ആൻഡ്രൂസ് വൈദഗ്ധ്യത്തെ അവതരിപ്പിക്കുന്നു. മത്സ്യബന്ധനരംഗത്തെ അസമത്വപരമായ ശ്രേണീബന്ധങ്ങളാണ് ഇതിലൂടെ പ്രകാശനം നേടുന്നത്. മത്സ്യബന്ധ നചരിത്രം എന്ന് പറയാവുന്ന വിവിധതരത്തിലുള്ള പരമ്പരാഗതമത്സ്യബന്ധനരീതികളും അതിൽത്തന്നെ ചൂണ്ടപ്പണിയിൽ നടക്കുന്ന പലവിധ അനുഭവങ്ങളുമാണ് പ്രധാനമായും ആൻഡ്രൂസ് വരച്ചിടുന്നത്. കടൽ, അതിന്റെ കാലാവസ്ഥ, മീനുകൾ എന്നിവയുമായി ബന്ധപ്പെട്ട മതം, വിശ്വാസം, കഥകൾ, മിത്തുകൾ എന്നിവയുടെ വാമൊഴിയിലെ വിപുലമായ വ്യവഹാരം

ചിത്രീകരിക്കുന്നു. പരമ്പരാഗത രംഗത്തെ മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരമായ സ്വാതന്ത്ര്യം, ധാർമ്മികത എന്നീ മൂല്യങ്ങളിലൂടെയാണ് ഈ വ്യവഹാരത്തോട് അദ്ദേഹം സംവദിക്കാൻ ശ്രമിക്കുന്നത്. അധുനികീകരണവും പരമ്പരാഗതരംഗവും തമ്മിലുള്ള താരതമ്യങ്ങളിൽനിന്നും ഉരുത്തിരിയുന്ന ധാർമ്മികതയുടെ വീക്ഷണങ്ങ ളായിട്ടാണ് വൈദഗ്ധ്യത്തെ സാധൂകരിക്കുന്ന പ്രസ്താവനകൾ രൂപമെടുക്കുന്നത്. വൈദഗ്ധ്യം ആൻഡ്രൂസിൽനിന്ന് പനിപ്പിള്ളയിലേക്കെത്തുമ്പോൾ മാറുന്നത് കാണിക്കുന്നത് ആധുനികതയുമായുള്ള സംഘർഷങ്ങളുടെ വ്യത്യസ്തഘട്ടങ്ങളിൽ മാറുന്ന മത്സ്യത്തൊഴിലാളി കർതൃത്വമാണ്. ആധുനികീകരണത്തോടുള്ള വിമർശനവും അനുഭവപാടവങ്ങളും വൈദഗ്ധ്യവൽകൃതമായ മത്സ്യത്തൊഴിലാളിസ്വത്വത്തെ ആഖ്യാനങ്ങളിൽ രൂപപ്പെടുത്തുന്നു. അതോടൊപ്പം തന്നെ അവതാരികകൾ, പഠനങ്ങൾ എന്നീ സാന്നിദ്ധ്യങ്ങളുമായി ഇടകലർന്നുകൊണ്ടാണ് വൈദഗ്ധ്യത്തെ അനുഭവത്തിന്റെ ഭാഗമായി പ്രതീകപ്പെടുത്തുന്നത്. പനിപ്പിള്ളയുടെ അന്വേഷണങ്ങൾ വൈജ്ഞാനികതയുടെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. ശാസ്ത്രമായി വൈജ്ഞാനികതയെ സംക്രമിപ്പിക്കുന്ന ഒരു ബദൽദർശനം സൃഷ്ടിക്കാനായി അദ്ദേഹം ശ്രമിക്കുന്നു. ഉപജീവനത്തിനും നിലനിൽപ്പിനുമായി പൊരുതുന്ന മത്സ്യത്തൊഴിലാളികൾ എന്ന അവബോധപരമായ രാഷ്ട്രീയലക്ഷ്യത്തിലൂടെയല്ല പനിപ്പിള്ളയുടെ ആഖ്യാനങ്ങളിൽ ഈ അറിവിന്റെ ശാസ്ത്രം പ്രത്യക്ഷപ്പെടുന്നത്. പകരം ശാസ്ത്ര-സാങ്കേതികജ്ഞാനങ്ങൾക്ക് തുല്യമായി നിലനിൽക്കുന്ന പാരമ്പര്യജ്ഞാനമെന്ന പൈതൃകധാരണയിലാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. ചേല് പറച്ചിൽ, പാട്ടുകൾ, കഥകൾ എന്നിവയിലടങ്ങിയ മീൻ, പാര് എന്നിങ്ങനെയുള്ളവയെ വിപുലമായ മീൻപിടിത്തകഥകളായി അദ്ദേഹം വികസിപ്പിക്കുന്നു. ഈ ജീവിത ലോകം പുതിയ ശാസ്ത്ര-സാങ്കേതിക സംവിധാനങ്ങളോട് പ്രതികരിച്ചുകൊണ്ട് വൈദഗ്ധ്യത്തെ ഗണിച്ചുകൊണ്ടുള്ള ഒരു ആഖ്യാനരൂപത്തെ പങ്കിടുന്നു. മത്സ്യത്തൊഴിലാളി സമൂഹവും ശാസ്ത്ര-സാങ്കേതിക പ്രവർത്തകരും നയരൂപീകരണരംഗങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ലക്ഷ്യബോധ ത്തെയാണ് ഈ ധാരണകളിലൂടെ പനിപ്പിള്ള പ്രതിനിധീകരിച്ചത്. ശാസ്ത്ര-ഭരണസംവിധാനങ്ങളുടെ അഭിപ്രായ രീതികൾ മുഖവിലയ്ക്കെടുക്കുന്നതും കടലിന്റെ രഹസ്യങ്ങ ളെ തുറന്നു കാട്ടുന്ന, പ്രപഞ്ചവിസ്മയങ്ങളെ അറിയുന്നവർ എന്ന മത്സ്യത്തൊഴിലാളി കർതൃത്വപദവിയും പനിപ്പിള്ളയുടെ രചനയിൽ എത്തിച്ചേരുന്നത് ആധുനികീകര

ണങ്ങളെത്തുടർന്നുണ്ടായ സാമൂഹികസംവിധാനങ്ങളുടെ ശ്രേണിയിലാണ്. അതുകൊണ്ടു തന്നെ പനിപ്പിള്ളയുടെയും ആൻഡ്രൂസിന്റെയും രചനകളിലെയും കടലറിവിന്റെയും വൈദഗ്ധ്യത്തിന്റെയും അവകാശവാദങ്ങൾ, കടൽ-ഭൗതിക വസ്തുക്കളോടും സംവിധാനങ്ങളോടും ഉള്ള പ്രതികരണങ്ങൾ എന്നിവ ശാസ്ത്ര-സാങ്കേതികതയെ പിൻപറ്റുന്ന ദേശരാഷ്ട്രത്തിന്റെ അധീശത്വത്തെ വിചാരണചെയ്യുന്നു. ഇത് ഒരേസമയം അധഃസ്ഥിത ത്വത്തിന്റെയും ആത്മാഭിമാനത്തിന്റെയും സ്വഭാവങ്ങൾ വ്യക്തമാക്കുന്നു. ഇത് വ്യക്തമാക്കുന്നത് വൈദഗ്ധ്യം എന്നത് പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്കല്ല, അത് അധിനിവേശാധുനികീകരണത്തോടുള്ള ഭാവിദർശനമാണ് എന്നാണ്. മീൻപിടുത്ത ക്രിയയെ ആവർത്തിച്ചുകൊണ്ട് തങ്ങളുടെ വൈദഗ്ധ്യത്തിന്റെയും അനുഭവപാടവത്തിന്റെയും നിയതമല്ലാത്ത അതിരുകളില്ലാത്ത സാന്നിധ്യങ്ങൾ ഇവിടെ വൈദഗ്ധ്യം എന്ന രൂപകത്തിന്റെ സങ്കീർണത വ്യക്തമാകുന്നു. ശാസ്ത്രത്തോട് ബന്ധിപ്പിക്കാൻ ശ്രമിക്കുന്നതോടെ ഈ രൂപകം വഴുതിമാറുന്നു. അനുഭവങ്ങളിലെ വിള്ളലുകളുടെ വൈപരീത്യങ്ങൾ കടന്നു വരുമ്പോഴാണിത് സംഭവിക്കുന്നത്. ഇത് സൂക്ഷ്മപരിശോധനയിൽ രണ്ടു തരത്തിൽ കുഴക്കുന്നു. ഒന്ന് ശാസ്ത്രത്തിന് വിരുദ്ധമായ പുനരവതരണത്തിലുള്ള 'കടലറിവിനെ' അവ എങ്ങനെ ഉൾക്കൊള്ളുന്നു എന്നും. രണ്ട്, യന്ത്രവൽകൃതരംഗത്തെ ബാഹ്യവൽക്കരിക്കുന്നതിനുള്ള കളമൊരുക്കലാണോ വൈദഗ്ധ്യവും അനുഭവ പാടവവും എന്ന്.

**കുറിപ്പുകൾ**

|. സ്കറിയ സക്കറിയ. 2019. പൈതൃക പഠനം മുസിരീസ് പൈതൃകപദ്ധതി മുൻനിർത്തി ഒരു വീണ്ടുവിചാരം. *മലയാളവഴികൾ*-സ്കറിയ സക്കറിയയുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ.

2. "മലയാളം ഭാഷയിൽ തുലോം വിരളമായ ഒരു വിഭാഗമാണ് നാച്ചുറൽ ഹിസ്റ്ററി സാഹിത്യം (Natural history writing). ഹോർത്തൂസ് മലബാറിക്കൂസ്, വില്യം ലോഗന്റെ മലബാർ മാനവൽ, ശിവദാസമേനോന്റെ  മലബാറിലെ ശിക്കാറ് തുടങ്ങിയ കൃതികളാണ് ഈ വിഭാഗത്തിലെ ആദ്യകാല രചനകൾ. മൺമറഞ്ഞു കൊണ്ടിരിക്കുന്ന നാട്ടറിവുകളുടെ സമൃദ്ധി നിറയുന്ന കൃഷിഗീത, മനുഷ്യാലയചന്ദ്രിക തുടങ്ങിയ ഇതര കൃതികൾ വേറെയുണ്ട്. സൈലന്റ്വാലി പ്രതിരോധത്തിന്ശേഷം നമ്മുടെ കാടുകളെയും ജലാശയങ്ങളെയും നദികളെയും കൃഷിയിടങ്ങളെയും കുറിച്ച് കുറേ രചനകളുണ്ടായി.  കഴിഞ്ഞ കുറേ വർഷങ്ങളിൽ എഴുത്തുകാരുടെ ദേശസ്മൃതികളുടെ വസന്തം പിറന്നു. നമ്മുടെ സാംസ്കാരിക അന്തരീക്ഷത്തിൽ ക്രമേണ ഇടം നേടിയ പാരിസ്ഥിതികസംവേദനം സ്വാഭാവികമായും സാഹിത്യത്തിലും ഒരു പ്രധാന സ്വാധീനമായി വളർന്നു. പണിയനുഭവങ്ങളാണ് നാട്ടറിവുകളുടെ ഉറവിടം. നാട്ടറിവുകളുടെ പുനരുക്തി അവ പ്രയോഗിച്ചവരുടെ ആഖ്യാനങ്ങളായല്ല, നാഗരികമനുഷ്യരുടെ പുതുക്കി പ്പണിയലുകളും വീണ്ടെടുപ്പുകളുമായാണ് മലയാളിയുടെ ആധുനിക ജീവിതത്തിൽ ഇടം നേടുന്നത്.റോബർട്ട് പനിപ്പിള്ളയുടെ ഈ പുസ്തകം തികച്ചും വ്യത്യസ്തമാകുന്നത് ഈ സന്ദർഭത്തിലാണ്. ഇത്തരം അനുഭവങ്ങളുടെ ആഖ്യാനം അവയുടെ പൈതൃക-അദ്ധ്വാന-സംസ്കാരബന്ധങ്ങളുടെ സമഗ്രതയിൽ വെളിവാക്കുവാൻ ഭാഷ ഒരു പരിമിതിയായി വർത്തിച്ചുവെന്ന് വരാം. ദീർഘകാലത്തെ നേരിട്ടുള്ള അധ്വാനത്തിലും അനുബന്ധ അനുഭവങ്ങളിലുംനിന്ന് രൂപപ്പെടുത്തിയ സാമാന്യബോധം അഥവാ സാമാന്യജ്ഞാനത്തിൽ പലപ്പോഴും ശാസ്ത്രത്തേക്കാൾ തെളിമയും സത്യവുമുണ്ടാകും. അത് ഒരു സാംസ്കാരിക അനുഭവമായി ദൈനംദിന ജീവീതത്തിൽ ഇഴകിച്ചേരുമ്പോൾ സുസ്ഥിരതയുടെ തനിമയാർന്ന ശരിയടയാളങ്ങൾ നമുക്കു കാണാനാവുന്നു" (സുസ്ഥിര അറിവുകളുടെ സമുദ്രം', അവതാരിക, ജി. മധുസൂദനൻ , *കടലറിവുകളും നേരനുഭവങ്ങളും* : റോബർട്ട് പനിപ്പിള്ള).

3. 1998-ൽ ഡി.സി. ബുക്സ് നാട്ടറിവുപരമ്പരയിൽ  *കടലറിവുകൾ* എന്ന പുസ്തകം ഇറക്കി. നാട്ടുപഠനകേന്ദ്രം ഡയറക്ടർ സി.ആർ. രാജഗോപാലാണ് ഈ പരമ്പരയുടെ എഡിറ്റർ. 2005-ലെ മൂന്നാം പതിപ്പിൽ ടി.ടി. ശ്രീകുമാറാണ് എഡിറ്റർ. തെക്കൻ തീരമേഖലയിലെ

മത്സ്യത്തൊഴിലാളികളായ ആൻഡ്രൂസിന്റെയും ഇ.ജി. പീറ്ററിന്റെയും ലേഖനങ്ങൾ ഈ പതിപ്പിൽ വരുന്നുണ്ട്.

4. ഡി. അനിൽകുമാറിന്റെ *അവിയങ്കോര*, 2020, *ചങ്കൊണ്ടോ പറക്കൊണ്ടോ*, 2016 എന്നീ കവിതാ സമാഹാരങ്ങൾ,

5. കടലിനടിത്തട്ടിലെ മീനുകളുടെ ആവാസയിടങ്ങളായ പാരുകളിൽനിന്നും മീൻപിടിക്കാനാണ് ചൂണ്ടകൾ ഉപയോഗിക്കുന്നത്.

6. കണിച്ചം : കടലിലെ പാരുകളും മറ്റു മീൻ തങ്ങുന്ന ഇടങ്ങളും തിരിച്ചറിയാനായി ആ കടൽപ്രദേശത്തിനു നേരെയുള്ള കരയിലെ അടയാളങ്ങൾ മത്സ്യത്തൊഴിലാളികൾ ഗണിക്കുന്നു. തീരത്തെ പള്ളി, ലൈറ്റ്ഹൗസ്, മലകൾ എന്നിവയാണ് കണിച്ചത്തിനായി ഗണിക്കുന്നത്.

7. Gérard Genette ,1997

## അധ്യായം അഞ്ച്
## വിലാപത്തിനും സാഹസികതയ്ക്കുമിടയിൽ

പരിവർത്തനാനുഭവാഖ്യാനങ്ങളുടെ രചനാപരമായ സവിശേഷതകളിലേക്ക് പ്രവേശിക്കുമ്പോൾ സാഹസികത, വിലാപം എന്നീ പാഠങ്ങൾ രചന കളിലുടനീളം ആശയവിനിമയം നടത്തുന്നതായി കാണാം. മത്സ്യത്തൊഴിലാളിതന്മയെ അവ വ്യതിരിക്തമാക്കുന്നു. സ്വന്തം അനുഭവങ്ങളും പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളായ തങ്ങളുടെ പിതാക്കളുടെയും സുഹൃത്തുക്കളുടെയും അനുഭവങ്ങളെയും ആഖ്യാനം ചെയ്തുകൊണ്ട് പുതിയ കർതൃത്വസങ്കല്പനങ്ങളെ ആൻഡ്രൂസും പനിപ്പിള്ളയും ആവിഷ്കരിക്കുന്നതെന്ന് കണ്ടു. തൊഴിലാളികളുടേതായി പ്രതിപാദിക്കപ്പെട്ട മൂല്യങ്ങളും ആദർശങ്ങളും പിതൃപാരമ്പര്യത്തെയും വർഗ, പ്രദേശ, സമുദായവീക്ഷണങ്ങളെയും പിന്തുടരുന്നതാണ്. തീരദേശത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളെ വിപുലീകരിക്കുക, പുതിയ തലമുറയ്ക്കുള്ള തൊഴിൽപരമായ ബോധവൽക്കരണം, തീരപ്രദേശത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ ഉന്നമനം എന്നിവയിലൂടെയാണവ സാമാന്യമായി ആഖ്യാനം ചെയ്യപ്പെടുന്നതെന്നും കണ്ടുകഴിഞ്ഞു. പരിവർത്തനപാഠങ്ങളുടെ ഓർമ്മയും ചരിത്രവും പ്രകടിപ്പിക്കുന്ന ഈ സംവേദനക്ഷമതയിൽ മത്സ്യത്തൊഴിലാളിതന്മ (fisherman identity)കളെ അടയാളപ്പെടുത്തുന്നത് എങ്ങനെ എന്നാണ് തുടർന്നു പരിശോധിക്കുന്നത്. അതായത് സാഹസികത, വിലാപങ്ങൾ എന്നീ കർതൃരൂപങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ ആന്തരികലോകത്തെ (മനസ്സിനെയും വിശ്വാസത്തെയും) എങ്ങനെയാണ് മാറ്റിപ്പണിഞ്ഞതെന്നും ഇതിലൂടെ രചയിതാക്കൾ തങ്ങളുടെ രാഷ്ട്രീയബോധ്യങ്ങളെയും 'ഞാൻ' എന്ന ബോധത്തെയും എങ്ങനെയൊക്കെ പുനർനിർണ്ണയിച്ചു എന്നതും ആഖ്യാനവിശകലനങ്ങളിലൂടെ വ്യക്തമാക്കുന്നു. മത്സ്യത്തൊഴിലാളിതന്മയെ സ്ഥാനപ്പെടുത്തുന്നതിൽ വെളിപ്പെടുന്ന ആന്തരികതയും ശാരീരികപാഠങ്ങളും ഇതിനോടു ചേർത്തു വായിക്കുന്നു. ആധുനികീകരണ സമ്മർദ്ദങ്ങൾ തുടങ്ങിവെച്ച സംഭാഷണങ്ങൾക്കു പുറമേ ഉയർന്നുവരുന്ന ഓർമകളും ദുരിതാനുഭവങ്ങളും അനുഭവകഥകളിൽ വ്യത്യസ്തമായ അടയാളങ്ങൾ വഹിക്കുന്നുണ്ടോ എന്നതും ഈ ചർച്ചയിൽ കടന്നുവരുന്നു. കടലിലെ

കഷ്ടപ്പാടുകളും സാഹസികതയും വരച്ചു കാണിക്കുന്നതിലൂടെ വ്യക്തമാക്കപ്പെടുന്ന സാഹിത്യ രീതികളും ഈ അദ്ധ്യായം ചർച്ചചെയ്യുന്നു.

> കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ കൊല്ലം ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്ന ഞാൻ കഴിഞ്ഞ ഇരുപതിൽ പരം വർഷങ്ങളായി ഇതുപോലെ നിരവധി കണ്ണീർക്കണങ്ങൾ കണ്ടിട്ടുണ്ട്. നോർവേക്കാർമുതൽ നാട്ടിലെ സായിപ്പന്മാർവരെ കൊള്ളയ്ക്ക് വിധേയമാക്കിയ കടലും കായലും ഇന്ന് ശൂന്യമാണ്. തീരങ്ങൾ മാരകരോഗങ്ങളുടെയും പട്ടിണിയുടെയും ശ്മശാനഭൂമി യാണ് (ആൻഡ്രൂസ്, 2006: 93).

തീരപ്രദേശത്തെ ഉത്കണ്ഠാകുലമായ സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന വിവരണങ്ങളാണിവ. തീരദേശ പ്രവർത്തകനും മത്സ്യത്തൊഴിലാളി നേതാവുമായി മാറിയ എഴുത്തുകാരന്റെ ആന്തരികജീവിതത്തെ ഈ വരികൾ പ്രകടമാക്കുന്നു. രചനാവ്യക്തിത്വത്തോടൊപ്പം തീരരംഗത്തെ മത്സ്യത്തൊഴിലാളികളുടെ അനിശ്ചിതത്വത്തിന്റെ ആഴവും ഈ വരികൾ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഈ സ്ഥാനഭ്രംശസ്വത്വത്തിന്റെ അനുഭവങ്ങളുടെ സമ്പ്രദായം മലയാളത്തിൽ ഫോക് ലോറിലൂടെ കടലറിവായി വിലയിരുത്തപ്പെട്ടപ്പോൾ കാര്യമായി വിശകലനം ചെയ്യപ്പെട്ടില്ല. ഈ ആഘാതങ്ങൾ തിരിച്ചറിയപ്പെടാതെ അറിവിന്റെ സാമ്പ്രദായിക സ്വരങ്ങളായി പരിണമിച്ചു.

### 5.1 സാഹസികത: ദൃഢതയും കാഠിന്യവും

പിതൃപാരമ്പര്യങ്ങളിലൂടെയും പ്രദേശ-ജാതി വീക്ഷണങ്ങളിലൂടെയും സൂചിപ്പിക്കപ്പെട്ട പരമ്പരാഗതരംഗത്തെ രാഷ്ട്രീയപാഠങ്ങളിലാണ് സാഹസികതയുടെ വിവരണങ്ങൾ ആഖ്യാനരൂപം കൈക്കൊള്ളുന്നത്. മത്സ്യബന്ധനരംഗത്തെ വിള്ളലിന്റെ പ്രതിഫലനങ്ങളാവാം ആന്തരികത്തിന്റെ പ്രേരണകളായി നിൽക്കുന്ന സാഹസികതയുടെ പ്രതിപാദനങ്ങൾ. ആഖ്യാനത്തിന്റെ തലത്തിലുള്ള സാഹസികതയെക്കുറിച്ചുള്ള ആവർത്തനങ്ങളും മറ്റു സങ്കേതങ്ങളും എഴുത്തുകാർ സവിശേഷമായ സാഹിത്യരീതികൾ രചനയിൽ വിന്യസിക്കുന്നതിനെ വ്യക്തമാക്കുന്നു. സാഹസികതയുടെ ആവർത്തിച്ചുള്ള പ്രതിപാദനരീതികൾ നേടുന്ന പ്രാധാന്യമാണ് പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ വ്യവഹാരങ്ങൾക്ക്

സ്വത്വരൂപം ആർജിക്കുന്നതിന് സഹായകമാകുന്നത്. പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ, മീൻപിടിത്തത്തിനിടെ കടലിൽ അവർക്ക് ചുറ്റും നടക്കുന്ന സംഭവങ്ങൾ എന്നിവയെ സംബന്ധിച്ച സത്യം വെളിപ്പെടുത്തുന്ന മട്ടിലുള്ള ആഖ്യാനരൂപങ്ങളായാണ് സാഹസികത പ്രവർത്തിക്കുന്നത്. സാഹസികതയുടെ സാമാന്യ അർഥമായ ധീരതയിൽനിന്ന് അതിന്റെ സവിശേഷ പ്രയോഗത്തിലേക്ക് കടക്കുമ്പോൾ ആധുനികീകരണങ്ങളെത്തുടർന്നുണ്ടായ പ്രത്യേകതയിൽ ഊന്നിക്കൊണ്ട് തൊഴിൽ പരമായ കാഠിന്യത്തെയും ദൃഢതയെയും അവ കേന്ദ്രീകരിക്കുന്നു. പരമ്പരാഗതതൊഴിലിനെ കേന്ദ്രീകരിക്കുന്ന സംഭവങ്ങളിലും വിശകലനങ്ങളിലുമാണ് ഈ സാഹസികത ദൃശ്യമാകുന്നത്. ഉൽപ്പാദനവ്യവസ്ഥകൾ, ഉൽപ്പാദനബന്ധങ്ങൾ തുടങ്ങിയ തീര ദേശ സാഹചര്യങ്ങൾ മാറിയതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളിലെ പോരാട്ടങ്ങളിലാണ് ആൻഡ്രൂസ് സാഹസികതയുടെ ശക്തി അവതരി പ്പിക്കുന്നത്. ആദ്യ പുസ്തകമായ *കടൽമുത്ത്: ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ* തുടങ്ങുന്നതിങ്ങനെയാണ് :

> കൊല്ലം കടലോരത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ജീവിതാനുഭവങ്ങളാണ് ഈ പുസ്തകത്തിൽ. ഉപ ജീവനത്തിനായി കടലിന്റെ ആഴങ്ങളിലേക്ക് സ്വയം വല യെറിയുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന വേളകളിൽ അനുഭവി ക്കേണ്ടിവന്നിട്ടുള്ള പ്രതിസന്ധികളുടെയും അധ്വാനത്തിന്റെയും സാഹസികപോരാട്ടങ്ങളുടെയും ചരിത്രമാണിത് (ആൻഡ്രൂസ്, 2002: 15).

മത്സ്യത്തൊഴിലാളിയായിരുന്ന താനുൾപ്പെടുന്ന പരമ്പരാഗതരംഗത്തിന്റെ ജീവിതാനുഭ വങ്ങൾക്ക് സാഹസികപോരാട്ടങ്ങളുടെ കഥയെന്ന വിശേഷണം ഇവിടെ നൽകിയിരിക്കുന്നു. *കടൽമുത്തിലെ* 'വലിയമുക്കുവന് ഒരിറ്റു കണ്ണുനീർ' എന്ന അധ്യായത്തിൽ മരണപ്പെട്ട വ്യക്തിയെ സ്മരിക്കുന്നത് വീരസാഹസികതകൾകൊണ്ട് ശ്രദ്ധ പിടിച്ചുപറ്റിയ ആളാണ് അദ്ദേഹമെന്ന് പറഞ്ഞുകൊണ്ടാണ്.

> കടലിന്റെ അടിത്തട്ടിലെ പാറക്കൂട്ടങ്ങളുടെ നിഗൂഢതയിൽ മറഞ്ഞു നിന്നുകൊണ്ട് എന്നെ ചതിച്ച കല്ലുകടിയൻ സ്രാവിനോട് പ്രതികാര

ബദ്ധനായി ഞാൻ കല്ല് വലിച്ചെടുത്ത് തോണി തെക്കോട്ടടിച്ചു (ആൻഡ്രൂസ്, 2002 : 51).

മരണത്തിലും തോൽക്കാത്ത 'പ്രതികാരബദ്ധനായി ഞാൻ' എന്ന പ്രയോഗവും 'കട്ടത്തളയുടെ കഥ', 'ഭീമനെ വീഴ്ത്തിയ കഥ' എന്നീ അധ്യായങ്ങളും തൊഴിലാളികളുടെ ദൃഢത, വിശ്വാസം എന്നിവയെ പ്രതീകവൽക്കരിക്കുന്നതിനായി സാഹസികതയെ അന്വേഷിക്കുന്നതിന്റെ ചിത്രങ്ങളാണ് വരച്ചിടുന്നത്. ശാരീരികഗുണങ്ങളെ തൊഴിലാളിത്തമെന്ന പദവിപരമായ ഒന്നായി വികസിപ്പിച്ചെടുത്തുകൊണ്ടാണ് ഇത് സാധിക്കുന്നത്.

> നീതിന്യായപീഠത്തിൽ നിന്നിറങ്ങിയ തിട്ടൂരത്തിന്റെ മറവിൽ ആയിരക്കണക്കിനു ട്രോളറുകൾ തീരക്കടലിലെ അലമാലകളെ കീറിമുറിച്ചുകൊണ്ടു ഉൾക്കടലിലേക്ക് നീങ്ങി. കടൽക്കൊള്ളക്കാർ എറിഞ്ഞുകൊടുത്ത അപ്പക്കഷ്ണങ്ങൾ നൊട്ടിനുണഞ്ഞ അധികാരി കൾ നോക്കിനിൽക്കേ, പരമ്പരാഗതമത്സ്യത്തൊഴിലാളികളായ സിംഹക്കുട്ടികൾ തങ്ങളുടെ നിലനില്പിനായി അറബിക്കടലിന്റെ വിരിമാറ് യുദ്ധഭൂമിയാക്കി മാറ്റി (ആൻഡ്രൂസ്, 2006: 30).

> അഷ്ടമുടിക്കായലിന്റെ തീരത്തെ മാളങ്ങളിൽ ഒളിച്ചിരുന്ന കടലാസ് സംഘടനയുടെ നേതാക്കൾ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ വീണ്ടും രംഗത്തുവന്നു. പക്ഷേ മത്സ്യത്തൊഴി ലാളി സമരങ്ങളേയും സംഘടിതശക്തിയേയും ഒറ്റു കൊടുക്കുവാനും വെല്ലുവിളിക്കാനും ഒളിഞ്ഞും തെളിഞ്ഞും നടത്തിയ ശ്രമങ്ങൾ ഒന്നും തന്നെ ഫലം കാണാതെപോയി. ഭരണരാഷ്ട്രീയത്തിനും കോടതി വിധികൾക്കും അവരെ തളർത്താനായില്ല (ആൻഡ്രൂസ്, 2006: 30).

ട്രോളറുകളുടെ ആക്രമണങ്ങളിൽ പിന്തിരിയാതെ മുന്നേറുന്നതിനെ സൂചിപ്പിക്കുന്നതാണ് ഈ ഭാഗങ്ങൾ. ഇവിടെ സമരവുമായി ബന്ധപ്പെട്ട പോരാട്ടം, അക്രമം എന്നിവയുടെ ഘടനയിലാണ് സാഹസികത അതിന്റെ പുരുഷരൂപം പുറത്തു കൊണ്ടുവരുന്നത്. യുദ്ധഭൂമി, സിംഹക്കുട്ടികൾ, അറബിക്കടലിന്റെ വിരിമാറ് എന്നീ പദപ്രയോഗങ്ങൾ പുരുഷ

ഉത്തരവാദിത്വത്തെ പരിപാലിക്കുന്നതും വീരത്തമെന്ന് തിരിച്ചറിയാവുന്നതുമായ ദിശയെ ഉയർത്തുന്നു. പുരുഷൻമാരിൽ സവിശേഷമായി ആരോപിക്കുന്ന ഈ ഗുണങ്ങളെ പ്രമാണമാക്കുന്നതിലാണ് സാഹസികത വ്യക്തമായും ആഖ്യാനങ്ങളിൽ ചിത്രീകരിക്കുന്നത്. സാഹസികതയെ വീരത്ത ത്തിന്റെ പ്രതീകസ്വഭാവത്തിലുള്ള ആലങ്കാരികത (rhetoric)യായി ഇവിടെ പുനർനിർവചിക്കുന്നു. പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ ശക്തി, അധികാരം എന്നിവയെ അടിവരയിടുന്നതാണത്. പോർട്ടുകൊല്ലം ഗ്രാമത്തിൽ നടന്ന തൊഴിൽത്തർക്കങ്ങൾ, യന്ത്രവൽകൃതരംഗവുമായി ബന്ധപ്പെട്ട സംഭവങ്ങൾ, രാഷ്ട്രീയ ഇടപെടലുകൾ എന്നിവയെ ഇത് തുറന്നു കാണിക്കുന്നു. തൊഴിൽപരമായ കാഠിന്യത്തിലൂന്നിക്കൊണ്ട് തൊഴിൽ പ്രശ്നങ്ങളെ വ്യാഖ്യാനിക്കുന്നതിൽ മാർക്സിയൻമാതൃക ഉൾക്കൊള്ളുന്ന പദാവലികൾ കാണാൻ സാധിക്കും. പരമ്പരാഗതരംഗത്തെ മത്സ്യത്തൊഴിലാളികളുടെ രാഷ്ട്രീയകർതൃത്വത്തെ വാദിക്കുന്നതിൽ പ്രധാനമായും സ്ഥാനം നേടുന്നത് ചൂഷകവർഗവും പിന്തള്ളപ്പെട്ടുപോയ കഠിനാധ്വാനത്തിന്റെ വക്താക്കളായ തൊഴിലാളികൾ എന്ന ദ്വന്ദ്വവുമാണ്. ഇവിടെയെല്ലാം അധ്വാനമെന്നത് മുതലാളിത്തരൂപങ്ങളുടെ കടന്നുകയറ്റങ്ങളെത്തുടർന്ന് നേരിട്ട ശാരീരികക്ലേശങ്ങളെ ആസ്പദമാക്കുന്നതാണ്. സാഹസികതയെ ശ്രദ്ധേയമാക്കുന്ന ഈ കഠിനാധ്വാനത്തെ സംബന്ധിച്ച വാദങ്ങൾ തൊഴിലാളികൾക്ക് പ്രത്യേക ഗുണങ്ങളും പദവിയും കൽപ്പിക്കുന്നതിന്റെ വിവിധ രീതികളെ സാധ്യമാക്കുന്നുണ്ട്.

> കടലിന്റെ ഉള്ളിൽക്കൂടി വരുന്ന തിരയ്ക്കകത്തുകൂടി വള്ളം നേരെ ഓടിച്ച് തൊഴിലാളികൾക്കും വള്ളത്തിനും അപകടം വരാതെ കരയ്ക്കെത്തി ച്ചിരുന്ന തോമസ് തലയാളി, കടലിൽ വള്ളങ്ങൾ നടത്തുന്ന മത്സര വലിക്കും ഒന്നാം സ്ഥാനത്തായിരുന്നു (ആൻഡ്രൂസ്, 2006: 26).

> ഒരിക്കൽ ഞാൻ മരുപ്പാക്കല്ലിൽ അഴക പിടിച്ചുകൊണ്ടിരുന്നു. കണവയിൽ ഇരപിടിച്ചുകൊണ്ടിരുന്ന അഴക വെള്ളം തെളിവായ പ്പോൾ അഞ്ചാളയെ പിടിക്കുവാൻ തുടങ്ങി. ഞാൻ ചെറിയൊരു കടലഞ്ചാള ചൂണ്ടയിൽ കൊരുത്ത് അടിത്തട്ടിൽ വിട്ടിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ ഒരു വലിയ മീൻ വന്ന് അഞ്ചാളയെ പിടിച്ചു. എനിക്ക് സന്തോഷമായി. അരമണിക്കൂറോളം

> അടിത്തട്ടിൽ നിന്ന് ബലം പ്രയോഗിച്ച രക്ഷപ്പെടാൻ പരാക്രമം കാണിക്കുന്ന മീൻ അഴകയായിരിക്കുമെന്ന കരുതി. വലിയൊരു മൽപ്പിടുത്തത്തിന് ശേഷം പരാക്രമിയെ പരാജയപ്പെടുത്തി ജലത്തിന മുകളിൽ കൊണ്ടുവന്നു. ഞെട്ടിപ്പോയി ഞാൻ. പുള്ളിപ്പുലിയുടെ സൗന്ദര്യമുള്ള അഞ്ചാള (ആൻഡ്രൂസ്, 2006: 56).

കടലിലെ മത്സരസ്വഭാവത്തിലുള്ള മീൻപിടിത്തത്തിലും മീനിനെ പിന്തുടരുന്നതിന്റെ വാങ്മയങ്ങളിലും സാഹസികത ഒരു ഗുണമായി ഈ പ്രതിപാദ്യത്തിൽ സ്ഥാനം നേടുന്നു. തൊഴിലിന്റേതായ ശരീരപരമായ കാഠിന്യത്തിൽനിന്ന് രൂപംകൊള്ളുന്ന വീരത്തത്തിന്റെ വികാരാവിഷ്കാരങ്ങളിലാണ് അവ ശ്രദ്ധേയമാകുന്നത്. മനുഷ്യ/മനുഷ്യേതര ബന്ധങ്ങൾ, സമരകഥകൾ, വർത്തമാനപ്രതിസന്ധികൾ എന്നിവയിലെല്ലാം ശരീരക്ലേ ശങ്ങളെ പുരുഷത്വത്തിന്റെ ഗുണങ്ങളായി ഇണക്കിച്ചേർത്തുകൊണ്ട് ആൻഡ്രൂസ് രചനകളിൽ ഉപയോഗിക്കുന്നു. മത്സ്യബന്ധനവിഭാഗങ്ങൾക്കിടയിൽ തൊഴിൽപരമായ വൈദഗ്ധ്യവും ശേഷിയുമുള്ള ചൂണ്ടപ്പണിക്കാർ എന്ന നിലയിലുള്ള ആത്മാഭിമാനബോധവും ഈ വീരസദാചാരകർതൃത്വങ്ങളിൽ വാഴുന്നുണ്ടെന്ന് പറയാം. ആധുനിക മത്സ്യത്തൊഴിലാളി സ്വത്വചരിത്രത്തിൽ തങ്ങളുടെ വംശപരമ്പരയെ പ്രതിഷ്ഠിക്കുകയെന്ന താൽപ്പര്യവും ഇതിലടങ്ങിയിട്ടുണ്ട്. തങ്ങളുടെ സമുദായത്തിന്റെയും തൊഴിൽവിഭാഗത്തിന്റെയും ഒരു വീരചരിത്രം നിർമ്മിക്കുന്ന മട്ടിലാണ് പരമ്പരാഗതരംഗത്തിന്റെ സാഹസിക ഭാവനകളെയും ശക്തി പ്രകടനങ്ങളെയും ആൻഡ്രൂസ് അവതരിപ്പിക്കുന്നത്. ഇതേ ശൈലിയിലല്ല പനിപ്പിള്ളയുടെ രചനകളിൽ സാഹസികത സ്ഥാനം നേടുന്നത്. മത്സ്യത്തൊഴിലാളിയുടെ 'കീഴാളകർതൃത്വത്തെ പ്രതിഫലിപ്പിക്കുന്ന ആഖ്യാന നിർമ്മിതിയായിട്ടാണ്. മത്സ്യത്തൊഴിലാളികൾ എന്നതിവിടെ എല്ലാ വിഭാഗത്തെയും ഉൾക്കൊള്ളുന്ന ശരീരവ്യക്തിത്വമാണ്. ചരിത്രം, സാങ്കേതികത, ശാസ്ത്രം, പൊതുഭാവന എന്നിവയെ അഭിമുഖീകരിക്കുന്ന പ്രവൃത്തിമേഖലയുടെ അടിസ്ഥാനഭാവമായിട്ടാണ് സാഹസികതയെ പനിപ്പിള്ള വിശദീകരിക്കുന്നത്. പാരിൽ മീൻപിടിച്ച് ജീവിച്ച, കപ്പൽപ്പാരിന്റെ കണ്ടുപിടിത്തം നടത്തിയ മത്സ്യത്തൊഴിലാളിയായ തോമസിനെ തേടി പനിപ്പിള്ള എത്തുന്ന രംഗം *കടലനുഭവങ്ങളും നേരറിവുകളിലും* വിവരിക്കുന്നുണ്ട്. ആ സന്ദർഭത്തിലെ അദ്ദേഹവുമായുള്ള സംഭാഷണം ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത് :

ഞാൻ കൈക്കൂപ്പി വണങ്ങി. എന്റെ വരവിന്റെ ഉദ്ദേശ്യം അലക്സ് അയാളെ പറഞ്ഞു മനസിലാക്കി. അലക്സിനോട് അയാൾ കമലണ്ണന്റെയും മറ്റും സുഖവിവരങ്ങൾ തിരക്കി. മക്കളുടെ നിർബന്ധ പ്രകാരം കഴിഞ്ഞ പത്തുവർഷത്തോളമായി കടൽത്തൊഴിലിൽ നിന്ന് വിട്ടുനില്ക്കുകയാണ് തോമസ്. അതിനാൽ തന്നെപ്പോലെ സാഹസികരായ കടൽക്കൂട്ടുകാരെ കണ്ടിട്ട് ഒത്തിരി നാളായെന്ന പരിഭവം അയ്യാളുടെ മുഖത്തു കാണാം (പനിപ്പിള, 2018 : 66).

ഇവിടെ 'സാഹസികരായ കടൽക്കൂട്ടുകാർ' എന്ന പ്രയോഗം പരമ്പരാഗത രംഗത്തെ പ്രഖ്യാപിക്കുന്ന ഒന്നാണെങ്കിലും രചനയുടെ തുടക്കത്തിൽ പനിപ്പിള്ള സൂചിപ്പിച്ചിരുന്ന 'സാഹസികജീവിതത്തിന്റെ' കഥാലോകത്തിലേക്ക് (Fictional world) ശബ്ദം നൽകുന്ന വാക്കുകളാണിത്. 'സാഹസികജീവിതം', 'അവർ ഏർപ്പെടുന്ന സാഹസികമായ തൊഴിലിന്റെ പ്രത്യേകത' എന്നീ പ്രയോഗങ്ങൾ സവിശേഷമായ രീതിയിൽ പൊതുഭാവന അപരമാക്കിയ ഒരു പുതു മത്സ്യത്തൊഴിലാളിസ്വത്വത്തിൽ നിലയുറപ്പിച്ചിട്ടുള്ളതാണ്. മുകളിൽ സൂചിപ്പിച്ച വിവിധ ഘടകങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് തൊഴിലാളികളുടേതായ ഇത്തരം മൂല്യവ്യവസ്ഥകളെയും ആദർശങ്ങളെയും രൂപീകരിക്കുന്നത്.

അച്ഛൻ നാട്ടിൽ ഏറ്റവും പേരെടുത്തത് മീൻപിടിത്തത്തിലെ മികവുകൊണ്ടാണ്. കടലോരങ്ങളിലെ ക്ഷാമകാലത്തുപോലും കടലിന്റെ ഏതെങ്കിലും കോണിൽ പോയി അച്ഛൻ അത്യാവശ്യ മീനുമായി തിരികെയെത്തും (പനിപ്പിള്ള, 2018 : 37).

ഇങ്ങനെ കടലിൽ നേരിടുന്ന പ്രകൃതിപ്രതിഭാസങ്ങൾക്കുള്ള പ്രതികരണമായി തൊഴിലിന്റെ സമയക്രമത്തിലും രീതിയിലും മുന്നേറുന്ന അധ്വാനഗുണങ്ങളെ ഇവിടെ വിവരിച്ചിരിക്കുന്നു. തൊഴിലിനെ സംബന്ധിച്ച ഈ അടിസ്ഥാന സവിശേഷതകൾ സാഹസികതയിലാണ് വിശേഷണങ്ങൾ നേടുന്നത്. തൊഴിലിന്റെയും പ്രദേശത്തിന്റെയും സ്വാതന്ത്ര്യവും ലിംഗപരമായ പരമാധികാരത്വവും പ്രകടിപ്പിക്കുന്ന രൂപമായി സാഹസികത സവിശേഷതയാർജിക്കുന്നത് പനിപ്പിള്ളയുടെ അച്ഛന്റെയും സഹോദരന്റെയും കടലിലെ പാരുകൾ തേടിയുള്ള യാത്രയും ശീതസമരങ്ങളും വിവരിക്കുന്ന ഭാഗങ്ങളിലാണ്.

ഒരു ദിവസം ഒരു സാഹസികശ്രമത്തിനൊടുവിൽ അച്ഛൻ അത് കണ്ടുപിടിച്ചു. ആരോഗ്യം പീരുസന്തതിയുടെ സാമ്രാജ്യം ആയിരുന്ന ചെറുമങ്കര് പാരിൽ അച്ഛൻ കയറിപ്പറ്റിയത് എങ്ങനെ എന്നറിയാൻ എനിക്ക് കഴിഞ്ഞത് അച്ഛന്റെ മരണശേഷം ആണ് (പനിപ്പിള്ള, 2018 : 45).

പീരുസന്തതിയും ഇദ്ദേഹത്തിന്റെ പിതാവും തമ്മിൽ നടന്ന പോരാട്ടത്തെ പ്രതിഫലിപ്പിച്ചുകൊണ്ടാണ് സാഹസികത എന്ന പദം ഇവിടെ സ്ഥാനം പിടി ക്കുന്നത്. മീൻപിടിക്കുന്നതിലും ചെറുമങ്കരപ്പാരിന്റെ ഉടമസ്ഥതയെ സംബന്ധിച്ച ഇരുവരുടെയും തർക്കങ്ങൾ പരമ്പരാഗതരംഗത്തിന്റെ ജീവിതത്തെ പൗരുഷ പരമായ വീരത്തത്തിൽ ചിത്രീകരിക്കുന്നതിന്റെ ഉദാഹരണങ്ങളാണ്. പാരിന്റെ ചിത്രമെടുക്കാനുള്ള യാത്രയെ അദ്ദേഹം വിവരിക്കുന്നതിങ്ങനെയാണ്:

ഞാനവരുടെ മുഖത്തേക്കു നോക്കി. കൊടുമുടികൾ ചവിട്ടിക്കയറുന്ന സാഹസികരുടെ ഇച്ഛാശക്തിക്കു മുന്നിൽ ഉയരങ്ങൾ കീഴടക്കും പോലെ ബീമയുടെയും ശ്രീനിയുടെയും മനസിൽ ആഴങ്ങൾ കീഴടക്കാനുള്ള അടങ്ങാത്ത ആസക്തി, അതു ഞാൻ ആ മുഖങ്ങളിൽനിന്ന് വായിച്ചെടുത്തു (പനിപ്പിള്ള, 2018 : 86).

ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളുടെ തുടക്കത്തിൽ അച്ഛൻ വിവാഹിതനായി വലിയതുറയിലെത്തുമ്പോൾ അന്ന് അവിടത്തെ മീൻപിടിത്തക്കാർക്കിടയിൽ മുടിചൂടാമന്നനായിരുന്നു ആരോഗ്യം പീരുസന്തതി. കടലിലെ പാരുകളായ പാരുകളെല്ലാം അദ്ദേഹത്തിന് സ്വന്തമെന്നു പറയാവുന്ന കാലം. നാട്ടിൽ പാരുകളുടെ സ്ഥാനം കൃത്യമായി അറിയുന്ന ചുരുക്കം ചിലരിൽ പ്രധാനി. ഇക്കാര്യത്തിൽ അന്ന് ഉണ്ടായിരുന്ന മറ്റുള്ളവർ ആരോഗ്യം പീരുസന്തതിക്ക് ശിഷ്യപ്പെട്ടവർകൂടിയാണ് (പനിപ്പിള്ള, 2018 : 40).

ഈ രണ്ടുപേർ തമ്മിലുള്ള പാരുകളിലെ മത്സരത്തിന്റെ കഥ ആകർഷക മാക്കിത്തീർക്കുന്നത് സാഹസികതയുടെ ആശയങ്ങൾ, സംഭവങ്ങൾ, ഓർമ്മകൾ ഇവയെല്ലാം

കോർത്തിണക്കിക്കൊണ്ടാണ്. തൊഴിൽജീവിതത്തിലെ ഉദ്വേഗവും സംഘർഷവും നിറഞ്ഞ കഥ സഹോദരനായ കമലപ്പനോട് അച്ഛൻ പങ്കുവെച്ച താണ് എന്ന നിലയിലാണ് പനിപ്പിള്ള അനുഭവങ്ങൾ വിവരിച്ചിരിക്കുന്നത്. ചെറുമങ്കരപ്പാരിനെക്കുറിച്ച് അറിയാവുന്ന ഒരേ ഒരാൾ ആരോഗ്യം പീരുസന്തതി യാണ്. ഈ പാര് അദ്ദേഹത്തിന്റെ കുടുംബത്തിന്റേത് മാത്രമായി വെളിപ്പെടു ത്താതെ സംരക്ഷിച്ചുപോരുന്നതിലൂടെയും പനിപ്പിള്ള അന്നാട്ടിൽ അവതരിപ്പിച്ച കൃത്രിമപാരിന്റെ കണ്ടുപിടിത്തത്തിലൂടെയും വളർന്നു വികസിക്കുന്ന ഉദ്വേഗത്തി ന്റെയും സാഹസികതയുടെയും റോളുകൾ സന്ദർഭമനുസരിച്ച് ആഖ്യാതാവായ കമലപ്പൻ, പനിപ്പിള്ള, ആരോഗ്യം പീരുസന്തതി എന്നിവരിലേക്ക് മാറിമാറി സഞ്ചരിക്കുന്നു.

> ഈ പാരിന്റെ സ്ഥാനം മാത്രം ഇനിയും അച്ഛനു് അറിയില്ല. ആരോഗ്യം പീരുസന്തതിക്കും അദ്ദേഹത്തിന് വേണ്ടപ്പെട്ട ചിലർക്കും മാത്രമേ ചെറുമങ്കരപാരിന്റെ സ്ഥാനം അറിയൂ. കൃത്രിമ ഇരയുടെ കണ്ടുപിടിത്തം പീരുസന്തതിയെയും അച്ഛനെയും അതിനോടകം രണ്ടു തട്ടിലാക്കി. അതിനാൽത്തന്നെ ആരോഗ്യം പീരുസന്തതി ഒരു കാര്യം തീരുമാനിച്ചുറപ്പിച്ചു. ഒരുകാരണവശാലും ചെറുമങ്കരസ്ഥാനം അച്ഛൻ അറിയാൻ പാടില്ല. അങ്ങനെയായാൽ ഇരയില്ലാത്തപ്പോഴും അയാൾ അവിടെ കൃത്രിമ ഇരവിട്ട് മീൻപിടിക്കും. പിന്നെ ഈ തെരവിയ കല്ലിൽനിന്ന് മത്സ്യങ്ങൾ മറ്റെവിടെയെങ്കിലും പോയി മറയും. ഇതായിരിക്കാം ആരോഗ്യം സന്തതിയുടെ നല്ല മനസ്സിൽ തോന്നിയത്. അദ്ദേഹം അദ്ദേഹത്തിനു വേണ്ടപ്പെട്ടവരോട് എല്ലാം ചട്ടം കെട്ടി, എന്തുവിലകൊടുത്തും പനിപ്പിള്ള പാരിൽ വരുന്നത് തടയണം (പനിപ്പിള്ള, 2018 : 43).

> അങ്ങനെയിരിക്കെ ഒരു ദിവസം അച്ഛൻ പറഞ്ഞു, നമുക്ക് എങ്ങനെയും ആ പാര് കണ്ടുപിടിക്കണം. നീ കൂടെ വരുന്നുണ്ടോ? ഞാനൊരു കാര്യം തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്. ഈ പ്രാവശ്യം ആ പാര് കണ്ടുപിടിക്കാതെ ഞാൻ കരയ്ക്കു വരില്ല (പനിപ്പിള്ള, 2018 : 46).

> അന്നു രാത്രിയോടെ ഞങ്ങൾ കരുതിയിരുന്ന ഭക്ഷണവും വെള്ളവും ഏറെക്കുറേ തീർന്നു. ആ രാത്രിയിൽ എന്നോട് ഉറങ്ങാൻ പറഞ്ഞ് അച്ഛൻ ഉറക്കമിളച്ചിരുന്നു (പനിപ്പിള്ള, 2018 : 46).

പനിപ്പിള്ളയുടെ പിതാവ് താൻ പണിയെടുക്കുന്ന പാരുകൾ മറ്റുള്ളവർ കണ്ടെത്താതിരിക്കാനായി നടത്തുന്ന പരിശ്രമങ്ങളാണ് ഇവിടെ കാണുന്നത്. മറ്റൊന്ന് പുതിയ പാരുകൾ ഉള്ള ഇടങ്ങൾ കണ്ടെത്താനുള്ള യാത്രയും. കടലിലെ ദിവസങ്ങളായുള്ള കാത്തിരിപ്പ്, അർധരാത്രിയിൽ യുദ്ധസമാനമായ രീതിയിൽ പാരിനെ കണ്ടുപിടിക്കൽ, ഒത്തുതീർപ്പിന്റെ സാഹചര്യങ്ങൾ തുടങ്ങിയവ ആക്രമണം, സാഹസികത എന്നിവയുടെ മാനങ്ങൾ ഈ സംഭവങ്ങൾക്ക് നൽകാനിടയാക്കുന്നു. ഇത് ഈ അധ്യായഭാഗങ്ങളിലെ പാരിനെത്തേടിയുള്ള വിവരണങ്ങളിലെ ജീവിതകഥയുടെ പ്രതീകാത്മക സ്വാധീനം വർധിപ്പിക്കുകയും അതിന്റെ കാതലായി നിൽക്കുന്ന കടലിലെ സാഹസികമായ പോരാട്ടത്തെ നാടകീയമാക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഈ കഥകൾക്ക് കുടുംബങ്ങൾ, പിതൃത്വം, ലിംഗഭേദം, വർഗം എന്നീ അനുഭവങ്ങൾ നിർണായകമായിട്ടുണ്ടെന്നും കാണാം. കത്തോലിക്കാവിഭാഗത്തിലെ മീൻപിടിത്തക്കാരായി അറിയപ്പെടുന്ന ലത്തീൻ കത്തോലിക്കാ ജീവിതത്തിന്റെ സാമൂഹികപദവിയും മുഖ്യധാരാ- ഹിന്ദുകാർഷിക അധികാരശക്തിയുടെ അരികിൽ നിൽക്കുന്നവർ എന്ന നിലയും പ്രാദേശിക-സാമൂഹിക-രാഷ്ട്രീയ ബന്ധങ്ങളും നിർണായകമാവുന്ന ഒരു ഘട്ടം കൂടിയാണിത്. പുരുഷൻമാരുടെയിടയിലെ പാരുകളെത്തേടിയുള്ള യാത്രയും സംഘടിതനീക്കങ്ങളും പ്രദേശപരവും കുടുംബപരവുമായ അധീശത്വം എന്ന വസ്തുതയെ പ്രദർശിപ്പിക്കുന്നു. ‘ശീതസമരം’, ‘കടലിലെ സത്യാഗ്രഹം’, ‘കൈ വിരൽത്തുമ്പിൽ കണ്ണുള്ളവർ’ എന്നീ അധ്യായങ്ങളിലൂടെയാണ് പാരുകളുടെ സാംസ്കാരിക പ്രാധാന്യത്തെ ക്രോഡീകരിക്കുകയും സാഹസികനിമിഷങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നത്.

സാഹസികത എന്നത് അപകടസാധ്യത ദൃശ്യവൽക്കരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗമാണ്. ചില അപ്രതീക്ഷിത കടലേറ്റങ്ങൾ ദുര്യോഗമായോ അതിനെ മറികടക്കുകയെന്ന പ്രവൃത്തി കടൽപരിചയത്തിന്റെ വെല്ലുവിളിയായോ അവതരിപ്പിക്കപ്പെടുന്നത് ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും രചനകളിൽ പൊതുവായി കടന്നുവരുന്നുണ്ട്. അവ

സാഹസികമോ മറ്റ് അർഥങ്ങളോ നേടുന്നത് അതത് പ്രകരണത്തിനനുസരിച്ചാണ്. ആൻഡ്രൂസിന്റെ രചനയായ *കടൽമുത്തിലെ* ചില ഭാഗങ്ങൾ ഉദാഹരണമാണ്.

> കരയിലേക്ക് ക്ഷീണിച്ച തളർന്നു ഞാൻ എത്തിയപ്പോൾ വികാരംകൊണ്ട് ഞാൻ അറിയാതെ കരഞ്ഞു. കാരണം കടൽ പ്പുറത്ത് മണൽത്തിട്ടയിൽ എന്റെ അമ്മ ഇരുകൈകളും തലയിൽവച്ച് പേരറിയുന്ന എല്ലാ പുണ്യവാളന്മാരെയും വിളിച്ച് എന്റെ മകനെ ഒരു ആപത്തും ഇല്ലാതെ കൊണ്ട് തരണമെന്ന് നിലവിളിക്കുന്നു ണ്ടായിരുന്നു. എന്നെ കണ്ടതും അമ്മ ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ച് വീണ്ടും നിലവിളിച്ചു. ഞാൻ അമ്മയുടെ കൈകളിലേക്ക് തളർന്നു വീണു (ആൻഡ്രൂസ്, 2002: 78).

*കടൽമുത്തിലെ* 'കരമടി' എന്ന അധ്യായത്തിൽ പുതിയ സാഹചര്യത്തിലെ തൊഴിൽരീതിയുടെ കാഠിന്യം വിവരിച്ചുകൊണ്ട് അപകടത്തെ തുടർന്നുണ്ടായ വികാരവിക്ഷോഭങ്ങൾ വിവരിക്കുന്നു. കടലിൽ ഉണ്ടായ അപകടത്തിൽ രക്ഷപ്പെട്ട് തിരിച്ചെത്തിയപ്പോൾ ഉണ്ടായ രംഗങ്ങളാണിത്. 'മത്സ്യത്തൊഴിലാളിക്കൊപ്പം മരണം മാത്രം' എന്ന അധ്യായത്തിൽ പ്രതികൂലകാലാവസ്ഥയോടുള്ള കടലിലെ ഇടപെടൽ നിഗൂഢവും സങ്കീർണവുമായ സാഹചര്യമാണെന്ന് കരുതപ്പെടുന്ന ഘട്ടങ്ങളിലേക്ക് പ്രവേശിക്കുന്നുണ്ട്. കേവലം ശക്തിപ്രകടനമെന്നതിനപ്പുറം പ്രകൃതിപ്രതിഭാസങ്ങളുടെ അനിർവചനീയതയും അപകടങ്ങളും പ്രവർത്തിക്കുന്ന തിന്റെ നിർദയാവസ്ഥ ഇത് കാണിക്കുന്നു.

> കോടിക്കല്ലിനും വട്ടക്കല്ലിനും മധ്യത്തിൽക്കൂടിയുള്ള ഈ മടയിൽ കൂടിയായിരുന്നു തിരികെ പോകുന്നതിനുള്ള വഴിയും. വെളുപ്പിന് നാലുമണി കഴിഞ്ഞ് തങ്കശ്ശേരി, വാടി എന്നിവിടങ്ങളിൽനിന്ന് വള്ളം ഇറക്കി കോവളം വഴി വരേണ്ടതായിരുന്നു. തിരമാലകൾ ശക്തി പ്പെട്ടിരുന്നതിനാൽ വള്ളങ്ങൾ വട്ടക്കല്ലിന് തെക്കുവശംകൂടി ഉള്ളിലേക്ക് പോയിക്കൊണ്ടിരുന്നു. നേരം വെളുക്കുംതോറും നാലുവശവും തിരമാലകളുടെ പതക്കെട്ടായിരുന്നു. പല പ്രാവശ്യം മുക്കാൽ തോണി വെള്ളമാകും. മരണം മുന്നിൽ കണ്ടു. എന്തും സംഭവിക്കാം. ഞാനും ഒരുങ്ങി. മത്സ്യത്തൊഴിലാളിയുടെ അവസാന

അവസ്ഥയായി. ഒരു മത്സ്യത്തൊഴിലാളിയുടെ ജീവിതം ഇവിടെവരെ മാത്രം. ഞാൻ ചൂണ്ട ചുറ്റിയെടുത്തു (ആൻഡ്രൂസ്, 2002: 107).

ഈ സന്ദർഭത്തിൽ കടൽപരിചയവും കടൽ കീഴടക്കുന്ന ആത്മബലവും (ഞാനും ഒരുങ്ങി) പ്രവർത്തനരഹിതമായ ശക്തിയും (ഒരു മത്സ്യത്തൊഴിലാളിയുടെ ജീവിതം ഇവിടെവരെ മാത്രം) ഒരു പ്രത്യേക നിമിഷത്തെ അനിവാര്യമാക്കുന്നു. അവതരിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളിശരീരങ്ങളുടെ മേൽപ്പറഞ്ഞ ശക്തിയും വീറും മാറിക്കൊണ്ടിരിക്കുന്നു. ഓർമ്മകൾ സംഘടിപ്പിക്കുന്നതിൽ കടലിനെ കീഴ്പ്പെട്ട് നിൽക്കുന്ന, അതിനെ വെല്ലുന്നതുമായ ശരീരത്തിന്റെ വ്യവസ്ഥയും സങ്കീർണതയും ഇവിടെ പ്രകടമാണ്. സാഹസികത ഉയർന്നുവരുന്നത് പുരുഷവീര്യത്തിന്റെ പ്രകടനമെന്ന നിലയിലല്ലാതെ സംഘർഷങ്ങളുടെ ശിഥിലമായ ബന്ധങ്ങളുടെ വലയത്തിൽ ബന്ധപ്പെടുത്തി കാണാനും ആൻഡ്രൂസ് ശ്രമിക്കുന്നു. പുരുഷവ്യക്തിത്വശരീരങ്ങളുടെ ലിംഗനിഷ്ഠമായ കരുത്തിന്റെയും ധൈര്യത്തിന്റെയും തുടർച്ചയിൽനിന്ന് അവ പിന്തിരിയുന്നു. അതിൽ സ്ഥിരത സങ്കല്പിക്കുമ്പോഴും അസാധ്യമാണെന്ന് കാണിക്കുന്നു. കാരണം കാലാവസ്ഥാ ചുറ്റുപാടുകൾക്കനുസൃതമായിട്ടാണ് പരമ്പരാഗതരംഗത്തിന്റെ തൊഴിൽരീതികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കടലിന് ഇവിടെ അസ്ഥിരമായ അതിരുകളും പൊരുത്തക്കേടുകളും ഉള്ള പരിവർത്തന ആഘാതങ്ങളെ വഹിക്കുന്ന സമൂർത്തരൂപവും നൽകുന്നു. കടലിന്റെ അസ്ഥിരത ഇവിടെ ശരീരസ്ഥമായ മത്സ്യത്തൊഴിലാളികർതൃത്വ സങ്കല്പത്തിലാണ് നെയ്തെടുക്കുന്നത്. ഇവിടെ സങ്കല്പിക്കുന്ന തൊഴിലാളിത്തം എന്നത് ഇങ്ങനെ പല ഇടപെടലുകൾക്കും മധ്യേ ആണെന്നത് ഉത്കണ്ഠയും പോരാട്ടവും ആഖ്യാനത്തിൽ വികസിപ്പിക്കുന്നതിനിടയാക്കുന്നു.

മറ്റൊന്ന് തീരദേശത്തിന്റെ വർത്തമാനസാഹചര്യം വിവരിക്കുന്ന വേളയിൽ ഇന്നത്തെ അധ്വാനപ്രതിസന്ധിയെ കുറിക്കുന്നതിന്റെ കാരണങ്ങളും ചോദ്യങ്ങളും കടന്നുവരുന്നതാണ്. ഈ ഇടങ്ങളിൽ സാമൂഹികാന്തരീക്ഷമായി, കഠിനമായ മീൻപിടിത്ത സാഹചര്യങ്ങളുടെ ചിത്രീകരണങ്ങൾ സാഹസികതയെ പുനരാവിഷ്കരിക്കാൻ ഇടയാക്കുന്നു.

> തീരത്തോടടുത്ത പാറക്കൂട്ടങ്ങളിലെ സ്ഥിരതാമസക്കാരായിരുന്ന മൂരയെ വളരെ അപൂർവമായിട്ടാണ് കാണുന്നത്. എന്താണിതിനു കാരണം? (ആൻഡ്രൂസ്, 2002: 40).

മോദയോടൊപ്പം ഇപ്പോൾ പിടിച്ചിരിക്കുന്ന മീനം കിട്ടിയിരുന്നെങ്കിൽ എന്നു ഞാനാശിച്ചു. കഴിഞ്ഞ ദിവസങ്ങളിലെ പട്ടിണിയും വിശപ്പും ഞാനോർത്തു (ആൻഡ്രൂസ്, 2002: 62).

മനുഷ്യേതര ജന്തുജാലങ്ങളുടെ ശേഷികൾ, അവയെ കീഴടക്കുന്ന തൊഴിലാളി വൈദഗ്ധ്യം എന്നിവയുടെ സംഘർഷങ്ങൾ ദൃശ്യമാകുന്ന ഉദാഹരണങ്ങളിൽ ചിലതാണ് മുകളിൽ കൊടുത്തിരിക്കുന്നത്. 'കല്ലു കടിയൻ സ്രാവ്' എന്ന അധ്യായം ഈ മീനിനെ പിടിക്കുന്നതിന്റെ വിവരണമാണ്. സാഹസികമായി മത്സ്യബന്ധന ത്തിലേർപ്പെടേണ്ടി വരുന്നത് മത്സ്യമേഖലയിലെ മാറ്റങ്ങൾ മൂലമോ കടലിൽ സംഭവിച്ച സംഘർഷങ്ങൾ മൂലമോ ദാരിദ്ര്യപ്രശ്നങ്ങൾ മൂലമോ ആണെന്നാണ് ആൻഡ്രൂസ് മറ്റു ചില സ്ഥലങ്ങളിൽ പറയാൻ ശ്രമിച്ചത്. അധ്യായത്തിന്റെ പേരുകളിലെ മുദ്രാവാക്യസ്വരങ്ങൾ, പ്രസ്താവനകൾ എന്നിവ ഇത് വ്യക്തമാക്കുന്നു. സ്രാവ് വിഴുങ്ങിയ ദേവൻ, ഔട്ട് ബോർഡ് എഞ്ചിൻ എന്ന കുരിശ് (*കടൽമുത്ത്: ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ*), പിച്ചച്ചട്ടിയിൽ കയ്യിടരുത്, തൊഴിലാളി ദിനത്തിൽ തളരുന്ന തൊഴിലാളികൾ (*എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ*) എന്നിവ ഉദാഹരണങ്ങളാണ്. ദൈന്യത്തിന്റെയും അസാമാന്യ കഴിവിന്റെയും ഇടയിൽ നിൽക്കുന്ന ഈ സാഹസികതയുടെ അവകാശവാദങ്ങൾ ഈ പ്രതിബന്ധങ്ങളോട് ഇവിടെ ഐക്യപ്പെടുന്നു. കടലിലെ പ്രതികൂല കാലാവസ്ഥകൾ തരണംചെയ്യുന്ന പ്രവൃത്തികളിലെ സാഹസികതയുടെ സാമാന്യമായ വ്യത്യാസങ്ങൾ ഇങ്ങനെ പ്രതിപാദിക്കപ്പെടുന്നു. മറുവശത്ത് ഭരണകൂടം നശിപ്പിച്ച ജീവിതാവസ്ഥകളെന്ന ഏകപക്ഷീയമായ യുക്തിയെ അനിവാര്യമാക്കുന്ന രൂപകമാവുന്നു ആൻഡ്രൂസിന്റെ രചനകളിൽ സാഹസികത. പനിപ്പിള്ളയുടെ രചനയിൽ സാഹസികത മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലുണ്ടെന്ന് വിശ്വസിക്കുന്ന തിന്റെയടിസ്ഥാനം പൊതുഭാവനയോടുള്ള പ്രതിരോധത്തെ ഉൾക്കൊള്ളുന്ന താണെന്ന് വ്യക്തമാക്കുന്നു. ഈ സന്ദർഭത്തിൽ സാഹസികത പ്രതിരോധത്തെ കണ്ടെത്തുന്ന രാഷ്ട്രീയമായി പനിപ്പിള്ള ഉയർത്തുന്നു. ഇവിടെ ശരീരം എന്താകുന്നുവെന്നും എന്തിനെ അനുസരിക്കുന്നുവെന്നതും ശ്രദ്ധിക്കുമ്പോൾ സാഹസികത വഹിക്കുന്ന അച്ചടക്കമുള്ള ശരീരമെന്ന നിലയ്ക്കുകൂടി തൊഴിലാളി തന്മകളെ രചനകൾ പ്രതിഫലിപ്പിക്കുന്നു.

## 5.2 സാംസ്കാരികരൂപകം

പരമ്പരാഗതമത്സ്യബന്ധനരീതിയുടെ സവിശേഷമായ സ്വഭാവങ്ങളും ഗുണങ്ങളും സാഹസികതയുടെ ചിത്രീകരണത്തെ പ്രാധാന്യമുള്ളതാക്കുന്നു. 'ചൂണ്ടപ്പണി' അത്തരത്തിൽ അറിവും നൈപുണിയും മറ്റു രംഗത്തേക്കാൾ കൂടുതൽ വിനിയോഗിക്കുന്ന തൊഴിൽരീതിയാണ്. മത്സ്യബന്ധനരംഗത്തിന്റെ തൊഴിൽ പദവിയെ സാംസ്കാരികവും സാമൂഹികവുമായി ഉയർത്തുന്നതും അതിന്റെ നെടുംതൂണായി നിൽക്കുന്നതും ചൂണ്ടപ്പണിയാണ് എന്ന് കൽപ്പനാ റാം അഭിപ്രായ പ്പെടുന്നുണ്ട് (1991: 53). കെട്ടുമരം (*Kattumaram*) പോലെയുള്ള ഉപകരണങ്ങളിൽ പോയി വലിയ മത്സ്യങ്ങളെ ചൂണ്ടയിട്ടുപിടിക്കുന്നത് സാഹിത്യകൃതികളിലും മറ്റു മാധ്യമങ്ങളിലും സർവസാധാരണമായ ഒരു ഭാവനയാണ്. അതുകൊണ്ടുതന്നെ വലിയ മത്സ്യങ്ങളോട് എതിരിടുന്ന മുക്കുവൻ എന്ന പൊതുവായ ഭാവനയുടെ സാംസ്കാരിക ഇടങ്ങളോട് ആഖ്യാനങ്ങളുടെ രൂപഭാവങ്ങൾ ഐക്യം പുലർത്തുന്നു. മത്സ്യത്തൊഴിലാളി പ്രതിഛായയെ സാഹസികതയുടെ ആഖ്യാനത്തിലൂടെ ചിത്രീ കരിക്കുന്നതിന്റെ പ്രധാന മിത്തിക്കൽ രൂപത്തിലുള്ള ഭാവനയാണ് ഏണസ്റ്റ് ഹെമ്മിങ് വേയുടെ കിഴവനും കടലും[1]. സാഹസികതയുടെ സാംസ്കാരിക ചട്ടമാകുന്ന ഈ ഭാവനാരൂപങ്ങൾ ഏതൊക്കെ ധാരണയിലാണ് കുടികൊള്ളുന്ന തെന്ന് പരിശോധിക്കേണ്ടതുണ്ട്. പ്രകൃതിപ്രതിഭാസങ്ങളോട് മല്ലിടുന്ന വ്യക്തിതൃഷ്ണയെ അടിസ്ഥാനപരമായി ഈ രൂപകങ്ങൾ പിന്തുണയ്ക്കുന്നു. മറ്റൊന്ന് പ്രത്യേക വൈദഗ്ധ്യവും ആക്രമണശേഷിയും പ്രത്യേക മത്സ്യത്തൊഴിലാളി ഗുണങ്ങളായി ഇതിലൂടെ പരിണമിക്കുന്നു. പരിചിതമായതും സാഹിത്യരീതി പ്രസ്താവിക്കുന്നതുവായ ഈ ഭാവന സാഹസികതയുടെ ആഖ്യാനയുക്തിയെ എളുപ്പമാക്കുന്നു. പുരുഷ തൊഴിലാളി ടൈപ്പ് എന്ന നിലയ്ക്ക് ഇത് തീരദേശത്തിന്റെ മത-സാമുദായിക തൊഴിലാളിതന്മയെ ചിത്രീകരിക്കുന്ന ഒരു പൊതുചിത്രമായി പരിവർത്തന അനുഭവാഖ്യാനങ്ങളിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ആൻഡ്രൂസിന്റെ ആദ്യരചനയുടെ അവതാരികാകാരൻ ഇങ്ങനെയാണ് തുടങ്ങുന്നത് :

> കടൽ ഒരു കഥയാണ്. ഒരിക്കലും പറഞ്ഞുതീരാത്ത കഥ. കടൽക്കഥ പറഞ്ഞു നമ്മെ അത്ഭുതപ്പെടുത്തിയവർ ഒരുപാടുണ്ട്. മെൽവിൻ, ഹെമിങ് വേ, മാർകേസ്. എന്നാൽ നമുക്കിടയിൽ കടലിന്റെ കഥ പറയാൻ ഒരാളുണ്ട്. അധികമാരുമറിയാത്ത ആൻഡ്രൂസ് (ആൻഡ്രൂസ്, 2002 : 9).

ആദ്യ പുസ്തകത്തിലെ ആമുഖപഠനങ്ങളിലെ കടൽകഥാകാരൻ പ്രയോഗവും ആൻഡ്രൂസിന്റെ തുടർന്നുള്ള എഴുത്തുകളിൽ പ്രത്യേകമായി ഇടംനേടുന്നുണ്ട്. രചയിതാവ് സാഹസികതയുടെ ആവിഷ്കാരത്തിൽ ഈ പാഠങ്ങളനുസരിച്ച് ഒരു പ്രത്യേക റിയലിസം വളർത്തിയെടുക്കുന്നതായി കണ്ടെത്താനാകും.

> ജോസഫ് തലയാളിയുടെ ചീത്തവിളി ഭയന്ന് ആവുന്നത്ര ശക്തിയായി തണ്ടുവലിച്ചു. പിറകിലെ തണ്ടുവലിക്കുന്ന ജോണിച്ചേട്ടൻ കണ്ണും പൂട്ടിയിരുന്ന് തണ്ടുവലിക്കുകയാണ്. തണ്ടുവലിയിൽ മത്സരക്കാര നായ ജോണിച്ചേട്ടൻ തണ്ട് ഒടിയുമാറ് ശക്തിയിലാണ് വലിക്കുന്നത്. ജോസഫ് തലയാളി പങ്കായം വള്ളത്തിന്റെ ഇരുവശത്തുമായി പരത്തി തുഴയുകയാണ്. കോടിക്കല്ല് മുതൽ മീൻ കരഞ്ഞ് ഓടുന്നു. മീൻപാടം പൊന്തിവലിക്കുന്ന വലക്കാരുടെ മുമ്പിൽ മറ്റ് വലക്കാർ വളഞ്ഞ് അവരുടെ വലയുടെ പുറത്താണ് നീട്ടുന്നത് (ആൻഡ്രൂസ്, 2002: 38 )

മീൻ കരഞ്ഞ് ഓടുന്നു, വലക്കാർ വളയുന്നു തുടങ്ങിയ ചിത്രങ്ങൾ ഇതിന്റെ സാഹസികമായ ഭാഷയെ കാണിക്കുന്നു. മത്സ്യബന്ധനരീതി പ്രതിപാദിക്കുന്ന ഭാഗത്താണ് ആഖ്യാനകാരന്റെ ഈ രീതിയിലുള്ള കഥപറച്ചിലിന്റെ സാന്നിധ്യം കാണാൻ സാധിക്കുന്നത്. കഥപറച്ചിലിൽ മത്സ്യബന്ധനപ്രവർത്തനത്തെ സന്നിവേശിപ്പിക്കുന്നതിൽ ലാവണ്യഘടകങ്ങളായി ഇത് ക്രിയാംശങ്ങളിൽ വരുന്നു. അപകടസമയത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, പ്രതിരോധശേഷികൾ എന്നിവ ക്രമീകരിക്കുന്നതിൽ സാഹസികാംശങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വരുന്നു. തൊഴിലാളിയും കടലും പ്രകൃതിപ്രതിഭാസങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകളുടെയും ചേർച്ചയുടെയും അടരുകളാണിവിടെ ആഖ്യാനത്തിന് അടിസ്ഥാനമാകുന്നത്. ഈ കൽപ്പനകൾക്ക് പുറമേ സാഹസികത യാത്രാരൂപകമായി പ്രത്യേകം ഇടമുണ്ടാക്കുന്നുമുണ്ട്. മീൻപിടിത്തത്തിന്റെ പ്രതിപാദനങ്ങൾ വിവരിക്കുന്നതിലെ ഭാഷയുടെ മുറുക്കം, അതോടൊപ്പം പദങ്ങൾ എന്നിവ പ്രകടനതലത്തിൽ പറഞ്ഞുവരുന്നു. മത്സരസ്വഭാവത്തിൽ പാരുകൾ തേടിയുള്ള തിരച്ചിലിലെ കഥാഖ്യാനസ്വഭാവങ്ങൾ പനിപ്പിള്ള അവതരിപ്പിക്കുന്നുണ്ട്. അതിന്റെ ചില ചിത്രങ്ങൾ ആൻഡ്രൂസും കാണിക്കുന്നു :

അവർ ഒരുമിച്ച് പായ് താഴ്ത്തിയതിനാൽ പാരാണെന്ന് ഞങ്ങൾ ഉറപ്പിച്ചു. പിന്നെ അവരെ ലക്ഷ്യമാക്കി നേരെ തുഴഞ്ഞു. ഇപ്പോൾ ഞങ്ങളും അവരും തമ്മിൽ കണ്ണെത്തുന്ന ദൂരമേ ഉള്ളൂ. അവരോട ടുക്കുംതോറും എന്റെ ആവേശം കൂടിക്കൂടി വന്നു. ആവുന്നത്ര ശക്തി യോടെ മരത്തിന്റെ ഇരുവശത്തേക്കും തുഴവ ആഴ്ഞ്ഞു വീശ്ശി (പനിപ്പിള്ള, 2018 : 51).

ഞങ്ങൾ മുപ്പതോളം തോണികൾ ഒന്നും കിട്ടാതെ കരയ്ക്കടുത്തപ്പോൾ അലക്സിനും സെബാസ്റ്റ്യനും ആയിരത്തോളം രൂപയ്ക്ക് വലിയ തെണ്ടയുണ്ടായിരുന്നു. ഏതു പാരിനാണ് ഈ മീൻ കിട്ടിയതെന്ന് മറ്റാർക്കും അറിയില്ല. കുറേദിവസം ഞങ്ങൾ മുപ്പതോളം തോണിക്കാർ അലക്സിനെയും സെബാസ്റ്റ്യനെയും നോക്കി തുഴഞ്ഞു. അർദ്ധരാത്രി കഴിയുമ്പോൾ ഒന്നും കിട്ടാതെ ഞങ്ങൾ കരയ് ക്കടുക്കും. പല പണിക്കാരും കല്ലു ചൂണ്ടപ്പണിക്ക് പോയിത്തുടങ്ങി. രാത്രിയുടെ നിഗൂഢതയിൽ ഏതോ പരമരഹസ്യമായ പാരിന് ദിവസവും തെണ്ടപിടിച്ചുകൊണ്ടിരിക്കുന്ന സെബാസ്റ്റ്യനെ പാരു വിദഗ്ധനായ ജോസഫ് ചേട്ടൻ കണ്ടുപിടിച്ചു. ഒന്നോ രണ്ടോ ദിവസം മുപ്പതോളം തോണിക്കാർ അവിടെ പണിയെടുത്തു കഴിഞ്ഞപ്പോൾ നിലാവിന്റെ തെളിച്ചം കുറഞ്ഞു വരുകയും പിന്നീടവിടെ അക്കൊല്ലം തെണ്ട കിട്ടാതാവുകയും ചെയ്തു (ആൻഡ്രൂസ്, 2002: 59).

അവിടെ ലക്ഷ്യമാക്കിയാണ് ഞങ്ങൾ അന്ന് പുറപ്പെട്ടത്. പൊളു തടയും മുമ്പേ ഞങ്ങൾ അവിടെയെത്തി. മട്ടിലെ ചൂണ്ടയിൽ ഇരകളൊക്കെ കോർത്ത് കണ്ണിരുട്ടിയ ശേഷം കടലിലേക്കു വിട്ടു (പനിപ്പിള്ള, 2018 : 69).

മീനിന്റെ വാസസ്ഥലങ്ങളും സഞ്ചാരങ്ങളും തേടി കടലിലെ അലച്ചിലാണ് വിശദാംശങ്ങളോടെ ആൻഡ്രൂസും പനിപ്പിള്ളയും വിവരിക്കുന്നത്. മീനിന്റെ സ്ഥാനങ്ങൾ കൃത്യമായി അറിയുന്നവരാണ് മത്സ്യത്തൊഴിലാളികൾ. അനായാസമായി മീൻപിടിത്തത്തിലേർപ്പെടുന്നതിനും നല്ല ലാഭം കിട്ടുന്നതിനും ഇപ്പറഞ്ഞ വൈദഗ്ധ്യം പ്രധാനമാണ്. മീൻപിടിത്തത്തിനായി ലക്ഷ്യസ്ഥാനങ്ങൾ തേടിയുള്ള സഞ്ചാരവും കടലിന്റെ പ്രകൃതിപ്രതിഭാസങ്ങളുടെ ഒഴിച്ചുകൂടാനാകാത്തതായ മാറ്റങ്ങളും നേരിടുകയെന്നത്

അതിന്റെതന്നെ പ്രത്യേകതയാണ്. ആൻഡ്രൂസിന്റെ കടൽവിവരണങ്ങളിലെ കഥകളും പദപ്രയോഗങ്ങളും ഇത്തരം യാത്രയുടെയും പ്രകൃതിപ്രതിഭാസങ്ങളുടെ വൈവിധ്യങ്ങളെ ഉറപ്പിക്കുന്നു.

സാഹസികതയെ തൊഴിലാളിഗുണമായി ചിത്രീകരിക്കുന്നതിനു പുറമേ കടലിന്റെ നിഗൂഢതയും വശ്യതയും വായനക്കാരിൽ ഉണ്ടാക്കിയേക്കാവുന്ന വ്യത്യസ്ത സംവേദനത്വത്തെയും രചനകൾ സങ്കല്പിക്കുന്നുണ്ട്. അദ്ഭുതങ്ങളുടെയും ഉദ്വേഗത്തിന്റെയും വീക്ഷണങ്ങൾ അവയെ നയിക്കുന്നു. 'കടലടിത്തട്ടിലെ മായക്കാഴ്ച്ചകൾ' എന്നാണ് കൃത്രിമപാരിന്റെ ചിത്രമെടുക്കാനുള്ള അന്വേഷണ ത്തിന് *കടലനുഭവങ്ങളും നേരറിവുകളും* എന്ന പുസ്തകത്തിലെ ഒരു അധ്യായത്തിന്റെ പേര്. പത്തുമീറ്റർ ആഴമുള്ള കടലിലെ പാരിന്റെ ചിത്രങ്ങൾ എടുക്കുന്നതോടൊപ്പം പനിപ്പിള്ള വൈവിധ്യമുള്ള കടൽക്കാഴ്ച്ചകളും സംസ്കാരങ്ങളും വികസിപ്പിക്കുന്നതിന്റെ ഉദ്ദേശ്യങ്ങൾ പങ്കുവെക്കുന്നുണ്ട്.

> കപ്പലിന്റെ ഡക്കിന് മുകളിൽ നിറയെ കൂട്ടത്തോടെ സഞ്ചരിക്കുന്ന കാക്ക ക്ലാത്തികൾ, അവ പലപ്പോഴും കപ്പലിന്റെ കാഴ്ചകളെ പോലും മറയ്ക്കുന്നു. അവയുടെ ഇടയിൽ നിരയായി നീങ്ങുന്ന ശലഭം മത്സ്യങ്ങൾ ഡക്കിന്റെ ഒരുഭാഗത്ത് കാഴ്ചയിൽ വെളുത്ത കമ്പികൾപോലെ തോന്നിക്കുന്ന പത്തിരുപത് Giant black coral whip ഇവ കടലിനൊഴുക്കിനനുസരിച്ച് ആടിയുലയുന്നു. മറ്റൊരു ഭാഗത്ത് കാണുന്ന കാഴ്ച അതിലേറെ വിസ്മയകരമാണ്. ഏതാണ്ട് മൂന്ന് നാല് അടി ഉയരമുള്ള കുറ്റിച്ചെടി പോലെ തോന്നിക്കുന്ന കടൽക്കാഴ്ചയിൽ വെളുത്ത നിറവും ഒട്ടേറെ ശിഖരങ്ങളും ഉള്ള ഹൈഡ്രോസിന്റെ വിഭാഗത്തിൽ വരുന്ന ഒന്ന് (പനിപ്പിള്ള, 2018 : 87).

അപൂർവമായ കടൽക്കാഴ്ചകൾ വിസ്മയകരമായ അനുഭവങ്ങളായിവിടെ വിവരിക്കുന്നു. പാരുകളെ അടയാളപ്പെടുത്താനുള്ള പനിപ്പിള്ളയുടെ വ്യക്തിപരമായ ശ്രമങ്ങൾക്കൊപ്പം അനുഭൂതിതലത്തിൽ അവ സങ്കല്പിക്കപ്പെടുന്നു. കാഴ്ചയുടെ സൗന്ദര്യസംസ്കാരത്തിലൂടെയാണ് സാഹസികത കടന്നുവരുന്നത്.

മീനിനെ പിന്തുടരുന്നതും പിടികൂടുന്നതുമായ വാങ്മയങ്ങളെ വേറിട്ടു നിർത്തുന്നത് സാഹസികതയുടെ സവിശേഷതകളാണ്. മീനുമായുള്ള ഏറ്റുമുട്ടൽ രംഗങ്ങൾ വിവരിക്കുന്ന ഭാഗങ്ങൾ യുദ്ധസമാനമായി ആക്രമണത്തിന്റെയും പ്രത്യാക്രമണത്തിന്റെയും സ്ഥിതി ഓർമ്മിപ്പിക്കുന്നതാണ്. പനിപ്പിള്ളയുടെ *കടല നുഭവങ്ങളും നേരറിവുകളും* എന്ന പുസ്തകത്തിലെ 'സ്രാവിന്റെ വായിൽനിന്ന് അദ്ഭുതകരമായ രക്ഷപ്പെടൽ' എന്ന അധ്യായത്തിൽ 'ആരെയെങ്കിലും കൊണ്ടേ പോകൂ എന്ന വാശിയിൽ അത് ഞങ്ങൾക്ക് ചുറ്റും വെകിളിയെടുത്ത് ഓടുകയാണ് ' എന്ന വിവരണം കാണാം. അതേ പുസ്തകത്തിലെ മറ്റൊരു ഉദാഹരണം കാലാവസ്ഥാ മുന്നറിയിപ്പ് ലഭിക്കാതിരുന്ന കാലഘട്ടത്തിൽ മുൻതലമുറയിൽപ്പെട്ടവരെ സൂചിപ്പിക്കുന്നതിങ്ങനെയാണ്: 'അവർ അതെല്ലാം കടലിന്റെ വിരിമാറിൽ തന്നെ നേരിട്ടു'. സാഹസികതയിവിടെ ഏറ്റുമുട്ടലുകളുടെ ധാരണയിലാണ് പ്രതീകമായി മാറുന്നത്. 'മല്ലിടൽ' എന്ന പ്രയോഗത്തെ സവിശേഷവൽക്കരിക്കുന്ന ഒരു സൗന്ദര്യാത്മക അസ്തിത്വം രചനകൾ കൈവരി ക്കുന്നുണ്ട്.

> അണ്ണാ ദാ പാവ്, ഞാൻ ഉടനെ അവിടേക്ക് നോക്കി. ഞങ്ങൾ കിടന്നതിന്റെ കുറേയേറെ പടിഞ്ഞാറായി കാണാം കടൽ നിറയെ മീനിന്റെ മണ്ടലടി. ജോസിനോട് വേഗം ആങ്കർ വലിച്ചെടുക്കാൻ പറഞ്ഞു ( പനിപ്പിള്ള, 2018 : 71).

> പെട്ടെന്നാണ് ഞങ്ങൾ അത് ശ്രദ്ധിച്ചത്. ഏതാണ്ട് പത്തുനൂറ് മീറ്റർ അകലെ നിന്നും ലോറൻസിനു നേരേ ഒരു സ്രാവ് ഓടിവരുന്നു. സ്രാവിന്റെ മുതുകുവശത്തെ ചിറക് ഏതാണ്ട് പൂർണമായും വെള്ളത്തിന്റെ മുകളിൽ കാണാം. ഞങ്ങൾ അഞ്ചു മരത്തുകാരും കൂട്ട നിലവിളിയായി. അച്ഛൻ പണ്ടിതു പോലെ സ്രാവിനെ പിടിച്ചിട്ടുണ്ട്. ഇത്ര വലിയ സ്രാവിനെ ജീവനോടെ ഞാനാദ്യമായാണ് കാണുന്നത്. അങ്ങനെ ഞങ്ങളെല്ലാം എന്തു ചെയ്യണമെന്നറി യാതെ നോക്കി നിൽക്കെ അരിശംപൂണ്ട സ്രാവ് മാത്യുവിന്റെ മരത്തിനടുത്തു വന്ന് വാലുകൊണ്ട് ഒരൊറ്റയടി (പനിപ്പിള്ള, 2018 : 77).

ഞാൻ അതിവേഗത്തിൽ കാർക്കെടുത്തു. തുടർന്ന് കണ്ണുസും ചുറ്റിയെടുത്തു. ആഴത്തിന്റെ ലക്ഷ്യം വന്നപ്പോൾ ബലമായി പിടിച്ചു. മീൻ അനങ്ങി

ഓടുന്നുണ്ടായിരുന്നു. നടുത്താവിന്റെ തെക്കും വടക്കും നടുക്കും വരവിന് ശക്തമായ തിര വീണുകൊണ്ടിരുന്നു (ആൻഡ്രൂസ്, 2002: 62 ).

> വള്ളം പതുക്കെത്തുഴഞ്ഞ് തെരണ്ടിയോടടുപ്പിച്ചു. അന്തോനിയും അലക്സും കോരി കൈകളിലെടുത്തു. വള്ളം ഏകദേശം അടുത്തെ ത്തിയപ്പോൾ ഇടതുകൈയ്യിലെ ചരട് മാറ്റിപ്പിടിച്ച് വലതു കൈയ്യിൽ അന്തോനിയും അലക്സും പിടിച്ച് തെരണ്ടിയുടെ വയറ്റത്തു തന്നെ ഉന്നം നോക്കി കയറ്റി (ആൻഡ്രൂസ്, 2002 : 73) .

മീനിനെ പിടിക്കുന്നതിന്റെ രംഗങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്ന മത്സ്യത്തൊഴിലാളി സ്ഥൈര്യത്തിലാണ് സാഹസികത ഇവിടെ പ്രത്യേകമായി ചേരുന്നത്. അപകടകാരിയായ പുലിയൻ സ്രാവിന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെട്ട അധ്യായത്തിലേക്ക് വരുമ്പോൾ ചൂണ്ടപ്പണിക്കാരുടെയും അവരോട് എതിരിടുന്ന മീനുകളുടെയും സാഹസികതയെ കഥാഖ്യാനരീതിയിൽ അവതരിപ്പി ക്കുന്നതിലേക്ക് മാറുന്നു.

> ആറേഴ മാസങ്ങൾ കഴിഞ്ഞു തീരക്കടലിൽ പാറക്കൂട്ടങ്ങളിൽ ചൂണ്ടയിട്ടു ചെറിയ പുലിയൻസ്രാവ് പിടിച്ചു തുടങ്ങി. ഞങ്ങൾ പിന്നീട് മനസിലാക്കിയത് പുലിയൻസ്രാവും ഇണയും കോഴിക്കോട് പാരിന് തീരത്ത് തങ്ങുകയും പ്രസവിച്ച് കുഞ്ഞുങ്ങളെ ഒരു പ്രായം വരെ വളർത്തി അവ സഞ്ചരിക്കാറായപ്പോൾ ആഴക്കടലിലേക്ക് കടക്കു കയും ചെയ്തുവെന്നാണ് (ആൻഡ്രൂസ്, 2002 : 54).

> പള്ളിയാക്കല്ലിന്റെ ഗുഹയ്ക്കുള്ളിൽ എവിടെയോ ഒരു ഭീമാകാരനായ പുലിയൻസ്രാവും ഇണയും തങ്ങിയിരിക്കുന്നതായി പ്രായമുള്ള ചൂണ്ട ക്കാരനായ ക്ലമന്റ് പറഞ്ഞു. ക്ലമന്റ് പലപ്പോഴും പള്ളിയാക്കല്ലിന്റെ വടക്കുവശത്തുള്ള ചരുവിൽ ചൂണ്ടയിട്ടിരിക്കുമ്പോൾ പുലിയൻസ്രാവിനെ കണ്ടതായി പറഞ്ഞിരുന്നു (ആൻഡ്രൂസ്, 2002: 52).

ചൂണ്ടയിടുമ്പോൾ മീൻ തങ്ങുന്ന ഇടങ്ങളെക്കുറിച്ചുള്ള വിവരണങ്ങളിൽ ആകർഷകമായ ഒന്നാണ് പള്ളിയാക്കല്ല് (പാര്). ഈ പാരിന്റെയുള്ളിനെ ഗുഹയായി സങ്കല്പിക്കുന്നതും

അതിന്റെയുള്ളിൽ എവിടെയോ ഭീമാകാരനായ പുലിയൻസ്രാവ് ഉണ്ടെന്ന അഭിപ്രായവും മൃഗവേട്ടയ്ക്ക് തുല്യമായ പരിസരങ്ങളാണ് ചിത്രീകരിക്കുന്നത്. ആക്രമണകാരികളായ മീനുകളുടെയും സ്ഥൈര്യസമ്പന്ന രായ മത്സ്യത്തൊഴിലാളികളുടെയും ബന്ധത്തിൽ തെളിയുന്നത് ഈ കാഴ്ച്കളാണ്. സമാനമായി 'മരണത്തിലും തോൽക്കാത്ത കട്ടത്തളയുടെ കഥ' എന്ന അധ്യായവും ഇതേ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നുണ്ട്.

> ചൂണ്ടയ്ക്കു വന്ന എല്ലാ തോണികളും കരയിലേക്ക് മറഞ്ഞുക്കൊണ്ടി രുന്നു. കട്ടത്തളയാണ് മീനെന്ന് മനസിലാക്കി. ഓലത്തല യാണെങ്കിൽ ഇത്ര അടിത്തട്ടിലൂടെ ഓടില്ലായിരുന്നു. ജലത്തിനുയരെ വന്ന് ഇരപിടിച്ച് ചൂണ്ടയിൽ ഉടക്കിക്കഴിയുമ്പോൾ ഒന്നു മുതൽ ഇരുപത്തിയൊന്നു പ്രാവശ്യം ജലത്തിനുയരെ വരെ ചാടി മറിയും. തോണിയുടെയും പായുടെയും ജലത്തിലെ നിഴൽ കണ്ട് രണ്ടാൾപൊക്കത്തിൽ ഉയർന്നു ചാടി ഞങ്ങളെ വിറപ്പിക്കും. അതിന്റെ നീണ്ട് കട്ടിയുള്ള കൊമ്പ് ശരീരത്തിലോ കഴുത്തിലോ ഏതെങ്കിലും ഭാഗത്തോ കയറിയാൽ മാരകമായ മുറിവേറ്റ് മരിച്ചുതന്നെ, കട്ടത്തള ഒന്നു മുതൽ മൂന്നു പ്രാവശ്യം കുതിച്ച് ചാടിയിട്ട് അടിത്തട്ടിലേക്കു പോകും (ആൻഡ്രൂസ്, 2002: 44 ).

> നെയ്മീൻ തോണിയുടെ അടിത്തട്ടിൽനിന്ന് ഓടിക്കൊണ്ടിരി ക്കുന്നത് എനിക്ക് കാണാമായിരുന്നു. വളരെ വലിയൊരു നെയ്മീൻ. വലിയ മത്സ്യങ്ങളെ തിന്ന് കൊഴുത്തുനിന്ന മുതുകിൽ മുരുക്കം പാവിയും ചുറ്റിയ നെയ്മീൻ. ജലത്തിന് ഉയരെ തെക്കുവശം പത്തടി അകലെവരെ വന്ന നെയ്മീനെ കോരിയെടുത്തു വച്ചപ്പോൾ എത്തിക്കിട്ടിയില്ല. തോണിയുടെ നിഴൽ കണ്ട നെയ്മീൻ ഓട്ടം നിലച്ചുപോലെ. അതുകഴിഞ്ഞ് ഓടിവരുന്നതുപോലെ തോണിയുടെ അടുത്തു വന്നപ്പോൾ നെയ്മീന്റെ തലഭാഗം മാത്രം ചൂണ്ടയിൽ കൊരുത്തു നിൽക്കുന്നു (ആൻഡ്രൂസ്, 2002: 51).

വലിയ മീനുകളെ ചൂണ്ടയിൽ പിടിക്കാനിറങ്ങുന്നതും തീരത്തെ മീനുകളുടെ സ്വഭാവവും പ്രകടമാക്കുന്നതിൽ ഇങ്ങനെയൊരു മനുഷ്യ/പ്രകൃതി ഏറ്റുമുട്ടലിന്റെ ചിത്രണം ഒരു 'പൊതു' സംവേദനത്വത്തെയും സൗന്ദര്യത്തെയും പ്രതിനിധീകരിക്കുന്നു. ദുഷ്കരമായ

സ്വഭാവവിശേഷങ്ങളുള്ള ഈ മനുഷ്യേതരവിഭാഗങ്ങളുടെ കഥ പറച്ചിലിലൂടെ ആഖ്യാനത്തിനിവിടെ ഒരു വ്യവസ്ഥാപിതസ്വഭാവം കൈവരുന്നതായി കാണാനാകും. കടൽജീവികളുടെ ക്രൗര്യവും അവയോട് ഏറ്റുമുട്ടുന്നതുമായ ഈ ആത്മാംശങ്ങളിൽ സാഹസികത കൈക്കൊള്ളുന്നതിൽ 'കിഴവനും കടലും' എന്ന ഈ മിത്തിക്കൽ ഭാവനയുടെ വാങ്മയഘടന കാണാം. ശ്രദ്ധേയമായ മറ്റൊരു വസ്തുത 'കിഴവനും കടലും' പോലെയുള്ള കല്പനാരീതികൾ തീരദേശത്തെയും കടലിനെയും സംബന്ധിച്ച കഴിഞ്ഞകാലത്തെ ഗൃഹാതുരതയുടെ എല്ലാ അടിത്തറകളെയും ഇല്ലാതാക്കിക്കൊണ്ടും എന്നാൽ കഥാസാഹിത്യരൂപത്തിൽ പൂർണമായും വിവർത്തനം ചെയ്യാൻ കഴിയാത്ത ഒന്നായും പലയിടങ്ങളിലും നിർത്തുന്നു. രചനയിലുടനീളം ചിതറികിടക്കുന്ന ഈ ആഖ്യാനപ്രവൃത്തി പരിവർത്തനാനുഭവങ്ങളെയും എഴുത്തുകാരൻ എന്ന തന്മയെയും ചേർച്ചയില്ലായ്മ യിലും കുതറലുകളിലും എത്തിക്കുന്നു. അതോടൊപ്പം സാംസ്കാരികഭാവനയിലെ നായകൻമാർ, രാഷ്ട്രീയവിഷയങ്ങളെ വിലമതിക്കുന്ന തീരപ്രവർത്തകർ, എന്നീ തരത്തിലുള്ള മത്സ്യത്തൊഴിലാളി സ്വത്വത്തിന്റെ 'ഇരട്ട നീക്കങ്ങൾ' അവ പങ്കുവെക്കുന്നു.

### 5.3 വിലാപം: ദൈന്യത, ആത്മാനുകമ്പ

മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ അന്തർലീനത ആൻഡ്രൂസിന്റെ രചനകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് വിലാപങ്ങളിലാണ്. ദൈന്യതയുടെയും ആത്മാനുകമ്പയുടെയും വിലാപശബ്ദങ്ങളെ ആഖ്യാനം സവിശേഷമായി ചിത്രീകരിക്കുന്നു. ആഖ്യാനതന്ത്രമായി ഇവ എങ്ങനെ നിൽക്കുന്നു എന്ന് പരിശോധിക്കുമ്പോൾ മരണം, സംഘർഷം, അപകടങ്ങൾ, ദാരിദ്ര്യം എന്നീ അവസ്ഥകൾക്ക് ചുറ്റും വിവിധതരം അന്യവൽക്കരണത്തെ സങ്കല്പിച്ചുകൊണ്ടാണ് ദൈന്യത പ്രത്യക്ഷപ്പെടുന്നത് എന്ന് കാണാം. പരമ്പരാഗതവിഭാഗത്തെ മത്സ്യത്തൊഴിലാളികൾക്ക് കടലിന്റെ വിനിയോഗത്തിനുള്ള അവകാശവുമായി ബന്ധപ്പെട്ടാണ് വിലാപത്തെ ആസ്പദമാക്കുന്ന അക്രമം, പോരാട്ടം, ദൈന്യത എന്നീ ഇമേജറികളെ രചനകളിൽ ചിത്രീകരിക്കുന്നത്.

ആൻഡ്രൂസിന്റെ *കടൽമുത്ത്: മത്സ്യത്തൊഴിലാളികളുടെ കടലനുഭവങ്ങൾ* എന്ന രചനയിൽ കേന്ദ്രീകരിച്ചുകൊണ്ട് പുതിയ രീതിയിൽ പരമ്പരാഗത വിഭാഗ ത്തെ അടയാളപ്പെടുത്തുന്നതിന്റെ തുടർച്ചയായി *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ* എന്ന

രചനയിൽ ഈ പരമ്പരാഗത സ്വത്വത്തെ തമസ്കരിച്ചതിനെതിരെയുള്ള വിലാപപരമായ സംഗതികളിലൂടെ മത്സ്യത്തൊഴിലാളി അനുഭവങ്ങളെ വെളിവാക്കുന്നു. ശീർഷകം പരിശോധിക്കുമ്പോൾത്തന്നെ തീരദേശത്തിന്റെയും പ്രത്യേകിച്ച് പരമ്പരാഗതരംഗത്തിന്റെയും ദുരന്തങ്ങളുടെയും സംഘർഷങ്ങളുടെയും ആശയങ്ങളായി കെട്ടിപ്പടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കലാണെന്ന് മനസ്സി ലാക്കാം. കടലിൽ വെച്ചുണ്ടായ അപ്രതീക്ഷിത അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർ, കർത്തവ്യനിരതരായി അവകാശസമരങ്ങളിൽ പങ്കെടുത്ത പ്രവർത്തകരുടെ മരണം, വീടു നഷ്ടപ്പെട്ടവർ-അവരുടെ കുടുംബാംഗങ്ങളുടെ പിന്നോക്കസ്ഥിതി തുടങ്ങിയ മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യത്തിന്റെയും സഹനങ്ങളുടെയും വിവിധ ഉള്ളടക്കങ്ങളെ ആൻഡ്രൂസ് വിവരിക്കുന്നു. വിലാപസ്വഭാവത്തിലുള്ള ഇമേജുകളും സവിശേഷമായി ദൃശ്യമാക്കുന്നു. 'നിത്യദുഃഖത്തിന്റെ സ്മാരക മായ മത്സ്യത്തൊഴിലാളികൾ' (ആൻഡ്രൂസ്, 2002: 19) 'കടലിലാണ്ട സ്വപ്നങ്ങൾ' (ആൻഡ്രൂസ്, 2006: 30). ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ പ്രായമേറിയിട്ടും അമിതാധ്വാനംമൂലം ജോലിക്കിടയിൽ ഹൃദയാഘാതം സംഭവിച്ച സുഹൃത്തിന്റെ മരണത്തെ ഓർക്കുന്ന അധ്യായമാണ് 'പങ്ക്രാസിനെ ഓർക്കുമ്പോൾ' (*എണ്ണിയാൽതീരാത്ത നൊമ്പരങ്ങൾ*). ദൈന്യതയെ സൂചിപ്പിക്കുന്ന ഈ ഇമേജുകൾ തൊഴിൽമേഖലയിലെ അനിശ്ചിതത്വങ്ങൾ, പ്രശ്നങ്ങൾ എന്നിവയെ വ്യാഖ്യാനിക്കുന്ന വിവരണങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. അധീശവ്യവഹാരങ്ങളിൽ പുറന്തള്ളപ്പെട്ടവർ എന്ന ധാരണയിലാണ് വിലാപത്തെ അദ്ദേഹം സാധൂകരിക്കുന്നത്. ഓരോ അധ്യായത്തിലെയും ജീവിതകഥയെയും പ്രതിപാദനരീതിയെയും നിയന്ത്രിക്കുന്നതിൽ ഇത് അമൂർത്തമായി നിലനിർത്തുന്നു. 'മത്സ്യത്തൊഴിലാളിക്കൊപ്പം മരണംമാത്രം' എന്ന അധ്യായം അദ്ദേഹത്തിന് കടലിൽ സംഭവിച്ച അപകടത്തെ വിവരിക്കുന്നതാണ് :

> 1994 മെയ് 21ന് വെളുപ്പിന് അഞ്ചുമണിക്ക് ജോർജ്, മരുമകൻ എൽജിനുമൊത്ത് തങ്കശ്ശേരി കടപ്പുറത്തുനിന്ന് തോണിയിറക്കി ലൈറ്റ്ഹൗസിനു വടക്കുവശമുള്ള മണ്ണാങ്കല്ലിൽ വിരിച്ച വല എടുക്കുന്നതിനായി ബ്രേക്ക് വാട്ടറിന് പുറത്തുകൂടി ഉള്ളിലേക്ക് തോണി തുഴഞ്ഞു. തുണ്ടംകല്ലിനു വടക്കുഭാഗത്തേക്ക് കടക്കാൻ ശ്രമിക്കവേ ശക്തമായ തിരയിൽപ്പെട്ട തോണി മറിഞ്ഞു. മരുമക നോട് നീന്തി രക്ഷപ്പെടാൻ

> പറഞ്ഞിട്ട മുങ്ങിയ തോണിയിൽതന്നെ പിടിച്ച കിടന്നു. നീയാണല്ലോ ജീവിക്കേണ്ടവൻ എന്നദ്ദേഹം മന്ത്രിച്ചിട്ടുണ്ടാകാം (ആൻഡ്രൂസ്, 2006: 35).

ഇവിടെ ദൃക്സാക്ഷിവിവരണ രൂപത്തിലാണ് ആൻഡ്രൂസ് അപകടത്തിനിരയായ സംഭവങ്ങൾ ആഖ്യാനം ചെയ്തിരിക്കുന്നത്. അപകടം നടന്ന പ്രദേശത്തിന്റെ മീൻപിടിത്തസ്വഭാവവും അതിന്റെ പ്രത്യേകതയും വിവരിച്ചുകൊണ്ടാണ് അപകടത്തെ വിവരിക്കുന്നത്. ശക്തികുളങ്ങര തുറമുഖത്ത് ബോട്ടുമുതലാളിമാർ തൊഴിലാളികളെ നിർബന്ധിച്ച പണിക്ക് പറഞ്ഞയച്ചതിനെ തുടർന്ന് ബോട്ട് മുങ്ങിപ്പോവുകയും ആളുകൾ മരണപ്പെടുകയും ചെയ്ത സാഹചര്യങ്ങൾ 'തിരയിലലിഞ്ഞ ദുഃഖങ്ങൾ' എന്ന അധ്യായത്തിൽ എടുത്തുപറയുന്നു. പോർട്ട് കൊല്ലത്ത് വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ രണ്ടുപേർ മരണപ്പെട്ടതിന്റെ ചിത്രങ്ങൾ 'തിരയിലമർന്ന ഓർമ്മകൾ' എന്ന ഭാഗത്ത് കടന്നുവരുന്നു. തീരത്തെ വീടുകളിൽ തിരമാലകൾ കയറി നിരാലംബരായി ത്തീരുന്ന സംഭവങ്ങളുടെ വിശദാംശങ്ങളിൽ 'വികസനത്തിന്റെ ബലിവസ്തുക്കളായ പാവപ്പെട്ട ഭവനരഹിതർ മനുഷ്യർ' എന്ന് പ്രസ്താവിക്കുന്നു. അതായത് അസാധാരണമായി സംഭവിക്കുന്ന അപകടങ്ങളുടെയും ദുരന്തങ്ങളുടെയും ഇരകൾ എന്ന നിലയ്ക്കുകൂടി ഈ കഥകളെ കൂട്ടിച്ചേർക്കുന്നു. ഇവിടെ വൈകാരികത കലർന്ന ഭാഷണങ്ങളാണ് പ്രതിപാദനത്തെ നിയന്ത്രിക്കുന്നത്. മറ്റു വ്യക്തികളുടെ മാനസിക-സ്വഭാവ സവിശേഷതകളിലൂടെയാണ് വേദന, കഷ്ടപ്പാടുകൾ എന്നിവ വിവരിക്കുന്നത്. ദൈന്യതയെ നിഷ്കളങ്കതയും എളിമയുമായി അവതരിപ്പിക്കുന്നതും ഈ ഭാഗങ്ങളിൽ പ്രത്യേകമായി കടന്നുവരുന്നു. തൊഴിലാളികളും കുടുംബാംഗങ്ങളും സമൂഹവും പുലർത്തുന്ന ആദർശപരമായ ബന്ധത്തെ പ്രതിനിധീകരിക്കുന്ന ഈ ഇടങ്ങൾ ദൈന്യതയെ പുതിയ ഇടങ്ങളിലേക്ക് കൊണ്ടുപോകുന്നു. സ്റ്റേറ്റ് ഉൾപ്പെടുന്ന പൊതുസമൂഹം അന്തരിച്ചവരോട് പുലർത്തേണ്ടതായിരുന്ന ഉത്തര വാദിത്തവും അവരുടെ ദയനീയാവസ്ഥയെ തിരിച്ചറിയാനുള്ള ആവർത്തിച്ചുള്ള അഭ്യർഥനയും സ്വാംശീകരിച്ചുകൊണ്ടാണിവിടെ മത്സ്യത്തൊഴിലാളികളുടെ വിമർശനാത്മക അവബോധത്തെ ചിത്രീകരിച്ചിരിക്കുന്നത്.

> തങ്കശ്ശേരി കടൽപ്പുറത്തെ മണൽപരപ്പിൽനിന്ന് കടലിലേക്ക് രണ്ട് കയ്യും നീട്ടി തന്റെ രണ്ടു മക്കളെയും ചോദിക്കുന്ന മാർഗ്ഗരറ്റിനെ എനിക്ക് ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല (ആൻഡ്രൂസ്, 2006: 68 ).

> 22.08.1999 രാത്രി 11 മണി കഴിഞ്ഞ് ഉറക്കത്തിലായിരുന്ന ഞാൻ. പെട്ടെന്ന് ഉണർന്നു. ഒരു സ്ത്രീയുടെ തേങ്ങലുകൾ എങ്ങുനിന്നോ ഒഴുകിയെത്തുന്നു. ഞാൻ കിടക്കയിൽ കിടന്നുകൊണ്ട് ഫിലോമിന യെ പരതി. കാണുന്നില്ല. പതുക്കെ എഴുന്നേറ്റു ഹാളിൽ വന്നു. ചുവന്ന ലൈറ്റിന്റെ പ്രഭയിൽ കരങ്ങളുയർത്തി യേശുവിന്റെ കുരിശു രൂപത്തിന്റെ മുമ്പിൽ മുട്ടിന്മേൽ നിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥി ക്കുന്നു ഫിലോമിന. പ്രാർത്ഥനയ്ക്ക് തടസ്സം വരുത്താതെ ഞാൻ വാതിൽ തുറന്നു മുറ്റത്തേക്ക് കണ്ണോടിച്ചു. ആകാശം മേഘാവൃത മായതിനാൽ ഇരുട്ടിന്റെ ശക്തി കൂടി. അങ്ങ് അകലെ നിന്ന് ഒഴുകിവന്ന തേങ്ങലുകളുടെ ശക്തി കൂടിക്കൊണ്ടിരുന്നു. ഫിലോമിന പ്രാർത്ഥന കഴിഞ്ഞ് പുറത്തേക്ക് വന്നു. പടിഞ്ഞാറെ വീട്ടിലെ സൈമൺ മരിച്ചതായി പറഞ്ഞു. സൈമണിന്റെ ഭാര്യ ബിയാട്രീസിന്റെ വിലാപശബ്ദമാണ് കേൾക്കുന്നത്. കറുത്ത മാനം പൊഴിയാൻ തുടങ്ങി ദുഃഖഭാരത്താൽ ഞാൻ വീട്ടിൽ കയറി കതകടച്ചു കട്ടിലിൽ കിടന്നു. കണ്ണു തുറന്നു തന്നെ (ആൻഡ്രൂസ്, 2006: 63).

കടലിൽവെച്ച് സംഭവിച്ച ദുരന്തങ്ങളിൽ തകർച്ച നേരിടുന്ന കുടുംബാംഗങ്ങളുടെ വൈകാരിക വിവശതകളാണ് ഇവിടെ ആൻഡ്രൂസ് പ്രതിപാദ്യമാക്കിയിരി ക്കുന്നത്. വൈകാരികസാന്നിധ്യങ്ങളായി ആൻഡ്രൂസ് കുടുംബത്തിന്റെ ദൈന്യത യും ദാരിദ്ര്യവും പ്രധാന വിഷയമാക്കുന്നു. തൊഴിൽക്ലേശങ്ങളുടെ പെരുപ്പം അവതരിപ്പിക്കുന്നതിനു പുറമേ പൊതുവായി സ്ത്രീകളെക്കുറിച്ചുള്ള ചർച്ചകൾ വിലാപ രംഗങ്ങളിലാണ് വിഷയമാക്കിയിരിക്കുന്നത്. ഭർത്താവോ മകനോ ആക്രമിക്ക പ്പെടുകയോ മരണപ്പെടുകയോ ചെയ്യുതിൽ അതിത്രീവമായി ബാധിക്കപ്പെട്ട സ്ത്രീകളുടെ ദൈന്യതയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. ആഖ്യാനത്തിലൂടെ മത്സ്യത്തൊഴിലാളിസ്ത്രീകളുടെ ശുശ്രൂഷയും ചുമതലയും വിലാപത്തിന്റെ അതിരുകളി ലേക്ക് ചിത്രീകരിക്കപ്പെടുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങളും അപചയങ്ങളും വിവരിക്കുന്നതിലെ വിലാപരീതികൾ വിവരിക്കുന്നതിൽ സമുദായത്തോടുള്ള അനുകമ്പയും ദുഃഖാത്മകതയുമാണ് മുന്നിട്ടുനിൽക്കുന്നത്. പരമ്പരാഗതരംഗത്തിന്റെ സ്വത്വനഷ്ടത്തെക്കുറിച്ചുള്ള ഉത്കണ്ഠകളെയും ദൈന്യതയെയും തുടർന്നുള്ള ആഘാതവും

നിരാശയും അസ്വാഭാവികമായി നിർവഹിക്കുന്നതിൽ ഈ സമുദായ-തൊഴിൽസ്വത്വം നിർണായക മായിത്തീരുന്നുണ്ട്. എന്നാൽ സമൂഹനിഷ്ഠതയെ സാക്ഷാൽക്കരിക്കുമ്പോഴും വൈയക്തികമായ സാന്നിധ്യമായിട്ടും ദൈന്യത നിൽക്കുന്നതായി കാണാം. ദൈന്യതയെ ചിലയിടങ്ങളിൽ നിർണയിക്കുന്നത് സാമൂഹികാനുഭവവുമായി ഇഴചേർന്ന വ്യക്ത്യനുഭവങ്ങളാണ്. ദൈന്യത, കാഠിന്യം എന്നിവയെ പ്രതിപാദ്യമാക്കി വ്യക്തിഗതമായ ഓർമ്മയെയും സമയത്തെയും സംഭവകഥനങ്ങളായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. അത് ആത്മാനു കമ്പയുടെ ഭാവത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. തന്റെ ചുറ്റുമുള്ള ആളുകളുടെ ജീവിതത്തെ, അതിന്റെ ഗതിവിഗതികളെ അവതരിപ്പിക്കുന്നതിൽ അനുകമ്പ യോടെയുള്ള ഒരു 'ചികിത്സാരീതി' അവലംബിക്കുന്നു. ദയയും അതിനോടുള്ള തന്മയീകരണവുമാണത്. ആത്മാനുകമ്പയുടെ നിയമങ്ങളോ ചലനങ്ങളോ ആണവ. സഹപ്രവർത്തകരുടെ മരണത്തിൽ സഹതപിക്കുന്ന അവരുടെ ദുഃഖത്തെ അനുഭവിക്കുന്ന കർത്താവിന്റെ സ്ഥാനത്തേക്ക് തന്റെ ഭാഷയെ അദ്ദേഹം പരുവപ്പെടുത്തുന്നു. തന്റെ സ്വത്വത്തെ നഷ്ടപ്പെടുത്തുന്ന വിധമുള്ള ഒരുതരം താദാത്മീകരണമായി ഇതിനെ പറയാം. സമൂഹസ്വത്വത്തിലേക്കുള്ള തിരിച്ചറിവിന്റെ ആവിഷ്കാരമായും ഇവ പരിണമിക്കുന്നു. ക്രിസ്തീയ രക്ഷയിലേക്കുള്ള ഒന്നാണീ അർപ്പണബോധമെന്ന് സൂചിപ്പിക്കുന്ന വ്യാഖ്യാനങ്ങൾ ആൻഡ്രൂസ് നടത്തുന്നുണ്ട്. ആത്മാനുകമ്പയിലൂടെ തന്മയുടെ പുതിയൊരു സ്വത്വഭാവത്തിലേക്ക് അദ്ദേഹം പ്രവേശിക്കുന്നതിൽ ആന്തരികമായ മത സംസ്കാരികസാന്നിധ്യം പ്രാധാന്യത്തോടെ നിൽക്കുന്നു. പരമ്പരാഗതരംഗത്തെ വിലാപശബ്ദങ്ങളെ ആസ്പദമാക്കി പുതിയൊരു 'തൊഴിലാളിത്തം' സങ്കൽപ്പിക്കുന്നതിന് ക്രിസ്തീയവിശ്വാസത്തിലധിഷ്ഠിതമായ ഒരു ധാർമ്മിക ആദർശസ്വത്വം ഇവിടെ പങ്കുചേരുന്നുണ്ട്. ശാരീരിക-വൈകാരിക സംവേദനങ്ങളായി മനസ്സ്, ഹൃദയം എന്നിവയെ അവ സങ്കൽപ്പിക്കുന്നു. ദാരിദ്ര്യം, പാപികൾ എന്നീ ഇമേജുകളെ അവതരിപ്പിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ പരിവർത്തനനാനുഭവങ്ങളെ വ്യത്യസ്തതയോടെ അടയാളപ്പെടുത്തുന്നു.

> മരണത്തിന്റെ കരാളഹസ്തങ്ങളിൽനിന്ന് ബാലനായിരുന്ന എന്നെ രക്ഷിച്ച എന്റെ അമ്മാവൻ തിരമാലകളുടെ അടിത്തട്ടിലാഴ്ന്ന പോയ എന്നെ തിരമാലകളോട് മല്ലിട്ട് തിരിച്ചെടുത്തു. എനിക്കു ജീവൻ നൽകിയ എന്റെ അമ്മാവൻ ഇപ്പോഴിതാ നിശബ്ദനായി എന്റെ തോളിനു മുകളിൽ

> നിശ്ചലനായി കിടക്കുന്നു. സെമിത്തേരിയിൽ മൂന്നാം വരിയിൽ പുരോഹിതന്റെ പ്രാർത്ഥനയ്ക്ക് ശേഷം ശവമഞ്ചം മൂടി ആറടി മണ്ണിലേക്ക് താഴ്ത്തിയിറക്കാൻ നേരമായി. അതുവരെ നിർന്നിമേഷനായി നോക്കിനിന്ന എന്റെ ഹൃദയം തുടിച്ചു. അവസാനമായി ഒരിക്കൽകൂടി ഞാൻ യാന്ത്രികമായി മുന്നോട്ട് നടന്നടുത്തു ചെന്നു. എനിക്കു ജീവൻ തിരിച്ചുതന്ന കൈകൾ ഇതാ തരിച്ചിരിക്കുന്നു. ആ കൈകൾ മലർക്കെ തുറന്നിരിക്കുന്നു. അതെന്നെ മാടിവിളിക്കുന്നതുപോലെ. പെട്ടെന്ന് വികാര വിവശനായ ഞാൻ ആ കൈകൾ കൂട്ടിപ്പിടിച്ച് അന്തിമചുംബന മർപ്പിച്ചു. ഞാനറിയാതെ എന്റെ കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീർ ആ കൈകളിൽ പതിച്ചു (ആൻഡ്രൂസ്, 2002: 34).

> രാത്രി പതിനൊന്ന് മണിയോടെ ഭക്ഷണം കഴിച്ചിട്ട് മത്സ്യ ബന്ധനത്തിനു പോയ ഭർത്താവിന്റെ ശവശരീരമാണ് തനിക്ക് തിരിച്ചുകിട്ടിയതെന്ന് പറയുമ്പോൾ മാർഗരറ്റ് വിതുമ്പുന്നുണ്ടായി രുന്നു. ആ കണ്ണീരൊപ്പാൻ അശക്തനായ ഞാൻ നിറഞ്ഞ ദുഃഖത്തോടെ നടന്നുനീങ്ങി (ആൻഡ്രൂസ്, 2006: 44).

ക്രിസ്ത്യൻ ഉദ്ബോധനതത്വങ്ങൾ, വിശ്വാസപ്രമാണങ്ങൾ ശോകാവസ്ഥയെ ദ്യോതിപ്പിക്കുന്നതിനായി ഈവിധം ജീവിതാനുഭവങ്ങൾ അദ്ദേഹം ആഖ്യാന ത്തിലൂടെ നിർമ്മിക്കുന്നു. നിറഞ്ഞദുഃഖങ്ങൾ, കണ്ണീരുകൾ, വിതുമ്പലുകൾ, പ്രാർഥനകൾ, സഹനങ്ങൾ, നിലവിളികൾ എന്നീ പദപ്രയോഗങ്ങൾ മരണങ്ങൾ ക്കും ദാരിദ്ര്യത്തിനും ചുറ്റും മത്സ്യത്തൊഴിലാളിപ്രശ്നങ്ങളെ സൂചിപ്പിക്കാനായി കടന്നു വരുന്നു. ഇവയിലൂടെ രചയിതാവ് വിലാപത്തിനുള്ളിൽ സക്രിയമായി നിൽക്കുന്ന ആത്മാനുകമ്പയുടെ സാന്നിധ്യത്തെ ആഖ്യാനത്തിൽ അനിവാര്യമാക്കി നിർത്തുന്നു.

ആത്മാനുകമ്പയെ പ്രകടമാക്കുന്നതിൽ പ്രതിഷേധത്തിന്റെ വിവിധ സ്വരങ്ങളും പ്രത്യേകമായി ആഖ്യാനത്തിൽ ഇടം നേടുന്നുണ്ട്. രചനയിൽ പ്രത്യക്ഷപ്പെടുന്ന ബൈബിളിലെ ഇമേജുകൾ ശ്രമിക്കുന്നത് നാശങ്ങളെ പ്രവചിച്ചു കൊണ്ട് ദുഃഖത്തെയും അതിന്റെ കാരണങ്ങളെയും വെളിച്ചത്തു കൊണ്ടുവരാനാണ്. മാത്രമല്ല, ആത്മാനുകമ്പയുടെ

പ്രതിച്ഛായയിൽ ദൈന്യാവസ്ഥയിൽ പങ്കുചേർന്നുകൊണ്ട് സഹാനുഭൂതി, പ്രത്യാശ എന്നിവയിലൂടെ തങ്ങൾക്കനുകൂലമായ സ്ഥിതി വിശേഷങ്ങളെ പ്രഖ്യാപിക്കുന്നു.

> 2000 വർഷങ്ങൾക്കു മുമ്പു നടന്ന യേശുവിന്റെ പീഡാനുഭവങ്ങൾ ദുഃഖഭാരത്തോടെ ആചരിക്കാൻ ഒരു കൂട്ടർ അനാവശ്യമായി പണം ചെലവഴിക്കാൻ ഒരുങ്ങുമ്പോൾ ജലാശയങ്ങളുടെ തീരങ്ങളിലൂടെയും ഗ്രാമാന്തരങ്ങളിലൂടെയും മനുഷ്യജീവിതത്തിൽ എത്രയോ അനുദിന പീഡാനുഭവങ്ങൾ. ഇതൊക്കെ കാണുവാനും കേൾക്കുവാനും ആർക്കാണ് സന്മനസ്സുള്ളത് ? (ആൻഡ്രൂസ്, 2006: 95 ).

> ജോസഫ് മരിച്ചിട്ട് ഒരു വർഷമായി ഞാൻ ഹൃദയത്തിൽ പ്രാർത്ഥിച്ചു. യേശുവേ ഞങ്ങളുടെ ഉപജീവനമാർഗമായ മത്സ്യസമ്പത്ത് സംര ക്ഷിക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിൽ അങ്ങയെപ്പോലെ ബലി വസ്തുവായിത്തീർന്ന ഈ സഹോദരൻ ഞങ്ങൾക്ക് എന്നും പ്രചോദനമാകട്ടെ (ആൻഡ്രൂസ്, 2006: 19).

ഇവിടെ 'ബലിവസ്തു, പീഡാനുഭവങ്ങൾ' എന്നിവയിലൂടെ കൈക്കൊള്ളുന്ന ക്രിസ്തുമത സമീപനം തങ്ങൾക്ക് അനുകൂലമല്ലാത്ത വ്യവസ്ഥയെ നേരിടുന്ന തിന്റെ മറുപുറത്തെയും വ്യക്തമാക്കുന്നു. മറ്റൊരു ശ്രദ്ധേയ വസ്തുത രചനകളിലെ യൂണിയൻ രാഷ്ട്രീയസ്വഭാവമുള്ള പോരാട്ടത്തിന്റെ പ്രകൃതങ്ങളിലുള്ള പ്രതിഷേധ ങ്ങളും പ്രഖ്യാപനങ്ങളും ഈ രംഗങ്ങളിൽ വളരെ ദുർബലമായിട്ടാണ് കാണപ്പെടുന്നു എന്നതാണ്. പകരം പ്രതിരോധത്തിന്റെ അവകാശവാദങ്ങൾ ഉൾക്കൊള്ളുന്നത് വേദനാജനകമായ വികാരങ്ങളും പ്രതികരണങ്ങളും വ്യക്തമാക്കിക്കൊണ്ടാണ്. പൊതുവ്യക്തിത്വത്തിന് പുറമേയുള്ള സ്വകാര്യ വ്യക്തിയാണ് വേദന വഹിക്കുന്നത്. വ്യക്തിശൈലിയുടെ തന്ത്രപരതയായി വിലാപം നീങ്ങുന്ന കാഴ്ച രചനകളിലുടനീളം കണ്ടെത്താനാവും. ഗായത്രി സ്പിവാക് "തന്ത്രപരമായ അവശ്യവാദം (strategic essentialism) കീഴാളരാഷ്ട്രീ യ-സാമൂഹികപദ്ധതികള വിശദീകരിക്കുന്ന ഒരു ബോധത്തെ സൂചിപ്പിക്കുന്ന പദമായി നിർവചിക്കുന്നുണ്ട്". സാഹിത്യ-സാമൂഹ്യ-രാഷ്ട്രീയമണ്ഡലങ്ങളിൽ ഒരു പൊതുശബ്ദം സൃഷ്ടിക്കുന്നതിനായും രാഷ്ട്രീയ അടിത്തറ യുണ്ടാക്കുന്നതിനുമായുള്ള സ്ഥിരതയാർന്ന ശ്രമമായി വിശദീകരിക്കുന്നു. വ്യത്യാസങ്ങൾ

കുറച്ചുകൊണ്ട് ഒരൊറ്റ രാഷ്ട്രീയലക്ഷ്യത്തിനു കീഴിൽ ഏകീകരിക്കുന്നതിനെയാണ് ഇതർഥമാക്കുന്നത്. തീരബോധത്തെക്കുറിച്ചുള്ള അവബോധമായി വിലാപശബ്ദം ഏകതാനമായ രീതിയിൽ ഇവിടെ പുനർനിർമ്മിക്കുന്നു. രചനകളിൽ തന്റെ തൊഴിൽജീവിതത്തെയും അക്കാലത്തെ തൊഴിൽപരമായ വിവിധ റോളുകൾ കൂട്ടിയിണക്കുന്നതിൽ കണ്ണീരിന്റെയും വേദനയുടേതുമായ വാങ്മയങ്ങളെ അദ്ദേഹം കാണിക്കുന്നുണ്ട്. പരിമിതമായ അവസ്ഥകളിലും അധികാരമില്ലായ്മയിലും രാഷ്ട്രീയമായി സ്വതന്ത്ര തീരുമാനമെടുക്കുന്നവരായി മാറുന്നതിന്റെ വിവരണം അത് നൽകുന്നു. തങ്ങളുടെ നിർഭാഗ്യങ്ങളെക്കുറിച്ച് വിലപിക്കുന്നതിന്, അധികാരപ്രയോഗങ്ങളെ അപലപിക്കുന്നതിന് ആഖ്യാനം സ്വത്വ പ്രതിഫലനശീലങ്ങൾക്ക് അവസരം നൽകുന്നു. ആത്മാനുകമ്പയുടേതും വേദനയുടേതുമായ രചനാതന്ത്രങ്ങളിലൂടെയുള്ള ഈ പ്രകാശനങ്ങൾ മത്സ്യ ത്തൊഴിലാളികർത്തൃത്വത്തെ അഭിസംബോധന ചെയ്തുകൊണ്ട് വിലാപരൂപം കൈക്കൊള്ളുന്നു. പരമ്പരാഗതരംഗത്തിന്റെ രാഷ്ട്രീയധാരണയുടെയും അവകാശത്തിന്റെയും ധാർമ്മികതയുടെയും പ്രതീകമായി പരിവർത്തനാനുഭവ ങ്ങളെ രേഖപ്പെടുത്തുന്നതിൽ വിലാപ രൂപങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. വിമർശനങ്ങളുടെയും വാദമുഖങ്ങളുടെയും ഏറ്റുമുട്ടലിന്റെയും പ്രശ്നകാരണത്തെ അഭിസംബോധന ചെയ്യുന്നതിനായിട്ടാണ് ചിലയിടങ്ങളിൽ ഇവ കടന്നുവരുന്നത്. അടിച്ചമർത്തപ്പെട്ട പിന്നോക്കസ്വത്വം എന്ന നിലയിലുള്ള വൈകാരികാവസ്ഥകളെ അവതരിപ്പിക്കുന്ന 'പാർശ്വവൽകൃത സ്വത്വത്തെ' തങ്ങളുടെ ആത്മബോധത്തിലേക്ക് എങ്ങനെ ഉൾക്കൊള്ളുന്നു എന്നുകൂടി അത് വെളിപ്പെടുത്തുന്നു. ഈ സ്വയം തിരിച്ചറിയൽ ഉൾക്കൊള്ളുന്ന ഒന്നിലധികം ആവിഷ്കാരതലങ്ങൾ ആൻഡ്രൂസ് പരീക്ഷിക്കുന്നുണ്ട്. ദൈന്യതയുടെ ചിത്രീകരണത്തിലെ സോഷ്യൽ-റിയലിസ്റ്റ് രീതി, കാൽപ്പനികതലങ്ങൾ എന്നിവയിലൂടെ വിലാപത്തെ സവിശേഷമായി ആഖ്യാനവൽക്കരിക്കുന്നു.

### 5.4 മെലോഡ്രാമ

വിലാപശബ്ദങ്ങളുടെ സ്വഭാവത്തിലുള്ള പ്രതിരോധതന്ത്രത്തിന്റെ രൂപവും ഭാഷയും തിരയുമ്പോൾ ആഖ്യാനഘടനകളുടെ നാടകീയനിർമ്മിതികൾ ആവർ ത്തിച്ച് ആഖ്യാനം ചെയ്യപ്പെടുന്നതായി ദൃശ്യമാകുന്നുണ്ട്. ദാരിദ്ര്യവും സാമൂഹിക പിന്നോക്കാവസ്ഥയും തങ്ങളുടെ

ജീവിതത്തെ കാര്യമായി ബാധിച്ചതായി അംഗീകരിച്ചു കൊണ്ടാണദ്ദേഹം അനുഭവങ്ങൾക്കുമേൽ തീർത്തും വൈകാരിക രംഗങ്ങളെ ആവിഷ്കരിക്കുന്നത്. അതിഭാവുകത്വവും നാടകീയതയും കലർന്ന ഒരു ഘടനയിലാണ് അത് നിൽക്കുന്നത്. സംഭാഷണങ്ങളിലെ ഭാവഘടനകൾ പരിശോധിക്കുമ്പോൾ സഹതാപം അർഹിക്കുന്ന ഇരകൾ എന്ന നിലയിലുള്ള ചിത്രീകരണങ്ങൾ കടന്നുവരുന്നു. അതിവാചാലതയും നാടകീയതയും പ്രതിപാദിക്കുന്ന ആശയങ്ങളിൽ നിന്നും ഇത് വ്യക്തമാവും.

> കടലിലേക്ക് നോക്കി എന്തോ പുലമ്പിക്കൊണ്ടിരുന്ന ആന്റണി ച്ചേട്ടനെ ശ്രദ്ധിച്ച ഞാൻ അദ്ദേഹത്തിന്റെ അടുക്കലേക്കു ചെന്നു. ചുടുകണ്ണീർ ഒഴുകിയില്ലെങ്കിലും ആ ഹൃദയം തേങ്ങുന്നുണ്ടായിരുന്നു (ആൻഡ്രൂസ്, 2006: 27).

തീവ്രമായ ശോകത്തെ ധ്വനിപ്പിക്കുന്നതിനായിട്ടാണ് അദ്ദേഹം ഈ സങ്കേതങ്ങളെ അവലംബമാക്കുന്നതെന്ന് ഈ വരികൾ വെളിവാക്കുന്നു. 'പീഡാനുഭവങ്ങൾ' (*എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ*) എന്ന അധ്യായത്തിൽ മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ ജീവിതാവസ്ഥയിലെ ദുഃഖാർത്തമായ സാഹചര്യങ്ങളുടെ അസഹനീയത വിവരിക്കുന്നു. വള്ളംകളി മത്സരത്തിൽ നേതൃത്വം കൊടുത്ത തോമസ് തലയാളിയുടെ പരാജയത്തെ വിവരിക്കുന്നത് ഇങ്ങനെയാണ് :

> ഇതൊക്കെ കണ്ടുനിന്ന ഞാൻ ഓടിച്ചെന്നു. മണലിൽ തളർന്ന് അവശനായി കിടക്കുന്ന തോമസ് തലയാളിയെ മണൽപ്പരപ്പിൽ നിന്നും പിടിച്ച് എഴുന്നേല്പിച്ചു. ഞങ്ങൾ നടന്നു വീട്ടിലേയ്ക്ക് വന്നു. പങ്കായം വലത് കൈയ്യിൽ പിടിച്ചിരുന്ന തോമസ് തലയാളി അചഞ്ചലനാകാൻ ശ്രമിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. കണ്ണിന്റെ കാഴ്ച്ച നഷ്ടപ്പെട്ട് വീട്ടിൽ ഇരിക്കുന്ന അമ്മയുടെ മുൻപിൽ വന്ന തോമസ് തലയാളി അമ്മയുടെ വലതുകൈയിൽ പങ്കായം കൊടുത്തിട്ടു പറഞ്ഞു: "ഇന്നത്തെ വള്ളംവലിമത്സരത്തിൽ ഞാൻ തോറ്റു. ഇനി ഞാൻ വള്ളംവലി മത്സരത്തിനില്ല". തുടർന്ന് അമ്മയുടെ അടുത്തിരുന്നു വിങ്ങി. അമ്മ അദ്ദേഹത്തെ തലയിൽ തഴുകി ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഇത് കണ്ട് എന്റെ കണ്ണുകളിൽനിന്നും ജലകണങ്ങൾ ഒഴുകി (ആൻഡ്രൂസ്, 2006: 27)

അപകടത്തിൽ മരണപ്പെട്ട ജോർജ് എന്ന സുഹൃത്ത് അപകടത്തിനിരയായ രംഗം വിവരിക്കുന്നതിലും ദുഃഖത്തിന്റെ തീവ്രമായ സാഹചര്യങ്ങൾ ആവർത്തിച്ച് വരുന്നു :

> തുണ്ടംകല്ലിനു വടക്കുഭാഗത്ത് നീന്തിക്കടക്കാൻ ശ്രമിക്കവേ ശക്തമായ തിരയിൽ പെട്ട തോണി മറിഞ്ഞു. മരുമകനോട് നീന്തി രക്ഷപ്പെടാൻ പറഞ്ഞിട്ട് മുങ്ങിയ തോണി തന്നെ പിടിച്ച് കിടന്നു. നീയാണല്ലോ ജീവിക്കേണ്ടവൻ എന്നദ്ദേഹം മരുമകനെ നോക്കി മന്ത്രിച്ചിട്ടുണ്ടാകാം (ആൻഡ്രൂസ്, 2006: 35).

ത്യാഗപൂർണമായ മത്സ്യത്തൊഴിലാളിസ്വത്വമാണിവിടെ പ്രാധാന്യം നേടുന്നത്. ജോർജ് എന്ന തൊഴിലാളിയെക്കുറിച്ചുള്ള വിഷാദാത്മകമായ ഓർമ്മകൾ എന്ന നിലയിൽ ഈ വിവരണങ്ങൾ കാൽപ്പനികസ്വഭാവത്തിലുള്ള നാടകീയരീതിയെ അടിവരയിടുന്നതാണ്. ആവർത്തിച്ച് വരുന്ന ഈ വൈകാരിക ആശയാവലികൾ സമൂഹസ്ഥിതിയോടുള്ള നിഷേധാത്മകവിലാപമായി ഊർന്നിറങ്ങുന്നതിൽ റൊമാന്റിക് തലങ്ങൾ ശ്രദ്ധേയമായി കടന്നുവരുന്നു. മുന്നേ ചർച്ചചെയ്ത സാഹസികതയുടെ കാഠിന്യമോ ദാർഢ്യത്തിനോ പകരം ദുഃഖത്തിൽ കണ്ണീരൊഴുക്കുന്ന മനുഷ്യത്വത്തിന്റെ മഹത്ത്വമോ മാതൃകയോ ആൻഡ്രൂസ് ലക്ഷ്യമാക്കുന്നു. ദേശീയ ജീവിതത്തിന്റെയും മുഖ്യധാരയുടെയും പുറത്തുള്ള മത്സ്യത്തൊഴിലാളിസ്വത്വത്തെ ആഖ്യാനം ചെയ്യുന്നതിനായി വൈകാരികാനുഭവങ്ങളെ അവലംബിക്കുന്നത് പരിവർത്തനാനുഭവങ്ങളിലെ തൊഴിലാളിത്തത്തെയും അവരുടെ പുതിയ ജീവിതത്തെയും വ്യത്യസ്തമാക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങൾക്ക് കാരണമായി കരുതുന്ന മുതലാളിവർഗത്തെയും ഗവൺമെന്റിനെയും എതിർക്കുന്നതിൽ ഇത് പ്രകടമാണ്. അക്കാലത്തെ തൊഴിലാളിസാഹിത്യങ്ങൾ അത്യന്തം വൈകാരികാംശങ്ങൾ കലർന്ന ശൈലിയിൽ മത്സ്യത്തൊഴിലാളി ആന്തരികതയെ വാചാലമായി ആവിഷ്കരിക്കുന്നതിൽ ആൻഡ്രൂസിനെ സ്വാധീനിച്ചിരിക്കാം. അധഃസ്ഥിതത്വത്തിന്റെ വിമർശനം ഉന്നയിക്കുന്ന ഭാഗങ്ങളിൽനിന്നും ഇത് മനസിലാക്കാം. മത്സ്യത്തൊഴിലാളിക്ക് ഉണ്ടായിരുന്ന ഒരു സുവർണകാലത്തെ വിവരിക്കുന്ന വേളയിൽ മത്സ്യക്കൂട്ടങ്ങൾ കടലിനടിത്തട്ടിൽ സുരക്ഷിതമായിരുന്ന സാഹചര്യത്തെ വിവരിക്കുന്നതിനായി ഹിന്ദി സിനിമയിൽ പ്രതിപാദിച്ച ജന്മി പാവപ്പെട്ടവരുടെ കുടിലുകൾ ഇടിച്ച് നിരത്തിയ സംഭവ

ത്തെയാണ് ഉദാഹരിക്കുന്നത് (ആൻഡ്രൂസ്, 2002: 20). മധ്യവർഗത്തിന്റെ വായനയെ പ്രചോദിപ്പിക്കുന്ന തരത്തിൽ അധ്വാനത്തിന്റെ കാഠിന്യവൽക്കരണങ്ങൾ ചില ഭാഗങ്ങളിൽ സവിശേഷസ്ഥാനം നേടുന്നതിന് പ്രാപ്തമാക്കുന്നു. പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ പാർശ്വവൽക്കരണത്തിന്റെ ചട്ടക്കൂട് ചിലയിടങ്ങളിൽ മധ്യവർഗബോധത്തിലാണ് എന്നതിനെയാണ് കാണിക്കുന്നത്. മധ്യവർഗാവബോധത്തിലുള്ള സഹതാപത്തിന്റെയും സഹാനുഭൂതിയുടെയും സ്വഭാവവും ലക്ഷ്യവുമിത് പ്രകടിപ്പിക്കുന്നു. ഇങ്ങനെയൊന്ന് വാർത്തെടുക്കപ്പെടുന്നതിൽ അവകാശ സമരപ്രവർത്തനങ്ങളിൽ പങ്കെടുത്ത സഭയും പള്ളിയും ആക്റ്റിവിസ്റ്റ് ശ്രേണിയും ഉൾപ്പെടുന്ന സമ്പ്രദായങ്ങൾക്ക് പ്രധാന പങ്കുണ്ട്. തൊഴിലാളിവർഗബോധം ആധുനികമായ സംഘടനാസംവിധാനങ്ങളിലൂടെ ഉറപ്പിക്കപ്പെടുന്നതിൽ ഈ വിഭാഗങ്ങളുടെ സ്ഥാപനങ്ങളും ആശയങ്ങളും പലവഴികളും തുറന്നിട്ടുണ്ട്. മാർക്സിസ്റ്റ്-പൗരോഹിത്യ മധ്യവർഗബോധത്തിലുള്ള ആൻഡ്രൂസിന്റെ നോട്ടങ്ങൾ രചനകളിലെ ആമുഖങ്ങൾക്കും പഠനങ്ങൾക്കും തുടർച്ചയും പുനരുജ്ജീവനവും നൽകുന്നതായിരുന്നു. മിക്കയിടങ്ങളിലും ആദർശ ത്തിലൂന്നിയതോ അതിരുകടന്നതോ ആയ ഒരു സ്വത്വത്തിന്റെ സാങ്കൽപ്പിക പിന്തുടരലായി ഇത് മാറുന്നുണ്ട്. മെലോഡ്രാമാറ്റിക് ശൈലിയിൽ ആഖ്യാനത്തിലെ വൈകാരികഘടനകൾ വികസിപ്പിക്കുന്നതിൽ ഇവ്വിധം പുതിയ തരത്തിലുള്ള പാഠങ്ങളുടെ നിർമ്മിതിക്ക് പങ്കുണ്ട്.

### 5.5 ക്രിസ്ത്യൻ വിമോചനാദർശങ്ങൾ

> 1985ൽ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മൺസൂൺകാല ട്രോളിങ് നിരോധിക്കണമെന്നാവശ്യപ്പെട്ടു നടത്തിയ ജയിൽനിറയ്ക്കൽ സമര കാലഘട്ടം. കേരളത്തിലെ ജയിലറകൾ മത്സ്യത്തൊഴിലാളികളെ കൊണ്ട് നിറഞ്ഞു. 1985 ജൂലൈ 23ന് നീണ്ടകരയിലെ കടൽക്കൊള്ളക്കാരുടെ കോട്ടയിൽ മർദ്ദിതജനതയുടെ പതാക നാട്ടുന്നതിനുള്ള പുറപ്പാട് ഉണ്ടായി. ഒപ്പം നടന്നുനീങ്ങിയ വൈദികന് അരമനശാസനം വഴി ആദ്യത്തെ ദൈവത്തിന്റെ വിലക്ക് വീണു. എന്റെ മുമ്പിൽ എല്ലാവരും സമന്മാർ എന്നതായിരുന്നു വൈദികന്റെ മറുപടി. മർദ്ദകരോട് ഏറ്റുമുട്ടാൻ നീങ്ങുന്നത് എന്റെ ജനമാണ്. അവരോടൊപ്പം ഞാനും നീങ്ങും. വിമോചകനായ

രണ്ടാമത്തെ ദൈവത്തിന്റെ ശബ്ദമായിരുന്നു. അങ്ങനെ സഭാവസ്ത്രം സ്വീകരിച്ച ചിലരിലൂടെ ഞങ്ങൾ വിമോചക ദൈവത്തെ കണ്ടെത്തി (ആൻഡ്രൂസ്, 2006: 37).

ആൻഡ്രൂസിന്റെ രചനകളിൽ വ്യക്തിയെ സജീവമാക്കുന്ന സാമൂഹിക ഘടകങ്ങളിലൊന്നാണ് മത-സമുദായപ്രഭാവമെന്നത്. തീരവിഭാഗങ്ങളുടെ സമുദായവും സംസ്കാരവും പൊതുവെ തൊഴിലിനെയും ലിംഗകേന്ദ്രിതവ്യവസ്ഥയെയും അടിസ്ഥാനമായി നിൽക്കുന്നതാണ്. കേരളത്തിലെ തെക്കൻമേഖലയിലെ ലത്തീൻ കത്തോലിക്കാ വിഭാഗത്തെക്കുറിച്ച് വന്ന പഠനങ്ങൾ മത്സ്യത്തൊഴിലാളികളെ ലത്തീൻസഭയും പള്ളിയുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ, രാഷ്ട്രീയങ്ങൾ എന്നിവയുടെ നിരയിലാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. കൽപ്പനാ റാം, അപർണാ സുന്ദർ എന്നിവർ ദേശീയ-രാഷ്ട്രത്തിന്റെ മതേതരസംജ്ഞകൾക്ക് സമാന്തരമായി ഈ മതസാന്നിധ്യങ്ങളെ വായിക്കുന്നുണ്ട്. ആത്മീയവും സാമൂഹികവും സാമ്പത്തികവുമായ വിഷയങ്ങളിലുള്ള സഭയുടെ നേതൃത്വം കേരളത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള തീരദേശപഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കേരളത്തിൽ തീരമേഖലയിൽ സഭകൾ ഭരണകൂടത്തിന്റെ സ്വഭാവത്തിൽ നിരവധി പ്രവർത്തനങ്ങൾ നിർവഹിക്കുന്നു. നേരിട്ടുള്ള ഭരണപ്രവർത്തനങ്ങളിലൂടെ വികസനമൂല്യങ്ങൾക്ക് പ്രാധാന്യം സൃഷ്ടിക്കുന്നതും ജനാധിപത്യപരവും സ്ഥാപനവൽക്കരണപരവുമായ പങ്കാളിത്തവും മതേതരത്വതാൽപ്പര്യങ്ങളും അതിന്റെ പ്രത്യേകതകളാണ്. തീരപ്രദേശത്തെ സ്വത്വധാരണയിലുള്ള വിവിധ പ്രക്രിയകളുടെ മാധ്യസ്ഥമായി സഭയുടെയും മതത്തിന്റെയും പങ്ക് ഈ പഠനങ്ങൾ വിലയിരുത്തുന്നു.

പരിവർത്തനാനുഭവങ്ങളിലെ വ്യക്തിയും സമുദായവുമായി ബന്ധപ്പെട്ട് ഈ രചനകൾ നൽകുന്ന പ്രധാന അടയാളങ്ങളിലൊന്ന് ഈ മത-സമുദായ വ്യവഹാരങ്ങളുടെ ഇടപെടലുകളാണ്. തീരത്തെ അവകാശസമരങ്ങളുടെയും സന്നദ്ധപ്രവർത്തനങ്ങളുടെയും ഭാഗമായ ക്രിസ്ത്യൻ വിമോചനപദ്ധതികളാണ് ഇതിലെ പ്രധാനധാര. സാമുദായികമായ നിർണയനങ്ങളെയും വ്യക്തി ശൈലികളെയും പ്രതിനിധീകരിക്കുന്ന ഒന്നാണ് ഈ മതപരമായ വിപ്ലവാദർശ ങ്ങൾ. മനുഷ്യാവകാശം, നീതി എന്നിവയുമായി ബന്ധപ്പെട്ട കീഴാള പൊതുമണ്ഡലം എന്നു വിളിക്കാവുന്ന സിവിൽസമൂഹത്തിന്റെ പ്രതിഷ്ഠാപനത്തിലൂടെയാണ്

ഈ വിമോചനവാദം പ്രചാരം നേടിയത്. സാഹസിക ആഖ്യാനങ്ങളിലെ വീരത്തത്തിനു പുറമേ തൊഴിലാളിക്ക് സംയമനവും ആദർശവും അച്ചടക്കവും നൽകുന്നതിലും വിലാപശബ്ദങ്ങൾക്ക് ആന്തരികദർശനം നൽകുന്നതിലും വിമോചനദൈവശാസ്ത്രവീക്ഷണങ്ങൾ എങ്ങനെ പ്രവർത്തിച്ചുവെന്നതിന്റെ വിശദീകരണങ്ങളായി പറയാവുന്ന ചില തത്ത്വങ്ങൾ ഈ രചനകളിൽ കാണാം.

പാപത്തിന്റെയും സഹനത്തിന്റെയും ക്രിസ്ത്യൻബോധം ആൻഡ്രൂസിന്റെ രചനകളിൽ സവിശേഷമായി പ്രാധാന്യം നേടുന്നുണ്ട്. മീൻ, സ്ഥലം, ഉപകരണങ്ങൾ എന്നിവയുടെ അസാധാരണത്വത്താൽ നിർവചിക്കുന്ന സംവേദനങ്ങളും വികാരപരതയും പ്രാധാന്യം നേടുന്നത് സഹാനുഭൂതി, സ്നേഹം, ക്ഷമ, കരുണ തുടങ്ങിയ ഗുണങ്ങളിലാണ്. ഈ മൂല്യങ്ങളുടെ സ്വാധീനത്തിലാണ് ഭൗതികപോരാട്ടങ്ങൾ നിർണയിക്കുന്നത്. പാർശ്വവൽക്കരണത്തിൽനിന്ന് മോചിപ്പിക്കുന്നതിനുള്ള വിപ്ലവപരമായ ആത്മീയതയുടെ വാഗ്ദാനങ്ങളാണ് മത്സ്യത്തൊഴിലാളി അവകാശസമരങ്ങളെ മുന്നോട്ടു നയിച്ച പ്രധാന ഘടകങ്ങളി ലൊന്ന്. ഈ മാതൃകകൾ വിമോചനത്തിനുള്ള ഒരു വ്യവസ്ഥയായി മത്സ്യത്തൊഴി ലാളികളുടെ ദൈന്യതാപരമായ സ്ഥിതിവിശേഷത്തെ സമരപരിപാടികളിലും മറ്റും കൊണ്ടു വന്നിരുന്നു. തൊഴിൽമേഖല ഉൾപ്പെടുന്ന ഭൗതികവിഷയങ്ങളിലെ വേദനകളെ അപലപിക്കുന്ന ഭാഷാരൂപങ്ങളുടെ സവിശേഷത രചനകളുടെ ആമുഖങ്ങളിൽ കാണാൻ സാധിക്കും. ആത്മാവിന്റെ കഷ്ടപ്പാടുകൾ, ഹൃദയത്തിന്റെയും മനസ്സിന്റെയും അവസ്ഥാന്തരങ്ങൾ എന്നീ രൂപത്തിലാണീ വിശദീകരണങ്ങൾ. തൊഴിലാളിപ്രശ്നങ്ങളിൽ മാറ്റൊലിക്കൊണ്ടിരുന്ന വിമോചന തത്ത്വം ഈ വിഭാഗത്തിന്റെ ധാർമ്മികബോധത്തെ അടിസ്ഥാനമാക്കുന്നതു കൂടിയാണ്. സമത്വത്തിൽ അധിഷ്ഠിതമായ പ്രതിരോധവും വിപ്ലവദർശനങ്ങളും മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് തങ്ങളുടെ സാമൂഹികസാഹചര്യത്തെ പുനഃപരിശോധിക്കാൻ പ്രേരിപ്പിച്ചു. കോളനിയാനന്തരലോകം ഉയർത്തിയ വെല്ലുവിളി നേരിടാൻ തീരത്തിന് സ്വന്തമായി ഭാഷയും സഖ്യങ്ങളും ഉണ്ടാക്കാനുള്ള ശ്രമങ്ങൾക്ക് ഇത് അവശ്യസന്നാഹമായിത്തീർന്നിരുന്നു. ലത്തീൻ കത്തോലിക്കർക്കിടയിലെ സഭാനടപടികൾ മതപരമായ വൈകാരികാ വസ്ഥകളെ വളർത്തിയെടുക്കുന്നതിനുള്ള രീതികൾക്കൊപ്പം ഇത്തരം തൊഴിൽ വിഷയത്തെച്ചൊല്ലിയുള്ള അഭിപ്രായരൂപീകരണങ്ങൾക്കും പ്രധാന വേദിയൊരു ക്കിയിരുന്നു. തെക്കൻതീരത്ത്

സജീവമായിരുന്ന മതസംഘടനാ പ്രവർത്തന ങ്ങൾ ഈവിധം മത്സ്യത്തൊഴിലാളി അവകാശസമരങ്ങളിലും സജീവസാന്നിധ്യമായ ആധിപത്യം പുലർത്തി. ഇത് പരിവർത്തനാനുഭവങ്ങളിലെ തൊഴിലാളിത്തത്തെ സംബന്ധിച്ച് പ്രത്യേകമായ മാനസികാവസ്ഥകളെയും സാമൂഹിക-സാംസ്കാരിക-വൈകാരികലോകങ്ങളെയും പ്രതിഫലിപ്പിക്കുന്ന താണ്.

> ദേവയാനി സംസാരിക്കുന്നതിനിടയിൽ തേങ്ങിക്കരയുന്നുണ്ടായി രുന്നു. അവളുടെ കണ്ണീർ കണ്ടപ്പോൾ എന്റെ വിശപ്പും ദാഹവും കെട്ടടങ്ങി. അല്പം ദൂരെയായി ദേവയാനിയുടെ കുഞ്ഞ് മണൽ പ്പരപ്പിലിരുന്ന് മണൽ വാരി കളിക്കുന്നു. അവളുടെ ഭർത്താവായ ദേവനെ സ്രാവ് വിഴുങ്ങിയ സംഭവം അവൾ തേങ്ങിക്കരഞ്ഞുകൊണ്ട് വിവരിച്ചപ്പോൾ ഞാൻ ആകെ അസ്വസ്ഥനായി (ആൻഡ്രൂസ്, 2002 : 35).

> സ്വപ്നങ്ങൾ തകർന്നടിഞ്ഞ് ജീവിതം അനാഥമായ ഈ പാവങ്ങൾ കടൽ വിഴുങ്ങിയ തങ്ങളുടെ ജീവിതം തിരിച്ചുകിട്ടുന്നതിന് ഈ കടൽക്കരയിൽ എത്രനാൾ കാത്തിരിക്കണം? (ആൻഡ്രൂസ്, 2006: 32).

കഠിനമായ ജീവിതാവസ്ഥയോടുള്ള പ്രതികരണമായി തീവ്രമായ കണ്ണീരും വേദനയും സഹാനുഭൂതിയും ഒന്നിക്കുന്ന ചിത്രങ്ങൾ ആൻഡ്രൂസിൽ കാണാം. മതകേന്ദ്രീകൃതമായ പശ്ചാത്താപം, പാപം, സഹിഷ്ണുത എന്നിവ പുലർത്തുന്ന വേദനയും കണ്ണുനീരും ഇവിടെ ദുഃഖഭാവം ധ്വനിപ്പിക്കുന്നു. ഇതിനു കാരണമായ യന്ത്രവൽകൃത, മുതലാളിത്തരൂപങ്ങൾ തിന്മയുടെയും വൈകാരികാർഥങ്ങൾ വഹിക്കുന്നു. പരമ്പരാഗതരംഗമാകട്ടെ, സദ്ഗുണങ്ങളിലൂടെ ധന്യമായ ജീവിതം പുലർത്തുന്നവരും. ഇങ്ങനെയുള്ള വൈകാരികസംഭവങ്ങൾ പ്രകടിപ്പിക്കുന്ന ശൈലികളും ബിംബങ്ങളും സവിശേഷമായരീതിയിൽ വിമോചന-മാർക്സിസ്റ്റ് അനുഭവത്തിലൂടെ വിപുലീകരിക്കുന്നതിന്റെ നിരവധിചിത്രങ്ങൾ രചനയിൽ കണ്ടെത്താനാകും. മത്സ്യത്തൊഴിലാളിവിഭാഗങ്ങളെ വർഗപ്രതിനിധികളായി ചിത്രീകരിക്കുന്നതിനും തൊഴിലാളിവിഷയങ്ങൾക്ക് തുടർച്ചയുണ്ടാക്കുന്നതിലും സമരപ്രവർത്തകരായ വിമോചനദൈവശാസ്ത്രപ്രവർത്തകരുടെ ആശയാവലികൾ പ്രധാന പങ്ക് വഹിച്ചിരുന്നു എന്ന് ഇത് തെളിയിക്കുന്നു.

ആൻഡ്രൂസ് തന്റെ ഡയറിക്കുറിപ്പുകളും എഴുത്തുകളും വളരെ പ്രധാനപ്പെട്ട താണെന്ന ബോധ്യത്തോടെ സംഘടനാനേതൃത്വത്തിലേക്ക് വരുമ്പോൾ ഫാദർ ജോസ് കളീയ്ക്കലിനെ ഏൽപ്പിച്ചതായി അവസാന പുസ്തകത്തിൽ പറയുന്നുണ്ട്. പുരോഹിതരുടെ പ്രതികരണങ്ങൾ ഈ പുസ്തകങ്ങളിൽ അവതാരികകളും പഠനങ്ങളുമായി പ്രത്യക്ഷപ്പെടുന്നു. *കടൽമുത്തിന്റെ* ആമുഖപഠനവും രചിച്ചത് ഇദ്ദേഹമാണ്. പ്രകൃത്യവബോധത്തെ ഉത്തേജിപ്പിക്കുന്ന ഒന്നായിട്ടാണ് ജോസ് കളീയ്ക്കൽ കടലറിവിനെ വിലയിരുത്തുന്നത്. യാഥാർഥ്യം, സാഹിത്യം എന്ന് രണ്ടായി വേർതിരിക്കാനാകാത്ത പ്രകൃതിയെ, ആലാപനസ്വഭാവവും വേദനയും കലർത്തിയ ഒന്നായി അദ്ദേഹം സങ്കല്പിക്കുന്നുണ്ട്. അവതാരികകളിലെ ബിംബങ്ങളും പ്രതീകങ്ങളും ക്രിസ്റ്റ്യൻതിയോളജിയെ കുറിച്ച് സംസാരിക്കുന്നു. വിലാപത്തിന്റെ രൂപഭാവങ്ങൾ നിർണയിക്കുന്നതിൽ ക്രിസ്തുമതജീവിത ദർശനത്തിന്റെ സ്വാധീനം ഇവിടെ ദൃശ്യമാണ്. ജീവിതയാതനകളെ സ്വീകരിക്കുന്നതിലെ ആത്മപീഡ, വിഷാദാത്മകത്വം എന്നിവയുടെ ആവിഷ്കാരങ്ങൾ ഇത് വ്യക്തമാക്കുന്നു. പുരോഹിതരുടെ ഉപദേശങ്ങൾ വിശദീകരിക്കുന്ന സന്ദർഭങ്ങളും രചനകളിൽ ആവർത്തിച്ച് വരുന്നുണ്ട്. മത്സ്യത്തൊഴിലാളിയുടെ ദുരന്തപൂർണമായ ജീവിതാനുഭവങ്ങളാണ് ലത്തീൻ കത്തോലിക്കാ സഭയിലെ ഒരുകൂട്ടം പുരോഹിതരെ മത്സ്യത്തൊഴിലാളിസംഘടനാ പ്രവർത്തനത്തിന് നിർബന്ധിച്ചതെന്ന് മത്സ്യത്തൊഴിലാളിസമരങ്ങളിലെ വൈദികനേതൃത്വത്തെക്കുറിച്ചെഴുതിയ പുസ്തകത്തിൽ ജോസ് കളിയ്ക്കൽ അഭിപ്രായപ്പെടുന്നുണ്ട്[2].

'അന്ധവിശ്വാസജടിലമായ അനുഷ്ഠാനങ്ങളോടും മത മേധാവിത്വ ശക്തികളോടും അദ്ദേഹം പരാങ്മുഖനായി നിൽക്കുന്നു' എന്ന് *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങളുടെ* അവതാരികയിൽ ഫാദർ അലോഷ്യസ് ഡി. ഫെർണാണ്ടസിനെക്കുറിച്ച് ആൻഡ്രൂസ് അഭിപ്രായപ്പെടുന്നു. പൗരോഹിത്യ ത്തിലെ വിപ്ലവമാർഗത്തെ മുന്നോട്ടുനയിച്ച വ്യക്തിത്വമായിട്ടാണ് ഇദ്ദേഹത്തെ ആൻഡ്രൂസ് വിശേഷിപ്പിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളിസമരവുമായി ബന്ധ പ്പെട്ട് സഭയ്ക്കുള്ളിൽ നടന്ന തർക്കങ്ങളിൽ പുരോഹിതർ ഇരുചേരിയായി മാറിയിരുന്നു. ഇടതുപക്ഷത്തിന്റെയും വലതുപക്ഷത്തിന്റെയും നിരയിൽ ഇരിപ്പുറപ്പിച്ച ഈ വിഭാഗം വൈദികർ ശക്തമായി ബോട്ടുടമകൾക്കുവേണ്ടി സർക്കാറിനോടൊപ്പം ചേർന്ന് വാദിച്ചു. പരമ്പരാഗതവിഭാഗത്തിലെ മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ വിമോചന ദൈവശാസ്ത്ര ആഭിമുഖ്യം പുലർത്തിയ

എതിർചേരിയിലെ വൈദികരും ഇവരുടെ അവകാശവാദങ്ങളെ തള്ളിക്കൊണ്ട് നിലക്കൊണ്ടു. വിമോചനദൈവ ശാസ്ത്ര ത്തിനെതിരെ പുറംതിരിഞ്ഞു നിന്ന ഒരു വിഭാഗം പുരോഹിതരെ ഒറ്റുകാരും മർദ്ദകരുമായിട്ടാണ് ആൻഡ്രൂസ് *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങളിൽ* വിലയിരുത്തുന്നത്. "കടൽക്കൊള്ളക്കാരാൽ നശിപ്പിക്കപ്പെട്ട നിങ്ങൾ മരണ ത്തിലും തോൽക്കാത്തവരാണ്" എന്ന വികാരിയുടെ ഉപദേശങ്ങൾ ഈ പുസ്തകത്തിൽ പൗരോഹിത്യത്തിലെ വിഭാഗീയതകളിൽ മത്സ്യത്തൊഴിലാളി കൾക്കെതിരെ നിലകൊണ്ട സഭാനടപടികളെ പ്രത്യേകമായി സൂചിപ്പിക്കുന്നു.

> അതിഭീകരമായ കൊടുങ്കാറ്റും പേമാരിയും കടൽക്ഷോഭവും മൂലം കടലോരത്തെ വീടുകളും കുടിലുകളും നഷ്ടപ്പെട്ടു. ഉടുതുണിക്കു മറുതുണിയില്ലാതെ ജീവിതഭാരം പേറി കഴിയുന്നവരുടെ ദീനരോദനം കേൾക്കാനാരുമില്ലാതായി. ഈ വസ്തുതകളെല്ലാം അനുഭവി ച്ചറിയുന്ന ഗ്രന്ഥകാരൻ തന്നോടൊപ്പം സുഖദുഃഖങ്ങളിലൊന്നു ചേർന്ന്, ഇതിൽ നിന്നും മോചനം നേടാനായി പ്രവർത്തിച്ച ആത്മമിത്രങ്ങളുടെ, കടലിലും കരയിലുമായി ഉണ്ടായ വേർപാട് താങ്ങാനാവാതെ തന്റെ ഹൃദയരക്തത്തിൽ പേന മുക്കിക്കുറിച്ച അനുഭവങ്ങളാണ് ഈ കൃതിയിലുള്ളത്. ആഗോള-വ്യവസായ വൽക്കരണങ്ങളുടെ കരാളഹസ്തങ്ങൾക്കുള്ളിൽ വേദന തിന്നു കഴിയുന്ന താനുൾപ്പെടെയുള്ള പാവപ്പെട്ടവന്റെ ഉയർത്തെഴുന്നേല്പി നായി അദ്ദേഹം പോരാടുന്നു (ആൻഡ്രൂസ്, 2006: 16).

ഫാദർ അലോഷ്യസ് പുസ്തകത്തിന്റെ അവതാരികയിൽ പ്രസ്താവിച്ച ഭാഗങ്ങളാണ് മുകളിൽ ചേർത്തത്. അതോടൊപ്പം രചനയിലെ അനുസ്മരണങ്ങൾ, ദൈവശാസ്ത്രപരമായ വിശകലനങ്ങൾ എന്നിവ ആത്മീയ ഉപദേഷ്ടാക്കളോടുള്ള ആൻഡ്രൂസിന്റെ താൽപ്പര്യത്തെ വെളിപ്പെടുത്തുന്നു. സഭാനടപടികൾക്കെതിരെ യുള്ള നിരന്തരമായ വിമർശനാത്മകസ്വഭാവവും തന്റെ യൂണിയൻ രാഷ്ട്രീയജീവിതത്തിന്റെ കൂടുതൽ വിപുലവും വിശദവുമായ വിവരണങ്ങൾ വിമോചനദൈവശാസ്ത്രത്തിന്റെ ശക്തമായ സ്വാധീനം കാണിക്കുന്നു.

രചനകളിലെ പ്രകൃതി ഇംപ്രഷനുകൾ പരിവർത്തനാനുഭവങ്ങളെ അഭിമുഖീകരിക്കുന്നതിലെ പ്രധാന രൂപങ്ങളാണ്. ആൻഡ്രൂസിന്റെ മത്സ്യത്തൊഴിലാളികളുടെ

സുവർണകാലഘട്ടത്തിലേക്കുള്ള പരിശോധനയെ രൂപപ്പെടുത്തുന്നതിൽ ഈ ധാരണകൾക്ക് പ്രധാന പങ്കുണ്ട്. മതപരമായ ധാർമ്മികപ്രചോദനത്തിൽ നിന്നാണ് ദൈനംദിന അധ്വാനത്തെ ആസ്പദമാക്കുന്ന ജീവിതചര്യയെ പ്രകൃതി-സാമൂഹികാദർശമാതൃകയിൽ വിവരിക്കുന്നത്. ആഖ്യാനത്തിന് വെളിപ്പെടുത്തലിന്റേതായോ കണ്ടെത്തലിന്റേതായോ ഉള്ള ഒരുഭാഷയെയും വിചാരത്തെയും പ്രതിനിധീകരിക്കുന്നതിനിത് ഇടയാക്കുന്നു. ഈ നിമിഷത്തിന് മുമ്പുള്ള, കഴിഞ്ഞു പോയ കാലത്തേക്ക് സഞ്ചരിച്ചുകൊണ്ട് ഭൂതകാലത്തെ അവ വീണ്ടെടുക്കുന്നു. തന്റെ പുനരാലോചനയിലൂടെ അനുഭവിച്ച 'ദുഃഖത്തിന്റെ പ്രതിഫലനം' ഇവിടെ ദൈവശാസ്ത്രസ്വാധീനമുള്ള വീണ്ടുവിചാരത്തിന്റെ ഭാഷയെ വഹിക്കുന്നു. പ്രകൃതിയും മറ്റുള്ള വസ്തുപശ്ചാത്തലവും മാനസികാവസ്ഥയ്ക്കുള്ള പ്രതിഫലനമായി ചിത്രീകരിക്കുന്നു. ഇങ്ങനെ ഭൗതികവും ആത്മീയവുമായ സാഹചര്യങ്ങളുമായി ചേർത്താണ് വിലാപത്തിന്റെ വിഷയമായി തൊഴിലാളികളെ ചിത്രീകരിക്കുന്നത്.

> വൈകുന്നേരം അഞ്ചു മണിക്ക് ഞങ്ങൾ ഒരുക്കങ്ങൾ നടത്തി, ചൂണ്ട ഉപകരണങ്ങളുമായി കടൽപ്പുറത്തു വന്നപ്പോൾ അന്തരീക്ഷം ശരിയല്ലായിരുന്നു. ആകാശം ഇരുണ്ടുമൂടി ശക്തമായ കച്ചാൽകാറ്റ് വീശിക്കൊണ്ടിരിക്കുന്നു. ഞങ്ങളെ ഒരു കരിംപൂച്ച വലം വയ്ക്കുന്നു ണ്ടായിരുന്നു. ഞങ്ങൾ മണൽപ്പരപ്പിൽ കിടന്നു (ആൻഡ്രൂസ്, 2002: 41).

> കടലിൽ വലയെറിയുന്ന സമയത്ത് കലശലായ നെഞ്ചുവേദന അനുഭവപ്പെട്ടു. അപ്പോഴേക്കും കാറ്റിന്റെ ശക്തിയും കൂടിവരുന്നു ഉണ്ടായിരുന്നു. നക്ഷത്രങ്ങൾ കാർമേഘങ്ങളുടെ ഇരുട്ടറയിലേക്ക് വലിഞ്ഞുകൊണ്ടിരുന്നു. ശക്തമായ കാറ്റിനും കോളിനും മുന്നറിയിപ്പ് തരുന്ന കടൽക്കാക്കകൾ കരയിലേക്ക് പറന്നു. ജലത്തിനുയരെ സഞ്ചരിച്ചുകൊണ്ടിരുന്ന നെത്തോലിപാടം കണ്ട് വട്ടമിട്ടു പറന്നി രുന്ന കരിവണ്ടുകൾ നിലയ്ക്കാത്ത ശബ്ദം പുറപ്പെടുവിച്ചു. അന്തരീക്ഷം ഭയാനകമാണെന്ന് മനസ്സിലാക്കിയ വള്ളക്കാർ കടലിൽ എറിഞ്ഞ വല അതിവേഗം വള്ളത്തിലേക്ക് വലിച്ചെടുക്കാൻ ആരംഭിച്ചു. പങ്ക്രോസാണ് വലവലിച്ചത്. മത്സ്യമില്ലാത്ത വല കണ്ടുകഴിഞ്ഞ പ്പോൾ

> പക്രോസിന്റെ ഹൃദയം തേങ്ങി. നാളെ എന്തു ചെയ്യും? കിടപ്പാടം വരെ പണയപ്പെടുത്തി കഴിഞ്ഞിരിക്കയാണ് (ആൻഡ്രൂസ്, 2006: 66 ).

ഈ ഖണ്ഡങ്ങളിലെ ദുഃഖാവബോധത്തെ ആവിഷ്കരിക്കുന്ന പ്രകൃതി ദൃശ്യങ്ങളാണ് അന്തരീക്ഷം മൂടിക്കിടക്കുന്നതും ഭയാനകവുമായിത്തീരുന്നു എന്ന രീതിയിലുള്ള രംഗചിത്രീകരണങ്ങൾ. ഇവിടെ റിയലിസത്തിന്റെ വസ്തുനിഷ്ഠമായ കാഴ്ചപ്പാടും പ്രകൃത്യനുകരണവും കൂടിച്ചേരുന്നു. ആദർശാത്മകസ്വത്വത്തിന്റെ ഈ വിഷാദ സ്വഭാവത്തിലുള്ള ഓർമ്മകൾ ആഖ്യാനത്തിന്റെ കാൽപ്പനികതലങ്ങൾ വ്യക്തമാക്കുന്നു. എല്ലാറ്റിലും പരന്നു വ്യാപിച്ചുനിൽക്കുന്ന വിലാപത്തിന്റെ പശ്ചാത്തലം കൃതിയിലെ ഇത്തരത്തിലുള്ള അമൂർത്തസ്വഭാവത്തിലാണ് നിൽക്കുന്നത്. വ്യക്തിസമീപനങ്ങളും പശ്ചാത്തലങ്ങളിലെ ഇംപ്രഷനുകളും മറ്റു വിവരണങ്ങളും പൊതു/സ്വകാര്യ വിഭജനങ്ങളിലെ സ്വകാര്യമെന്നു വിളിക്കാവുന്ന വ്യക്തിയുടെ ആന്തരികമായ വൈകാരിക പ്രതികരണമായി പറയാം. മാത്രമല്ല, ഈ ഭാഗങ്ങളിലെ ഞാൻ, ഞങ്ങൾ എന്നിവയ്ക്കിടയിൽ വരയ്ക്കുന്ന വിഭജനങ്ങൾ പ്രധാനമാണു താനും. മറ്റൊന്ന് രചനയിൽ പ്രത്യക്ഷപ്പെടുന്ന പ്രകൃതിപശ്ചാത്തല വർണനകളാണ്.

> ക്രിസ്മസ് വരുന്നു. ഇങ്ങനെ പോയാൽ ക്രിസ്മസിനും പട്ടിണിയാകും. തെളിഞ്ഞ ആകാശം കണ്ടാണ് തോണി ഇറക്കിയതെന്ന് പറഞ്ഞു. നക്ഷത്രങ്ങൾ തെളിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. മൂന്നു നക്ഷത്രങ്ങൾക്ക് വഴികാട്ടിയായ വാൽനക്ഷത്രം അങ്ങകലെ എവിടെയോ മറഞ്ഞു നിൽക്കുന്നു. (ആൻഡ്രൂസ്, 2006: 69).

വ്യക്തികളുടേതായ ആന്തരികലോകവും ദൈവശാസ്ത്രവും ചേർന്ന ആത്മീയ ദർശനമാണിവിടെ ആൻഡ്രൂസ് മുന്നോട്ടുവെക്കുന്നത്. വ്യക്തികൾക്ക് മതവിശ്വാ സങ്ങളുമായി ബന്ധപ്പെട്ട ആന്തരലോകങ്ങളുടെ അനുഭൂതികളും പ്രതീകാത്മ കതയും ഇവിടെ ധ്വനിപ്പിക്കുന്നു. തുടർന്ന് വായനക്കാരെ സങ്കല്പിച്ചുകൊണ്ടുള്ള രാഷ്ട്രീയത്തിന്റെയും പുരോഗതിയെക്കുറിച്ചുള്ള ചുറ്റുപാടിന്റെയും രാഷ്ട്രീയബോധത്തെ ക്കുറിച്ച് ധാരണ നൽകുന്നു. മതത്തിന്റെ തത്ത്വചിന്തയുടെ ഭാഗമായിട്ടുള്ള ഗുണങ്ങൾ, യൂണിയൻപ്രവർത്തനങ്ങൾ എന്നിവയിലൂടെ മത്സ്യത്തൊഴിലാളി സ്വത്വത്തിന്റെ സ്വയംഭരണം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങൾ ആൻഡ്രൂസിവിടെ വിഭാവനചെയ്യുന്നു. ഇങ്ങനെ പൊതു-സ്വകാര്യ സംയോജനം

അതായത് ജീവിത ദർശനപരമായ പ്രതീകാത്മകതയുടെയും രാഷ്ട്രീയാവബോധത്തിന്റെയും കൂടിച്ചേരലുകൾ ആൻഡ്രൂസിന്റെ രചനകൾ കാണിക്കുന്നു. രാഷ്ട്രീയസംവേദന ങ്ങളുടെയും വികാരങ്ങളുടെയും ആഖ്യാനരീതികൾ ക്രിസ്ത്യൻ വിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്നിത് ശരിവയ്ക്കുന്നു. എന്നാൽ അത് പക്വത പ്രാപിക്കുന്നതിനും പുതിയ ആശയാവിഷ്കാരങ്ങളുടെ ആവിർഭാവമൊരുക്കുന്നതിനും വിവിധ വ്യക്തികൾ, ആശയങ്ങൾ, ഓർമ്മകൾ, മറ്റു സ്ഥാപനപരമായ പദ്ധതികളും പ്രയോഗങ്ങളും സഹായിച്ചിട്ടുണ്ട് എന്ന് പറയാം. പനിപ്പിള്ളയുടെ രചനയിൽ ആത്മീയതയുടേത ല്ലാത്ത ഒരു തീരപരിതസ്ഥിതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. പി.സി.ഒ. തീരദേശ പരിസ്ഥിതിസംബന്ധമായ സന്നദ്ധപ്രവർത്തനങ്ങൾ, അന്താരാഷ്ട്ര സംഘടന കളുമായുള്ള ഇടപെടൽ എന്നിവയെത്തുടർന്നുള്ള പുതിയ അവബോധങ്ങളുടെയും രാഷ്ട്രീയ ഉണർവുകളുടെയും രീതികളാണ് പനിപ്പിള്ളയെ സ്വാധീനിച്ചത്. എന്നാൽ പ്രാദേശികവിശ്വാസങ്ങളുടെയും മതപരമായ അനുഭവങ്ങളുടെയും ഊർജം ഇരുവരു ടെയും ആഖ്യാനങ്ങളുടെ പൊതുസ്വഭാവമാണ്.

## 5.6 സംഗ്രഹം

മത്സ്യത്തൊഴിലാളിതന്മയെ നിർമ്മിക്കുന്ന ആഖ്യാനരൂപങ്ങളാണ് വിലാപം, സാഹസികത എന്നിവ. സാഹിത്യരീതികളായോ മത്സ്യത്തൊഴിലാളിയനുഭവങ്ങളുടെ യഥാതഥപ്രകടനമായോ അവ പുറത്തുവരുന്നു. മത്സ്യത്തൊഴി ലാളിസ്വത്വം, കൂട്ടായ്മയുടെ പ്രാതിനിധ്യം എന്നിവ ചിത്രീകരിക്കുന്നതിനു പുറമേ സമകാലികമായ സാംസ്കാരിക-സാഹിത്യ രീതികളിൽക്കൂടി അവ ആവിഷ്കാര രീതികൾ തേടുന്നു. വായനക്കാരെ വൈകാരികമായി പ്രകോപിപ്പിക്കുന്ന വിവിധ തന്ത്രങ്ങൾ, രീതികൾ അവലംബമാക്കുന്നു. പരമ്പരാഗതരംഗത്തിന്റെ തൊഴിൽപരവും രാഷ്ട്രീയവുമായ കൂട്ടായ്മയുടെ പ്രവർത്തനശക്തിയായി ആഖ്യാനത്തിൽ അത് വിവിധ വഴികൾ കണ്ടെത്തുന്നു. ഈ രൂപങ്ങൾ മത്സ്യ ത്തൊഴിലാളിയെ സംബന്ധിച്ച സാഹിത്യരൂപങ്ങളുടെ നിർമ്മിതിക്കപ്പുറം ലിംഗഅടയാളങ്ങളായും മത്സ്യത്തൊഴിലാളികളുടെ പരിവർത്തനകർതൃത്വത്തിന്റെ മാതൃകയായും വ്യക്തമാക്കപ്പെടുന്നുണ്ട്. അതിനുപുറമേ വികാരങ്ങളുടെയും ശരീരത്തിന്റെയും കൂടി പങ്കിനെ അടയാളപ്പെടുത്തുന്നതാണ് വിലാപത്തിന്റെയും സാഹസികതയുടെയും ഈ

ആഖ്യാനരൂപങ്ങൾ. വിലാപത്തിന്റെ സംവേദനങ്ങൾ ദൈന്യതയുടെയും ആത്മാനുകമ്പയുടെയും വികാരാവിഷ്കാരങ്ങളിലാണ് രൂപം കൈവരിക്കുന്നത്. അക്രമം, പോരാട്ടം, ദൈന്യത എന്നിവയുടെ രൂപകമായി വിലാപത്തെ ചിത്രീകരിക്കുന്നു. ഇവിടെ മത്സ്യത്തൊഴിലാളികർതൃത്വത്തെ സംബന്ധിച്ച വിലാപത്തിന്റെ ധാരണകൾ അന്യവൽക്കരണത്തിന്റെയും അധഃസ്ഥിതത്വത്തിന്റെയും ചട്ടക്കൂടിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. ആധുനികീകരണങ്ങളിലൂടെ പരമ്പരാഗതവിഭാഗങ്ങൾക്ക് സംഭവിച്ച നഷ്ടങ്ങൾക്ക് അവ ആഖ്യാനപരമായ സാധുത നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ വേദനയും നഷ്ടവുമായി ബന്ധപ്പെട്ട സ്വത്വനിർമ്മാണത്തിന്റെ വിവിധ രീതിയെയും മുറകളെയും അവ വെളിപ്പെടുത്തുന്നു. പ്രതിസന്ധിയുടെയും അനിശ്ചിതത്വത്തിന്റെയും പ്രകടനങ്ങളായി മത്സ്യത്തൊഴിലാളികർത്തൃത്വത്തെ പരുവപ്പെടുത്തുന്നു. വിലാപവും സാഹസികതയും ആവിഷ്കരിക്കുന്നതിൽ ആദർശാത്മക മൂല്യങ്ങൾക്കു പുറമേ വികാരങ്ങളെയും ശരീരത്തെയും പ്രത്യേകം സ്ഥാനപ്പെടുത്തുന്നു. ദൈന്യതയും നഷ്ടവും വഹിക്കുന്ന മത്സ്യത്തൊഴിലാളിശരീരങ്ങൾ അടയാളമാക്കുന്നു. വേദനകളുടെ പ്രതിപാദന ത്തിന് ക്രിസ്ത്യൻ വിമോചനാശയങ്ങളുടെ സ്വയം പ്രതിഫലന ആശയങ്ങൾ കേന്ദ്രമായി നിൽക്കുന്നു. വിള്ളലുകളെ കേന്ദ്രീകരിക്കുന്ന നഷ്ടവും ആദർശവും ഇവിടെ മധ്യവർഗ രാഷ്ട്രീയത്തോടുള്ള ചായ്‌വും മതാത്മകപ്രതിഫലനവും പ്രകടിപ്പി ക്കുന്നു. മത്സ്യത്തൊഴിലാളിതന്മയെ പുതിയൊരു ആദർശമാതൃകയിൽ വിപുലപ്പെടുത്തുന്നതിന്റെ ചിത്രങ്ങളായി ഇതു മാറുന്നു. സാഹസികതയിലൂടെ ശരീരത്തെ പ്രത്യേക വൈദഗ്ധ്യവും ആത്മവിശ്വാസവുമുള്ള ക്രമത്തിന്റെ വ്യവസ്ഥയായി ഇരുവരും ആവിഷ്കരിക്കുന്നു. പനിപ്പിള്ള പുരുഷസ്വത്വത്തിന്റെ മതപരവും തൊഴിൽപരവുമായ ശരീരസ്ഥമായ അവതരണം കൂടിയായി സാഹസികതയെ വെളിപ്പെടുത്തുന്നു. ആൻഡ്രൂസ് തന്റെ മത്സ്യത്തൊഴിലാളി പ്രവർത്തന ജീവിതത്തിലും മത്സ്യത്തൊഴിലാളി ശരീരത്തിലുമുള്ള വിള്ളലിന്റെ വിവരണത്തിലൂടെ മത്സ്യത്തൊഴിലാളിയെ ഒരു പൊതു രാഷ്ട്രീയസ്വത്വമായി പുനർനിർമ്മിക്കുന്നു. പനിപ്പിള്ളയുടെയും ആൻഡ്രൂസിന്റെയും രചനകളിൽ പൊതുവായി ആത്മാർപ്പണം, കഠിനാധ്വാനം, സങ്കീർണത എന്നിവയാണ് സാഹസികതയുടെ ഭാഷ്യങ്ങളായി വെളിപ്പെടുന്നത്. പിതൃബിംബങ്ങളുടെ ചരിത്രങ്ങൾ സൂചിപ്പിക്കുന്ന സാമൂഹികമായ തലത്തെയാണവ പ്രധാനമായും ആശ്രയിക്കുന്നത്. പ്രകൃതി/മനുഷ്യൻ വൈരു ധ്യങ്ങളെയും

അവയിൽനിന്ന് വേറിട്ട കടലിന്റെ ഒരു പുതിയ സങ്കല്പവും അവയിൽ നിലനിൽക്കുന്നു. പരമ്പരാഗതരംഗത്തിന്റെ ജീവിതാനുഭവത്തെ അടിസ്ഥാനമാക്കി സാംസ്കാരികചട്ടക്കൂടുകളുടെ വിഷയമായി 'സാഹസികത' ആഖ്യാനരൂപം കൈക്കൊള്ളുന്നു. പരിവർത്തനാനുഭവത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള തീരദേശ ത്തിന്റെ വ്യത്യസ്തമായ ആഖ്യാനരീതിക്ക് സാഹസികത സാക്ഷ്യം വഹിക്കുന്നു.

**കുറിപ്പുകൾ**

1. Danius, S., Jonsson, S., & Spivak, G.C. (1993). An Interview with Gayatri Chakravorty Spivak. Boundary 2, 20(2), 24-50. http://www.jstor.org/stable/30335

2. Jose kaleekal, 2021

## അധ്യായം ആറ്
## ഉപസംഹാരം

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങളെ (Transition Experiences) ആഖ്യാനവിശകലനത്തിന് വിധേയമാക്കുകയാണ് ഈ പ്രബന്ധം ചെയ്യുന്നത്. പരമ്പരാഗതമെന്നും യന്ത്രവൽകൃതമെന്നും വിഭജിക്കപ്പെട്ട മത്സ്യബന്ധനരീതികൾക്കിടയിലെ വൈരുധ്യങ്ങളിൽനിന്നും അധിനിവേശ സ്വഭാവമുള്ള ആധുനികവൽക്കരണം സൃഷ്ടിച്ച അനിശ്ചിതത്വങ്ങളിൽ നിന്നുമാണ് ഈ അനുഭവങ്ങൾ രൂപപ്പെടുന്നത്. തദ്ദേശീയമായ വൈദഗ്ധ്യവും ആധുനികശാസ്ത്ര-സാങ്കേതികവിദ്യകളും തമ്മിലുള്ള സംവാദാത്മകമായ ബന്ധത്തെയാണ് ഈ അനുഭവങ്ങൾ പ്രതിനിധീകരിക്കുന്നത്. എ. ആൻഡ്രൂസ് രചിച്ച മൂന്ന് അനുഭവാഖ്യാനങ്ങളും റോബർട്ട് പനിപിള്ള രചിച്ച കടലറിവുകളും നേരനുഭവങ്ങളും എന്ന അനുഭവാഖ്യാനവുമാണ് പഠനത്തിന്റെ ഭാഗമായി വിശകലനവിധേയമാക്കിയത്. ശാസ്ത്ര-സാങ്കേതികവിഷയങ്ങളെയും സാംസ്കാരികപ്രയോഗങ്ങളെയും അടിസ്ഥാനമാക്കി ജാതി-സമുദായ-ലിംഗാനുഭവങ്ങൾ നിർമ്മിക്കപ്പെടുന്നുവെന്ന് പ്രബന്ധം കണ്ടെത്തുന്നു.

തീരദേശാഖ്യാനങ്ങൾ ആധുനികീകരണങ്ങളോട് പല നിലയ്ക്ക് ഇടപ്പെടുന്നുണ്ട്. എന്നാലത് പരിസ്ഥിതി- ഫോക് ലോർ പാഠങ്ങൾ ഉന്നയിക്കുന്ന ‘സുസ്ഥിരമായത്’, ‘തനത്’ എന്ന രീതിയിൽ മാത്രമല്ല പകരം ആധുനികമായ ശാസ്ത്ര-സാങ്കേതികരംഗങ്ങളുടെ യുക്തി ഉണ്ടാക്കുന്ന നിബന്ധനങ്ങൾക്കുള്ളിലും പുറത്തുമായി അതിനെ നേരിട്ടുകൊണ്ടാണത് കാലികമായി നിൽക്കുന്നത്. കേരളതീരത്തെ ആധുനികീകരണത്തോടുള്ള ഏറ്റുമുട്ടലുകളുടെ ഭാഗമായിട്ടുള്ള കർതൃത്വരൂപീകരണത്തിന്റെ അടയാളമായാണ് 'പരിവർത്തനാനുഭവങ്ങളെ' ഈ പ്രബന്ധം സ്വീകരിച്ചിരിക്കുന്നത്. കടലറിവിനെ പ്രതിനിധീകരിക്കുന്ന കേവലമായ അനുഭവങ്ങളെന്ന വായനയെ വിമർശനാത്മകമായി പരിശോധിക്കുന്നു. പരിവർത്തനത്തിന്റെ അനേകം കാഴ്ചാ സ്ഥാനങ്ങളിലൊന്നാണ് കടലറിവുകൾ. ജാതിശ്രേണിയുടെയും തനത് പരിസ്ഥിതിവാദത്തിന്റെയും ഭാഗമായ ഒരു പ്രത്യയശാസ്ത്രനിർമ്മിതിയാണിത്. ഈ നോട്ടങ്ങൾ മത്സ്യത്തൊഴിലാളി കർതൃത്വത്തെ ശാസ്ത്രവിരുദ്ധമായ ഒന്നായി ഉറപ്പിക്കുകയും ഫോക് ലോർ-പരിസ്ഥിതി ബിംബങ്ങളിലൂടെ തീരദേശ ജീവിതത്തെ ന്യൂനീകരിക്കുകയും ചെയ്യുന്നുണ്ടെന്ന്

പ്രബന്ധം നിരീക്ഷിക്കുന്നു. വൈജ്ഞാനികതയെയും കടലറിവുകളെയും കേവലം സത്താപരമായോ കാലാതീതമായോ നിലനിൽക്കുന്ന ഒന്നായല്ല, മറിച്ച് പ്രത്യേക സാമൂഹിക-സാമ്പത്തിക പരിതസ്ഥിതികളിൽ നിർമ്മിക്കപ്പെടുന്ന മത്സ്യത്തൊഴിലാളി വൈദഗ്ധ്യ പാഠങ്ങളായാണ് ഈ പ്രബന്ധം പരിഗണിച്ചത്. കടലനുഭവങ്ങളിലെ വൈദഗ്ധ്യം എന്നത് ഓരോ കാലഘട്ടത്തിലെയും സവിശേഷമായ അധികാരബന്ധങ്ങളിലൂടെ പുനർനിർണയിക്കപ്പെടുന്നതാണ്. പരിവർത്തനഘട്ടത്തിൽ ആധുനിക ശാസ്ത്രീയവാദങ്ങളോട് സംവദിക്കുമ്പോഴാണ് ഈ വൈദഗ്ധ്യത്തിന്റെ രൂപവും ഭാവവും വെളിപ്പെടുന്നത്. ആധുനികമായ അവബോധത്തിലൂടെ അനുഭവങ്ങൾ വൈദഗ്ധ്യത്തെ പുനർനിർവചിക്കുന്നു; അതാണ് കടലിനെക്കുറിച്ചുള്ള വിജ്ഞാനമായി മാറുന്നത്.

തീരപരിവർത്തനങ്ങൾ നിർമ്മിച്ച തൊഴിൽപ്രസ്ഥാനങ്ങളുടെയും മത/ മതേതര സാമൂഹിക സംഘടനകളുടെയും പരിസരങ്ങളിലാണ് ഇത്തരം സാഹിത്യപരമായ ആവിഷ്കാരങ്ങൾ ഉണ്ടാകുന്നത്. തൊഴിൽസംഘടനകളുടെയും വിമോചന ജനകീയപ്രസ്ഥാനങ്ങളുടെയും ആധുനികവിദ്യാഭ്യാസ രീതിയിലുള്ള മൂല്യപരിശീലനങ്ങൾ പുരോഗതിയെയും മതപരമായ പ്രബുദ്ധതയെയും കുറിച്ചുള്ള ലത്തീൻകത്തോലിക്കരുടെ വിശിഷ്യ ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും ചരിത്രപരമായ കാഴ്ചപ്പാടുകളെ പുതിയരീതിയിൽ പുനരുൽപ്പാദിപ്പിക്കാൻ ഇടയേകി. മതപരമായ ആത്മനിഷ്ഠതയെ തൊഴിൽ സാമൂഹികതയിലൂടെ നിർവചിക്കുന്ന രീതി ഇവരുടെ ആഖ്യാനങ്ങളിൽ പ്രകടമാണ്. ഇതിലൂടെ പരിവർത്തനമെന്നത് മത്സ്യത്തൊഴിലാളി അനുഭവങ്ങളെ ചിട്ടപ്പെടുത്തുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന സാഹചര്യമോ പരിസരമോ ആയി പ്രബന്ധം എടുക്കുന്നു. പരിവർത്തനാനുഭവങ്ങൾ ശരീരസ്ഥമായ പ്രവൃത്തികളെയും കാഴ്ചകളെയും വികാരങ്ങളെയും സ്വാധീനിക്കുന്ന ഒന്നായി സ്വത്വത്തെ രൂപപ്പെടുത്തിയതായി പ്രബന്ധം കണ്ടെത്തുന്നു.

### 6.1 പുതു മത്സ്യതൊഴിലാളിത്തം

ഭൂതകാലാനുഭവങ്ങളെ സ്വാംശീകരിച്ചുക്കൊണ്ടാണ് അനുഭവങ്ങളുടെ ആഖ്യാനവൽക്കരണമെന്ന പ്രക്രിയ രചനയിൽ നടക്കുന്നത്. തീരജീവിതത്തിലെ ഒരു വർത്തമാന സന്ദർഭത്തെയോ അനുഭവ പ്രപഞ്ചത്തിന്റെ ആഖ്യാനമെന്നോ ഉള്ള മട്ടിലാണ് അവ സ്ഥാനപ്പെടുത്തിയിരിക്കുന്നത്. പരിവർത്തനത്തിന്റെ ഭാഗമായി രൂപപ്പെട്ട വിള്ളലിൽനിന്നാ

ണ് ഇത്തരത്തിൽ അനുഭവങ്ങളെ രചനകൾ പുനഃസംഘടിപ്പിക്കുന്നത്. ഇതിലൂടെ മത്സ്യത്തൊഴിലാളിസങ്കല്പങ്ങളെ വിമർശനാത്മകമായി സമീപിക്കുകയും നിലവിലുള്ള പൊതുബോധത്തെ തിരസ്കരിക്കുകയും പുതിയൊരു സ്വത്വം അനുമാനിക്കുകയും ചെയ്യുന്നു. അതിൽ പ്രധാനമാണ് ഒരു പുതിയ തൊഴിലാളിതന്മയുടെ (identity) പുനഃസൃഷ്ടിയെന്നത്. സ്വയംതിരിച്ചറിവിന്റെ ഒരു സാധ്യതയിത് നൽകുന്നു.

ആൻഡ്രൂസും പനിപ്പിള്ളയും തീരപ്രവർത്തകർ എന്ന വ്യക്തിത്വത്തിന്റെ ഫലമായി സങ്കല്പിക്കുന്ന ഈ പുതിയ മത്സ്യത്തൊഴിലാളിസങ്കല്പത്തിന്റെ സവിശേഷതകളാണ് പരമ്പരാഗത മേഖലയുടെ അവകാശസമരങ്ങളെയും സ്വയംനിർണ്ണയനത്തിന്റെ പ്രവർത്തന മണ്ഡലങ്ങളെയും ദൃശ്യമാക്കുന്നത്. താനൊരു മുൻകാല മത്സ്യത്തൊഴിലാളിയാണെന്ന് ഉറപ്പിച്ചുകൊണ്ടുതന്നെ, ആഖ്യാതാവായ ആൻഡ്രൂസ് തന്റെ കർതൃത്വപരിണാമത്തെ വെളിപ്പെടുത്തുന്നു. ഈ 'പ്രവർത്തക സ്വത്വത്തിന്റെ' കാഴ്ചപ്പാടുകളെ ചിലയിടങ്ങളിൽ ആഖ്യാനത്തിലെ അനുഭവങ്ങൾ തന്നെ വെല്ലുവിളിക്കുന്നുണ്ട്. എങ്കിലും, മീൻപിടുത്തക്കാരനായിരുന്ന കാലത്തെ ഓർമ്മകൾ 'പ്രവർത്തകൻ' എന്ന നിലയിലുള്ള എഴുത്തുകാരന്റെ ശബ്ദത്തിന് ആധികാരികതയും തീവ്രതയും നൽകുന്നു. ഈ രചനകളിൽ പ്രധാനമായും രണ്ട് തരത്തിലുള്ള കർതൃസ്ഥാനങ്ങളെ കാണാം. ആദ്യത്തേത് വൈദഗ്ധ്യത്തിന് മൂല്യമില്ലാത്തതിനാൽ ദുരിതങ്ങളിൽപ്പെട്ടുഴലുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി. രണ്ടാമത്തേത് ദുരിതങ്ങളിൽ വിലപിക്കുകയും എന്നാൽ വൈദഗ്ധ്യശേഷിയിൽ അഭിമാനിക്കുന്ന അതിൽനിന്നും ശക്തിസംഭരിക്കുന്ന പ്രവർത്തകസ്വത്വം. ഈ കർതൃസ്ഥാനങ്ങളുടെ രാഷ്ട്രീയനിരീക്ഷണത്തിന്റെയും അനുഭവപാടവത്തിന്റെയും കളമൊരുക്കലാണ് രചനകളുടെ പ്രധാന ദൗത്യം. മീൻപിടിത്തത്തൊഴിലാളികളുടെ ജീവിതങ്ങൾ അനുമാനിക്കപ്പെടുന്നതിൽ ഒരു പുതിയ മനസ്സിന്റെയും ആദർശത്തിന്റെയും പ്രതിഫലനങ്ങൾ ഉൾക്കൊള്ളുന്നതുവഴി തൊഴിലാളികളെക്കുറിച്ചുള്ള പുതിയ അറിവുകളും മൂല്യബോധങ്ങളും ഈ ആഖ്യാതാക്കൾ സ്ഥാപിക്കുന്നു. ഒരു പുതു മത്സ്യത്തൊഴിലാളിത്തം (fisher labourerhood) എന്നു വിളിക്കാവുന്ന ഈ കർതൃസ്ഥാനത്തിന് രൂപഭാവം നൽകുന്നു.

മീൻപിടിത്തെത്തൊഴിലാളികൾ വൈദഗ്ധ്യസ്വത്വമുള്ളവരോ പാർശ്വ വൽകൃതസ്വത്വമുള്ളവരോ ആയി അനുശാസിക്കുന്നതിലൂടെയാണ് ഈ തൊഴിലാളിത്തത്തെ പ്രധാനമായും ആവിഷ്കരിച്ചിരിക്കുന്നത്. തീരദേശത്തിന്റെ സാംസ്കാരികപ്രത്യേകതകളെയും മത്സ്യത്തൊഴിലാളികർതൃത്വത്തിന്റെ വിവിധ വ്യവഹാരങ്ങളെയും പ്രതിപാദിച്ചുകൊണ്ടും തീര ആധുനികീകരണത്തിന്റെ വിവിധ ഘട്ടങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും വാങ്മയസങ്കേതങ്ങൾ, ശൈലികൾ, തന്ത്രങ്ങൾ എന്നിവയിലൂടെയുമാണ് അവ ആഖ്യാനരൂപം കൈക്കൊള്ളുന്നത്. ആധുനികീകരണാനുഭവങ്ങളിലെ വിള്ളലുകളിൽനിന്ന് രൂപംകൊള്ളുന്ന പ്രതീകാത്മകസ്വത്വമൂല്യങ്ങളിലാണ് രചനകൾ ശ്രദ്ധപുലർത്തുന്നത്. നാഗരികതയെയും വൈധഗ്ധ്യത്തെയും അധഃസ്ഥിതത്വത്തെയും ചിത്രീകരിക്കുന്ന ആഖ്യാനരീതികളിലാണ് ഇത് വെളിവാകുന്നത്. സ്ഥാനഭ്രഷ്ട, സാഹസിക, വിലാപ ശബ്ദങ്ങളുടെ ആഖ്യാന വ്യവസ്ഥയുടെള്ളിലാണ് ഈ പുതിയ തൊഴിലാളിധർമ്മങ്ങളെ വിന്യസിച്ചിരിക്കുന്നത്.

വൈദഗ്ധ്യസ്വത്വവും പാർശ്വവൽകൃതസ്വത്വവും അധികരിച്ചുവരുന്നത് സ്ഥാനഭ്രഷ്ടനായ പരമ്പരാഗതതൊഴിലാളിയുടെ പൊരുത്തമില്ലാത്ത സ്വത്വത്തിൽനിന്നാണ്. മുഖ്യധാരാ സാംസ്കാരികരൂപങ്ങൾക്കിണങ്ങുന്ന കഥാരചനാ സങ്കേതങ്ങൾ, തന്ത്രങ്ങൾ നിൽക്കുന്നത് അനന്യതയെയും പുറന്തള്ളലിന്റെയും സാമൂഹ്യ ഉള്ളടക്കമായ ഒരു പുതിയ ആദർശാത്മകതൊഴിലാളിയിൽ ഉൾച്ചേർത്തുകൊണ്ടാണ്. കടലനുഭവങ്ങളെ വ്യക്ത്യനുഭവങ്ങൾ എന്ന നിലയ്ക്കല്ലാതെ കൂട്ടായഓർമ്മയുടെ ഭാഗമായിട്ടാണ് സങ്കല്പിച്ചെടുക്കുന്നത്. എന്നാൽ പരമ്പരാഗതവിഭാഗത്തിന്റെ ശാരീരിക മാനസികപ്രവൃത്തികളെ കേന്ദ്രീകരിച്ചുകൊണ്ട് നിൽക്കുമ്പോഴും തൊഴിലാളിയുടെ ദൈനംദിനാനുഭവങ്ങളുടെ മണ്ഡലങ്ങളും രാഷ്ട്രീയമായ അന്യവൽക്കരണങ്ങളോടുള്ള പ്രതികരണങ്ങളും വ്യക്തിയിൽ കേന്ദ്രീകരിക്കുന്ന രീതിയും സമീപനങ്ങളും കണ്ടെത്താനാവും. അതായത് സാമൂഹിക ഘടകങ്ങൾ നിർണായകമാവുമ്പോഴും വ്യക്തികളുടെ ലോകബോധവും മറ്റൊരർത്ഥത്തിൽ പ്രാധാന്യം കൈവരിക്കുന്നു. തൊഴിലാളിനേതാക്കളെക്കുറിച്ചുള്ള സ്മരണകൾ ഉദാഹരണമാണ്.

പരിവർത്തന രാഷ്ട്രീയപ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞുവന്ന ഈ പുതിയ തൊഴിലാളിയെ ലിംഗ-പ്രദേശ—മത സാമുദായിക ആഭിമുഖ്യങ്ങളുള്ള വ്യക്തിയായി രചനകൾ പരിചരിക്കുന്നു. ഇതിലൂടെ തീരദേശജനതയെ പുതിയൊരു സാമൂഹികാദർശമാതൃകയിൽ

രചനകൾ ചിത്രീകരിക്കുന്നു. പരമ്പരാഗതരംഗത്തെ സന്ദർഭവൽക്കരിച്ചുകൊണ്ട് എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഒരുപോലെ ബാധകമായ ആദർശതലത്തെ ഇത് മുന്നോട്ടുവയ്ക്കുന്നു.ഇങ്ങനെ കടലുമായിട്ടുള്ള പാവനമായ ബന്ധത്തിൽനിന്ന് വിച്ഛേദിക്കപ്പെട്ട പുതിയ കാലഘട്ടത്തിലെ വർഗ -ജാതി സംഘർഷത്തിലൂടെയുള്ള വ്യക്തി-സമുദായ ജീവിതത്തിന്റെ ഈ മനോനിലയാണ് പുതിയ തൊഴിലാളിത്തത്തെ അനുമാനിക്കുന്നത്.

ഓർമ്മകളുടെ ആഖ്യാനപരമായ ഭാവരൂപങ്ങളായി സാഹസികതയും വിലാപവും ഈ രചനകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ആധുനികത സൃഷ്ടിക്കുന്ന സംഘർഷങ്ങളെയും അസ്ഥിരതകളെയും ചിഹ്നവൽക്കരിക്കാൻ സാഹസികതയുടെയും വിലാപത്തിന്റെയും ഈ ആഖ്യാനരൂപങ്ങളെ രചയിതാക്കൾ ഉപയോഗിക്കുന്നു. ആൻഡ്രൂസിന്റെ രചനകളെ സംബന്ധിച്ചിടത്തോളം സമീപസ്ഥമായ ഭൂതകാലത്തിന്റെ അപമാനങ്ങളുടെയും വേദനകളുടെയും ഓർമ്മകളാണ് അധികവും. വിദൂരഭൂതകാലത്തിന്റെ ആവിഷ്കാരമല്ല അവിടെ പ്രധാനമായി നടക്കുന്നത്. ഈ സമീപഭൂതകാലത്തിലെ നഷ്ടങ്ങളുടെയും സംഭവഗതി കളുടെയും പിരിമുറുക്കങ്ങൾ ആന്തരികമായ ഒന്നാണെന്നാണ് ‘വിലാപ’ശബ്ദങ്ങൾ കാണിക്കുന്നത്. ഇവിടെ ക്രൈസ്തവദൈവശാസ്ത്രയുക്തിയാണ് ആഖ്യാനങ്ങളിൽ മുൻതൂക്കം നേടുന്നത്.

ശാസ്ത്ര-സാങ്കേതിക പ്രയോഗങ്ങളുടെയും മൂല്യപരിശോധനയുടെയും അന്വേഷണാ ത്മകയുക്തിയുടെയും തലങ്ങളിലാണ് മത്സ്യത്തൊഴിലാളികളുടെ വൈകാരിക-ശാരീരിക തലങ്ങൾ ചിത്രീകരിക്കുന്നതെങ്കിലും ക്ലേശത്തിന്റെ സാമൂഹികാനുഭവങ്ങൾ ആത്മീയസ്വഭാവത്തിലുള്ള വർഗവിമർശനത്തെ സൂചിപ്പിക്കുന്നു. അതോടൊപ്പം തീരത്തെ കമ്മ്യൂണിസ്റ്റ് യൂണിയൻപ്രസ്ഥാനത്തിന്റെ സാമൂഹികോന്നമനവും ധാർമ്മികലക്ഷ്യങ്ങളും ചേർന്നതാണിത്. പൗരോഹിത്യ-മാർക്സിസ്റ്റ്പദാവലികളിലൂടെയാണ് അന്യവൽക്കരണ ത്തിന്റെ രൂപങ്ങൾ ഇവിടെ പ്രത്യക്ഷപ്പെടുന്നത്. അധഃസ്ഥിതത്വത്തിന്റെ വികാരങ്ങ ളിലൂടെ ബോധവൽക്കരണരാഷ്ട്രീയം, ദാരിദ്ര്യത്തിൽനിന്ന് ഉയർച്ച എന്നിവ ആൻഡ്രൂസ് വിവരിക്കുന്നു. ഇത് വ്യക്തിയുടെ ആന്തരികതയിൽ ശ്രദ്ധയൂന്നുകയും ഭൂതകാലത്തെ ഒരു 'വ്യക്തിഗത പൊതുലോകമായി' അവതരിപ്പിക്കുകയും ചെയ്യുന്ന 'ക്രിസ്ത്യൻ വിമോചന' താല്പര്യങ്ങളെ വെളിപ്പെടുത്തുന്നു. മത്സ്യത്തൊഴിലാളിയുടെ ശാരീരികവും വൈകാരികവുമായ അവസ്ഥകളെ

ചൂഷണത്തിനെതിരായ പ്രതിഷേധത്തിന്റെ ഉടമ്പടിയായിട്ടാണ് രചനകൾ അടയാളപ്പെടുത്തുന്നത്. തകർന്നതും നഷ്ടങ്ങൾ സംഭവിച്ചതുമായ മത്സ്യത്തൊഴിലാളി സ്വത്വത്തിലാണ് വിലാപം കടന്നുവരുന്നത്. ദൃഢതയുടെ ശാരീരികരൂപമായി സാഹസികതയും. ഇങ്ങനെ രചനയിലെ ആഖ്യാന പ്രത്യേകതകളായ ദൈന്യതയും സാഹസികതയും ശാരീരിക അവസ്ഥയെക്കൂടി ഓർമ്മിപ്പിക്കുന്നു.

സാഹസികതയുടെ ആഖ്യാനരൂപങ്ങളെയും കല്പനകളെയും പരിശോധിക്കുമ്പോൾ, വ്യക്തിയുടെ ആദർശപരമായ നിലപാടുകളെയും അതിജീവനശ്രമങ്ങളെയും അവ പ്രതിനിധീകരിക്കുന്നതായി കാണാം. കഠിനമായ ജീവിതാനുഭവങ്ങളെ വിവരിക്കുന്നതി നൊപ്പം അവയെ മറികടക്കാനുള്ള മാർഗ്ഗമായാണ് സാഹസികത ഇവിടെ ആവിഷ്കരിക്കപ്പെടുന്നത്. പരമ്പരാഗതരംഗം തരണംചെയ്യേണ്ട പ്രതിബന്ധങ്ങൾക്കെ തിരെയുള്ള പോരാട്ടം, ദൃഢനിശ്ചയം, ശക്തി, വീരത്തം, എന്നിവയിലൂടെയാണ് ആഖ്യാന രൂപം കൈക്കൊള്ളുന്നത്. ഉദ്വേഗഭരിതമായ ഇത്തരം സാഹസിക നിമിഷങ്ങൾ പരമ്പ രാഗത മത്സ്യത്തൊഴിലാളിസ്വത്വത്തിന് പുതിയൊരു വിപുലീകരണം നൽകുന്നു. വൈകാരികമായ ഉത്കണ്ഠകളും സാംസ്കാരികമായ പൗരത്വബോധവുമുള്ള ധീര-സാഹസിക വ്യക്തിത്വങ്ങളെ ഇവ ന്യായീകരിക്കുന്നു. അതോടൊപ്പം മറുവശത്ത് ആൻഡ്രൂസ് തന്റെ സുഹൃത്തിന്റെയും മറ്റ് മത്സ്യത്തൊഴിലാളികളുടെയും ദരിദ്രമായ ജീവിതാവസ്ഥകളും ദൈന്യങ്ങളും വിവരിക്കുന്നതിനായി വിലാപം എന്ന രൂപത്തെ അടിസ്ഥാനപ്രമാണമാ ക്കുന്നു. വിലാപത്തെ ആന്തരവൽക്കരിക്കുന്ന എഴുത്തുകാരന്റെ ഈ സ്വത്വം (suffered self), ദുരിതമനുഭവിക്കുന്ന ഒരു മധ്യവർഗ പുരുഷ തൊഴിലാളിയുടെ പ്രതീകമായി മാറുന്നു. മതപരമായ ബിംബങ്ങൾ, ഭക്തിയുടെ ഭാഷ, പ്രാർത്ഥനാപൂർവ്വമായ ശൈലി, ദാർശനി കമായ നിരീക്ഷണങ്ങൾ എന്നിവയിലൂടെയാണ് ഇത് വിനിമയം ചെയ്യപ്പെടുന്നത്. ഇത്തരത്തിൽ തൊഴിൽപരമായ സംഘർഷങ്ങൾക്ക് ഒരു മതപരമായ പരിവേഷം നൽകാൻ എഴുത്തുകാരന് സാധിക്കുന്നു. മരണം, സംഘർഷം, അപകടങ്ങൾ, ദാരിദ്ര്യം എന്നിവയ്ക്ക് ചുറ്റും കടലിന്റെ കാൽപ്പനികസൗന്ദര്യഭാവനയെ ഒഴിവാക്കി സങ്കീർണതകളെ അഭിമുഖീകരി ക്കുന്നതിന്റെ ചിത്രങ്ങൾ അവതരിപ്പിക്കുന്നു.

ആധുനികീകരണ പ്രക്രിയയുടെ ഭാഗമായുണ്ടായ മാറ്റങ്ങളെ സ്വാഗതം ചെയ്യുന്നതോടൊപ്പം തന്നെ, പരമ്പരാഗതമേഖലയിലെ വിഷാദാത്മകമായ സാഹചര്യങ്ങളെ നിലനിർത്തിക്കൊണ്ട് സാഹസികതയെ കണ്ടെടുക്കുന്ന രീതിയാണ് പനിപ്പിള്ളയുടെ രചനകളിൽ ദൃശ്യമാകുന്നത്. തീരപൈതൃകവും ചരിത്രവും ശാസ്ത്രവും അന്വേഷിക്കുന്ന പനിപ്പിള്ളയുടെ ഗവേഷകസ്ഥാനം മത്സ്യത്തൊഴിലാളി കർതൃത്വത്തിന്റെ പുതിയ ഭാവങ്ങളെയും അനുഭവങ്ങളെയും വിപുലീകരിക്കുന്നു. സാഹസികത രാഷ്ട്രീയമായ വിഷാദത്തെ പ്രതിരോധിക്കാനുള്ള ചലനത്തിന്റെ അടയാളമാകുന്നു. ആത്മാഭിമാനത്തിന്റെ ആഖ്യാനങ്ങളിലൂടെ വർത്തമാനകാല വേദനകളെ താൽക്കാലികമായി മറികടക്കാൻ ശ്രമിക്കുമ്പോൾ തന്നെ, സാഹസികതയുടെ മുദ്രകൾ വഹിക്കുന്ന മത്സ്യത്തൊഴിലാളി ശരീരങ്ങളെ പനിപ്പിള്ള ആഖ്യാനത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് കൊണ്ടുവരുന്നു.

മതപരമായ വിശ്വാസങ്ങളും ധാർമ്മികതയും പനിപ്പിള്ളയും ചർച്ചചെയ്യുന്നുണ്ടെങ്കിലും ആൻഡ്രൂസിന്റെ രചനകളിലെപ്പോലെ പ്രത്യക്ഷത്തിലുള്ള ദൈന്യതയുടെ ശബ്ദം പനിപ്പിള്ളയിലില്ല. ആൻഡ്രൂസിൽ പ്രകൃതിപ്രതിഭാസങ്ങളുടെ അസാധാരണത്വവും അപ്രതീക്ഷിത അപകടങ്ങളും ചിത്രീകരിക്കുന്നതിൽ ഒരുപോലെ വിലാപത്തിന്റെയും സാഹസികതയുടെയും വിരോധാഭാസം (Paradox) കടന്നുവരുന്നു. വിലാപങ്ങളുടെ വ്യവഹാരത്തിനുള്ളിൽ നിന്നുകൊണ്ടാണ് അദ്ദേഹം സാഹസികതയെ രൂപപ്പെടുത്തുന്നത് എന്ന് കാണാം. മത്സ്യത്തൊഴിലാളി ശരീരം സാഹസികതയുടെ രൂപകമാകുമ്പോൾ തന്നെ, അതിനെ തടഞ്ഞുകൊണ്ട് വിലാപം കടന്നുവരുന്ന നിരവധി സന്ദർഭങ്ങൾ അദ്ദേഹത്തിന്റെ രചനകളിലുണ്ട്. വിലാപത്തിന്റെയും സാഹസികതയുടെയും ആഖ്യാനങ്ങൾക്കിടയിലുള്ള ഈ പൊരുത്തക്കേടുകൾ, ആത്മകഥാപരമായ സ്വത്വം യഥാർത്ഥ ജീവിതാനുഭവങ്ങളെ മറികടക്കാൻ ശ്രമിക്കുന്നതിന്റെ ഉദാഹരണമാണ്. വിലാപവും സാഹസികതയുമായി സ്വത്വം വിഭജിക്കപ്പെടുന്നത് ആഴത്തിലുള്ള അസ്വാസ്ഥ്യത്തിന്റെ പ്രതിഫലനമായിട്ടാണെന്നതിനെ കാണിക്കുന്നു. എങ്കിലും ഈ വിഭജനം, കർതൃത്വത്തിന്റെയും അസ്തിത്വത്തിന്റെയും സ്വയംഭരണാധികാരമുള്ള (Autonomous) ഒരു പൊതുമണ്ഡലത്തെ ഭാവന ചെയ്യുന്നു. നിഷ്കളങ്കത, നൈപുണ്യം, ആത്മാഭിമാനം എന്നിവയിലൂടെ വ്യക്തികളെ ഒരേസമയം സാഹസികരോ അല്ലെങ്കിൽ മുറിവേറ്റവരോ ആയി ഈ രചനകൾ മാറ്റുന്നു. വിലാപവും സാഹസികതയും തമ്മിലുള്ള ഈ പാരസ്പര്യം

ആധുനികതയിലെ വൈരുദ്ധ്യസ്വഭാവമുള്ള സ്വത്വത്തെയാണ് വെളിപ്പെടുത്തുന്നത്. അവ പരസ്പരം നിഷേധിക്കുന്നില്ല, മറിച്ച് വിഭജിക്കപ്പെട്ട സ്വത്വത്തിന്റെ സങ്കീർണ്ണതകളെ ആവിഷ്കരിക്കുകയാണ് ചെയ്യുന്നത്.

ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും രചനകൾ മത്സ്യത്തൊഴിലാളി സ്വത്വത്തെ ഒരു പുരുഷ-കർതൃത്വമായി ആഖ്യാനം ചെയ്യുന്നതിൽ സവിശേഷമായ പങ്കുവഹിക്കുന്നു. ധീരത, കായികാധ്വാനത്തിലുള്ള നൈപുണ്യം, സാഹസികത എന്നീ വ്യക്തിഗത മൂല്യങ്ങളെ ഒരു സമൂഹത്തിന്റെ പൊതുസ്വഭാവമായി ഇവർ പരിവർത്തിപ്പിക്കുന്നു. പ്രബുദ്ധരായ പുരുഷത്തൊഴിലാളികളെ മുൻനിർത്തിയാണ് ഇരുവരും തൊഴിലാളി വർഗത്തിന്റെ പുതിയ മാതൃകയെ അവതരിപ്പിക്കുന്നത്. ഇത് സ്വാതന്ത്ര്യം, നീതി തുടങ്ങിയ ആദർശങ്ങളുടെ ആവിഷ്കാരം കൂടിയായി മാറുന്നുണ്ടെങ്കിലും, പരമ്പരാഗത മത്സ്യബന്ധനമേഖലയിലെ ലിംഗപരമായ തൊഴിൽ വിഭജനത്തെ ഈ ആഖ്യാനങ്ങൾ കൂടുതൽ ബലപ്പെടുത്തുന്നു എന്നതാണ് വാസ്തവം.

തങ്ങളുടെ നിഷ്ക്രിയവും അരികുവൽക്കരിക്കപ്പെട്ടതുമായ തൊഴിൽ പദവിയെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുമ്പോൾ, അതിനുവേണ്ടി ഒരു 'ആധുനിക പുരുഷത്തൊഴിലാളി'യുടെ ഇടത്തെ ഇവർ വേർതിരിച്ചെടുക്കുന്നു. രാഷ്ട്രീയ വിമോചനത്തിനായുള്ള അന്വേഷണത്തിൽ ആൻഡ്രൂസ് ഭൂതകാലത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഇത്തരമൊരു 'പുരുഷത്തൊഴിലാളി ടൈപ്പ്' രൂപപ്പെട്ടുവരുന്നു. യന്ത്രവൽകൃതമേഖലയ്ക്കും മുതലാളിത്ത ബന്ധങ്ങൾക്കുമെതിരെ പോരാടുന്ന പരമ്പരാഗത തൊഴിലാളികളുടെയും സംഘടനാ പ്രവർത്തകരുടെയും ഒത്തൊരുമയെയും ഉണർവിനെയും ഇവർ പുരുഷസഹജമായ ഗുണങ്ങളായി ചിത്രീകരിക്കുന്നു. കടലിനോടും പരിസ്ഥിതിയോടുമുള്ള പ്രതിബദ്ധതയും അധ്വാനശീലവും യഥാർത്ഥ മത്സ്യത്തൊഴി ലാളിയുടെ ധാർമ്മികതയായി ഇവർ അടയാളപ്പെടുത്തുന്നു. പരമ്പരാഗതമേഖല നേരിടുന്ന തകർച്ചകളിലും ദുരന്തങ്ങളിലും പുലർത്തുന്ന 'ദൃഢനിശ്ചയം', യന്ത്രവൽകൃതമേഖലയുടെ വളർച്ചയുണ്ടാക്കുന്ന സംഘർഷങ്ങളെ അതിജീവിക്കാനുള്ള നീതിബോധം എന്നിവയെല്ലാം പുരുഷരൂപത്തിലുള്ള ഒരു സ്വത്വപരിവേഷമാണ് മത്സ്യത്തൊഴിലാളിക്ക് നൽകുന്നത്. ഒരു കൂട്ടായ്മയുടെ വിമോചനത്തിനായി പോരാടുന്ന ഈ കർതൃത്വത്തിലൂടെയാണ്

'പുരുഷത്തൊഴിലാളി ടൈപ്പ്' എന്ന ആഖ്യാനശൈലി അതിന്റെ സ്വത്വപരമായ പൂർണ്ണതയിലെത്തുന്നത്.

**6.2 മത– സമുദായ തന്മ**

അനുഭവങ്ങളുടെ വീക്ഷണകോണിൽ പരിവർത്തനസൂചനകളിലൂടെ സഞ്ചരിക്കുമ്പോൾ വൈദഗ്ധ്യം, സാഹസികത, ക്ലേശങ്ങൾ എന്നിവയിലൂടെ പരമ്പരാഗതകർതൃത്വത്തെ ശക്തമായ പ്രതീകവ്യവസ്ഥയായി തിരിച്ചറിഞ്ഞു കൊണ്ടുള്ള ആവിഷ്കാരങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അർഥവും പ്രസക്തിയും നൽകുന്നതായി കണ്ടെത്താനാകുന്നു. കേരളതീരങ്ങളിൽ മത്സ്യബന്ധനരംഗത്ത് നടന്ന ആധുനികവത്കരണങ്ങൾ, മത്സ്യത്തൊഴിലാളികളുടെ സംഘാടനത്തിനായി നടന്ന പരിശ്രമങ്ങൾ, ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ പരമ്പരാഗതമത്സ്യത്തൊഴിലാളികൾ നടത്തിയ അവകാശ സമരങ്ങൾ, ക്രൈസ്തവസഭകളുടെ ഇടപെടലുകൾ എന്നിവയാണ് ഈ പരിവർത്തനാനുഭവങ്ങളുടെ സമ്പ്രദായത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന ശക്തിയായി നിൽക്കുന്നത്. മത്സ്യബന്ധനരംഗത്തിന്റെ ഉൽപ്പാദനം, വിപണനം, സാങ്കേതികവിദ്യ എന്നിവയോടൊപ്പം മതം, ജാതി, വർഗം എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ ഇടപെടലുകളും ഈ ആഖ്യാനങ്ങൾ വെളിപ്പെടുത്തുന്നു.

തെക്കൻകേരളത്തിലെ ലത്തീൻ കത്തോലിക്കാ വിഭാഗത്തിന്റെ മതപരമായ കർതൃത്വവും സാംസ്കാരിക ചലനാത്മകതയുമാണ് ഈ രചനകളുടെ അടിസ്ഥാനം. ലത്തീൻ കത്തോലിക്കർക്കുള്ളിലെ ജാതിപരമായ അപരത്വവും സാമുദായികബന്ധങ്ങളും ഇതിൽ ചരിത്രപരമായി അടയാളപ്പെടുത്തപ്പെടുന്നു. കത്തോലിക്കാ സഭയ്ക്കുള്ളിലെ ആഭ്യന്തരമായ രാഷ്ട്രീയവും വർഗവിവേചനവും ഒരുവിഭാഗം മത്സ്യത്തൊഴിലാളികളെ ഭാഗികമായി ഇടതുപക്ഷ യൂണിയൻരീതികളിലേക്ക് അടുപ്പിച്ചു. രചനകളിലെ ദൈവശാസ്ത്രബിംബങ്ങൾ മതാഭിമുഖ്യമുള്ള ഇത്തരം യൂണിയൻ പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ്. വിമോചന ദൈവശാസ്ത്രവും (liberation theology) ഇടതുപക്ഷ വിപ്ലവബോധവും ഒത്തുചേരുന്ന ഒരു പ്രത്യേക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നാണ് ഈ രചനകൾ അവയുടെ 'വിമോചന സങ്കല്പങ്ങൾ' സ്വാംശീകരിക്കുന്നത്. ഇത് മുഖ്യധാരാ വിശകലനങ്ങൾക്ക് അതീതമായ ഒരു ബദൽ രാഷ്ട്രീയത്തെ മുന്നോട്ടുവെക്കുന്നു. കടലിനെ തങ്ങളുടെ സവിശേഷമായ അവകാശമേഖലയായി

നിർവചിക്കുന്നതിലൂടെ, ഈ ജനത പൊതുമണ്ഡലത്തിൽ തങ്ങളുടെ പ്രാതിനിധ്യരാഷ്ട്രീയം (politics of representation) ഉറപ്പിക്കുന്നു. അതോടൊപ്പം യന്ത്രവൽക്കരണത്തോടുള്ള വിയോജിപ്പിനൊപ്പം തന്നെ, യന്ത്രവൽകൃതബോട്ടുകൾ കൈവശമില്ലാത്ത മരയ്ക്കാർ മുസ്ലീം വിഭാഗങ്ങളുമായുള്ള സാമുദായികസംഘർഷങ്ങളും ഇവിടെ തന്മയുടെ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നു.

ലത്തീൻ കത്തോലിക്കാ കുടുംബങ്ങളുടെ ജാതി-സാമുദായിക ചരിത്രവും പ്രാദേശികമായ അനുഭവപരിസരവുമാണ് ഈ രചനകളുടെ അടിസ്ഥാനപരമായ ചട്ടക്കൂട് നിർണ്ണയിക്കുന്നത്. കടലിനെ കീഴടക്കുന്ന കരുത്തുറ്റ പുരുഷപ്രതീകമായി ആവിഷ്കരിക്കപ്പെടുന്നത് ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളിയാണ്. ഈ മത-സാമുദായിക-തൊഴിലാളി പദവികളിലേക്കാണ് കടൽ നിരന്തരം വെല്ലുവിളികൾ ഉയർത്തുന്നത്. ഇവിടെ കടൽ എന്നത് കേവലം ഒരു ജലസ്രോതസ്സല്ല, മറിച്ച് അസ്ഥിരമായ അതിരുകളും സങ്കീർണ്ണമായ പൊരുത്തക്കേടുകളും നിറഞ്ഞ, പരിവർത്തനത്തിന്റെ ആഘാതങ്ങളെ വഹിക്കുന്ന ഒരു സമൂർത്ത രൂപമാണ്. കടലിന്റെ ഈ അസ്ഥിരത മത്സ്യത്തൊഴിലാളികളുടെ 'ശരീരസ്ഥമായ' (embodied) പ്രവർത്തന മണ്ഡലവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. അതുകൊണ്ടുതന്നെ, ഈ പരിവർത്തന ആഖ്യാനങ്ങൾക്ക് ആധുനികവൽക്കരണത്തിന്റെ രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയോടൊപ്പം തെക്കൻ കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമുദായങ്ങളുടെ സവിശേഷമായ മത-സാംസ്കാരിക ചരിത്രവുമായും അവിഭാജ്യമായ ബന്ധമുണ്ടെന്ന് ഉറപ്പിക്കാം. സമുദായത്തിനകത്തുള്ള സാമ്പത്തിക ചൂഷണങ്ങളെ കേന്ദ്രപ്രമേയമാക്കുന്ന ഈ രചനകൾ വെളിപ്പെടുത്തുന്നത്, കീഴാള സമൂഹങ്ങൾ തങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനായി പോരാടുമ്പോൾ ജാതി-മത-വർഗബോധങ്ങളെ സജീവമായി പുനഃസ്ഥാപിക്കുന്നുണ്ട് എന്നാണ്. ലത്തീൻ കത്തോലിക്കാ സ്വത്വം ഇവിടെ കേവലം ഒരു മതപരമായ അടയാളമല്ല, മറിച്ച് ചൂഷണത്തിനെതിരായ പോരാട്ടത്തിന്റെയും രാഷ്ട്രീയ വിമോചനത്തിന്റെയും ഒരു 'സൈദ്ധാന്തിക പ്രപഞ്ചമായി' മാറുന്നു.

രചനകളിലെ വ്യക്തിപരവും സാമുദായികവുമായ വീക്ഷണഗതികളുടെ വികാസത്തിൽ മേൽപ്പറഞ്ഞ ഘടകങ്ങൾ നിർണ്ണായകമായി ഇടപെടുന്നു. രാഷ്ട്രീയ പോരാട്ടങ്ങളുടെ

സാധ്യതകളെയും, തൊഴിലാളിവർഗ്ഗത്തിന്റെ മാതൃകാപരമായ ജീവിതരീതികളെയുമാണ് ഈ ആഖ്യാനങ്ങൾ പ്രധാനമായും മുന്നോട്ടുവെക്കുന്നത്. ജാതിയെ ഒരു ആധുനിക സാമൂഹികവിഭാഗമായി വർഗ്ഗീകരിക്കുന്നതിനും സംഘടിത രാഷ്ട്രീയശക്തിയായി മാറ്റുന്നതിനുമുള്ള ലക്ഷ്യബോധം ഈ കൃതികളിൽ പ്രകടമാണ്. ഇതിനായി സവിശേഷമായ സാഹിത്യശൈലികളും പദപ്രയോഗങ്ങളും വാങ്മയരൂപങ്ങളും ഇവർ രൂപപ്പെടുത്തുന്നു. സാംസ്കാരികസ്വത്വം ഉയർത്തിപ്പിടിക്കുന്നതിനായി ജാതി-വർഗ്ഗ-ലിംഗ അനുഭവങ്ങളെ ഈ രചനകൾ വൈവിധ്യമാർന്ന രീതിയിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. അധികാരരൂപങ്ങളോടുള്ള ആൻഡ്രൂസിന്റെ ഇടപെടലുകൾ ആത്മപ്രതിനിധാനത്തിന്റെ (elf-representation) ഉദാഹരണങ്ങളാണ്. തൊഴിലാളിപ്രസ്ഥാനങ്ങളിലൂടെയും അവകാശ സമരങ്ങളിലൂടെയും ഒരു മത്സ്യത്തൊഴിലാളി എങ്ങനെ 'രാഷ്ട്രീയ പൗരനായി' മാറുന്നു എന്നത് വ്യക്തമാക്കുന്നു.

ലത്തീൻ കത്തോലിക്കാ സ്വത്വം എന്നത് ആഖ്യാനത്തിന്റെ ഘടനയെയും ഉള്ളടക്കത്തെയും സവിശേഷമായ രീതിയിൽ ക്രമീകരിക്കുന്നു. ആധുനിക മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ നിർമ്മിതിയായി ഈ അനുഭവക്കുറിപ്പുകളെ കണക്കാക്കാമെങ്കിലും, ഇവ കേരളത്തിലെ തീരദേശ ജനതയുടെ ഒരു സവിശേഷ ന്യൂനപക്ഷ വിഭാഗത്തിന്റെ (തെക്കൻ കേരളത്തിലെ ലത്തീൻ കത്തോലിക്കർ) അനുഭവങ്ങളെ മാത്രമേ പൂർണ്ണമായും പ്രതിനിധീകരിക്കുന്നുള്ളൂ എന്ന പരിമിതിയും ശ്രദ്ധേയമാണ്. എന്നാൽ, മറ്റു തീരമേഖലകളെ അപേക്ഷിച്ച് ഈ വിഭാഗം തങ്ങളുടെ പരമ്പരാഗത തൊഴിലിന്റെ ഭാഷാപരവും രാഷ്ട്രീയവുമായ ഭൂതകാലത്തെ ആധികാരികമായ 'അനുഭവമൂല്യമായി' ആവിഷ്കരിച്ചുവെന്നതാണ് ഈ രചനകളെ പ്രസക്തമാക്കുന്നത്. പ്രാദേശിക രാഷ്ട്രീയലക്ഷ്യങ്ങൾ ആധുനികകാനുഭവങ്ങളുമായി പുലർത്തുന്ന സഹവർത്തിത്വത്തെയും സംഘർഷങ്ങളെയും ഈ ആഖ്യാനങ്ങൾ അതീവ ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുന്നു.

### 6.3 യന്ത്രവൽകൃതരംഗത്തിന്റെ സാന്നിധ്യം

യന്ത്രവൽകൃത മത്സ്യബന്ധനമേഖലയുടെ സാന്നിധ്യത്തെ ആഖ്യാതാക്കൾ അഭിമുഖീകരിക്കുന്നത് തീരദേശ സാമൂഹികജീവിതത്തിലെ നിർണ്ണായകമായ ഒരു സംഘർഷമായിട്ടാണ്. കേരള തീരത്തെ ആധുനികീകരണശ്രമങ്ങളും അവകാശസമരങ്ങളും രൂപപ്പെടുത്തിയ തൊഴിലാളി ആദർശങ്ങളിലൂടെയാണ് ഈ രചനകൾ മത്സ്യത്തൊഴി

ലാളിസ്വത്വത്തെ നിർമ്മിച്ചെടുക്കുന്നത്. ശാസ്ത്ര-സാങ്കേതികവിദ്യയെ അധീശത്വപരമായി അടിച്ചേൽപ്പിക്കുന്ന സ്റ്റേറ്റിന്റെ ഇടപെടലുകളെ പ്രതിരോധിക്കുന്നതോടൊപ്പം തന്നെ, തങ്ങളുടെ തന്നെ സമുദായത്തിലെ യന്ത്രവൽകൃതവിഭാഗത്തെ 'അപര'സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടാണ് ഈ ആഖ്യാനങ്ങൾ മുന്നേറുന്നത്. യന്ത്രവൽകൃതരംഗത്തെ ആൻഡ്രൂസ് അടയാളപ്പെടുത്തുന്നത് തിന്മയുടെയും അവിദഗ്ധതയുടെയും പ്രതീകമായാണ്. ഭൂതകാലത്തെ നീതിമാൻമാരും വർത്തമാനകാലത്തെ ക്രൂരന്മാരുടെ പ്രകടനങ്ങളും തമ്മിലുള്ള വ്യത്യാസമായാണ് പ്രധാനമായും അവ സ്ഥാപിക്കുന്നത്. പരമ്പരാഗത തൊഴിലാളികൾ നേരിടുന്ന സ്ഥാനഭ്രംശത്തെ (displacement) നീതിയുടെയും ധർമ്മത്തിന്റെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് രചയിതാക്കൾ ശ്രമിക്കുന്നത്. ഇതിലൂടെ നാഗരികതയോടും മുതലാളിത്ത ബന്ധങ്ങളോടുമുള്ള തങ്ങളുടെ വിയോജിപ്പ് ഇവർ രേഖപ്പെടുത്തുന്നു. സംയമനം, അച്ചടക്കം, ആദർശം എന്നിവ കൈമുതലായുള്ള 'നായക' രൂപങ്ങളായി പരമ്പരാഗത തൊഴിലാളികളെയും അക്രമകാരികളും കൊള്ളക്കാരുമായ 'പ്രതിനായക' രൂപങ്ങളായി യന്ത്രവൽകൃത വിഭാഗത്തെയും ചിത്രീകരിക്കുന്ന ഒരു ദ്വന്ദ്വനിർമ്മിതി ഇവിടെ ദൃശ്യമാണ്. ശക്തിയിലും ധൈര്യത്തിലും ഊന്നിയുള്ള 'പുരുഷത്തൊഴിലാളി ടൈപ്പ്' ഉറപ്പിക്കുന്നതിനായി ഈ വിഭാഗീയതയെ രചനകൾ ഉപയോഗിക്കുന്നു. ഇത്തരത്തിൽ, വികാരപ്രകടനങ്ങളിലും കർമ്മശേഷിയിലും പൗരുഷത്തെ മുൻനിർത്തിയുള്ള ഒരു ആദർശ തൊഴിലാളി മാതൃകയാണ് ഈ ആഖ്യാനങ്ങൾ വിഭാവനം ചെയ്യുന്നത്.

കീഴാള രാഷ്ട്രീയ മുന്നേറ്റങ്ങളിൽ നിന്നും തീരദേശത്തിന്റെ പാർശ്വവൽകൃത സാഹചര്യങ്ങളിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് ഈ രചനാ കർതൃത്വങ്ങൾ രൂപപ്പെടുന്നത്. എന്നാൽ, ഈ ആഖ്യാനങ്ങളിൽ വൈരുദ്ധ്യാത്മകമായ രണ്ട് പാഠങ്ങൾ ദൃശ്യമാണ്. കീഴാള സമുദായങ്ങളുടെ നീതിക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള ഉൾക്കാഴ്ചകൾ. മറ്റൊന്ന് യന്ത്രവൽകൃതരംഗത്തെ എതിർപക്ഷമായി കണക്കാക്കിയുള്ള മധ്യവർഗസ്വഭാവത്തിലുള്ള ലിബറൽ-വിമർശനയുക്തി. മത്സ്യത്തൊഴിലാളി വിമോചനത്തെക്കുറിച്ചുള്ള അനിശ്ചിതമായ വൈകാരിക ഘടകങ്ങളെ മുൻനിർത്തി യാണ് ഈ ആഖ്യാനങ്ങൾ വികസിക്കുന്നത്. പരമ്പരാഗതരംഗത്തിന്റെ പരിവർത്തനാനുഭവങ്ങളിലെ പ്രധാന രാഷ്ട്രീയ ഉള്ളടക്കമായ വൈദഗ്ധ്യത, സ്വയം വികസനം, ധാർമ്മികത തുടങ്ങിയ

ആശയങ്ങൾ ഈ 'പരമ്പരാഗത-യന്ത്രവൽകൃത' വിഭജനത്തിൽ അധിഷ്ഠിതമാണ്. 'മത്സ്യത്തൊഴിലാളികളുടെ കടലനുഭവങ്ങൾ' എന്ന് വിളിക്കപ്പെടുന്ന ആഖ്യാനങ്ങൾ സൃഷ്ടിക്കപ്പെട്ടതിൽ ഈ വിഭാഗങ്ങളുടെ (പരമ്പരാഗതരംഗം) ജീവിതകഥകളുടെ ഒരു പാറ്റേൺ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ ഫോക് ലോർ-പരിസ്ഥിതി ബോധ്യങ്ങൾ പ്രാദേശികമായ തനിമയെ സ്വന്തമാക്കാനുള്ള പരിശ്രമങ്ങളിൽ പരമ്പരാഗതമത്സ്യത്തൊഴിലാളി അനുഭവങ്ങളെ തങ്ങളുടെ പ്രചരണമൂല്യങ്ങൾക്കായി പരിഗണിച്ചത് തീര അനുഭവാഖ്യാനങ്ങളെ ഈ വിഭാഗങ്ങളിലേക്ക് അനുയോജ്യമാക്കി നിലനിർത്തി. ഇക്കാരണത്താൽ രചനകൾ കടലറിവിന്റെ മാതൃകാപരമായ മാർഗമായും അവ 'നൈസർഗിക' പ്രകൃതമുള്ള 'പ്രാദേശിക തനത്'ന്റെ വിചാരത്തിൽ ഒതുങ്ങുകയും ഉണ്ടായി. തീരപ്രദേശത്തെ ഉപജീവനവിഷയങ്ങൾ കടലറിവായി ഫോക് ലോർ-പരിസ്ഥിതി പാഠങ്ങളിലേക്ക് നിർമ്മിച്ചുവിടുന്ന പ്രവണതകൾ ഇതോടെ ശക്തമായി. തീരദേശത്തെ മത്സ്യത്തൊഴിലാളിയുടെ വൈദഗ്ധ്യങ്ങളെയും അവയുടെ പാഠങ്ങളെയും ഫോക്‌ലോർ ആയി നിർമ്മിച്ചെടുക്കുന്ന പ്രവണത, യഥാർത്ഥത്തിൽ മുഖ്യധാരാ കാർഷികാവബോധങ്ങളും രാഷ്ട്രീയശക്തികളും തീരദേശത്തോടു പുലർത്തുന്ന 'അപരത്വ'ത്തെ മറച്ചുപിടിക്കാനുള്ള ശ്രമമാണ്. അതിനാൽ തന്നെ, പാർശ്വവൽ കൃത സ്വത്വവും തൊഴിൽ വൈദഗ്ധ്യവും ഇവിടെ നിർമ്മിക്കപ്പെടുന്നത് മുഖ്യധാരാ ഫോക്‌ലോർ-പരിസ്ഥിതി സംജ്ഞകൾക്കുള്ളിലാണെന്ന് വിലയിരുത്തേണ്ടി വരുന്നു. തീരപ്രവർത്തക വിഷയിയുടെ രൂപീകരണത്തിൽ ഈ വിഭജനം പ്രധാനമാണെങ്കിലും, യന്ത്രവൽകൃത മേഖലയോടുള്ള ഇവരുടെ വിമർശന യുക്തിയെ പുനർവിചിന്തനം ചെയ്യേണ്ടതുണ്ട്. തീരദേശത്തിന്റേതെന്ന് അവകാശപ്പെടാവുന്ന ഒരു സൗന്ദര്യശാസ്ത്രവും പ്രത്യയശാസ്ത്രവും രൂപപ്പെടുത്താൻ ഈ വിമർശനങ്ങൾ സഹായിക്കുന്നുണ്ടെങ്കിലും, അവ പലപ്പോഴും സ്വയംപൂർണ്ണവും കേവലവുമായ യുക്തികളിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

### 6.4 പരിസ്ഥിതി–കീഴാളവിമോചന ആദർശങ്ങളുടെ മധ്യസ്ഥം

തീരദേശപൊതുമണ്ഡലത്തിൽ നിലനിൽക്കുന്ന പരിസ്ഥിതി-കീഴാള വിമോചന ആദർശങ്ങളുടെ മാധ്യസ്ഥത്തിലൂടെയാണ് ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും ആഖ്യാനങ്ങൾ വികസിക്കുന്നത്. മത്സ്യത്തൊഴിലാളികൾ അവകാശസമരവ്യവഹാരങ്ങളുടെ

ഭാഗമായി യൂണിയൻ പ്രവർത്തകരും നേതാക്കളുമായി മാറുന്ന സാമൂഹികാവസ്ഥയാണ് ഈ മാധ്യസ്ഥത്തിന് പ്രചോദനമായത്. ഈ ആശയതലങ്ങൾ ആധുനികീകരണത്തെക്കുറിച്ചുള്ള തീവ്രമായ അവബോധങ്ങൾ സൃഷ്ടിക്കുകയോ ബലപ്പെടുത്തുകയോ ഉണ്ടായി. 1990-കളോടെ കേരളത്തിൽ ദലിത്, ആദിവാസി, പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ ഉയർന്നുവന്ന പ്രതിരോധസംസ്കാരം സാംസ്കാരികോൽപ്പാദനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിച്ചു. കോളനിയാനന്തരവാദങ്ങളും സിവിൽസൊസൈറ്റി മണ്ഡലങ്ങളും സജീവമായതോടെ പുതിയ കർതൃത്വങ്ങൾ ഉയർന്നുവരാനുള്ള വഴികൾ തെളിഞ്ഞു.

പരമ്പരാഗതമായ പ്രാദേശികസ്വത്വങ്ങൾ ആധുനികീകരണത്തിന്റെ ഭാഗമായി ശിഥിലമാകുന്നതിലെ ഉത്കണ്ഠകൾ, സ്വന്തം കർതൃത്വത്തെയും സാംസ്കാരിക നിലപാടുകളെയും കുറിച്ച് പുനരാലോചിക്കാൻ വ്യക്തികളെ സജ്ജമാക്കി. പരിസ്ഥിതി വ്യവഹാരങ്ങൾ, മുതലാളിത്ത വിമർശനം, മാർക്സിസ്റ്റ് ആശയങ്ങൾ എന്നിവ ഈ പ്രക്രിയയ്ക്ക് കരുത്തുപകർന്നു. തീരദേശത്തെ വിവിധ സാമൂഹിക ഗ്രൂപ്പുകൾക്കിടയിലെ അധികാര ബന്ധങ്ങൾക്കിടയിൽ ഈ മൂല്യഭാവനകളും ആശയലോകങ്ങളും സജീവമായി ഇടപെടുന്നുണ്ട്. പാരിസ്ഥിതിക-കീഴാള-സാംസ്കാരിക സാഹചര്യങ്ങളാണ് മത്സ്യത്തൊഴിലാളിയുടെ തൊഴിൽ വൈദഗ്ധ്യത്തെ ആഖ്യാനപരമായി പ്രതിഷ്ഠിക്കാൻ മാധ്യസ്ഥം വഹിക്കുന്നത്. തീരദേശപ്രവർത്തകർ, സമുദായ പ്രവർത്തകർ എന്നീ നിലകളിൽ വ്യക്തികൾ ആർജ്ജിച്ച പുതിയ ഉത്തരവാദിത്തങ്ങളും മാനസിക വ്യാപാരങ്ങളും കീഴാള മത്സ്യത്തൊഴിലാളി സ്വത്വത്തിന് പുതിയൊരു തലം നൽകി. കടലൊഴുക്കിന്റെ നിറം, ഗതി എന്നിവയെ ക്കുറിച്ചുള്ള വിജ്ഞാനപരമായ വിശദീകരണങ്ങളിലൂടെ തങ്ങളുടെ തൊഴിൽ വൈദഗ്ധ്യത്തിന്റെ യുക്തിയെ സാധൂകരിക്കുന്ന ഒരു അർഥോൽപ്പാദനരീതി ഈ രചനകളിൽ ഉരുത്തിരിയുന്നു. എന്നാലിവിടെ ആധുനികതയുടെ പിന്നാക്ക/കീഴാളസ്വത്വത്തെ മാറ്റമില്ലാത്ത പരിസ്ഥിതിയെപ്പേറുന്ന സാമൂഹിക-സ്വകാര്യശരീരങ്ങളായി നിർമ്മിച്ചു കൊണ്ടാണ് മുഖ്യധാരയുടെ സാംസ്കാരികപാഠങ്ങൾ നിൽക്കുന്നത്.

ആൻഡ്രൂസിനെ സംബന്ധിച്ചിടത്തോളം യന്ത്രവൽകൃതസാങ്കേതികതയും മുതലാളിത്താധിഷ്ഠിതമായ വ്യവസായവളർച്ചയും തീരദേശജീവിതത്തിന്റെ പുരോഗതി യെയല്ല, മറിച്ച് അവിടുത്തെ പിന്നാക്കാവസ്ഥയെയും അടിച്ചമർത്തലിനെയുമാണ്

പ്രതിനിധീകരിക്കുന്നത്. സർവ്വവ്യാധിയായ ഒരു ഭൗതികനാശമായിട്ടാണ് അദ്ദേഹത്തിന്റെ നോട്ടങ്ങളിൽ ഈ അധുനികീകരണമുന്നേറ്റങ്ങൾ മാറുന്നത്. നാഗരികാനുഭവങ്ങളെ മുതലാളിത്ത-പരിസ്ഥിതിവിമർശനത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ആഖ്യാനം വികസിക്കുന്നത്. വ്യക്തികളുടെ നേട്ടങ്ങൾ, അതിജീവനത്തിന്റെ ക്ലേശങ്ങൾ, ഓർമ്മയുടെ രൂപങ്ങൾ എന്നിവയുടെ നിർമ്മിതിയിൽ ഇത്തരം രാഷ്ട്രീയ ഇടപെടലുകൾ ദൃശ്യമാണ്. തന്റെ ആദ്യകാല രചനകളിൽ ആധുനികപൂർവ്വ ജീവിതത്തെ ഗൃഹാതുരമായി ചിത്രീകരിക്കുന്നതിലൂടെ തീരദേശ പ്രശ്നങ്ങളെ ഒരു സവിശേഷ പരിസ്ഥിതി സംജ്ഞയായി വിശകലനം ചെയ്യുന്ന രീതി അദ്ദേഹം അവലംബിക്കുന്നു. വർത്തമാനകാലത്തെ ചരിത്രപരവും സാമൂഹികവുമായ സന്ദർഭങ്ങൾ മത്സ്യത്തൊഴിലാളി എന്ന കർതൃസ്ഥാനത്തോട് നടത്തുന്ന സംവേദനങ്ങൾ ഇവിടെ ഒരു മധ്യസ്ഥതയുടെ സ്വഭാവമാണ് വെളിവാക്കുന്നത്.

പരിസ്ഥിതി, കീഴാളരാഷ്ട്രീയം എന്നീ ആഖ്യാനങ്ങളോട് ഇഴചേർന്നുകൊണ്ടുള്ള അവകാശസമരങ്ങളിലെ നേട്ടത്തെ ആൻഡ്രൂസ് അവസാന രണ്ട് പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്. സ്ഥിരമായിരിക്കുന്നതും ഒരു പ്രത്യേക ഭാവിയെ പ്രതീക്ഷിക്കുന്നതുമായ പ്രകൃത്യാദർശം ആഖ്യാനങ്ങളിൽ കടന്നുവരുന്നതും കാണാവുന്നതാണ്. പ്രശ്നങ്ങൾക്കുള്ള ഉടനടിയുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനേക്കാൾ, നിലവിലുള്ള വ്യവസ്ഥിതിയെയും സ്ഥാപനങ്ങളെയും വിശ്വാസങ്ങളെയും ചോദ്യം ചെയ്യുന്ന സാമൂഹിക വിമർശനമായിട്ടാണ് ഈ രചനകൾ സാക്ഷാൽക്കാരം നേടുന്നത്. പരിസ്ഥിതിവാദം, മാർക്സിസം എന്നീ ബൃഹദാഖ്യാനങ്ങളുമായുള്ള സാംസ്കാരിക വിനിമയങ്ങൾ ആൻഡ്രൂസിന്റെ എഴുത്തിൽ റാഡിക്കലായ ഒരു മാർക്സിസ്റ്റ് യുക്തിയെ സ്വാധീനിക്കുന്നുണ്ട്. മത്സ്യബന്ധനമേഖലയെ മൊത്തത്തിൽ 'മർദ്ദിതരായ ഇരകൾ' എന്ന നിലയിൽ കാണുന്ന മാർക്സിസ്റ്റ് വർഗവീക്ഷണം തീരദേശത്തിന്റെ തന്മയെ സംബന്ധിച്ച നിർണ്ണായക സാന്നിധ്യമായി ഇവിടെ മാറുന്നു. എന്നാൽ, സാമൂഹികപരിവർത്തനത്തെക്കുറിച്ചുള്ള തീവ്രമായ ആശങ്കയും നിരാശയും പലപ്പോഴും ആഖ്യാനത്തിൽ ദുഃഖാത്മകതയായി ന്യൂനീകരിക്കപ്പെടുന്നുണ്ട്. തൽഫലമായി, മത്സ്യത്തൊഴിലാളികളുടെ രാഷ്ട്രീയ ഉണർവും വൈവിധ്യമാർന്ന ചലനാത്മകതയും പലപ്പോഴും വേണ്ടത്ര അടയാളപ്പെടുത്തപ്പെടാതെ പോകുന്നു. മാർക്സിസ്റ്റ്-കീഴാള ബോധ്യങ്ങളിലെ 'റൊമാന്റിക് റാഡിക്കൽ' ആയി ആൻഡ്രൂസിനെ വായിക്കാമെങ്കിലും, ആത്മാഭിമാനത്തിലും

കടമകളിലും അധിഷ്ഠിതമായ ഒരു ഗാന്ധിയൻ ധാർമ്മിക സമ്പദ്‌വ്യവസ്ഥയാണോ അദ്ദേഹത്തിന്റെ ആദർശങ്ങളുടെ അടിസ്ഥാനമെന്ന ചോദ്യം ഏറെ പ്രസക്തമാണ്.

കടലറിവിനെ ആഖ്യാനലക്ഷ്യമായി കണ്ടുകൊണ്ടാണ് പനിപ്പിള്ളയുടെ അനുഭവാഖ്യാനം മത്സ്യത്തൊഴിലാളിപ്രമേയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്. പുതിയതായി രൂപപ്പെട്ടുവരുന്ന കീഴാളകർതൃത്വസങ്കല്പനങ്ങൾക്ക് ആധാരമായ ആഖ്യാനരീതികൾ ഈ രചനകളിൽ വ്യക്തമായി ദൃശ്യമാണ്. മത്സ്യത്തൊഴിലാളി വൈദഗ്ധ്യവും അറിവും വെവ്വേറെയായിട്ടാണ് അദ്ദേഹം പ്രതിപാദിക്കുന്നത്. പരിവർത്തനവിധേയമാകുന്ന രാഷ്ട്രീയ-സാമൂഹിക ശീലങ്ങൾക്കനുസൃതമായ ആശയലക്ഷ്യങ്ങൾ പ്രയോഗിച്ചുകൊണ്ടാണ് അദ്ദേഹം തൊഴിൽപരമായ വൈദഗ്ധ്യത്തെ ഉയർത്തിക്കാട്ടുന്നത്. കടലറിവാകട്ടെ വാമൊഴി ജ്ഞാനപാരമ്പര്യങ്ങളെ ഉൾക്കൊള്ളുന്ന ഒന്നാണ്. മത്സ്യത്തൊഴിലാളിസ്വത്വത്തെ നിർവചിക്കുന്നതിന്റെ ധാർമ്മികശക്തിയായി നിർത്തുന്നത് കടലറിവിന്റെ പ്രതിപാദനങ്ങളാണ്. തെക്കൻതീരത്തെ ലത്തീൻ കത്തോലിക്കരുടെ ഭൂമിശാസ്ത്രസവിശേഷതകളുടെയും സാമൂഹിക-സംസ്കാരത്തിന്റെയും വിവിധ വീക്ഷണങ്ങളിലാണ് അറിവും വൈദഗ്ധ്യവും പ്രത്യക്ഷപ്പെടുന്നത്. അറിവിന്റെ ഒരു പ്രത്യേക മാതൃകയിലൂടെ (Paradigm) ഭൂതകാലവുമായി സംവദിക്കുന്ന വിവരണരീതിയാണ് പനിപ്പിള്ള പിന്തുടരുന്നത്. ഇത് കേവലം ഗൃഹാതുരത്വമല്ല, മറിച്ച് പാരിസ്ഥിതിക സംവാദമണ്ഡലങ്ങളിൽ പുതിയൊരു പരിഷ്കരണാഭിമുഖ്യം രൂപപ്പെടുത്തുന്ന രാഷ്ട്രീയ ഇടപെടൽ കൂടിയാണ്.

മത്സ്യത്തൊഴിലാളി കുടുംബപശ്ചാത്തലത്തിൽനിന്ന് ശാസ്ത്ര-സാങ്കേതിക അഭിരുചികളിലേക്കും സാമുദായിക-പ്രാദേശിക അവബോധത്തിലേക്കും വികസിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ പരിണാമമാണ് പനിപ്പിള്ളയുടെ രചനകളിൽ ദൃശ്യമാകുന്നത്. തന്റെ തൊഴിൽപരമായ അനുഭവങ്ങളെ കേവലമായ ഓർമ്മപ്പെടുത്തലുകൾക്കപ്പുറം ചരിത്രപരമായും ശാസ്ത്രീയമായും പുനർവിചിന്തനം ചെയ്യാൻ അദ്ദേഹം ശ്രമിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പ്രാധാന്യത്തെ തള്ളിക്കളയാതെ തന്നെ, അവയെ സ്വന്തം ജീവിതാനുഭവങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ട് ഒരു പുതിയ 'വിജ്ഞാന പ്രതിച്ഛായ' നിർമ്മിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു. തീരദേശ ജീവിതത്തിലെ മിത്തുകൾ,

വിശ്വാസങ്ങൾ, ജാതിബന്ധങ്ങൾ എന്നിവയെ മുൻനിർത്തി തീരദേശജീവിതത്തെ അദ്ദേഹം വിശകലനം ചെയ്യുന്നു. പനിപ്പിള്ളയുടെ രചനകളിൽ ആവർത്തിക്കുന്ന 'നേരനുഭവങ്ങൾ' എന്ന പ്രയോഗം കേവലമായ തൊഴിൽ വിവരണമല്ല. മറിച്ച്, അത് തൊഴിൽ സംസ്കാരത്തിന്റെ ഗുണങ്ങളെയും പ്രത്യയശാസ്ത്ര മൂല്യങ്ങളെയും ആസ്പദമാക്കിയുള്ള ഒരു സാംസ്കാരിക സംജ്ഞയാണ്. സാമൂഹിക പദവിയുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന ഈ അനുഭവങ്ങൾ വഴി തീരദേശത്തിന്റെ സാംസ്കാരികഭൂതകാലത്തെയും പരമ്പരാഗത ജ്ഞാനത്തെയും അദ്ദേഹം ആധുനികതയുമായി സംയോജിപ്പിക്കുന്നു. കടലിന്റെ അടിത്തട്ടു തേടിയുള്ള യാത്രകളും പാരുകളെ (Reefs) കുറിച്ചുള്ള പഠനങ്ങളും പനിപ്പിള്ളയുടെ ആഖ്യാനത്തിന് ഒരു സവിശേഷമായ 'വിഷയിസ്ഥാനം' നൽകുന്നു. ഇത്തരം അന്വേഷണങ്ങൾ കേവലമായ കൗതുകങ്ങളല്ല, മറിച്ച് പാർശ്വവൽക്കരണത്തിൽ നിന്നുള്ള മോചനം എന്ന നിലയിൽ ശാസ്ത്ര-ചരിത്ര-അക്കാദമിക മേഖലകളുമായി അദ്ദേഹം നടത്തുന്ന രാഷ്ട്രീയമായ ഇടപഴകലുകളാണ്. ശാസ്ത്ര-സാങ്കേതിക വിദ്യകളും തീരദേശത്തിന്റെ പാരമ്പര്യ വിജ്ഞാനവും തമ്മിലുള്ള വിനിമയം നിശ്ചലമായ ഒന്നല്ല. അത് തുടർച്ചയായ അന്വേഷണങ്ങളിലും അനുഭവങ്ങൾ പങ്കുവെക്കുന്നതിലൂടെയുള്ള ചലനാത്മകതയിലും അധിഷ്ഠിതമാണെന്ന് അദ്ദേഹത്തിന്റെ രചനകൾ സാക്ഷ്യപ്പെടുത്തുന്നു.

ഓർമ്മകളുടെയും ദൈനംദിനത്തിന്റെയും സാമൂഹിക-രാഷ്ട്രീയശബ്ദങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ വൈവിധ്യമേറിയ ജീവിതലോകത്തെ അടിസ്ഥാനമാക്കിയാണ് വൈദഗ്ധ്യത്തെ ആൻഡ്രൂസ് രചിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ തൊഴിലനുഭവങ്ങളെ സംബന്ധിക്കുന്ന വൈവിധ്യമാർന്ന സാംസ്കാരികസവിശേഷതകളും ചരിത്രങ്ങളുമാണ് ഇതിലൂടെ ഇടം നേടുന്നത്. കഥകളും പ്രസ്താവനകളും ഉൾപ്പെട്ട ദൈനംദിനവിഷയങ്ങൾ, വ്യക്തി ജീവിതത്തിന്റെ വിശദാംശങ്ങൾ, അധ്വാനത്തെക്കുറിച്ചുള്ള ഓർമ്മകൾ, പരിസ്ഥിതി-രാഷ്ട്രീയതാൽപ്പര്യങ്ങൾ എന്നിവയിലൂടെയാണ് അവയ്ക്ക് നൈരന്തര്യബോധം കൈവരുന്നത്. വൈദഗ്ധ്യം ഒരു പ്രതിപാദനരൂപമായിട്ടും പ്രമേയമായിട്ടും പുറത്തുവരുന്നതു കാണാം. എന്നാൽ വൈദഗ്ധ്യത്തെ ആഖ്യാന ഘടനയിലേക്ക് നെയ്തെടുക്കുന്നതിൽ പൊതുവായ പ്രബലരൂപമെന്നത് നീതിയുടെയും അവകാശത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്.

നാഗരികതയ്ക്കും ആധുനിക സാങ്കേതിക വിദ്യകൾക്കും എതിരെയുള്ള ഒരു 'സ്ഥാനഭ്രഷ്ടതയുടെ' നോട്ടമാണ് ആൻഡ്രൂസ് പുലർത്തുന്നത്. ശാസ്ത്ര-സാങ്കേതിക മൂല്യങ്ങൾക്ക് വിരുദ്ധമായ ഒന്നായി വൈദഗ്ധ്യത്തെ പ്രതിഷ്ഠിക്കുന്നതിലൂടെ, ആധുനികീകരണ പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ട അനുഭവമണ്ഡലത്തിന്റെ പിരിമുറുക്കങ്ങളെ അദ്ദേഹം ആവിഷ്കരിക്കുന്നു. തൊഴിൽവിഭാഗങ്ങളുടെ മത്സരപരമായ പ്രാതിനിധ്യത്തിനും അവകാശവാദത്തിനുമുള്ള ഒരു പ്രധാനസ്ഥലമാക്കി കടലിനെ ഇത് മാറ്റുന്നുണ്ട്. ശാസ്ത്രത്തിനും സാങ്കേതികതയ്ക്കും വിരുദ്ധമായ മൂല്യങ്ങളായി അവയെ നിരത്തുന്നു. ഇത് മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങളെ ആകൃതിപ്പെടുത്തുകയും ചെയ്യുന്നു. അപരത്വത്തിന്റെ അനുഭവം എന്ന നിലയിൽ വൈദഗ്ധ്യം എന്താണെന്നു പരിശോധിക്കുമ്പോൾ ആധുനികീകരണങ്ങളിലൂടെ പുറത്തുവന്ന പാർശ്വവൽകൃത അനുഭവമണ്ഡലത്തിന്റെ പിരിമുറുക്കം പല നിലയ്ക്കിത് പ്രതിഫലിപ്പിക്കുന്നു. അതുവഴി തീരപ്രദേശത്തിന്റെ വിഭവസംഘർഷത്തിന്റെയും അസമത്വങ്ങൾക്കെതിരെയുമുള്ള ഒരു രൂപകമായി ഈ ആഖ്യാനങ്ങൾ വൈദഗ്ധ്യത്തെ പ്രകാശിപ്പിക്കുന്നു.

കടലറിവുകൾ എന്ന പ്രയോഗം അനുഭവവാദപരമായ ജാതിശ്രേണിയുടെ നോട്ടത്തെയാണ് കാണിക്കുന്നത്. മത്സ്യത്തൊഴിലാളികർതൃത്വത്തെ ശാസ്ത്രത്തിനു വിരുദ്ധമായ അറിവായി സ്ഥാപിക്കുന്നതിനോടൊപ്പം അതിനെ ഏറ്റെടുക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിലാണ് വിഷയികൾ അപ്രസക്തരാകുന്നത്, തീരദേശത്തെ എതാണ്ട് എല്ലാ വാങ്മയങ്ങളും ഫോക് ലോർ-പരിസ്ഥിതിരൂപങ്ങളിൽ ബന്ധപ്പെടുത്തുന്നതാണ് അതിന്റെ ഫലം. തീരമേഖലയുടെ സാമൂഹികബന്ധത്തിന്റെയും പാരസ്പര്യത്തിന്റെയും വിള്ളലുകളോ ബഹുസ്വരതകളെയോ സൂചകമായിരിക്കുന്നതിനുപകരം കടലറിവ് സാധുത തേടുന്നത് വസ്തുനിഷ്ഠസാധ്യതകളിലാണ്. അതായത് കടലറിവിന്റെ വ്യവഹാരം നിർമ്മിക്കപ്പെട്ടിട്ടുള്ളത് പരമ്പരാഗത തീരസാംസ്കാരികതയെ രൂപപ്പെടുത്തുന്ന പ്രത്യയശാസ്ത്രമായ ജാതിയും അതിന്റെ ഭാഗമായ തനത് പ്രകൃതി/പരിസ്ഥിതി വാദമാണ്. പഠനമേഖലകളായ ഫോക് ലോർ-പരിസ്ഥിതി-വാമൊഴിചരിത്രങ്ങൾ മുഖ്യധാരയുടെ ഈ വാദങ്ങളെ ഉപയോഗിച്ചുകൊണ്ട് തീരപഠനമേഖലകളെ നിർണയവാദപരമായി ന്യൂനീകരിക്കുകയാണുണ്ടായത്. ജാതിയധീശത്വം നിലനിർത്തിയ രാഷ്ട്രീയപ്രയോഗങ്ങളുടെ സാധ്യതയെ ഇത് സ്ഥാപിക്കുന്നു. എന്നാൽ വൈദഗ്ധ്യത്തെക്കുറിച്ചുള്ള വ്യവഹാരങ്ങൾ രാഷ്ട്രീയ-സാംസ്കാര-

സ്വത്വസങ്കല്പനത്തിലധിഷ്ഠിതമായ പ്രതിവ്യവഹാരമായി നിൽക്കുന്നു. ആധുനിക മീൻപിടിത്തസന്ദർഭങ്ങളെയും സ്ഥാനഭ്രഷ്ടരായ മത്സ്യത്തൊഴിലാളിവിഷയികളെയും അപരമായി നിർത്തുന്നു. ധീരരും സാഹസികരുമായ മുൻതലമുറയുടെ ശാരീരിക പ്രത്യേകതകൾ, പരമ്പരാഗതരംഗത്തെ വിവിധ തൊഴിൽരീതികൾ എന്നിവയിലൂടെ മത്സ്യത്തൊഴിലാളി പരിവർത്തനസ്വത്വത്തെ വൈദഗ്ധ്യത്തിലൂടെ പുനരുൽപ്പാദിപ്പിക്കുന്നു. ഇങ്ങനെ മത്സ്യത്തൊഴിലാളി രാഷ്ട്രീയകർതൃത്വം ചിത്രീകരിക്കുന്നതിൽ ആന്തരികത്തിന്റെ വിള്ളലുകളായി അധഃസ്ഥിതത്വവും ആത്മാഭിമാനവും ഒരേപോലെ രംഗത്തുവരുന്നു. ഇത് അധുനികീകരണത്തോടുള്ള വിമർശനവും പുതിയ ജീവിതാനുഭവങ്ങളോടുള്ള പ്രത്യയശാസ്ത്രങ്ങളും സമീപനങ്ങളും വെളിവാക്കുന്നു.

ഒരുതരത്തിൽ വിഷയി-വസ്തുവിഭജനത്തെ ആവർത്തിക്കുന്ന രീതിയാണ് പനിപ്പിള്ള പിന്തുടരുന്നത്. ആൻഡ്രൂസിൽ ശാസ്ത്രവും സാങ്കേതികതയും രണ്ടു തരം വിനിമയങ്ങളാണ്. ഇതിനോടുള്ള മത്സ്യത്തൊഴിലാളികളുടെ സങ്കീർണ്ണ ബന്ധത്തിലേക്കാണ് ആൻഡ്രൂസ് പുതിയ മത്സ്യത്തൊഴിലാളിത്തത്തെ അനുമാനിക്കുന്നത്. ആത്മനിഷ്ഠവും മതത്തിന്റെ ദാർശനികതയും അദ്ദേഹത്തിന്റെ രചനകളെ വേറിട്ടതാക്കുന്നു. തീരദേശത്തിന്റെ ചരിത്രപരമായ പാർശ്വവൽക്കരണ സാഹചര്യങ്ങളും പരമ്പരാഗതതൊഴിലിലെ സ്വാച്ഛന്ദ്യവും ധാർമ്മികതയും ആൻഡ്രൂസിനെ സംബന്ധിച്ചിടത്തോളം അടുത്ത് ബന്ധമുള്ളവയാണ്. വിമർശനങ്ങൾ പങ്കു വയ്ക്കുന്നതിനായുള്ള പരിശ്രമത്തിൽ തീര സാമൂഹികജീവിതത്തിന്റെ ഈ വർഗ-വംശ-ലിംഗആദർശങ്ങളും അധഃസ്ഥിതത്വത്തിനെതിരെയുള്ള കീഴാള വിമോചനതത്ത്വങ്ങളും ഒരേപോലെ ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്നു. തീരത്തിന്റെ ഭാവിവർത്തമാനങ്ങളെയും ലക്ഷ്യങ്ങളെയും നിർവചിക്കുന്നതിന് ഈ രണ്ടുവാദങ്ങളും നിർണായകമായി ത്തീരുന്നു. അതിന്റെ സന്ദിഗ്ധതകൾ അധികാരവിമർശനത്തോടുള്ള പരിണതികളായിത്തീരുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്വത്വരാഷ്ട്രീയം തുടരുന്നതിനുള്ള ആഹ്വാനമായി രചനകളെ മാറ്റുന്നതിനും ഇടയാക്കുന്നു. കർതൃത്വ ത്തിന്റെ ഒരു വിള്ളൽ എന്ന സാഹചര്യത്തെയിത് പ്രതിഫലിപ്പിക്കുന്നു. തിരസ്കൃതസ്വത്വത്തിന്റെ ആന്തരികമായ പിളർപ്പുകളും അതിന്റെ ഇടർച്ചകളും അവ വഹിക്കുന്നു.

തീർച്ചയില്ലായ്മയും അസന്ദിഗ്ധതയും വിള്ളലിന്റേതായ ആഖ്യാനസ്വഭാവം ആൻഡ്രൂസിന്റെ രചനകളിൽ പുലർത്തുന്നതായി ഇവിടെ മനസിലാക്കാം. തീരപൊതുമണ്ഡലത്തിൽ സ്ഥാനം നേടിയ പരമ്പരാഗതരംഗത്തിന്റെ സാംസ്കാരികാധികാരമാണ് പനിപ്പിള്ളയെ തീരപ്രദേശത്തിന്റെ അറിവിനെയും അനുഭവങ്ങളെയും ഉറപ്പിക്കുന്നതിനും അന്വേഷിക്കുന്നതിനും ഇടയാക്കുന്നത്. അതോടൊപ്പം തന്നെ അറിവിന്റെ തിരിച്ചറിയലിനു പ്രേരിപ്പിച്ച സംഘടനയെന്നത് 'പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ' ആണെന്ന് ആമുഖത്തിൽ പനിപ്പിള്ള പറയുന്നുണ്ട്. ആൻഡ്രൂസിന്റെ പ്രവർത്തനമണ്ഡലത്തിൽനിന്നു വിഭിന്നമായ സമരരാഷ്ട്രീയത്തിന്റെ മറ്റൊരു തലത്തെയും ഇത് പ്രതിനിധീകരിക്കുന്നു. മീൻപിടുത്തവുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി വൈദഗ്ധ്യം സ്വാഭാവിക ഗുണമാണെന്ന പൗരോഹിത്യാവബോധത്തിൽനിന്ന് പുറത്തുകടക്കുന്നതാണിത്. പി.സി.ഒ. യുടെ പ്രവർത്തകൻ എന്ന നിലയിൽ വൈദഗ്ധ്യത്തിന് വേറിട്ട ഒരു ചിത്രംകൂടി ഇത് നൽകുന്നു. പരിസ്ഥിതിസംരക്ഷണ മേഖലയിലെ പ്രവർത്തനവൈദഗ്ധ്യവും 'ഫ്രണ്ട് മറൈൻ ലൈഫിന്റെ' നേതൃത്വവും ശാസ്ത്രമേഖലയുടെ 'മേധാവിത്വ'പരമായ അംഗീകാരങ്ങളും ആൻഡ്രൂസിൽനിന്ന് പനിപ്പിള്ളയുടെ രചനകളെ വ്യത്യാസപ്പെടുത്തുന്നു. തന്റെ വ്യക്തിപരമായ അന്വേഷണങ്ങളുമായി ബന്ധപ്പെട്ട് കണ്ടെത്തുന്ന തീരദേശത്തിന്റെ ജനകീയവും സ്വത്വാധിഷ്ഠിതവുമായ കഥകൾ, വൈദഗ്ധ്യത്തിന്റെ വിവിധ പ്രമേയങ്ങൾ എന്നിവ ആധുനികീകരണത്തിന്റെ വിമർശനസ്വഭാവത്തിലുള്ള അടിച്ചമർത്തൽശ്രേണികളുടെ വീക്ഷണത്തിലല്ല അദ്ദേഹത്തിന്റെ സമീപനത്തിൽ കടന്നുവരുന്നത്. പകരം തൊഴിൽരംഗം, സാമൂഹികപ്രശ്നങ്ങൾ, അക്കാദമിക ഉദ്ദേശ്യങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളുടെ വൈവിധ്യമാർന്നസംവാദങ്ങൾ അതിന്റെ സൂക്ഷ്മമായ രാഷ്ട്രീയപ്രയോഗങ്ങൾ എന്നിവയിലാണ് പ്രവർത്തിക്കുന്നത്.

ഏകഭാഷണപരമായ സംഭാഷണങ്ങൾക്കു പകരം ഉദ്വേഗംനിറച്ച കഥാവതരണവും സമൂഹവിജ്ഞാനം, വിശ്വാസങ്ങൾ, എന്നിവയിലൂടെ കടലിനെ കേന്ദ്രമാക്കുന്ന ഭാഷാപരവും പ്രമേയപരവുമായ ശൈലി ഉരുത്തിരിയുന്നു. കടലുമായി ബന്ധപ്പെട്ട അന്വേഷണങ്ങളുടെ ഡോക്യുമെന്റ് രീതി, ശാസ്ത്രീയാവശ്യങ്ങൾക്കുള്ള ശ്രമങ്ങളുടെ ഭാഗമായ ആശയവിനിമയമാർഗങ്ങൾ എന്നിവകൂടി ഉൾപ്പെടുന്നു. തീരദേശം നേരിടുന്ന

അനീതികളെക്കുറിച്ചുള്ള വിവരണങ്ങളിൽ അവകാശസമര ങ്ങളെയും അത് പിന്തുണയ്ക്കുന്ന സാമൂഹികസാഹചര്യങ്ങളെയുംകുറിച്ച് വ്യക്തമായ രാഷ്ട്രീയകാഴ്ച്ചപ്പാട് പനിപ്പിള്ള രചനയിൽ മുന്നോട്ടുവയ്ക്കുന്നില്ല. എന്നാൽ പാർശ്വവൽകൃതവും അടിച്ചമർത്തപ്പെട്ടതുമായ തീരത്തിന്റെ സ്വത്വത്തെക്കുറിച്ച് വാദിക്കുന്നുമുണ്ട്. മുഖ്യധാരാ സാഹിത്യാനുഭവത്തെ തീരവീക്ഷണകോണിൽനിന്ന് അദ്ദേഹം വിമർശിക്കുന്നു. പരമ്പരാഗതരംഗത്തിന്റെ അവകാശസമരങ്ങളോടും ആശയങ്ങളോടും ബന്ധപ്പെടുന്ന സ്വയംനിർണയനത്തിന്റെ പ്രവർത്തന മണ്ഡലത്തെയിത് ചൂണ്ടിക്കാട്ടുന്നു. വൈദഗ്ധ്യം ആൻഡ്രൂസിൽനിന്ന് പനിപ്പിള്ളയിലേക്കെത്തുമ്പോൾ മാറുന്നത് കാണിക്കുന്നത് ആധുനികതയുമായുള്ള സംഘർഷങ്ങളുടെ വ്യത്യസ്തഘട്ടങ്ങളിൽ മാറുന്ന മത്സ്യത്തൊഴിലാളിസ്വത്വത്തെയാണ്.

**6.5 തീര ആധുനികതയുടെ സാഹിത്യ രീതികൾ**

പരിവർത്തന സാമൂഹികസാഹചര്യത്തിലെ മത്സ്യത്തൊഴിലാളിസ്വത്വവും കടലനുഭവങ്ങളെക്കുറിച്ചുള്ള ആശയങ്ങളും പ്രചരണവും തീരദേശസമൂഹങ്ങളെ സംബന്ധിച്ചിടത്തോളം ഭാഷാപരമായ ആധുനികതയായിരുന്നു എന്ന് പറയാം. മത്സ്യത്തൊഴിലാളിയുടെ ദൈനംദിന അനുഭവങ്ങളിലെ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പ്രാധാന്യം കൈവരുന്നു. മത്സ്യത്തൊഴിലാളികൾ രാഷ്ട്രീയപ്രസ്ഥാനത്തിലൂടെ പ്രവർത്തക കർതൃത്വത്തിലേക്ക് മാറിയതിലൂടെയാണ് ഇവയ്ക്കൊരു വ്യാവഹാരികതലം കൈവരുന്നത്. ഇതിലൂടെ ഉത്പാദനരീതികൾ, ഉത്പാദനസ്ഥലങ്ങൾ (പാരുകൾ) തുടങ്ങിയവ നിർണായകമായ ചിഹ്നങ്ങളായി സാമൂഹ്യപ്രാധാന്യത്തോടെ പുനരവതരിപ്പിക്കുന്നു.

പ്രബന്ധത്തിൽ ചർച്ചചെയ്ത ആൻഡ്രൂസിന്റെയും പനിപ്പിള്ളയുടെയും അനുഭവാഖ്യാനങ്ങൾ കോളനിയാനന്തരസന്ദർഭത്തിലെ മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ പരിവർത്തനനിമിഷങ്ങളെ ആവിഷ്കരിക്കുന്നതായിട്ടാണ് പ്രബന്ധം നിരീക്ഷിക്കുന്നത്. പരിവർത്തന അനുഭവാഖ്യാനങ്ങളിലൂടെയാണ് കടലനുഭവങ്ങൾക്ക് ആഖ്യാനമൂല്യം കൈവരുന്നത്. അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളികർതൃത്വങ്ങൾ ഈ പരമ്പരാഗതരംഗം/യന്ത്രവൽകൃതരംഗം എന്ന വേർതിരിവിന്റെ അടിസ്ഥാനത്തിലുള്ള ആന്തരികവൈരുധ്യങ്ങൾക്കിടയിലാണ് ഉയർന്നുവരുന്നത്. തീരരാഷ്ട്രീയത്തിന്റെയും മതരൂപങ്ങളുടെയും വ്യവഹാരമണ്ഡലം ഇവിടെ സജീവമായിരുന്നു. തീരരംഗത്തിന്റെ

സാങ്കേതിക-യന്ത്രവൽക്കരണ തൊഴിൽജീവിതം, ആധുനിക നിയമം, ഭരണകൂടം എന്നിവയെ എതിർനിർത്തിയാണ് ഈ ആഖ്യാനങ്ങൾ ഓർമ, അനുഭവം, പാരമ്പര്യം തുടങ്ങിയ ഘടകങ്ങളെ സൃഷ്ടിക്കുന്നത്. ഇത് പരമ്പരാഗത സമൂഹം ആധുനികതയുമായി മുഖാമുഖം വരുമ്പോൾ ഉണ്ടാകുന്ന കർതൃത്വവൽക്കരണമാണ് തീര അനുഭവാഖ്യാനങ്ങൾ എന്ന് തെളിയിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ പരിവർത്തനാനുഭവങ്ങൾ ആഖ്യാനനിർമ്മിതിയെ സ്വരൂപിക്കുന്നതിന്റെ അനവധി മാർഗങ്ങൾ ഈ രചനകൾ ഉൾക്കൊള്ളുന്നു. സോഷ്യൽ റിയലിസം, മെലോഡ്രാമ, കാല്പനികത എന്നീ സങ്കേതങ്ങൾ ഉൾപ്പെടുന്ന സാഹിത്യമാതൃകകളും പദ്ധതികളും ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്. അത് അന്യതയെയും പുറന്തള്ളലിനെയും ഭാവനാപരമായി രൂപാന്തരപ്പെടുത്തുന്നു. ശരീരസ്ഥമായ ഒരു സ്വത്വം ഈ ആഖ്യാനരൂപങ്ങൾ വെളിവാക്കുന്നുണ്ട്. നാഗരികതയെ പ്രതിനിധീകരിക്കുന്നതിന്റെ ആഘാതത്തെ സമൂർത്തമായി വഹിക്കുകയും ചെയ്യുന്ന ശാരീരികഭാഷയെ ഇത് പ്രകാശിപ്പിക്കുകയും ചെയ്യുന്നു. തൊഴിൽവിഷയങ്ങളിൽ പരമ്പരാഗതരംഗത്തിന്റെ അവകാശവാദങ്ങൾ, ന്യായീകരണം, ബോധ്യപ്പെടുത്തൽ തുടങ്ങിയവ പ്രതീകാത്മക പ്രവർത്തനങ്ങളായി രചനകളിൽ അടയാളപ്പെടുന്നു. തീരസമൂഹങ്ങളുടെയും മറ്റു കീഴാളജീവിതങ്ങളുടെയും മനുഷ്യേതരശബ്ദങ്ങളുടെയും (nonhuman) കഥകൾ രചനകളിൽ രേഖപ്പെടുത്തുന്നു. പുരുഷ തൊഴിലാളിടൈപ്പിന്റെ ആധുനികസന്ദർഭത്തെ വിന്യസിച്ചുകൊണ്ട് നാഗരികത അന്യമായ ദേശമായി ആവിഷ്കരിക്കുകയും വൈദഗ്ധ്യത്തെ വിവിധ പാഠങ്ങളുമായിചേർത്ത് വിഭിന്നമായ മേഖലയാക്കി വിപുലീകരിക്കുകയും ചെയ്യുന്നു.

ഇങ്ങനെ ആധുനികതയുടെ വാഗ്ദാനങ്ങളെയും അതിന്റെ വിധ്വംസകരീതിയെയും രചന അഭിസംബോധന ചെയ്യുന്നു. രചയിതാക്കൾ പരിവർത്തനാനുഭവങ്ങളുടെ ആഖ്യാനത്തിലൂടെ തീര ആധുനികതയുടെ സാഹിത്യ രീതികൾ മുന്നോട്ടുവയ്ക്കുന്നതായി ഇവിടെ മനസിലാക്കാം. അധ്വാനം, വിഭവങ്ങൾ, എന്നിവയ്ക്കു ചുറ്റും ധാർമ്മികതയെ ഉപകരണമാക്കി സമത്വം, ജനാധിപത്യമൂല്യങ്ങൾ എന്നീ എതിർവ്യവഹാരങ്ങളെ സങ്കല്പിക്കുന്നു. ആധുനിക തീരവിഷയങ്ങളുടെ സമകാലിക സാഹിത്യ-സാംസ്കാരിക സാധ്യതകളെ പലതരത്തിൽ ഉൾക്കൊണ്ട് രചയിതാക്കൾ തീരപ്രവർത്തകൻ/തൊഴിലാളി

എന്നീ പരിചിതമായ സാഹചര്യത്തിന്റെ അപ്പുറത്തേക്ക് നീങ്ങുകയും എഴുത്തുകാർ എന്ന നിലയ്ക്ക് തീരസാമൂഹികശാസ്ത്രം രൂപീകരിക്കുന്നതിന്റെ പുതിയ സംവേദന മാതൃകകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ആൻഡ്രൂസും പനിപ്പിള്ളയും വിഭാവനം ചെയ്യുന്ന തൊഴിലാളിത്ത ആദർശങ്ങൾ പരമ്പരാഗത മേഖലയുടെ കീഴാളമൂല്യങ്ങളെയും സ്വയം വികസനരാഷ്ട്രീയത്തെയും പ്രതിഫലിപ്പിക്കുന്നതോടൊപ്പം യന്ത്രവൽക്കരണത്തിനെതിരെയുള്ള സാമൂഹികവിമർശനത്തിലൂടെ തീരദേശ പൊതുമണ്ഡലത്തിന്റെ വീക്ഷണങ്ങളെ രൂപപ്പെടുത്തുകയും ചെയ്യുന്നു. സത്യവും അസത്യവും, വിലാപവും വേദനയും, അച്ചടക്കം, വീരത്വം തുടങ്ങിയ ശാരീരികവും ആന്തരികവുമായ ഭാവങ്ങളിലൂടെയാണ് ഇവ ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. നീതിയുടെയും ധാർമ്മികതയുടെയും അടയാളങ്ങൾ ആവിഷ്കരിച്ചുകൊണ്ട്, സംഭവവിവരണങ്ങളിലൂടെ മാറിയ കാലത്തെയും നഷ്ടങ്ങളുടെ വ്യാപ്തിയെയും ആഖ്യാതാവ് അവതരിപ്പിക്കുന്നു. വർത്തമാനകാല വിഷയങ്ങളെ ഭൂതകാലസ്മൃതികളുമായി വിളക്കിച്ചേർത്തുകൊണ്ടാണ് പരമ്പരാഗത മത്സ്യത്തൊഴിലാളിയുടെ ആധികാരികമായ ചരിത്രത്തെ രചയിതാക്കൾ സ്വാഭാവികവൽക്കരിക്കുന്നത്. സ്വന്തം ജീവിതത്തെയും സമുദായ ചരിത്രത്തെയും വർത്തമാന സാഹചര്യത്തിൽനിന്ന് വേർതിരിച്ചുകൊണ്ട്, ഭൂതകാലത്തിന്റെ നാശത്തെയും പുതിയ കാലത്തിന്റെ വൈരുദ്ധ്യങ്ങളെയും ഈ രചനകൾ അടയാളപ്പെടുത്തുന്നു.

ഇങ്ങനെ ആധുനികീകരണങ്ങളുടെയും സാമ്പത്തീക-വ്യാവസായിക മുന്നേറ്റങ്ങളുടെയും അധിനിവേശത്തിലൂടെ രൂപപ്പെട്ട തീരദേശത്തെ പുതിയ ആത്മബോധത്തെയും മത്സ്യത്തൊഴിലാളിസ്വത്വത്തിന്റെ പരിണാമങ്ങളെയും 'പരിവർത്തനം' സംബോധന ചെയ്യുന്നു. പരിവർത്തനത്തിനകത്തുള്ള തീര മത്സ്യത്തൊഴിലാളി രൂപഭാവങ്ങളും പരിവേഷങ്ങളും വിവിധങ്ങളായ രീതിയിൽ രചനകളിൽ പ്രകാശിപ്പിക്കപ്പെടുന്നതായി ഇവിടെ തിരിച്ചറിയാൻ സാധിക്കും. ആധുനികീകരണത്തെ തുടർന്നുണ്ടായ അനുഭവങ്ങളിലെ ആഖ്യാനങ്ങളിൽ വിള്ളൽ ഉടലെടുക്കുന്നത് ഇവയെ പ്രത്യേകം പ്രത്യേകമായി കോർത്തി ണക്കിക്കൊണ്ടാണ്. തീര അവകാശസമരങ്ങളുടെ പ്രത്യേക ചരിത്രസന്ധിയിൽ അനുഭവങ്ങൾ രചിക്കുന്നതിൽ മത്സ്യത്തൊഴിലാളി വർത്തമാന രാഷ്ട്രീയ-സാമൂഹികസ്വത്വത്തെക്കുറിച്ചുള്ള പ്രതീക്ഷകളും പങ്കാളിത്തവും

അതിലന്തർഭവിക്കുന്നു. പരിവർത്തന ജീവിതമെന്നത് ഇവിടെ പാരമ്പര്യത്തെയും ആധുനികതയെയും വിരുദ്ധബന്ധത്തിൽ നിർത്തിയെന്നോ പ്രതിസന്ധികളെ കുറേക്കൂടി രൂക്ഷമാക്കിയെന്നോ മനസ്സിലാക്കുന്നതിനപ്പുറം അനുഭവങ്ങളെ ഒരു സുപ്രധാന ഇടമായി പരിഗണിക്കുന്ന കീഴാള ലിബറൽവിഷയിത്വത്തിന്റെ അഭിരുചിയെ പ്രസക്തമാക്കിയെന്നാണ് വ്യക്തമാക്കുന്നത്.

രചനയിൽ തീരപൈതൃകത്തെ തിരിച്ചറിയുന്ന, തൊഴിൽദൈന്യത്തെ ദൃഢമാക്കുന്ന വ്യക്തികളായി രചയിതാക്കൾ ഉയർന്നുവരുന്നത് ദലിത് ആവിഷ്കാരങ്ങളുടെ മാതൃകയിലല്ല പകരം കീഴാളരാഷ്ട്രീയത്തിന്റെ തലങ്ങളിലാണ്. വിമോചനത്തിന് ആഹ്വാനം ചെയ്തുകൊണ്ട് തീരരാഷ്ട്രീയത്തിന്റെ മെച്ചപ്പെട്ട വളർച്ചയെ അത് വിഭാവനം ചെയ്യുന്നു. സാങ്കേതികവൽക്കരണത്തിന്റെയും വ്യവസായത്തിന്റെയും പശ്ചാത്തലത്തിൽ കടലിലെ അവകാശങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളിലാണ് ഈ മത്സ്യത്തൊഴിലാളി അനുഭവങ്ങളുടെ ഇഴകൾ പ്രകാശിപ്പിക്കപ്പെട്ടത്. ആത്മകഥാവിഷ്കാരങ്ങളുടെ വൈവിധ്യങ്ങളെ അടയാളപ്പെടുത്തിക്കൊണ്ട് പാർശ്വവൽകൃത-വൈദഗ്ധ്യവൽകൃത ജീവിതങ്ങളെ ആൻഡ്രൂസ് ചിത്രീകരി ക്കുന്നു. ശാരീരികമായ കഴിവുകളെ/വൈദഗ്ധ്യങ്ങളെ സഹജാവബോധമായി കാണുന്ന ധാര, രാഷ്ട്രീയകർതൃത്വത്തിന്റെ അഭിലാഷങ്ങളെ നയിക്കുന്ന മൂല്യങ്ങൾ എന്നിവ പനിപ്പിള്ളയുടെ രചനയിൽ കാണാനാകുന്നു. ഈവിധത്തിൽ പരിവർത്തനത്തിന്റെ ആന്തരികത അനുഭവിക്കുന്ന ഭാവനകളും ലക്ഷ്യങ്ങളുമാണ് തീര അനുഭവാഖ്യാനങ്ങളുടെ വിഷയം. സ്വയംതാൽപ്പര്യമുള്ളതും വ്യക്തിഗത ഉദ്ദേശ്യത്തോടെ നിർമ്മിക്കപ്പെട്ടതുമായ അല്ലെങ്കിൽ പൊതുവായ ആവശ്യങ്ങളെ കൈകാര്യം ചെയ്യുന്നതോ ആയ ഈ പ്രക്രിയയിൽ ആന്തരികതയുടെ വെളിപ്പെടുത്തൽ, തന്മയുടെ വൈവിധ്യമാർന്ന ആവിഷ്കാരങ്ങൾ അവയിലെ വിടവുകളും വിള്ളലുകളും പൊരുത്തമില്ലാത്ത കർതൃത്വവും അസ്ഥിരമായ അതിരുകളും കാണാനാകും.

# ഗ്രന്ഥസൂചി

**മലയാളം**


അനിൽ, കെ. എം. (എഡി.). 2017. *സംസ്കാരനിർമ്മിതി.* കോഴിക്കോട് : പ്രോഗ്രസ് ബുക്സ്.

അനിൽ, കെ. എം. 2018 ഫോക് ലോർ . *ജനസംസ്കൃതിയുടെ വേരുകൾ.* കണ്ണൂർ : ഫോക് ലോർ അക്കാദമി.

അൻസാരി, എം. ടി. 2008. *മലബാർ: ദേശീയതയുടെ ഇടപാടുകൾ ചരിത്ര-സാഹിത്യപാഠങ്ങൾ.* കോട്ടയം : ഡി.സി ബുക്സ്.

അരയൻ, വി.വി. (1956). 2016. *ചെമ്മീൻ : ഒരു നിരൂപണം.* കരുനാഗപ്പള്ളി : ഡോ:വി.വി. വേലുക്കുട്ടി അരയൻ ഫൗണ്ടേഷൻ.

അനിൽകുമാർ, ഡി. 2016. *ചങ്കൊണ്ടോ പറക്കൊണ്ടോ.* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്,

അനിൽകുമാർ, ഡി. 2020. *അവിയങ്കോര.* കോട്ടയം : ഡി.സി ബുക്സ്.

ആൻഡ്രൂസ്, എ. (1990). 2002. *കടൽമുത്ത്-ഒരു മത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ.* കോട്ടയം : ഡി.സി ബുക്സ്.

ആൻഡ്രൂസ്, എ. 2006. *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ* . പോർട്ട് കൊല്ലം : ആൻഡ്രൂസ്.

ആൻഡ്രൂസ്, എ. 2017. *അറേബ്യൻ ഹൃദയത്തുടിപ്പുകൾ.* പോർട്ട് കൊല്ലം : ആൻഡ്രൂസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്. 2012. ഒരു സാമൂഹിക കാഴ്ച്ചപ്പാടിൽ നിന്ന് . കോഴിക്കോട്

കുഞ്ഞഹമ്മദ്, കെ. ഇ. എൻ. 2013. *ചെമ്മീനിലെ സംഘർഷങ്ങൾ.* കോഴിക്കോട് : റാസ്ബെറി ബുക്സ്.

ലോപസ്, ക്ലമന്റ്. 1989. *കടിവെള്ളത്തേപ്പറ്റി.* തിരുവനന്തപുരം : നാഷണൽ ഫിഷർമെൻസ് ഫോറം.

ഗണേശ്,കെ.എൻ. 2016. *മലയാളിയുടെ ദേശകാലങ്ങൾ.* കോഴിക്കോട് : റാസ്ബെറി ബുക്സ്.

ഗാന്ധി, എം.കെ. 2002. *ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണ കഥ* (വിവ:). ജോർജ് ഇരുമ്പയം. അഹമ്മദാബാദ് : നവജീവൻ പബ്ലിഷിങ്ങ് ഹൗസ്.

ഗോപാലകൃഷ്ണൻ, നടുവട്ടം. 1998. *ആത്മകഥാസാഹിത്യം മലയാളത്തിൽ.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോർസ് ആന്ദ്രെ . 2013. *ഇക്കോളജി രാഷ്ട്രീയം തന്നെ.* ( വിവ.). രാമചന്ദ്രൻ കെ, തൃശ്ശൂർ : കേരളീയം പുസ്തകശാല.

ചക്രവർത്തി , ഉമ. 2008. *ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്.

നമ്പൂതിരി, വിഷ്ണു , എം.വി. 2007. *ഫോക്‌ലോർചിന്തകൾ.* കോഴിക്കോട് : പൂർണ പബ്ലിക്കേഷൻസ്.

ജമീല , നളിനി. 2007. *ഞാൻ ലൈംഗീക തൊഴിലാളി* . കോട്ടയം : ഡി.സി ബുക്സ്.

കളീയ്ക്കൽ, ജോസ്. ജെ. തോമസ് കോച്ചേരി, ജോസ് പൊള്ളയിൽ. 1998. *ഒരു സമരകഥ.* തിരുവനന്തപുരം : കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ഒരു പ്രസിദ്ധീകരണം.

ജിതേഷ് , ടി . 2017. *ആഖ്യാനശാസ്ത്രം.* കോഴിക്കോട് : ആത്മാ ബുക്സ്.

ജോർജ് അലക്സ്, കെ. 2003. *ഹരിതരാഷ്ട്രീയം - ചരിത്രം സിദ്ധാന്തം പ്രയോഗം.* കോട്ടയം : ഡി.സി.ബുക്സ്.

ജോൺസൻ, ബെനഡിക്ട്. 1986. *കായൽ മത്സ്യരോഗവും പരിസ്ഥിതി വിമോചനവും .* ആലപ്പുഴ : ജനജാഗൃതി പ്രസ്.

ഏർത്തയിൽ, മാത്യു. 2002. *കേരളത്തിലെ മത്സ്യത്തൊഴിലാളിപ്രസ്ഥാനം: സാമൂഹിക ശാസ്ത്രപരമായ വിശകലനം.* കോട്ടയം : ഡി.സി ബുക്സ്.

സക്കറിയ, സ്കറിയ . 2019. *മലയാളവഴികൾ - സ്കറിയ സക്കറിയയുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* (സമാഹരണം) ഡോ. സുനിൽ പി, ഇളയിടം , ഡോ. എൻ അജയകുമാർ. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം.

തങ്കപ്പനാചാരി, ടി. ആർ. 1986. *കടൽമൽസ്യോൽപ്പാദനം കേരളത്തിൽ ഒരു അവലോകനം.* തിരുവനന്തപുരം : പി.സി.ഒ . സെൻ്റർ.

തിക്കോടിയൻ. 1996 . *ചുവന്ന കടൽ.* കോഴിക്കോട് : പൂർണ ബുക്സ്.

ദാസ്, കെ.കെ. എസ്. 2011. *ദലിത് പ്രത്യയശാസ്ത്രം, ചരിത്രം - സാഹിത്യം - സൗന്ദര്യശാസ്ത്രം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ദേവിക, ജെ . 2000. *സ്ത്രീവാദം നവസിദ്ധാന്തങ്ങൾ -4.* ജനറൽ എഡിറ്റേഴ്സ്, ഹാരിസ് വി.സി. ഉണ്ണികൃഷ്ണൻ ബി. കോട്ടയം : ഡി.സി ബുക്സ്.

ദേവിക, ജെ (എഡി.). 2006. *ആണരശുനാട്ടിലെ കാഴ്ചകൾ: കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ.* കോട്ടയം : കറൻ്റ് ബുക്സ്.

നാരായണൻ, അജു. കെ (എഡി.). 2017. *കേരളത്തിലെ ബുദ്ധമത പാരമ്പര്യം നാട്ടറിവുകളിലൂടെ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം.

പത്മനാഭൻ, കെ. 2016. *മുക്കുവരും തീരദേശസംസ്കൃതിയും.* കണ്ണൂര് : പുസ്തകഭവൻ.

പനിപ്പിള്ള, റോബർട്ട്. 2018. *കടലറിവുകളും നേരനുഭവങ്ങളും.* തിരുവനന്തപുരം : ചിന്താ പബ്ലിഷേഴ്സ്.

പനിപ്പിള്ള, റോബർട്ട്. 2019. *തിരയോരചരിത്രത്തിലെ തിരുശേഷിപ്പുകൾ.* കൊച്ചി : പ്രണത ബുക്സ്.

പാമ. 2008. സംഗതി. (വിവ) വിജയകുമാർ കുനിശ്ശേരി. കോഴിക്കോട് : മാതൃഭൂമി ബുക്സ്.

മൂസത് , പരമേശ്വരൻ , ടി.സി (വ്യാ:). 2008. അമരകോശം പാരമേശ്വരി വ്യാഖ്യാനം. തൃശ്ശൂര് : സാഹിത്യ അക്കാദമി.

പൊക്കുടൻ. 2002. *കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം.* (എഴുതിയത്) താഹ മാടായി, പഴയങ്ങാടി : മീഡിയ മാജിക്.

പൊക്കുടൻ. 2010. *പുഴജീവികളെക്കുറിച്ചുള്ള പൊക്കുടന്റെ ഓർമ്മകൾ.* കോട്ടയം : ഡി.സി ബുക്സ്.

പൊക്കുടൻ. 2010. *എന്റെ ജീവിതം.* കോട്ടയം : ഡി.സി ബുക്സ്.

പാമ്പിരികുന്ന് , പ്രദീപൻ . 2007. *ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം,* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രദീപൻ , പാമ്പിരികുന്ന്. 2020. *പ്രദീപൻ പാമ്പിരികുന്നിന്റെ ലേഖനങ്ങൾ* (സമാഹരണം) സുനിൽ പി. ഇളയിടം, കെ.എം അനിൽ. തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി.

മധു, ടി. വി. 2011. *ഞാൻ എന്ന (അ)ഭാവം : തത്വചിന്താപരമായ പഠനങ്ങൾ.* തൃശ്ശൂർ : സാഹിത്യ അക്കാദമി.

മയിലമ്മ. 2012. *മയിലമ്മ ഒരു ജീവിതം.* (എഴുതിയത്) ജ്യോതിബായ് പരിയാടത്ത്, കോട്ടയം : മാതൃഭൂമി ബുക്സ്.

മീരാനന്ദ. 2007. *ജ്ഞാനോദയത്തിന്റെ തിരസ്കാരങ്ങൾ,* (വിവ.) ഷിജൂ ഏലിയാസ്, തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ് .

മുരളി , കവിയൂർ. 1997. *ദളിത് ഭാഷ.* കോട്ടയം : കറന്റ് ബുക്സ്.

മഹമൂദ് കൂരിയ, മൈക്കൽ നെയ് ലർ പിയേഴ്സൺ. വിവ: വി. അബ്ദുൽലത്തീഫ്. 2023. *മലബാറും ഇന്ത്യൻ മഹാസമുദ്രവും.* കോട്ടയം : ഡി.സി. ബുക്സ്.

മോഹൻദാസ് , വള്ളിക്കാവ്. 2011. *അരയൻ,* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം.

രവി, കെ. പി.  ആനന്ദൻ , പി. 2015. *കല്ലേൻ പൊക്കുടൻ : കറുപ്പ് ചുവപ്പ് പച്ച* . തൃശ്ശൂർ : ഗ്രീൻ ബുക്സ്.

രാജഗോപാൽ, സി. ആർ. (എഡി.) 1998. *നാട്ടറിവുപരമ്പര  കടലറിവുകൾ.* കോട്ടയം : ഡി.സി ബുക്സ്.

രാമകൃഷണനൻ, ഇ. വി. (എഡി). 1994. സ്മരണ, ആത്മകഥാഖ്യാനം, സ്ത്രീ: 'വർഷങ്ങൾക്കു മുമ്പ്'നെ ആസ്പദമാക്കി ചില ചിന്തകൾ, ഉദയകുമാർ. സ്ത്രീ സ്വത്വം സമൂഹം : മാധവിക്കുട്ടി പഠനങ്ങൾ.  കോഴിക്കോട് : പൂർണ പബ്ലിക്കേഷൻസ്.

രാമകൃഷ്ണൻ, ഇ. വി. 2012.  *അനുഭവങ്ങളെ ആർക്കാണ് പേടി.*  കോട്ടയം : ഡിസി ബുക്സ്.

രാമകൃഷ്ണൻ, എം.കെ, വേണുഗോപാലൻ, കെ.എം. 2016. *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം.* കോഴിക്കോട് : പ്രസക്തി ബുക്സ്.

വടക്കിനിയിൽ, ദിനേശൻ. 2014. *അനുഷ്ഠാനം കാലം സമൂഹം.* കോട്ടയം : എസ്.പി. സി.എസ്.

വിനയ. 2023.  *എന്റെ കഥ അഥവാ ഒരു മലയാളിയുവതിയുടെ ജീവിത യാത്ര.* തൃശ്ശൂർ : കറന്റ് ബുക്സ്.

വിജയൻ,  കെ. പി.  2004.  *ദലിത് സമരങ്ങൾ ഇന്ന് നാളെ.* കോട്ടയം : കറന്റ് ബുക്സ്.

ശശി,കെ. വി. 2019. *കീഴാള വിമർശം : ഭാഷ ഭാവന ദേശരാഷ്ട്രം.* തിരൂർ : തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, പ്രസിദ്ധീകരണം.

ശ്രീകുമാർ, ടി. ടി. (എഡി.) . 2004. *കടലറിവുകൾ.*  കോട്ടയം : ഡി.സി ബുക്സ്.

ശ്രീകുമാർ, ടി. ടി. 2019. *ചരിത്രവും സംസ്കാരവും.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശ്രീകുമാർ, ടി .ടി.  2001.  *ചരിത്രവും അധുനികതയും.*  തൃശ്ശൂർ : കറന്റ് ബുക്സ്.

ഷാജഹാൻ, കെ.എം. 1990. *അശാന്തമാകുന്ന കേരളതീരങ്ങൾ.* തിരുവനന്തപുരം : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

സനൽ , മോഹൻ. പി . 2021. *കീഴാളപക്ഷ ചരിത്രവും വീണ്ടെടുപ്പിന്റെ പാഠങ്ങളും.* പത്തനംതിട്ട : പ്രസക്തി ബുക്ക് ഹൗസ്.

സന്തോഷ്,ഒ.കെ. 2022. *അനുഭവങ്ങൾ അടയാളങ്ങൾ ദളിത് ആഖ്യാനം രാഷ്ട്രീയം.* കോഴിക്കോട് : അതർ ബുക്സ്.

സുസിതാരു (2008) *കീഴാളപഠനങ്ങൾ* (എഡി.) സഞ്ജീവ് എസ്. കോട്ടയം : ഡിസി ബുക്സ്.

സെലീന പ്രക്കാനം. (2013). *ചെങ്ങറ സമരവും എന്റെ ജീവിതവും. (എഴുത്ത്)* ഒ.കെ. സന്തോഷ്, എം.ബി.മനോജ്. കോട്ടയം : ഡി.സി ബുക്സ് .

സോമൻ കടലൂർ. 2006. *കടൽരേഖകൾ.* കോട്ടയം : ഡി.സി ബുക്സ്.

സോമൻ കടലൂർ. 2014. *കടലോർമ്മകൾ.* തൃശ്ശൂർ : ഗ്രീൻ ബുക്സ്.

സോമൻ കടലൂർ . 2022. *പുള്ളിയൻ.* കോട്ടയം : ഡിസി ബുക്സ്.

ഹാരിസ്, വി. സി. 2007. *ആത്മകഥ ജീവിതം സമൂഹം നിരൂപണം.* ചെങ്ങന്നൂർ : റെയിൻബോ ബുക്സ്

രാജ്,ദിലീപ് (എഡി.). 2003. *തന്റേടങ്ങൾ : കേരളസമൂഹഭൂപടം മുത്തങ്ങ സമരത്തിനു ശേഷം.* കോട്ടയം : ഡി.സി ബുക്സ്.

റാബിയാത്ത്, സിദ്ധിക്ക് (എഡി.). 2021. *കടലാളരുടെ ജീവനവും അതിജീവനവും.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

റൈറ്റേഴ്സ് അപ് ഫ്രണ്ട്. 2021. *കടൽ കര കാലാവസ്ഥ കടലെടുക്കുന്ന കേരളം.* തൃശ്ശൂർ : ട്രാൻസിഷൻ സ്റ്റഡീസ് പബ്ലിക്കേഷൻ.

**ആനുകാലികങ്ങൾ**

അലകൾ.1998. തിരുവനന്തപുരം : കേരള മത്സ്യത്തൊഴിലാളി ഫെഡറേഷൻ, ലക്കം 126.

അലകൾ. 1998. ലക്കം 122 ജനുവരി.

അലകൾ. 1998. ലക്കം 123 ഫെബ്രുവരി.

അലകൾ-ദ്വൈവാരിക. ലോക മത്സ്യത്തൊഴിലാളിദിന വിശേഷാൽപ്പതിപ്പ്. 1998. നവംബർ.

അലകൾ-ദ്വൈവാരിക. 1998. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ.

ഓറ . 1997. ആലപ്പുഴ : ജനജാഗ്രതി പ്രസ്, വോള്യം 15. ലക്കം 2. ജൂലൈ.

ഓറ. 1997 . വോള്യം 15. ലക്കം 5. ഒക്ടോബർ.

ഓറ . 1998. വോള്യം 15. ലക്കം 16. മാർച്ച്.

ഡൈനാമിക്ആക്ഷൻ മാസിക. ലക്കം 2

ഡൈനാമിക് ആക്ഷൻ മാസിക. 1981. ലക്കം 32 ഏപ്രിൽ.

ഡൈനാമിക് ആക്ഷൻ മാസിക. 1981. ലക്കം 37 ഒക്ടോബർ.

ഡൈനാമിക് ആക്ഷൻ മാസിക . 1982. ലക്കം 40-41 ഫെബ്രുവരി.

ഡൈനാമിക് ആക്ഷൻ മാസിക . 1983. ലക്കം 54 മാർച്ച് .

ഡൈനാമിക് ആക്ഷൻ മാസിക . 1984. ലക്കം 73. ഡിസംബർ .

ഡൈനാമിക് ആക്ഷൻ മാസിക. 1987. ലക്കം 99. ജനുവരി.

വർത്തമാനം . 1990. ലക്കം 14. ആഗസ്റ്റ് ,തിരുവല്ല.

വർത്തമാനം. 1991. ലക്കം 16. ജനുവരി .

വർത്തമാനം (1992). ലക്കം 18. ഏപ്രിൽ.

വർത്തമാനം. 1993. ലക്കം 26. സെപ്റ്റംബർ.

കോച്ചേരി, തോമസ്. 1998. ഇന്ത്യയിലെ മത്സ്യബന്ധനമേഖല: കഴിഞ്ഞ 50 വർഷങ്ങളിൽ, തിരുവനന്തപുരം: വേൾഡ് ഫോറം ഓഫ് ഫിഷ് ഹാർറ്റേഴ്സ് ആൻ്റ് ഫിഷ് വർക്കേഴ്സ് . ജൂൺ.

കോച്ചേരി, തോമസ്. 1980. വിമോചനദൈവശാസ്ത്രം: അതിൻ്റെ പ്രയോഗതലത്തിലെ പ്രസക്തി. തിരുവല്ല: ഡൈനാമിക്ആക്ഷൻ മാസിക, മെയ്.

ജോസഫ്, എം. ജെ. 1983. സാമൂഹികപരിവർത്തന ചിന്തകൾ: വേദശാസ്ത്രവും പ്രത്യയശാസ്ത്രവും. തിരുവല്ല : ഡൈനാമിക് ആക്ഷൻ മാസിക. ലക്കം 55. ഏപ്രിൽ

**ഗവേഷണപ്രബന്ധങ്ങൾ**

ഗായത്രി കെ.പി. 2014. *ആലപ്പാട്ടെ അരയജീവിതം : സമകാലികതയും സ്വത്വ രൂപീകരണവും*. കാലടി, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല.

ധന്യ, പി.ഡി. 2021. *തീരദേശസംസ്കാരം മലയാളസാഹിത്യത്തിൽ- പ്രാതിനിധ്യ സ്വഭാവമുള്ള നോവലുകളെയും ചെറുകഥകളെയും അടിസ്ഥാനമാക്കിയുള്ള വിശകലനം*. കാലടി, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല.

രവി, കെ.പി. 2022. *മത-രാഷ്ട്രീയ സാന്നിദ്ധ്യം ദളിത് വ്യവഹാരങ്ങളിൽ: ആത്മാഖ്യാനം, ജീവചരിത്രം എന്നിവ ആസ്പദമാക്കിയുള്ള പഠനം*. കാലിക്കറ്റ് സർവകാലാശാല.

ഹുസൈൻ, ഷംസാദ്. 2005. *മലബാർ കലാപത്തിൻ്റെ വാമൊഴി പാരമ്പര്യം*. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല.

**ഇംഗ്ലീഷ്**

Anderson, Linda. 2001. *Autobiography.* London : Routeldge press.

Arnold, David and Stuart Blackburn (ed). 2004. *Telling Lives in India : Biography Autobiography and Life History*. Bloomington: Indiana University Press.

Beverley, John. 2004. *On Testimonio - On the Politics of Truth*. United States : University of Minnesota Press.

Caruth, Cathy. 1996. *Unclaimed Experience: Trauma, Narrative, and History*. United States : Johns Hopkins University Press.

Devika, J. 2007. *En-gendering Individuals: The Language of Re-forming in Early Twentieth Century Keralam*. Hyderabad : Orient Black Swan.

Donald E. Hall. 2004. Subjectivity. New York: Routledge.

Menon, Dilip. M and Nishat Zaidi, Simi Malhotra, Saarah Jappie. 2022. *Ocean as Method: Thinking with the Maritime*. New York : Routledge.

Ganguly, Debanji. 2008. *Caste and dalit lifeworlds: post colonial perspectives*. Hyderabad : Orient Black Swan.

Genette,Gerard (author) and Lewin Jane, E (translator). 1997. *Paratexts: Thresholds of Interpretation*. England : Cambridge University Press.

Gupta, Charu and Mukul Sharma. 2007. *Contested cost lines Fisherfolk, Nations and Borders in South Asia*. India : Routledge.

Guru, Gopal and Sundar Sarukkai . 2012. *The Cracked Mirror : An Indian Debate on Experience and Theory.* New Delhi: Oxford University Press.

Hoeppe, Gotze . 2007. *Conversations on the Beach: Fishermen's Knowledge, Metaphor and Environmental Change in South India.* New york : Berghahn books.

Kaleekal, Jose. 2021. *The Sea Calls*. Kottayam: SPCS.

Klausen Arne martin. 1968. *Kerala Fishermen and the Indo-Norwegian Pilot Project*. Oslo/London : Norwegian University Press/Allen & Unwin.

Kooria, Mahmood and Michael N. Pearson. 2018. *Malabar in the Indian Ocean: Cosmopolitanism in a Maritime Historical Region*. New Delhi : Oxford University Press.

Kumar, Udaya . 2016. Writing the First Person-Literature, History, and Autobiography in Modern Kerala. Hyderabad : Permanent Black.

Lejune, Philippe. 1989. *On Autobiography.* United States : University of Minnesota Press.

Nayak, Nalini and A.J. Vijayan. 2006. *The Coasts, the Fish Resource and the Fishworker's Movement.* New Delhi : National Human Rights Commission.

Nayak, Nalini. 2018. *Safeguarding Livelihoods in fisheries : a complex organisational challenge, George Sobin Sinha shalini (Ed). Redefined Labour spaces- organising workers in post-Liberalised india.* India: Routledge.

Mathew, P.T. 2001. *We dare waters - The World and the Worldview of Mukkuvar.* Chennai: Department of Christian Studies University of Madras.

Mathur , P.R.G. 1977. *The Mappila Fisherfolk of Kerala.* Trivandrum : Kerala Historical Society.

Nagraj , DR. 1993. *The flaming Feet- A Study of the Dalit Movement in India.* Hyderabad : South forum Press.

Nagraj, DR (Author) and Prithvi Datta Chandra Shobhi (Editor). 2012. *Listening to the Loom : Essays on Literature, Politics and Violence.* Banglore: Permanent Black.

Nayak, Nalini And Gabriele Dietrich. 2002. *Transition or Transformation : A study of Mobilisation, organisation and Emergence of consciousness among the Fish Workers of Kerala India.* Tamilnadu : Theological Seminary Department of Social Analysis.

Nair, Gayatri. 2021. *Capitalist Transformations and Community Politics along Mumbai's Shore.* New Delhi : Oxford University Press.

Omvedt, Gail. 2004. *Ambedkar- Towards an Enlightened India.* New Delhi : Penguin Books.

Pampirikkunnu, Pradeepan and Dasan M Pratibha V Chandrika CS ( Ed.). 2011. *The Oxford India Anthology of Malayalam Dalit writing.* India : Oxford University Press.

Parayil, Govindan. (Ed). 2000. Kerala : *The Development Experience Reflections on Sustainability and Replicability.* London : Zed Books.

Pascal, Roy. 2017. 1960. *Design and Truth in Autobiography.* London : Routledge. *Volume 7.*

Pillai, Ramalingam T. 2021. *English- Malayalam Dictionary.* Kottayam : D.C. books.

De.Man, Paul. 1984. *Autobiography as de-facement, The Rhetoric of Romanticism.* New York : Columbia University Press. 67–82.

Punathil, Salah. 2019. *Interrogating Communalism violence, Citizenship and minorities in South Asia.* London and Newyork : Routledge.

Ricoeur, Paul. 1984. Time and Narrative. United States: University of Chicago Press

Rao, Vijaya and Shambhavi Prakash Mallarika Sinha Roy Papori Bora (Ed). 2019. *Displacement and Citizenship: Histories and Memories of Exclusion.* New Delhi : Tulika books.

Sanal, Mohan P. 2015. *Modernity of Slavery- Struggles Against caste inequality in kerala.* New Delhi : Oxford University Press.

Sarkar, Tanika . 1999. *Words to win-The making of Amar Jiban : A modern Autobiography.* New delhi: Kali for women.

Smith, Sidonie Watson Julia. 2001. *Reading Autobiography: A Guide for Interpreting Life Narratives.* United States : University of Minnesota press.

Smith, Sidonie and Watson Julia. 1998. *Women, Autobiography, Theory- A reader.* Madison : The University of Wisconsin Press.

Smith, Sidonie and Watson Julia. 2017. *Life Writing in the Long Run: A Smith & Watson Autobiography Studies Reader*. Maize books: University of Michigan Library.

Sreekumar, Sharmila. 2009. *Scripting Lives: Narratives of 'Dominant' Women in Kerala.* Banglore : Orient black swan.

Sreekumar, T.T. and Govindan Parayil. 2006. *Interrogating Development: New Social Movements, Democracy and Indigenous People's Struggles in Kerala, Tharamangalam J (ed) Kerala : The Paradoxes of Public Action and Development.* New Delhi : Orient Longman.

Srinivas, M. N. 1985.*Social Changes in Modern India*. Hyderabad : Orient Blackswan.

Subrahmanian, Ajantha. 2009. *Shorelines: Space and Rights in South India.* Stanford : Stanford University Press.

Tharamangalam, Joseph. 2006. *Understanding Kerala's Paradoxes: The Problematic of the Kerala Model of Development in J Tharamangalam (ed.). Kerala: The Paradoxes of Public Action and Development.* New Delhi : Orient Longman.

**ARTICLE**

Ashni, AL and Santhosh R. 2019. *Catholic Church, Fishers and Negotiating Development: A Study on the Vizhinjam Port Project, Development and Change*, 24(2)187–204. Sage. https://journals. sagepub.com/ doi/10.1177/0972266119883165

Bavinck, Maarten. 2007. *Understanding Fisheries conflicts in the South - A legal pluralist perspective,* *Taylor and Francis Ltd*, *Society and Natural Resources.* 18(9) PP 805-820.

Bavinck, Maarten and Jentoft Svein Johnson Derek S and Thomson Kaleekal T. 2009. *Fisheries Co-Management and Legal Pluralism: How an Analytical Problem Becomes an Institutional One.* Taylor and Francis Ltd Human Organization 68(1).

Beth, Sarah. 2004. *Dalit Autobiographies in Hindi: the transformation of pain into resistance.*

http://anniemontaut.free.fr/enseignement/coursLitt/hin406/HIN3B18a/DalitHin_SarahBeth.pdf

Brueck, Laura R. 2019. *Narrating Dalit womanhood and the aesthetics of autobiography.* The Journal of Commonwealth Literature 54(1) PP 25–37.

Chatterjee, Partha . 2008. *Democracy and Economic Transformation in India.* Economic and Political weekly 43(16).

Danius, S. Jonsson S & Spivak G.C. 1993. *An Interview with Gayatri Chakravarty Spivak, Duke University Press*. Vol. 20, No. 2 (Summer, 1993) pp. 24-50 (27 pages). http://www.jstor.org/stable/303357

Devika, J. 2014. *Land, Politics, Work and Home-Life at Adimalathura: Towards A Local History, Thiruvananthapuram: Issue 455 of working paper.* Centre of Developmental Studies Trivandrum.

Ganguly, Debanji. 2009. *Pain, Personhood and the collective-Dalit Life Narratives.* Asian Studies Review. Vol. 33 PP 429-442. Tailor and Francis. online.

Halfdanardottir, Jona . 1993. *Social mobilization in Kerala: Fishers, Priests, Unions and political parties.* Maritime Anthropological Studies 6(1/2) 136–156.

Hapke, H. M. and Devan Ayyankeril . 2018. *Gendered Livelihoods In The Global Fish-Food Economy: A Comparative Study Of Three Fisherfolk Communities In Kerala India.* Maritime Studies 17(2) PP 133-143.

Hapke, H . M . 2001. *Development, Gender And Household Survival In A Kerala Fishery.* Economic and Political Weekly Volume 36 Issue 13 PP 1103-1107.

Hoeppe, Gotze. 2008. *Knowing the Sea in the time of Progress : Environmental change parallel Knowledge and the uses of Metophor in Kerala (South India).* PP30.324. https://doi.org/10.2307/j.ctt9qd417.16

Kumar, K.G. 1988. *Organizing Fisherfolk Cooperatives in Kerala.* Economic and Political Weekly. 23 (12) 578–81.

Kurien, J. 1978. *Entry of Big Business into Fishing : Its impact on fish economy.* Economic and Political Weekly. 13 (36) PP 1557–65.

Kurien, J . 1980. *Fishermen's Cooperatives in Kerala: A Critique : Bay of Bengal . Programme* BOBP/MIS/1.

Kurien J. 1985. *Technical Assistance Projects and Socio-Economic Change: The Norwegian Intervention in Kerala's Fisheries Development.* Economic and Political Weekly. 20(25-26)
PP A70–A88.

Kurien J. 1987. *The Impact of New Technology Introductions into Fishing in Kerala . In Fisheries Crisis and Policy Approach in Kerala.* Proceedings of a State Level Seminar Held at Trivandrum on August 27–28 1987. ed. Programme for Community Organisation. Trivandrum : PCO

Kurien J.2004. *The Socio-Cultural Aspects of Fisheries: Implications for Food and Livelihood Security – A Case Study of Kerala State India.*

http://www.fao.org/docrep/004/y1290e/y1290e0g.htm (accessed 27 October 2011).

Kurien J. 1995.*The Kerala Model: The Central Tendency and the Outlier: Socialscientist*.23(1/3) https://www.researchgate.net/ publication/275760858.

Kurien J, and Thankappan Achari TR. 1988. *Fisheries Development Policies and the Fishermen's Struggle in Kerala*. Social Action 38 (1) 15–36.

Kurien J. 1991. *Ruinning The Commons and Responses of the Commoners: Coastal Overfishing and fishermans Actions in Kerala State India.* Discussion Paper. 23 May 1991. United Nations Research Institute for Social Development.

Kurien J. 2004. *The Blessing of Commons: Small Scale Fisheries, Community Property Rights, and Coastal Natural Assets.* Political economy Research institute University of Massachusetts, Amherst Working paper series number 72.

Meynen, wicky. 1989. *Contradictions and constraints in fisheries development : capital, artisanal workers and shrinking resources in Kerala.* Working paper Series 5. International Institute of Social Studies of Erasmus University. RotterdLiterature.The Hague.

Nayar, Pramod. K. 2006. *Bama's Karukku: Dalit Autobiography as Testimonio.* The Journal of Commonwealth Literature. SAGE Publications. 41(2) PP 83–100.

Nayar, Pramod.K. 2008. D*alit writing, cultural Trauma and Pedagogy : The testimony Omprakash Valmiki's Joothan* .Haritham. Vol. 19,51–65.

Omvedt, G. 1994. *Peasants, Dalits and Women: Democracy and India's new social movements, Journal of Contemporary Asia*. 24(1) PP 35–48.

Ram, Kalpana. 2014. *Sacred Genealogies : Christianity and the Indian Modern in Divine Domesticities: Christian Paradoxes in Asia and the Pacific*. Hyaeweol Choi Margaret Jolly (Ed): Australian National University Press.

Satyanarayana, K. 2017. *The political and aesthetic significance of contemporary Dalit literature.* The Journal of Commonwealth Literature. 54(1).

Sinha, Subir. 2012. *Transnationality and the Indian Fish Workers movement, 1960s - 2000.* Journal of Agrarian Change 12(2-3). PP 364–389.

Smith, S. 1995. *Performativity, Autobiographical Practice, Resistance*. a/b:Auto/Biography Studies, vol. 10, no. 1, pp. 17-33, doi:10.1080/08989575.1995.10815055

Sundar, Aparna. 2012. *Thinking beyond Secularism: The Catholic Church and Political Practice in Rural South India.* South Asia Multidisciplinary Academic Journal. DOI: 10.4000/samaj.3368.

**THESIS**

Ram, Kalpana. 1988. Mukkuvar women- Gender, Hegemony and Capitalist Transformation in a South Indian Fishing Community : Department of Anthropology Research School of Pacific Studies, The Australian National University.

Sundar, Aparna. 2010. Capitalist Transformation and the Evolution of Civil society in a South Indian Fishery, Toronto : Political science university of Toronto, unpublished PhD thesis Retrieved from https://tspace.library.utoronto.ca/handle/1807/2622

Santhosh , Sulfia. 2017. Framing Life narratives as performance : Towards an Indian feminist Subject, Hyderabad: The English and Foreign Language University. (Unpublished Thesis via Shodganga.